UDUMARAM COLLEGE LIBRARY
1434
BANGALORE.

പാപസംകീർത്തന രഹസ്യം സംബന്ധമായ

അഭംഗമുദ്ര

CANCELLED

ഇതിൽ
കന്പസാരരഹസ്യം
മുപ്പാന്തരം വേദസാക്ഷിയായ
പരിശുദ്ധ യോഹന്നാൻ നെപ്പുമസ്യാ
നോസിന്റെ ചരിത്രവും പാപസങ്കീർത്തനം
ധർമ്മവ്യാപാരം മുതലായവ ബന്ധിച്ച
പല സൽബുദ്ധികളും ഉൾക്കൊണ്ട
ളും അടങ്ങിയിരിക്കുന്നു.

ക. ദി. മു. സ. ത്രെ.
പൌലൊസ ഗ്രന്ഥസ്വാമിയാർ
പരിഭാഷപ്പെടുത്തി

ശ്രേഷ്ഠാനുമതിയോടെ
ഏൽത്തുരുത്തു മാർ യൌസേപ്പിൻ കര
കൌശലശാല പ്രെസ്സിൽ
പതിച്ചതു.
൧൯൦൯

Imprimatur

✝ John Menachery V. AP.

TRICHUR, 23 Julii 1903.

മുഖവുര.

മനുഷ്യരുടെ ഒരു പ്രപഞ്ചജീവിതത്തിൽവച്ചു അവരുടെ ശരീരജീവനെ കേട്ടുകൂടാതെ നിരന്തരം കാത്തുരക്ഷിക്കേണ്ടതിന്നുള്ള വിവിധ പൊരുവഴികളിൽവച്ചു സമയാസമയങ്ങളിൽ അതിന്നു വന്നു സംഭവിക്കുന്ന രൊഗപീഡകൾക്കുള്ള ചികിത്സ എന്നതു അതി മുഖ്യമായതും, അത്യാവശ്യകമായതും സകലരും സദാവളരെ സാരമായി മതിക്കുന്നു ഉപയോഗിച്ചു വരുന്നതുമായ ഒരു സംഗതിയാകുന്നു എന്നതു സുവ്യസമ്മതമാണെല്ലൊ. അതെ പ്രകാരംതന്നെ മനുഷ്യന്റെ ആത്മജീവനായ ദൈവൈശ്വര്യപ്രസാദത്തിന്നു ഭംഗംവരുത്തുകയും ചിലപ്പോൾ അതിന്നു മുഴുവനായ ഹാനിവരുത്തിക്കൊണ്ടു ആത്മമരണത്തിന്നു കാരണമാക്കി ചമയ്ക്കുയും ചെയ്യുന്ന പാപമെന്ന ആത്മരോഗത്തെ ശമിപ്പിച്ചു മൃത്യുപ്രാപിച്ച ആത്മത്തെ വീണ്ടു ജീവിപ്പിക്കുന്നതിന്നു ശക്തിയുള്ള ഏക സിദ്ധൌഷധമായ പാപസംകീർത്തനം ആത്മികജീവനുള്ള നിശ്ചയമായ ഒരു അത്ഭുത ദിവ്യചികിത്സയാകുന്നു.

നമ്മുടെ ആത്മങ്ങളെ അറുതിയില്ലാത്ത പക്ഷത്തൊടെ സ്നേഹിക്കുന്ന നമ്മുടെ ദിവ്യരക്ഷകൻ അങ്ങെ ഭംഗപ്പാടിന്റെ അളവറ്റ യോഗ്യതകൾ അടക്കിക്കൊണ്ടു സ്ഥാപിച്ചിരിക്കുന്ന പാപസങ്കീർത്തനമെന്ന ഒരു ദിവ്യൌഷധത്തെ ആത്മമൂർത്തരായ പാപികൾ മനസ്സാപപ്പെട്ടുവരുമ്പോൾ പ്രയോഗിച്ചു

അവരെ ജീവിപ്പിക്കേണ്ടതിന്നായി "നിങ്ങൾ ഒരു ലോകത്തിൽ കെട്ടുമെന്നവകളെ ഞാനും പരലൊകത്തിൽ കെട്ടുകയും നിങ്ങൾ ഇഹത്തിൽ അഴിക്കുമെന്നവകളെ ഞാനും പരത്തിൽ അഴിക്കുകയുംചെയ്യും" എന്നു അരുളിച്ചെയ്തുകൊണ്ടു ഒരു ദിവ്യക്രുദാശയുടെ പരിചാരകരായിട്ടു സകല സത്യഹ്രുക്കളെയും അങ്ങിന്നു അധികാരപ്പെടുത്തി സ്ഥാപിച്ചിരിക്കുന്നു.

അപ്പൊ പാപമെന്ന ആത്മരോഗപീഡിതരായ നാം ഏവരും എത്രയൊ ആശയോടെ ആത്മവൈദ്യന്റെ അധികാരം കത്താവിൽനിന്നു വഹിച്ചിരിക്കുന്ന ദിവ്യവൈദ്യരായ സത്യഹ്രുക്കളുടെ പാദങ്ങളിൽ മനസ്സാപത്തോടെ ക്രുടക്രുടെ ഓടിചെല്ലെണ്ടതായിരിക്കുന്നു.

എന്നാൽ അഭംഗമുദ്രയെന്നഈചെറുപുസ്തകത്തിൽ കുമ്പസാരരഹസ്യമുദ്ര മുഖാന്തരം വേദസാക്ഷിയായി മരിച്ചു, ഹ്രുക്കളുടെ സൽമാതൃകയും ഉത്തമമദ്ധ്യസ്ഥനുമായ യോഹന്നാൻ നെപ്പുമശ്ശേൻ എന്ന പരിശുദ്ധന്റെ ചരിത്രവും, ഹ്രുക്കൾക്കു തങ്ങളോടു കുമ്പസാരിക്കുന്നവരുടെനേരെ ഉണ്ടാകേണ്ടിയ പിതാവിന്നടുത്ത സ്നേഹം അത്യന്തകരുണ അവരുടെ ആവലാധിടുഖങ്ങൾ ക്ഷമയോടെ കേട്ടു തക്കബുദ്ധിയുപദേശങ്ങൾ പറഞ്ഞു ആശ്വസിപ്പിക്കുന്നതിൽ ചലിപ്പില്ലായ്മ മുതലായ സുശീലങ്ങളും, കുമ്പസാരിക്കുന്നവക്കു തങ്ങളുടെ ആത്മപിതാവിൻനേ

രെ വേണ്ടിയിരിക്കുന്ന ശിശുക്കൾക്കുണ്ടായ ഭയമറ്റ മനോവിശ്വാസം അത്യന്ത ആചാരവണക്കം കണ്ണറിയാത്ത ശ്രവണം മക്കൾക്കുണ്ടായ പരമാത്മസ്നേഹം മുതലായ അത്യാവശ്യക ലക്ഷണങ്ങളും സംബന്ധിച്ചും, ധർമ്മവ്യാപാരം ഉന്നടപ്പു ദുസ്സഖി ദുരുപദേശം ദുഷ്ടയജമാനൻ ദുഷ്ടദാസൻ മുതലായവ ബന്ധിച്ചും വിവിധമായ ഉത്തമ ദൃഷ്ടാന്തങ്ങളും പല സൽബുദ്ധികളും അടങ്ങിയിരിക്കുന്നു.

ആകയാൽ ഇതു വൈദീകർക്കും ലൌകീകർക്കും ഒരുപോലെ ഉപയുക്തവും അതിരസകരവുമായ ഒരു ജ്ഞാനവായനയാകുമെന്നു ശിശുനിഷ്കപടതയോടെ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു ഇതിനെ ഭാഷാന്തരമാക്കുന്നതിൽ യത്നിച്ചു. എന്നാൽ ഇപ്പോൾ ദൈവസഹായത്താൽ അതു നിവൃത്തിച്ചു മഹത്തുക്കളായ വായനക്കാരുടെ കരുണയുള്ള കടാക്ഷത്തിനു അതി വിനയപുരസരം സമർപ്പിച്ചുകൊള്ളുന്നു. ആകയാൽ വാത്സല്യസഹോദരർ ഏവരും ജ്ഞാനവായന ഇനിക്കു അമൃതതുല്യമായ ഒരു ദിവ്യപാനമാകുന്നുവെന്നു പറഞ്ഞുകൊണ്ടു തന്റെ ജ്ഞാനപുസ്തകമെടുത്തു പക്ഷത്തോടെ പലപ്പോഴും ചുംബിച്ചിരുന്ന പരിശുദ്ധ ദുമിനിങ്കൊസിനെ അനുഗമിച്ചുകൊണ്ടു താല്പര്യമായി ഇതു സംഗ്രഹിച്ചു മനസ്സാരശുദ്ധയോടെ ഒരുപ്രാവശ്യമെങ്കിലും വായിച്ചിട്ടു ഇഷ്ടമായാൽ വീണ്ടും പലപ്പോഴും വായിച്ചു എന്റെ പരം അല്പശുശ്രൂഷ സാഫല്യമാകുമാറു താഴ്മയോ

ടെ പ്രാർത്ഥിച്ചുകൊണ്ടു നിന്നുകൊള്ളുന്നു.

പാപസംകീർത്തനരഹസ്യം മുഖാന്തരം വേദസാക്ഷിയായ പരിശുദ്ധ യോഹന്നാൻ നെപ്പുമസ്യാനോസെ, ദൈവസ്തുതിയും നിന്റെ ബഹുമാനവും പരസ്നേഹവുംമാത്രം കരുതി നിവൃത്തിച്ച എന്റെ ഒരു സപ്ലയന്തത്തെ നീ കൃപയോടെ കടാക്ഷിച്ചു സഫലമാക്കിയരുളേണമെ. അടിയനും ഒരു പ്രബന്ധംവായിക്കുന്ന വാത്സല്യസഹോദരർ ഏവരും ഇഹത്തിൽ നിന്നെ പൂർണ്ണമായി അനുഗമിച്ചു, സകലത്തെക്കാൾ ദൈവത്തെ സ്നേഹിക്കയും, അങ്ങെ പ്രമാണം ലംഘിക്കുന്നതിനെക്കാൾ ആയുസ്സു ഉപേക്ഷിപ്പാൻ തക്ക സ്ഥിരവിശ്വാസത്തോടെ ജീവിക്കയുംചെയ്തുകൊണ്ടു മോക്ഷപ്രാപ്തരായി നിന്നൊടുക്കുടെ സർവ്വേശ്വരനെ അനവരതകാലം സ്തുതിച്ചുവാഴുവാൻ കൃപലഭിച്ചു തന്നരുളേണമെ.

ആമ്മേൻ.

———:✕:o:✕:———

എന്നു ഏൽത്തുരുത്തു ആശ്രമത്തിൽനിന്നു
ക. ദി. ആ. ത്രേ. പൌലൊസുഹ്രുദ്.
ഫർനാണ്ടു മകരം ൧.

ഈ ചരിത്രത്തിലെ ആളുകളുടെ വിവരം.

(ബ. യോഹന്നാൻഗുരു) കുമ്പസാരരഹസ്യം മുഖാന്തരം വേദസാക്ഷിയായ ശു. യോഹന്നാൻനെപ്പുമസ്സ്യനസ്സ.

(വെൻസ്സ്വാസ്സ) പാപസങ്കീർത്തനമുദ്ര ഭംഗപ്പെട്ടതാസ്സ്യനിമിത്തം ടി. പുണ്യവാനെ കൊല്ലിച്ച ബൊയെമ്മരാജൻ.

(യൊവാന്നാ) ടി. രാജന്റെ പുണ്യവതിയായ രാജ്ഞി.

(കാർളൊസ്സുരാജൻ) ടി. രാജന്റെ സ്വന്തപിതാവു.

(ആൽബ്രൈത്ത്പ്രഭ) ടി. രാണിയുടെ സ്വന്തപിതാവു.

(ആൽപ്രൈഡ് പ്രഭ) ടി. പ്രഭുവിന്റെ വളർത്തുമകൻ.

(ആത്തൊ) വെൻസ്സ്വാസ്സിന്റെ ദുഷ്ടമന്ത്രി.

(മോപ്പെർ) ടി. ആത്തൊമന്ത്രിയുടെ ദുഷ്ടദാസൻ.

(യുലിയാനമ്മ) വിഷ്ടചിക ഭവനത്തിൽ അടയ്ക്കപ്പെട്ട പെണ്ണൈതലിന്റെ സംബന്ധക്കാരിയായ ഒരു പെണ്ണു.

(സുസാന്ന) വേദാഗമത്തിൽ വിശദസ്ഥതിവൃതയായി വിവരിച്ചിരിക്കുന്ന ഒരു കുലശ്രേഷ്ഠതയുള്ള പരിശുദ്ധനാരി.

(സിൽവാനുസ്സുരു) കുമ്പസാരത്തിൽ കേട്ട സംഗതി സാക്ഷിപറയാസ്സ്യയാൽ അലസിഭാഗത്തിൽ തള്ളപ്പെട്ട ഗുരു.

(ലുദ്ദവിക്ക) ടി. ഗുരുവിൻ ശിക്ഷയ്ക്കു കാരണക്കാരൻ.

(സ്സനസ്സ്വാസ്സ) പാറാവുകാവൽക്കാരൻ ശിവായി.

(അന്തൊനി) ടി. രാജന്റെ പാചക മേസ്തിരി.

(കാഷ്ടി) ടി. രാജന്റെ ക്രൂര അരച്ചാരൻ.

ഈരം മേൽവിവരിച്ച ആളുകളിൽ നല്ലവരും പുണ്യവാന്മാരുമായവരിൽ വിളങ്ങി ശോഭിക്കുന്ന പുണ്യസൽഗുണങ്ങൾ നാം കണ്ടുപഠിച്ചു അനുഗമിക്കുകയും, ദുഷ്ടന്മാരും ദുർമ്മാർഗ്ഗികളുമായവരിൽ കാണപ്പെട്ട കഠോര ദുസ്വഭാവങ്ങളെ നാം അശേഷം വർജ്ജിച്ചു പിൻമാറുകയും ചെയ്യുന്നതിലാണു ഈരം ചരിത്രവായനകൊണ്ടുള്ള പ്രത്യേക ഫലസിദ്ധി അടങ്ങിയിരിക്കുന്നതു എന്നു വാത്സല്യ മഹത്തുക്കൾ ഏവരോടും ആദ്യമെതന്നെ അതി വിനയപൂർവ്വം ഒന്നു ഓർപ്പിച്ചുകൊള്ളുന്നതിൽ ആർക്കും രസക്ഷയം ഭവിക്കയില്ലായെന്നു ശൈശവ നിഷ്കളങ്കമൊടെ വിശ്വസിക്കുന്നു.

ചരിത്രകർ.

അഭിജ്ഞാനശാകുന്തളം.

ഏഴാം അദ്ധ്യായം.

രാജകുടാഭിഷേകം ബന്ധിച്ചു വെൻസലാവൂസ് രാജകുമാരനും ആത്രെയാ പ്രഭുവും തമ്മിലുള്ള സംഭാഷണം.

ഒ! ആത്രെയാപ്രഭുവെ... വരൂ, അകത്തുപ്രവേശിച്ചു ഇരിക്കാമല്ലൊ. ഞാൻ ഇന്നു അതികാലത്തുതന്നെ അപ്പനുമായി ഒരു ദീർഘസംഭാഷണം കഴിച്ചുവന്നിട്ടു തങ്ങളെ പാത്തിരിക്കയാണു; അവിടെക്കു വാദ്ധ്യം അധികരിച്ചും നാട്ടിൽ നാനാഭാഗങ്ങളിലും കലാപക്കാർ തുലൊം വർദ്ധിച്ചുംവരുന്നതു മുഖാന്തരം എന്നെ നിമിഷത്തിൽ വിവാഹംകഴിപ്പിക്കണമെന്നാണു അങ്ങെ മുഖ്യ താല്പര്യം. എന്നു മാത്രവുമല്ല ഇനിക്കും രാജ്ഞിക്കും തൻെറ കൺമുമ്പാകെതന്നെ മകുടാഭിഷേകംകൂടെ നിറവേറി കാണ്മാൻ അതിവാഞ്ഛയോടെ കാത്തിരിക്കയുംചെയ്യുന്നു. ഒരു വിഷയത്തിൽ തൽക്കാലം ഇനിക്കു ഒന്നുംതന്നെ തീർച്ചയായിട്ടു തോന്നായ്കമുഖാന്തരം തങ്ങൾ കരുതുന്നതു എന്തായിരിക്കുമെന്നു അറിഞ്ഞാൽ കൊള്ളാം. എന്നു വെൻസ്ലാവൂസ് രാജപ്രഭു ആത്രെയൊട്ടു ആലോചനചോദിച്ചു.

ഒ! രാജപ്രഭുവെ, തങ്ങളുടെ പിതാവായ മ

ഹാരാജാവിന്റെ ൟരം അതിവാത്സല്യ ഇച്ചരക്ക ഇണങ്ങുന്നതുതന്നെയാണ യുക്തമെന്ന ഇനിക്ക തോന്നുന്നു. എന്നാൽ അങ്ങെക്ക യോഗ്യപത്നിയായിനിയമിക്കപ്പെട്ട ആ ശിരൊമണി ആരായിരിക്കുമെന്ന അറിയുന്നതിന്ന ഇനിക്ക ഭാഗ്യംസിദ്ധിക്കുമൊ?

ഒ! അതു അത്ര ഗൂഢസംഗതിയല്ലല്ലൊ. ആൾബെത്ത്പ്രഭുവിന്റെ പ്രഥമപുത്രിയായ യൊവാന്ന എന്നവളാണല്ലൊ. പക്ഷെ ഞാൻ ആ യുവതിയെ ഒരിക്കലും കണ്ടിട്ടില്ല. താൻ എന്താണ ആ ബാലികയെ ബന്ധിച്ചു പറയുന്നതു?

ൟരം ആത്തൊപ്രഭു വെൻസ്ലാവൂസിന്റെ പ്രാണസ്നേഹിതനാണ. എന്നാൽ ഇവൻ ആ മന്ദബുദ്ധിയായ രാജകുമാരനെ പലവിധെനയും വഷളാക്കികൊണ്ട, അയാൾക്ക രാജിതം സിദ്ധിച്ചശേഷം സിംഹാസനത്തിൽനിന്ന അയാളെ തള്ളിക്കളഞ്ഞു താൻതന്നെ രാജ്യഭാരം നടത്തിക്കൊള്ളാമെന്നുള്ള ദുരാഗ്രഹത്താൽ അനേകനാളായി ആനന്ദിച്ചുനടക്കുന്നവനാണ. ഇതിന്നായി രാജകുമാരനൊട്ട അസാമാന്യ സ്നേഹസഹവാസം പിടിച്ചു ആട്ടം, പാട്ട, ആഡംബരം, മദ്യപാനം, നായട്ട, ചൂതുകളി മുതലായവയിൽ നേരംപോക്കി സുഖഭോഗാദികളെ തേടി ദൈവഭയത്തെ അശേഷം മറന്ന പാപമാർഗ്ഗമായി നടന്നുവരികയും വെൻസ്ലാവൂസിനെയും അങ്ങിനെതന്നെ നടത്തുകയും ചെയ്തുവന്ന.

ഇവൻ ആൾബെത്ത്പ്രഭുവിന്റെ കുമാരത്തി

യായ യൊവാന്ന ബഹു ഭക്തശീലിയും കരുണാവാത്സല്യയുമാകയാൽ ദിനംതോറും വളരെനേരം ജപതപങ്ങളിലും ദരിദ്രരെയും രോഗികളെയും സന്ദർശിച്ചു ആശ്വസിപ്പിക്കുന്നതിലും ചിലവഴിക്കുന്നു, എന്നുമല്ല അവൾ സദാ ജ്ഞാനകൃത്യങ്ങളിൽ ശ്രദ്ധവച്ചിരിക്കയുംചെയ്തു മുഖാന്തരം, അവൾ രാജ്ഞിയാകുന്നകാലത്തു യഥാർത്ഥത്തിൽ രാജ്യകാര്യങ്ങളിൽ അത്ര ശ്രദ്ധവെക്കയില്ല, ആകയാൽ പ്രജകളും അവളെ അത്ര സ്നേഹിക്കയുമില്ല, ആ സന്ദർഭത്തിൽ തന്റെ കരുതൽ സാധിക്കുമെന്നു മനസ്സിൽ ഉന്നിക്കൊണ്ടു, വെൻസ്ലാവൂസിനൊട പറഞ്ഞതായതു:

രാജപ്രഭുവെ, ആൽബർത്തു പ്രഭുവിന്റെ സൌഭാഗ്യപുത്രിയെ താങ്കൾ വേളികഴിച്ചുകൊള്ളുന്നതിനു ലവലേശംപോലും താമസിക്കുന്നതു ശരിയല്ല. ആ ശിരോമണിയെ ഞാൻ അനേകപ്രാവശ്യം കണ്ടിട്ടുണ്ടു; ബുദ്ധിസാമർത്ഥ്യത്തിലും, ശാസ്ത്രവിദ്യയിലും, ദൈവഭയഭക്തിയിലും, സൌമ്യതയിലും ചൊൽകൊണ്ട ഒരു പെണ്ണൈതലാണവൾ.

രൂപസൌന്ദര്യം അലംകാരഭംഗി എന്നവയിലൊ എന്നാൽ, ഒരം ഭാഗ്യയുവതിക്കൊത്തവൾ നമ്മുടെ നാട്ടിൽ എങ്ങും കാണ്മാൻ അസാദ്ധ്യംതന്നെ. ആകയാൽ രാജപ്രഭുവെ, മഹിപതിരാജനായ തങ്ങളുടെ പിതാവിൻ വാത്സല്യവാഞ്ഛക്കിണങ്ങി മുൻപിൻ നോക്കാതെ ഒരം സ്ത്രീരത്നയുവതിയെ വേൾക്കുന്നതത്രെ ഉചിതമെന്നു തന്ത്രവാസിയായ ആ

ത്തോ പറഞ്ഞു.

എന്നാൽ കുറെനാളുകൾക്കുള്ളിൽ ൧ാം കാർളോസ് രാജാവു തന്റെ വാത്സല്യകുമാരനായ വെൻസ്ലാവൂസിന്റെ കല്യാണ ഉത്സവം തക്ക ആഡംബരവും അലങ്കാരഘോഷവുമായി നിറവേറ്റുന്നതിലെക്ക അനവധി ദ്രവ്യം ധാരാളമായി ചിലവുചെയ്വാൻ നിശ്ചയിച്ചു. ആകയാൽ നാനാദിശികളിലെക്കും ലേഖനങ്ങൾ അയച്ചു രാജാക്കൾ, ചക്രവർത്തികൾ, മെത്രാന്മാർ, മെത്രാപ്പൊലീത്താമാർ, ഗ്രുക്കൾ, പ്രഭുക്കൾ, വംശപതികൾ മുതലായ മഹത്തുക്കൾ ഏവരേയും ൦രം മഹോത്സവത്തിന്നു വരുന്നതിന്നായി ക്ഷണിച്ചു.

ഇങ്ങിനെ രാജക്ഷണന തീട്ടൂരമനുസരിച്ചു സകലരും കുറിക്കപ്പെട്ടദിനം രാജധാനിപ്പട്ടണത്തിൽ വന്നുചേർന്നാറെ, വെൻസ്ലാവൂസും യൊവാന്നയും മഹാ ആരവാരമോടിയോട്ടം, മരതകം ഗോമേതകം എന്ന മുത്തുരത്നങ്ങൾ പതിച്ച വസ്ത്രഭൂഷണങ്ങളും മണിഞ്ഞു അലംകാരഭംഗിയോട്ടംകൂടെ ദേവാലയത്തിൽ വന്നുപ്രവേശിച്ചു. അനന്തരം മെത്രാപ്പൊലീത്ത അവർകൾ അവർ ഇരുവരുടെയും തിരുവേളിവാഴ്ത്തുവും സ്വീകരിച്ചു, ദമ്പതിമാർ ഇരുവരെയും ആശീർവ്വദിക്കയുംചെയ്തു.

തദനന്തരം കാർളോസ് ചക്രവർത്തി കല്യാണവിരുന്നിന്നു ക്ഷണിക്കപ്പെട്ട മഹത്തുക്കൾ ഏവരെയും മഹാ വാത്സല്യപക്ഷത്തോടെ കൂട്ടിക്കൊ

ണ്ടുപോയി വിശദമായ വിജ്ഞാനങ്ങൾ കീ. എന്നുമാത്രമല്ല ദാരിദ്ര്യക്കും, ദേവാലയങ്ങൾക്കും, സന്ന്യാസാശ്രമങ്ങൾക്കും, കന്യകമഠങ്ങൾക്കും, ധാരാളമായ ദാനധർമ്മങ്ങൾ കൊടുക്കയും അനേക കുറവിധിക്കായ്പൊറുതിനൽകി വിട്ടയക്കയും ചെയ്തുകൊണ്ടും രം മഹോത്സവനാളുകളൊക്കയിലും സകലരേയും ബഹു ആനന്ദപൂരിതരാക്കി ചമെക്കയുംചെയ്തു.

രം മനോഹര ഉത്സവം കഴിഞ്ഞു ഏറെ താമസിയാതെതന്നെ വെൻസ്ലാവൂസ് രാജാനും യൊവാന്നരാജാവിക്കും മകുടധാരണ ഉത്സവവും ബഹു ആഡംബരഘോഷവും അലങ്കാരവുമായി നിറവേറി. എങ്ങിനെയെന്നാൽ കിരീടധാരണദിനം ഉദ്ദേശം ൯ മണിസമയം മെത്രാന്മാർ, ഗുരുപ്രസാദികളാദിയായ വൈദീകഗണം അവരവക്കുള്ള വിവിധസ്ഥാനമനുസരിച്ചു സ്വർണ്ണമയമായ തിരുവസ്ത്രാഭരണങ്ങളും അണിഞ്ഞു കിരീടധാരണം നിറവേറുവാനിരിക്കുന്ന ഉന്നത ദേവാലയത്തിൽ തയ്യാറായി കാത്തു നിന്നിരുന്നു. ആ സമയം വെൻസ്ലാവൂസും, യൊവാന്നായും മുത്തുരത്നങ്ങൾ പതിച്ച വസ്ത്രാലങ്കാരഭൂഷണങ്ങളും അണിഞ്ഞു രാജാക്കൾ, ചക്രവർത്തികൾ, രാജ്ഞികൾ, മന്ത്രിപ്രധാനികൾ, സേനാധിപന്മാരാദിയായവരാൽ ചൂഴപ്പെട്ട മെത്രാസന ദേവാലയത്തിലെക്കായി രാജമന്ദിരത്തിൽനിന്നു പുറപ്പെട്ടു.

അനന്തരം മിന്നുമിനെമിന്നിതിളങ്ങുന്ന ആയുധപാണികളായ ആയിരമായിരം പോർവീരരുടെ

അണിനിരകൾക്കിടയിൽ, കരകാണാ സമുദ്രതിരമാലകൾതുല്യം ഇരുഭാഗവും തിങ്ങിവിങ്ങി തേങ്ങുന്നലക്ഷാലക്ഷം ജനപ്രവാഹമദ്ധ്യേകൂടി രാജ്യം മുഴുവനിലുള്ള ബ്രഹ്മാണ്ഡമായ ദേവാലയമണികൾ ണ്ണം, ണ്ണാം... ണ്ണിം, ണ്ണാം... എന്നു വിടാതെധ്വനിച്ചും സേനാഭേരികൾ മേളതാളങ്ങളാദിയായ വാദ്യക്കരുക്കൾ ടാം, ട്ടടാം... ടാം, ട്ടടാം... എന്നു ശബ്ദിച്ചും കണക്കില്ലാത്ത രാജപീരങ്കികൾ മേഘഗർജ്ജനതുല്യം ഭൂം, ഭൂം, ഭൂം, എന്നു മുഴങ്ങിക്കൊണ്ടുമിരിക്കെ ദേവാലയത്തിലേക്കു വന്നു പ്രവേശിച്ചു.

അനന്തരം വിവിധവർണ്ണങ്ങളിൽ സ്വർണ്ണമയരേഖകളുള്ള പച്ചമാബ്ൾകല്ലുകൾക്കൊണ്ടു വിചിത്രമായി പണതു, നീലാംബരപട്ടുതിരശ്ശീലകൾ തങ്കക്കുരുവെഞ്ചനാദികൾ, മരതകം ഗോമേതകം മുതലായ വിവിധവർണ്ണരത്നങ്ങൾകൊണ്ടു അതികൌതുകമാംവണ്ണം ശിൽപ്പകാരിച്ചു ചമയിച്ചിരിക്കും പ്രഥമ പീഠാന്തികെ ആ ഇരു ദമ്പതിമാരും ബഹുഭക്തിവിനയപൂർവ്വം വന്നു അണഞ്ഞു. തൽക്ഷണം ആരവമുഴുക്കുശബ്ദങ്ങൾ സകലവും അടങ്ങുകയിൽ അവർ സാഷ്ടാംഗംവീണു സർവ്വശക്തനായ സകലചരാചരങ്ങളുടെ അധിപതികർത്താവിനെ ആരാധിച്ചു വണങ്ങി സപ്രണാമംചെയ്തു.

ഉടൻ മെത്രാപ്പൊലീത്ത അവർകൾ "ദിവ്യാശ്വാസകനായ കുഹായെ, എഴുന്നെള്ളിവരെണ

മെ'' എന്നാരംഭിക്കും സംഗീതം പാടുകയും ഉത്തമ സാദ്ധികളും ശ്രേഷ്ഠാചാര്യന്മാരെ പിൻതുടർന്നു പാടീ അവസാനിപ്പിക്കയുംചെയ്തു. അനന്തരം മെത്രാപ്പോലീത്ത വൈരം, വൈഡൂര്യമെന്ന രത്നമണികൾ പതിച്ച ഇരു സ്വർണ്ണകിരീടങ്ങൾ സ്വർഗ്ഗശക്തന്റെ നാമത്തിൽ അഭിഷേകം ചെയ്തു, രാജാവിന്റെയും രാജ്ഞിയുടെയും ശിരസ്സിൽ വിശദമായി ചൂടിച്ചുകൊണ്ടു ജനങ്ങളിലേക്കു തിരിഞ്ഞു ബൊയെമ്യായുടെവെൻസ്ലാവൂസ് രാജനും, യൊവാന്നരാജ്ഞിയും ഇതാ, എന്നു പറഞ്ഞു കാണിച്ചു.

ആ മാത്രയിൽ ദൃഷ്ടിയെത്തുവാൻമേലാത്ത സമുദ്രതിരമാലകൾതുല്യം, തിങ്ങിവിങ്ങിനിൽക്കുന്ന ആ ജനപ്രവാഹം ഒന്നിച്ചു ഒരു ഏകസ്വരമായി നമ്മുടെ നവരാജനും രാജ്ഞിയും കാലാകാലത്തോളം വാഴ്ക, വാഴ്ക, വാഴ്ക എന്നു ആർപ്പിട്ടലറിയ ഇടിമുഴക്കധ്വനിയാലും, ആയിരമായിരം പീരങ്കി അലച്ചുകളാലും നാനാവിധ മേളതാളവാദ്യശബ്ദങ്ങളാലും ദേവാലയഭിത്തികൾ വിറെക്കത്തക്കവിധം എടവിധാനത്തെ മുഴക്കികൊണ്ടു മകുടാഭിഷേകം അവസാനിപ്പിക്കയുംചെയ്തു.

രാജമകുടാഭിഷേകം നിറവേറിയതിന്റെ ശേഷം വെൻസ്ലാവൂസ് രാജൻ രാജ്ഞി ഒരുമിച്ചു ബൊയെമ്യ എന്ന പട്ടണത്തിലേക്കു പ്രഥമപ്രവേശനമായി പോകുവാൻ തീർമ്മാനിച്ചിരുന്നെങ്കിലും ആ ദേശത്തു വിഷൂചികവസന്ത പരന്നു ദിനംപ്രതി

തി അനേകർ മരിച്ചിരുന്നതുനിമിത്തം തൽക്കാലം അവിടെ പോകാതെ മയെസ്സപട്ടണത്തിൽ കുറെ നാൾ താമസിക്കുന്നതിന്നു നിർബ്ബന്ധപ്പെട്ടു.

ഒരുദിവസം വെൻസ്ലാവൂസ് രാജൻ തന്റെ വാത്സല്യപിതാവായ കാർളൊസ് രാജാവുമായി തനിയെ മാധുര്യമായി സംഭാഷിച്ചുകൊണ്ടിരിക്കയിൽ; "പിതാവെ, രാജ്ഞി എന്നെ അനുള്ള പക്ഷത്തോടെ സ്നേഹിക്കുമെന്നു വാസുവത്തിൽ അങ്ങീന്നു കരുതുന്നുവൊ?" എന്നു ചോദിച്ചു. അതിന്നു രാജൻ "അതിന്നു ഇത്ര സംശയമൊ? മകനെ, നീ ആ പുണ്യവതിയുടെ സ്നേഹത്തിന്നു പാത്രവാനായി വ്യാവരിക്കുമെങ്കിൽ നീ ഒരു സംഗതിനിമിത്തം വിചാരപ്പെടുന്നതിന്നു ഒട്ടും ഇടയില്ല സംശയിക്കെണ്ട"

"അതെ, രാജ്ഞി എന്നെ സ്നേഹിക്കുന്നതിന്നു കടപ്പെട്ടിരിക്കുന്നല്ലൊ" പിതാവെ, ശരിതന്നെ.

"എന്റെ അതിവാത്സല്യമകനെ, ഉപചാരശീലികളൊട്ടു സകലരും ഉപചാരമായി വ്യാപരിക്കും. കരുണാവാത്സല്യരോട്ടു ഏവരും കരുണകാണിക്കും. ഗ്രഹിച്ചൊ? യൂറോപ്പുഖണ്ഡത്തിലുള്ള രാജകുമാരികളിൽവച്ചു നിന്റെ പതിയായ ഇവളെപ്പോലെ പുണ്യവതിയും സകലവിധഗുണശീലിയുമായി ഒരുത്തിപോലുമില്ല എന്നതു നിശ്ചയമാണു. ആകയാൽ ഒരു വിലതീരാമാണിക്കമായ നിക്ഷേപത്തെ നീ ഭദ്രമായി കാത്തുകൊൾക. സകല ഗുണങ്ങളും വിളങ്ങുന്നവളായ നിന്റെ പതിക്കു ഒത്ത

ഭത്താവു നീ ആയിരിക്കുമെങ്കിൽ അവൾ സകല ത്തിലും നിനക്കു കീഴ്പ്പെട്ടു അനുള്ള പക്ഷത്തോ ടെ നിന്നെ സ്നേഹിക്കുമെന്നതിന്നു സന്ദേഹമില്ല. ആയതുകൊണ്ടു എല്ലാപ്പോഴും പക്ഷത്തോടെ സകലവും നടത്തിക്കൊണ്ടിരിക്ക മകനെ" എന്നു പിതാവു ഉപദേശിച്ചു. എന്നാൽ തന്റെ പഴയ നടപടികളെ പുണ്യവതിയായ രാജ്ഞി കേട്ടിരിക്കു മെങ്കിൽ എന്തു വിചാരിക്കുമെന്നു ഭയന്നിട്ടാണു വെൻസ്ലാവൂസ് ഇപ്രകാരമൊക്കെ പറഞ്ഞതു.

"വൃക്ഷം ചാഞ്ഞപുറത്തെക്കു തന്നെ വീഴക യുള്ളു." എന്ന ദൈവവാക്യപ്രകാരംതന്നെ കാർ ളോസ്രാജാവിന്റെ അവസാനവുമായി. എങ്ങി നെയെന്നാൽ അയാൾ ബാല്യംമുതലെതന്നെ ദൈ വഭയഭക്തിയുള്ളവനായി പുണ്യജീവിതത്തിൽ തഴ ങ്ങിയിരുന്നതുമെന്നു അയാൾതന്റെ ഉന്നതസ്ഥാന മഹിമനിമിത്തം അശേഷം അഹംഭാവിക്കാതെ എ ളിമയുള്ള ശ്രവണത്തോടെ വ്യാപരിച്ചുവന്നിരുന്നു.

ഗുരുക്കളുടെ ഉപദേശങ്ങൾ ഒരിക്കലും ലം ഘിക്കാതെയും, തിരുസ്സഭപ്രമാണങ്ങൾക്കു ഒരു ശി ശുവെപ്പോലെ സകലത്തിലും കീഴ്പ്പെട്ടിയുമിരുന്ന തുമെന്നു, ഭാരദ്വാജരുടെ പിതാവെന്നു പേർവിളിക്ക പ്പെട്ടമിരുന്നു. ഇങ്ങിനെ കാലക്ഷേപം കഴിച്ചുവരി കയിൽ തന്റെ വാത്സല്യകുമാരനു മകുടാഭിഷേ കം നിരവേറിയശേഷം നാലുമാസം തികഞ്ഞ പ്പോൾ വാർദ്ധക്യരോഗം അധികരിച്ചു അന്ത്യക്രമ

ശകൾ സകലവും അതി ഭക്തിവിനയപുരസ്സരം പ്രാപിച്ചു ഭാഗ്യമായി താൻ മരണംപ്രാപിക്കയും ചെയ്തു.

വെൻസ്ലാവൂസ് രാജൻ തന്റെ വാത്സല്യ പിതാവിന്റെ മരണംമുഖാന്തരം അത്യന്ത വ്യസനവും ദുഃഖവും അനുഭവിച്ചെങ്കിലും തന്റെ സ്നേഹപതിവ്രതയായ രാജ്ഞി അവർകളുടെ ഇമ്പമായ ഉപദേശങ്ങളാൽ അസാമാന്യ ആശ്വാസം പ്രാപിച്ചു. ആകയാൽ അയാൾ ചിലനാളുകൾക്കിടയിൽ തന്റെ ജീവിതം ക്രമപ്പെടുത്തി, രാജ്യമെങ്ങും പരന്നിരുന്ന അലങ്കോലങ്ങളൊക്കെയും നിത്തി, നീതി ശരിയായി നടത്തുവാൻ ആരംഭിച്ചു.

ഇങ്ങിനെ പ്രജകൾക്കു അതി ഭാരമായി കല്പിക്കപ്പെട്ടിരുന്ന നികുതി കുറയ്ക്കുകയും, ദേവാലയങ്ങൾ സന്ന്യാസാശ്രമങ്ങൾ ധർമ്മശാലകൾ മുതലായ പൊതു ഏർപ്പാടുകളിലേക്കു ധാരാളമായ ദാനധർമ്മസഹായങ്ങൾ ചെയ്കയും, അവിടവിടെ കിണറുകൾ കുളങ്ങൾ വഴിയമ്പലങ്ങൾ മുതലായവ ഉണ്ടാക്കുകയുംചെയ്തു. ഒറവാക്കായിട്ടു പ്രജകളുടെ സുഖക്ഷേമത്തിന്നു ഹേതുകങ്ങളായവ സകലവും അതി ബുദ്ധിവിവേകശീലിയായ തന്റെ വാത്സല്യ രാജ്ഞിയുടെ ആലോചനപ്രകാരം ചെയ്തു നിവൃത്തിച്ചു.

ഇങ്ങിനെ രാജ്യഭാരം നല്ല ക്രമമായി നടന്നു, പ്രജകൾ മഹാത്മപൂരിയൊടെ രാജാവിന്നു കീ

ഴുഴുങ്ങുകയും, കലഹങ്ങൾ അശേഷം അടങ്ങി എ
ങ്ങും സമാധാനം പരന്നു ഭക്തിയിലും, മുക്തിയിലും,
ശാസ്ത്രവിദ്യയിലും, ബുദ്ധിസാമർത്ഥ്യത്തിലും, ദ്രവ്യസ
മ്പത്തിലും, സേനാശക്തിയിലും നാട്ടുമുഴുവൻ വർദ്ധി
ച്ചു ദിനംതോറും തഴച്ചു പുഷ്ടിയായിവരികയുംചെ
യ്തിരുന്നു.

ഒരു വിധ ഗുണവൃദ്ധികൾ പഴയ കുറുനരി
യായ ആത്തൊ എന്ന പരമദുഷ്ടൻ കണ്ടു "അയൽ
ക്കാരന്റെ ഗുണവൃദ്ധിമൂലം അഞ്ചുനാളത്തെ പട്ട
ണികിടക്കും" എന്ന പഴഞ്ചൊല്ലുപോലെ ഇവൻ
പൈശുന്യത്താൽ എരിഞ്ഞു ദുഃഖിതനായി തന്നത്താ
ൻ പറയുന്നതായതു: "അയ്യയ്യൊ! ഇനി എന്റെ ആ
ലോചന ഫലിക്കുന്നകാര്യം അസാദ്ധ്യംതന്നെ ആ
യിത്തീർന്നല്ലൊ. ആ പെണ്ണും രാജാവും സമാധാനമാ
യിരുന്നുകൊണ്ടു രാജ്യഭാരം നടത്തുന്ന കാലപര്യ
ന്തം എന്റെ മനോരാജ്യം സാധിക്കുന്നതല്ല.

രാജാവും രാജ്ഞിയും ഇരു അന്യോന്യ സമാ
ധാനയോജിപ്പൊടെ രാജ്യം ഭരിക്കുന്ന കാലത്തെ
ങ്ങും ഞാൻ സിംഹാസനം പ്രാപിക്കുമെന്നു സ്വപ്ന
ത്തിൽപോലും കരുതിക്കൂടാ. 'വേരുനിന്നാൽ മര
വും നിൽക്കും, വ്യാപാരംനിന്നാൽ വ്യാപാരിയും നി
ൽക്കുമല്ലൊ. ആകയാൽ രാജാവും രാജ്ഞിയും തമ്മി
ലുള്ള ഒരു സ്നേഹയോജ്യത ഖണ്ഡിച്ചുകളഞ്ഞാൽ
മാത്രം സകലവും ഖണ്ഡിക്കപ്പെടും' എന്നു തന്നിൽ
തന്നെ പറഞ്ഞുംവച്ചു രാജ അരമനയിലെക്കു ധൃതി

യായി പുറപ്പെട്ടകയുംചെയ്തു.

ആത്തൊ രാജ്ഞിയെ സന്ദർശിപ്പാനായി ചെന്നസമയം അ പുണ്യവതി നല്ല മര്യ്യാദയൊടും അടക്കൊത്തുക്കുമായ ഉപചാരത്തൊടുംകൂടെ അ പ്രഭുവിനൊട സൌമ്യമായി സംഭാഷിച്ചിരുന്നു. എങ്കിലും അ ദുഷ്ടചെന്നായനെഞ്ഞിൽ നഞ്ഞുമറച്ചുകൊണ്ടും അതി വാത്സല്യഭാവം നടിച്ചുകൊണ്ടും രാജ്ഞിയുടെ പുണ്യം, വിവെകം, ശാന്തംമുതലായ സൽഗുണങ്ങളെ വളരെ പുകഴ്ത്തി പ്രശംസിച്ചു അദ്ദ്യം പറഞ്ഞിട്ട മെല്ലെ അതി കൌശലവിധത്തിൽ രാജാവിന്റെ പഴയ ദുർവ്യാപാരങ്ങളെ വിവരിച്ചുതുടങ്ങി.

പക്ഷെ രാജ്ഞിക്ക ഇവന്റെ കപടതന്ത്രങ്ങൾ മുമ്പെതന്നെ നല്ല ബോദ്ധ്യമുള്ളതാകയാൽ ആത്തായുടെ പുകഴ്ത്തുകൾക്കും ഭീഷണികൾക്കും അശെഷം അവൾ ചെവികൊടുക്കാതെ പാടായനിഗിഷത്തിൽ യാത്രപറഞ്ഞു അവനെ പറഞ്ഞയച്ചുകളഞ്ഞു.

ഇതിനാൽ ആത്തൊ അടികൊണ്ട സുപ്പത്തെപ്പൊലെ ചീറി, കൊടുംകോപത്തൊടെ ഒരു പെണ്ണിനെ വഞ്ചിപ്പാൻ തന്റെ വിദ്യസാമർത്ഥ്യം പോരാതായിത്തീർന്നല്ലൊ എന്ന ലജ്ജയൊടെ വിചാരിച്ചു. ഒരം സന്ദർഭത്തിൽ അവനുകൊണ്ട ഉൽക്രൊധത്താൽ രക്തം ശിരസ്സിൽ അടിച്ചുവെങ്കിലും അന്തരംഗത്തിൽ നടക്കുന്നവയെ കപടമായി പുറമെ മറച്ചു

കൊണ്ടു അവിടെനിന്നു പുറപ്പെട്ട രാജസന്നിധിയിൽചെന്നു പ്രവെശിച്ചു ബഹു സ്നേഹഭാവത്തിൽ അയാളെ വളരെ സ്തുതിച്ചു പുകഴ്ത്തി പ്രശംസിച്ചുകൊണ്ടു പല വിഷയങ്ങളെക്കുറിച്ചു സംഭാഷിച്ചുതുടങ്ങി.

പക്ഷെ ഒരം സംസാരത്താൽ വെൻസ്ലാവൂസു മുഴുവൻ പകനും വേറെ മനുഷ്യനായിരിക്കുന്നുവെന്നും അയാളുടെ ശീലഗുണങ്ങളും വ്യാപാരപെരുമാറ്റങ്ങളും മുമ്പിലത്തെതിൽ വളരെ ഭേദപ്പെട്ടിരിക്കുന്നു എന്നും കണ്ടുപിടിച്ചു. ഒരം പകച്ചുക്ക കാരണം രാജ്ഞിതന്നെയെന്നു തെളിവായി അറിഞ്ഞു. അതുകയാൽ ഇവർ ഇരുവരും തമ്മിൽ വിരുദ്ധമുണ്ടാക്കാതെ തന്റെ ആഗ്രഹം സാധിക്കയില്ല, എന്നുറപ്പുകൊണ്ടു രാജാവിനെ നോക്കി പറയുന്നതായതു:

'ഒ! രാജശ്രീ മഹാരാജാവെ, അങ്ങെ രാജ്യത്തു ഇപ്പൊൾ തേനും പാലും ഒഴുകുന്നു എന്നു ഒരു സന്ദേഹമെന്യെ പറവാൻ തക്ക പല ന്യായങ്ങളുണ്ടു. അങ്ങെ മഹത്വം തിരുവേളികഴിച്ചു നാൽമുതൽ നാടെങ്ങും ക്ഷേമം അധികരിച്ചു ധനവൃഷ്ടിയിലും ബലശക്തിയിലും മറ്റു സകല ഗുണങ്ങളിലും നാട്ടു തേറിവരുന്നതിനൊടെ സകലരും അങ്ങെ അജ്ഞയെ പുകഴ്ത്തിക്കൊണ്ടാടുകയുംചെയ്യുന്നു.

എന്നുവരികിലും സപ്പ്ഫീരതനങ്ങളാലും മുത്തുമാണിക്കങ്ങളാലും വജ്രവൈഡൂര്യ്യ കല്ലുകളാലും വിസ്മയകരമായി അലങ്കരിക്കപ്പെട്ട അങ്ങെ ശിരസ്സിൽ തിളങ്ങിവിളങ്ങുന്ന കിരീടത്തിൽ ഒരു അല്പ ന്യൂ

നതമാത്രം തോന്നുന്നുള്ളു. അങ്ങീന്നു ഉത്തരവരുളിയാൽ പറയുന്നതിനു ദാസൻ തയ്യാറാണു' എന്നു പറഞ്ഞു.

"നീ പറയുന്ന ആ കുറച്ചിൽ ഇതെവരെ എന്റെ ദൃഷ്ടിക്കു എത്തുപെട്ടിട്ടില്ല. എന്താകുന്നു അതു? പറയുക. സകലവും വിവരിച്ചുകേൾപ്പിക്കു."

ആത്തോ നെഞ്ഞിടിച്ചും നാവു കുഴഞ്ഞും കൈകാൽ കിടുകിടെ വിറച്ചുംകൊണ്ടു "ഓ! രാജശ്രീ മഹാരാജാവെ, അങ്ങെ കോട്ടമറ ചെങ്കോലിനു ഒരു കുറവുമില്ല. എന്നാൽ പക്ഷെ..... ഒരു സംഗതി..... എങ്കിലും' എന്നിങ്ങിനെ പറഞ്ഞു നിറുത്തി.

"എന്തൊ ശങ്കിക്കുന്നു? മറെക്കാതെ സകലവും വെളിപ്പെടുത്തുക പ്രഭു"

'മന്നൻപ്രഭുവെ, ഇനിക്കു ഒരു ശങ്കയുമില്ല. ഭയവുമില്ല. അവിടെക്കു നേരിട്ടിരിക്കുന്ന കുറച്ചിൽമുഖാന്തരംമാത്രം വ്യസനിക്കുന്നെയുള്ളു. അതെന്തെന്നാൽ, അതി മഹത്വവും അത്യുന്നത ജ്ഞാനവും തെളിവുള്ള ബുദ്ധിക്രമ്മതയും അരുമയായ പുണ്യങ്ങളും, ശീലഗുണങ്ങളുമുള്ള അങ്ങെ ഉന്നതത്തെക്കാൾ അധികമായി രാജ്ഞി അവർകളെ ജനങ്ങൾ സ്തുതിച്ചു പുകഴ്ത്തിക്കൊണ്ടാടുന്നു എന്നതിനെപ്പറ്റിയത്രെ ഞാൻ പറയുന്നതു.'

"ആ! ഭോഷാ! ഇതു ഇനിക്കു ഒരു കുറവാകുമൊ? ഇതിനാൽ നമ്മുടെ മഹിമെക്കു ഏതെങ്കിലും

ഭംഗമുണ്ടോ? നമ്മുടെ സ്വന്ത രാജ്ഞിക്കുവരുന്ന പുകഴ്ച നമുക്കുതന്നെയാണു വരുന്നതെന്നു തനിക്കു അറിഞ്ഞുകൂടയൊ പ്രട്ട? എന്നുമാത്രവുമല്ല ജനങ്ങൾ നമ്മെ പുകഴ്ത്തിക്കൊണ്ടാടുന്ന ആ സ്തുതിമാലകളുശേഷവും പുണ്യവതിയായ നമ്മുടെ രാജ്ഞിയുടെ അറിവും, നെറിവും, ജപവും, തപവുംമുഖാന്തരമാണു ഉണ്ടാകുന്നതെന്നു നാംതന്നെ അനുഭവസിദ്ധിയാൽ കണ്ടു ബോധിച്ചിരിക്കുന്നു."

"അതു ശരിതന്നെ മഹാരാജാവെ, പക്ഷെ വേറെ ചില സംഗതികൾക്കുടെ ഉള്ളവകൾ സാവകാശംപോലെ വേറൊരുദിവസം മുഖദാവിൽ ഹാജരായി ബൊധിപ്പിച്ചുകൊള്ളാം" എന്നു പറഞ്ഞു രാജാവിന്റെ ഉത്തരവു വാങ്ങി മഹാപ്രലാപദുഃഖത്തൊടെ തന്റെ മാളികയിലെക്കു വന്നു ചേരുകയും ചെയ്തു.

൨-ാം അദ്ധ്യായം.

ഇരുവഞ്ചികന്മാർ.

ആത്തൊ സ്വന്ത മാളികയിൽ വന്നുചേന്നാറെ ചിറകു ഒടിഞ്ഞ പക്ഷിയെപ്പൊലെ കലങ്ങിപ്രലാപിച്ചുകൊണ്ടു ഗൃഹപാലനജോലികൾ ഒന്നും അശേഷം ശ്രദ്ധിക്കാതെ കൊടുംകോപംകൊണ്ടു ത

നിക്കു എതുപ്പെട്ടന്നവരുടെനേക്കു പാമ്പുപോലെ ചീറിഎത്തിയിരുന്നു. ഇങ്ങിനെ മതിമയങ്ങി ബഹുകുസ്തിനായി ഒരു പട്ടമെത്തമെൽ ചാരിക്കിടന്നുകൊണ്ടു അന്നു കാലത്തു രാജ അരമനയിൽ നടന്ന ദുഃഖകരസംഗതികളെ ഓരൊന്നു ഓരൊന്നു പ്രലാപമോടെ ചിന്തിച്ചു പറയുന്നതായതു:

"ഇതെന്തൊരു വിസ്മയമാണു. ഇതുവരെ എന്റെ വാക്കു ഒരക്ഷരംപോലും തെറ്റിക്കാതെ ഞാൻ വലിച്ചുകൊണ്ടുനടക്കുന്ന ഇടത്തെക്കൊക്കെ ഒരു ശിശുവിനപ്പോലെ പിൻതുടരുകയും, പറയുന്നതെല്ലാം തെറ്റാതെ പ്രവൃത്തിക്കയും ചെയ്തിരുന്നവൻ എന്നല്ല ആട്ടം, പാട്ടു, ആഡംബരം മുതലായ പ്രപഞ്ചവിനോദങ്ങളിൽ കാലംപൊക്കി, ഒരു പമ്പരംപോലെ എന്റെ കരങ്ങളിലിരുന്നു വട്ടംതിരികയുംചെയ്തിരുന്ന ഒരാം വെൻസ്ലാവൂസു ഇതു നിമിഷത്തിൽ ഒരാം വിധം പകരുന്നതിനു കാരണമെന്തു!

മുൻ സുഖഭോഗാദികളെ തേടി, കൂടി ചൂതുകളിമുതലായവയിൽ തഴങ്ങി താറുമാറായി വ്യാപരിച്ചിരുന്ന ഇവൻ ഇപ്പൊൾ മുഴുവനായി പകൻപോയിരിക്കുന്നു. ഇവൻ ദിനംപ്രതി ദേവാലയത്തിൽപോയി ജപതപങ്ങൾ അനുഷ്ഠിക്കയും, രാജ്യഭരണത്തിൽ നല്ല ശ്രദ്ധവച്ചു നടത്തുകയും ധാരാളമായ ദാനധർമ്മം ചെയ്തു സകലരാലും നല്ല രാജനെന്നും, നീതിയും ഭക്തിയും ധർമ്മവും ദയയുമുള്ള മന്നൻ എന്നും പുകഴ്ത്തപ്പെട്ടുകയും ചെയ്യുന്നതിനുള്ള ഏ

ക കാരണം ആ പെണ്ണുതന്നെ എന്നുള്ളതിന്നു അല്പ സന്ദേഹവുമില്ല.

അതെ.... അതെ, അവൾതന്നെയാണു ആ കുട്ടി, കാണിച്ചുകൊടുക്കാം. കാറുള്ളപ്പോഴല്ലെ ധാന്യങ്ങൾ കാറത്തിട്ടുന്നതു. താമസിക്കുന്നതു അശേഷം നന്നല്ല. എന്താണു! ഇതു അത്ര വികടമായ ഒരു സംഗതിയാണൊ? അവരുടെ ഒരാ അന്യോന്യ സ്നേഹം എത്രനാൾ ദീർഘിക്കുമെന്നു ഞാനൊന്നു നോക്കട്ടെ.

ഇത്ര വേർപിരിയാത്ത ആ സ്നേഹാഗ്നിയിൽ വിദ്വേഷമെന്ന അതികുളിരുള്ളജലം കൊണ്ടുപോയി വീഴ്ത്തുന്നതിന്നു എന്നാലെ സാധിക്കയില്ലെ. കാക്ക കരയുന്നതുകേട്ടു പനത്തിന്മേൽ കരേറി ഒളിക്കുന്നവരുണ്ടൊ? ഇവന്റെ ഉരുട്ടുകൾക്കും അവളുടെ കൌശല വഞ്ചനകൾക്കും ഭയപ്പെട്ടുന്നവനാണൊ ഞാൻ! അത്ര ഭോഷൻ ഞാനായൊ ഇന്നു.

ഇപ്പോൾ ഇനിക്കുള്ള ആസ്തി, പാസ്തി, ധനം, ഭൂമി, പറമ്പു, ഉല്പത്തി, ഉയർന്ന സ്ഥാനം, ഉദ്യോഗം മുതലായവകൾ സിദ്ധിച്ചതു എങ്ങിനെയാണു? വിദ്വേഷമെന്ന വിത്തു വിതച്ചുകൊണ്ടുവേണം ഇച്ഛിക്കുന്ന ഫലം കൊയ്യാൻ' എന്നും അവൻ പറഞ്ഞുകൊണ്ടു തന്റെ ദാസരെ വിളിപ്പാൻ ഉപയോഗിക്കുമാറാകുന്ന കൈമണി ഞെട്ടിയിൽ എടുത്തു കിലുകിലു എന്നങ്ങോട്ടു കിലുക്കി.

തൽക്ഷണം ഒരു വില്ലുക്കാരൻ സേവകൻ വാ

തുക്കൽവന്നു "മഹാപ്രഭുവെ, ദാസൻ ഹാജർ" എന്നു പറകയിൽ, "തൽക്ഷണം നീ പോയി നമുടെ മൊപ്പെർ എന്നവനൊട്ട ഉടനെ ഇവിടെ വരുവാൻ പറയുക" എന്നു അവൻ കല്പിച്ചു.

൦രം മോപ്പെർ എന്നവൻ അത്തൊപ്രഭു ചെയ്യുന്നസകല ദുഷ്കൃത്യങ്ങൾക്കും ഒത്തകരുവായി എപ്പൊഴും ഉപയോഗിച്ചുവരുന്ന ഒരു ഇഷ്ടദാസനാണു. ഇവൻ തന്റെ യജമാനനെപ്പോലെതന്നെ നേരു രണയായും, രണ നേരായും പകുത്തിക്കളുവാൻ ഒട്ടും മടിക്കാത്ത കപടനും, അന്നംകൊട്ടത്തുവന്റെ ഭവനത്തിൻ ചുമരു തുരക്കുന്ന പാതകമോഷ്ടാവും, ഒരു വീട്ട നാലു വീടാക്കുവാൻ തക്ക കലാപസഭാവിയുമാണു.

ഇങ്ങിനത്തെ പാതകത്തൊഴിലാൽ കുക്ഷിതൃപ്തിവരുത്തിക്കൊണ്ടു കാലക്ഷേപം കഴിച്ചുവരുന്ന ൦രം ദുഷ്ടൻ മുറിക്കകത്തക്കു പ്രവേശിച്ചുടൻ അത്തൊ കതകടെച്ചു സാക്ഷയുമിട്ടു പറയുന്നതായതു: "ഒ! മോപ്പെർ, ഒരു സ്വല്പ ജോലിയുണ്ടു. അതു നീ ജാഗ്രതയായി ചെയ്യുന്നിറവേറ്റാമൊ?" "ഒ! മഹാപ്രഭുവെ, അടിയൻ ഇതുവരെയും അങ്ങെവാക്കു നിറവേറ്റാതിരുന്നിട്ടുണ്ടൊ!"

"ഇല്ലയില്ല. മോപ്പെർ കേൾക്ക. കാര്യംസ്വല്പമായാലും ബഹു മെച്ചമായ ഒരു സംഗതിയാണു. ഇതൊന്നുമാത്രം നീ നിവൃത്തിക്കുമെങ്കിൽ രാജ കിരീടം നീ തന്നെ നിന്റെ കരങ്ങളാൽ എന്റെ ശിര

സ്സിൽ ചൂടിക്കുന്നതിനുള്ള ഭാഗ്യം നിനക്കു ലഭിക്കും നിശ്ചയം. എന്നുമാത്രമല്ല നിനക്കും പ്രഭുവെന്ന ഉന്നതസ്ഥാനം സിദ്ധിച്ചു അനേക നാട്ടുകൾക്കു നീ സ്വന്ത യജമാനനായി ചമയുകയുംചെയ്യും. എന്താതോന്നുന്നതു കൊള്ളാമൊ മൊപ്പെർ?"

"ഉടയവനെ, താങ്കൾ പാദങ്ങളാൽമാത്രം ഒരു ആംശ്യം കാണിക്കുന്ന ജോലി ദാസൻ കരങ്ങളാൽ ചെയ്തു നിവൃത്തിച്ചുവരുന്നതു അവിടെക്കു തിരിയാത്ത സംഗതിയാകുന്നൊ? അവിടത്തെ ചിത്തംമാത്രം അറിയിച്ചുതന്നാൽ ഇതാ ദാസൻ തയ്യാറായി കാത്തിരിക്കുന്നു"

"കൊള്ളാം നന്നായി. നമ്മുടെ രാജാവിനെ ബന്ധിച്ചു വല്ലതും നീ കേട്ടിട്ടുണ്ടൊ?"

"ഉവ്വ്. അല്ലേഹം ഇപ്പോൾ ശീലഗ്രണത്തിലും വ്യാപാരനടപടികളിലും മുഴുവനായിട്ടു വകന്നു, രാജ്യഭരണത്തിൽ ശരിയായി ശ്രദ്ധവെച്ചു പ്രജകളുടെ സുഖക്ഷേമത്തെമാത്രം അന്വെഷിക്കയും, ദൈവ ഭയഭക്തിയിൽ മുഴുകി ദാരിദ്ര്യരുടെ ദയനിറഞ്ഞ പിതാവും, അക്രമങ്ങൾക്കു കണ്ണുകൊടാലിയുമായിരിക്കയും ചെയ്യുന്നു എന്നു ജനങ്ങളിൽ പാട്ടായിത്തീന്നിരിക്കുന്നു" "ഒ! മൂഡജനം... എന്തറിഞ്ഞിട്ടാണു. അതിരിക്കട്ടെ. രാജ്ഞിയെ ബന്ധിച്ചു പറയുന്ന കഥ എന്താണു?"

"അവൾ പരമണ്ഡലങ്ങളിൽനിന്നിറങ്ങിയ ഒരു മാലാക്കായാണെന്നും, ആ സൽഗ്രണശീലിയാ

ണ രാജാവിന്റെ പഴയ ദുർഗ്രണങ്ങളെ മാറ്റിസൽഗ്രണവാനാക്കി ചമച്ചതെന്നും, ആ സ്ത്രീരത്നത്തിന്റെ വിവേകമായ ആലൊചനകളാണ രാജ്യഭരണം നല്ല നീതി ക്രമമായി നടന്നു വർദ്ധിച്ചുവരുന്നതെന്നും, ആ പുണ്യവതിയുടെ ജപതപ ദാനധർമ്മങ്ങളാൽ മാത്രമാണ നാട്ടു സകലത്തിലും തഴച്ചു വർദ്ധിച്ചു പുഷ്ടിയായിവരുന്നതെന്നും സകലരും വായ്ത്താരായി പറയുന്നു.''

'അ! ഹാ! ഇതിൽതന്നെയാണ നമുക്കു കോടാലിവച്ചു വെട്ടി വേരറുക്കെണ്ടതു മോപ്പർ'

'ഏതിലാണ നായകനെ തിരിഞ്ഞില്ലല്ലൊ''

''നീ ഇതു പുകഴ്ത്തികൊണ്ടാടിപ്പറയുന്ന ആ പെണ്ണിന്റെ വ്യാപാരനടപടിയിൽതന്നെ.'

''രാജ്ഞിയെക്കുറിച്ചാണൊ താങ്കൾ പറയുന്നതു?'' ''അതെ, അതെ, ആ മുരടയായ മൂധേവിയെക്കുറിച്ചുതന്നെയാണ ഞാൻ പറയുന്നതു.''

''മഹാ പ്രഭുവെ, അങ്ങെക്കു രാജ്ഞിയുടെനേരെ ഇതു വെറുപ്പാകുവാനുള്ളകാരണമെന്തെന്നറിവാൻ ദാസനു ഉത്തരവുണ്ടാകുമൊ?''

''ഇവൾ ഒരു കന്യകാശ്രമത്തിൽ അടയ്ക്കപ്പെട്ടവാനല്ലാതെ സിംഹാസനത്തിന്മേൽ കരേറുവാൻ തക്കവളല്ല. ഞാൻ ഇന്നു അതികാലത്തു അവളെ സന്ദർശിപ്പാൻ പോയസമയം എന്നൊട്ടു അവൾ നല്ലവണ്ണം എടപെട്ട സംഭാഷിക്കാതെയും, മറുള്ള പ്രഭുസ്ത്രീകളെപ്പോലെ വലിതങ്ങൾ പറഞ്ഞു കളി

ച്ചു ചിരിക്കാതെയും, അതി ഭയംകൊണ്ടു കുറുംകാട്ടിൽ പതുങ്ങുന്ന ഒരു മുയൽപോലെ വളരെ അടങ്ങി ഒതുങ്ങി ചോദിച്ച ചോദ്യങ്ങൾക്കുമാത്രം ചില മുരുങ്ങിയ മറുപടി പറഞ്ഞതെയുള്ളൂ.''

അടക്കൊതുക്കം ഒരു സ്ത്രീയുടെ അഴകും ആഭരണവുമാണെന്നാണെല്ലൊ ശാസ്ത്രികൾ പറഞ്ഞിരിക്കുന്നതു. എന്നിരിക്കുമ്പൊൾ അതുമുഖാന്തരം രാജ്ഞിക്കു എന്താണു കുറവു എന്നു മോപ്പൈർ മനസ്സിൽ ചിന്തിച്ചുകൊണ്ടു ആത്തോയൊടു ''പിന്നെ വേറെയൊന്നും സംഭവിച്ചില്ലായിരിക്കുമൊ?'' എന്നു ചോദിച്ചു.

''അതുവേറെ മോപ്പൈർ? എന്നെപ്പൊലെയുള്ള വംശപതികൾക്കു ഇതിനെക്കാൾ ഹീനത്വം വേറെ വല്ലതും വേണമൊ?''

മട്ടളത്തിന്നൊപ്പിച്ചു വീക്കുപിടിക്കുംപ്രകാരം ''സംശയമെന്യെ അതു അങ്ങെ ഉന്നതിക്കു ഇണങ്ങിയ സംഗതിയല്ലല്ലൊ. അകയാൽ ഇപ്പൊൾ അങ്ങെ ചിത്തമെന്താണെന്നു ദാസനൊടു വെളിവായി പറയാറാകണമെ'' എന്നു വഞ്ചകനായ മൊപ്പൈർ അപേക്ഷിച്ചു.

''ഒന്നാമതുതന്നെ രാജാവും മാലാക്കാ എന്നു പറയപ്പെട്ടുന്ന ആ പിശാചും തമ്മിൽ കൊടുരപകനാം ഉണ്ടാക്കണം. രണ്ടാമതു. ഇനിക്കു രാജസിംഹാസനം പ്രാപിക്കണം. മൂന്നാമതു. എന്റെ വാത്സല്യ മോപ്പൈക്കു പ്രഭുസ്ഥാനം കിട്ടി അനവധിനാടുകൾക്കു അധിപതിയായി ചമയണം. ഇതുതന്നെയാ

ന്നെ ഏൻറെ ആഗ്രഹം ഗ്രഹിച്ചൊ?"

മോപ്പൈർ ഇതു കേട്ടമാത്രയിൽ സപ്തപ്തിൽ നിക്ഷേപം കണ്ടെടുത്തവനെപ്പോലെ മുഖം താമരപ്പൂപോലെ വിടർന്നു ശോഭിച്ചുകൊണ്ടു "ഔദാര്യശീലനായ മഹാപ്രഭുവെ, അങ്ങേക്കു അനവധി വന്ദനംചൊല്ലുന്നെൻ. വക്ഷെ ക്രൂരിക്കാരനായ ഇനിക്കു ഇതു മഹാനാമധെയം എന്തിന്നു? എങ്കിലും എൻറെ യജമാനൻറെ ഇഷ്ടത്തിന്നു ഞാൻ വിരൊധിക്കുന്നില്ല" എന്നു പറഞ്ഞിട്ടു ഉടൻ, "എന്നാൽ ഉടയവനെ, ഒന്നാമതു പറഞ്ഞ സംഗതി സാധിപ്പാൻ അസാദ്ധ്യംതന്നെ എന്നാണു ഇനിക്കു തോന്നുന്നതു" എന്നു പറഞ്ഞു.

"ഛീ... ഛീ .. മടയൻ, നീ ഒരു പുരുഷനൊ, അതൊ ഒരു സ്ത്രീയൊ? ഇതു അസാദ്ധ്യസംഗതി എന്നു പറയാമൊ? നീ ഒരം വിധം പറയുന്നതു ഇനിക്കു അപമാനമല്ലെ? ഇങ്ങിനെ ഭയന്നു പിൻവാങ്ങിയാൽ അനെക നാട്ടുകൾക്കു അധിപതി ആയിചമയുന്നതെങ്ങിനെ?"

"രാജ്ഞി അവർകളുടെ മുഖപത്മം ഉറ്റുസൂക്ഷിച്ചാൽമാത്രം ഹൃദയത്തിൽ ഒരുവിധ ഭയവും ശങ്കയും ഉളവാകുന്നല്ലൊ നാഥനെ" എന്നു മോപ്പൈർ പറഞ്ഞു. "ഛെ... ഇനി ഒരിക്കലും ഒരം വിധം പറഞ്ഞുപോകല്ലെ. ഒരു സ്ത്രീയെ നീ ഒരം വിധം ശങ്കിച്ചു ഭയപ്പെടുന്നതു ഒരു പുരുഷനു ഒട്ടും യുക്തമല്ല. പെൺ ബുദ്ധി പിൻബുദ്ധി എന്നു നീ കേട്ടിട്ട

ല്ലെ മോപ്പെർ? കുറച്ചു ക്ഷമിക്ക. സംഭവിക്കുന്ന വിനൊദങ്ങൾ കാണാം. പൊന്നു മണ്ണാക്കിപകൎത്തുവാൻ അത്ര പ്രയാസമുണ്ടൊ? കാണിച്ചുതരാം."

"അതെങ്ങിനെ സാധിക്കും നായകനെ?" "പതിനഞ്ചു സംവത്സരത്തോളം നീ എന്റെ പള്ളിക്കൂടത്തിൽ വിദ്യകൾ അഭ്യസിച്ചാറെയും ഇനിയും ഇതു നീ ഗ്രഹിച്ചില്ലെ മൂഢാ? പുണ്യത്തെ പാപമാക്കി പകൎത്തുന്നതിന്നു നമുക്കു സാമൎത്ഥ്യമില്ലെന്നു വരുമൊ?"

"അതു എന്റെ ബുദ്ധിക്കു എത്തുന്നില്ലല്ലൊ. ഉടയവനെ, എങ്ങിനെയാണതു?"

"ആകട്ടെ, ഇനിയും കുറെക്കൂടെ തെളിയിച്ചു പറയാം. കേൾക്ക, ഒരുവൻ ഒരു തെങ്ങുമുറിക്കുമ്പോൾ മുറിത്തലെക്കൽ വാൎന്നുവീഴുന്ന മാധുൎയ്യജലം പാനംചെയ്യ എന്നിരിക്കട്ടെ, എന്നാൽ നമ്മുടെ ഉപായതന്ത്രങ്ങളാലും കള്ളസാക്ഷികൾകൊണ്ടും അവൻ മദ്യംസേവിച്ചു എന്നു തെളിയിച്ചുകൂടയൊ? ഇനിയും കേൾക്ക. നീ ഇതു ശ്ലോഷമായിപുകഴ്ത്തിപ്രശംസിച്ചു പറയുന്നവൾ തിരിഞ്ഞുവൊ?"

"ഉവ്വ്. രാജ്ഞി" "അവൾ കൊട്ടത്തുവരുന്ന ആ ദാനധൎമ്മത്തെ മോഹകാരണമായി പകൎത്തിക്കൂടായെന്നു വരുമൊ? അതു എപ്പിധമെന്നു നീ പറയുമായിരിക്കാം. (പണസ്സഞ്ചി വിരൽകൊണ്ടു ചൂണ്ടിക്കാണിച്ചുകൊണ്ടു) പണം കണ്ടാൽ പിണവും വാതുറക്കും. എന്നതിനാൽ രാജ അരമനെക്കു നാലുപുറ

വും പണം വാരിവിതെക്കുമെങ്കിൽ നമുക്കു നിശ്ചയമായിജയമുണ്ടാകും.

വെൻസ്ലാവൂസും അവളും തമ്മിൽ വിരുദ്ധമുണ്ടാക്കുവാനായി നാം വിതെക്കുന്ന ആ വിത്തു മുളച്ചുവളർന്നുവരുമ്പോൾ അവർ ഓരൊരുത്തരുടെ മുഖം അവർക്കുതമ്മിൽ കണ്ടുകൂടാത്തവണ്ണം അത്ര ശത്രുതാപം ആയിത്തീരും. അന്നു രാജകിരീടം എന്റെ ശിരസ്സിൽ താനെതന്നെ വന്നിറങ്ങുകയും നിനക്കും വത്സരത്തിൽ ലക്ഷംരൂപായിൽ കുറയാതെ സിദ്ധിക്കുന്നതിനു ഒരു ഭാഗ്യയോഗമുണ്ടാകയുംചെയ്യും. എന്താതോന്നുന്നതു ഭോപ്പർ? മുമ്പും പിമ്പും ഒന്നും നോക്കേണ്ട, കൊള്ളാമൊ?"

"ആ!! ഇങ്ങിനത്തെ ഒരു യജമാനനെ ശുശ്രൂഷിക്കുന്നതു എത്ര ശ്ലാഘനീയമായതും കീർത്തിമഹിമയുള്ളതും എത്ര ഭാഗ്യമുള്ളതുമായ സംഗതിയാണു! അടിയൻ അങ്ങെ ദാസ്യത്തിൽ ഉദ്യോഗിക്കപ്പെട്ടിരുന്നിരം പതിനഞ്ചു വത്സരങ്ങൾക്കിടയിൽ ഇതു അനുഭവസിദ്ധിയാൽ അടിയനു പരബോധമായിരിക്കുന്നു. അഞ്ചു സംവത്സരങ്ങൾക്കു മുൻ തങ്ങളൊരുമിച്ചു നടത്തിയ ആ കലഹങ്ങൾ, പറഞ്ഞ കള്ളസ്സാക്ഷികൾ, നിറവെറിയ കുലപാതകങ്ങൾ, ചെയ്ത കവച്ചുകൾ മുതലായവ നോക്കുമ്പൊൾ ഇതു അതിന്റെ ഒരു സ്വല്പ അംശം എന്നല്ലാതെ എന്തു?

ഒരു സ്ത്രീയുടെ നാമകീർത്തിയെ കെടുത്തി വഷളാക്കുന്നതു അത്ര പ്രയാസമായ ഒരു യുദ്ധമാണൊ?

എങ്കിലും വടിച്ചിനെ അല്ല, ശീലഗുണത്തെ നോക്കുക. എന്നു പറഞ്ഞപോലെ രാജ്ഞി അവർകളുടെ പരിശുദ്ധതയെയും ഉന്നതമായ ധർമ്മഗുണങ്ങളെയും നിരൂപിക്കയിൽ ഹൃദയത്തിൽ ഒരുവിധം ശങ്കതോന്നുന്നല്ലോ നായകനെ."

"ആറുപോയതാണെ പോകട്ടെ. രാജൻ അരുളിയതാണെ തീർപ്പു. എന്നതുപോലെ നമ്മുടെ വഞ്ചനവാക്കാലും കപടപിരട്ടുകളാലും അവളുടെ പുണ്യങ്ങളൊക്കയും ആറെറിഴുക്കുത്തു എന്നപോലെ കൊണ്ടോടിച്ചുകളയാം. എന്നാലല്ല, മുൻകോപിയായ വെൻസ്ലാവൂസുതടിയനും ഒരിക്കൽ കേട്ട സംഗതി പിന്നെ ഒരിക്കലും മറക്കാതെ കുരങ്ങുപോലെ വിടിച്ചതു വീടാതെ പിടിച്ചുകൊണ്ടിരിക്കയുംചെയ്യും. പക്ഷെ നാം മുൻകൂട്ടി കാര്യങ്ങൾ സകലവും തക്കവിധം ഇണക്കി ഒപ്പിച്ചു തയ്യാറാക്കണം."

"ഓ! ബുദ്ധി, ബുദ്ധിതന്നെ. അടിയനു ഇപ്പോൾ മനസ്സിലായി. ഇനി ദാസൻ നിവൃത്തിക്കേണ്ടും സംഗതി പറഞ്ഞാൽമാത്രം മതി. ക്ഷണം നിറവേറുവാൻ തയ്യാറാണു."

"കൊള്ളാം. പക്ഷെ ഒരാം രാജധാനിപ്പട്ടണത്തിൽ സകലരും രാജ്ഞിയുടെ ഗുണാഗുണങ്ങളെയും നടപടികളെയും വേണ്ടുംവണ്ണം അറിഞ്ഞു അവളെ പുകഴ്ത്തിസ്തുതിച്ചുവരികയല്ലെ ചെയ്യുന്നതു. ആകയാൽ ഇവിടെ നമ്മുടെ വല വിരിച്ചാൽ ഫലിക്കയില്ല. എല്ലാവരും പുഴുക്കുമെന്ന ആശയൊടെ കാ

ത്തിരിക്കുന്ന തരത്തുപോലെ നാമും അറിയിച്ചമയും. അ
കയാൽ രാജ്ഞിയെ വേണ്ടുംവണ്ണം അറിയാത്ത ഇ
ടത്തു കഴിക്കഴിച്ചാൽമാത്രം നമ്മുടെ കാര്യം സാ
ദ്ധ്യമാകയുള്ളു.

നാളെ വൈകീട്ടു രാജ്ഞി വളരെ പ്രഭുക്കൾ, പ്രഭുസ്ത്രീകൾ മുതലായവർ ഒരുമിച്ചു കുതിരപ്പട്ടാള ത്തോടെ ബൊയെമ്യാവട്ടണത്തിലെക്കു പുറപ്പെട്ടു വാനിരിക്കുന്നു. എന്നെയും ആ യാത്രെക്കു ക്ഷണിച്ചു എങ്കിലും ഞാൻ ഒഴിവുകഴിവു പറഞ്ഞു പോന്നിരിക്കയാണു. ആയതുകൊണ്ടു നീ ഇന്നുതന്നെ അവിടെക്കു പുറപ്പെട്ടുചെന്നു നടക്കുന്ന സംഗതികളെ നല്ല ശ്രദ്ധവെച്ചു അന്വെഷിക്കു. വിശേഷിച്ചും അവൾ ആരോടാണു അധികം സംഭാഷിക്കുന്നതെന്നു സൂക്ഷ്മമായി അറിഞ്ഞു നമ്മെ അറിയിക്കണം.

പക്ഷെ കരങ്ങളിൽ ഒന്നുമില്ലാതെ വെറും കൈകൊണ്ടുമാത്രം മുഴമളക്കുകയല്ലൊ. ഇതാ ആ മേശമെൽ നൂറു പവൻ നിറഞ്ഞ ഒരു സഞ്ചി ഇരിക്കുന്നു. അതെടുത്തു ഭദ്രമായി കെട്ടികൊൾക. പണമല്ലെ എന്നു നീ കരുതിപ്പോകരുതു. എത്ര ചിലവു വേണമെങ്കിലും ശങ്കിക്കാതെ ചിലവിട്ടു നിന്റെ വഞ്ചകതന്ത്രമെല്ലാം പ്രയോഗിച്ചു മീനെ പിടിപ്പാൻമാത്രം നോക്കുക. തിരിഞ്ഞൊമോപ്പെർ?" "ഉവ്വ."

പശിയാൽ ചാകുവാൻപോകുന്ന പൂച്ച പാൽ കലം കണ്ടാൽ വിട്ടുവിടുമൊ? എന്നപോലെ പ

തുരുപ്പാ ഒന്നിച്ചു ഒരിക്കൽപോലും കണ്ടിട്ടില്ലാത്ത വനായ മോപ്പൈർ തെളുതെളുന്നനെ അഗ്നിമയമായി തെളുങ്ങുന്ന സപ്ലൻറ്നാണയം കണ്ടു ഉടനെ മനംതെളിഞ്ഞും കൈവിറച്ചുംകൊണ്ടു സഞ്ചി എടുത്തുകെട്ടി.

അതു ആത്തൊ കണ്ടു 'അല്പം നിൽക്കു മോപ്പൈർ. ആറ്റിൽ എറിഞ്ഞാലും അളന്നു എറിയുക. തല്പിക്കൊന്നാലും എണ്ണിതല്പുക. എന്നു പറഞ്ഞതുപോലെ സഞ്ചി അഴിച്ചു ഒന്നു എണ്ണികെട്ടിക്കൊൾക എന്നു പറഞ്ഞു.' ഉടൻ എണ്ണികെട്ടിയശേഷം "മോപ്പൈർ, ജാഗ്രതവേണം കേട്ടൊ. നിൻെറ അതിസാമർത്ഥ്യം ഇതിലാണെ നീ കാട്ടേണ്ടതെന്നു പറഞ്ഞയക്കയുംചെയ്തു.'

"ഒരു സംഗതിയിൽ രണ്ടുപ്രാവശ്യം പറയേണമൊ മഹാപ്രഭു? അവിടത്തെ ഇഛ സാധിക്കുന്നതിന്നുവേണ്ടിയ ഉപായതന്ത്രങ്ങളൊക്കെ ചെയ്തു നിവൃത്തിക്കാതെ ദാസൻ മുഖദാവിൽ മടങ്ങിവരുമൊ? ഇതുനിമിത്തം ലവലേശംപോലും സംശയിച്ചുപോകേണ്ട ഉടയവനെ."

"കൊള്ളാം, പോയിവാ. ഉടനെ യാത്ര ഒരുങ്ങുക" എന്നു പറഞ്ഞു കതകു തുറക്കയിൽ, മോപ്പൈർ യജമാനനു മര്യാദയായ വണക്കാചാരങ്ങൾ ധാരാളമായി സമുചിച്ചു വണസഞ്ചിയും സാക്കിൽ മറച്ചു മാളിക വിട്ടിറങ്ങി തൻെറ വസതിയിൽ പോയിചേരുകയുംചെയ്തു.

മോപ്പെർ തന്റെ ഭവനത്തിലേക്കു പോകും വഴി തന്നെത്താൻ പറയുന്നതായത്: 'അയ്യയ്യോ പാവമെ, ആ ചണ്ഡാളപാപിയായ ആത്തൊ ആ പുണ്യവതിയുടെ വായിലല്ലെ മണ്ണുവാരിയിടുവാൻ പോകുന്നത്? പട്ടപാപി! ആ പരിശുദ്ധ രാജ്ഞിയുടെ കരൽവളയിലാണൊ നീ കത്തിവെക്കുന്നത്? ആ സൽഗുണശീലിയുടെപേരിൽ അവളുറപറഞ്ഞാൽ ആർ വിശ്വസിക്കും? ഇല്ലാത്ത കഥ കെട്ടിവകഞ്ഞു ആ പരിശുദ്ധ രാജ്ഞിയുടെപേരിൽ പറഞ്ഞുണ്ടാക്കിയാൽ പ്രജകൾ ആ പാതകനെ കല്ലെറിഞ്ഞുകൊല്ലാതെയിരിക്കുമൊ?

അന്യവക്കു കുഴിക്കുന്ന കുഴിയിൽ തങ്ങൾതന്നെ വീഴുമെന്നപോലെ ഒരു പരമദുഷ്ടനായ ആത്തൊ വിന്നു എന്തൊ ദുർഭാഗ്യഗതിവന്നു സംഭവിക്കുന്നത്! ആ മുൻകോപിയും വിവെകമറ്റവനുമായ രാജൻ പക്ഷെ ആ വഞ്ചകന്റെ വാക്കു വിശ്വസിച്ചെക്കാം. എന്നാൽ ദൈവം ഇതെല്ലാം കണ്ടുകൊണ്ടിരിക്കുമൊ? ദുഷ്ടർ കരുതുന്നതൊന്നു, ദൈവകരുതൽ വേറൊന്നു എന്നു പറഞ്ഞതുപോലെ ആത്തൊയുടെ കരുതലുകൾ ദൈവം എങ്ങിനെയാണു പകുത്തുന്നത്? അ!' എന്നിവിധമൊക്കെ നിനച്ചുകൊണ്ടു പോയിരുന്നു.

അതിന്നിടെക്കു കരങ്ങളാൽ വണസഞ്ചി ഒന്നു പിടിച്ചുനോക്കിയിട്ടു പറയുന്നതായത്: 'ഇതൊക്കെ പോകട്ടെ. ഇനിക്കു നൂറുപവൻ കിട്ടിയല്ലൊ. അതു മതി ഇനിക്കു. ചിലവിന്നു പക്കത്തിപൊയാലും പകുതി

ശേഷിക്കുമല്ലൊ ഞാനും ഒരു ഭാഗ്യശാലിതന്നെയാണ.' എന്നും മറ്റും പറഞ്ഞു വീട്ടിൽ വന്നെത്തി. അതിന്റെശേഷം യാത്രെക്കവേണ്ട ഒരുക്കങ്ങൾ തയ്യാർപെടുത്തി ആ രാത്രിതന്നെ മേല്പറഞ്ഞ നാട്ടിലെക്കു പുറപ്പെടുകയുംചെയ്തു.

ഉദ്ദേശം ഒന്നരമാസംകഴിഞ്ഞാറെ ഒരുദിവസം ഉച്ചകഴിഞ്ഞസമയം ആത്തൊ തന്റെ മാളികയുടെരണ്ടാംതട്ടിൽ ചടവിടാ എന്നു ലാത്തിക്കൊണ്ടും ആരെയൊ കാത്തിരിക്കുംവിധം ജന്നലിൽക്കുടെ പലപ്പോഴും പെന്നു എത്തിച്ചുനോക്കി പിറുപിറു എന്നു നന്നാ എരിച്ചലൊടെ പിറുപിറുത്തുകൊണ്ടും ഇരുന്നിരുന്നു. അരമണിക്കുറു കഴിഞ്ഞപ്പൊൾ മോപ്പെർ തന്റെ മുറിയിലെക്കു കടന്നുവരുന്നതു കണ്ട മാത്രയിൽ ബഹു ധ്രുതിയായി ചാടി എഴുന്നെറു ദാസന്റെ വണക്കാചാരങ്ങൾക്കു പാത്തിരിക്കാതെ മഹാ ആശയൊടെ 'ഒ! മോപ്പെർ, നീ എത്രനാളാണ എന്നെ കാത്തിരുത്തിയത?' എന്നു പറഞ്ഞു.

'ആ! മഹാപ്രഭു, അടിയൻ വന്നിട്ടു വീട്ടിൽ അശേഷം താമസിക്കാതെ വസ്ത്രങ്ങൾമാത്രം ഒന്നു മാറിയ ഉടൻ മുഖദാവിലെക്കു നേരെ വരികയാണു.'

'കൊള്ളാം, കാര്യം നടന്നൊ? എങ്ങിനെ?'

'അങ്ങീന്നു നിനെക്കുന്നവയിൽ ഏതെങ്കിലും അടിയൻ നിറവേറാതെ ആയിട്ടുണ്ടൊ?'

'വളരെ സന്തോഷം. നീ നന്നാ വശംകെട്ടിരിക്കുന്നുവെന്നു തോന്നുന്നല്ലൊ; ഇതാ ആ മേശമെൽ

ഒരു കുപ്പിയിരിക്കുന്നു: അതെടുത്തു തുറന്നു പാനംചെയ്തു.'

'ഇതെന്താണപ്പാ, ഒരിക്കലും കേൾക്കാത്ത വാക്കു ഇപ്പൊൾ കേട്ടതു?' എന്നു നിനച്ചുകൊണ്ടു കുപ്പി എടുത്തു തുറന്നു മോപ്പെർ തുപ്പിവരെ കുടിച്ചു.

'ആശ്വാസമായില്ലെ മോപ്പെർ?'

'ഇതു സംശയമൊ എന്റെ പൊന്നുടയവനെ?'

(ചുമച്ചുകൊണ്ടു സംസാരിക്കല്ലെ. മോപ്പെർ,)

'നീ പോയകാര്യം കായൊ വൃയൊ ആണു ആയതു?'

'ആയിരം ചിലവായാലും ധ്രുതിആകരുതല്ലൊ. ദാസൻ പറയുന്നതിൽനിന്നു കാര്യസ്ഥിതി അങ്ങെക്കു തന്നെ ഊഹിച്ചുകൊള്ളാമല്ലൊ.'

ഇവൻ ഇങ്ങിനെ പറയുന്നതു് അറിവില്ലായ്മ മുഖാന്തരമൊ, കുടിച്ച പാനീയത്തിന്റെ ലഹിരി നിമിത്തമൊ എന്നു ചിന്തിച്ചുകൊണ്ടു 'കൊള്ളാം, സംഭവിച്ച വൃത്തമാനങ്ങൾ പറയുക. കേൾക്കട്ടെ' എന്നു അവൻ പറഞ്ഞു.

'മഹാ പ്രഭുവെ, അങ്ങെ ഉത്തരവുപ്രകാരം പണം നാനാഭാഗത്തും വിതറിക്കൊണ്ടു സകലതും എന്റെ കണ്ണുകളാൽ കാണത്തക്കവിധംതന്നെ സൂക്ഷത്തൊളം പ്രയത്നംചെയ്തിട്ടും ഒരു ഗുണവുമില്ല. അരെ പിടിച്ചാലും ഏതുവശം തിരിഞ്ഞാലും ഏതു് സംഗതിതിരക്കിയാലും രാജ്ഞിക്കു വിരൊധമായ ഒരു അല്പസംഗതിപോലും എത്തുപെടുകയില്ല. പക്ഷെ ഒരു സംഗതിമാത്രമുണ്ടു. അതായതു്, രാജ്ഞിയും ആ

ൽപ്രൈഡ് പ്രഭുവും തമ്മിൽ നടന്നിട്ടുള്ള ഒരു സംഗതി. എന്നാൽ അതും നമുക്കു അനാവശ്യമെന്നാണു തോന്നുന്നത്.'

'അതെന്താണു വേണ്ടതില്ല, പറയുക. കേൾക്കാമല്ലൊ.'

'ആൽപ്രൈഡ് പ്രഭുവിന്റെ ഗോത്രം ബംഗ്ലാ ഉന്നതഗോത്രമാണെല്ലൊ. ഒരു പ്രഭുവിന്റെ അപ്പനാണു നമ്മുടെ രാജ്ഞി അവർകളുടെ പിതാവിനെ മരണ അപകടത്തിൽനിന്നു രക്ഷിച്ചത്. അതെങ്ങിനെയെന്നാൽ രാജ്ഞിയുടെ പിതാവായ ആൽബെത്തു പ്രഭു നായാട്ടിന്മേൽ ബഹു ഇഷ്ടമുള്ളവനായിരുന്നതിനാൽ, ഒരുദിവസം ഒരു പെരുംവനത്തിൽ നായാട്ടുകഴിച്ചുകൊണ്ടിരിക്കും സന്ദർഭത്തിൽ ഒരു ഭയങ്കരമായ കാട്ടാനയുമായി എതുപ്പെട്ട അയാളുടെ നേരെ മൃക്വത യൊടെ അത് പാഞ്ഞുവന്നു.

ഒരു അപകടത്തിൽ ആൽപ്രൈഡ് പ്രഭുവിന്റെ അപ്പൻ ആൽബത്തു പ്രഭുവിനെ രക്ഷിപ്പാനായി ചെല്ലുകയിൽ, ആന അയാളുടെ നേരെ തിരിച്ചു പാഞ്ഞു അയാളെ കുത്തി അപകടപ്പെടുത്തുകയാണു ചെയ്തത്. ഇങ്ങിനെ ആൽപ്രൈഡിന്റെ അപ്പൻ മരിപ്പാൻപോകയിൽ, തന്റെ ഏക മകനെ ആൽബത്തു പ്രഭുവിനെ കയ്യേല്പിച്ചു തനിക്കുപകരം അയാൾ തന്നെ ഇവനു പിതാവും മാതാവുമായിരിക്കെണമെന്നു അപേക്ഷിച്ചു.

അതിനു ആൽബത്തു പ്രഭു അങ്ങിനെതന്നെ

ആകാമെന്നു വാശത്തവുംചെയ്തു സ്വന്ത അരമനയിൽ അവനെ കൊണ്ടുപോയി ആയാളുടെ പുത്രൊരുമിച്ചു അല്ല ഭേദമെന്യെ ആൽപ്രെഡിനെ വളത്തുകയുംചെയ്തു.'

'അങ്ങിനെയാണെങ്കിൽ രാജ്ഞിയും ആൽപ്രെഡ് പ്രഭുവും ഒന്നിച്ചു വളന്നവരായിരിക്കെണമല്ലൊ. അല്ലെ?'

'അതെ, അതെ, അവർ ഇരുവരും ഒരെ സ്ഥലത്തു പഠിച്ചു വളന്നവരാണ.'

ഒരു സംഗതി ആത്തോ കേൾക്കയിൽ, മുഖദൃഷ്ടിയിൽ സന്തോഷഭാവം സൂചിപ്പിച്ചുകൊണ്ടു 'ഇതൊരു നൂതന വൃത്താന്തംതന്നെയാണല്ലൊ. ഞാൻ ഇതുവരെയും ഇത് അശെഷം അറിഞ്ഞിട്ടില്ല. കൊള്ളാം ഇനിയും വല്ലതും ഇവരെ ബന്ധിച്ചു കേൾവിയുണ്ടൊ?'

'പ്രഭുവെ, കേൾക്കെണമെ. ഇനിയും ഒരു സംഗതിയുണ്ടു.'

'കുറച്ചൊന്നു ആശ്വസിക്ക മോപ്പെർ. ഇത് ബഹു രസകരമായ വത്തമാനംതന്നെയാണു. ഇതെവരെ ഉണ്ടായിരുന്ന എന്റെ ഹൃദയക്ലേശം ഒന്നടങ്ങി ആനന്ദപൂരിതനായിവരുന്നുണ്ടു. വളരെ സന്തുഷ്ടിതന്നെ. നീ ഇനിയും ഒരു നല്ല ഗ്ലാസുക്രുടെ പകൻപാനംചെയ്യുകൊൾക.'

മോപ്പെർ ബഹു സന്തുഷ്ടിയൊടെചെന്നു ക്ഷണനേരംകൊണ്ടു ആ കുപ്പിമുഴവൻ ഒഴിച്ചു വെറും

കൂപ്പിയാക്കിട്ടുരെ മാറിവെച്ചു. 'എന്റെ നായകനെ, കേൾക്കേണമെ. ഇപ്പൊൾ ദാസൻ പറവാൻപോകുന്ന നവചരിത്രം അങ്ങേക്കു വളരെ ഇഷ്ടമുള്ളതായിത്തീരും. ഇതിനെ അടിസ്ഥാനമായി സ്ഥാപിച്ചു അതിന്മെലാണ അങ്ങീന്നു കരുതിയിരിക്കുന്ന ഗോപുരമാളിക പണത്ത് ഉയത്തെണ്ടത്.'

'പറയുക. മോപ്പൈർ, എന്റെ ക്ഷമയെ നീ അവഗണിപ്പിക്കാതെ സംക്ഷേപിച്ചു പറയുക.'

'ഇങ്ങിനെയിരിക്കയിൽ അവക്കു പകപ്രായമായപ്പൊൾ ആൽപ്രെഡിനെക്കൊണ്ടു യൊവാന്നായെ വിവാഹം കഴിപ്പിക്കണമെന്നു പറകയുണ്ടായി.'

'എന്താ ആരെ? ഇപ്പൊൾ രാജ്ഞിയായിരിക്കുന്ന വളെയാണൊ പറഞ്ഞത്?'

'അതെ, അതെ, ഉടയവനെ. അവളെതന്നെ.'

'അടീ, സഖാസ്. ബഹു മെച്ചമായ വിനൊദം തന്നെ. ആ വിവാഹം പറഞ്ഞു നിശ്ചയിച്ചത് ആരാണ?'

'ആൽബത്തു പ്രഭു തന്നെയാണു അത്.'

'രണ്ടുപേരും അത് സമ്മതിച്ചുവൊ?'

'പിന്നെയൊ! അതിനു സന്ദേഹമൊ പ്രഭുവെ, പിന്നീട്ട ഇതിന്നിടയിൽ നമ്മുടെ രാജാവു രൂപം കാർളൊസു അവർകൾ ആൽബത്തുപ്രഭുവിന്റെ സൌഭാഗ്യപുത്രിയായ യൊവാന്നായെ തന്റെ കുമാരൻ വെൻസ്ലാവൂസിനു വിവാഹത്തിനു പറവാനായി പൊലൊസ്ലാവൂസു എന്ന മാടമ്പിയെ സ്ഥാനാപതിയാ

യി ആൽബെർത്തു പ്രഭുവിൻ വക്കലെക്കു അയച്ചു.

ആൽബെർത്തു പ്രഭുവൊ എന്നാൽ, കുറെനാൾ തന്റെ ഗോത്രക്കാരുമായി ആലോചിച്ചശേഷം തന്റെ പുത്രിയെയും ആൽപ്രെഡിനെയും ഔരം സംഗതി അറിയിച്ചു അവരുടെ പൂർണ്ണസമ്മതത്തൊടെ തന്റെ കുമാരത്തിയെ വെൻസ്ലാവൂസെന്ന രാജകുമാരന്നു രാജ്ഞിയായി കൊടുക്കാമെന്നു വാക്കു കൊടുക്കയും ചെയ്തു.'

'ആൽപ്രെഡിനു ഔരം മാറാം മുഖാന്തരം വിമ്മിഷ്ടമുണ്ടായിരുന്നില്ലെ?'

'അയാൾ ഇതിന്നു ബഹുതൂഷ്ണിയൊടെ സമ്മതിച്ചതല്ലാതെ അശേഷം ഉൽഘിച്ചില്ല.'

'യൊവാന്നായൊ?'

'ആ ഉത്തമ യുവതി തന്റെ പിതാവിന്റെ ഇഷ്ടത്തിന്നു ഒരിക്കലും ഒരു ഭംഗംവരുത്താതെ നടന്നുവന്നവളാകയാൽ, ആ സൌഭാഗ്യപുത്രി ഇതിലും പിതാവിന്റെ ഇഷ്ടത്തിന്നു മുഴുവനായി ഇണങ്ങി സമ്മതിക്കയുംചെയ്തു.'

'ഔരം സംഗതികൾ വെൻസ്ലാവൂസിന്നു അറിവുണ്ടായിരിക്കുമൊ?'

'അതെങ്ങിനെയെന്നു ദാസനു അറിഞ്ഞുകൂടാ.'

'ഒ! ഹൊ! ഇതു നല്ലകഥതന്നെ. കടലാസില്ലാഞ്ഞാൽ ചിത്രമെഴുതുന്നതെങ്ങിനെ? ഔരം കടലാസിൽതന്നെയാണു നമ്മുടെ ഇഷ്ടപ്രകാരമുള്ള ചിത്രങ്ങളൊക്കയും എഴുതി നിവൃത്തിക്കെണ്ടതു. മതി, മ

തി മോപ്പെർ. നീ മിടുമിടുക്കൻതന്നെ. നിന്നെക്കാൾ സമർത്ഥന്മാരെ കിട്ടുവാൻ വളരെ അസാദ്ധ്യം തന്നെ.'

'മഹാപ്രഭുവെ, വേറൊരു കാര്യംകൂടി ഞാൻ കേട്ടിട്ടുണ്ടു.'

'പറയൂ മോപ്പെർ. സകലതും തുറന്നു പറഞ്ഞുകൊൾക.'

'ദാസൻ മുൻ പറഞ്ഞപോലെ രാജ്ഞി അവർകളുടെ അപ്പൻ നായാട്ടുകയിൽ കാട്ടാന അയാളുടെ നേർക്കു പാഞ്ഞു എന്നും ആൽപ്രെഡിന്റെ അപ്പൻ സഹായിപ്പാൻ ചെല്ലുകയിൽ മരിച്ചുപോയി എന്നും പറഞ്ഞല്ലൊ.'

'ഉവ്വ് ഉവ്വ് നീ പറഞ്ഞു.'

'എന്നാൽ ആ സമയം മറ്റു നായാട്ടുകാർ ആനയെ വെടിവെച്ചുകൊല്ലുകയും ആൽബത്രുപ്രഭു അതിന്റെ കൊമ്പുകൾ എടുപ്പിച്ചു ഒന്നു തന്റെ വസ്ത്രിക്കും മറെറാന്നു ആൽപ്രെഡിനും സ്നേഹത്തിൻ നിത്യോപകമായി കൊടുക്കയുംചെയ്തിട്ടുണ്ടു.'

'ആ കൊമ്പുകൾ ഇപ്പഴും അവരുടെ കൈവശം ഇരിപ്പുണ്ടൊ?'

'അത് അവരുടെപക്കൽ ഇപ്പൊഴും ഉണ്ടു.'

'ഇതിന്നു സാക്ഷിയുണ്ടൊ?'

'ഒ! വേണ്ടുവോളമുണ്ടു.'

'നല്ലവത്തമാനം, തീവെക്കുന്നതിന്നു തക്കപന്തവും വേണ്ടുംപന്തവത്തിൽ കിട്ടിയിരിക്കുന്നു. മെച്ചമായിപ്പൊയി.'

'ഇനി ഒരു സംഗതിവേണ്ടതു് ബുദ്ധിയാണെല്ലോ ഉടയവനെ.'

'രാജ്ഞി ആരൊടെങ്കിലും അധികം ഇഷ്ടമായൊ അല്ലെങ്കിൽ തനിച്ചൊ സംഭാഷിക്കുന്നതായി അറിവുകിട്ടിയൊ? മോപ്പെർ.'

'ഒരം സംഗതിയിൽതന്നെയാണു നമ്മുടെ കെട്ടിടത്തിന്നുള്ള ഒരു പ്രധാനമായ ഉൗനം നായകനെ.'

'അതെങ്ങിനെയാണു മൊപ്പെർ?'

'ഒന്നൊന്നര മാസത്തോളം ഞാൻ രാപകലില്ലാതെ ഒളിച്ചും പതുങ്ങിയും ശ്രദ്ധിച്ചുനോക്കിയിട്ടും ഒരം കണ്ണിയിൽ അവൾ ഒരിക്കയും അകപ്പെട്ടിട്ടില്ല. അവൾ ഏതു് മഹാ ഭൊരയൊട്ട സംഭാഷിക്കുന്നതായാലും മൂന്നൊ നാലൊ തുണക്കാരികളില്ലാതെ ഒരിക്കലും സംഭാഷിക്കുന്നതല്ല. തുണക്കാരികളിൽ ഒരുത്തിക്കു വലിയ ഒരു പണത്തുക ഞാൻ കൈക്കൂലിയായി പറഞ്ഞു അനൈഷിച്ചതിൽക്കൂടെയും തന്റെ ആത്മഗുരു, സ്വന്ത അപ്പൻ, രാജാവു എന്ന ഒരം മൂന്നുപേരൊട്ട ഒഴിക്കെ മറെറതുപുരുഷനൊട്ടും രാജ്ഞി തനിച്ചു സംഭാഷിച്ചതായി അറിവാൻ കഴിഞ്ഞിട്ടില്ല. എന്നാണു അവൾ പറഞ്ഞതു്.'

'അങ്ങിനെയാണെങ്കിൽ രാജ്ഞി കുറെമറവുള്ളാണെന്നാണൊ വാസ്തവത്തിൽ നീ കരുതുന്നതു്.'

'അതെ. ഒരം സംഗതിയിൽ അല്പ കുറപോല്യം തീണ്ടാത്തവളാണെന്നു സത്യമായി ഞാൻ ഉറച്ചിരിക്കുന്നു.'

'രാജ്ഞിയെ ബന്ധിച്ച സംഗതികളിൽ ആൽപ്രെഡിന്റെ വ്യാപരമെങ്ങിനെയാണു?'

'ആ പ്രഭ്ര രാജ്ഞിയൊട്ട സംഭാഷിപ്പാൻ സംഗതിവരുമ്പൊഴൊക്കെയും ബഹു അടക്കവണക്കത്തൊടെ തുണക്കാരികൾ ഉള്ളപ്പോൾമാത്രം സംഭാഷിക്കയുള്ളു. എന്നുമാത്രവുമല്ല, സകല ജനങ്ങളും അയാളെ ബഹുകായ്മയായി മതിച്ചു നല്ലൊരു എന്നു വിളിച്ചുകൊണ്ടു അയാളെ പുകഴ്ത്തിവരികയുംചെയ്യുന്നു.'

'എന്താമോപ്പെർ, നമ്മുടെ പ്രയത്നമെല്ലാം നിഷ്ഫലമായിത്തീരുമെന്നാണൊ തോന്നുന്നതു? എന്നാൽ മഹാ കഷ്ടമായല്ലൊ.'

'ഇതുകൂടാതെയും ആ പ്രഭ്ര ലോകമുപേക്ഷിച്ചു സന്യാസിയാകുവാനിരിക്കുന്നു എന്നുകൂടെ ഒരു പ്രസ്താവമുണ്ടു നാഥനെ.'

'ആര ആൽപ്രെഡ് പ്രഭ്രവൊ?'

'അതെ. പക്ഷെ രാജാവു അതിന്നു അനുമതി നൽകുന്നില്ല എന്നാണു കേൾവി.'

രാജ്ഞി ഒരം വിഷയത്തിൽ എന്താണു പറയുന്നതു്.

ദൈവവിളിപ്പിന്നു വിഘ്നംചെയ്യുന്നതു് മഹാപാപമാണെന്നും ദീർഘ ആലോചനകഴിച്ചു ആത്മഗുരുവിന്റെ തീർപ്പാനംപോലെ പ്രവൃത്തിക്കേണമെന്നും പറഞ്ഞതായി കേൾക്കുന്നു.

തന്റെ ആത്മഹിതാവായ യോഹന്നാൻഗുരുവോട്ട അയാൾ ആലൊചിച്ചില്ലെ?

ഉവ്വു യോഹന്നാൻഗുരുവൊട്ടും അയാൾ ആ
ലൊചിച്ചു എന്നും കേട്ടു.

അദ്ദേഹംതന്നെയാണല്ലൊ രാജ്ഞിക്കും ആത്മ
ഗുരു. ഗുരുവിന്റെ അഭിപ്രായം ഒരും സംഗതിയിൽ
എങ്ങിനെ?

ദൈവചിത്തം തെളിവായി അറിയെണ്ടുന്നതി
ന്നായി ആറുമാസത്തെ അവധി നിശ്ചയിച്ചു ഒരും അ
വധിക്കകത്തു എരിവൊടെ ദൈവത്തൊട പ്രാർത്ഥിക്ക
ണമെന്ന അദ്ദേഹം കല്പിച്ചിരിക്കുന്നു.

അങ്ങിനെ ആയിരുന്നാൽ ആൽപ്രെഡ് ത
ന്റെ ഭവനത്തിലെക്കു പിന്നെ പോകുമൊ?

ആ നിനവൊടെ അയാൾ ചില നാളുകൾക്കു
മുമ്പു രാജസന്നിധിയിൽ തന്റെ ഉയന്ന പ്രഭുഉദ്യോ
ഗത്തെ രാജികൊടുത്തുകളഞ്ഞു. പക്ഷെ രാജാവു ഒരും
രാജിനാമം സ്വീകരിക്കാതെ രാജ്യഭരണം സംബന്ധി
ച്ച ചില ഉയന്ന സംഗതിനിമിത്തം ആൽപ്രെഡ് പ്ര
ഭുവിനെ സ്ഥാനാപതിയായി പ്രാൻസുനാട്ടിലെക്കു അ
യപ്പാൻ തീർമ്മാനിച്ചിരിക്കയാണത്രെ.

അങ്ങിനെയാണ കാര്യമെങ്കിൽ മോപ്പെർ,
കാറുള്ളപ്പൊൾതന്നെ കാറത്തിടുകയും വേണമ
ല്ലൊ, ഇനി നാം താമസിക്കുന്നത് അശേഷം ശരിയാ
കയില്ല. നാം ഇരുവരും തമ്മിൽ ഇന്നു സത്യംചെയ്തു
കൊണ്ടു എങ്ങിനെ ആയാലും നമ്മുടെ ആയുസ്സിനെ
ക്കുടെയും ഗണ്യമാക്കാതെ രാജ്ഞി അവർകളുടെ നാ
മത്തെ കെടുത്തി വഷളാക്കുവാനായി പ്രയത്നിക്കണം

നീ എന്താപറയുന്നത്?

ഉടയവനെ, അങ്ങെദാസനാകുന്ന അടിയൻ, എവിടെക്കും ദാസൻ അങ്ങെ പിന്തുടരും. എന്റെ ബഹുമാനവും, അപമാനവും, നന്മയും, തിന്മയും, ആയുസ്സും, മരണവും അങ്ങെക്കു സ്വന്തമാകുന്നല്ലൊ.

കൊള്ളാം മൊയ്പ്പർ. എന്റെ പ്രാണസ്നേഹിതനായ ശ്രീശൈഷിയെ, വളരെ സന്തോഷാനന്ദംതന്നെ. എന്റെ ജീവനും നിന്റെ ജീവനും ഒന്നുതന്നെ. ഇനി ഒരു കാര്യംക്കൂടെ ചോദിക്കട്ടെ. ബുദ്ധിവേണംകേട്ടൊ. രാജ്ഞി അവർകൾ ഏതൊരു അവസരത്തിലെങ്കിലും വെളിയിൽ പോകാറുണ്ടൊ?

ദേവാലയത്തിലെക്കും ധർമ്മശാലകളിലെക്കും മാത്രം പോകുന്നുണ്ട്.

വേറൊരു ദൊരമാരുടെ ഭവനങ്ങളിലെക്കും പോകാറില്ലെ?

ചില ദരിദ്രരുടെ വീട്ടുകളിൽ ചിലസമയം പോയി ധർമ്മംകൊടുത്തു ബുദ്ധിചൊല്ലി അവരെ ആശ്വസിപ്പിക്കാറുണ്ട്.

അങ്ങിനെയാണെങ്കിൽ ഇന്നു ഞാൻ അശേഷം നിദ്രചെയ്കയില്ല. അവൾക്കു തക്കതായ വല കെട്ടിയുണ്ടാക്കി വിരിച്ചുവെക്കുംവരെ, അതായത്: എന്റെ കരുതൽ നിറവേറുന്നതുവരെ ഞാൻ ആശ്വസിക്കയുമില്ല.

എന്റെ മഹാപ്രഭുവെ, ഞാനും അങ്ങിനെതന്നെ ആയിക്കൊള്ളാം. അവിടെയും ഇവിടെയും തേ

ടി തിരഞ്ഞു പാടായ സകല യത്നവും ചെയ്യാൻ ദാസൻ തയ്യാറാണു.

'വളരെ വളരെ സന്തോഷം മോപ്പെർ. നീ എപ്പോഴും എന്റെ അഭിപ്രായം അറിഞ്ഞു പ്രവൃത്തിക്കുന്നത് കാണുമ്പോൾ ഇനിക്കു നിന്നെറനേരെ ബഹുപ്രീതിയുണ്ടാകുന്നു. ഇതാ ആ മേശെക്കു താഴെ വേറൊരുകുപ്പി ഇരിക്കുന്നു. അത് എടുത്തു തുറന്നു പാനം ചെയ്യു' എന്നു പറഞ്ഞു.

അവൻ ഇതുവരെ കാണാത്ത ഔദ്ധത്യം ഇപ്പോൾ ഉണ്ടായൊ എന്നു മനസ്സിൽ നിനച്ചുകൊണ്ടു മനം തന്നെക്കെ തുപ്പിയായി കുടിച്ചു. തല ആടിത്തുടങ്ങുകയിൽ കുടിവെറിയാൽ മത്തനായി യജമാനനു ഒരുവക ആചാരവുംക്രുടെ ചെയ്യാതെ കയ്യും വീശി തലയും ചുമരിന്മെൽ അടിച്ചുകൊണ്ടു ഇറങ്ങിപോകയും ചെയ്തു.

മൂന്നാം അദ്ധ്യായം.

വഞ്ചന.

മോപ്പെർ സ്വന്ത ഭവനത്തിലെക്കു പോകും വഴിക്കു ആതെരാ പറഞ്ഞ സംഗതികൾ ഓർമ്മയിൽ വരികയിൽ, തന്നെതാൻ പറയുന്നതായത്: അയ്യയ്യൊ!! മഹാ സാധുവായ ആ പരിശുദ്ധ രാജ്ഞി അവർകളുടെ കീർത്തി വഷളാക്കുവാൻ സാധിക്കുന്നതെ

ങ്ങിനെ? കറപെടാത്ത സ്ഫടികംപോലെ ഇരിക്കുന്ന അ പുണ്യസ്ത്രീയുടെ ധർമ്മവ്യാപാരങ്ങളെ അപവാദങ്ങൾകൊണ്ടു ഭംഗപ്പെടുത്തുവാൻ അത്ര നിമിഷം സാധിക്കുമൊ?

ഒരു ചണ്ഡാളപാപി ഇത്ര ഭയങ്കരമായ പാതക കൃത്യങ്ങളെ എങ്ങിനെ നിറവേറ്റുന്നു? വല്ലതും ആകട്ടെ, അതൊക്കെ പോകട്ടെ. വത്സരത്തിൽ ലക്ഷം രൂപാ ഇനിക്കു കിട്ടത്തക്കവണ്ണമുള്ള വഴി ഒപ്പിക്കാമെന്നു അയാൾ പറഞ്ഞല്ലൊ; കൊള്ളാം കൊള്ളാം. ലക്ഷം രൂപാ എന്നു പറഞ്ഞതു് ഒരു ചെറിയ തുകയൊന്നുമല്ല, നൂറായിരം രൂപയാണു.

പക്ഷെ അവൻ കരുതിയിരിക്കുന്ന ആ വഞ്ചന ഞാൻ സാധിച്ചു എന്നുവെച്ചാലും ഇത്ര വലിയ ഒരു പണത്തുക ഇനിക്കു തരുന്നതിനു അവനു മനസ്സു വരുമൊ? ആട്ടെ, പക്ഷേ... അല്ലെങ്കിൽ പോകട്ടെ, കാൽവാശി എങ്കിലും തരാതിരിക്കുമൊ? ഛേ! സംശയമെന്തു തരും. അവന്റെ വാക്കു കരാറു നിമിത്തമെന്നില്ലെങ്കിലും അവന്റെ മഹാപാതകങ്ങളെ ഞാൻ പ്രസിദ്ധമാക്കുമെന്നു ഭയന്നിട്ടെങ്കിലും തരാതിരിപ്പാൻ അവനു നിവൃത്തിമില്ലല്ലൊ.

എന്നാൽ ഒരു ഭയങ്കരപാതകത്തെ മൈവം കണ്ടുകൊണ്ടിരിക്കുമൊ? വരുന്നതു് വരട്ടെ, ലക്ഷംരൂപയാണു. ഇനി ഞാൻ ഇത്ര കഷ്ടപ്പെട്ട പ്രയത്നിക്കേണ്ടല്ലൊ. വിശപ്പും പട്ടിണിയും ഇല്ലാതിരുന്നാൽ മതി. ലക്ഷംരൂപാ. ആ! അതു ആരാണു എണ്ണിതീർക്കുന്ന

തുതന്നെ? അന്നു ഞാൻ ഇങ്ങിനെയാണൊ ഇരിക്കുക? മൂന്നുനിലയുള്ള മാളിക ഞാൻ പണികയില്ലെ? നാലു കുതിരപൂട്ടിയ സർട്ടവണ്ടി ഞാൻ വാങ്ങാതിരിക്കുമൊ? അന്നു എത്രപേരാണു ഇന്നിക്കു ശുശ്രൂഷികളായി നിൽക്കുക? ഞാൻ രഥമേറി പുറത്തുപോകുംസമയം കാണുന്നവർ സകലരും കരങ്ങളുയർത്തി തലയുംചായിച്ചു സലാംപറയാതിരിക്കുമൊ? ഇങ്ങിനെ ഒരു കുട്ടിഭാഗ്യമെന്നു വട്ടസാൽവായും പുതച്ചുകൊണ്ടല്ലെ അന്നു ഞാൻ നടക്കുന്ന നടപ്പു?

എന്നിതുമുതലായവകൾ നിനച്ചു മധുവെറിയാൽ അങ്ങൊട്ടും ഇങ്ങൊട്ടും തിരിഞ്ഞുനോക്കിയും, കണ്ട ഇടവഴികളിലും മൂലകളിലും കോണുകളിലും തേങ്ങി തെറി ഓടിനടന്നും, മതിലുകളിന്മെലും മുറിച്ചുമരുകളിന്മെലും ചാടിക്കയറി ഭവനങ്ങളിൽ എത്തിനോക്കിയുംകൊണ്ടു നടന്നുപോയിരുന്നു.

ആ സമയം അടുത്ത ഒരു തെരുവിൽ പെട്ടെന്നു ഘോരമായ ഒരു ക്രുക്കുവിളിയും അലച്ചുകളും കേൾക്കയാൽ അവനരിഭയംപൂണ്ടു ഞെട്ടിവിറച്ചു നിന്നുപോയി. ആത്തോയും താനും തമ്മിൽ സംഭാഷിച്ച ആ സംഗതികളെല്ലാംപ്രസിദ്ധമായതിനാൽ, തന്നെ പിടിപ്പാൻവരുന്നവരുടെ തിരക്കാണെ ആ കേട്ടതെന്നു അവൻ നിനച്ചു പരിഭ്രമംകൊണ്ടു തൽക്ഷണം പുറകോട്ടതിരിച്ചു പാഞ്ഞുകളഞ്ഞു.

പക്ഷെ അവൻ പുറകോട്ടതിരിഞ്ഞു വലപ്രാവശ്യവും നോക്കീട്ടും തന്നെ പിടിപ്പാൻ വരുന്നതായി

ആരെയും കാണായ്കയാൽ ഭ്രമം ഒന്നടങ്ങി കുറെനിന്നു ആശ്വസിച്ചു. അതിന്റെശേഷം കലഹംകേട്ട ആ തെരുവിലെക്കു തിരിച്ചു അതിവേഗം നടന്നുചെന്നു. അപ്പോൾ അവിടെ ഒരു ചെറുകുടിലുപൊലെയുള്ള ഒരു വീട്ടിന്നു പുറും ബഹു ജനം കൂട്ടംകൂടിനിന്നു ക്രുക്കവിളിച്ചുകൊണ്ടു കശപിശ എന്നു സംസാരിച്ചിരുന്നു. പീടി, അടി, തല്ലു, കുത്തു, ചവിട്ടു എന്നും മറും നിലവിളിച്ചു അലറിയിരുന്ന അരവം മോപ്പെർ കേട്ടു ഭ്രമിച്ചു ഒരടിവെക്കാതെ ഒരു തൂണുപോലെനിന്നു പോയി.

സപ്പുംകഴിഞ്ഞു അടുക്കെനിന്ന ഒരുവനെ നോക്കി എടൊ! എന്തൊരു കലഹശബ്ദമാണു ഒരം കേൾക്കുന്നതു? ഇതു പുരുഷാരം ഒരം സമയത്തു ഇവിടെ കൂട്ടംകൂടി നിലവിളിക്കുന്നതിന്നുള്ള കാരണമെന്താണു എന്നു ചോദിച്ചു.

അതിന്നു അവൻ ആ വീട്ടിൽ ഒരുകലഹം എന്നു ഉത്തരിച്ചു.

എന്താണു വഴക്കൊ തമ്മിൽതല്ലൊ എന്താ?

അതൊന്നുമല്ല നീ നിലവിളിച്ചുകൊണ്ടു പറയല്ലെ: ഒരം സംഗതി അതു തെളിയിച്ചു ഉറക്കെ ഒന്നും പറഞ്ഞുകൂടാ. രണ്ടുവർഷങ്ങൾക്കു മുമ്പു പ്രാശപട്ടണത്തിൽ ഉണ്ടായില്ലെ? അതുതന്നെ.

ഒ! ഹൊ! തീവെട്ടിക്കൊള്ളയൊ?

അല്ല, അല്ല. പക്ഷെ ഇതിന്റെ പേരു പറഞ്ഞുകൂടായല്ലൊ. ഇനിയും നിനക്കു തിരിഞ്ഞില്ലെ

ചെകിടാ? ആട്ടെ അട്ടക്കെ വരു എന്നു പറഞ്ഞുകൊണ്ടു അവൻെറ ചെവിക്കുട്ടക്കെ ചെന്നു 'നടപ്പുദീനം' എന്നു മന്ത്രിച്ചു.

അയ്യയ്യോ! ഇവിടെയും അതു വന്നുകൂടിയൊ?

അതെ, അതെ, ഇന്നലെ. ഇതാ നീ നോക്കു. ആ നിൽക്കുന്ന കൊച്ചുപെണ്ണിനെ കണ്ടൊ? അവളുടെ അപ്പനു അതു് ഉണ്ടായി ചില മണിക്കൂറുകൾക്കകത്തു മരിച്ചുപോയി. പക്ഷെ ഇന്നു രോഗമെന്നു ഞങ്ങൾക്കതിരിയാതെ ഞങ്ങൾഎല്ലാവരും കൂടിചെന്നു നല്ല കവറടക്കം ചെയ്യുപോന്നു. പിന്നെ ഇന്നു കുറച്ചുമുമ്പെ അവളുടെ തള്ളയ്ക്കും തുടങ്ങി, പക്ഷെ അയൽവീട്ടുകാരൻ അവിടെ പോകാതിരുന്നെങ്കിൽ ഇതും കൂടെ ഞങ്ങൾക്കു മനസ്സിലാകയില്ലായിരുന്നു.

അതെങ്ങിനെ?

അടുത്ത വീട്ടുകാരൻ എന്തൊ ഒരു സംഗതിനിമിത്തം അവിടെ ആ വീട്ടിൽ ചെന്നു പ്രവേശിക്കയിൽ ആ ചെറുപെണ്ണിൻെറ അമ്മയ്ക്കു വിഷൂചികദീനം പിടിപെട്ട കാലും കയ്യും പിടിച്ചുവലിക്കയും, വായിൽ നിന്നു നുരയും പതയും രക്തവും ഛർദ്ദിക്കയും, മറ്റും പല ഗോഷ്ടികൾ കാണിക്കയും ചെയ്തുകൊണ്ടു അലറി പതറി ഉരുണ്ടു പിരണ്ടു മരിച്ചുപോയതു അവൻ കണ്ടു. ആയതു അവൻ വന്നു ഞങ്ങളൊടു അറിയിക്കയാൽ, എല്ലാവരും ഇവിടെ കൂടി ആ ദുഷ്ടപ്പെണ്ണിനെ കൊല്ലണമെന്നു തീർച്ചപ്പെടുത്തി ഇരിക്കുന്നു.

അയ്യൊ! അതിന്നു ആ കൊച്ചുപെൺപൈത

ലിനെ കൊല്ലുന്നതിനുള്ള കാരണമെന്താണെന്നു?

അവളുടെ മാതാപിതാക്കൾക്കു വിഷൂചികപിടിച്ചിരിക്കുന്നു എന്നത് ഞങ്ങളൊട്ടു അവൾ പറയാഞ്ഞതുനിമിത്തംതന്നെ. ആ സംഗതി മുൻകൂട്ടി അവൾഞങ്ങളൊട്ടു അറിയിച്ചിരുന്നെങ്കിൽ പിന്നെ ഞങ്ങൾ ആ ഭവനത്തിൽ പോകുവാൻ ഇടയാകുമൊ? ശവസംസ്കാരത്തിനുമുതലായി ഞങ്ങൾ പോകുമൊ? എന്നു അവൻ പറഞ്ഞുതീരുംമുമ്പു 'അവളെ ആ കുടിലിൽ ഇട്ടു പൂട്ടുവിൻ' എന്നു ആ പുരുഷാരം ഒന്നിച്ചു ക്രുദ്ധം വിളിച്ചു നിലവിളിച്ചു.

അപ്പൊൾ ആ കൊച്ചുപെൺപൈതൽ ഭയന്നു ഞെട്ടുങ്ങി വിറച്ചു അയ്യൊ! യജമാനന്മാരെ, എന്റെനേരെ കരുണയായിരിക്കെണമെ. എന്നെ നിങ്ങൾ വിട്ടയച്ചാൽ ഞാൻ ഒരം ക്ഷണത്തിൽതന്നെ ഒരം ദേശംവിട്ടു ഓടിപൊയ്ക്കൊള്ളാം. എന്റെ നേരെ ദയയായിരിക്കെണമെ. എന്നു കരങ്ങൾ ഉയത്തി സാഷ്ടാംഗംവീണു കരഞ്ഞു പ്രലാപിച്ചുകൊണ്ടു അവൾ അപേക്ഷിച്ചു.

എന്നിട്ടും ആ നിഷ്ഠുരന്മാർ അശേഷം കരുണയില്ലാതെ, അവളെ പിടിച്ചുവലിച്ചു അതിനുള്ളിലെക്കു തള്ളിയിട്ടു വാതിൽ പൂട്ടുവിൻ, ജനലു കല്ലുകെട്ടി അടപ്പിൻ. എന്നു സകലരും ഒരുമൊഴിയായി അലറി നിലവിളിച്ചു. ഇങ്ങിനെ പരിതാപവിഷയമായ ആ ചെറുപെൺപൈതലിനെ അവളുടെ തള്ളയുടെ പ്രേതമൊന്നിച്ചു ആ കുടിലിൽ തള്ളി ഉന്തിക്കടത്തി

വാതിലും അടച്ചുപൂട്ടി, ജനലു കല്ലുകെട്ടി അടക്കയും ചെയ്തുകൊണ്ടു എല്ലാവരും അവരവരുടെ ഭവനങ്ങളിലെക്കു പൊയ്ക്കളഞ്ഞു. അ! ഇതെന്തൊരു ക്രൂരത!!

മോപ്പെറൊ എന്നാൽ ഇതെല്ലാം കണ്ടു മണ്ണുകൊണ്ടു പിടിച്ചുവെച്ച ഗണപതിബിംബംപോലെ, അങ്ങൊട്ടുമിങ്ങൊട്ടും ഇളകാതെ അവിടെ നിന്ന നിലയിൽ തന്നെത്താൻ നിന്നുകൊണ്ടു, രാജ്ഞി അവർകളെ പിടിക്കുന്നതിന്നു ഒന്നാംതരം കൂട്ടുകിട്ടിയിരിക്കുന്നുവെല്ലൊ: ഇതിൽ അവളെ കൂട്ടുക്കുന്നതിന്നു എന്താണു വേണ്ടത്", ആരെയാണു പിടിക്കേണ്ടത്"? ഒരു സംഗതി രാജ്ഞി അറിഞ്ഞാൽ, നിശ്ചയമായിട്ടു ഒരു ക്ഷണത്തിൽ നിദ്രവീട്ടു ഓടിവന്നു അ പൈതലിനെ രക്ഷിക്കുമെന്നതിന്നു അല്പ സന്ദേഹവുമില്ല.

അകയാൽ അവൾ ഒരു ഭവനത്തിലെക്കു വരുമ്പോൾ ഇല്ലാത്തതും വല്ലാത്തതുമായ സംഗതി പറഞ്ഞുകൊണ്ടു അവളുടെ കീർത്തിയെ കെടുത്തി വഷളാക്കാം, പക്ഷെ അതിന്നു തക്ക ഒരാൾ വെണമല്ലൊ, അതിന്നു എന്തുചെയ്യും? എന്നു അവൻ ആലൊചിച്ചുനിന്നിരുന്നു. ആ സമയം പതിനാലു വയസ്സു പ്രായമുള്ള ഒരു ദരിദ്രവാസിപ്പെണ്ണു വിമ്മി വിതുമ്മി കരഞ്ഞു പ്രലാപിച്ചുകൊണ്ടു ഒരു അന്തവും കാണാതെ ആ വീട്ടിന്നു ചുറും അലഞ്ഞു നടന്നിരുന്നു.

അവൾ അ! എന്റെ വാത്സല്യ അഗ്നസെ, നീ ജീവനൊടെ കല്ലറയിൽ അടക്കപ്പെട്ടുവൊ? അയ്യൊ! അഗ്നസെ, എന്റെ കണ്മിഴിയെ, നീ ഉയി

രൊടിരിക്കുന്നൊ, മരിച്ചുപോയൊ എന്നു ഇനിക്കു അ
റിഞ്ഞുകൂടായല്ലൊ: ആ! സർവ്വേശ്വരാ സ്വാമി, ഒരാ
ദരിദ്രപ്പൈതലിൻെറനേരെ കൃപയായിരിക്കെണമെ.
പരിശുദ്ധമാതാവെ, ഞെരുങ്ങപ്പെട്ടുന്നവൎക്കു് ആദര
വെ, അനാഥപ്പൈതലായ ഒരാ ദരിദ്രവാസിയെ കാ
ത്തു രക്ഷിക്കെണമെ. എന്നും മറ്റും പ്രലാപിച്ചു കര
യുന്നതു് മോപ്പൈർ കേട്ടു അടുത്തുചെന്നു. മകളെ, നീ
കരയുന്നതെന്തിന്നു? എന്നു അവളോടു ബഹു കരുണ
ഭാവമായി ചോദിച്ചു.

അതിന്നു ആ പെണ്ണു, യജമാനനെ, ഇപ്പൊൾ
തന്നെ ഒരാ നടന്നതൊന്നും താങ്കൾ അറിഞ്ഞില്ലെ?

എന്തു സംഗതിയാണു മകളെ? പറയുക കേ
ൾക്കട്ടെ കുഞ്ഞെ.

ഇങ്ങിനെ സംഭവിച്ചവസകലവും വീണ്ടും പ
രമകള്ളനായ മോപ്പൈർ അവളെക്കൊണ്ടു പറയിച്ചി
ട്ടു പെണ്ണിനൊടു പറയുന്നതായതു: ഒരാ ഭവനത്തിൽ
അടക്കപ്പെട്ടവൾ നിനക്കു ആരാണു കുഞ്ഞെ?

യജമാനനെ, എൻെറ അമ്മായിയുടെ മകളാ
ണു.

നിൻെറ പേരു എന്താണു?

എൻെറ പേരു യുലിയാനമ്മ എന്നാണു.

പാവം! നിനക്കു ആ പെണ്ണിൻെറനേരെ വ
ളരെ സ്നെഹമാണെന്നു തോന്നുന്നല്ലൊ.

അതു ഉള്ളതുതന്നെയാണു. ചെറുപ്പംമുതലെ
തന്നെ ഞങ്ങൾ ഇരുവരും തമ്മിൽ ബഹു ഇഷ്ടമാണു.

അങ്ങിനെയാണെങ്കിൽ നിന്റെ അമ്മായിയുടെ മകളെ ഒരു അപകടത്തിൽനിന്നു രക്ഷിക്കുന്നതിന്നു നിനക്കു ആഗ്രഹമാണോ?

യുലിയാനമ്മ അവളുടെ കരങ്ങൾ രണ്ടും കാണിച്ചുകൊണ്ടു നോക്കു യജമാനനെ, എന്റെ നഖങ്ങൾ എല്ലാം കീറി മുറിപ്പെട്ടു എങ്ങിനെ ചോര ഒലിക്കുന്നു എന്നു നോക്കുവിൻ. അവർ കല്ലുകെട്ടി അടച്ച ജനലു തുറക്കുന്നതിന്നായി ഞാൻ കൈകൊണ്ടു എത്രതന്നെ മാന്തി മാന്തി നോക്കിയിട്ടും എന്റെ കൈകൾ രണ്ടും മുറിവുകൾപ്പെട്ടതല്ലാതെ ഒരു കല്ലുപോലും ഇളക്കുവാൻ എന്നാൽ കഴിഞ്ഞില്ല.

നിന്റെ അമ്മായിയുടെ മകളെ രക്ഷിപ്പാൻ നീ നേരായിട്ടു ആഗ്രഹിക്കുന്നു എങ്കിൽ ഒരു വഴിയുണ്ടു. അതു് നീ നിറവേറ്റിയാൽ അവളെ രക്ഷിക്കാം നിശ്ചയമാണു.

യജമാനനെ, ഭൊരയെ, അടിയാട്ടിയുടെനേരെ കരുണ ഉണ്ടായി അതു പറഞ്ഞുതരേണമെ. എന്നും പറഞ്ഞുകൊണ്ടു യുലിയാനമ്മ ആ പട്ടപാതകന്റെ കാല്പാദങ്ങളിൽ സാഷ്ടാംഗംവീണു മഹാപ്രഭുവെ അങ്ങീന്നെ, അതു ഇനിക്കു പറഞ്ഞുതരേണമെ. ഞാൻ ഏതുവിധമെങ്കിലും പ്രയത്നിച്ചുകൊള്ളാം. എന്നു പറഞ്ഞു കരഞ്ഞുതുടങ്ങി.

കയ്യിലിരിക്കുന്നതു ജപമാല, കക്ഷത്തിലിരിക്കുന്നതു് ചുമരുതുരക്കുന്ന തുരപ്പണം. എന്നു പറഞ്ഞതുപോലെ, ഒരു വഞ്ചകനായ പരമദുഷ്ടപാതകൻ അ

തി പരമദുഷ്ടത മനസ്സിൽ കരുതിക്കൊണ്ടു, ആ കൊ
ച്ചുപെണ്ണിനെ പിടിച്ചു എഴുന്നെല്പിച്ചു ഇഷ്ടഭാവത്തി
ൽ പറയുന്നതായത്: മകളെ, നീ കരയേണ്ടാ; നാ
ളെ പുലച്ചുസ്സു നിന്റെ ഇഷ്ടയായ അഗനസിനെ ജീ
വനോടെ നിനക്കു ഞാൻ കാണിച്ചുതരാം. കരയേണ്ട
കണ്ണുകൾ തുടെക്കു. നീ ചെയ്യേണ്ടുന്നത് ഇപ്പോൾ
ഞാൻ പറഞ്ഞുതരാം. ശ്രദ്ധയോടെ കേൾക്കു.

യജമാനനെ, പറയെണമെ.

നമ്മുടെ രാജ്ഞിയെ നീ കണ്ടിട്ടുണ്ടൊ കുഞ്ഞെ?

രാജ്ഞി അവർകളെയൊ? എന്നെപോലെയുള്ള
പരമദരിദ്രക്കു രാജ്ഞിയെ കണ്ടാൻ കഴിയുമൊ യ
ജമാനനെ?

ഇപ്പോൾ ആ ചത്തവീട്ടിൽ ഇട്ടടച്ചിരിക്കുന്ന
നീന്റെ അമ്മായിയുടെ മകളെ രക്ഷിക്കേണമെങ്കിൽ
നീ റാണിയെ പോയി കാണണം.

അയ്യൊ! റാണി കുത്തൊ കുമന്നൊ എന്നു ഇ
നിക്കു അറിഞ്ഞുകൂടായല്ലൊ. രാജ അരമനയിൽപോ
യി റാണി അവർകളൊട്ട സംഭാഷിക്കുന്നതിന്നു ഞാ
നാരാണു? ഞാൻ അരമനവാതുക്കൽ കാൽവെച്ചാൽ
എന്നെ അവർ കുമ്മെ കുമ്മെ എങ്ങാനും വിട്ടുവിട്ട
ൊ ദൊരയെ?

അതിന്നു വേണ്ടതില്ല. നീ അരമനയിൽപോ
കുവാൻ ആവശ്യമില്ല. ദേവാലയവാതുക്കൽ നീ ചെ
ന്നൽമതി. അവിടെവെച്ചുതന്നെ അവളെ കാണാം.
അതു പുരുഷാരത്തിന്റെ ഇടയിൽ രാജ്ഞിയെ

ഞാൻ കണ്ടറിയുന്നതെങ്ങിനെ?

വേണ്ടതില്ല. അതിനും വഴിയുണ്ട്. രാജ്ഞിയെ അറിവാനുള്ള ലക്ഷണങ്ങൾ ഞാൻ പറഞ്ഞുതരാം.

പക്ഷെ ഞാൻ പോയാൽ രാജ്ഞി എന്നെ എന്തായിരിക്കും കാണിക്കുന്നത്?

ഒ! ഹോ! അങ്ങിനെയല്ല മകളെ, നമ്മുടെ റാണി ഒരു മാലാകയല്ലെ. നീ വാതുറന്നു പറഞ്ഞാൽ ഉടൻ നിന്റെ അമ്മയെക്കാൾ അധികം അമ്പുള്ള വക്ഷത്തോടെ നിന്നോട് അവൾ സംഭാഷിക്കും.

അങ്ങിനെയാണെങ്കിൽ തങ്ങൾ പറയുംവണ്ണം ചെയ്വാൻ ഞാൻ തയ്യാറാണു.

കന്യാസ്ത്രീമഠം നീ അറിയുമൊ മകളെ?

പിന്നെയൊ, അത് ഞാൻ അറികയില്ലെ. കണ്ണടച്ചുകൊണ്ടുവേണമെങ്കിൽ അവിടെ പോകുവാൻ ഇനിക്കു അറിയാമല്ലൊ. എത്രയൊപ്രാവശ്യം ഞാൻ അവിടെ പോയി ധർമ്മംവാങ്ങിയിരിക്കുന്നു.

എന്നാൽ നാളെ ആ മഠത്തിൽ വലിയ ഒരുതിരുനാളാണു.

ഒ! അങ്ങിനെയാണൊ യജമാനനെ?

അതെ. അതുകൊണ്ടു നാളെ വൈകുന്നേരം മഹാരാജ്ഞിഅവർകൾ അവിടെക്കു പോകും. നീ നാളെ കാലത്തെ പൂജസമയംതന്നെ മഠത്തിലെ പള്ളിയിൽ പോയി പൂജ കഴിയുംവരെയും പള്ളിവാതുക്കൽ കാത്തിരിക്കണം. പൂജ അവസാനിച്ചശേഷം രാണിവാ

ൾധരിച്ച വളരെ ദൊരമാർ, മാടമ്പിസ്ത്രീകൾമുതലായവരൊടെ പള്ളിയിൽനിന്നു പുറത്തുവരുമ്പൊൾ, നീ തയ്യാറായിനിന്നു രാജ്ഞിയുടെ കാല്പാദങ്ങളിൽ സാഷ്ടാംഗമായി വീണു കുമ്പിടുക. നിനക്കു എന്താകുന്നു വേണ്ടിയതെന്നു ചോദിച്ചാൽ, മഹാരാജ്ഞിയെ, നീതിയും അനുഗ്രഹവുമല്ലാതെ മറൊന്നും ദാസീക്കു ആവശ്യമില്ല എന്നു പറയുക. അപ്പൊൾ അവൾ നിന്റെ അമ്മായിയുടെ മകളെ രക്ഷിക്കും നിശ്ചയം.

അകമ്പടിക്കാർ ശിപായികൾ എന്നെ തടയുകയില്ലെ?

ഇല്ലില്ല. യാതൊരുത്തരും നിന്നെ തടവുചെയ്കയില്ല. സംശയിക്കെണ്ട കുഞ്ഞെ.

അങ്ങിനെയായിരുന്നാൽ യജമാനനെ, തങ്ങൾ പറഞ്ഞപ്രകാരം ഞാൻ ചെയ്കൊള്ളാം.

ഇപ്പൊൾ ഞാൻ നിന്നൊട്ടു പറഞ്ഞ സംഗതികൾ ഒന്നും മറന്നുകളയല്ലെ കുഞ്ഞെ. എന്നും പറഞ്ഞു അവന്റെ സാക്കിൽനിന്നു കാൽരൂപായും എടുത്തു ആ പെണ്ണിന്റെ കരങ്ങളിൽ കൊടുത്തുകൊണ്ടു മാപ്പിർ തന്റെ ഭവനത്തിലെക്കു പോകാതെ പൊന്നവഴിതന്നെ ആത്തൊപ്രഭുവിന്റെ അരമനയിലെക്കു ഓടിച്ചെന്നു പ്രവേശിച്ചു.

എന്നാൽ ഇവൻ പോയിട്ടു രണ്ടു മണിക്കുറിന്നകം ഇവിടെ ഉടഞ്ഞിവന്നത് മുഖാന്തരം ആത്തൊവിസ്മയവും പരിഭ്രമവും പൂണ്ടു എന്തെങ്കിലും വികടം നേരിട്ടൊ, അല്ലെങ്കിൽ തങ്ങളുടെ ദുരാലോചന

കൽ പ്രസിദ്ധമായിപോയൊ എന്തൊ? എന്നു കലങ്ങി വിഷാദിച്ചുകൊണ്ടു, മോപ്പെർ, നീ ഇത്രക്ഷണം തിരിച്ചു വന്നതിന്നുള്ള കാരണമെന്താണു? നമ്മുടെ ആലോചനകൾ ആക്കെക്കിച്ചും വെളിപ്പെട്ടുപോയൊ? അല്ലെങ്കിൽ നിനക്കു വല്ല അപകടം നേരിട്ടുവൊ? വേഗം പറയുക. താമസിക്കല്ലെ, പറയുക എന്നു പറഞ്ഞു.

ഒ! മഹാപ്രഭുവെ, അങ്ങീന്നു ഇങ്ങിനെ കലങ്ങി പതറല്ലെ, ഇങ്ങിനത്തെ സന്ദേഹങ്ങൾക്കു മനസ്സിൽ ഇടംകൊടുക്കുന്നതു് അങ്ങെ വീയ്യശൌയ്യത്തിന്നു ചേന്നതാണൊ? ഉഷ്ടിക്കെത്തുവാൻ മേലാത്തവിധമായി ഒരു വല ഞാൻ വിരിച്ചുവച്ചുംകൊണ്ടാണു പോന്നിരിക്കുന്നതു്.

നിൻറെ കടംകഥ ഇനിക്കു മനസ്സിലാകുന്നില്ല മോപ്പെർ. തെളിയിച്ചുപറക, താമസിക്കല്ലെ.

തങ്ങളുടെ ഇഷ്ടത്തിന്നു യോജിച്ചവിധം രാജ്ഞിയെ അകപ്പെടുത്തുന്നതിന്നു തക്കതായ ഒരു കണിവിരിച്ചുവച്ചൊണ്ടു ഞാൻ വന്നിരിക്കുന്നു.

എന്താ, അവളെ കൊന്നുകളവാനാണൊ?

അല്ല അല്ല. അവളുടെ കീർത്തിയെ കെടുത്തുന്നതിന്നുവേണ്ടിയ പോംവഴിയാണു ഞാൻ അന്വെഷിച്ചു കൊണ്ടുവന്നതു്.

എങ്ങിനെയാണു നീ പ്രവൃത്തിച്ചതു്? പറയുക.

ഇങ്ങിനെ സംഭവിച്ച വൃത്താന്തങ്ങൾ സകലവും മോപ്പെർ തെളിവായി പറഞ്ഞു കേൾപ്പിക്കയി

ൽ ആത്തൊ സന്തോഷാനന്ദത്താൽ തുള്ളിച്ചാടിക്കൊ
ണ്ടു അടി അടി, ഭേഷ് ഭേഷ് എന്നും പറഞ്ഞു മോ
പ്പെറിന്റെ തോളിന്മേൽ അടിക്കയും, ഒളവാസ്സു ഒ
ത്ത ദാസൻ നീതന്നെയാണ മോപ്പെർ. നിനക്ക ഇ
ത്ര ബുദ്ധിയുണ്ടെന്നു സ്വപ്നത്തിൽകൂടി ഞാൻ കരുതി
യിട്ടില്ല. ഇന്നാണ നിന്റെ സാമർത്ഥ്യം പ്രത്യക്ഷമാ
യി വെളിപ്പെട്ടത്. ബഹു സന്തോഷം. നിനക്ക വള
രെ വന്ദനം മോപ്പെർ. എന്നും ഇതിൽ ഗുണംവന്നാ
ൽ രാജമുടി ഇനിക്കും, പ്രതിവത്സരം ലക്ഷംരൂപാനി
നക്കും തരുവാറായി കാത്തിരിക്കും. എന്താതോന്നുന്നത്
മോപ്പെർ? എന്നും മറ്റും പറകയും ചെയ്തു.

അതിന്നു അവൻ, മഹാ പ്രഭുവെ, ബുദ്ധിവേ
ണം എന്നു ഉത്തരിച്ചു.

നാളെ ആ രാജ്ഞി നിന്റെ വലയിൽ പാഞ്ഞു
കുടുങ്ങി വീഴുമെന്നതിന്നു ലവലേശംപോലും സംശ
യത്തിന്നു ഇടയില്ല. ആയതിനാൽ അതിന്നു തക്ക ഒരു
ക്കവും പ്രയത്നവും ഇന്നു രാത്രിതന്നെ ആരംഭിക്കണം.
നിനക്കു നിന്റെ ഭവനത്തിലെക്കു പോകാം. ഞാ
നൊ എന്നാൽ വെൻസ്ലാവൂസിന്റെ അടുക്കൽ പോയി
ഒന്നു സംഭാഷിച്ചെച്ചുംവരട്ടെ. എന്നും പറഞ്ഞു ആ
ത്തൊ അപ്പൊൾതന്നെ പുറപ്പെട്ടു രാജ അരമനയി
ലെക്കു പോയി.

രണ്ടാം അദ്ധ്യായം.

ചതിമാനത്തുടർച്ച.

കപടമായി വിരിച്ചുവച്ചിരിക്കുന്ന ആ വലയിൽ റാണി ക്ഷണത്തിൽ അകപ്പെട്ടു അപമാനം ഏൽക്കുമെന്നും, മടയനായ വെൻസ്ലാവൂസിനെ തന്റെ ഉപായതന്ത്രങ്ങളാൽ മയക്കി വശപ്പെടുത്തിക്കൊണ്ടു അവന്റെ സിംഹാസനം അപഹരിച്ചുകൊള്ളാമെന്നുമുള്ള ദുർചിന്തനങ്ങളെ അമൃതുപോൽ പാനവും ചെയ്തു ആനന്ദപൂരിതനായി ഉല്ലസിച്ചു നടക്കുന്നവനും മഹാരാജദ്രോഹിയുമായ ആത്തൊ ബഹു സന്തോഷത്തോടെ നാലു കുതിരപൂട്ടിയ രഥത്തിലെറി തൽക്ഷണം രാജഭവനയിലെക്കു പുറപ്പെട്ടുചെന്നു.

ആ സമയം രാജാവു അത്താഴഭക്ഷണവുംകഴിച്ചു രാജപരിചാരകർ ഒരുമിച്ചുള്ള സല്ലാപസംഭാഷണശേഷം സ്വന്ത പള്ളിയറയിൽ പ്രവേശിച്ചു ദിനവർത്തമാനപത്രം വായിച്ചു ചിന്തിച്ചുകൊണ്ടിരിക്കയായിരുന്നു. ഒരു സന്ദർഭത്തിൽ വഞ്ചകനായ ആത്തൊ രാജസന്നിധിയിൽ പ്രവേശിച്ചു, തലകുനിച്ചു ദണ്ഡനമസ്കാരാചാര ബഹുമതികളൊക്കെയും ധാരാളമായി ബാഹുവിനയപുരസരം സമർപ്പിച്ചുകൊണ്ടു നിന്നു.

എന്നാൽ മനുഷ്യരുടെ ഗുണാഗുണങ്ങളെ വേണ്ടതുപോലെ ശരിയായി പകുത്തറിയുന്നതിനു സാമർത്ഥ്യമറവനും സ്വന്ത ബഹുമതികളെ ഡംഭായി വാഴ്ത്തി പുകഴ്ത്തി ഘോഷിക്കുന്ന പ്രശംസനവാക്കുകൾക്കു

ബഹു പ്രസാദമോടെ ഇരു കണ്ണുങ്ങളും തുറന്നു വിരീ
ച്ചുവച്ചുകൊണ്ടു ആ!! എന്നു വായും തുറന്നു അന്ധനാ
യിചമയുന്ന മൂഢപ്രകൃതിക്കാരനും അവിവെകിയുമാ
യ വെൻസ്ലാവൂസ്, ആത്തൊ എന്ന ആ കുറുനരിയു
ടെ ഉപായതന്ത്രംനിറഞ്ഞ ദുർവ്യാപാരം വേണ്ടുംവ
ണ്ണം അറിഞ്ഞിരുന്നിട്ടും, അന്നു രാത്രി അവനെ വള
രെ പക്ഷത്തോടെ അംഗീകരിച്ചു. എന്നുമല്ല വളരെ
അന്യോന്യ സ്നേഹയോജിപ്പോടെ സംഭാഷിച്ചുതുട
ങ്ങി.

ഇങ്ങിനെ അവൻ വിവിധവിഷയങ്ങൾ ബ
ന്ധിച്ചു സംഭാഷിച്ചു ആനന്ദസാഗരത്തിൽ മുഴുകുക
യിൽ രാജാവു അവനോട്ട 'പ്രിയവെ, നാം നമ്മുടെ
രാജ്യഭരണസംഗതികൾ നിമിത്തം പ്രാൻസുനാട്ടി
ലെക്കു നമ്മുടെ മനുഷ്യത്തെ അയപ്പാൻപോകുന്ന സം
ഗതി തനിക്കു വിവരമുണ്ടൊ?' എന്നു ചോദിച്ചു.

മഹാരാജാവെ, ആ സംഗതി ഇനിക്കു അറിവു
കിട്ടിയില്ല എന്നു ഉത്തരിച്ചു.

അതെ, ഒരു സാരമായ സംഗതിനിമിത്തം നി
മിഷത്തിൽ അത് നിറവേറെണമെന്നാണു നാം ക
രുതുന്നത്. എന്നുമല്ല, നമ്മുടെ രാജീതത്തിന്റെ മഹി
മ സകലർക്കും പ്രസിദ്ധീകരിക്കെണ്ടതിന്നായി വളരെ
ആഡംബരഘോഷത്തൊട്ടും പരിവാര ആരവാര
ത്തൊട്ടുംകൂടെ അത് നിറവേറ്റുകയുംചെയ്യും.

മഹാരാജാവെ, അങ്ങെ സ്ഥാനാപത്യം വഹി
പ്പാനിരിക്കുന്ന ആ മഹാപ്രിയ ആരായിരിക്കുമെന്നു ഇ

നിക്കു മനസ്സിലായില്ലല്ലൊ.

നമ്മുടേ ഇഷ്ടത്തിന്നു ഇന്നാൾവരെ ലവലേശംപോലും ഒരു വിഘ്നം നിനക്കാതെ സകലത്തിലും വഴങ്ങി നടന്ന നമ്മുടെ പ്രജകൾ സകലരാലും വാഴ്ത്തി പുകഴ്ത്തപ്പെട്ടിരിക്കുന്നവനായ ആൽപ്രെഡ്പ്രഭുവിനെ നമ്മുടെ മനുഷ്യമായി നിയമിച്ചു ഇന്നു ഉച്ചസമയത്തു നമ്മുടെ മുമ്പേതിച്ച തീട്ടൂരം എഴുതിവച്ചിരിക്കുന്നു.

മഹാരാജാവെ, അങ്ങിന്നു ആൽപ്രെഡ്പ്രഭുവിനെ ഒരു ഉന്നതസ്ഥാനത്തിന്നു തിരിഞ്ഞെടുത്തത് രാജ്ഞിഅവർകളുടെ ശുപാശിമുഖാന്തിരമായിരിക്കുമെന്നാണല്ലൊ തോന്നുന്നത്.

ഒരു വാക്കു കേട്ട ഉടനെ രാജൻ കുറച്ചു കോപമോടെ ആത്തോ, നീ പറയുന്നത് ഇന്നതാണെന്നു അറിഞ്ഞിട്ടുതന്നെയാണൊ പറയുന്നത്?

ജനങ്ങൾ അങ്ങിനെയാണു പറഞ്ഞുവരുന്നത്. മഹാരാജാവെ, നിന്തിരുവടിയുടെ രാജ്ഞിഅവർകളുടെനേരെ ഇന്നിക്കുള്ള വണക്കവും മതിപ്പും അങ്ങേകടാക്ഷസന്നിധിയിൽ അനേകപ്രാവശ്യം ഞാൻ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ടല്ലൊ; ഇതുമെന്നെ, ആൽപ്രെഡ് പ്രഭുവിന്നു മഹാരാജ്ഞി അവർകളുടെനേരെയുള്ള ശ്രവണപക്ഷവും അവിടെക്കു തിരിയാത്ത ഒരു സംഗതിയുമല്ലല്ലൊ.

അതെ, അവർ ഇരുവരും ബാല്യംമുതലെതന്നെ ഒരെ സ്ഥലത്തു വളർന്നവരാണെന്നുള്ളതു ഞാൻ

അറിഞ്ഞിട്ടുള്ള സംഗതിതന്നെയാണു സന്ദേഹമില്ല.

കള്ള ഉപചാരകനായ ആത്തൊ തന്റെ കരുതൽ അനുകൂലപ്പെട്ടില്ല എന്നു കണ്ടാലും, ധൈര്യം കെടാതെ കള്ളവും ഭള്ളുംനിറഞ്ഞ ആ അശ്രദ്ധ വാവീണ്ടും തുറന്നു തുനിവോടെ രാജാവിനൊട്ട മഹിമ വിളങ്ങുന്ന രാജാവെ, നമ്മുടെ മഹാരാജ്ഞിവശം ഇരിപ്പുള്ള ആ ആനക്കൊമ്പു അങ്ങീനു കണ്ടിട്ടുണ്ടായിരിക്കുമൊ?

ഇതു സംശയമൊ? അനവധിപ്രാവശ്യം കണ്ടിരിക്കുന്നു.

അതിന്റെ ഇണയായ വേറൊന്നു ആൽപ്രെഡ്പ്രഭുവിന്റെപക്കലുമുണ്ടു.

അത് ഇനിക്കു അറിവില്ലാത്ത സംഗതിയാണു.

അതിന്റെ ചരിത്രം അവിടെക്കു അറിവുണ്ടായിരിക്കുമെ?

അതറിവില്ല. പറയൂ കേൾക്കട്ടെ.

നമ്മുടെ രാജ്ഞി അവർകളുടെ പിതാവായ ആൽബത്തുപ്രഭു നായാട്ടിൽ വളരെ സമർത്ഥനാണല്ലൊ; ആയതിനാൽ മാസത്തിൽ രണ്ടു തവണ തെറ്റാതെ നായാട്ടിനു പോകവതിവായിരുന്നു. ഒരുചിവസം അദ്ദേഹവും ആൽപ്രെഡ്പ്രഭുവിന്റെ അപ്പനുംമറുപലമഹാഭൊരമാരും ഒരുചിച്ചു നായാടിക്കൊണ്ടിരിക്കയിൽ, ഒരു കാട്ടാന ആൽബത്തുപ്രഭുവിന്റെ നേക്കു മൂക്കുതയൊടെ വാഞ്ഞെത്തിയതിനാൽ ആൽപ്രെഡിന്റെ അപ്പൻ സഹായിപ്പാൻ ഓടിച്ചെ

ന്നു. എന്നാൽ അപ്പോൾ ആ മദയാനഇയാളുടനേ
രെ തിരിഞ്ഞു ഇയാളെ കുത്തി അപകടമാക്കി കുറച്ചു
ദിവസങ്ങൾക്കിടയിൽ ഇയാൾ മരിക്കയും, ആൽബ
ത്തുപ്രഭുവിന്നു ഒരു കേടും പററാതെ രക്ഷപെടുക
യുംചെയ്തു. അനയാൽ കഠിനമുറിവേററു മരിപ്പാറാ
യിരിക്കുന്ന ആൾ തൻെറ ഏകകുമാരനായ ആൽഫ്രെ
ഡിനെ ആൽബത്തുപ്രഭുവിന്നു കയ്യാളിച്ചുകൊണ്ടു മ
രിക്കയുംചെയ്തു. അകയാൽ ആൽബത്തുപ്രഭു, ബാല
നായ ആൽഫ്രെഡിനെ തൻെറ മകനെപ്പോലെ ക
രുതി സ്വന്ത അരമനയിൽ കൊണ്ടുപോയി വളത്തി
യിരുന്നു.

ആൽബത്തുപ്രഭുവിൻെറ ജീവനെ രക്ഷിപ്പാനാ
യി തൻെറ ആയുസ്സുകൊടുത്ത ആൽഫ്രെഡിൻെറ അ
പ്പൻ കാണിച്ച ധൈര്യമാണ ധൈര്യം. ഇതാണ സ
ത്യമായ സ്നേഹം. അയാളുടെ മകനെ സംരക്ഷണ
ചെയ്യുന്നതിന്നു നമ്മുടെ അമ്മാനപ്പൻ നീതിയായിട്ടു
എത്രയൊ കടപ്പെട്ടവനാണ എന്നു രാജൻ പറഞ്ഞു.

ആ ചരിത്രം അതുകൊണ്ടു അവസാനിച്ചില്ല
മഹാരാജാവെ, ഇനിയും കേൾക്കേണമെ. ആൽബ
ത്തുപ്രഭു ആൽഫ്രഡിനെ തൻെറ സ്വന്ത മകനെന്നുത
ന്നെ കരുതി വളത്തി, കടശി തൻെറ സൌഭാഗ്യപു
ത്രിയെ അദ്ദേഹത്തെക്കൊണ്ടു വേളികഴിപ്പിക്കേണ
മെന്നായി കരുതൽ.

അതെ. നമ്മുടെ സ്വന്ത രാജ്ഞിയെയൊ?

അതെ അതെ. മഹാരാജാവെ, ആ ശ്ലാഘനീ

യ രൂപിണിയായ സ്ത്രീരത്നത്തെത്തന്നെ.

൪! ഹോ! എന്നിട്ടോ?

അങ്ങെ വാത്സല്യപിതാവായ രാഷ്ട്രകാർക്കൊ സുചക്രവർത്തി ൦രം വിവരം അറിഞ്ഞുടൻ ആൽബത്തുപ്രഭുവിൻപക്കൽ സ്ഥാനാപതിയെ അയച്ചു അയാളുടെ ഇഷ്ടപുത്രിയെ മഹിപതിയായ അങ്ങെക്കു രാജ്ഞിയായിട്ടു കൊടുക്കെണമെന്നു ആവശ്യപ്പെട്ടു.

ഇതൊക്കെയും നൂതനവൃത്താന്തങ്ങളാണല്ലൊ; എന്നിട്ടോ?

അപ്പൊൾ ആൽബത്തുപ്രഭുവിന്റെ മുമ്പിലത്തെ കരുതൽ മാററി ചക്രവർത്തിയുടെ താല്പൎയ്യത്തിന്നു സമ്മതിക്കയുംചെയ്തു.

അങ്ങിനെയാണൊ? ൦രം സംഗതികൾ അപ്പൻ എന്നെ അറിയിക്കാഞ്ഞതു എന്തെന്നു? അങ്ങിനെയാണെങ്കിൽ ആൽഫ്രെഡ്പ്രഭുവിന്നു വളരെ ദുഃഖവും ഇച്ഛാഭംഗവും വിമ്മിഷ്ടവുമായിരിക്കുണമല്ലൊ; അല്ലെയൊ പ്രഭു?

൦രം ചരിത്രം വെൻസ്ലാവൂസു അതിശ്രദ്ധയൊടെ സൂക്ഷിച്ചു കേൾക്കുന്നു എന്നു പരമദിഷ്ടനായ അത്തൊ കണ്ടു, തന്റെ ദുർലാക്കു നിറവേറുന്നതിന്നായി ഇനി പറവാനിരിക്കുന്നവയിൽ ഇല്ലാത്തവകൾ ചേൎപ്പാനും ഉള്ളവകൾ കുറപ്പാനും കരുതിക്കൊണ്ടു ഇരുതലനാഗമായ ഇവൻ രാജേന്ദ്രനെ, ആ സംഗതികൾ ഞാൻ പറയെണ്ടതില്ലല്ലൊ; അങ്ങെക്കതന്നെ ഊഹിക്കാവുന്നതാണല്ലൊ എന്നു പറഞ്ഞു. പിന്നീടു

എന്തൊ പറവാനെന്നപോലെ വാതുറന്നിട്ടു പറയാതെ മൌനം ദീക്ഷിക്കുന്നത് രാജാവു കണ്ടു ഒ! പ്രഭു, എന്താ മറച്ചുകളയുന്നത്? സകലതും തെളിവായി പറയുക. എന്നു പറഞ്ഞു.

മഹീപതിയായ രാജാവെ, ഒരം വിഷയം ബന്ധിച്ചു അടിയനോടു ഇനി യാതൊന്നും ചോദിക്കല്ലെ; എന്നു നിന്തിരുവടിയൊടു അടിയൻ ഇരന്നു പ്രാർത്ഥിച്ചുകൊള്ളുന്നു.

ബാല്യംമുതലെതന്നെ താൻ നമ്മുടെ മിത്രമെന്നു മാത്രമല്ല, നമ്മുടെ രാജിതത്തിൽ പ്രഭുസ്ഥാനവും വഹിച്ചു നമ്മുടെ കയ്യിൽനിന്നുതന്നെ മറ്റു അനവധി ഉപകാരങ്ങളും കൈപ്പറ്റിയിരിക്കയിൽ നമ്മുടെ സ്വന്ത രാജ്ഞിയെ ബന്ധിച്ചവകൾ സകലതും നമുക്കു അറിയിക്കുന്നതിനു താൻ കടപ്പെട്ടവനാണെന്നുള്ളത് മറന്നുപോയൊ? ഏതുകയാൽ യാതൊന്നും മറെക്കാതെ സകലവും തെളിവായി പറയുക. സംഭവിച്ചവ സകലവും നമ്മൊടു പറയുംവരെ നമുക്കു സമാധാനമുണ്ടാകയില്ല.

ഒ! ഭൂപതിയെ, അങ്ങിനെ കല്പിക്കുന്നത് ന്യായംതന്നെയാണെങ്കിലും ഒരം വിഷയം ബന്ധിച്ചു പറയുന്നതിനു ഇനിക്കു ഭയമാകുന്നു. എന്തെന്നാൽ ഇതു കേൾക്കുമ്പൊൾ അങ്ങേക്കു ബഹു ദുഃഖവും വ്യസനവും ഉളവാകുമെന്നതിനു അല്പ സന്ദേഹവുമില്ല.

നമ്മുടെ ഹൃദയത്തൊടു ഏക ഹൃദയമായ പ്രഭുവെ, താൻ ഇങ്ങിനെ നമ്മെ സന്ദേഹത്തിൽ ആക്കി

തീക്കുന്നതാണു നമുക്കു പറഞ്ഞൊഴിക്കുന്നതു ക്ലേശവും വ്യസനവും ഉണ്ടാക്കുന്നത്. അതിനാൽ ക്ഷണത്തിൽ ഒരു സംഗതിനമ്മോടു സംക്ഷേപിച്ചു പറയണമെന്നു തന്നൊടു നാം പ്രമാണിക്കുന്നു.

"രാജശ്രീ മഹാരാജാവെ, അങ്ങീനു എന്നൊടു കല്പിക്കൊണ്ടുമാത്രം പറയാം, കേൾക്കേണമെ. പുണ്യവതിയും ധർമ്മശീലിയുമായ അങ്ങെ സപത്നി റാണി അവർകളെ അങ്ങെ പ്രജകൾ സകലരും പുകഴ്ത്തി സ്തുതിച്ചുകൊണ്ടുവരുന്നു എന്നുള്ളതു് അങ്ങെക്കു അറിവില്ലാത്ത സംഗതി അല്ലല്ലൊ; എന്നാൽ ആ പരിശുദ്ധാണിയിൽ ശോഭിച്ചുവിളങ്ങുന്ന ആ പുണ്യസൽഗുണങ്ങളിൽ ഒരു കുറ്റിൽമാത്രമാണു ഉള്ളതു്.

എന്നാൽ അതുമീഖാന്തരം മഹാ പുണ്യശീലനായിരിക്കുന്ന അങ്ങേക്കും അങ്ങെ രാജിതത്തിനും ക്രൂടെ മഹാ അപമാനത്തിനു കാരണമായിത്തീർന്നിരിക്കുന്നു എന്നതിനു ലവലേശമെങ്കിലും സന്ദേഹമില്ല. മഹാരാജ്ഞി അവർകൾ ദേവാലയങ്ങളിൽ വളരെനേരം ജപംചെയ്യുന്നതും, ദാനധർമ്മത്തിൽ വളരെ ദ്രവ്യം ചിലവഴിക്കുന്നതും, തുണക്കാരികളില്ലാതെ വേറെ ആളുകളൊടു സംഭാഷിക്കാതിരിക്കുന്നതും സകലർക്കും പ്രസിദ്ധമായ സംഗതികൾതന്നെയാണു. എങ്കിലും ചില അവസരങ്ങളിൽ രാജ്ഞി അവർകൾ ആൾപ്രേഡ്പ്രച്ഛ ഒരുമിച്ചു ചില തനിഭവനങ്ങളിൽ പ്രവേശിച്ചു വളരെനേരത്തൊളം സംഭാഷിച്ചുവരുന്നുണ്ടെന്നു ജനങ്ങൾ അവിടെയും ഇവിടെയും വച്ചു ഹീ

നതപമായി സംസാരിക്കുന്നു എന്നല്ല ഞാനും അനവധിപ്രാവശ്യം അതു കേട്ടിട്ടുമുണ്ട്" എന്നു പരമവഞ്ചകനായ ആത്തൊ വളരെ നടിച്ചു പ്രകടിച്ചുകൊണ്ടു പറഞ്ഞുകേൾപ്പിച്ചു.

"ബദ്ധപ്പെട്ടിരിക്കുന്നവന്നു ബുദ്ധി സപല്പം" എന്നു പറഞ്ഞതുപോലെ തടിയനായ വെൻസ്ലാവൂസു മുമ്പും പിമ്പും ആലൊചിക്കാതെ, ദുഷ്ട ആത്തൊയുടെ വലയിൽപെട്ട കുടുങ്ങി. ആകയാൽ പുണ്യവതിയായ തന്റെ രാജ്ഞിയുടെ ധർമ്മവ്യാപാരത്തിന്മേൽ സംശയിക്കുന്നതിന്നു ലവലേശംപോലും കാരണമില്ലായെന്നു താൻ ബൊധിച്ചിരുന്നാലും രാജ്ഞിക്കും ആൽപ്രെഡിന്നും തമ്മിൽ ബാല്യംമുതലെയുള്ള അകറമറ സ്നേഹത്തെ വേറെവിധ അർത്ഥത്തിൽ ആപരമചണ്ഡാളപാതകനായ ആത്തൊ ചൂണ്ടിക്കാണിച്ചതുമുഖാന്തരം കടുംകോപംപൂണ്ടു പറഞ്ഞതായതു: പ്രഭുവെ, സൂക്ഷിക്കണം. താൻ പറയുന്ന വാക്കുകളുടെ ഘനാഘനം താൻ വേണ്ടുംവണ്ണം ഗ്രഹിച്ചിട്ടാണു പറയുന്നതെന്നാണു ഞാൻ ഉറച്ചിരിക്കുന്നത്. അങ്ങിനെതന്നെയാണൊ?

മഹാരാജാവെ, സംഭവിക്കാത്ത സംഗതി അങ്ങെ മുഖദാവിൽ അടിയൻ ബൊധിപ്പിക്കുമൊ?

ഇതു തെളിയിക്കുന്നതിന്നു ദൃഷ്ടാന്തങ്ങളുണ്ടൊ?

അനവധി ദൃഷ്ടാന്തങ്ങൾ കാണിക്കാം.

സാക്ഷികളുണ്ടൊ?

രാജ്ഞിഅവർകളുടെ മുഖദാക്ഷിണ്യംനിമിത്തം

യാതൊരുത്തരുംസാക്ഷിനിൽക്കയില്ലായെന്നു അങ്ങേക്കു അറിയാമല്ലൊ.

നീ പറഞ്ഞതിനെ തക്കവിധം ദൃഷ്ടാന്തപ്പെടുത്താതിരുന്നാൽ നാം നിന്റെ ശിരച്ഛേദം ചെയ്യും. സൂക്ഷിക്കണം. ഇത് ഒരു അല്പ സംഗതിയല്ല.

മഹാരാജാവെ, ഇല്ലാത്തതു അങ്ങെ സന്നിധിയിൽ അടിയൻ പറയുമൊ? സംഭവിച്ചത് ഞാൻ ദൃഷ്ടാന്തപ്പെടുത്താതിരിക്കുമൊ?

എന്നാൽ എത്ര മാസങ്ങൾക്കുള്ളിൽ?

ഇതിന്നു മാസങ്ങൾവേണ്ട, നാളെതന്നെ ആകാം.

നാളത്തെ ദിവസമൊ?

അതെ, മഹാരാജാവെ. നാളെ കാലത്തു പത്തുമണിക്കകം ഞാൻ ഇപ്പൊൾ പറഞ്ഞവസ്തുതം അങ്ങീന്നുതന്നെ കയ്യും മെയ്യുമായി കണ്ടറിയും.

അങ്ങിനെതന്നെ ആകട്ടെ പ്രഭു. തനിക്കു പോകാം അർദ്ധരാത്രി ആയിപ്പോയിരിക്കുന്നു. എന്നും പറഞ്ഞു രാജാവു പള്ളിശയനമുറിയിൽ പ്രവേശിച്ചു.

പട്ടപാതകനായ ആത്തൊയുടെ ദുഷ്പ്രയത്നം ഇതുകൊണ്ടു അവസാനിച്ചില്ല. രാജ അരമനയിൽനിന്നും പുറപ്പെട്ട നേരെ പട്ടാളക്കുപ്പിത്താൻ അവർകളുടെ ഭവനത്തിലെക്കു ചെന്നു. സേനാധിപതി ആത്തൊവിനെ കണ്ടു. "മഹാപ്രഭുവെ, ഒരം അസമയനേരത്തു താങ്കൾ ഇവിടെ വരുന്നതിന്നുള്ള കാരണംഎന്തു?" എന്നു ചോദിച്ചു,

ഒരു സാരമായ സംഗതിനിമിത്തമാണ ഞാൻ വന്നതെന്നു പറഞ്ഞു ഇരുന്നശേഷം സേനാധിപനോട ആത്തൊ പറയുന്നതായത്: രണ്ടു വത്സരങ്ങൾക്കുമുമ്പു പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു രാജപ്രമാണം തങ്ങളുടെ കീഴുള്ള പടയാളികളിൽ ചിലർ ലംഘിക്കുന്നത് വ്യസനപൂർവ്വം പലപ്പൊഴും ഞാൻ കണ്ടിട്ടുണ്ടു. ആ സംഗതി നിങ്ങളെ ഒന്നു ഓർമ്മപ്പെടുത്തുവാനാണ ഞാൻ ഇന്നെരത്തു ഇവിടെ വന്നത്. ആ രാജകല്പന 'എന്തെന്നാൽ, സാംക്രമികരോഗം പിടിപെട്ടിരിക്കുന്ന ഭവനങ്ങളിൽ അതിനു നിയമിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർ ഒഴികെ പടവീരരിൽ ആരും അവിടെ പ്രവേശിച്ചുകൂടായെന്നുള്ള രാജകല്പന തങ്ങളും അറിഞ്ഞിട്ടുണ്ടല്ലൊ.

ഉണ്ടു, ഉണ്ടു. അങ്ങിനെ ഒരു രാജപ്രമാണമുണ്ടു. പക്ഷെ അതു ആരും ഇതുവരെ ലംഘിച്ചതായി ഞാൻ അറിഞ്ഞിട്ടില്ല.

അത് ഞാൻ ചില സമയങ്ങളിൽ കണ്ടിട്ടുണ്ടു. അത് താങ്കളെ ഞാൻ അറിയിപ്പാൻ ബാദ്ധ്യസ്തനാണ എന്നു കരുതിയാണ ഇപ്പൊൾ ഇവിടത്തൊളം വന്നത്. എന്തുകൊണ്ടെന്നാൽ നമ്മുടെ രാജ്ഞി അവർകളുടെ ധർമ്മവ്യാപാരവും, ജപതപവും, ദാരിദ്ര്യരുടെനേരെയുള്ള കൃപാകടാക്ഷവും, രോഗികളുടെനേരെയുള്ള അതിരുകടന്ന ആദരതയും താങ്കളും അറിഞ്ഞിട്ടുള്ള സംഗതിയാണെല്ലൊ; ചില സമയങ്ങളിൽ ആ പരിശുദ്ധ രാജ്ഞി വിഷൂചികാദീനം പിടി

ച്ചിട്ടുള്ള വീടുകളിൽ ഭയമെന്യെ പ്രവേശിക്കയും ത
ന്റെ കൂടെയുള്ള പടയാളികളെ അതിലെക്ക വിളി
ക്കയും ചെയ്യുന്നത് കണ്ടിട്ടുണ്ട്. ഇത് രാജകല്പനയ്ക്ക
വിരുദ്ധമായ കാര്യമാണല്ലൊ. എന്നല്ല രാജനും പല
പ്പോഴും രാജ്ഞിയെ ഒരു സംഗതിനിമിത്തം ശഠാരി
ച്ചു സാംക്രമിക രോഗപീഡിതരുടെ ഭവനങ്ങളിൽ
പൊയിക്കൂടായെന്നു വിലക്കിയിട്ടുമുണ്ട്.

ആയതിനാൽ താങ്കൾ ഒരു വിഷയത്തിൽ അ
ല്പം ഒന്നു ശ്രദ്ധിച്ചു തങ്ങളുടെ പട്ടാളസേനയ്ക്ക രാജ
പ്രമാണത്തെ വീണ്ടും അറിയിക്കണം. എന്തുകൊണ്ടെ
ന്നാൽ, ഇന്നെടിവസം ഒരു പട്ടണത്തിൽ വിഷൂചിക
പിടിച്ചു രണ്ടുപേർ മാത്രമേ രക്ഷകൊണ്ടു മരിച്ചിരിക്കു
ന്നു. അതുനിമിത്തം തങ്ങൾ ഒരു സംഗതിയിൽ നല്ല
ശ്രദ്ധവെക്കുമല്ലൊ.

കൊള്ളാം മഹാപ്രഭു, നാളെ കാലത്തു ന—മ
ണിക്കകം പട്ടാളത്തിനു രാജകല്പന അറിയിച്ചു ഖ
ണ്ഡിതമായ വിധം ശട്ടംകെട്ടിക്കൊള്ളാം. പക്ഷെ ന
മ്മുടെ പരിശുദ്ധരാജ്ഞിയുള്ള കാലത്തോളം ഏത്
സാംക്രമികവസന്തതന്നെ വന്നാലും ഭയമില്ല. എന്തെ
ന്നാൽ, അവൾ തന്റെ ജപതപ ദാനധർമ്മങ്ങളാൽ
ദൈവകോപത്തെ ശമിപ്പിച്ചു ദൈവാശീർവ്വാദങ്ങൾ
പൊഴിയിക്കും സംശയമില്ലായെന്നു പറഞ്ഞപ്പോൾ
പരമദുഷ്ടനായ ആത്തൊനെഞ്ഞിൽ നഞ്ഞു മറച്ചു
കൊണ്ടു പുറമെമാത്രം 'അതെ, ഇത് സകലർക്കും അ
റിവുള്ള സംഗതിയാണല്ലൊ' എന്നുമാത്രം പറഞ്ഞു

യാത്രചൊല്ലി പുറപ്പെട്ടുകയുംചെയ്തു.

ആത്തൊ സേനാധിപനോടു ഇപ്രകാരമൊക്കെ പറഞ്ഞു രാജ്ഞി പടയാളികളൊടു വിഷൂചികയുള്ള വീടുകളിൽ തന്റെകൂടെ പോരണമെന്നു പറഞ്ഞാലും അവർ പോകാതിരിക്കത്തക്കവണ്ണം ശട്ടംകെട്ടിയുംവച്ചു തന്റെ കപടമായ ദുർലാക്കു ശരിയായി നിറവേറ്റെണ്ടതിന്നായി അവന്റെ ആപ്തൈശാചിക തന്ത്രത്തൊടെ ആൽപ്രെഡിന്റെ ഭവനത്തിലെക്കു അതിവ്യസനം നടിച്ചുകൊണ്ടുകയറിചെന്നു. എന്നാൽ വാതിൽ കാക്കുന്ന സേവകൻമൂലം അയാൾ ജപധ്യാനത്തിൽ ഉദ്യോഗിച്ചിരിക്കുന്നതായിഅറിഞ്ഞു അകത്തുപ്രവേശിച്ചു വേറൊരു സേവകനെ അയച്ചു പറയിച്ചപ്പോൾ ആൽപ്രെഡ് താഴെ ഇറങ്ങിവന്നു.

എന്നാൽ അയാൾ ആത്തൊവിനെ കണ്ടു ആശ്ചര്യ്യപ്പൊടെ ൦രം അർദ്ധരാത്രിസമയത്തു തന്റെ പക്കൽ വരുന്നതിന്നുള്ള കാരണം ചോദിച്ചതിന്നു ആത്തൊ എന്ന ആ ദുഷ്ടപാതകൻ കപടമായി പറയുന്നതായത്: മഹിപതിയായ പ്രഭുവെ, ൦രം അസമയനേരത്തു തങ്ങളുടെ ഭവനത്തെതേടി വരുന്നതിന്നുള്ള കാരണം ഘനമായ ഒരു സംഗതിയാണു എന്നതിന്നു സന്ദേഹമില്ല. താങ്കളും നമ്മുടെ മഹാരാജ്ഞിയവർകളും മനസ്സുവെച്ചാൽമാത്രം ഒഴിക്കാവുന്നതായ ഒരു മഹാ അപകടം നമ്മുടെ നാട്ടിന്നു വന്നു നേരിട്ടിരിക്കുന്നു. തങ്ങളാലും രാജ്ഞിയാലുമല്ലാതെ ആ ആ

പത്തു നീങ്ങുകയില്ലായെന്നത് നിശ്ചയമാണു.

ആത്തൊ പ്രകടിപ്പിക്കുന്നതരം ആപത്തു ഇന്നതാണെന്നു ആൽപ്രെഡ് ഗ്രഹിക്കായ്കയാൽ ആത്തൊയൊട് 'തങ്ങൾ പറയുന്നതിന്റെ ആന്തരം ഇന്നതാണെന്നു ഇനിക്കു മനസ്സിലായില്ലല്ലൊ; തെളിവായി പറയെണമെ എന്നു പറഞ്ഞു

നമ്മുടെ തരം രാജധാനിപ്പട്ടണത്തിൽ ഇപ്പൊൾ വിഷൂചിക കാണപ്പെട്ടു രണ്ടുപേർ ഇന്നു മരിച്ചിരിക്കുന്നു. തരം കഠിനവസന്ത നാട്ടിൽ പരക്കാതിരിക്കുന്നതിന്നായി താങ്കളുടെ ജപതപ ദാനധർമ്മങ്ങളാൽ ദൈവകോപത്തെ ശമിപ്പിക്കണമെന്നു താങ്കളൊട്ടു ശുപാർശി പറവാനായിട്ടാണു ഞാൻ വന്നത്. നമ്മുടെ രാജ്ഞിയവർകളുടെ പ്രാർത്ഥന, ജപതപങ്ങളെയും, കണ്ണുനീർ ധാരകളെയും ദൈവം തള്ളുകയില്ലല്ലൊ എന്നു അവൻ പറഞ്ഞു.

ആൽപ്രെഡ് ഉത്തരിച്ചതായത്: "ഇങ്ങിനെയുള്ള ഞെരുക്കസങ്കടങ്ങൾ ഇടെക്കിടെക്കു സംഭവിക്കുന്നത് ദൈവത്തിന്റെ പ്രത്യേക കരുണയാലല്ലാതെ വേറൊരുമുഖാന്തരത്താലുമല്ല. എന്തുകൊണ്ടെന്നാൽ, പാപികൾ വസന്തക്ലേശത്താൽ ഭയന്നു നല്ലവഴിക്കു തിരികയും, നീതിമാന്മാർ ഏറെറം ജാഗ്രതയോടെ ദൈവഭയം നിറവേറുകയും ചെയ്യും. ആയതുകൊണ്ടു ഇതുനിമിത്തം മഹാന്മായ നിങ്ങൾ ഭയപ്പെടരുത്. തങ്ങൾ പറഞ്ഞതുപോലെതന്നെ നാം എല്ലാവരും ദൈവത്തുപ്പാദങ്ങളിൽ അഭയം വീണു കൃ

പയിരന്നു പ്രാർത്ഥിക്കുന്നത് ഉത്തമംതന്നെ. വിശേഷിച്ചു അതി സാംഗൊ പാംഗ പരിശുദ്ധയായ നമ്മുടെ രാജ്ഞി അവർകളുടെ കണ്ണുങ്ങളിൽ ഒരം സംഗതി എത്തിയാൽ അവളുടെ എരിവുള്ള ജപതപങ്ങളാൽ പേരണ്ടലങ്ങളെ നിഗ്രഹിച്ചുകൊണ്ടു തന്റെ രാജ്യത്തിന്നു നേരിട്ടിരിക്കുന്ന അപകടം നീങ്ങുംവരെ അവൾ അടങ്ങുകയില്ല" എന്നു ആൽപ്രൈഡ് ബംഹു ശാന്തതയൊടെ അയാളൊടു പറഞ്ഞു.

പഴയ കുറുനരിയായ ആത്തൊ എന്ന വഞ്ചക മൂഢ്ഡിയാതൊരുത്തരുടെ ദുഷ്ടിക്കും എത്താത്തവിധമുള്ള കുഴിതയ്യാറാക്കി, അതിൽ ആൽപ്രൈഡിനെയും രാജ്ഞിയെയും വീഴിക്കുണമെന്ന കരുതി അതിന്നുവേണ്ടി മുൻകൂട്ടി ആൽപ്രൈഡിനൊടു പറയുന്നതായതു: "സകല വീരശൌര്യരിലും അധികം ധൈര്യപതിയായ പ്രഭുവെ, പഞ്ചം പട വസന്ത മുതലായ വയൊടു തങ്ങളുടെ എരിവുള്ള ജപങ്ങളാൽ അല്ല ഭയമെന്യെ എതുക്കുന്ന നല്ല ഭൊരയെ, തങ്ങൾ ഒരം പട്ടണത്തെ കാര്യത്തു രക്ഷിക്കുണമെ. തങ്ങളും മഹിപതിരാജ്ഞിയും ഒഴികെ ഒരം ഭയങ്കരമായ രോഗത്തെ ഭയപ്പെടാത്തവർ ഒരുവരുമില്ല. ഇതു ധൈര്യപതികളായ നിങ്ങൾ ഇരുവരുംതന്നെ ഒരം രോഗമുള്ള ഭവനങ്ങളിൽ ഒരുമിച്ചുചെന്നു ആശ്വാസപ്രദ വാക്കുകൾ പറഞ്ഞുകൊടുക്കാഞ്ഞാൽ ഒരം പട്ടണവാസികൾ ഒട്ടുക്കു എന്നുവേണ്ട, എല്ലായിലും മുമ്പു ഞാൻതന്നെ ഒരം പട്ടണംവിട്ടു ദേശാന്തരികളായി ഓടിപ്പൊകയുള്ളു സം

ശയമില്ല.”

ഒ! പ്രഭു, നിങ്ങൾ ഒരു വിധം എന്നെ പുകഴ്ത്തിപറയുന്നതുകൊണ്ടു ഇനിക്കു ബഹു മനഃചഞ്ചലം വരുന്നുവല്ലൊ; ഒരു പട്ടണത്തിലുള്ള അനേകായിരം ഗുരുക്കൾ, സന്ന്യാസികൾ, കന്ന്യാസ്ത്രീകൾ മുതലായവർ പശി, ദാഹം, ദേഹദണ്ഡം, തളച്ചു മുതലായവകളെ എന്നല്ല; മരണത്തെക്കുടെ അശേഷം കഥവെക്കാതെ വീട്ട വീട്ടതോറും ചെന്നു രോഗികൾക്കു തങ്ങളാൽ ആകുന്ന സഹായങ്ങൾ സകലവും ചെയ്വാൻ തയ്യാറായി കാത്തിരിക്കയാണല്ലൊ ചെയ്യുന്നതു.

ഇത് രണ്ടു വത്സരങ്ങൾക്കുമുമ്പു ഒരു പട്ടണത്തിൽ വിഷൂചിക പിടിപെട്ട ആ അവസരത്തിൽ ദൃഷ്ടാന്തപ്പെട്ടത് തങ്ങൾക്കു അറിവുണ്ടല്ലൊ: ക്രീസ്തു ജനങ്ങളിൽക്രൂടെയുമുള്ള എത്രയൊ പരിശുദ്ധ ദൈവ ഊഴിയർ തങ്ങളുടെ ഒരു ആത്മപിതാക്കളുടെ ദൃഷ്ടാന്തം കണ്ടുപഠിച്ചു ധൈര്യത്തോടെ അവരെ അനുഗമിച്ചു. ഇങ്ങിനെയിരിക്കയിൽ തങ്ങൾ ഒരു സംഗതിയിൽ ഇത്ര അധികം കലങ്ങി ഉറിയുന്നത് ഒട്ടും ശരിയല്ല. നമ്മുടെ രാജ്ഞിയൊട്ട ഒരു വിഷയത്തെപ്പറ്റി നാം ഇരുവരും പറവാൻ ഒരുവശ്യവുമില്ല. ആകയാൽ ഭയപ്പെടാതെ നാം ഏവരും ദൈവസഹായം എരിവൊടെ പ്രാർത്ഥിക്കേണ്ടതാണു. ഞാനും എന്നാൽ ആകുന്ന അല്പസഹായം ഒരു സംഗതിയിൽ ചെയ്യാതിരിക്കുമൊ? പക്ഷെ എല്ലാറ്റിന്നും മുമ്പു വേണ്ടതു ദൈവത്തൊട്ട പ്രാർത്ഥിക്കുതന്നെ എന്നു പറഞ്ഞു.

വഞ്ചകപാതകൻ തന്റെ ഭോഷ്കു നിറഞ്ഞ അ
ശ്രദ്ധ വാതുറന്നു 'മഹാ പ്രഭുവെ, തങ്ങളുടെ ബുദ്ധി
പൂർവ്വമായ ഉപദേശങ്ങൾ കേട്ടാറെ ഇനിക്കു ബഹു
ധൈര്യം തോന്നുന്നുണ്ടു. ഇനിക്കു വേണ്ടി പ്രാർത്ഥിപ്പാ
ൻ മറന്നകളയല്ലെ' എന്നും പറഞ്ഞു മാളികവിട്ടിറ
ങ്ങി തന്റെ ഭവനത്തിലെക്കു പുറപ്പെട്ടുകയുംചെയ്തു.

ദൈവഭയവും മനുഷ്യശങ്കയുമറവനും ഒരു
സംസാരകഡുംബത്തെ നാലാക്കി പിരിച്ചു അതിലെ
സമാധാനത്തെ വൈരാഗ്യചരിത്രമാക്കീ പകർത്തുവാൻ
അതി പ്രാപുനമായ ഒരു ആത്മാ എന്ന ചണ്ഡാള
ൻ അവന്റെ ഭവനത്തിലെക്കു പിൻതിരികയിൽ അ
നന്ദത്താൽ ഹൃദയം വിടുന്നു എന്റെ കായ്യം മുഖിയാ
യല്ലോ: എന്റെ ഭാഗത്തുതന്നെയാണെ ജയം. ആട്ടെ
കൊള്ളാം, ആ രാജ്ഞിയെ ഞാൻ വിട്ടുവിടുമൊ? അവ
ളുടെ പുണ്യഫലങ്ങളും പരിശുദ്ധതയും എങ്ങിനെ
നിലനിൽക്കുമെന്നു ഞാൻ ഒന്നു നോക്കട്ടെ. നാളെ കാ
ലത്തു ആ കൊച്ചുപെണ്ണു രാജ്ഞിയുടെ കാല്പാദങ്ങളി
ൽ വീണു അവളുടെ കഥ പറകയിൽ, പുണ്യവതി
എന്നു പുകഴ്ത്തപ്പെടുന്ന അവൾ പിച്ചുപിടിച്ചവളെ
പ്പോലെ വിഷ്ണുചിക വിടിച്ചു ആ വീട്ടിലെക്കു തെരു
വീഥിയിൽക്കുടെ ഓടുകയും, വാളുപിടിച്ച അകമ്പ
ടിക്കാരെയും സേവകരെയും അവിടെക്കു വിളിക്കു
മ്പോൾ അവർ കൂട്ടാക്കാതെ പിൻവാങ്ങുകയുംചെ
യ്യും. ആ അവസരത്തിൽ എന്താസംഭവിക്കുന്നതെന്നു
ഞാൻ ഒന്നു കാണട്ടെ. ധർമ്മംകൊണ്ടുണ്ടാകുന്ന ഫല

ങ്ങൾ ഇതിനാൽ അറിയാമല്ലൊ; പൈതൃക്കാരി. എ
ന്നിത്മുതലായവകൾമനസ്സിൽ നിരൂപിച്ചുംകൊണ്ടു
സ്വന്ത മാളികയിൽചെന്നുചേരുകയുംചെയ്തു.

ഒരം രാജദ്രോഹി, ആ രണ്ടു പരിശുദ്ധരുടെന
ല്ല കീർത്തിയെ അന്യായമായി വഷളാക്കുന്നതിന്നു ശ്ര
മിച്ച ഒരം പാതകൻ താൻ ചെയ്ത ഒരം മഹാ അതി
ക്രമംനിമിത്തം അല്പമെങ്കിലും ഒരു ദുഃഖമൊ വിഷാദ
മൊ മനൊചഞ്ചലമൊ അശേഷമില്ലാതെ നിദ്രചെ
യ്വാൻ പൊയ്ക്കളഞ്ഞു. രാജാവൊ എന്നാൽ ആ രാത്രി
മുഴുവൻ അശേഷം കണ്ണുചിമ്മാതെ പള്ളിക്കട്ടിലി
ന്മെൽ കിടന്നു അങ്ങൊട്ടുമിങ്ങൊട്ടും ഉരുണ്ടു പിരണ്ടു
മഹാ ദുഃഖപ്രലാപത്തൊടെ 'എപ്പൊൾ നേരം വെ
ളുക്കും, എപ്പൊൾ നേരം വെളുക്കും' എന്നു അത്യാശ
യോടെ കാത്തു കിടന്നിരുന്നു.

ആത്തൊ കട്ടിലിന്മെൽ ചെന്നു കിടന്നുടൻ യാ
തൊരു ചിന്തയും വിഷാദവുമറിവനായി നല്ല ഉറക്കം
ഉറങ്ങി. എങ്കിലും ആ നിദ്രയിൽ അവൻ കണ്ട ഒരു
ഭയങ്കര സ്വപ്നമായത്: ആത്തൊയും മോപ്പെരും ഓ
രൊ ആട്ടുംതുകൽ ധരിച്ചുകൊണ്ടു രാത്രിസമയം ഒരു
ആട്ടിൻക്രൂട്ടിൽപോയി പ്രവേശിക്കയും അപ്പൊൾ
ആടുകൾ അനക്കംകേട്ടു കലങ്ങി ചിലകയാൽ ഇട
യർ ഉണർന്നു ക്രൂട്ടിന്നു പുറവും പോയി നൊക്കുകയും
ചെയ്തു.

ആ സമയം അവർ ഇരുവരും ഇരു ആടുകളു
ടെ പള്ളവശത്തു ഒളിച്ചിരിക്കയും ഇടയർ പോയി

വീണ്ടും നിദ്രയിലായപ്പോൾ അവർ എഴുന്നേറ്റു തങ്ങളെ മറച്ച ആ രണ്ടു ആട്ടകളെയും അവർ കട്ടം കൊണ്ടു ഓടിപ്പോകയുംചെയ്തു. എന്നാൽ വഴിമദ്ധ്യേ വച്ചു ചില വഴിപോക്കർ അവരെ രണ്ടുപേരെയും പിടികൂടി, ആട്ടംതൊഴുത്തുവരെ ഇഴച്ചുവലിച്ചുകൊണ്ടുപോയി.

കടശി ആട്ട രണ്ടിനെയും യാതൊരു കേടുപാടുംകൂടാതെ ഇടയക്ക് ഏല്പിച്ചുംവച്ചു അവർ രണ്ടുപേരെയും ആ പ്രയാണികൾ തങ്ങളുടെ കൈവശമുണ്ടായിരുന്ന ആയുധങ്ങൾകൊണ്ടു കുത്തിക്കൊന്നുകളകയുംചെയ്തു. എന്നാറാം സ്വപ്നത്താൽ ആത്തൊ അതിഭയംപൂണ്ടു ക്രൂകി നീലവിളിച്ചുകൊണ്ടു കിടക്കവിട്ടു ചാടി എഴുന്നേൽക്കയും ഒരു നിലവിളികേട്ടു പുറത്തു കിടന്നിരുന്ന ഭൃത്യർ ഓടിച്ചെല്ലുകയുംചെയ്തു.

ആത്തൊയുടെ ഭയം അല്പമടങ്ങിയപ്പോൾ ഭൃത്യരൊടു ഉറങ്ങുവാൻ പറഞ്ഞയച്ചുകൊണ്ടു ഇത് എന്തൊരു ഭയങ്കരമായ സ്വപ്നമാണു? ഞാൻ ഇതുവരെ ഇതുപോലെയുള്ള സ്വപ്നം കണ്ടിട്ടില്ലല്ലൊ; ഇതിന്റെ സാരമെന്തായിരിക്കും? ഒന്നുംതന്നെ തിരിയുന്നില്ലല്ലൊ എന്നു ആലോചിക്കയിൽ സ്വപ്നസാരാർത്ഥമായി താഴെ വരുന്ന വിചാരങ്ങൾ അവന്നു തോന്നി.

അതായതു: ഞങ്ങൾ ഇരുവരും ചുതച്ച ആ ആട്ടിൻ തുകൽ ഞാനും മോപ്പൈരും ചെയ്യുവരുന്ന ആ വഞ്ചനയെതന്നെയാണു സൂചിപ്പിക്കുന്നതു. ആട്ടുംക്കുട്ടി രാജ അരമനതന്നെയാണു. ആ രണ്ടു ആട്ടുകൾ രാ

ക്കുയും ആൽപ്രെഡും തന്നെ. ഞങ്ങൾ രണ്ടുപേരും രണ്ടു ആടുകളുടെ വള്ളവശത്തു ഒളിച്ചത് ഞങ്ങൾ അവർ ഇരുവക്കും ചെയ്ത ദ്രോഹങ്ങളെ അവർ ഞങ്ങളോട് പൊറുത്തു എന്നത്രം. ആ രണ്ടാടുകളെ ഞങ്ങൾ കൊണ്ടുപോയത് അവർ ഇരുവരുടെയും കീർത്തി ഞങ്ങൾ കെട്ടഞ്ഞി വഷളാക്കി അപമാനിച്ചതുതന്നെ. ആടുകളെ വഴിപോക്കർ ഇടയക്ക് തിരികെ കൊടുത്തു ഞങ്ങളെ കൊന്നുകളഞ്ഞതിൻ സാരം സർവ്വേശ്വരൻ അങ്ങെ വിശ്വസ്ഥദാസരായ രാണിയെയും ആൽപ്രെഡിനെയും ഒരു സംഗതിയിൽ യാതൊരു അല്പവഴുവുമില്ലാതെ കാത്തുരക്ഷിച്ചു. യഥാർത്ഥിക്കൽ അവരെ ഏറ്റവും മഹിമപ്പെടുത്തി, വഞ്ചകരായ ഞങ്ങൾ ഇരുവരും ദുഷ്ടരുടെ കരങ്ങളാൽ കൊല്ലപ്പെട്ട ദുർഭാഗ്യരായി ചാകുണമെന്നു ദൈവം വിധിച്ചിരിക്കുന്നു എന്നാണു അതിൻ സാരാർത്ഥം. എന്ന ഈ വിധസൽചിന്തകൾ ആത്തോയുടെ മനസ്സിൽ തോന്നി.

എങ്കിലും ആ പരമപാതകന്റെ ഹൃദയം ഈ നിനവുകളാൽ ഇളകുന്നതിനു വകരാതെ ഏറ്റവും കഠിനമായി ഉറച്ചു "ഇനിക്കു അങ്ങിനെയൊന്നും വരികയില്ല, ഞാൻ ഇതുപോലെ എത്രയൊ സംഗതികൾ നടത്തിയിരിക്കുന്നു. എന്നിട്ടു ഒരു അപകടവും വന്നിട്ടില്ലല്ലൊ. ഈ സ്വപ്നത്തിന്റെ അർത്ഥം ഇതൊന്നുമല്ല" എന്നു മനസ്സിൽ നിരൂപിച്ചുകൊണ്ടു വീണ്ടും ഉറങ്ങാതെ നേരം വെളുക്കുന്നവരെ തുരുട്ടു വലിച്ചു അങ്ങൊട്ടിങ്ങൊട്ടും ലാത്തി നടക്കയുംചെയ്തു.

ഒരു പരമ ഉപകാരം.

പിറെദിവസം കാലത്തു കന്യകാശ്രമത്തിലെ തിരുനാൾ മഹാ ആരവാര ആഘോഷത്തൊടെ നിറവേറി. ദിവ്യപൂജ അവസാനിച്ചിട്ട മഹാരാജ്ഞി ദീർഘനേരത്തെക്കു തനിജപധ്യാനങ്ങൾകഴിച്ചശേഷം സിംഹാസനത്തിൽനിന്നു എഴുന്നേറ്റു ദിവ്യകാരുണ്യ സന്നിധിയിൽ അതി ഭക്തിവിനയത്തൊടെ മുട്ടുകുത്തി ആചാരവുംചെയ്തു പുറത്തെക്കു വരികയിൽ, രാജപരിചാരകർ എല്ലാവരും അണിനിരയായി മുമ്പൊട്ടു ചെന്നു.

തദനന്തരം രാജ്ഞി പ്രഭുക്കളൊടും വാൾ പിടിച്ച മെയികാവൽക്കാരായ ദൊരകളൊടുംകൂടെ വാതുക്കൽ വരികയിൽ ആത്തോമോപ്പർ എന്ന ദുഷ്ടപാതകരുടെ കപടതന്ത്രത്താൽ അയക്കപ്പെട്ട ആ പെണ്ണൈതൽ വിമ്മി വിതുമ്മി കരഞ്ഞുകൊണ്ടു രാജ്ഞി അവർകളുടെ കാല്പാദങ്ങളിൽ സാഷ്ടാംഗംവീഴുകയുംചെയ്തു.

രാജ്ഞി അവർകൾ ബഹു പരിതാപത്തൊടെ കരങ്ങളിലിരുന്ന ജപപ്പുസ്തകം തുണക്കാരിവശം ഏല്പിച്ചു സാക്കിൽനിന്നു ഒരു പൊൻനാണയം എടുത്തു ആ പൈതലിന്നു നീട്ടിക്കൊടുക്കയിൽ, ആ കൊച്ചു പെണ്ണു രാജ്ഞിയൊടു "അമ്മെ, നാഥെ, ഇനിക്കു പണവും കാര്യമല്ല ഇപ്പൊൾ അവശ്യം. പിന്നെയൊ

നീതിയും ന്യായവും നടത്തിതന്നാൽ മതി.'' എന്നു അവൾ ബോധിപ്പിച്ചു. ''നിനക്കു വേണ്ടിയത് ഇന്നതാണെന്നു തിരിച്ചു പറയുക കുഞ്ഞുമകളെ'' എന്നു ബഹുപക്ഷത്തോടെ രാജ്ഞി പറഞ്ഞതിനെ യുലിയാനമ്മ എന്ന ആ പെണ്ണൈതൽ കേട്ടു, ഭയപ്പെടാതെ കഴിഞ്ഞ രാത്രി അവളുടെ അമ്മായിയുടെ മകൾക്കു സംഭവിച്ച വൃത്താന്തങ്ങൾ സകലവും പറഞ്ഞുകേൾപ്പിച്ചു.

ഒരു പരിതാപകര വൃത്താന്തം റാണി കേട്ട ഉടനെ മഹാ ദുഃഖത്തോടെ തന്നെ പിൻതുടരുന്ന വാൾധരിച്ച ദൊരമാരൊട്ട, ''ധർമ്മിഷ്ഠരായ ദൊരമാരെ, നിങ്ങൾ തൽക്ഷണം പോയി ആ വീട്ട തുറന്നു അതിൽ അടയ്ക്കപ്പെട്ടിരിക്കുന്ന കൊച്ചുപെണ്ണിനെ വിട്ടയപ്പിൻ'' എന്നു കല്പിച്ചു. അപ്പോൾ അവർ രാജ്ഞി അവർകളുടെമുമ്പാകെ വന്നു ബഹുവണക്കത്തോടെ തല കുനിച്ചു ആചാരംചെയ്തിട്ടു മൌനമായിനിൽക്കയിൽ രാജ്ഞി വീണ്ടും ''ഒ! ശൌര്യവീരരെ, താമസിക്കല്ലെ'' എന്നു പറഞ്ഞു. അതിന്നവർ വീണ്ടും ഭക്തിനമസ്കാരാചാരങ്ങൾ സമർപ്പിച്ചുകൊണ്ടു ''ഒ! മഹിപതിയായ രാജ്ഞിയെ, ഞങ്ങൾ അനവധി കഠോരയുദ്ധങ്ങളിൽ, തോക്കിലെ റവകൾക്കും പീരങ്കി ഉണ്ടകൾക്കും വാൾ അസ്ത്രം മുതലായ ക്രൂര ആയുധങ്ങൾക്കും അശേഷം ഭയമെന്യെ നിന്നു കഠിനമായി പോരാടിയിട്ടുണ്ടു.

എന്നാൽ വിഷ്വൂചിക എന്ന ഒരു കൊടിയ രോ

ഗത്തിന്റെ പേരുമാത്രം കേട്ടാൽ ഭയന്നു ഞെട്ടുന്നവരായ അങ്ങേ ദാസരൊട്ട പൊറുക്കേണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു" എന്നു ബോധിപ്പിച്ചു. "ആ പെൺകുട്ടിയുടെ ആയുസ്സിനെ നിങ്ങൾക്കു രക്ഷിച്ചുകൂടെയൊ? തൽക്ഷണം പോയി ആ കുട്ടിയെ രക്ഷിപ്പിൻ എന്നു ഇതാ നാം നിങ്ങളൊട്ട പ്രമാണിക്കുന്നു."

'ഒ! പുണ്യശീലെ അടിങ്ങളൊട്ട പൊറുക്കേണമെ. മഹാരാജാവു ഒരും വിധവിഷയങ്ങളിൽ പ്രവേശിച്ചുകൂടായെന്നു ദാസരൊട്ട പ്രമാണിച്ചിരിക്കുന്നതുകൂടാതെ ഇന്നു കാലത്തു പൂജസ്സുമുമ്പു ഈ സംഗതി ചെയ്തിച്ചുതന്നെ ഒരു ഖണ്ഡിതമായ താക്കീത് കല്പനയും അയച്ചിരിക്കുന്നു' എന്നു മഹാ വണക്കത്തോടെ ബോധിപ്പിച്ചു.

'ശൌര്യവീരന്മാരായ പുരുഷന്മാർ ഭയന്നു പിൻവാങ്ങുന്നഅവസരങ്ങളിൽ ബലഹീനരായ സ്ത്രീകളാണു ആ കാര്യങ്ങൾ ഭയമെന്യെ ധൈര്യമായി ചെയ്തു നിറവേറുന്നതെന്നുള്ളത് ശരിതന്നെ. കൊള്ളാം നിങ്ങൾക്കു പോകാം, നിങ്ങൾക്കു പകരം നാം തന്നെ പൊയ്ക്കൊള്ളാം' എന്നും പറഞ്ഞു ആ പെണ്ണെ തലെരുമിച്ചു ഏടവും വലവും നോക്കാതെ റാണി അതി ശീഘ്രം നടന്നുപോയി.

ദേവാലയത്തിൽനിന്നു പിന്തിരിഞ്ഞിരുന്ന ജനങ്ങൾ റാണിക്കു മുമ്പു അവിടവിടെ കൂട്ടം കൂട്ടമായി നിന്നുകൊണ്ടു വിഷൂചിക ഉള്ള വീട്ടിൽ തങ്ങളുടെ പരിശുദ്ധറാണി പ്രവേശിച്ചാൽ ആ രോഗം അവ

ൽക്കും പിടിക്കുമല്ലൊ എന്നു ഭയന്നു, അവൾ അവിടെ പോകാതിരിപ്പാൻ പ്രയത്നിച്ചെങ്കിലും, പരസ്നേഹക്കാരിയായ ആ പുണ്യവതി ഒട്ടും ഭയപ്പെടാതെ അതിശീഘ്രം നടന്നുപോയിരുന്നു.

എന്നാൽ പല പ്രേതക്കൾ, പ്രേതസ്ത്രീകൾ, ധനവാന്മാർ, പടവീരന്മാർ മുതലായവർ ഭയന്നു പിൻവാങ്ങുകയിൽ ചിലർ മാത്രം ദൂരെക്കൂടി രാജ്ഞിയെ പിൻതുടർന്നിരുന്നു. റാണിയെ വളരെ കാഴ്ചമായി മതിച്ചു തമ്മിൽ പ്രാണസ്നേഹമായിരുന്ന ആൽപ്രെഡ് കുറച്ചുനേരത്തിന്നിടയ്ക്കു രാജ്ഞിയെ പിന്തുടർന്നു ചെന്നു.

ബ. യോഹന്നാൻ നെപ്പുമസ്യാൻ ഉരുവും പൂജ കഴിഞ്ഞിട്ടുള്ള ജപങ്ങൾ അവസാനിച്ചു പുറത്തുവരികയിൽ, ജനങ്ങൾ അല്പംമുമ്പു സംഭവിച്ച സംഗതി പറഞ്ഞുകേൾപ്പിക്കയാൽ വിഷൂചികപിടിച്ചവക്ക് തന്നാലായ സഹായംചെയ്വാനായി അദ്ദേഹവും ഒരു കുറുക്കുവഴിയായി മുൻ പറഞ്ഞ വീട്ടിലെക്കു അതിശീഘ്രമായി പോയി. കുറച്ചുനേരത്തിന്നകം റാണി ആ വീട്ടിന്നരികെ എത്തി. എന്നാൽ തലെദിവസം കെട്ടിയടച്ച മുമ്പു വെട്ടിതുറക്കുന്നതിന്ന ഒരുവക ആയുധവും തന്റെ കൈവശമില്ലാതെ അവൾ അങ്ങൊട്ടുമിങ്ങൊട്ടും നോക്കിയിരുന്നു.

എന്നാൽ അപ്പൊൾ തൽക്ഷണം വന്നുചേർന്ന ആൽപ്രെഡ, റാണിയുടെ താല്പൎയ്യം ഗ്രഹിച്ചു തന്റെ അരയിൽ തൂങ്ങിക്കിടക്കുന്ന അധികാരവാൾതന്നെ

ഊരി അതുകൊണ്ടു ചുമരിന്റെ കല്ലുകൾ ഓരോന്നു ഇളക്കുകയും രാജ്ഞിതന്നെ തന്റെ കരങ്ങളാൽ കല്ലുകൾ ഓരോന്നു വാങ്ങിവെക്കയും ചെയ്തിരുന്നു.

വീട്ടിൽ അടയ്ക്കപ്പെട്ട ആ പെണ്ണൊരുത്തൽ ആ കലഹസ്വരവും കല്പിളക്കുന്നസ്വരവും കേട്ടു ഭയന്നു "അയ്യയ്യോ! പട്ടണവാസികൾ എന്നൊടു എന്തൊ കാണിപ്പാൻപോകുന്നതെന്നു അറിഞ്ഞില്ലല്ലൊ. എന്നെ അവർ അടിക്കയൊ, കൊല്ലുകയൊ, തീയിൽ ഇട്ടുചുടുകയൊ, നാട്ടിൽനിന്നു ഓടിക്കയൊ എന്തൊ ചെയ്യുന്നതെന്നും ഇനിക്കു അറിഞ്ഞുകൂടായല്ലൊ. അയ്! എന്റെ ദൈവമെ, എന്നെ കാത്തു രക്ഷിക്കേണമെ. ദൈവമാതാവെ എന്റെ പരിശുദ്ധ നാഥയെ, ഈ അനാഥപക്ഷിയായ എന്നെ രക്ഷിക്കേണമെ." എന്നും പറഞ്ഞു വലിയ സ്വരത്തിൽ കരഞ്ഞു നിലവിളിച്ചുതുടങ്ങി.

ആൽഫ്രെഡ് തന്റെ വാളുകൊണ്ടു കല്പിളക്കയിൽ വാളിന്റെ തല മുറിഞ്ഞു കയ്യിന്മേൽകൊണ്ടു മുറിപ്പെടുകയും ആ മുറിവിൽനിന്നു ഒഴുകിയ രക്തത്താൽ വസ്ത്രം മുഴുവൻ കറപ്പെടുകയും ചെയ്തിരുന്നാലും ആ രക്തത്തെയും മുറിവിനെയും അശേഷം ഗണ്യമാക്കാതെ വളരെനേരം പ്രയത്നിച്ചു ഒരാൾക്കു കടപ്പാൻ തക്കതായ ഒരു ദ്വാരമുണ്ടാക്കി. ഉടനെതന്നെ രാജ്ഞി ആ ദ്വാരത്തിൽ കരേറി അകത്തേക്കു ചാടുകയും റാണിയെ കൂട്ടിക്കൊണ്ടുവന്ന ആ കൊച്ചുപെണ്ണും ആ ദ്വാരംവഴി വീട്ടിൽ പ്രവേശിക്കയുംചെയ്തു.

അപ്പൊൾ ആൽഫ്രെഡ, രാജ്ഞിയൊട്ട "ഒ! മ
ഹാ ധൈര്യവതിയായ രാജ്ഞിയെ, നാരിവർഗ്ഗമായ
അങ്ങീന്നു ഒരു പരജീവനെ രക്ഷിപ്പാനായി മരണ
അപകടത്തിൽ ഭയമെന്യെ ഉൾപ്പെടുന്നത് കാൺ
കയിൽ വീര്യശൂരപുരുഷനായ ഇനിക്കു എത്രയൊനാ
ണം. ഞാനും അങ്ങെ ദൃഷ്ടാന്തം വിന്തുടൻ ആ അനാ
ഥപ്രൈതലിന്നു എന്നാൽ പാടായ സഹായം ചെയ്യു
ന്നതിന്നു അത്യാഗ്രഹമായിരിക്കുന്നു. താങ്കൾ ഉത്തര
വു നൽകിയാൽ ദാസനും ഉള്ളിലെക്കു പ്രവേശിപ്പാ
ൻ കാത്തിരിക്കുന്നു" എന്നു ബൊധിപ്പിച്ചു.

അതിന്നു റാണി പുൻചിരിയൊടെ ഉത്തരിച്ച
തായതു: "ധമ്മിഷ്ടനായ പ്രഭുവെ, ഞാൻ എൻറെ പ്ര
ജകൾക്കു നല്ല ദൃഷ്ടാന്തം കാണിച്ചുകൊടുപ്പാനായി
അപകടസമയങ്ങളിൽ തമ്മിൽ തമ്മിൽ സഹായി
ക്കേണമെന്നു കല്പിക്കുന്ന ദിവ്യരക്ഷകൻെറ പരസ്നേ
ഹ ഉപദേശം നിറവേറുവാൻ ഇവിടെ വന്നിരിക്കു
ന്നു. ലോകത്തിൽ മനുഷ്യർ പരസ്നേഹത്താൽ സ
ർവ്വേശ്വരൻെറ പുത്രരായി വ്യാപരിച്ചു, ദിവ്യരക്ഷി
താവിൻെറ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടു, മോക്ഷ
രാജിതത്തിന്നു അവകാശികളാകുന്നതിന്നു നിയമിക്ക
പ്പെട്ടവരായിരിക്കുന്നു. എന്നാലും ധനവാന്മാർ തങ്ങ
ളുടെ സമ്പത്തിനെ ദൈവമെന്നു കരുതി ദരിദ്രക്കു യാ
തൊരു സഹായവും ചെയ്യാതിരിക്കുന്നു എന്നുമല്ല, ധ
നവാന്മാരും ബലവാന്മാരും തങ്ങളുടെ ബലത്തെയും
അധികാരങ്ങളെയുംമാത്രം പ്രശംസിച്ചുകൊണ്ടു ധ

മ്മറും പരസ്നേഹവുമറവരായി വ്യാപരിച്ചുവരുന്നു.

ഇതു ബഹുമനൊദുഃഖത്തോടെ ഞാൻ കണ്ടു ഇവ്വീധകഠിനഹൃദയമുള്ളവരെ മനസ്സുതിരിപ്പിക്കണമെന്നു ദിനംപ്രതി ദൈവത്തോട പ്രാർത്ഥിച്ചുവരുന്നു എന്നതന്നെയുമല്ല, ഇങ്ങിനെയുള്ളവർക്ക് നൽമാതൃക കാണിച്ചുകൊടുപ്പാനായിട്ടുകൂടെയുമാണു ഒരു അപകടമായവേലക്കു തുനിഞ്ഞുപുറപ്പെട്ടത്. ആകയാൽ പ്രഭുവെ, തനിക്കിഷ്ടമുണ്ടായിരുന്നാൽ ഈ പുണ്യവേല നിറവേറുന്നതിന്നു ഒരു വിഘ്നവുമില്ല" എന്നു പറഞ്ഞു തിന്ന് ഉടനെതന്നെ യോഹന്നാൻ ഗുരുവും വന്നു ചേരുകയാൽ അദ്ദേഹവും ആൽപ്രെഡും ആ ദ്വാരംവഴി ഉള്ളിലെക്കു പ്രവേശിക്കയുംചെയ്തു.

തലെനാൾ രാത്രി ആ വീട്ടിൽ അടയ്ക്കപ്പെട്ടിരുന്ന ആ പെണ്ണൈതൽ ഗുരുസ്വാമിയുടെ മുഖത്തെ കാണുകയും രാണിയുടെ പക്ഷമായ മാധുര്യവചനങ്ങൾ കേൾക്കയുംചെയ്തയിൽ, കണ്ണുകൾ തുടച്ചു ഭയമെല്ലാം തള്ളികഴിഞ്ഞു രാത്രി അവൾക്കു സംഭവിച്ചവ സകലവും പറഞ്ഞു അവരെ കേൾപ്പിച്ചു.

മുൻപറഞ്ഞതുപോലെ പ്രഭുക്കളും പടയാളികളും ധൈര്യമുറവരായി പിൻവാങ്ങുകയിൽ, രാജ്ഞിമാത്രം വളരെ ധൈര്യപരാക്രമത്തോടെ വീഷ്മൂചികപിടിച്ച വീട്ടിലെക്കു പോകുന്നതും, ആൽപ്രെഡ് ബഹുദൂരത്തിൽ റാണിയെ പിന്തുടരുന്നതും ജനങ്ങൾ കണ്ടു അവിടവിടെ കൂട്ടംകൂടിനിന്നു റാണിയ

വർകളുടെ പുണ്യവ്യാപാരം, ധർമ്മശീലം, കരുണാ വാത്സല്യം, ധൈര്യപരാക്രമാദിയായ സൽഗുണങ്ങളെപ്പറ്റി പുകഴ്ത്തി പറഞ്ഞിരുന്നു.

എന്നാൽ ഇവയെല്ലാം ദുഷ്ടചണ്ഡാളരായ ആത്തോയും, മോപ്പെരും കണ്ടും കേട്ടുംകൊണ്ടു തങ്ങളുടെ ദുർല്ലാക്കു നിറവേറുന്നതിന്നുള്ള സമയം ഇതുതന്നെ എന്നറിച്ചു വളരെ ആനന്ദത്തോടെ ആ ദ്രോഹികൾ ഇരുവരും തമ്മിൽ കൂടി എന്തൊ ഒന്നു മന്ത്രിച്ചശേഷം റാണിയുടെ പുറകെ മോപ്പെർ ധൃതിയായി നടക്കയും, ആത്തോ രാജ അരമനയിലെക്കു ഓടുകയുംചെയ്തു.

വെൻസ്ലാവൂസു അന്നു കാലത്തു യാതൊരു ജോലിയും അന്വേഷിക്കാതെ തലെരാത്രി ആത്തോ പറഞ്ഞ വിഷയങ്ങളെതന്നെ വീണ്ടും വീണ്ടും ചിന്തിച്ചു മനവും കലങ്ങി മുഖവും വാടി വളരെ വിചാരംപൂണ്ടു സന്നികൊണ്ടപോലേ, തമ്മിൽ വിപരീതമായ വിവിധ ആലോചനകൾ നിരൂപിച്ചുകൊണ്ടിരിക്കയിൽ, ഇതാ ചണ്ഡാളനായ ആത്തോ രാജസമീപെ വന്നു പ്രവേശിച്ചു തല കുനിച്ചു ആചാരവണക്കങ്ങൾ സമർപ്പിച്ചു. അപ്പോൾ വെൻസ്ലാവൂസു, 'ഒ! പ്രഭുവെ, താൻ വന്നൊ? തന്റെ മുഖം കണ്ട ഉടനെ ഇന്നിക്കു അല്പമൊരാശ്വാസമുണ്ടായി' എന്നു പറഞ്ഞു.

രാജശ്രീ മഹാരാജാവെ, അങ്ങേക്കു ഏതെങ്കിലും ക്ഷേമക്കുറവായിരിക്കുമൊ?

അതിന്നു രാജൻ ഒ! ഒന്നുമില്ല, ക്ഷേമംതന്നെ

യാണ എന്നും പറഞ്ഞു തന്റെ ഹൃദയത്തിലെ സംഭ്രമം മറപ്പാൻനോക്കിയിരുന്നു.

'ചൂണ്ടൽക്കാരന്റെ കണ്ണു എപ്പോഴും പൊന്തിമേലാണ' എന്നു പറയുംപ്രകാരം ദുഷ്ടആത്മാ തന്റെ കപടലാക്കു സദാ നിനച്ചിരുന്നാലും ഉടൻ അത് വെട്ടത്തെടുക്കാതെ തക്ക അവസരം പാത്തുകൊണ്ടു 'മഹിപതിയായ രാജനെ, രോസവുഷ്ടംപോലെ ഇരുന്ന അങ്ങെ മുഖമണ്ഡലം വിളറിയിരിക്കുന്നല്ലൊ' എന്നു അവൻ പറയുംമുമ്പു വെൻസ്സ്ലൗസു പറയുന്നതായത്: അതിരിക്കട്ടെ, നിനക്കും രാജ്ഞിക്കും തമ്മിൽ വല്ലൊരു അവസരത്തിൽവച്ചു മനൊവിരുദ്ധം ഉണ്ടായിട്ടുണ്ടൊ?

ഇല്ല. രാജനെ, ഞാൻ അങ്ങേക്കു ഏതുപ്രകാരം കീഴ്പ്പെട്ടവണങ്ങി നടക്കുന്നുവൊ, അതെപ്രകാരം തന്നെ റാണിയവർകളുടെനേരെയും ദാസൻ നടന്നുവരുന്നു. രാജ്ഞിയവർകൾ ദാസനൊട്ടു ഒരു വിഷയത്തിൽമാത്രമാണ ശരിപ്പെടാത്തത്.

ഏതുവിഷയത്തിലാണത്?

മഹീപതിയായ അങ്ങെക്കു ദാസൻ വിശ്വസ്ഥനായി നടക്കുന്നു എന്നതിൽ തന്നെ.

ഒ! അത് നിങ്ങളുടെ വിരുദ്ധത്തിനുള്ള കാരണം ഒരിക്കലും ആകയില്ല. എന്തെന്നാൽ നമ്മുടെ രാജ്യത്തിൽ നമുക്കു വിരോധിക്കുന്നവർആരാനുമുണ്ടൊ? വിശേഷിച്ചു നീ മാത്രമല്ല നമ്മുടെ പ്രജകൾ സകലരും നമുക്കു വിശ്വസ്ഥരായി നടക്കുന്നു എന്നു തന്നെ

ക്കുതന്നെ അറിയാമല്ലോ: എന്നുമല്ല, നമ്മുടെ നാട്ടിൽ ഒരം വിധവകച്ചുയുണ്ടായത് രാജ്ഞിയുടെ പുണ്യവ്യാപാരംകൊണ്ടാണ എന്നു നാം നല്ലവണ്ണം കണ്ടു ബോധിച്ചുമിരിക്കുന്നു.

ഈവാക്യങ്ങളാൽ 'അന്യവക്കു കുഴിക്കുന്നവൻ കുഴിയിൽ തങ്ങൾതന്നെ വീഴും' എന്നുള്ള പഴഞ്ചൊല്ലു പ്രകാരം റാണിയെ അപമാനിക്കുവാൻ ശ്രമിച്ചിട്ടതന്റെ ആയുസ്സിന്നുതന്നെയാണ അപകടം നേരിട്ടിരിക്കുന്നുതെന്നു ആ ത്തോ നിരൂപിച്ചു കലങ്ങിയിരുന്നു വെങ്കിലും ആ മനഃകലക്കം അശേഷം വെളിയിൽ കാണിക്കാതെ രാജനെ നോക്കി അവൻ പറയുന്നതായത്: 'ഒ! മഹാ പരാക്രമശാലിയായ രാജാവെ, എന്റെ വചനങ്ങളുടെ ആന്തരം അവിടെ വേണ്ടുംവണ്ണം ഗ്രഹിച്ചില്ലായിരിക്കാമെന്നു തോന്നുന്നു.' 'പിന്നെ എങ്ങിനെയാണ? തെളിയിച്ചു പറയുക.'

രാജ്ഞിയവർകൾ പുണ്യവതിതന്നെയെന്നു ദാസനും അങ്ങെയൊട്ടു യോജിച്ചു സമ്മതിക്കുന്നു. എങ്കിലും മിന്നുന്നതെല്ലാം പൊന്നെന്നു പറയാമൊ? മഹാരാജാവെ, ഒന്നു ആലൊചിച്ചുനോക്കുവിൻ; ചിലർ പാപത്തെ കപടഭക്തികൊണ്ടു മറെക്കുന്നുണ്ടെന്നു അങ്ങേക്കു ദാസൻ ദൃഷ്ടാന്തപ്പെടുത്തിതരാം. ഇതുകൂടാതെയും അടിയൻ ഇന്നലെ രാത്രി അങ്ങെ മഹത്വത്തൊട്ടു ഉണർത്തിച്ച വിഷയങ്ങൾ മറന്നുപോയിരിക്കുമൊ?

പ്രഭുവെ, എന്താണത്?

വ്യ ൫ ൫ ൫

കണ്ടുകൊൾവിൻ.

ഇതുകൂടാതെയും അങ്ങെ ഉന്നതത്തെ സിംഹാസനത്തിൽനിന്നു തള്ളി, അങ്ങെ ശിരസ്സിൽ സൂഴ്ച നെപ്പൊലെ വിളങ്ങുന്ന മകുടകിരീടത്തെ പരിച്ചെടുപ്പാൻ ശ്രമിക്കയും, ഉപകാരത്തിന്നു പകരം അപകാരവും, നന്മക്കു പകരം തിന്മയും പകരംവീട്ടുകയും ചെയ്യുന്ന ചില രാജദ്രോഹികൾ ഇവിടെയുണ്ടു. അതുഷ്ടചണ്ഡാളരായ വിരോധികളൊട്ടു ഞാൻ ഏതുപ്രകാരമാണു എതുക്കുന്നതെന്നും, അവരുടെ വഞ്ചനകളെ കണ്ടുപിടിച്ചു അത് അങ്ങെ മഹത്വത്തിന്നു മാത്രമല്ല, പിന്നെയൊ ഭൂലോകമുഴുവൻ പരസ്യമാക്കി കാണിക്കുന്നതിന്നു ഞാൻ ഏതുപ്രകാരം ഉണ്ണിരുന്നു സകലവും ആലോചിച്ചുപ്രയത്നിച്ചുവരുന്നു എന്നും ഈ ഒരു സംഗതിമൂലം അങ്ങെക്കു കണ്ടുപിടിച്ചുകൊള്ളാവുന്നതാണു." എന്നു ആ ദുഷ്ടൻ പറഞ്ഞു തീരുംമുമ്പുതന്നെ രാജാവു കലശ്ശി വിഷാദിച്ചു മയങ്ങി കൈകാലുകൾ ഞട്ടങ്ങി വിറച്ചുകൊണ്ടു, 'എന്തു? നമ്മെ സിംഹാസനത്തിൽനിന്നു തള്ളുവാൻ തുനിഞ്ഞിരിക്കുന്നവൻ നമ്മുടെ നാട്ടിൽ ഉണ്ടൊ?' എന്നു അലറിപ്പറഞ്ഞു.

മഹാരാജാവെ, ചിലരുണ്ടു. അങ്ങെക്കു അവരെ അറിവാൻ മനസ്സുണ്ടായിരുന്നാൽ ഉടനെ പുറത്തെക്കു പുറപ്പെടണം. അങ്ങെ കണ്ണുകളാൽതന്നെ അവരെ കണ്ടുകൊള്ളാം. ഇതിന്നു വേറൊരു സാക്ഷിയും തെളിവുമൊന്നും ആവശ്യമില്ല.

ഒ! പ്രിയവെ, നീ എന്റെ പ്രാണസ്നേഹിതൻ. എന്നാൽ ഈ സംഗതി നേരായി ഉഷ്ണാന്തപ്പെടുന്നകാലത്തു നീ എന്റെ സ്നേഹിതൻമാത്രമല്ല, പിന്നെയൊനമുടെ രാജിതത്തിൽ ഞാൻ കഴിഞ്ഞാൽ പിന്നെയുള്ള രണ്ടാംസ്ഥാനത്തിൽ നിന്നെ ഞാൻ ആക്കി സ്ഥാപിക്കും. ഇപ്പൊൾതന്നെ നമുക്കു പുറപ്പെടാം.

'താമസിക്കുന്നത് അശേഷം നന്നല്ല' എന്നു ആത്തൊ പറകയാൽ വെൻസ്ലാവൂസു മതിമയങ്ങി വെറിപിടിച്ച പുലിപോലെ അലറിപ്പുതറി മുന്നും പിന്നും നോക്കാതെയും, രാജരഥവും മേയ്കാവൽപട്ടാളവും ഒന്നും ക്രൂടാതെയും, തത്സമയം കയ്യിൽകിട്ടിയ ഒരു വാളും എടുത്തുകൊണ്ടു ആത്തൊയുടെ പുറകെ പിന്തുടന്നു.

രാജാവു സാരട്ടും വണ്ടിയും പട്ടാളവുംക്രൂടാതെ കാൽനടയായി നടന്നുപൊകുന്നതും, മുഖം വിളറിയും മനസ്സുകലങ്ങിയും തനിക്കു ആചാരവണക്കംചെയ്യുന്നവരെ ദൃഷ്ടി ഉയത്തി നോക്കാതെയും, വാളും കയ്യിൽപിടിച്ചുകൊണ്ടു ഉഗ്രകോപത്തോടെ പോകുന്നത് ജനങ്ങൾകണ്ടു ഭ്രമിച്ചിരുന്നു. അവർ ആത്തൊ പ്രിയവിന്റെ ഗുണാഗുണങ്ങളെയും വ്യാപാരനടപടികളെയും തക്കവണ്ണം അറിഞ്ഞിരുന്നതിനാൽ, 'ഒ! ഹൊ! ഈ പട്ടപാതകൻ ആരുടെ ഭവനത്തെയാണൊ നിർമ്മൂലമാക്കുവാനായി രാജനെ വലിച്ചുകൊണ്ടുപോകുന്നതെന്നു അറിഞ്ഞില്ല. പാവം! ആരുടെ വയറ്റിൽ ആണൊ തീക്കനൽ വാരിയിടുവാൻ പോ

കുന്നത്"! എന്നാൽ നീതിമാനായ ദൈവം കുറ്റമറ്റ ആത്മങ്ങളെ കാത്തുരക്ഷിക്കുമാറാകട്ടെ. അന്യവക്ക് കുഴിച്ച കുഴിയിൽ തന്നെത്താൻ വീഴുമെന്നുള്ള നീതി വാക്യപ്രകാരം ദുഷ്ടന്മാർ തങ്ങളുടെ ദുർഗ്രഹങ്ങളാൽതന്നെ മുടിയുമാറാകട്ടെ.' എന്നിത്തുടങ്ങിയ വേദ വാക്യങ്ങളും പറഞ്ഞുകൊണ്ടു നിന്നിരുന്നു.

ഉദ്ദേശം അരനാഴിക വഴി നടന്നപ്പോൾ കുറച്ചകലെ വളരെ ജനം കൂട്ടംകൂടിനിൽക്കുന്നത് രാജാവു കണ്ടു ആത്തൊയൊട്ട, 'അവിടെ എന്തുകാരണവശാലാണു ഇത്ര ജനങ്ങൾ കൂടിനിൽക്കുന്നത്?' എന്നു ചോദിച്ചു. അതിന്നു ആത്തൊ ഉത്തരിച്ചതായത്: 'അവർ അങ്ങെ പ്രജകൾതന്നെയാണു. അങ്ങീന്നു പുണ്യവതിയെന്നും പരിശുദ്ധയെന്നും പരമണ്ഡലങ്ങളിൽനിന്നിറങ്ങിയ മാലാക്കായെന്നും മറ്റും പറഞ്ഞുകൊണ്ടു പുകഴ്ത്തിക്കൊണ്ടാടിവരുന്ന രാജ്ഞിമുഖാന്തരം നെറിവാളരിൽ നെറിവാളനായ അങ്ങെ മഹത്വത്തിന്നു വരുന്ന നിന്ദാപമാനങ്ങൾ കണ്ടു അവക്ക് സഹിക്കുതായ്കയാൽ ഹൃദയം തകർന്നു ദുഃഖിക്കയും ഉമ്മാറ്റരും വിശ്വസ്ഥതയറവരുമായ രാജ്ഞിയുടെയും ആൾപ്രെഡിന്റെയും ഈ ഹീനകൃത്യത്തെ ആക്ഷേപിച്ചുകൊണ്ടു അവരെ ആ ഹീനസ്ഥലത്തുനിന്നു പുറത്താക്കുവാൻ ശ്രമിക്കയുമാണു.'

എരിയുന്ന അഗ്നിയിൽ എണ്ണ ഒഴിക്കുന്നപോലെയുള്ള ആ ചണ്ഡാളദ്രോഹിയുടെ അപവാദഭൂതകളെ മതിമയങ്ങിയവനായ രാജാവു കേട്ടക്ഷണത്തി

ൽ അടികൊണ്ട സുപ്പത്തെപ്പോലെ ചീറുകയും, മന
സ്സിൽകൊണ്ട ക്രോധത്താൽ ദേഹമാസകലം വി
യത്തൊലിക്കയും, കണ്ണുകളിൽനിന്നു തീപ്പൊരികൾ
പറക്കുകയും, വായിലെ ഉമിനീർ പതയായി പുറപ്പെ
ടുകയുംചെയ്യുകൊണ്ട കോപവെറി പിടച്ചവനെ
പ്പോലെ പാഞ്ഞുവരുന്നത് അവിടെക്കൂടിയിരുന്ന ജ
നങ്ങൾ കണ്ടുഭയന്നു ദൂരെ മാറി വഴി ഒഴിഞ്ഞുകൊ
ടുത്തു.

അതിന്റെശേഷം ആത്തൊ വെൻസ്ലാവൂസി
നൊട്ട, 'മഹത്വമേറിയ രാജേന്ദ്രനെ, ഇവിടെതന്നെ
യാണു.' എന്നു പറഞ്ഞു ചുമരിലുള്ള ദ്വാരം ചൂണ്ടി
ക്കാണിച്ചുകൊണ്ട അവൻതന്നെ മുമ്പുചെന്നു എത്തി
ച്ചുനോക്കിയുംവച്ചു 'ഇതാ അവർ ഇരുവരു മാത്രമെ
അതിൽ ഉള്ളു' എന്നു പറഞ്ഞു.

ആ മാത്രയിൽ വിവെകമറവനായ രാജാവും
ക്ഷണം പോയി എത്തിച്ചുനോക്കി. എന്നാൽ രാജാവു
തലെദിവസം രാത്രിമുതൽ റാണിയെയും ആൽപ്രെ
ഡിനെയുംപററിവിടാതെ മനസ്സിൽ നിരൂപിച്ചുകൊ
ണ്ടിരുന്നതിനാലും കഠിനവെയിൽനടന്നമുഷ്ണവ
രവും ആ ദ്വാരത്തിൽക്കൂടെ നോക്കിയസമയം ആ വീ
ട്ടിൽ ഉണ്ടായിരുന്നവർ എല്ലാവരുടെയും രൂപങ്ങ
ൾ ശരിയായിട്ട അയാളുടെ ദൃഷ്ടിക്കു എത്തുപെട്ടില്ല.
പിന്നെയൊ, രാജ്ഞിയും അവൾക്കു നേരെതന്നെ ആ
ൽപ്രെഡ്പ്രഭുവും മുട്ടുകുത്തിനിൽക്കുന്നതുമാത്രം കാ
ൺകയാൽ രാജാവു പൊങ്ങിയ ഉഗ്രകോപം സഹി

യാതെ ദേഷ്യവൈരികൊണ്ടു വല്ലുംകടിച്ചുകൊണ്ടു വാളും ഊരിപ്പിടിച്ചു ദ്വാരംവഴി ഉള്ളിലേക്കു ചാടുകയുംചെയ്തു.

എന്നാൽ അകത്തു പ്രവേശിച്ച ഉടനെ യോഹന്നാൻഗ്രന്ഥവും രണ്ടു കൊച്ചു പൈസ്തകങ്ങളും രാജ്ഞിയും ഒരു പ്രൈഡ് പ്രഭുവും മരിച്ചുകിടക്കുന്ന ഒരു ശവത്തിന്റെ ചുറ്റും മുട്ടിന്മേൽനിന്നു ജപിച്ചുകൊണ്ടിരിക്കുന്നതു കണ്ടു ഭയന്നു വരിഭ്രമപൂണ്ടു ഞെട്ടിഞെട്ടിങ്ങി വിറെക്കയിൽ അയാളുടെ കരങ്ങളിലിരുന്ന വാൾ അറിയാതെ നിലത്തുവീണുപോയി. എന്നാൽ, യോഹന്നാനച്ചൻ ജപം ഇടെക്കു നിത്തിക്കൊണ്ടു വെൻസ്ലാവൂസിനൊട്ടു, 'ഒ! മഹാരാജാവെ, ഈ ഹീനകൂടിലിൽ തങ്കൾ ആയുധ ഒരുക്കത്തൊടെ പ്രവേശിപ്പാനുള്ള കാരണം എന്താകുന്നു? മാലാക്കാമാരുടെ നേരെ തങ്കൾ എത്രനാൾവരെ സംശയിക്കും?' എന്നു ചോദിക്കയാൽ രാജൻ നാണിച്ചു മഹാ ഏളിമകീഴ്പ്പെടത്തൊടെ പറഞ്ഞതായതു്:

പെ. ബ. എന്റെ പിതാവെ, വിശ്വാസിന്നു ശരിയൊത്തവനായ ആ ദിഷ്ട ആത്തെയാണു ഈ വ്യർത്ഥമായ സന്ദേഹത്തെ എന്നിൽ ജനിപ്പിച്ചതു്. എന്നാൽ എന്റെ ഹൃദയ അന്തരംഗത്തിലുണ്ടാകുന്ന ദൃഢമായ രഹസ്യനിനവുകളെ അറിയുന്നതിനു വരം പ്രാപിച്ചവനായ പരിശുദ്ധപിതാവെ, ഇപ്രകാരമുള്ള ദുർനിനവുകൾ മേലാൽ എന്റെ ഹൃദയത്തിൽ പ്രവേശിക്കാതിരിപ്പാനായി ദൈവത്തൊടു തങ്ങൾ

പ്രാർത്ഥിക്കേണമെ. എന്നു പറഞ്ഞു ഉടനെ കുനിഞ്ഞു വാൾ എടുത്തുകൊണ്ടു ദ്വാരംവഴി പുറത്തേക്കു ചാടി അലറി പറയുന്നതായതു: 'ആത്തോ എവിടെ? ആ ദുഷ്ട രാജദ്രോഹി എവിടെ? ആ ചണ്ഡാളപാതകൻ എങ്ങിനെ പൊയ്കളഞ്ഞു? എന്നെ ചതിപ്പാൻ തുനിഞ്ഞു പുറപ്പെട്ട ആ കൎത്തൃദ്രോഹിയെ അന്വെഷിപ്പിൻ; അവനെ ഞാൻ ഈ ക്ഷണത്തിൽ ഈ വാളിന്നു ഇരയാക്കാതിരിക്കുമൊ?' എന്നു പറഞ്ഞു നാലുദിശിയും തിരിഞ്ഞന്വെഷിച്ചു. പക്ഷെ ആ ദുഷ്ടൻ അതി വെകിടകൌശലനുകയാൽ പാമ്പുപോലെ ജനപുരുഷാരത്തിൽ കലൎന്നു ഓടിപ്പൊയ്കളകയുംചെയ്തു.

രാജാവു വീണ്ടും ആ മരിച്ചവീട്ടിലെക്കുതന്നെ പ്രവേശിച്ചു, കുറെനേരം ജപ ചെയ്തശേഷം ആ പ്രേതത്തെ രാജചിലവിന്മെൽ ബഹു ആഡംബരമോടിയൊടെ ശവസംസ്കാരംചെയ്യണമെന്നു തീട്ടൂരവും കൊടുത്തുകൊണ്ടു ബ. യോഹന്നാനച്ചൻ, രാജ്ഞി, ആൽപ്രെഡ്പ്രഭു മുതലായവർ ഒരുമിച്ചു അരമനയിൽ പോയിച്ചേൎന്നു. എന്നാൽ അന്നു ആഗമനകാലത്തിന്റെ ആരംഭദിവസമാകയാൽ, അരമനയൊടുചേൎന്ന ദേവാലയത്തിൽ രാജപരിചാരകന്മാൎക്കു പ്രസംഗിക്കുന്നതിന്നു യോഹന്നാനച്ചൻ വരണമെന്നു അദ്ദേഹത്തെ അതി വിനയപൂൎവ്വം രാജൻ ക്ഷണിച്ചു.

നാലാം അദ്ധ്യായം.

യോഹന്നാൻ ഗുരുസ്വാമിയർ.

ഈ യോഹന്നാൻ ഗുരുവിന്റെ മാതാപിതാക്കന്മാർ നെല്ലുമന്യാൻ എന്ന പട്ടണത്തിൽ ബഹു ഉന്നതഗോത്രക്കാരും അതി ധനവാന്മാരുമായിരുന്നതുമൈന്യെ അവർ പ്രതിദിനം ദൈവഭയഭക്തിയിൽ മുഴുകി തങ്ങൾക്കുള്ള ദ്രവ്യം ദാനധർമ്മത്തിൽ ധാരാളമായി ചിലവുചെയ്തുകൊണ്ടു ഉത്തമ ക്രീസ്തവരായി വ്യാപരിച്ചുവന്നിരുന്നു. അദ്ദേഹത്തിന്റെ അമ്മ അനേക വത്സരം പുത്രരില്ലാതെ മച്ചിയായിരുന്നതിനാൽ ജപതപങ്ങളും ഒരുനേരഉപവാസങ്ങളും ധാരാളമായ ദാനധർമ്മങ്ങളും ചെയ്തു ദൈവത്തെ ഭജിച്ചുകൊണ്ടു തങ്ങൾക്കു ഒരു പുത്രനെ നൽകണമെന്നു അതി ഭക്തിവിനയപുരസരം ദിനംപ്രതി സർവ്വേശ്വരനൊട്ടു പ്രാർത്ഥിച്ചുവന്നിരുന്നു. ആകയാൽ കൃപാസമുദ്രമായ ദൈവം അങ്ങെ ഈ വിശ്വസ്ഥദാസരുടെ പ്രാർത്ഥനയെ തള്ളാതെ ദിനന്തോറും അവർ ചിന്തും കണ്ണുനീരുകളെ കടാക്ഷിച്ചു ഒരു ആൺകുട്ടിയെ അവക്കു നൽകുകയുംചെയ്തു. എന്നാലല്ല ആ ശിശു പിറക്കയിൽ ആഭവനത്തിന്റെ മുകളിൽ കാണപ്പെട്ട ഒരു കാന്തിയുള്ള അഗ്നിജ്വാലയാൽ അദ്ദേഹം ഒരു മഹാത്മാവായി വിളങ്ങുമെന്നു മുൻകൂട്ടി ദൈവം ലക്ഷ്യപ്പെടുത്തുകയുംചെയ്തു.

ഇങ്ങിനെ അത്ഭുതമായി പിറന്ന ആ ശിശുവി

ന്നു യോഹന്നാൻ എന്ന നാമം വിളിച്ചു അതി വാത്സല്യമോടെവളർത്തുകയും ആ ചെറുബാലൻ ഒറ്റവാക്കുകൾ ഉച്ചരിച്ചുതുടങ്ങുകയിൽ തന്നെ "ഈശൊ, മറിയം, യൌസെപ്പ്" എന്ന വന്ദ്യനാമങ്ങളെ അവനെ പഠിപ്പിക്കയുംചെയ്തുകൊണ്ടു, ദൈവം ആശ്ചര്യ്യവിധമായി തങ്ങൾക്കു ചെയ്ത മനോഹരണത്തിന്മേൽ നന്ദിയുള്ളവരായി മുമ്പിലത്തെതിലും അധികമായി ദൈവ ഭയം നടത്തിവന്നിരുന്നു.

ഇങ്ങിനെയിരിക്കെ ആ ചെറുബാലനു ഒരു രോഗംവന്നു പിടിപെടുകയിൽ ആ രോഗശാന്തിക്കു ഔഷധത്തിനു അനവധി ദ്രവ്യം ചിലവുത്തിട്ടും ഒരു ഫലമില്ലാതെ ദിനംപ്രതി ബാലന്റെ ദേഹം മെലിഞ്ഞു ബലഹീനനായി മരണാവസ്ഥയിൽ കിടന്നിരുന്നു. എങ്കിലും മാതാപിതാക്കൾ ദൈവത്തിന്മേലുള്ള ശരണം വിടാതെ, അങ്ങെ കൃപ ഇടവിടാതെ ഇരന്നു പ്രാർത്ഥിക്കയും ദരിദ്രക്കു ധാരാളമായ ദാനധർമ്മം കൊടുക്കയും മറും ചെയ്തിരുന്നു.

പരിശുദ്ധമറിയത്തോടും, "ദൈവമാതാവെ, സങ്കടപ്പെടുന്നവക്കു ആദരവെ, രോഗസ്ഥക്കു ആരോഗ്യമെ, ഈ ഞെരുക്കാവസരത്തിൽ ഞങ്ങൾക്കു തുണയായി എഴുന്നരുളി വരെണമെ. കനിവുള്ള അമ്മെ, അങ്ങെ പ്രാർത്ഥനയാൽ ഈ പൈതലിനു ആരോഗ്യംകൊടുക്കുമെങ്കിൽ അങ്ങെ തിരുക്കുമാരന്റെ ദിവ്യഭയത്തിന്നായി ഇവനെ പരിപൂർണ്ണമനസ്സോടെ ഞങ്ങൾ കയ്യാളിക്കുന്നു." എന്നു നേർച്ചയും

നേന്ദ്ര പ്രാർത്ഥിച്ചു.

ആകയാൽ പരിശുദ്ധ അമ്മ കരുണയൊടെ അവരുടെ പ്രാർത്ഥനയെ സ്വീകരിച്ചു വിസ്മയവിധത്തിൽ ആ ബാലനു ആരോഗ്യം കൊടുത്തരുളുകയും ചെയ്തു. നമ്മുടെ യോഹന്നാനു ഒ വയസ്സു നടക്കയിൽ ദൈവം തനിക്കു ചെയ്തരുളിയ ഈ പ്രത്യേക മനുഗ്രഹം തന്റെ കാരണവന്മാർമൂലമറിഞ്ഞുമാതാപിതാക്കളുടെ പ്രാർത്ഥനയ്ക്കു താനും ഇണങ്ങി ബഹു സന്തോഷാനന്ദത്തൊടെ ദൈവ ഭയത്തിനു തന്നെ മുഴുവൻ കയ്യാളിച്ചു.

ഈ ഉത്തമബാലൻ പള്ളിക്കുടത്തിൽ പഠിക്കയിലെതന്നെ കൂടെ പഠിക്കുന്ന സഖികൾക്കു പുണ്യദൃഷ്ടാന്തമായ ഒരു കണ്ണാടിപോലെ വിളങ്ങി, ദിനംപ്രതി അനേകം പൂജകൾ കാണുകയും, മഹാഭക്തിവിനയത്തൊടെ ജപനമസ്കാരങ്ങൾ നിരവേറുകയും, പല ഭക്തസഭകളിൽ ചേരുകയും, പല അത്ഭുത ദേവാലയങ്ങളിൽപോയി സന്ദർശിക്കയും, ആഴ്ചതൊറും തെറ്റാതെ ബഹു ഭക്തിവിനയപുരസ്സരം ദിവ്യകാരുണ്യം ഉൾക്കൊൾകയും മറും ചെയ്തുവന്നിരുന്നു.

ഇങ്ങിനെ അയാൾ തക്ക പ്രായപൂർത്തം കീർത്തിപെട്ട വിദ്യാലയങ്ങളിൽ ഉന്നതമായ ശാസ്ത്രവിദ്യകൾ ബഹു സാമർത്ഥ്യത്തൊടെ അഭ്യസിച്ചു ചൊൽകൊണ്ട ഒരു ശാസ്ത്രജ്ഞനായി ചമഞ്ഞു. പിന്നീടു തനിക്കു ൨൭-വയസ്സു നടക്കയിൽ ദീർഘനാളത്തെ അ

യത്തങ്ങളും ചെയ്യുന്നുപ്പട്ടമേൽക്കയും ചെയ്തു. പ്രാഗപ്പട്ടണത്തിലെ മെത്രാപ്പോലിത്താ അവർകൾ ഇദ്ദേഹത്തിൻ സുകൃതവ്യാപാരമറിഞ്ഞു സിംഹാസനദേവാലയത്തിന്റെ വികാരി, കാനോനിസ്ഥൻ, കന്യാസ്ത്രീകളുടെ ആത്മഗുരു എന്ന സ്ഥാനജോലികൾ ഇദ്ദേഹത്തെ ഏല്പിച്ചിരുന്നു.

മനുഷ്യരുടെ ആത്മരക്ഷമേൽ ഇദ്ദേഹത്തിനുണ്ടായിരുന്ന അത്യന്ത ആശനിമിത്തം പ്രസംഗങ്ങളാലും ബുദ്ധിയുപദേശങ്ങളാലും ഇടവിടാതുള്ള ജപതപങ്ങളാലും അനവധി പാപികളെ നൽവഴിക്കു തിരിച്ചു നടത്തിയിരുന്നു. ഇദ്ദേഹത്തിന്റെ പരിശുദ്ധ ജീവിതംമുഖാന്തരം ഇയാളുടെ പ്രസംഗം കേൾപ്പാനും ഇയാളൊട്ടു പാപസങ്കീർത്തനംചെയ്വാനും അനവധി ജനം എപ്പൊഴും വന്നുകൂടിയിരുന്നു. എന്നുമാത്രമല്ല, ഈ സൽഗുരുവിന്റെ പുണ്യവ്യാപാരം അറിഞ്ഞു രാജ്ഞി അവർകളും സ്വന്ത ആത്മപിതാവായി ഇദ്ദേഹത്തെ തിരിഞ്ഞെടുത്തു സകലത്തിലും ഇദ്ദേഹത്തിന്റെ ചൊല്പടി വ്യാപരിക്കയും ഇദ്ദേഹംവഴിയായി വളരെ ദാനധർമ്മംകൊടുക്കയും ചെയ്തിരുന്നു. രാജ്ഞനും അരമനയിൽപെട്ട സകലക്കും ഉപദേഷ്ടാവായി ഇദ്ദേഹത്തെ നിയമിച്ചു അതി വണക്കമൊടെ സാരമായ പലസംഗതികൾ ഇദ്ദേഹത്തൊട്ടു ആലോചിക്കയും ചെയ്തുവന്നിരുന്നു.

അതുമുഖാന്തരമാണ ദിവ്യ ആത്മായുടെ ആവഞ്ചനവാക്കുകളാൽ വെൻസ്ലാവൂസു ചതിവിലുൾ

പ്പെട്ടു, വാളൂരിപിടിച്ചുകൊണ്ടു വിഷ്ണുചിക വീട്ടിലെക്കു കുതിച്ചുചാടിയസമയം, ദീർഘദർശനവരം പ്രാപിച്ചവനായ ഈ യോഹന്നാൻ ഗ്രന്ഥസ്വാമി രാജാവിനൊടു രാജാവെ, ദുഷ്ടന്മാരുടെ ദുരാലോചനകൾ കേട്ടു കുറെമറവരും പുണ്യവതികളുമായ തങ്ങളുടെ പതിയുടെയും ആൽപ്രെഡ് പ്രഭുവിന്റെയും നേരെ എന്തൊ വ്യർത്ഥമായി സന്ദേഹപ്പെട്ട ദോഷ്യമായിരിക്കുന്നു? എന്ന അർത്ഥത്തിൽ മാലാകാമാരുടെ നേരെ എത്രനാൾ തങ്ങൾ സംശയിക്കും എന്നു പറഞ്ഞതു്.

എന്നാൽ ആ തൊയുടെ ആ വഞ്ചനയുടെശേഷം അവർ അരമനയിൽ വന്നിട്ടു കുറച്ചു കഴിഞ്ഞപ്പോൾ വെൻസ്ലാവൂസു രാജ്ഞിയൊടു, 'നാളത്തെദിവസം ഒരു ദുഷ്ടനായ രാജദ്രോഹിയെ കഴുവിന്മേൽ തൂക്കുന്നതിന്നു നാം തീർപ്പുചെയ്തിരിക്കുന്നു. അയതു് ആരെയാണു എന്നു അറിഞ്ഞുവോ? നമ്മുടെ കരങ്ങളിൽ നിന്നു അനവധി ഉപകാരങ്ങൾ പ്രാപിച്ചവനായ ആ നന്ദികെട്ട ആ തൊയെതന്നെയാണു' എന്നു പറഞ്ഞു.

എന്റെ നായകനായ രാജനെ, ആ പ്രഭുവിന്റെ തെറ്റിന്നു ഈ ഒരുപ്രായശ്ചിത്തം തങ്ങൾ പൊറുതിനൽകിയാൽ മേലാൽ അയാൾ വ്യാപാരം നന്നാക്കുമെന്നു ഞാൻ ശരണപ്പെടുന്നു.

എന്റെ കണ്മിഴിയെ, ആ പാതകൻ ചെയ്ത ദ്രോഹം ഇന്നതാണെന്നു നിനക്കു തിരിഞ്ഞില്ലയൊ?

അയാൾ പല വിഷയങ്ങളിലും തെറ്റിപ്പോയിരിക്കാം എന്നാലും ദൈവത്തിൽനിന്നു അധികാരം പ്രാപിച്ചിരിക്കുന്ന തങ്ങൾ നീതിയോടെ ദയയേയും പരിപാലിക്കേണ്ടതല്ലയൊ?

പക്ഷെ അവൻ ചെയ്തത് ഒരു അല്പതെറ്റല്ലൊ, ഒരു മഹാ പാതകമാണെല്ലൊ; ഇതെവരെ ഒരിക്കലും ഞാൻ കേട്ടിട്ടില്ലാത്ത മഹാ ദോഷമാണല്ലൊ ചെയ്തത്?

അതുകൊണ്ടുതന്നെയാണു തങ്ങൾ നല്ലവണ്ണം മനസ്സുചെലുത്തി, നമ്മുടെ ദിവ്യരക്ഷകന്റെ പരമകല്പനയെ പിന്തുടർന്നു അവനു പൊറുതിനൽകുന്നതിനു കരുണചെയ്യണമെന്നു പറയുന്നത് എന്നു ഞാൻ തങ്ങളൊടു പറയണമൊ, തങ്ങൾക്കുതന്നെ നല്ലവണ്ണം അറിയാമല്ലൊ.

അതെ, അത് നേരുതന്നെ. എന്നാൽ ആ പരമചണ്ഡാളൻ ഇനിക്കു ഉയിരും ജീവനുമായിരിക്കുന്ന ആളുടെപേരിൽ (രാജന്റെ നാവു കുഴഞ്ഞു വിക്കിമുക്കികൊണ്ടു) അല്ലെ ദ്രോഹം നിനച്ചത്?

വിഷ്ണുചിക ഭവനത്തിൽവച്ചു ആ തൊഴാതൊട്ടചെയ്ത വഞ്ചനയെ ബന്ധിച്ചാണു രാജാവു പറയുന്നതെന്നു രാജ്ഞി ഗ്രഹിച്ചു പുഞ്ചിരിയൊടെ, 'ഞാൻ അപ്പൊൾതന്നെ എന്റെ മുഴുഹൃദയത്തൊടെ അത് അയാളൊടു പൊറുത്തു' എന്നു പറഞ്ഞു.

എന്റെ കണ്മിഴിയെക്കാൾ സ്നേഹമേറിയ പതിയെ, സ്ത്രീവർഗ്ഗത്തിൽവച്ചു ശ്രേഷ്ഠതയുള്ള ഉത്ത

മെ, സകല പുണ്യങ്ങളിലും പ്രത്യേകിച്ചു വിരക്തി യിലും പ്രകാശശോഭയോടെ വിളങ്ങുന്ന കറയറ്റ പതിവ്രതയെ; ഈ വിധ ഉത്തമ പുണ്യസൽഗുണങ്ങളാൽ ശോഭിച്ചു വിളങ്ങുന്നവളായ നിനക്കു യോഗ്യ ഭർത്താവാകുന്നതിനു ഞാൻ അപാത്രവാനാണെന്നതു നിശ്ചയംതന്നെ.

എന്റെ വാത്സല്യഭർത്താവെ, ഇതുവരെ ഞാൻ ഏതൊരു വിഷയത്തിലെങ്കിലും തങ്ങളുടെപേരിൽ ഒരു അല്പ കുറവെങ്കിലും പറഞ്ഞിട്ടുണ്ടോ?

ഇല്ല, ഇല്ല. ഞാൻ അനവധി തെറ്റുകൾ ചെയ്തിരുന്നാലും നീ അത് ഒരിക്കലും ഗണ്യമാക്കിയിട്ടില്ല. നീരസമായിട്ട ഒരു വാക്കുപോലും സംസാരിച്ചിട്ടില്ല. എന്നാൽ ഇനിമേലാൽ എന്റെ വ്യാപാരം കുമപ്പെടുത്തുന്നതിനു ഞാൻ പ്രയത്നിച്ചുകൊള്ളാം.

എന്റെ വാത്സല്യഭർത്താവെ, തങ്ങളോടു ഇപ്പൊൾ ഞാൻ വളരെ വന്ദനം പറഞ്ഞുകൊള്ളുന്നു. തങ്ങളുടെ ഈ വചനത്താൽ ഇനിക്കു എത്രയൊ സന്തോഷാനന്ദമുണ്ടാകുന്നു. വളരെ ദീർഘനാളായിട്ടുള്ള എന്റെ പ്രാർത്ഥനയെ ഇന്നു ദയാപരനായ സർവ്വേശ്വരൻ ഇനിക്കു നൽകുന്നതിനു ചിത്തമായി. എന്നാൽ തങ്ങളോടു ഒരു അപേക്ഷ. അതായത്: ഇതുവരെക്കും ഞാൻ നടത്തിവന്ന ധർമ്മകൃത്യങ്ങളെ മേലാലും പിന്തുടരുന്നതിനുള്ള അനുമതി ഇനിക്കു നൽകണമെന്നു പ്രാർത്ഥിച്ചുകൊള്ളുന്നു.

ഈ വിഷയത്തിൽ എന്റെ അനുമതി നിനക്കു

അവശ്യമില്ല. നമ്മുടെ രാജഭണ്ഡാരത്തെ മുഴുവൻ നിന്റെ കൈവശം ഞാൻ ഏല്പിച്ചിരിക്കുന്നു. ധർമ്മം കൊടുത്തിട്ടു ശേഷിക്കുന്ന ധനം നമുക്കു മതി.

ഞാൻ ദരിദ്രരെ ചെന്നുകണ്ടു അവർക്ക് ധർമ്മം കൊടുക്കുന്നതുകൊണ്ടും രോഗസ്ഥരെ സന്ദർശിച്ചു അവർക്ക് ഉപകാരസഹായങ്ങൾ ചെയ്യുന്നതുമുഖാന്തരവും എന്റെ സ്നേഹഭർത്താവെ, അശേഷം തങ്കൽ മനംകലങ്ങി വിഷാദിക്കേണ്ട. എന്തുകൊണ്ടെന്നാൽ നമ്മുടെ ആജ്ഞക്കു ഏല്പിക്കപ്പെട്ട പ്രജകളെ ക്ഷേമവും സന്തോഷവും സുഖവും ഉള്ളപ്പോൾ മാത്രമല്ല, പിന്നെയോ കഷ്ടതകളും, ഞെരുക്കങ്ങളും, രോഗങ്ങളും, ദരിദ്രവും ഉള്ളപ്പോൾക്കൂടെയും അവരെ നാം ആദരിച്ചു കാത്തുരക്ഷിക്കുന്നതിന്നു കടപ്പായിരിക്കുന്നു. നമ്മുടെ പരിശുദ്ധ വേദവും പഠിപ്പിക്കുന്നത് ഇതുതന്നെയായിരിക്കുന്നുവല്ലൊ.

എന്റെ കണ്ണിനെക്കാൾ അധികം ഇഷ്ടമുള്ള ഭാര്യയെ, നീ ദൈവത്താൽ അയക്കപ്പെട്ട ഒരു മാലാകതന്നെയാകുന്നു. നീ സംസാരിക്കുന്നത് കേൾക്കുയിൽ എന്റെ ഹൃദയത്തിൽ ഒരുവിധ ആനന്ദം ജ്വലിക്കുന്നു. ഇനി നിന്റെ വാക്കിന്നു വിരോധം ഒരിക്കലും ഞാൻ പറകയുമില്ല നിനയ്ക്കയുമില്ല.

തങ്ങളുടെ അനുമതിയൊടെ ഇപ്പോൾ വേറെ ചില വിഷയങ്ങൾ ബന്ധിച്ചു പറവാൻ ഞാനാഗ്രഹിക്കുന്നു: ഒരു രാജ്യം ചെഴിച്ചു പുഷ്ടിയായി വരണമെങ്കിൽ ഒന്നാമതുതന്നെ അതിന്റെ രാജാവു ധർമ്മ

വ്യാപാരത്തിലും നീതിന്യായത്തിലും ദൃഷ്ടാന്തമായി മുൻ നടന്നു കാണിക്കയും പ്രജകളുടെ വശത്തിന്നു മേല്പെട്ട നികുതി കല്പിക്കാതെ അവക്ക് വിമിഷ്ടമില്ലാത്തവിധം ഭരിക്കുകയും ചെയ്യുന്നത് അത്യാവശ്യകമാണു. രാജാം കാർലൊസെന്ന തങ്ങളുടെ വാത്സല്യപിതാവു അന്യരാജ്യങ്ങളൊടുള്ള യുദ്ധത്തിന്നുവേണ്ടിയ ചിലവിന്നായി അധികമായ നികുതി കല്പിക്കുനിമിത്തം പാവപ്പെട്ട കുടികളെ ദരിദ്രത്തിൽ അകപ്പെടുത്തിയിരിക്കുന്നു.

എന്നാൽ ധനികരായ പ്രഭുക്കൾമുതലായ ഓരോരുമാർ രാജാക്കന്മാരെപ്പോലെ ധനപുഷ്ടിയിലുമിരിക്കുന്നു. ഇതുനിമിത്തം നമ്മുടെ നാട്ടിലെ വളരെ ജനങ്ങൾ തീരെ ദരിദ്രരായി ഭവിച്ചു നാനാദിക്കുകളിലെക്കും ദേശാന്തരികളായി പുറപ്പെട്ടുപോകുന്നു എന്നു മാത്രവുമല്ല, ഈ അനീതിനിമിത്തം നീതിമാന്മായ ദൈവം ക്രൂരക്രൂടെ വസന്തകൾ, വഞ്ചനം, പട, യുദ്ധം, ആവലാധി, കലക്കം, കുഴപ്പം മുതലായവകളാൽ നമ്മുടെ രാജ്യത്തെ ശിക്ഷിച്ചുംവരുന്നത് തങ്ങളുടെ മഹത്വത്തിന്നു തിരിയാത്ത ഒരു കായ്വുമല്ല. പഴയ വേദവും തിരുസ്സഭ ചരിത്രവും വായിച്ചുനോക്കിയാൽ ഇതിന്നു ദൃഷ്ടാന്തങ്ങൾ വേണ്ടുവോളമുണ്ടു.

ഇനി അത്രദൂരം പോകണമെന്നുമില്ല, ഒരു കുടുംബത്തെ ഉദാഹരണമായി ചിന്തിച്ചാൽ അറിയാവുന്നതുമാണു. എങ്ങിനെയെന്നാൽ കുടുംബത്തലവനായ പിതാവു മദ്ധ്യവാനിയും, കാമാതുരനും, അന്യ

വസ്തു അപഹരിക്കുന്നവനും, ദൈവഭയമറവനുമായിരുന്നാൽ അവന്റെ പുത്രർ തങ്ങളുടെ പിതാവിന്റെ വ്യാപാരത്തെ അനുഗമിക്കാതിരിക്കുമൊ? അല്ലെങ്കിൽ അമ്മ ഭൂഷണങ്ങളും ഒരുക്കുകളും പറയുന്നവളും, കലഹക്കാരിയും, ദയയില്ലാത്തവളുമായിരുന്നാൽ അവളുടെ മകളും അവളെ വിഞ്ചെല്ലുമെന്നതിനു സന്ദേഹമുണ്ടൊ? ഇപ്പോൾ തങ്ങൾ ദയവായി അല്പമൊന്നു ആലോചിച്ചുനോക്കിയാൽ നമ്മുടെ രാജ്യവും ഇപ്പോൾ പറഞ്ഞ കഡുംബത്തിനു ശരിയാകുന്നുവെന്നു ഗ്രഹിക്കാവുന്നതാണു.

എങ്ങിനെയെന്നാൽ നമ്മുടെ നാട്ടിലുള്ള ഉദ്യോഗസ്ഥർ എല്ലാം നീതിയെ പാലിക്കാതെ ദ്രവ്യാഗ്രഹം മുഖാന്തരം കൈക്കൂലിവാങ്ങുന്നതിനു എപ്പോഴും വഴിതേടുകയാൽ നീതി നടക്കേണ്ടും കച്ചേരികളിൽ നീതിക്കുപകരം പാപങ്ങളും, അനീതികളും, നുണയും, ചതിവും, കള്ളവും, ഭള്ളും അധികരിച്ചിരിക്കുന്നു. മഹാന്മാരായ അവരുടെ ഈ വിധ ദുർമ്മാതൃകകളെ കാണുന്ന മറ്റു താണജനങ്ങളും ദൈവഭയമറവരായി, ഞായറാഴ്ചദിവസങ്ങളെയും മറ്റും ഗണ്യമാക്കാതെ ദൈവപ്രമാണങ്ങൾ ലംഘിച്ചു അതിക്രമികളായി വ്യാപരിച്ചുവരുന്നു.

നമ്മുടെ നാട്ടിന്റെ സ്ഥിതി ഇങ്ങിനെ ആകുന്ന കാലപര്യന്തം അത് തഴച്ചു പുഷ്ടിയായി വരുമെന്നു മഹിപതിയായ രാജനെ, വാസുവത്തിൽ തങ്ങൾ കരുതുന്നുവൊ? അതിനെ മുറിച്ചു വളഞ്ഞിരിക്കുന്ന

ദൈവശാപം നീങ്ങുമെന്നു നിനക്കുന്നുവൊ? പഞ്ഞം പട വസന്തമുതലായ നാട്ടുദ്ദ്രവ്യങ്ങൾ നീങ്ങുമെന്നു സ്വപ്നത്തിൽപോലും വിചാരിക്കാമൊ? പരിഛേദമില്ല എന്നും മറ്റും രാജ്ഞി ബഹുവാക്കായതുകൊണ്ടു പറഞ്ഞു.

അത് വെൻസ്ലാവൂസു ഒരക്ഷരം ശിമക്കാതെ അടങ്ങിയിരുന്ന കേട്ടാറെ, ആ!! ഈ വിധ വിസ്മയകര ജ്ഞാനവും അറിവും പരിജ്ഞാനവും ഈ സ്ത്രീക്കു എങ്ങിനെകിട്ടി! ദൈവംതന്നെ അവളുടെ ഹൃദയത്തിൽ ഇനിക്കായിതന്നെ ചിന്തിയതാണെന്നതിനു സന്ദേഹമില്ല. എന്നു മനസ്സിൽ തീർമ്മാനിക്കയും ചെയ്തുകൊണ്ടു പറയുന്നതായത്: "എന്റെ വാത്സല്യപത്നിയെ, നാരിശ്രേഷ്ഠത്തിൽവച്ചു ഉത്തമെ, നമ്മുടെ നാട്ടിൽ ഇപ്പോൾ ഉണ്ടായിരിക്കുന്നസകല അലങ്കോലങ്ങൾക്കും ഏക കാരണം ഞാൻതന്നെയായിരിക്കുന്നു. അത് ഞാനിതുവരെയും അശേഷം ചിന്തിക്കുകയും ചെയ്തിട്ടുമില്ല. നീ ഇപ്പോൾ എന്റെ കണ്ണുകളിൽ പടർന്നിരുന്ന ഇരുൾപടലം നീക്കിയിരിക്കുന്നു. എന്റെതെറ്റുതന്നെ. അതെ, അതെ, നേരുതന്നെ. ഇപ്പോൾ സ്പഷ്ടമായി ഞാൻ കാണുന്നു. ഇനിമേലാൽ നിന്റെ ആലോചനകൂടാതെയാതൊന്നും ഞാൻ പ്രവൃത്തിക്കയില്ല.

ഇതുകൂടാതെയും നമ്മുടെ നാട്ടിന്നു ശുഭംവരണമെങ്കിൽ ഇപ്പോഴുള്ള സക്കാരുദ്യോഗസ്ഥന്മാരെ അടച്ചു മാറുന്നത് അത്യാവശ്യകമാണു" എന്നു പ

റഞ്ഞു രാജ്ഞിയൊരുമിച്ചു ആലോചിച്ചുകൊണ്ടു ഉദ്യോഗമാറ്റങ്ങൾസംബന്ധിച്ചു ഒരു കുറിപ്പുണ്ടാക്കി. അതിന്റെശേഷം വെൻസ്ലാവൂസു, രാജ്ഞിയൊട്ട 'അതെ, ഇപ്പൊൾ നാം ഓരൊരുത്തക്ക് തക്ക ഉദ്യോഗങ്ങൾ നിയമിച്ചു നിശ്ചയിച്ചല്ലൊ; എന്നാൽ ഒരു പ്രഭുവിന്റെ പേരുമാത്രം ഇതിൽ വന്നിട്ടില്ല.'

അത് ആരാകുന്നു മനസ്സിലായില്ലല്ലൊ?

നിന്റെ ഇഷ്ടരിൽ പ്രധാനിയായ ഒരുവൻതന്നെ.

റാണി പുഞ്ചിരിയൊടെ ഒ! ഹൊ! എന്റെ സഹൊദരനായ ആൽപ്രെഡ്പ്രഭുവൊ?

അതെ, അതെ. ആയാൾതന്നെ.

പക്ഷെ മുമ്പെ ഒരുകാലത്തു അതായത്: അയാളുടെ അപ്പൻ ജീവിച്ചിരുന്നപ്പൊൾ അയാൾക്കു ലൊകസൌഭാഗ്യങ്ങളിന്മെൽ വളരെ താല്പൎയ്യമായിരുന്നത് നെരുതന്നെ ആയിരുന്നു. എന്നാൽ പിതാവിന്റെ മരണശേഷം അയാളുടെ സ്വഭാവം മുഴുവനും തീരെ മാറിപ്പൊയി എന്നുമാത്രവുമല്ല, കഴിഞ്ഞ വൎഷംമുതൽക്കു അയാൾ വെറെ മനുഷ്യനായി പകൎന്നിരിക്കുന്നു.

ആകയാൽ ആട്ടം പാട്ടു കളിമുതലായ വിനൊദങ്ങളിൽ അയാൾ അശെഷം പ്രവെശിക്കാതെ ദെവാലയങ്ങളിൽ വളരെനെരം ചിലവഴിച്ചുവരുന്നു. ഇതുകൂടാതെയും തനിക്കു ജന്മമുള്ള നാട്ടുകളും വസ്തുക്കളും വിറ്റു ധൎമ്മംകൊടുത്തു സന്ന്യാസ അന്തസ്ഥിൽ

പ്രവേശിക്കണമെന്നാണെ കരുതിയിരിക്കുന്നത്. ആയത് മുഖാന്തരം ഏത് ഉയർന്ന ഉദ്യോഗംതന്നെ തങ്ങൾ കൊടുത്താലും അയാൾ ഏൽക്കുമെന്നു ഇനിക്കു തോന്നുന്നില്ല' എന്നു രാജ്ഞി പറഞ്ഞു.

അങ്ങിനെയാണെങ്കിൽ അയാളെ ഒരു ഘനമായ സംഗതിനിമിത്തം പ്രാൻസു നാട്ടിലെക്കു സ്ഥാനാപതിയായി അയക്കാം. മുമ്പിൽ അയാളെതന്നെയാണു ആ സ്ഥാനത്തിന്നു ഞാൻ നിയമിച്ചിരുന്നത്: പക്ഷെ ദുഷ്ട ആത്തോയുടെ കപടവാക്കുകൾ വിശ്വസിക്കുമൂലം എന്റെ ആ വിചാരം മാറി ആ ദുഷ്ട ചെന്നായെ അതിന്നു നിയമിച്ചുപോയി. എന്നാൽ ആ ചണ്ഡാളദ്രോഹി എന്റെ കുരൽവളെക്കു കത്തിവെച്ചതുനിമിത്തം ഇനി എന്റെ നാട്ടിൽ യാതൊരു ഉദ്യോഗവും അവന്നു ഒരിക്കലും ഞാൻ കൊടുക്കയില്ല. ആകയാൽ ആൽപ്രെഡ് പ്രഭുവിനെ സ്ഥാനാപതിയായി അയക്കാം അല്ലെ?

ഞാനറിഞ്ഞിട്ടുള്ളേടത്തൊളം അയാൾ ഈ ഘനജോലി ചെയ്തു നിവൃത്തിക്കുന്നതിന്നു തക്ക സാമർത്ഥ്യമുള്ളവനാണെ എന്നതിന്നു അല്പ സന്ദേഹവുമില്ല.

ഇങ്ങിനെ ചില നാളുകൾക്കുള്ളിൽ രാജാവു ആൽപ്രെഡ് പ്രഭുവിനെ ബഹു ആരവാരപരിവാരങ്ങളൊടെ പ്രാൻസിലെക്കു സ്ഥാനാപതിയായി അയക്കയുംചെയ്തു.

വെൻസ്സാവൂസു യോഹന്നാൻ ഗ്രന്ഥവിന്റെ സുകൃതവ്യാപാരങ്ങളെയും പുണ്യങ്ങളെയും അറിഞ്ഞു

അദ്ദേഹത്തൊട്ട ബഹു ആചാരവണക്കമായി പെരു
മാറുകയും, ഘനവിഷയങ്ങളിൽ അദ്ദേഹത്തൊട്ട ആ
ലോചിക്കയും ചെയ്തിരുന്നതിനാൽ നാട്ടമുഴുവനിലും
നീതി ശരിയായിപാലിക്കപ്പെട്ടുകയും പാപങ്ങൾ കു
റഞ്ഞു നാട്ട വളരെ ശുഭമായി തഴച്ചു പുഷ്ടിയായിവ
രികയുംചെയ്തിരുന്നതൊടെ സകലരും രാജ്ഞിയുടെ
സുകൃതവ്യാപാരത്തെയും ഉത്തമ വിവേകത്തെയും
പുകഴ്ത്തി സ്തുതിച്ചുകൊണ്ടാടിയുമിരുന്നു.

ദുഷ്ട ആത്തൊമാത്രം രാജകോപം ഒന്നു തണി
യുംവരെക്കു മോപ്പെർ ഒരുമിച്ചു രാജധാനിവിട്ട ഒരു
ദൂരദേശത്തു പോയി പാത്തുകൊണ്ടു രാജ്ഞിയുടെ കീ
ത്തി കെടുത്തുന്നതിന്നും കലഹങ്ങൾ ഉണ്ടാക്കി രാജാ
വിനെ കൊന്നു സിംഹാസനം പ്രാപിക്കുന്നതിന്നുമുള്ള
പല ഉപായതന്ത്രങ്ങൾ പിന്നെയും അന്വെഷിച്ചുവ
രുന്നു.

൧൦ാം അദ്ധ്യായം.

ഒരു വിനൊദമായ തക്കം.

ആത്തൊയും മോപ്പെരുമൊരുമിച്ചു തനിസം
ഭാഷണം ചെയ്തിരിക്കയിൽ മോപ്പെർ തന്റെ യജ
മാനനെനോക്കി 'മഹാ പ്രഭുവെ, തങ്ങൾ കരുതി
യ ലാക്കും, നിനച്ചിരുന്ന ആലോചനകളും, പെട്ട
പ്രയത്നവും, ചിലവറ്റുത്ത അനവധി ദ്രവ്യവും എ
ല്ലാം വ്യർത്ഥമായി ഭവിച്ചല്ലൊ കഷ്ടം!' എന്നു പറ

ഞ്ഞു.

മോപ്പൈർ, നീ ഇത്രകാലം എന്റെ ശിഷ്യനായിരുന്നിട്ടും നിന്റെ വായിൽനിന്നു ഈ വിധ വാക്കുകൾ പുറപ്പെട്ടതു് കേൾക്കുമ്പോൾ നേരായിട്ടു ഇനിക്കു ബഹു നാണംതന്നെയാണു.

അല്ല അങ്ങിനെയല്ല. എന്റെ നാഥനേ, ഭയമിട്ടല്ല ഞാൻ ഇങ്ങിനെ പറയുന്നതു്. ആ വിഷൂചിക ഭവനത്തിൽ സംഭവിച്ച സംഗതികൾ നാട്ടിൽ എങ്ങും പ്രസിദ്ധമായിരിക്കുന്നു എന്നതന്നെയുമല്ല രാജാവു തങ്ങളുടെനേരെ ബഹു കോപമായി തങ്ങളെ കുഴവിന്മേൽ തൂക്കണമെന്നുകൂടെ ആലോചന നടന്നതായിട്ടു ഒരു നാട്ടിലുംകൂടെ പറയുന്നതു് എന്റെ ചെവികളാൽ കേട്ടിട്ടുണ്ടു. അങ്ങിനെയിരിക്കുമ്പോൾ പിന്നെ നമ്മുടെ ആലോചന എങ്ങിനെയാണു നിറവേറുന്നതു് എന്നാണു ഞാൻ വിചാരിക്കുന്നതു്.

മോപ്പൈർ, വല്ല ഭന്നു പുല്ലും ആയുധമെന്നുള്ളതു നീ മറന്നുപൊയൊ? എന്നാലെ സാധിക്കാത്ത ഒരു കായ്മുണ്ടൊ? തങ്ങൾ കരുതിയലാകെ ഒർക്കലും തെറാത്തവർ ഭൂമിയിലുണ്ടൊ? ചെയ്തനൂറുയുദ്ധങ്ങളിൽ ഒന്നുമാത്രം തോറതുകൊണ്ടു നാണിക്കാമൊ? നമ്മുടെ പ്രയത്നങ്ങൾക്കു ആ ഹരുവാണു വിരൊധിക്കുന്നതു് കൊള്ളാം ഇരിക്കട്ടെ. അദ്ദേഹത്തിന്നും ഏറെ താമസിയാതെ ഒന്നു കാണിച്ചുകൊടുക്കാം. മോപ്പൈർ, നീ ശരണംകെടെണ്ടാ ഏറെ താമസിയാതെ

ഞാൻ മുമ്പു ആയിരുന്ന ഉദ്യോഗംതന്നെ പ്രാപിക്കുന്നതു നിനക്കു കാണാം. എന്നുമാത്രമല്ല ഞാൻ മുമ്പിലത്തെതിൽ അധികം രാജാവിന്നു ഇഷ്ടനാകുന്നതും നീ കാണും. ഈ ലിഖിതം ഒന്നു വായിച്ചുനോക്കുക. എന്നും പറഞ്ഞുകൊണ്ടു അവന്റെ കരങ്ങളിൽ ഇരുന്ന സ്വന്ത കൈപടയായ ഒരു എഴുത്തു മോപ്പെരിന്നു കൊടുത്തു. അവനതു വാങ്ങിവായിച്ചതായത:

മഹാരാജ്ഞി അവർകൾക്കു അങ്ങെ അടിമയായ ആത്തൊ താഴ്മയോടെ എഴുതുന്ന ഹർജി എന്തെന്നാൽ: അങ്ങെ മഹത്വത്തിലെയും മഹാപുണ്യവാനായ ആൽമപ്രഡ്പ്രഭുവിന്റെയും കീർത്തിയെ വഷളാക്കുവാനായി ഞാൻ പ്രവൃത്തിച്ചുപോയ ആ ദുഷ്കൃത്യം അവിടെക്കു അറിവുണ്ടല്ലൊ. ഈ മഹാപാപം വിശാചിന്റെ പരീക്ഷാതന്ത്രത്താലാണു ചെയ്തുപോയതെന്നു ഇപ്പോൾ ഞാൻ അറിയുന്നു. അതുമുഖാന്തരം ഇപ്പോൾ ഞാൻ അനുഭവിക്കുന്ന ദുഃഖം പറഞ്ഞൊപ്പിക്കാവതല്ല.

ഞാൻ ചെയ്ത ആ അക്രമപ്രവൃത്തിക്കു തക്ക പരിഹാരംചെയ്യാതെ എന്റെ അതിക്രമത്തിന്നു പൊറുതി പ്രാപിക്കുന്നതും അസാദ്ധ്യംതന്നെ. ആകയാൽ പരിശുദ്ധയായ രാജ്ഞിയെ, കരുണനിറഞ്ഞ രാജ്ഞിയെ, നമ്മുടെ ദിവ്യരക്ഷകനെപ്രതി എന്റെ ഈ ഘനമായ അക്രമം തങ്ങൾ പൊറുക്കണമെന്നു പ്രാർത്ഥിച്ചുകൊള്ളുന്നേൻ. എന്റെ ആ പാതകത്തെ ഞാൻ നിനക്കുന്നോറും എന്റെ ഹൃദയം വ്യാകുലത്താൽ മു

റിപ്പെട്ട വുണമായിപ്പോകുന്നു. ആകയാൽ ധർമ്മിഷ്ഠയായ രാജ്ഞിയെ, അടിയൻ അവിടത്തെയും ആൽപ്രെഡ്പ്രഭുവിന്റെയും കാല്പാദങ്ങളിൽ സാഷ്ടാംഗംവീണുകൊണ്ടു എന്റെ ഈ അതിക്രമപാപം പൊറുക്കണമെന്നു മഹാ താഴ്മയോടെ പ്രാർത്ഥിക്കുന്നെൻ.

എന്നു അങ്ങെ എളിയദാസൻ.

ആത്തോ.

എന്നു മോപ്പെർ വായിച്ചുതീർന്നടൻ ദുഷ്ട ആത്തൊ തന്റെ ദാസനൊട്ടു, "കണ്ടുവൊ മോപ്പെർ? ഈ വിധം താഴ്മയും ഇഷ്ടഭാവവുമുള്ള ഒരു കൌശലമെടുത്തുകൊണ്ടു ആ ഭോഷത്തിയായ റാണിയെ വഞ്ചിച്ചു അവൾവഴി വെൻസ്ലാവൂസിന്റെ കോപം തണുപ്പിപ്പാൻ നോക്കുകയാണു ഞാൻ"

ഒ! അത് ഒരിക്കലും സാധിക്കാത്ത ഒരു സംഗതിയാണു പ്രഭു, ആ വിഷ്ണുചിക വീട്ടിൽവച്ചു രാജാവു തങ്ങളെ വെട്ടുവാനായി വാൾ ഓങ്ങിയനേരത്തെ അയാളുടെ ഉഗ്രകോപമുഖം ഇപ്പൊഴും എന്റെ മനസ്സിൽനിന്നു മാഞ്ഞിട്ടില്ല, ആറുമാസമെങ്കിലും കഴിയാതെ അയാളുടെ ആ കോപം ശമിപ്പിക്കുന്നത് എങ്ങിനെയാണു അസാദ്ധ്യംതന്നെ.

വെൻസ്ലാവൂസിന്റെ സ്വഭാവം ഇനിക്കു നല്ലവണ്ണം അറിയാം. അയാൾ ഒരു മുരടനും, കോപവൈരിയനും, മന്ദബുദ്ധിയും, സ്തുതിപ്രിയനുമാണു. ഇങ്ങിനെയുള്ളവരെ മയക്കുന്നതിനു അത്ര പ്രയാസമാ

ന്നൊ മോപ്പെർ?

പക്ഷെ രാജ്ഞിയവർവൾക്കു തങ്ങളുടെ അ
ദ്രോഹമായ പ്രവൃത്തി നല്ലവണ്ണം മനസ്സിൽ പതി
ഞ്ഞിരിക്കുമ്പോഴത്തെ അത്രവേഗം അവൾ അത്
പൊറുക്കുമെന്നു തോന്നിയില്ല നാഥനെ.

മോപ്പെർ, നീ ശരിയായിട്ടു ഒരു കൊച്ചു ശീത്ത
ന്നെയാണു. ലോകം ഇന്നതാണെന്നു ഇതുവരെ നി
നക്കു അശേഷം തിരികയില്ല. നീ എന്റെ സാമർത്ഥ്യം
കണ്ടുകൊൾക. എണ്ണിട്ടു പത്തുദിവസങ്ങൾക്കകം
എന്തു മറുപടിയാണു വരുന്നതെന്നു നിന്റെ കണ്ണു
കൊണ്ടുതന്നെ നിനക്കു കണ്ടുകൊള്ളാം. ഇനിക്കു പൊ
രുതിമാത്രമല്ല രാജ അരമനയിൽ മുമ്പിലത്തെതിലും
വലിയ ഉദ്യോഗമാണു വരുവാൻപോകുന്നതു്.

എന്തെന്നാൽ നി മുൻപറഞ്ഞതുപോലെ രാ
ജ്ഞി വാസ്തുത്തിൽ ഒരു പുണ്യവതിതന്നെയാണു സ
ന്ദേഹമില്ല. അവൾ എത്രനല്ല ശീലഗുണമുള്ള നാ
രിയാണു എന്നറിഞ്ഞൊ? അവളുടെ കൂരൽവളെക്കു
പിടിച്ചു ഞെരിച്ച പാതകൻതന്നെയാകട്ടെ, പൊറു
ത്തി അപേക്ഷിച്ചാൽ ഉടൻ മുമ്പും പിമ്പും ഒന്നുംനോ
ക്കാതെ അവനൊട്ടു തൽക്ഷണം പൊറുക്കുമെന്നതിനു
അല്പ സംശയവുമില്ല. ഇത്ര ദയാശീലയായവൾ എ
ന്നൊട്ടു പൊറുക്കാതിരിക്കുമൊ? എന്നുമാത്രമല്ല, മോ
പ്പേർ, സൂക്ഷിച്ചുകൊൾക: പുണ്യവാളന്മാർ തങ്ങളു
ടെ ശത്രുക്കളൊട്ടു പൊറുപ്പാനായിട്ടുള്ള അവസരം എ
പ്പോളാകുന്നൊ ഉണ്ടാകുന്നതു് എന്നു ആശയൊടെ കാ

ത്തുകൊണ്ടിരിക്കയാണു. ആകയാൽ റാണിയും, ആ ൾപ്രൈഡും പോലെ സത്യമുള്ള മഹാത്മാക്കളായ പു ണ്യവാളരെ ചതിക്കുന്നതിനു ഒരു പ്രയാസവുമില്ല. പത്തുദിവസങ്ങൾക്കുള്ളിൽ ഞാൻ പറഞ്ഞതിന്റെ സത്യം നിനക്കറിയാം എന്നുമല്ല, റാണിയുടെയും ആ ൾപ്രൈഡിന്റെയും സ്വഭാവം ഏറിയകാലമായിട്ടു ഇ നിക്കു നല്ല വിവരമുണ്ടു ശുദ്ധ പരമാർത്ഥികളാണു.

അങ്ങിനെയാണെങ്കിൽ തങ്ങൾ റാണിയവർ കൾക്കു വരുത്തിയ അപകീർത്തിനിമിത്തം പശ്ചാതാപ മായി മേലാൽ ഒരു ഉപദ്രവവും അവൾക്കു ചെയ്യാ തിരിപ്പാനാണു കരുതിയിരിക്കുന്നതെന്നു തങ്ങളുടെ ഭാരം വാക്കുകളിൽനിന്നു ഇനിക്കു മനസ്സിലാകുന്നതു കൊണ്ടു ബഹു സന്തോഷമാണു. നന്നായിപോയി.

ആത്തോ ഇതുകേട്ടു ഹാ! ഹാ! ഹാ! എന്നു വാ തുറന്നു കൂലുങ്ങി ഒന്നു ചിരിച്ചു ആനന്ദിച്ചുകൊണ്ടു "നീ ഇതു ഭോഷനാകുന്നൊ മോപ്പെർ? ഒരു സ്ത്രീക്കു ഇതു വഴങ്ങുന്നതു് എന്റെ വംശത്തിനു അതു യോ ഗ്യതയാകുമൊ മോപ്പെർ? നിനക്കു ഓർമ്മയുണ്ടായിരി ക്കുമൊ പത്തു വത്സരങ്ങൾക്കുമുമ്പു ഈ വെൻസ്ലാവു സിന്റെ അപ്പനായ കർളൊസു രാജാവുചെയ്ത ഒരു യുദ്ധത്തിൽ തന്റെ പട്ടാളത്തിനു തോല്പിവരുന്നു എ ന്നു കണ്ടപ്പോൾ എന്താണു ചെയ്തതെന്നറിഞ്ഞൊ? ത ന്റെ പട്ടാളം പുറകോട്ടു ഓടിപ്പോകുന്നതിനു കല്പി ച്ചുകൊണ്ടു, തക്ക സ്ഥലത്തുവന്നപ്പൊൾ അവരെ പി ന്തുടരുന്ന ശത്രുക്കളുടെനേരെ പെട്ടന്നു തിരിച്ചുപാ

ഞ്ഞ യുദ്ധംചെയ്യ അവരെ തോല്പിക്കയാണ ചെയ്തത്. നാമും ചെയ്യുന്നത ഇതുതന്നെയാണ. ഇപ്പോൾ എന്തിനാണ ഇത്ര താഴ്മയോടെ കാൽക്കൽ ഞാൻ വീഴുന്നതെന്ന അറിഞ്ഞുവോ? നമ്മുടെ ലാക്ക സാധിപ്പാനല്ലാതെ മറെറാന്നിനുമല്ല. എന്നുമല്ല, "നീ ചെയ്യുന്നതിനെ മുഴുവനായി ചെയ്യ നിറവേറുക" എന്ന ചെറുപ്പത്തിൽ പള്ളിക്കൂടത്തിൽവച്ചു പഠിച്ചത് നീ മറന്നുപോയോ?

ഇല്ലില്ല, മറന്നിട്ടില്ല. പാപമില്ലാത്ത വിഷയങ്ങളിൽ നാം ധൈര്യംകെടാതെ പ്രവൃത്തിക്കണമെന്നും, പാപമായ സംഗതി ഒരിക്കലും ചെയ്യുകയരുതെന്നും വാദ്ധ്യാർ പറഞ്ഞതന്ന വിവരണം എന്റെ ഓർമ്മയിൽ ഇപ്പഴുമുണ്ട നാഥനെ.

എന്താ മോപ്പൈർ, നീ ഇത്ര ഭോഷനാണെന്ന ഞാൻസപ്നത്തിൽപോലും നിനച്ചുകൂടെയില്ലല്ലൊ. ഈ കഴിഞ്ഞ ആറുമാസങ്ങൾക്കിടയിൽ നിനക്ക ഒരു ഭയം തട്ടിയതുപോലെ ഇരിക്കുന്നല്ലൊ.

അതെ. മഹാപ്രഭുവെ, ആ വിഷ്ണുചികവീട്ടിൽവച്ചു റാണിക്ക അപകീർത്തിവരുത്തുന്നതിന്ന നാം പ്രയത്നിച്ച ആ രാത്രി എന്റെ മനസ്സിൽ വളരെ കലക്കവും, വിഷാദവും, ഭയവും, ദുഃഖവുമുണ്ടായി. പിറെറരാത്രി നീദയിൽ ഞാൻ കണ്ട ഒരു സപ്നത്തിൽ താങ്കളും ഞാനും ഒരെ നാളിൽതന്നെ അദൃശ്യമായ ഒരു കരത്താൽ കുത്തപ്പെട്ട ദുർഭാഗ്യരായി ചത്തുപോയി. എന്നുമല്ല, നമ്മുടെ പാപങ്ങൾനിമിത്തം പ്രത്യേ

കിച്ച രാജ്ഞിയവർകളുടെ കീർത്തിയെ കെടുത്തിയതിൽ ചെയ്ത മഹാ പാപവും, മറ്റു കുലപാതകങ്ങളും, കവർച്ചകളും മുഖാന്തരം നരകത്തിൽ തള്ളപ്പെട്ടവനും ഞാൻ കണ്ടു. അതുമുതൽക്കാണു ഒരു ഭയവും ഞെട്ടക്കവും ഇനിക്കുണ്ടായത്.

എന്നുമാത്രവുമല്ല, ആ രാത്രിമുതൽ പല രാത്രികളിലും ബഹു ഭയങ്കരമായ ഭ്രതങ്ങളെയും, സേവകർ കുതിരമേൽ കരേറി വാളുംവീശിക്കൊണ്ടു എന്റെമേൽ പായുന്നതിനെയും, ഭ്രതങ്ങൾ എന്റെ തലയെ ചവിട്ടി തകർക്കുന്നതിനെയും എരിയുന്ന പന്തങ്ങൾകൊണ്ടു എന്നെ ചുടുന്നതിനെയും മറ്റും ഞാൻ കണ്ടു. ചിലസമയങ്ങളിൽ ഭയങ്കരമായ ശബ്ദങ്ങൾ "ഒ! ചണ്ഡാളപാപി, യൂദാസെ, രക്ഷിക്കണം. നീ മനസ്സുതിരികയില്ലെങ്കിൽ നിന്റെ നിത്യനാശം സമീപിച്ചിരിക്കുന്നു. ഭദ്രമായി ശ്രദ്ധിക്ക" എന്നും മറ്റും പറയുന്നതും കേട്ടു.

ഇതുകൂടാതെയും എന്നു അവൻ പറയുന്നതിന്നിടെക്കു ആത്മൊവിന്നു ദോഷ്യവെറി അസഹ്യമായിത്തീർന്നെങ്കിലും അത് മറച്ചുകൊണ്ടു 'നീ ഒരു പുരുഷനൊ സ്ത്രീയൊ മോപ്പെർ? ഈ വിധം നീ ഭയപ്പെട്ടാൽ നാം കുരിയിരിക്കുന്ന ലാക്കു എങ്ങിനെയാണു സാധിക്കുന്നത്? ഭ്രതമെന്നും, കുതിരയെന്നും, വാളെന്നും മറ്റും പറഞ്ഞു പേടിച്ചുനടന്നാൽ ഞാൻ രാജ്യഭാരം ചെയ്യുന്നതും നിനക്കു പ്രഭുസ്ഥാനം സിദ്ധിക്കുന്നതുമെങ്ങിനെയാണു? എന്റെ ശിരസ്സിൽ രാജകിരീടം ചൂ

ട്ടുന്നത് കാണ്മാൻ നിനക്കു മനസ്സില്ലെ? വത്സരത്തിൽ ലക്ഷംരൂപാ കരങ്ങളിൽ വന്നു വീഴുന്ന ആ ഭാഗ്യം വേണ്ടായെന്നുംവച്ചു, കഞ്ഞിക്കുവേണ്ടി കാറുപോലെ പറന്നു നടക്കുന്നതാണൊ നിനക്കിഷ്ടം? നിനക്കു നല്ല വിവരമുള്ളപോലെ ഇതുവരെ നാം എത്രപേരെ കൊന്നിരിക്കുന്നു? എത്രമാത്രം രൂപാ അപഹരിച്ചിരിക്കുന്നു? എത്രയൊപ്രാവശ്യംകള്ളവ്യവഹാരങ്ങളുംകള്ളാധാരങ്ങളുംഉണ്ടാക്കിയിരിക്കുന്നു? നാംഇരുവരും പാപസങ്കീർത്തനംചെയ്തിട്ടു എത്രയൊ വർഷമായി? രാജഇഷ്ടം പ്രമാണിച്ചു ചിലപ്പൊൾമാത്രം ഒന്നുദേവാലയത്തിൽപോകുന്നുണ്ടു അല്ലെ? അതൊന്നൊഴികെ നാം നെറിമെൽ കുരിശുവരെക്കാറുണ്ടൊ? ഈ വിധ പ്രവൃത്തികളൊക്കയും നാം നടത്തിവന്നിട്ടും നമുക്കുണ്ടായ നഷ്ടമെന്താണു? ഏതു ഭ്രതപ്പിശാചാണു എന്റെ കണ്മുന്നിൽ വന്നത്? ഏത് കുതിരകയറിയ റാവുത്തനാണു എന്നെ എതുത്തത്? നീ കണ്ടവ ഒന്നുംതന്നെ എന്റെ ദൃഷ്ടിക്കു എതുപെട്ടില്ലല്ലൊ? നീ കേട്ട ആ ഭയങ്കരസ്വരങ്ങളൊന്നും എന്റെ ചെവികളിൽ കേട്ടില്ലല്ലൊ' എന്നും മറും ബഹു ആക്ഷേപമായി പറഞ്ഞു.

അപ്പൊൾ മോപ്പെർ 'ദുഷ്ടന്മാരെ ദൈവം ഉടനെ ശിക്ഷിക്കാതെ ക്ഷമിച്ചുകുറെകാലത്തെക്കു നല്ല ദൈവതോന്നലുകളാലും, ജ്ഞാനവായനയാലും, ഗുരുക്കളുടെ ഉപദേശങ്ങളാലും അവരെ നല്ലവഴിക്കു തിരിക്കുന്നതിന്നു ആഗ്രഹിക്കുമാറാകുന്നു. എന്നാൽ അ

വർ അവരെ ഒന്നുകൊണ്ടും മനസ്സുതിരിയാതിരുന്നാൽ തന്റെ കോട്ടമറ്റ നീതിപ്രയോഗിച്ചു അവരെ ശിക്ഷിക്കുമെന്നു വേദാഗമങ്ങളിൽ ഞാൻ വിധിച്ചിട്ടുണ്ട്' എന്നു പറവാനായി അവൻ വാതുറന്നു എങ്കിലും ആ ഞായെ ഭയന്നു അത് പറഞ്ഞില്ല.

ആത്തോ വീണ്ടും വിഷംനിറഞ്ഞ അവന്റെ വാതുറന്നു, 'ധർമ്മവഴിയിൽ വ്യാപരിക്കുന്നവർക്ക് ഇഹലോകത്തിൽ എന്തൊരു ഭാഗ്യമാണുള്ളത് മോപ്പെർ? ആ ആൽപ്രെഡിനെതന്നെ നോക്കുക, ലോകം മുഴുവനും അവനെ പുണ്യവാളനെന്നാണു വിളിക്കുന്നത്. അവൻ ദിനംപ്രതി ദേവാലയത്തിൽ പോകുന്നുണ്ട്, ഒരു ആഴ്ചപോലും തെറ്റാതെ പാപസങ്കീർത്തനംചെയ്യുന്നു, മഹാ നീതിമാനെന്നു പേർ വിളിക്കപ്പെട്ടിരിക്കുന്നു ശരിതന്നെ. എന്നതന്നെയുമല്ല, എന്നെക്കാൾ അധികം പറമുല്ലുത്തികളും, ആസ്തിപാസ്തികളും, ധനപണങ്ങളും അവനുണ്ടായിരിക്കയും ചെയ്യുന്നു. എന്നിട്ടും ഒരു പൈത്യംപിടിച്ചവനെപോലെ തന്റെ ചിലവിനു വേണ്ടതുമാത്രം വച്ചു മറ്റു സകലതും ദാരിദ്ര്യക്കാർക്കു കൊടുത്തുംവച്ചു 'സ്വാമി, ദൈവമെ,' എന്നും പറഞ്ഞുകൊണ്ടു നടക്കുന്നു. ഇനി ആരാണു അവനെ മതിക്കുന്നത്? ആർ അവനെ ശങ്കിക്കും? അവന്റെ പുണ്യംകൊണ്ടു അവനു സിദ്ധിച്ച ഫലമെന്താണു?' എന്നും പറഞ്ഞു.

ഉടൻ മോപ്പെർ വാതുറന്നു "മഹാപ്രഭു, എന്നെക്കാൾ തങ്ങൾക്കാണു അറിവു. പക്ഷെ പുണ്യവാ

ളന്മാക്ക് ഇഹലോകത്തിൽ ഒന്നുമില്ലായെന്നും പര ലോകത്തിൽ സമ്മാനം കൊടുക്കപ്പെടുമെന്നും വേദാ ഗമത്തിൽ ഞാൻ വായിച്ചിട്ടുണ്ട്. വിശേഷിച്ചും ദിവ്യ രക്ഷിതാവു തന്റെ രാജിതം ഇഹലോകത്തിൽ അ ല്ലായെന്നു അരുളിച്ചെയ്തിരിക്കുന്നു." എന്നു പറഞ്ഞു അവസാനിപ്പിക്കുംമുമ്പു ചണ്ഡാളനായ ആത്മോ 'മ തി, മതി, മോപ്പൈർ. എന്നോടു വേദം ഉപദേശി പ്പാനാണൊ നീ ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്? ഇ വയെല്ലാം ഒരു മുത്തിക്കഥ, വ്യർത്ഥഭയമാണു. ഇവക ൾ മുഖാന്തരം ശങ്കിക്കുന്നത്. നിനക്കു വരുവാനിരിക്കു ന്ന ആ ഭാഗ്യം തടയുവാനുള്ള ഒരു തന്ത്രമാണിത്.

വീണ്ടും നിന്നോടു ഞാൻ പറയുന്നു. നീ എ ന്റെ ചൊല്പടി നടന്നാൽ നിമിഷത്തിൽ നിനക്കു പ്ര ഭുസ്ഥാനം സിദ്ധിച്ചു, രാജാക്കന്മാരൊരുമിച്ചു അവക്ക് ശരിയൊത്ത സ്ഥാനത്തിരിക്കാം. എന്നുമല്ല, ചില രാ ജ്യങ്ങൾക്കു നായകനുമായി, രാജ ഖജനാവിൽനിന്നു വത്സരത്തിൽ ലക്ഷം ത്രുപാശമ്പളവും സിദ്ധിക്കയും ചെയ്യും. ഇത്ര മഹാഭാഗ്യം നീ പ്രാപിക്കുന്നതു് ആരു ചെയ്ത പുണ്യംമൂലമാണു? എന്താ തോന്നുന്നതു് മോ പ്പൈർ?"

ശുദ്ധനായ മോപ്പൈർ ഈ മൃതുക്കളുടെ ഡം ഭായ പ്രശംസനകൾ കേട്ട ഉടനെ തന്റെ ഹൃദയ ത്തിൽ തോന്നിയ ദൈവഭയം തള്ളിക്കളഞ്ഞു, മുഖ സ്തുതിവാക്കുകളാൽ അന്ധനായി മുഖം തെളിഞ്ഞു വി ടർന്നു, മാമ്പഴം കണ്ട ബാലന്റെ വായിൽ വെള്ളംവാ

ല്ലംപ്രകാരം സന്തോഷാനന്ദജലത്തിൽ മുഴുകി, 'ഇനി ഇനിക്കു എന്താണു പോരായ്ക? കാലത്തൊളം ദാരിദ്ര്യംകൂടാതെ സുഖമായിട്ടു വാഴാമല്ലൊ. വാർദ്ധക്യപ്രായത്തിൽ മനസ്സും തിരിയാമല്ലൊ' എന്ന ഈ വിധമൊരാജ്യമെന്ന അമൃതവുംപാനംചെയ്തതിന്റെ ദുഷ്ടയജമാനനൊട്ടു പറയുന്നതായത്: 'ഒ! മഹാപ്രഭു, തങ്ങളെ വിട്ടു ഞാൻ ഒരിക്കലും പിരിഞ്ഞുപോകുമൊ? സകലത്തിലും തങ്ങളുടെ മുവട്ടടിയെ അനുഗമിക്കുന്നതിനു ദാസൻ തയ്യാറായിരിക്കുന്നു.'

ഒ! മോപ്പെർ, ബഹു സന്തോഷംതന്നെ. ഇപ്പൊൾതന്നെ നിന്റെ കരങ്ങളാൽ രാജകിരീടം എന്റെ ശിരസ്സിൽ നീ ചൂടിച്ചതുപോലെ തോന്നുന്നു. നിന്റെ യജമാനന്റെ ഗൌരവമായ നാമധെയം പ്രാപിപ്പാനിരിക്കുന്ന യോഗ്യശിഷ്യൻ നീതന്നെ. മോപ്പെർ, ഭയപ്പെടെണ്ട. വ്യർത്ഥമായ സ്വപ്നങ്ങൾ നിമിത്തം ശങ്കിക്കരുത്. ഗുരുപ്പട്ടക്കാരുടെ ഉപദേശങ്ങൾ ഒരിക്കലും കേട്ടുപോകരുതെ. ദേവാലയത്തിൽ കാലടി വെച്ചുപോകല്ലെ. പാപമെന്നും പുണ്യമെന്നും മറവുമുള്ളവകൾ സാരമായി നീ കരുതിപ്പൊകല്ലെ. ദേവാലയത്തിനെന്നൊപ രൊപകാർങ്ങൾക്കെന്നൊ ചൊല്ലി ഒരു ആദരവും ചെയ്യരുതെ. എന്ന എന്റെ ഈ ഉപദേശങ്ങൾപോലെ നീ നടക്കയില്ലെ മോപ്പെർ?'

അതിനു അല്പംപോലും സംശയമില്ല നായകനെ.

ഈ നിന്റെ ഉടമ്പടിയെ സത്യംചെയ്യുകൊണ്ടു സ്ഥിരപ്പെടുത്താമൊ മോപ്പെർ?

അതിനു ഞാൻ കാത്തിരിക്കയാണല്ലൊ. കൊള്ളാം. എന്നു പറഞ്ഞുടൻ പെട്ടിതുറന്നു ഒരു വാളെടുത്തു 'അടുക്കൽ വരികാമോപ്പെർ, നിന്റെ വസ്തുത ഉൗഹിക്ക' എന്നും പറഞ്ഞു ആ വാളിന്റെ മുന മോപ്പെരിന്റെ മാംസിനു നേരെ നീട്ടി മുട്ടിച്ചുപിടിച്ചുകൊണ്ടു 'ഇപ്പൊൾ നീ സത്യംചെയ്ക' എന്നു പറഞ്ഞു. ദാസൻ ഉടനെ ദൈവത്തെനിപ്പിനെ വെടിഞ്ഞു യജമാനനൊടു സത്യവുംചെയ്തു. പിന്നീടു വാൾ ഉറയിൽ ഇട്ടുംവച്ചു മോപ്പെരിന്റെ ഉരത്തിന്മെൽ തട്ടിക്കൊണ്ടു 'ഭയപ്പെടെണ്ട മോപ്പെർ, ധൈര്യം ആയുധമായി ധരിച്ചുകൊൾക. നിമിഷത്തിൽ നല്ല വർത്തമാനങ്ങൾ കേൾക്കും. രാജധാനിയിൽ ഇന്നിക്കവളരെ സ്നേഹിതന്മാരുണ്ടു. രാജാവിനും രാജ്ഞിക്കും തമ്മിലുള്ള അന്യോന്യസ്നേഹം കെടുത്തി, ശത്രുത്വം നമുക്കുണ്ടാക്കണം. ഇത് സാധിച്ചാൽ നമ്മുടെ ലാക്കും സാധിക്കും' എന്നും മറും സംഭാഷിച്ചിരിക്കയിൽ ആത്തൊപ്രഭുവിനെ സന്ദർശിപ്പാൻ ചില ദൊരമാർ വരികയാൽ മോപ്പെർ പുറത്തേക്കു പോകയും ചെയ്തു.

രണ്ടാം അദ്ധ്യായം.

രാജ്ഞിയവർകളുടെകരുണാശീലം.

ഉദ്ദേശം പത്തുദിവസംകഴിഞ്ഞപ്പോൾ രാജധാനിപ്പട്ടണത്തിൽനിന്നു ആത്തൊക്കു തന്റെ സ്നേഹിതർ അയച്ച ഒരു എഴുത്തു വന്നുചേർന്നു. അതിൽ തന്റെ ലേഖനം രാജ്ഞി കൈപ്പറ്റിയ ഉടൻതന്നെ അവൾ രാജാവിന്റെപക്കൽ ചെന്നു തന്റെപേക്ഷ പൊറുതി അപേക്ഷിച്ചിട്ടും രാജാവു ഉടൻ സമ്മതിക്കാതിരുന്നു. എങ്കിലും കടശി പുണ്യവതിയായ രാജ്ഞിയുടെ വാക്ചാതുര്യന്യായൊക്തികളെ തള്ളുന്നതിന്നു പാടുകാതെ നിബ്ബന്ധിക്കപ്പെട്ടു പൊറുതി നൽകി എന്നു എഴുതിയിരുന്നു. എന്നുമാത്രമല്ല, റാണിയുടെ മുട്ടിപ്പായ പ്രയത്നംനിമിത്തം തന്റെ മുമ്പിലത്തെ സ്ഥാനവും തനിക്കു വീണ്ടും നൽകപ്പെട്ടിരിക്കുന്നു എന്നും അവൻ വളരെ സന്തോഷത്തോടെ അറിവാൻ ഇടയായി.

ഇതിന്റെശേഷം നാലാം പക്കം റാണിയുടെ സ്വന്ത കൈപടയായ ലേഖനവും അഞ്ചൽവഴി വന്നുചേരുകയാൽ ആത്തൊ ബഹു ആനന്ദസന്തോഷത്തോടെ തൽക്ഷണം മോപ്പെരിനെ മാളികമുകളിലെയ്ക്കു വരുത്തി ആ എഴുത്തു അവന്റെ കരങ്ങളിൽ കൊടുത്തു വായിപ്പാൻ പറഞ്ഞു. മോപ്പെർ എഴുത്തു വാങ്ങിനോക്കുകയിൽ അതിന്മേൽ പതിച്ചിരിക്കുന്ന രാജമുദ്രകണ്ടു മുഖംതെളിഞ്ഞു പുഞ്ചിരിയൊടെ വാ

യിച്ചതായത്:

ബൊയെമ്യ രാജ്യത്തിലെ രാജ്ഞിയവർകൾ. ആത്തോപ്രഭുവിനു എഴുതുന്നതെന്തെന്നാൽ, ഇപ്പഴും തങ്ങൾ അയച്ച എഴുത്തു കൈപ്പറ്റി അതിലെ സംഗതികൾ ഗ്രഹിക്കയുംചെയ്തു. തങ്ങൾക്കു വളരെ വന്ദനംപറയുന്നു. തന്റെ എഴുത്തിൽ പറയും പ്രകാരം (പിശാചിന്റെ തന്ത്രത്താൽ തട്ടിക്കപ്പെട്ട) ആറുമാസങ്ങൾക്കുമുമ്പു ഇനിക്കു അപകീർത്തിവരുത്തുന്നതിനായി താൻ ചെയ്ത ഉപായതന്ത്രങ്ങൾ എല്ലാം വ്യർത്ഥമായി ഭവിച്ചു.

അന്നുമുതൽ എന്റെ വാത്സല്യഭർത്താവായ രാജനും പ്രജകൾ എല്ലാവരും മുമ്പിലത്തെതിലും അധികം എന്റെനേരെ പക്ഷവും വിശ്വസ്തതയും കാണിച്ചുവരുന്നു എന്നുള്ള വൃത്താന്തം പത്രികകൾമൂലം താൻ അറിഞ്ഞിരിക്കുമല്ലൊ; എന്നാൽ തന്റെ വ്യാപാരത്തെ ഞാൻ ചിന്തിക്കുംതോറും ഇനിക്കു ഒരുവക മനഃകലക്കവും വിചാരവും വിഷാദവുമുളവാകുന്നത് പലപ്പോഴും നമ്മുടെ പെ. ബ. യോഹന്നാൻഗുരു കണ്ടറിവാൻ ഇടയായി.

എന്നാൽ അതുനിമിത്തം ഇനിക്കു അത്യേഹം ചൊല്ലിതന്നു ബുദ്ധിയുപദേശങ്ങളാലും വരുത്തിതന്ന ആശ്വാസത്താലും പ്രത്യേകം അത്യേഹം പറഞ്ഞുകേൾപിച്ചുതന്നു സുസാന്നായുടെ ചരിത്രത്താലും ഞാൻ ധൈര്യപ്പെട്ടു. അതുകയാൽ ഞാൻ കലക്കവിഷാദങ്ങൾ തള്ളി ആ ഗുരു അവർകളുടെ പാദ

ങ്ങളിൽ മുട്ടുകുത്തിക്കൊണ്ടു പറഞ്ഞതായതു: പെ. ബ. പിതാവെ, വിശ്വാസിക ഭവനത്തിൽ വച്ചു ആത്മാഭിമാനിയായ ഇനിക്കു ചെയ്ത അന്യായത്തിനു തക്ക ശിക്ഷ രാജ്യചട്ടപ്രകാരം വിധിപ്പിക്കണമെന്നു ഒരു ഇളക്കം എന്റെ മനസ്സിൽ പെട്ടന്നു തോന്നി, എങ്കിലും ഉടൻ തന്നെ നമ്മുടെ ദിവ്യരക്ഷകന്റെ ദൃഷ്ടാന്തം അനുഗമിച്ചു, ദിവ്യ ഈശോയെ, ഈ മനുഷ്യന്റെ ഈ ദുഷ്കൃത്യം നീ പൊറുത്തുകളണമെ എന്നു മനംകൊണ്ടു ഞാൻ അപ്പോൾതന്നെ പ്രാർത്ഥിച്ചു.

വിശേഷിച്ചു ഇപ്പുഴം അങ്ങെ മുമ്പാകെ വീണ്ടും അതിനെ പുതുപ്പിക്കുകയും ചെയ്തുകൊണ്ടു ആത്മാഭിമാനിയുടെ ചതിവിനെ മുഴുഹൃദയത്തോടെ ഞാൻ പൊറുത്തിരിക്കുന്നു. എന്നു പറഞ്ഞു. ഉടനെ യോഹന്നാൻഗ്രന്ഥകർത്താവു എഴുന്നേൽക്കുവാണിയെ, എഴുന്നേറിരിക്ക. നിന്റെ ഈ പൂജ ദൈവം കൈക്കൊണ്ടിരിക്കുന്നു. ദൈവം ആരെയാണൊ അധികം സ്നേഹിക്കുന്നത് അവനെ ഇഹലോകത്തിൽ തൊന്തരവുകൾകൊണ്ടു അധികമായി പരീക്ഷിക്കും. ഇപ്പോൾ മോക്ഷാനന്ദത്തിൽ സുഖിച്ചുവാഴുന്ന ആ പരിശുദ്ധാത്മാക്കൾ ഒരിക്കൽ ഈ പ്രപഞ്ചത്തിൽവെച്ചു പെടാപാടുകൾ സഹിച്ചവരാണു.

അവർ അന്നു നിന്ദാപമാനങ്ങളും ശത്രുതാഹീനതകളും ദാരിദ്ര്യത്തൊന്തരവുകളും ക്ഷമയോടെ സഹിച്ചതിനാൽ ഇപ്പോൾ ജയവിജയരായി സ്വർഗ്ഗരാജ്യത്തിൽ ആനന്ദിക്കുന്നു. ആകയാൽ പ്രിയമകളെ,

സർവ്വേശ്വരൻ നിന്നെ മോക്ഷത്തിൽ അധികം മഹിമപ്രതാപപ്പെടുത്തുവാനായി ഇതിലുമധികം വിഷമങ്ങളുപ്പെട്ടനന്തതിന്നു അനുവദിക്കും. പരിശുദ്ധനായ യോബിനെപ്പോലെ സകലരാലും നീ കൈവിടപ്പെട്ടു ദുഃഖത്തെരുക്കങ്ങളാൽ പരിതപിക്കുന്നതിന്നുള്ള കാലം ഇതാ സമീപിച്ചിരിക്കുന്നു.

ആകയാൽ ക്ഷമയെ കൈവിടാതെയും വിശ്വാസത്തിൽ തളർന്നുപോകാതെയും ജീവിക്ക; ദൈവതിരുമനസ്സിന്നു കീഴ്പ്പഴങ്ങുവാൻ ഒരിക്കലും പിൻവാങ്ങിപ്പോകല്ലെ. ഭയപ്പെടെണ്ട, ധൈര്യത്തോടെ ക്ഷമയെ ഒരു ആയുധമായിധരിച്ചുകൊൾക മകളെ. എന്നും പറഞ്ഞു അദ്ദേഹത്തിന്റെ കരങ്ങൾ രണ്ടും എന്റെ ശിരസ്സിന്മേൽ നീട്ടി ആകാശത്തേക്കു കണ്ണുകളുയർത്തിനോക്കികൊണ്ടു എന്നെ ആശീർവ്വദിക്കയും ചെയ്തു.

കണ്ടുവൊ? പ്രിയവെ ഞാൻ അന്നെതന്നെ തന്റെ ആ ഉപദ്രവം മറന്നു തന്നൊട്ടു പൊറുത്തിരിക്കുന്നു. വീണ്ടു ഇപ്പഴും ഞാൻ പൊറുത്തിരിക്കുന്നു. നമ്മുടെ കർത്താവിന്റെ തിരു ഉപദേശപ്രകാരം എന്റെ മുഴുഹൃദയത്തോടെ അത് തന്നൊട്ടു ഞാൻ പൊറുത്തുകൊണ്ടു രാജാവിനൊട്ടു സാദ്ധ്യമായി അപേക്ഷിച്ചു അയാളുടെ പൊറുതിയും വളരെ പ്രയാസത്തോടെ തനിക്കു ഞാൻ ലഭിച്ചിരിക്കുന്നു. ഇതുകൂടാതെയും ഞാൻ ഇടവിടാതെ രാജാവിനൊട്ടു ബഹുസാദ്ധ്യമായി മുട്ടിച്ചപേക്ഷിച്ചതിനാൽ തന്റെ മുമ്പിലത്തെ ഉദ്യോ

ഗവും തനിക്കു നൽകുന്നതിനു രാജൻ സമ്മതിച്ചിരിക്കുന്നു.

എന്നാൽ മഹാപ്രഭുവെ, ഒരു സംഗതിമാത്രം തങ്ങളോടു ഞാൻ ചോദിക്കുന്നുള്ളു. അതായതു്: തങ്ങളുടെ മുമ്പിലത്തെ നടപ്പും വ്യാപാരങ്ങളും ഒന്നു മാറ്റി, ദൈവഭയവും നീതിയും അനുസരിച്ചു നടക്കണമെന്നു മാത്രമാണു എന്റെ താല്പര്യം. ഞാൻ തങ്ങളോടു പൊറുത്തതുപോലെ ദയാപരനായ ശ്രീരാമൻ തങ്ങളോടു പൊറുക്കുമാറാകട്ടെ: തങ്ങൾക്കും തങ്ങളുടെ കുടുംബത്തിനും സർവ്വഭാഗ്യങ്ങളും പൂർണ്ണമായിട്ടു ഉണ്ടാകുമാറാകട്ടെ.

എന്നു എഴുതിയതു്.

യൊവാന്ന രാജ്ഞി.

എന്നു വായിച്ചുകഴിഞ്ഞിട്ടു മോപ്പെർ ആശ്ചര്യത്തോടു, 'മഹാപ്രഭുവെ, തങ്ങൾ പറഞ്ഞതുപോലെതന്നെ ശരിയായിതികഞ്ഞല്ലൊ; എന്നാൽ ഇതിൽ രാജ്ഞിയുടെ സ്വഭാവഗുണങ്ങളും പുണ്യവും സ്പഷ്ടമായി തെളിഞ്ഞു വിളങ്ങുന്നുണ്ടു' എന്നു പറഞ്ഞു.

അതെ, അതെ, ഇവൾ ഒരു പുണ്യവതി, ഇപ്പൊൾ എന്നോടു ഉപദേശിപ്പാനാണു പുറപ്പെട്ടിരിക്കുന്നതു് അല്ലെ? ഇതു് എന്തൊരുവക തുനിവാണു? ഈ ശുദ്ധമ്ലേഛത്തിയായ ഇവൾ എന്നെയും ഭോഷനായിട്ടതന്നെയാണൊ കരുതിയതു്? അതൊ പള്ളിക്കൂടത്തിൽ പഠിക്കുന്ന ഒരു ചെറുബാലനായിട്ടൊ അവൾ എന്നെ കണക്കു കൂട്ടിയതെന്നു തിരിയുന്നില്ല.

ഞാൻ അനവധി നാടുകൾക്കു നാഥനായ ആത്തൊപ്രുട്ടവാണു എന്നുള്ളത് മറന്നുകളഞ്ഞു അല്ലെ? എന്റെ ഉന്നതജനനവും എന്റെ സാമർത്ഥ്യവും തെറവും വൈഭവവും എന്റെ ക്ഷനവും ധനവും എന്റെ നാമകീർത്തിയും മറവും അവളുടെ ദൃഷ്ടിക്കും ബുദ്ധിക്കും തെല്ലും ഒരു സാരമായി തോന്നിയില്ല എന്നു തോന്നുന്നു. പെൺബുദ്ധി പിൻബുദ്ധിയെന്നത് വാസ്തവംതന്നെ. ഈ പട്ടകഴുത ഇനിക്കൊ, നാടെങ്ങും അതികീർത്തിയായി വിളങ്ങുന്ന ആത്തൊപ്രുട്ട എന്ന ഇനിക്കാണൊ ബുദ്ധിയുപദേശം പറഞ്ഞുതരുന്നതിന്നു പുറപ്പെട്ടിരിക്കുന്നത്? ഇത് എന്തൊരുവക ധൈര്യം? എത്രയൊവലിയ വിട്ടഭോഷത്തിയാണിവൾ? ഇതിനെ എന്തൊരുവക നെഞ്ഞുറപ്പെന്നാണു വിളിക്കെണ്ടത്? (തന്റെ ബുദ്ധിയെയും മനസ്സിനെയും തിരിപ്പിച്ചു ദൈവഭയവും നീതിയുമുള്ളവനാകണമെന്നു അപേക്ഷിക്കുന്നു.) എന്നു എന്നെ പഠിപ്പിക്കുന്നതിന്നു ഇവൾ ആരാണു? അട്ടെ കൊള്ളാം. ഏറെ താമസിയാതെതന്നെ ഒരു നല്ല മെച്ചമായ പാഠം അവളെ ഞാൻ പഠിപ്പിച്ചുകൊടുക്കാം' എന്നും മറും ഒന്നും തിരിയാത്ത ഒരു മൂടനും സ്വൽപ്പമുട്ടാളനും ലൌകീകകൌശലങ്ങൾ മാത്രമുള്ളവനുമായ ആത്തൊ കൊടുംകൊപവെറികൊണ്ടു വായിൽവന്നവിധമൊക്കെ വിളിച്ചുപറഞ്ഞുംകൊണ്ടു റാണിയെ ശാസിച്ചുഭൂഷണിക്കയും ശപിച്ചു പിരാകുകയും ചെയ്തിരുന്നു. ഇതു മോപ്പെർകേട്ടഭയന്നു അടിയന്തരമായ ഒരു ജോലി എന്നു ഒഴി

വുംപറഞ്ഞുകൊണ്ടു പുറത്തെക്കു ഇറങ്ങി പൊയ്ക്കള
ഞ്ഞു.

പിറെറദിവസം ആത്തൊ മോപ്പെരിനെ വ
രുത്തി പല വിഷയങ്ങൾ ബന്ധിച്ചു സംഭാഷിച്ചുകൊ
ണ്ടിരിക്കയിൽ മോപ്പെർ യജമാനനൊട്ട, 'മഹാപ്ര
ഭു, ഇന്നലെ തങ്ങൾക്കുവന്ന റാണിയുടെ ലേഖനത്തി
ൽ വായിച്ച ഒരു പേരു ഇനിക്കു തിരിഞ്ഞില്ല. സു
സാന്ന ആരായിരിക്കും നായകനെ?'

ഒ! നിനക്കു പഴയ വേദാഗമം തിരികയില്ലെ?
ഒരം മഹാ പുണ്യവതി ദാനിയെൽ ദീർഘദർശിയുടെ
കാലത്തു ജീവിച്ചിരുന്നവളാണു. ഇവളെ പാപത്തി
ന്നു സമ്മതിപ്പിക്കുന്നതിന്നു ന്യായാധിപന്മാരായ ചി
ലർ നിബ്ബന്ധമായി പറഞ്ഞു നന്നാ പ്രയത്നിച്ചു. പ
ക്ഷെ ദൈവഭയഭക്തിയുള്ളവളായ ആ പതിവ്രത അ
ത് സമ്മതിക്കാതെ നിലവിളിക്കനിമിത്തം ജനങ്ങൾ
കൂട്ടകയിൽ ആ ഇരു ന്യായാധിപന്മാർ ഇല്ലാത്തതും
വല്ലാത്തതുമായ സംഗതി പറഞ്ഞുണ്ടാക്കി കറയറ
വളായ സുസാന്നായുടെമെൽ ചുമത്തി. എന്നാൽ അ
വളുടെ ആ പാപകൃത്യം തങ്ങൾതന്നെ കണ്ണാൽ ക
ണ്ടിരിക്കുഖാന്തരം വേറൊരു സാക്ഷി അനാവശ്യമാ
ണെന്നുപറഞ്ഞു കൂലയ്ക്കു തീപ്പു ചെയ്കയുംചെയ്തു.

ആകയാൽ അവിടെ കൂടിയിരുന്ന മൂപ്പരായ
യൂദജനം "ശരിതന്നെ. വിധിയാളരായ നിങ്ങളുടെ
സാക്ഷി ധാരാളമതിയെന്നും, മൂശയുടെ കല്പനപ്ര
കാരം ഇവളെ കല്ലെറിഞ്ഞു കൊല്ലെണ്ടതാണു" എ

ന്നും പറഞ്ഞുകൊണ്ടു കറയറവളായ സുസാന്നായെ ബഹു അപമാനമായി കുലക്കളത്തിലെക്കു വലിച്ചിഴച്ചു കൊണ്ടുപോയിരുന്നു.

എന്നാൽ സുസാന്നാ ബഹു ദുഃഖപ്രലാപത്തൊടെ ആകാശത്തെക്കു കണ്ണുകൾ ഉയത്തി, "സ്വർജീവദയാപരസർവ്വേശ്വരാ, ആദരവറവുക്കും അശ്രയവും അനീതികൾക്കു കണ്ണാക്കോടാലിയുമായിക്കുന്ന കത്താവെ, അന്യായമായി എന്നെറമേൽ ചുമത്തപ്പെട്ടിരിക്കുന്ന ഈ അക്രമപാതകം സ്വപ്നത്തിൽപോലും ഞാൻ നിനച്ചിട്ടില്ലെന്നു അങ്ങിന്നു വേണ്ടുംവണ്ണം അറിഞ്ഞിരിക്കുന്നുവല്ലൊ. പരമദൈവമെ, ഈ സംഗതിയിൽ ആരാകുന്നു കുറക്കാരനെന്നു സകലവും അറിയുന്നതിനു കൃപചെയ്തരുളണമെ." എന്നു ഹൃദയപ്രലാപത്തൊടെ പ്രാത്ഥിച്ചു.

ഉടനെ ദാനിയെൽ എന്നു പേരുള്ള ഒരു നന്നാ ചെറുബാലകൻ ആ മഹാജനപ്പുരുഷാരത്തിന്നെതിരെ വന്നുകൊണ്ടു, "ഒ! മൂഡജനമെ, സത്യവും അസത്യവും തിരിച്ചറിഞ്ഞുകൂടാത്ത മൂൿപ്രസന്തതിയെ, നിങ്ങൾ പ്രവൃത്തിക്കുന്നതു എന്തു? പാപത്തെ മറച്ചു പുണ്യത്തെ ഹീനതപമാക്കി ശിക്ഷിക്കുന്നതാകുന്നൊ ധർമ്മം! അതു ദൈവത്തിന്നു നിരക്കുമൊ? നിങ്ങൾ അല്പമൊന്നു ക്ഷമിപ്പിൻ" എന്നു പറഞ്ഞു ആ രണ്ടു ദുഷ്ടന്യായാധിപതിമാരെ തന്നെറവക്കലെക്കു കൂട്ടികൊണ്ടുവരുവാൻ പ്രമാണിച്ചു.

ഇങ്ങിനെ അവർ ഇരുവരും ദാനിയെലിന്നെറ

മുമ്പാകെ ഭയന്നു ഞെട്ടങ്ങി വന്നുനിൽക്കയിൽ, അവരിൽ ഒരുവനെ ഉരെ മാറിനിറുത്തിക്കൊണ്ടു മറെറവനൊട്ടു ദാനിയെൽ പറഞ്ഞതായത്: "ന്യായസനത്തിന്മെൽ കരെറിയിരുന്ന നീതിയെ പരിപാലിക്കുന്ന ഉത്തമനെ, ഈ സ്ത്രീ ആ തോട്ടത്തിൽവച്ചു ഒരു മഹാ പാപം ചെയ്യുന്നത് നിങ്ങൾ കണ്ടു എന്നു നിങ്ങൾതന്നെ സാക്ഷിതെളിഞ്ഞു കുലസ്ത്രീത്വംചെയ്യുവല്ലൊ; കൊള്ളാം. എന്നാൽ ഏതുമരത്തിന്റെ കീഴിൽവച്ചാണു ഇവൾ പാപംചെയ്തതു?" എന്നു ചോദിച്ചു.

അതിന്നു അവൻ 'വടക്കെഭാഗത്തുനിൽക്കുന്ന ഈന്തൽവൃക്ഷത്തിൻ കീഴവച്ചാണു' എന്നു ഉത്തരിച്ചു. ഉടൻതന്നെ രണ്ടാമത്തെ ന്യായാധിപനെവരുത്തി 'ഈ സ്ത്രീ ഏതുവൃക്ഷത്തിൻ ചുവട്ടിൽവച്ചാണു പാപത്തിലകപ്പെട്ടുന്നത് താൻ കണ്ടത്?' എന്നു ചോദിക്കയിൽ, അവൻ 'ആ പൂങ്കാവനത്തിന്റെ തെക്കെവശത്തുനിൽക്കുന്ന സൈത്തുവൃക്ഷത്തിൻ കീഴവച്ചാണു ഞാൻ കണ്ടത്" എന്നു ഉത്തരിച്ചു.

അപ്പൊൾ കൂടിനിന്ന മഹാ ജനം ആസകലം കരങ്ങൾകൊട്ടി ആർപ്പിട്ടുകൊണ്ടു ദാനിയെലിനെ പുകഴ്ത്തി സ്തുതിച്ചുകൊണ്ടാടുകയും സുസാന്നായെ വളരെ ശ്രേയസ്സുരബഹുമതിയൊടെ വിട്ടയച്ചുകൊണ്ടു ആ ഇരു ദുഷ്ടന്യായാധിപന്മാരെ കല്ലെറിഞ്ഞുകൊല്ലുകയുംചെയ്തു. എന്നു അത്രെ പറഞ്ഞു.

മോപ്പെർ ഇതുകേട്ടു സപ്രമോദത്തൊടെ

നമായിരുന്നിട്ട, അങ്ങിനെയായിരുന്നാൽ തങ്ങൾ പ
റഞ്ഞ ഈ ചരിത്രത്തൊട്ട ഇപ്പൊൾ നടക്കുന്ന ഈ
സംഗതി തുല്യപ്പെട്ടത്തിനോക്കുമ്പോൾ രണ്ടിനും
അത്രപൊരുത്ത ഭേദഗതി കാണെന്നില്ലല്ലൊ. സുസാ
ന്ന, രാജ്ഞിയവർകൾതന്നെയാണ. ആ രണ്ടു ന്യായാ
ധിപതിമാർ, നാം ഇരുവരുംതന്നെ. പക്ഷെ ഇനി രാ
ജ്ഞിയുടെ വശത്ത ദാനിയെലായിവരുന്നത ആരാണ
എന്ന തിരിഞ്ഞില്ല. ഒരു സമയം യോഹന്നാൻഗ്രന്ഥ
ആ സ്ഥാനത്തെക്ക ആകാം എന്ന പറഞ്ഞു.

അപ്പൊൾ ആത്തൊ അദ്ദേഹത്തിനും ഞാൻ
കരുതിവച്ചിട്ടുണ്ട എന്ന പറഞ്ഞു.

ഒ! മഹാപ്രഭുവെ, യോഹന്നാൻഗ്രന്ഥവിനുക്രു
ടെയുമൊ തങ്ങൾ പറയുന്നത്.

അതേ. പക്ഷെ അത് ഇപ്പൊൾ പറഞ്ഞിട്ട
ആവശ്യമില്ല. പിന്നീട്ട നോക്കിക്കൊള്ളാം.

നയകനെ, ആ രണ്ടു ന്യായാധിപക്ക് വന്നുക്രു
ടിയ ശിക്ഷ നമുക്കും നേരിട്ടെക്കുമൊ? എന്തൊ.

ശൌര്യവീരവരാക്രമിയുടെ ഒരു ശ്രൂരപരിചാ
രകനായ നിന്റെ വായിൽനിന്നു ഈ വിധ വാക്ക
വീഴുന്നത് അശേഷം യോഗ്യതയല്ല. മോപ്പെർ,
ഇങ്ങിനെ നീ ഭയന്നാൽ നമുടെ ലാക്ക ഒരിക്കലും നി
റവേറുകയില്ല. ഭയമെന്ന സ്വപ്നത്തിനു എടകൊട്ട
ക്കരുത്. ധൈര്യത്തൊടെ സകലത്തിനും തയ്യാറായി
രിക്കുമെങ്കിൽമാത്രം എന്നെ പിന്തുടരുക. അല്ലെങ്കിൽ
നിന്റെ ഇഷ്ടംപോലെ.

ഒ! മഹാ പ്രഭു, തങ്ങളെ വിട്ടച്ചു ഞാൻ എവിടെക്കാണു പോകുന്നത്? ഇനി ഞാൻ ഭയപ്പെടുകയില്ലായെന്നത് പരിക്ഷകൊണ്ടു തങ്ങൾക്കറിയാം.

മോപ്പ്പ്പർ, പുറത്തു സ്വരംകേൾക്കുന്നുവല്ലൊ; വാതിൽ തുറന്നു നോക്കു.

യാതൊരുത്തരുമില്ല ഉടയവനെ. പട്ടിയും പൂച്ചയുംതമ്മിൽ വിളയാട്ടുകമാത്രമാണു.

ഒ! കൊള്ളാം. അകത്തു കടന്നു വാതിൽ അടച്ചു ഇവിടെ വന്നിരിക്കു. ഇന്നലെ വൈകുന്നേരത്തു തഫാൽവഴി വെൻസ്ലാവൂസിന്റെ ഒരു ലേഖനം വന്നിരുന്നു. അതിൽ പാട്ടപോലെ നിമിഷത്തിൽ രാജധാനിപ്പട്ടണത്തിൽ ചെന്നു മുമ്പിലത്തെ ഉദ്യോഗത്തിൽതന്നെ ഞാൻ പ്രവേശിക്കണമെന്നു എഴുതിയിരിക്കുന്നു. ആയതുകൊണ്ടു ഇനി നാം പത്തുദിവസങ്ങൾക്കകത്തു ഇവിടെനിന്നും പുറപ്പെടണം. എന്റെ ഇഷ്ടന്മാർ എഴുതിയിട്ടുള്ള എഴുത്തുകളിലെ വിവിധവൃത്താന്തങ്ങളിൽ ഒന്നുമാത്രമെന്നീ അറിയെണ്ടതായിട്ടുള്ളു. അതായതു: ആൽപ്രെഡ് പ്രഭു പ്രാൻസുനാട്ടിൽനിന്നു നാലുമാസങ്ങൾക്കകം തിരിച്ചുവരുന്നതായികേൾക്കുന്നു. രാജ്യചട്ടപ്രകാരം സ്ഥാനാപതിമാർ പോയസംഗതി ശുഭമായിട്ടു നിവൃത്തിച്ചുമടങ്ങിവരികയിൽ രാജാവു തന്റെ അരമനക്കാൾക്കും, മറ്റു പ്രഭുക്കൾ മാടമ്പിൽ ഉദ്യോഗസ്ഥന്മാർ ആദിയായവർ സകലർക്കും ആ സ്ഥാനാപതിയുടെചെക്കായി ഒരു മഹാവിരുന്നു കൊടുത്തുവരാറു പതിവുണ്ടു. സൂക്ഷിക്കുമോ

പ്പെർ, ആ സന്ദർഭത്തിലാണു നിന്റെ അതി സമർത്ഥത നീ കാണിക്കേണ്ടതു് കെട്ടൊ.

ഒ! അതു് ബുദ്ധിതന്നെയാണു പ്രൂട്ട.

ആത്തൊപ്രൂട്ടവിനു ഒത്തശീഷ്യനെന്നുള്ള നാമധേയം നീ പ്രാപിക്കുന്നതു് അപ്പൊഴാണു. തിരിഞ്ഞുവൊ?

അങ്ങിനെതന്നെ ആയിക്കൊള്ളാം നായകനെ. ഇന്നുമുതൽ നിന്റെ വേല ഞാൻ മാറിയിരിക്കുന്നു. മുമ്പിലത്തെ ജോലി ഇനി നിനക്കില്ല. സദാ എന്റെ മുറിക്കു സമീപെ നീ ഉണ്ടാകണം. മറ്റുദൊരമാരുടെ ഭവനങ്ങളിലെക്കു ഞാൻ വിരുന്നിനു പോകുംസമയവും നീ എന്റെ അരികിൽ നിൽക്കണം. ഈ മാസംമുതൽക്കു നിന്റെ ശമ്പളവും അധികമാക്കുകയുംചെയ്യും.

വളരെ വളരെ വന്ദനം മഹാപ്രൂട്ട.

കൊള്ളാം. നീ ആ വിരുന്നിൽവച്ചു നിറവേറെണ്ടുന്നതു് ഞാൻ പിന്നീടു പറയാം. ഇപ്പൊൾ പ്രയാണത്തിനു വേണ്ടവ സകലവും തയ്യാറാക്കുക. എന്നും പറഞ്ഞു അവനെ പറഞ്ഞയച്ചു.

൯-ാം അദ്ധ്യായം.

നഞ്ചുകലർത്തിയ പാനീയം.

ആൽപ്രെഡ്പ്രൂട്ട ഒരു വത്സരത്തൊളം പ്രാ

ൻസുനാട്ടിൽ താമസിച്ചു, തന്റെ രാജാവിന്റെ അ
ഭിപ്രായത്തിന്നു ഒത്തവണ്ണം സകലവും ബഹു വിവെ
കത്തോടും സാമർത്ഥ്യത്തോടുംകൂടെ ചെയ്തു നിവൃത്തി
ക്കുമ്പോഴാന്തരം, പ്രാൻസുരാജാവിനാൽ വളരെ സമ
ർത്ഥനെന്നു മതിക്കപ്പെട്ടു സ്തുതിച്ചു പുകഴ്ത്തപ്പെടുകയും,
അത്യുന്നതത്തിൽനിന്നു അനവധി സ്ഥാനമാനങ്ങളും ബ
ഹുമതികളും പ്രാപിക്കയുംചെയ്തുകൊണ്ടു ബൊയെ
മ്മാരാജ്യത്തിലെക്കു തിരികെ പുറപ്പെടുകയുംചെയ്തു.

വെൻസ്ലാവൂസുരാജാവു, അൽപ്രെഡ്പ്രഭുവി
നെ എല്പിച്ച രാജ്യഭരണസംബന്ധമായ ആ ഘന
ജോലിയെ തന്റെ അഭിപ്രായത്തിന്നു ഒത്തപോലെ
തന്നെ അയാൾ നിർവഹിച്ചതിൽ ശോഭിച്ചുവിള
ങ്ങിയ വിശ്വസ്തത, സാമർത്ഥ്യം, വാഗ്വൈഭവം, തെ
റ്റം മുതലായ സൽഗുണങ്ങൾ അറിഞ്ഞു അയാളെ വ
ളരെ കാഴ്ചമായി മതിച്ചു, വിസ്മയവും ആനന്ദസ
ന്തോഷവും നിറഞ്ഞവനായി തന്റെ അരമനയിൽ
ഒരു മാന്യതയുള്ള വലിയ ഉദ്യോഗം അയാൾക്കു കൊ
ടുപ്പാൻ നിശ്ചയിച്ചു.

എന്നാൽ അയാൾ അതുനിമിത്തം രാജാവിൻ
നേരെ വളരെ വന്ദനയും, സ്നേഹവും, നന്ദിയും, ഉ
പചാരവും സൂചിപ്പിച്ചുകൊണ്ടു താമസിയാതെ താൻ
ലൌകീക സൌഭാഗ്യങ്ങൾ സകലതും ത്യജിച്ചു ഭ
രപ്പെട്ട അന്തസ്ഥിൽ പ്രവേശിപ്പാൻ തീർച്ചയാക്കിയിരി
ക്കുമ്പോഴാന്തരം രാജ ഇഷ്ടം നിവൃത്തിപ്പാൻ ഇനി തരമി
ല്ലെന്നു അതി വിനയപൂരസരം സ്പഷ്ടമായി വെളിപ്പെ

ടുത്തി പറഞ്ഞു.

ആകയാൽ വെൻസ്ലാവൂസു ഈ വർഷം മൂന്നു രാജാക്കൾ തിരുനാൾ ദിവസത്തിൽ ആൽപ്രെഡ്പ്രഭുവിന്റെ സ്ഥാനാപത്യസ്മാരകമായി ഒരു സംപൂർണ്ണമായ മഹാവിരുന്നു ആൽപ്രെഡിന്റെ നാമത്തിൽ കഴിപ്പാൻ തീർമ്മാനിച്ചു. ആത്തൊയുടെ ആ പാതകമായ ദുഷ്ക്രിയ പരസ്യമായി വെളിപ്പെട്ടിട്ടു ഒന്നര ണ്ടു മാസത്തോളം രാജാവു അവനൊട്ടു അശേഷം സംഭാഷിക്കാതെ വർജ്ജിച്ചിരുന്നു എങ്കിലും പിന്നീടു ക്രമേണ സകലതും മറന്നു പഴയ പതവിയിൽതന്നെ ചെന്നുചേർന്നു വശമായി വളരെ സ്വതയിലുൾപ്പെട്ടു. ആകയാൽ വിവേകമില്ലാത്തവനായ വെൻസ്ലാവൂസു, ഒരു ദിവസം ദുഷ്ടനും വഞ്ചകദ്രോഹിയുമായ ആത്തോവിനെ രാജമന്ദിരത്തിൽ വരുത്തി അവനോടു പറയുന്നതായത്:

ഒ! ആത്തൊ, നമ്മുടെ ഇഷ്ടനായ ആൽപ്രെഡ പ്രഭു പ്രാൻസുനാട്ടിൽപോയി നമ്മുടെ ഇഷ്ടപ്രകാരം സകലവും സല്ലവണ്ണം നിറവേറ്റി തിരികെ വന്നിരിക്കുനിമിത്തം അയാൾക്കു നാം ഒരു വലിയ ഉദ്യോഗം കൊടുത്തു. പക്ഷെ അയാൾ അത് ഏറ്റില്ല. ആകയാൽ അയാളുടെ നാമത്തിൽ ഈ വരുന്ന മൂന്നു രാജാക്കൾ തിരുനാൾ ദിവസത്തിൽ ഒരു മഹാവിരുന്നു നാം നിശ്ചയിച്ചു, അതിലെക്കു 100-പേരിൽ അധികം രാജപ്രഭുക്കൾ, പ്രഭുസ്ത്രീകൾ, സ്ഥാനാപതിമാർ ആദിയായ വലിയ ഉദ്യോഗസ്ഥർ എല്ലാം

വരുന്നതിനു ലേഖനം അയച്ചിരിക്കുന്നു.

എന്നാൽ നീ വേണം ആ വിരുന്നു തക്കവിധം തയ്യാറാക്കി നമ്മുടെ രാജ്യമന്ദിരത്തിൽ വച്ചു നടത്തുവാൻ. ആകയാൽ ഉടൻതന്നെ നീ പോയി നമ്മുടെ ഖജനാവിൽനിന്നു ലക്ഷം രൂപാ ആവശ്യായി വാങ്ങിക്കൊൾക. അതി മാർദ്ദവമായ മാംസവർഗ്ഗങ്ങൾ കൊണ്ടുള്ള പലതരപദാർത്ഥങ്ങളും, അപൂർവ്വമായ അനവധി മാധുര്യ പലഹാരപദാർത്ഥങ്ങളും, അതി രുചികരമായ മേൽത്തരം പാനീയവർഗ്ഗങ്ങൾ അനവധിതരത്തിലും വാങ്ങിശേഖരിക്കേണ്ടിയിരിക്കുന്നു എന്നു കല്പിച്ചു.

ആത്തൊ ഇത് കേട്ടമാത്രയിൽ വളരെ ആനന്ദപൂരിതനായി, ഞാൻ വളരെനാളായി ആശയോടെ പാർത്തിരുന്ന ലാക്കു നിറവേറുന്നതിനു തക്കതരം നേരിട്ടല്ലൊ എന്നു മനസ്സിൽ നിനച്ചുകൊണ്ടു വിരുന്നിനു ആവശ്യമായ സാമാനങ്ങൾ ശേഖരിക്കുന്നതിനു തക്കകരാറുകാക്കു തൽക്ഷണം അറിവുകൾ അയക്കയുംചെയ്തു.

ആത്തൊ തന്റെ ഭവനത്തിൽ വന്ന ഉടനെ മോപ്പെറിനെ വരുത്തി പറഞ്ഞതായത്: ഒ! മോപ്പെർ, ഒരു വലിയതും, ഘനമായതും, ഉന്നതമായതും, ആനന്ദകരമായതും, ഭാഗ്യമായതും, വിട്ടുന്നതും, അഗാധമുള്ളതും സന്തുഷ്ടകമായതുമായ ഒരു സംഗതി വന്നിരിക്കുന്നു. അത് എന്തുകാര്യമാണെന്നു നീ പറയുക.

തങ്ങൾ ഈ പറഞ്ഞ ഗുണനാമങ്ങൾ ഒന്നും

തന്നെ എന്റെ ബുദ്ധിക്കു എത്തുന്നവയല്ല പ്രേമം. എങ്കിലും പൂർണ്ണചന്ദ്രനെപ്പോലെ തങ്ങളുടെ മുഖമണ്ഡലം ജ്വലിച്ചു ശോഭിക്കുന്നതുമുഖാന്തരം അത് ഒരു നല്ല ആനന്ദകരസംഗതി ആയിരിക്കുമെന്നു തോന്നുന്നു.

നല്ല സംഗതിയാണെന്നുമാത്രമല്ല. പിന്നെയൊ, നാം കരുതിയ കാര്യങ്ങൾ സകലവും വളരെ ശീഘ്രത്തിൽ നിറവേറുന്നുണ്ടു പോകുന്നത്. ഇത് ആരുമുഖാന്തരംവന്നുകൂടിയകരുണാഭാഗ്യമാണൊ. ആ! നമ്മുടെ പ്രയത്നം നിവൃത്തിയാക്കുന്നതിനു തക്കതരം വന്നിരിക്കുന്നു. ഇപ്പോൾതന്നെ ഞാൻ രാജനുമായി സംഭാഷിച്ചിട്ടാണു വരുന്നത്. ഞാൻ നിന്നോടു മുൻ പറഞ്ഞിരുന്നപ്രകാരംതന്നെ ആൽപ്രെഡ്പ്രഭുവിന്റെപേക്ക് ഒരു മഹാവിരുന്നു കഴിക്കുന്നതിനു രാജാവു തീർമ്മാനിച്ചിരിക്കുന്നു. ആ ചിലവുവകയ്ക്കായിലക്ഷംരൂപാ എന്റെ കൈവശംതന്നു ഞാൻതന്നെ ആവിരുന്നു മോടിയായി നടത്തണമെന്നു കല്പിച്ചിരിക്കുന്നു. കണ്ടുവൊ, വെൻസ്ലാവൂസിന്റെ മടയത്വം എത്ര വലിയതാണെന്നു നോക്കുക മോപ്പെർ.

അതെ. അതൊക്കെ കാൺകയിൽ തങ്ങൾക്കു ദീർഘദൃഷ്ടിവരം ഉണ്ടെന്നാണു തോന്നുന്നതു.

എന്തുകണ്ടിട്ടാണു നീ ഇങ്ങിനെ പറയുന്നതു?

തങ്ങൾ മുൻപറഞ്ഞവ സകലവും ഒരു അക്ഷരംമുതലായി തെറ്റാതെ നിറവേറുന്നിത് കണ്ടിട്ടുതന്നെ.

മോപ്പെറിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ അത്തൊ കേട്ട അനന്ദപൂരിതനായി കിട്ടി കിട്ടി എന്നു ചിരിച്ചു സന്തോഷിച്ചുകൊണ്ടു മോപ്പെറിനൊട്ടു, ഈ തരം തെറ്റിയാൽ പിന്നെ നാം കരുതിയതൊന്നും നടക്കയില്ല, നമ്മുടെ സുഖക്ഷേമങ്ങളും ഇമ്പസന്തോഷങ്ങളും, ഇനിക്കു രാജകിരീടവും, നിനക്കു വത്സരത്തിൽ ലക്ഷം രൂപയും ഈ ഒരു സംഗതിയിലാണു അടങ്ങിയിരിക്കുന്നത് എന്നു പറഞ്ഞു.

ഉടനെ മോപ്പെർ ഇരു കരങ്ങളും കൂപ്പി ദണ്ഡനമസ്കാരം ചെയ്തുകൊണ്ടു പറഞ്ഞതായത്: മഹാ പ്രഭുവെ, എന്റെ ഈ ഇരു കരങ്ങൾമാത്രമല്ല, ദാസന്റെ ദേഹംമുഴുവനും തങ്ങൾക്കു സ്വന്തമാണു. ഏതൊരുവക വേലപറഞ്ഞാലും, എത്ര ദീർഘപ്രയാണം കഴിക്കെണ്ടിയിരുന്നാലും, ഏതു ദിക്കിൽ പോയി വേവു നോക്കെണ്ടിയിരുന്നാലും അവ സകലവും നിവൃത്തിക്കുന്നതിന്നും ദാസൻ തയ്യാറാണു.

വേണ്ടുവോളം മതി മോപ്പേർ മതി. നിന്റെ വിശ്വസ്തത ഇനിക്കു നല്ലവണ്ണം മനസ്സിലായിട്ടുണ്ടു. നിന്റെപേരിൽ ലവലേശമെങ്കിലും സന്ദേഹമനിക്കില്ല: നീ ചെയ്യേണ്ടിയ ജോലി പ്രയാസമുള്ളതല്ല, ദ്രവ്യച്ചിലവുമില്ല, ദീർഘപ്രയാണവുംവേണ്ട, ആരെയും ശിപാശിപിടിക്കയുംവെണ്ട. എന്നാൽ വിരുന്നുദിവസത്തിൽ നീ ഇനിക്കു പരിചാരകനായിരിക്കുമല്ലൊ. അല്ലെ?

ഹാ! ഹാ! അതുംകൂടെ അത്ര ചോദിച്ചിട്ടുവേ

ണമൊ? എന്നെറ ഉടയവനെ ഇതു സംശയമൊ.

അന്നു മറുള്ള ദാസരെക്കാൾ മേൽപെട്ടവ
സ്ത്രങ്ങളും അണിഞ്ഞു എന്നെറ ചാരത്തു നീ നിൽക്ക
ണം. ഇതാ ഒരു ന്യൂരുവായുടെ നോട്ടം. ഭംഗിയുള്ള
ഉടുപ്പുകൾ തൈപ്പിച്ചുകൊൾക. വിശേഷിച്ചു അ
ന്നെദിവസം രാജമാളികയിൽവരുന്ന പരിചാരകദാ
സർ ഏവക്കും നീ മേസ്തിരിയാണെന്നു ഞാൻ താക്കീ
ത് കല്പന കൊടുക്കും. നിന്നെറ ചൊല്പടിക്കു അവർ
സകലതും നടക്കണം. നീ അന്നു നിറവേറെണ്ടുന്ന
വേല വളരെ വളരെ സ്വല്പംമാത്രമാണു. അതെന്തെ
ന്നാൽ (പെട്ടി തുറന്നു ഒരു ചെറുകുപ്പി എടുത്തു) മോ
പ്പെർ, ഇതു കണ്ടുവൊ? അന്നെദിവസം നീ ഇതുനി
ന്നെറ വസ്ത്രകീസയിൽ ഭദ്രമായി മറച്ചുവെച്ചുകൊള്ള
ണം. വെൻസ്ലാവൂസു മഹാ മത്തവിലാസപ്രീയനാ
ണു. അന്നെദിവസം ധാരാളമായി മദ്യംസേവിക്കും.
ആൽബ്രെഡ്പ്രഭു അയാളുടെ സ്ഥാനാപത്യത്തിന്നു
അർഹതയുള്ളമുറ അനുസരിച്ചു രാജന്നെറ അരിക
ൽ ഇരുന്നു അയാൾ ചോദിക്കുമ്പൊഴൊക്കെയും പാ
നപാത്രം നിറച്ചുകൊടുക്കും.

നീയൊ എന്നാൽ ആ സന്ദർഭത്തിൽ അതിസാ
മർത്ഥ്യമായ ഒരു കാര്യംചെയ്തു നിവൃത്തിക്കണം. അതാ
യത്: വിരുന്നു ആരംഭിച്ചിട്ടു ഉദ്ദേശം ഒരു മണിക്കൂർ
നേരത്തിന്നെറശേഷം വിരുന്നുകാർ ഏവരും തൃപ്തി
യായിട്ടതിന്നു കൂടിച്ചു ആടിപ്പാടി സന്തോഷിച്ചുംകൊ
ണ്ടിരിക്കുംസമയത്തു, നീ വെൻസ്ലാവൂസിന്നെറ അരി

കെ ചെന്നു യാതൊരുത്തർക്കും തിരിയാതെ ഒരു സൂത്രവിധത്തിൽ അയാളുടെ പാനപാത്രത്തിൽ ഈ ചെറുകുപ്പിയിലുള്ള വിഷത്തിൽനിന്നു ഒരു തുള്ളിമാത്രം വീഴ്ത്തിയാൽമതി. ഉടനെ മരണമാണു അനുഭവം. തിരിഞ്ഞോ മോപ്പൈർ?

ഒ! തിരിഞ്ഞു നാഥനെ, തിരിഞ്ഞു.

ഇനിയും കേൾക്കു. അങ്ങിനെ ഒരു തുള്ളി വീഴ്ത്തിയശേഷം ആ ചെറുകുപ്പിയെ അടച്ചു ആരുംകാണാതെ ആൽപ്രെഡിന്റെ സാക്കിൽ പതുക്കെ അതങ്ങോട്ടു ഇട്ടേക്കണം. മനസ്സിലായൊ? അതുമാത്രം നീ ചെയ്താൽ മതി മോപ്പൈർ. നിന്റെ ജോലികഴിഞ്ഞു. തിരിഞ്ഞുവൊ? കിറുകൃത്യമായിരിക്കണം. കേട്ടൊ.

തിരിഞ്ഞു തിരിഞ്ഞു. ഉടയവനെ, അധികം പറയണമെന്നില്ല. ഞാൻ കണ്ടുപിടിച്ചു. എന്നാൽ രാജാവു ഉടനെ ചത്തുപോകുമൊ? മാരണം.

ഇല്ലില്ല. വെൻസ്ലാവൂസു അതു കുടിക്കുന്നതിനുമുമ്പു ഞാൻ കാണിപ്പാൻപോകുന്ന നാടകമാണു വിസ്മയകരം. അതു അപ്പൊൾ നീ കാണും. തിരിഞ്ഞുവൊ മോപ്പൈർ?

കൊള്ളാം. മഹാപ്രഭു, അങ്ങിനെതന്നെ ആകട്ടെ. തങ്ങൾ പറഞ്ഞതിൽ ഒരു അക്ഷരംമുതലായി തെറ്റാതെ ഞാൻ നിവൃത്തിച്ചുകൊള്ളാം. എന്നും പറഞ്ഞു അനുമതിവാങ്ങി പുറത്തെക്കിറങ്ങി ആത്തൊ കൊടുത്ത അറുനൂറുരൂപായുടെ നോട്ടുമറിച്ചും തിരിച്ചും

വീണ്ടും വീണ്ടും നോക്കി പലവിധവും ചിന്തിച്ചുകൊണ്ടു വീട്ടിൽ പോയി ചേരുകയുംചെയ്തു

വിരുന്നിനു നിയമിക്കപ്പെട്ടദിനമായ മകരം ൯൦-ാംനു-യിലെ മൂന്നു രാജാക്കളുടെ തിരുനാൾ ബഹു ആഡംബരഘോഷത്തോടെ കൊണ്ടാടപ്പെട്ടു. അന്നു രാത്രി വിരുന്നിനുള്ള സമയമായ ൬൦-മണിക്കു ക്ഷണിക്കപ്പെട്ടവർ സകലരും രാജമന്ദിരമാളികയിൽ വന്നുചേർന്നു. എന്നാൽ വിരുന്നു അവസാനിക്കുന്നത് അർദ്ധരാത്രി കഴിഞ്ഞിട്ടാകുമെന്നതിനാൽ അത് തങ്ങളുടെ ജപതപ സൽകൃത്യങ്ങൾക്കു തടസ്സമായേക്കാമെന്നു കരുതി മെത്രാപ്പോലീത്ത അവർകളും, യോഹന്നാൻ ഗുരുസ്വാമിയാരും, മറ്റു ഗുരുപ്രസാദികൾ ആരുംതന്നെയും ആ വിരുന്നിൽ കൂടിയില്ല.

വിരുന്നിന്നായി വന്നുകൂടിയ മഹത്തുക്കൾ തയ്യാറുപെടുത്തപ്പെട്ട ഭോജനപാനാദി പദാർത്ഥങ്ങളായ അതി മാർദ്ദവവും വളരെ രുചികരവിധം ചമയ്ക്കപ്പെട്ടവയുമായ വിവിധതര മാംസപദാർത്ഥങ്ങൾ, അതി മാധുര്യവും സുഗന്ധമായ യോഗങ്ങളിൽ ചമച്ചുണ്ടാക്കി നിരനിരയായി വച്ചിട്ടുള്ള വലഹാരവർഗ്ഗങ്ങൾ, പായസങ്ങൾ, പ്രഥമങ്ങൾ, അടകൾ, അപ്പങ്ങൾ, അലുവകൾ, കൂപ്പികൂപ്പികളായി മേശമെൽ നിരന്നിരിക്കുന്ന ബഹു രസകരവും ആനന്ദകരവും വിലയുയർന്നതുമായ അനവധിതര പാനീയവർഗ്ഗങ്ങൾ, തട്ടതട്ടകളായി അടക്കിവെച്ചിരിക്കുന്ന അതി രുചികരവും അപൂർവ്വവുമായ പലതര കായ്കനിവർഗ്ഗങ്ങൾ മുതലായ

വകളെ കണ്ടു വളരെ ആനന്ദപൂരിതരായി രാജനെ സ്തുതിച്ചു പുകഴ്ത്തിക്കൊണ്ടോടിയിരുന്നു.

അനന്തരം ഭക്ഷണജവവും കഴിച്ചു സകലരും പന്തിയിൽ ഇരുന്ന ഉടനെ തയ്യാറായി കാത്തുനിൽക്കുന്ന ൩൦൦-ൽ പരം പരിചാരകർ മോപ്പെരിന്റെ ഓരോ അംഗ്യങ്ങൾക്കു ഒത്തപോലെ ഹും ഹും ഹും എന്നു വാസനയും സുഗന്ധവും വീശുന്ന ആ ഭോജന പദാർത്ഥങ്ങൾ ഓരോന്നു കൊണ്ടുവന്നു കൊടുത്തിരുന്നു. ഇങ്ങിനെ വിരുന്നുകാർ എല്ലാവരും അവരവരുടെ ഹിതാഹിതം അനുസരിച്ചു ഭോജനപാനംചെയ്തു ആടിപ്പാടി സംഭാഷിച്ചു ആനന്ദസാഗരത്തിൽ മുഴുകുകയിൽ ആൽപ്രെഡ്പ്രഭുവും രാജനായവൻ സ്ലേവ്സിന്റെ വലത്തുവശമിരുന്ന അയാളുടെ ഹിതാഹിതം പാനപാത്രംനിറച്ചുകൊടുക്കുന്ന സ്ഥാനാപത്യാർഹമായ ബഹുമതിയും പ്രാപിച്ചു നിറവേറിക്കൊണ്ടിരുന്നു.

സകലരും ഈ വിധം ആനന്ദവിലാസരായി വിവിധവിഷയങ്ങളിൽ സംഭാഷിക്കയും രാജനെയും രാജ്ഞിയെയും പുകഴ്ത്തിക്കൊണ്ടാടുകയും ഓരൊതരം കടങ്കഥകൾ പറഞ്ഞു പൊരുൾപറകയും മറ്റും ചെയ്തുകൊണ്ടിരുന്നു. ആ ആനന്ദസന്ദർഭത്തിൽ മോപ്പെർ ആൽപ്രെഡ്പ്രഭുവിൻ ചാരത്തു അടുത്തുചെല്ലുന്നത് ആരെന്നോ കണ്ടു തന്റെ ദാസൻ പ്രവൃത്തിക്കുവാൻപോകുന്ന പാതകം ആരും സൂക്ഷിക്കാതിരിപ്പാനായി അവൻ പറഞ്ഞതായത്: 'മഹിപതിയും പരാ

ക്രമശാലിയും ശൌര്യവീരനും ഉത്തമ പുണ്യവാനുമായ നമ്മുടെ മഹാരാജാവിന്റെ ആനന്ദകരമായ വിവാഹോത്സവത്തിന്നായി ഇപ്പോൾ ഇവിടെ കൂടിയിരിക്കുന്ന ജനവാന്മാരും ധനവാന്മാരുമായ മഹത്തുക്കളെ, ഞാൻ ഇതാ ഒരു കടങ്കഥ പറവാൻ പോകുന്നു. നിങ്ങളിൽ ആർ അതിന്റെ അർത്ഥം പറയുന്നതിന്നു പ്രാപ്തനാകുമോ അവനു ഞാൻ ഒരു പവൻ ഇനാമായിക്കൊടുക്കും. എന്നാൽ നിങ്ങളിൽ ആർക്കും പറവാൻ സാധ്യമാകാത്തപക്ഷം നിങ്ങൾ ഏവരും ചേർന്നു ഒരു പവൻ ഇനിക്കു തരികയും വേണം.

എന്നാൽ ഒരുവേള നാം ഇരുകക്ഷികളും മരിച്ചുപോയി എന്നുവന്നാൽ ആ പണത്തുക നമ്മുടെ മഹാരാജ്ഞി അവർകൾ കൈവശം ധർമ്മചിലവിലെക്കായി ഏല്പിക്കപ്പെടുകയും ചെയ്യും. കൊള്ളാമോ എന്താനിങ്ങൾക്കു തോന്നുന്നത്?" എന്നു പറകയിൽ സകലരുടെയും ദൃഷ്ടി അതി ശ്രദ്ധയോടെ ആത്തൊയ്ടെനേരെ തിരിഞ്ഞു.

ഈ തരംപിടിച്ചു മോപ്പെർ ആൽപ്രെഡിന്റെ കരങ്ങളിൽ ഇരുന്ന രാജാവിന്റെ പാനപാത്രം മെല്ലെ വാങ്ങി വീഞ്ഞുനിറച്ചശേഷം അവന്റെ സാക്കിൽ ഇരുന്ന വിരലുരുവമായ ഒരു ചെറുകുപ്പി എടുത്തു അതിൽനിന്നു ഒരു തുള്ളി വീഞ്ഞിൽ വീഴ്ത്തി, ആൽപ്രെഡന്റെ കയ്യിൽ കൊടുത്തു. അതൊടെതന്നെ മറെറ കൈകൊണ്ടു ആ ചെറുകുപ്പി അടച്ചുബഹു സൂത്രമായി ആൽപ്രെഡിന്റെ സാക്കിൽ പതുക്കെ

ഇട്ടകയും ചെയ്യുകോണ്ടു ഒന്നും അറിയാത്തവനെ പോലെ തന്റെ ജോലി നോക്കിയിരുന്നു.

വിരുന്നുകാർ സകലരും, "അങ്ങിനെതന്നെ ആകട്ടെ, തന്റെ കടങ്കഥ പറയൂ കേൾക്കട്ടെ." എന്നു പറകയാൽ ആത്തൊ പറയുന്നതായത്:

കണ്ണിപോലെ ഇരിക്കും ഇല
വെണ്മെയുള്ള പൂവുമുണ്ടാകും
തിന്മാൻ പഴവും പഴുക്കും
തിന്നുകൂടാത്ത കായും കാണ്മും.

ഇതാകുന്നു കടംകഥ. അർത്ഥംപറവിൻ.

ആത്തൊ ഇതു് പറഞ്ഞുതീരുംമുമ്പു വിരുന്നുകാർ, "കഥ അതു സാരമില്ല. പൊരുൾ എളുപ്പംപറയാം. അതുവിഷമമായതുമല്ല" എന്നും മറ്റും പറയുന്ന സ്വരങ്ങൾ കേട്ടുതുടങ്ങുകയിൽ രാജൻ അടയാളംകാണിച്ചു സകലരും മൌനമായപ്പൊൾ, "ആത്തൊയുടെ കടങ്കഥ ഏവക്കും തിരിയും, സാരമില്ലാ എന്നപ്പൊ നിങ്ങൾ പറയുന്നതു് ആട്ടെ കൊള്ളാം. എന്നാൽ ഇപ്പൊൾ അതിന്നു എതിരായി ഒരു കടങ്കഥ ആൾപ്രൈഡ്പ്രഭുപറവാൻ പോകുന്നു. എല്ലാവരും ശ്രദ്ധിച്ചു കേട്ടുകൊൾവിൻ" എന്നു രാജാവു പറഞ്ഞു. ഉടൻ ആൾപ്രൈഡ് എഴുന്നെറ്റു പറഞ്ഞതായത്:

ഉച്ചിയിൽ പൂത്തവനെ, ഇതാ നെറ്റിയിൽ
കൈവെച്ചവൻ വരുന്നു.
തലയില്ലാത്ത മനുഷ്യാ, നിന്നൊടിതാരുപറ

ഞ്ഞു.

കുരലില്ലാത്ത മനുഷ്യൻ ഇത് നിലവിളിച്ചുപറഞ്ഞു.

ഇതാകുന്നു എന്റെ കടങ്കഥ. പൊരുൾ പറഞ്ഞുകൊൾവിൻ എന്നു ആൽപ്രെഡ് പ്രഭു പറഞ്ഞുടൻ കശപിശാ എന്നുള്ള അരവം ഒന്നു കുറുകയും കരങ്ങളും വായും തമ്മിലുള്ള അതിപ്രയത്നം ഒന്നു അടങ്ങി, രാജാവുതുടങ്ങി സകലരും ഭക്ഷണം മറന്നുവിധം ചിന്തയുറ്റു താടിപിടിച്ചും തലചൊറിഞ്ഞും മീശപിരിച്ചുംകൊണ്ടു ആക്രാന്തചിത്തരായി മൌനം ദീക്ഷിച്ചിരിക്കയും ചെയ്തിരുന്നു. സകലരും ഈ വിധ ചിത്തഭ്രമത്തോടെ കുറെനേരം ഇരുന്നശേഷം രാജാവു വിരുന്നുകാരൊട്ടു പറയുന്നതായത്: ഘനവാന്മാരായ നിങ്ങൾ നമ്മുടെ സ്ഥാനാപതിയുടെ ബുദ്ധിസൂക്ഷ്മം കണ്ടില്ലെ? ആ! ഹാ! ഇതാണു ബുദ്ധിശാലികളായ സമർത്ഥന്മാർ ചമച്ചുണ്ടാക്കുന്ന കടങ്കഥ. കണ്ടൊ? ആട്ടെ. കൊള്ളാം. നമ്മുടെ വിരുന്നു മുഖിയാക്കി എഴുനീൽക്കുന്നതിന്നു ഇനിയും ഒരു മണിക്കുറുനേരത്തെ താമസമുണ്ടു. അതിന്നകത്തു ആരൊ ഇതിന്റെ അർത്ഥം പറയുന്നൊ അവന്നു ൫൦൦ പൊൻനാണയം നമ്മുടെ സ്ഥാനാപതിയുടെവക്കു ബഹുമതിയായിട്ടു സമ്മാനിപ്പാൻ നാം നിശ്ചയിച്ചിരിക്കുന്നു. മിടുക്കുള്ള വിദ്വാന്മാർ നോക്കിക്കൊൾവിൻ എന്നുപറഞ്ഞുകൊണ്ടു പാനപാത്രത്തിന്നായി കൈനീട്ടി.

ഇതുകണ്ടു പച്ചപ്പരമാർത്ഥിയായ ആൽപ്രെഡ്

പ്രഭു മുൻ മോപ്പെർ നിറച്ചുവെച്ചിരുന്ന പാനപാത്രം എടുത്തു രാജാവിന്റെ കരങ്ങളിൽ കൊടുക്കയുംചെയ്തു. അയാൾ അതുവാങ്ങി പാനംചെയ്വാനായി ചുണ്ടുകൾക്കു അടുപ്പിച്ചക്ഷണത്തിൽ ആത്തൊപ്രഭു പെട്ടന്നു ചാടി എഴുന്നേറ്റു ഓടിചെന്നു രാജാവിന്റെ തോളിൽ തൂങ്ങുന്ന സ്വർണ്ണവാറിന്മേൽ പിടിച്ചുനിറുത്തി. ഉടൻതന്നെ രാജാവു ഉഗ്രകോപത്തോടെ തിരിഞ്ഞു നോക്കിയപ്പോൾ ആത്തൊ നിൽക്കുന്നത്കണ്ടു ഒരവനൊട്ട, "ദുഷ്ടദ്രോഹി, എന്താ നീ പ്രവൃത്തിച്ചത്? നമ്മെ തൊടുന്നതിനു എങ്ങിനെ നീ തുനിഞ്ഞു? എന്നു പറഞ്ഞു.

മഹാരാജാവെ, ഈ പാനം അങ്ങീന്നു കുടിച്ചുപോകല്ലെ. അബദ്ധമുണ്ടു.

ഈ രസകരമായ മാധുര്യപാനം നാം കുടിക്കരുതെന്നു നമ്മൊട്ടു വിലക്കുവാനായിട്ടു നീ ആരാകുന്നു മടയാ? നീ ഈ വിധം പറഞ്ഞാൽ നിന്റെ തല നാം എടുക്കുമെന്നത് നീ മറന്നുപോയൊ? സൂക്ഷിച്ചുകൊൾക.

മഹാരാജാവെ, എന്നെറനേരെ കോപിക്കാതെ കരുണയായിരിക്കണമെന്നു പ്രാർത്ഥിച്ചുകൊള്ളുന്നേൻ. പക്ഷെ ഈ പാനം മരണവിധി പ്രാപിച്ചുകാരാഗ്രഹത്തിൽ കിടക്കുന്ന ഒരു കുറക്കാരനു കൊടുത്തു ഒന്നു പരീക്ഷിച്ചുനോക്കുവാൻ ഞാൻ അപേക്ഷിക്കുന്നു.

നാം പാനംചെയ്വാനുള്ള ഈ മധുരപാനം ഒ

ര വിലങ്ങനെ കൊട്ടുപ്പാനാണ നീ പറയുന്നത് അ
ല്ലെ? ഇതെന്തൊര നെഞ്ഞുറപ്പാണെ? നീ കൂടിച്ച
പാനീയ മത്തവിലാസംമൂലമൊ ഇങ്ങിനെ പറയുന്ന
ത്? അതൊ നമ്മുടെ ഇഷ്ടനായ ആൽഫ്രെഡ്പ്രഭു
വിനെ നിന്നെക്കാൾ ഉയൎന്നസ്ഥാനത്തിൽ നാം കരേ
റിയതിമുഖാന്തരമുള്ള പൈശുന്യംനിമിത്തമൊ നീ
ഈ വിധം പറയുന്നത്? അല്ലെങ്കിൽ നിന്റെ കടങ്ക
ഥ ഈ ക്രൂടിയിരിക്കുന്ന മഹത്തുക്കൾ ഗണ്യമാക്കാതെ
ചീരിച്ചതുകൊണ്ട നീ നാണിച്ചിട്ടൊ ഈ വിധം പ്ര
വൃത്തിച്ചതെന്നു തിരിയുന്നില്ല. നിന്റെ ഈ മയ്യാദ
കേടിനെ തക്കപോലെ നാം ശിക്ഷിക്കും. സൂക്ഷിച്ചു
കൊൾക മുട്ടാള.

മഹാരാജാവു അങ്ങീന്നെ, ഈ പാനത്തിൽ ന
ഞ്ചുകലൎത്തിയിരിക്കുന്നു. അത്മുഖാന്തരമാണ ഞാൻ
പറഞ്ഞത്. ഇത് കേട്ടക്ഷണത്തിൽ രാജാവിന്റെ
മുഖം പകൎന്ന ദേഹംമുഴുവൻ വിയൎത്തു രോമഹൎഷം
കൊൾകയും കൈകാലുകൾ തളൎന്നു ഞെട്ടങ്ങിവിറയ്ക്ക
യും നാക്കു കുഴഞ്ഞു മതിമയങ്ങുകയും ചെയ്കയാൽ ക
രങ്ങളിൽ ഇരുന്ന പാനപാത്രം മേശമെൽ വച്ചുകൊ
ണ്ടു അല്പം കഴിഞ്ഞപ്പൊൾ പറഞ്ഞതായത്:

തൽക്ഷണം നിങ്ങൾ പോയി നാളെതന്നെ
കൊല്ലുവാൻ വിധിച്ചിരിക്കുന്ന ഒരു കുറക്കാരനെയും
നമ്മുടെ അരമനവാസികൾക്കു ആത്മഗുരുവായ ബ.
യോഹന്നാൻഗുരുവിനെയും ഒരു വൈദ്യനെയും കൂ
ട്ടിക്കൊണ്ടു വരുവിൻ എന്നു പ്രമാണിച്ചു ഭടന്മാരെ അ

യകയുംചെയ്തു. അതിന്റെശേഷം വീണ്ടും പറഞ്ഞതായത്:

ഇതിന്നു ശരിയൊത്ത ഒരു അന്യായമുണ്ടോ ദൈവമെ? അന്നംകൊടുത്ത ഭവനത്തിന്റെ ഭിത്തിയെ തുരക്കുക എന്നു പറഞ്ഞതുപോലെതന്നെ എന്റെ ഭോജനപദാർത്ഥങ്ങൾ ഭക്ഷിപ്പാനായി വന്നവർ എന്റെ കഴുത്തിൽതന്നെ കത്തിവച്ചിരിക്കുന്നു. അതു് ആരാകുന്നു എന്നു ക്ഷണം പുറത്തുവരും. എന്നും മറും അരമനമുഴുവൻ ഞെട്ടിച്ചു വിറയ്ക്കുംതക്ക സ്വരത്തിൽ അലറി പറഞ്ഞിരുന്നു.

അതുകേട്ടു വിരുന്നുകാർ ഭയന്നു ഞെട്ടിച്ചു ഒരു അക്ഷരംപോലും വായിൽ വരാതെ മണ്ണുകൊണ്ടു പിടിച്ചുവച്ച ബിംബങ്ങൾപോലെ ഒരുവക ഇളക്കവുമില്ലാതെ നിന്നിരുന്നു. രാജ്ഞിയവർകൾ ഈ സംഭവം കേട്ട ക്ഷണത്തിൽ എഴുന്നെറ്റു രാജാവിന്റെപക്കലെക്കു വരികയിൽ മഹാലസ്യപ്പെട്ടു വീഴുന്നുപോകയുംചെയ്തു.

അരമണിക്കുറിന്നകം യോഹന്നാൻഗുരു അതിശീഘ്രം നടന്നു രാജസമക്ഷം ചെന്നു 'മഹാരാജാവെ, ഈ സമയത്തു തങ്കൾ ഇനിക്കു ആളെ അയപ്പാനുള്ള കാരണമെന്തായിരിക്കും' എന്നു ബഹു വിനയപൂർവ്വം ചോദിച്ചു. അതിന്നു രാജാവു വിറയ്ക്കുന്ന കരങ്ങളാൽ പാനപാത്രം കാണിച്ചുകൊണ്ടു 'പെ. ബ. ഗുരുസ്വാമിയാരെ, നോക്കണമെ. ഈ പാനത്തിൽ നഞ്ചുകലത്തിയിരിക്കുന്നു എന്നു ആത്തൊസ്ത്യമായി പ

റയുന്നു. ഇതിന്നു ശരിയൊത്ത ഒരു അന്യായമുണ്ടൊ? ഇതുപോലെയുള്ള ഒരു വഞ്ചകം എന്നെങ്കിലും തങ്ങളുടെ കേൾവിയിൽ എത്തുപെട്ടിട്ടുണ്ടൊ? എന്റെ പ്രജകൾതന്നെയാണു ഇത് പ്രവൃത്തിച്ചത്. എന്റെ അരമനയിൽവച്ചു എന്റെ ഭോജനം ഭക്ഷിച്ചുകൊണ്ടിരിക്കയിൽതന്നെയാണു ഇനിക്കു നഞ്ചുതരുന്നതിന്നു തുനിഞ്ഞതു്. ആ!! സ്വാമിയാരെ, ഈ യൂദാസിനെ എന്താകുന്നു ചെയ്യേണ്ടതു്? ഏതൊരുവക ശിക്ഷയാണു ഇവന്നു വിധിക്കേണ്ടതു്" എന്നു ഉഗ്രകോപത്തോടെ പറഞ്ഞു.

വീണ്ടും 'നാളെ കഴുവിന്മെൽ തൂക്കുവാനിരിക്കുന്ന ഒരു കുറക്കാരനെ തൽക്ഷണം ഇവിടെ കൊണ്ടുവന്നു അവൻ ഇതു് പാനംചെയ്തിട്ടു മരിച്ചില്ലെങ്കിൽ ഇപ്പോൾതന്നെ അവന്റെ കുറത്തിന്നു മാപ്പുകൊടുത്തു വിട്ടയക്കാം. മരിച്ചുവെങ്കിലൊ നമ്മുടെസംശയം തീരുന്നതിനാൽ ഈ വിധ കത്തു ദ്രോഹം പ്രവൃത്തിച്ചവനെ നീതിക്കു ശരിയൊത്തവിധം ശിക്ഷിക്കുന്നതു് യോഗ്യമാണല്ലൊ.' എന്നു പറഞ്ഞിരിക്കയിൽ കുലയ്ക്കു വിധിക്കപ്പെട്ട വിലങ്ങനെ രാജസന്നിധിയിൽ കൊണ്ടുവന്നു നിൎത്തി.

ഈ കുറക്കാരനെ യോഹന്നാൻഗുരുസ്വാമിയാർ ഒരു മാസമായിട്ടു നൽമരണത്തിന്നു ഉപദേശിച്ചു ഒരുക്കിവരുന്നവനാകയാൽ അദ്ദേഹം രാജാവിനൊടു, 'ഒരു ജീവപ്രാണിയെ നഞ്ചുകൊടുത്തു കൊല്ലുന്നതു് ഒരുവിധെനയും യോഗ്യമായ പ്രവൃത്തി ആക

യില്ലല്ലൊ. പാനീയത്തിൽ നഞ്ഞുകലത്തിയിട്ടുണ്ടെ' യെന്നു വേറെ വാശ്രുവിധേനയും തീച്ചപ്പെടുത്തുന്നതല്ലെ ഉത്തമം' എന്നു പറഞ്ഞു.

എന്നാൽ റെൻസ്ലാവൂസു ഒരുത്തു സമ്മതിക്കാതെ 'നാളെ തുക്കുവാനിരിക്കുന്ന ഒരു കുറക്കാരനെ ഇങ്ങിനെയൊന്നു പരീക്ഷിക്കുന്നതുകൊണ്ടു എന്തു ദോഷമാണുള്ളതു? എന്നാലല്ല ഈ പാനീയത്താൽ ഇവൻ മരിക്കാതിരിക്കുന്നപക്ഷം ഇവന്റെ മരണവിധിക്കു മാപ്പു പ്രാപിക്കുന്ന ഭാഗ്യവും അവനു സിദ്ധിക്കുമല്ലൊ. അതുകയാൽ ഈ പാനീയം ഇവൻതന്നെ കുടിക്കട്ടെ' എന്നു പിടിവാദമായി പറകയാൽ സ്വാമിയാർ ഈ കുറക്കാരനു സൽബുദ്ധിയുപദേശങ്ങളും പറഞ്ഞു അന്ത്യക്രുദ്ധാശകളുംകൊടുത്തു നൽമരണത്തിനു തയ്യാറാക്കി.

സകലവും തയ്യാറായ ഉടനെ രാജാവും മറ്റു വിരുന്നുകാരും തെരുതെരുന്നനെ കുറക്കാരനു ഇരുവശവും ചെന്നു കണ്ണൊളികൾ ക്രുത്തായെ സൂക്ഷിച്ചു നോക്കിനിന്നിരുന്നു. തൽക്ഷണം വിലങ്ങൻ ആ പാനപാത്രം വാങ്ങി പകുതി ഉൾക്കൊള്ളുംമുമ്പുതന്നെ പഴക്കലയിൽനിന്നു പഴം ഉതിർന്നുവീഴുംവണ്ണം ജീവനില്ലാതെ നിലത്തു വീണുപോയി. ഉടനെ വൈദ്യൻ നാടിപരീക്ഷിക്കയും, വായിലും നാസികദ്വാരങ്ങളിലും കൈവെച്ചുനോക്കുകയും ചെയ്തിട്ടു ഭയത്താൽ ഭ്രമിച്ചു ഒരക്ഷരംപോലും ഉച്ചരിപ്പാൻ വശമാകാതെ കരങ്ങൾ നീട്ടി മരിച്ചുപോയിയെന്നു അടയാളം

കാണിച്ചു.

വെൻസ്ലാവൂസുരാജൻ ഇതെല്ലാം കണ്ടു ഉടനെ സംഭ്രമത്താൽ ദേഹം കിടുകിടെ ഞെട്ടുങ്ങി വിറച്ചു ഒരു അക്ഷരം ഉച്ചരിപ്പാൻ നാക്കു പേരാതെ, വാക്കു ഴഞ്ഞു പിച്ചുപിടിച്ചവനെപ്പോലെ ആ! ഒ! പൊ! പാ! എന്നും മറും സ്വരങ്ങളും കേൾപിച്ചുതട്ടിതടഞ്ഞു കീഴെ ഉരുണ്ടു വീണുപോയി. തൽസമയത്തു സമീപെനിന്ന യോഹന്നാൻ ഗ്രുസ്വാമിയാർ രാജനെ താങ്ങിപ്പിടിച്ചു കസേരമെൽ കൊണ്ടുപോയി ഇരുത്തി, വീശി ആശ്വസിപ്പിച്ചു. രാജ്ഞിയവർകളൊ എന്നാൽ ഇവ സകലവും കണ്ടു നന്നാ ഭയന്നു കലങ്ങിവിഷാദിച്ചു വീണ്ടും മോഹാലസ്യപ്പെട്ടകയാൽ ക്രൂടെയുള്ള തുണക്കാരികൾ കുളമ്മയുള്ള ജലം മുഖത്തു തെളിച്ചു വീശിയിരിക്കയിൽ ബോധം തെളിയുകയും ഉടനെതന്നെ തന്റെ സ്നേഹഭർത്താവിൻ അരികെ പൊയി ഇരിക്കയുംചെയ്തു.

രാജാവു എഴുന്നേല്പാൻ ശ്രമിച്ചിട്ടു പാടുകാതെ ഇരുന്ന ഇരിപ്പിൽതന്നെ ഇരുന്നു മേശമെൽ ബലമായി അടിച്ചുകൊണ്ടു പറയുന്നതായത്: 'അയ്യൊ! ഇതിനു ശരിയൊത്ത ഗ്രുരുദ്രോഹമുണ്ടൊ? നമ്മുടെ അരമനയിൽവെച്ചുതന്നെ നമ്മുടെ ജീവനെ കളവാൻ തുനിഞ്ഞ ആ പാതകൻ ആരാകുന്നു എന്നു തിരിഞ്ഞില്ലല്ലൊ. ഈ വിധ രാജദ്രോഹിയെ മാംസം നുറുങ്ങെ അടിച്ചു, കഷണം കഷണമായിനുറുക്കി തീയിലിട്ടു ചുട്ടാലും എന്താകുന്നു ദോഷം? ആ! പാതകനെ,

ചണ്ഡാളദ്രോഹി, ഈ നിഷ്ഠുരമായ പാതകകൃത്യം നിവൃത്തിപ്പാൻ നിനക്കു തുനിവുണ്ടായതെങ്ങിനെ? ആട്ടെ, കൊള്ളാം. ഈ വിധ വഞ്ചകം ചെയ്തവനെ കാണിച്ചുതരുന്നവൻ ആരൊ അവനു എന്റെ രാജ്യത്തിൽ പകുതി ഞാൻ കൊടുക്കുവാൻ തീർമ്മാനിച്ചിരിക്കുന്നു. അതെ. ബൊയെമ്യാനാട്ടിന്റെ ശരിയായ പകുതി അംശംതന്നെ. അറിഞ്ഞിട്ടുള്ളവർ വാ തുറന്നു പറയട്ടെ' എന്നു പറഞ്ഞു. ആ ക്ഷണത്തിൽ ആത്തൊപ്പുള്ള എഴുന്നേറ്റുനിന്നു 'മഹാശൌര്യവീരനും ഉത്തമപുണ്യവാനുമായ രാജേന്ദ്രനെ, അത് ഞാൻ അറിഞ്ഞിട്ടുണ്ട്. അങ്ങെ പാനീയത്തിൽ നഞ്ചുകലത്തിയവനെ ഞാൻ കാണിച്ചുതരാം' എന്നു പറഞ്ഞു.

നമ്മുടെ വാക്കു നാം തെറ്റിക്കയില്ല. ബൊയെമ്യരാജ്യത്തിൽ പകുതി അംശം തെറ്റുകയില്ല. ആത്തൊയെ ഭയപ്പെടേണ്ട. ഉള്ളത് പറഞ്ഞുകൊൾക. ആ രാജദ്രോഹിയെ തൽക്ഷണം കാണിക്കു.

രാജശ്രീ മഹാരാജാവെ, അങ്ങെ പാനീയത്തിൽ നഞ്ചുകലത്തിയവനെ ഞാൻ കണ്ടു. എന്നുമാത്രമല്ല, ശേഷിപ്പുള്ള നഞ്ചു അവന്റെ സാക്കിൽ കിടപ്പുമുണ്ടു. കയ്യും മെയ്യും പോലെ ഇപ്പോൾ പിടിച്ചുകാണിക്കാം.

ഒ! ആത്തൊപ്പുള്ള, എന്റെ പ്രാണസ്നേഹിതാ, എന്റെ വാക്കു സത്യമാണു. താമസിക്കല്ലെ. ഒരു മാത്ര ഒരു ദിവസംപോലെ തോന്നുന്നു ഇനിക്കു. ഉടനെ എഴുന്നേറ്റു ആ പാതകനെ നമ്മുടെ നാമത്തിൽ നീ

ബന്ധിച്ചുകൊൾക.

നഞ്ചുകലത്തിയവനെ മാത്രമൊ, അതൊ ഈ വഞ്ചകത്തിൽ സഹായികളായി നിന്നവർ ഏവരെയുംക്രൂടെ ബന്ധിക്കണമൊ?

ഒ! ഹൊ! അനേകർ ഒരുമിച്ചുകൂടി നമ്മുടെ ആയുസ്സുകളവാൻ പ്രയത്നിച്ചു എന്നു കാണുന്നല്ലൊ. അ! എന്തൊരു കഠോരം! എന്തൊരു ക്രൂരത!! ഇത് എന്തൊരുവക അന്യായം! എന്റെ പ്രജകൾതന്നെ, എന്റെ ഉദ്യോഗസ്ഥർതന്നെ, എന്റെ ഭോജനം ഭക്ഷിക്കുമ്പോൾ ഇവർക്കു ദ്രോഹംചെയ്വാൻ കരുതിയിരുന്നു എന്റെ കൈവളയിൽ കത്തിവെപ്പാൻ തുനിഞ്ഞല്ലൊ: എന്തൊരുവക അതിക്രമമാണിത്? ഒരുവൻ മാത്രമൊ? അതുമല്ല, അനേകംപേർ ചെന്നു നിവൃത്തിച്ചതായി തെളിഞ്ഞുവരുന്നു. എന്നും പറഞ്ഞു പ്രലാപിച്ചു വിമ്മിവിതുമ്പി കരയുവാൻ തുടങ്ങി.

അപ്പൊൾ യോഹന്നാൻഗുരുസ്വാമിയാർ അടുത്തുചെന്നു രാജാവിനൊടു 'ഒ! മഹാരാജാവെ, എന്തു വൃഥാ ഇങ്ങിനെ ഭയപ്പെടുന്നു? ഇവിടെ കൂടിയിരിക്കുന്ന ഈ മഹാ സമൂഹത്തിൽ വച്ചു കുറക്കാരൻ ആരാകുന്നു എന്നു അറിവാൻ പ്രയാസമാണു. എന്നാൽ തങ്ങൾ ബദ്ധപ്പെടാതെ ഒന്നു സാവധാനമായിരുന്നാൽ നിമിഷത്തിൽ നേരും നുണയും തെളിഞ്ഞുവരും' എന്നു പറഞ്ഞു. പക്ഷെ വെൻസ്ലാവൂസു അതൊന്നും സമ്മതിക്കാതെ മൂർച്ചതയോടെ 'ഇല്ല ഇല്ല. ഇത് ഇപ്പൊൾതന്നെ കണ്ടുപിടിക്കണം. രാജദ്രോഹി

കളെ ഈ രാത്രിതന്നെ തക്കവണ്ണം ഞാൻ ശിക്ഷിക്കും' എന്നു അലറിപ്പറഞ്ഞു.

ഫാറാ അദ്ധ്യായം.

നഞ്ഞു കലത്തിയ പാനീയം തുടർച്ച.

വീരന്മാർ എല്ലാവരും നാക്കില്ലാത്ത ഭ്രാന്തരെപ്പോലെ യാതൊരു അക്ഷരവും ഉച്ചരിക്കാതെ ഭയന്നു മൌനമായിരിക്കയിൽ യോഹന്നാൻഗുരു വീണ്ടും ധൈര്യത്തോടെ രാജനെ നോക്കി, 'മഹാരാജാവെ, കുറച്ചു ക്ഷമിക്കണമെ. കാര്യം തെളിയിക്കുന്നതിന്നു സാവധാനമായി വിചാരിച്ചാൽ നേരു തെളിയും' എന്നു പറഞ്ഞു.

എന്നാൽ രാജന്റെ മുഖത്തു നെല്ലിട്ടാൽ പൊരിയത്തക്കവിധം ഉഗ്രകോപാഗ്നി ജ്വലിച്ചുകൊണ്ടു ഗുരുവിന്റെ വാക്കു കേൾക്കാതെ ഇരിക്കുമാത്രമല്ല, പിന്നെയും വെറി പിടിച്ചവനെപ്പോലെ അലറിപ്പുലമ്പി വിലാപിച്ചുകൊണ്ടു പറയുന്നതായത്: ഈ സമയത്തിൽ അനുഗ്രഹത്തിന്നു വഴിതേടുന്നവനും ഈ പാതകത്തിന്നു തക്ക ശിക്ഷ കല്പിക്കുന്നതിന്നു തടസ്സം ചെയ്യുന്നവനും രാജദ്രോഹിതന്നെയാകുന്നു. ചണ്ഡാളപാപി' എന്നു മഹാ കോപത്തോടെ പറഞ്ഞു മേശമേൽ ഘോരമായി ഇടിച്ചു.

അപ്പോൾ മേശമേൽ ഉണ്ടായിരുന്ന വസ്സികപ്പി തട്ടങ്ങൾ മുതലായ സാമാനങ്ങൾ ചട പിടാ എ

ന്നു ഉരുണ്ടുവീണു തകർന്നതിനാലുണ്ടായ കിലു കിലു
എന്ന ഘോരമായ ശബ്ദവും ആ മാളികയുടെ മറ്റെ അ
റത്തൊളം പ്രതിധ്വനിച്ചു മുഴങ്ങി. ആകയാൽ വി
രുന്നുകാർ ഏവരും അശേഷം ഭയന്നു ഞെട്ടുങ്ങി, ക
ല്യാണപ്പന്തലിൽ അകപ്പെട്ട ആട്ടിൻകുട്ടിപൊലെ ഭ്ര
മിച്ചു, രാജാവിനെ നോക്കി മൌനംദീക്ഷിച്ചു അന്ധ
രായി നിന്നിരുന്നു.

വെൻസ്ലാവൂസു പിന്നെയും ധൃതിയായതന്റെ
ഉഗ്രകോപാഗ്നിയെ അടക്കുവാൻ ഒരുവിധവും വശ
മില്ലാത്തവനായി മുഖത്തിൽ തീപ്പൊരി പറന്നുകൊ
ണ്ടു ആത്തൊയുടെനേരെ തിരിഞ്ഞുപറയുന്നതായതു:

ഒ! ആത്തൊ, നീ ഇങ്ങിനെ താമസിക്കുന്നതെ
ന്തു? ആ ചണ്ഡാളപാതകനെ കാണിച്ചുതരുവാൻ
താമസിക്കല്ലെ. അ രാജദ്രോഹി ഇന്നവനാണെന്നു
കാണിച്ചുതന്നാൽ ഈ ക്ഷണത്തിൽ ഇതാ ഈ കത്തി
കൊണ്ടു അവന്റെ പതിർക്കുല തുളയത്തക്കവണ്ണം
കുത്തി അവനെ ഞാൻ കൊല്ലാതിരിക്കുമൊ? എന്തൊ
രു അന്യായമാണിതു? എന്റെ പ്രജകൾതന്നെ, എ
ന്റെ ദാസ്യത്തിലുൾപ്പെട്ടവർതന്നെ, ഈ വിധ അ
തിക്രമം പ്രവൃത്തിപ്പാൻ തുനിഞ്ഞല്ലൊ; അതും എ
ന്റെ അരമനയിൽ എന്റെ ഭോജനം ഭക്ഷിച്ചുകൊ
ണ്ടിരിക്കയിൽ, രഹസ്യമായിട്ടാണൊ അതുമല്ല. ഉദ്ദേ
ശം ൪൦൦ പെർ പ്രഭുക്കളും, പ്രഭുസ്ത്രീകളും, ഒരുമാ
രും കൂടിയിരിക്കുന്ന സഭയിൽവച്ചാണു ചെയ്തതു. ഇ
ങ്ങിനത്തെ ഒരു അതിക്രമം പ്രവൃത്തിപ്പാൻ തുനിഞ്ഞ

ആ പരമചണ്ഡാളനെ എന്താണു ചെയ്യേണ്ടതു്? അവനു എന്തൊരുവക ശിക്ഷയാണു കൊടുക്കേണ്ടതു് എന്നും മറ്റും അലറിപ്പുതറി പറഞ്ഞുകൊണ്ടു പിന്നെയും ആത്തൊയൊടു, 'ആത്തൊ, നീ ഉടൻതന്നെ, ഈ ക്ഷണത്തിൽ ആ രാജദ്രോഹിയെ കാണിക്കാതിരുന്നാൽ നിന്റെ തലമണ്ട രണ്ടായി ഞാൻ പൊളിക്കും. സൂക്ഷിക്ക' എന്നു പറഞ്ഞു.

തെറുചെയ്തവന്റെ നെഞ്ചു കിട്ട കിടെ ഇടിക്കുമെന്നു പറഞ്ഞതുപോലെ, ദുഷ്ട ആത്തൊ അത്യന്തം ഭയന്നു മുട്ടുകാലുകൾ വിറച്ചും ശിരസ്സിൽ രോമഹർഷംകൊണ്ടും ദേഹംമുഴുവൻ കിട്ടകിടെ വിറച്ചുംകൊണ്ടു, 'മഹിപതിയായ രാജാവെ, ഇതാ അങ്ങെടാസൻ' എന്നു പറഞ്ഞു എഴുന്നെൽക്കയിൽ പാദങ്ങൾ തളർന്നു പൊടൊ എന്നു താഴത്തു ഉരുണ്ടുവീണുപോയി.

അപ്പൊൾ അവനു എതിരെ ആൽപ്രെഡ്പ്രഭുവിന്റെ അടുക്കൽ ഭയന്നു ഞെട്ടങ്ങിനിന്നിരുന്ന മോപ്പെർ ഈ ദുഷ്ടത്വം പ്രവൃത്തിച്ചവനായ തന്നെയാണു കാണിച്ചുകൊടുപ്പാൻ ആത്തൊ പോകുന്നതെന്നു നിനച്ചു ആ പുരുഷാരത്തിന്നിടയിൽ ശരു ശരു എന്നു ഉരുമിതിക്കി ഞെരിച്ചു വാതുക്കൽ ചെന്നുപററി, ആരും കാണാതെ പറാപറന്നു ഓടി ഒളിച്ചു പൊയ്ക്കളഞ്ഞു.

ദുഷ്ട ആത്തൊ ചടപിടാ എന്നു തട്ടിത്തടഞ്ഞു എഴുന്നെറ്റു ആൽപ്രെഡ്പ്രഭു ഇരുന്നിരുന്ന കസെരയിൻപക്കൽ ചെന്നു വെൻസ്ലാവൂസിനെ നോക്കി

'മഹിപതിയായ രാജേന്ദ്രനെ, അങ്ങെക്കു നഞ്ചുതന്നു വൻ തുനിഞ്ഞ പാതകൻ ഇതാ ഇയാൾതന്നെയാകുന്നു' എന്നു പറഞ്ഞു ആൽപ്രെഡിന്റെ തോളിൽ കൈവച്ചു. അപ്പൊൾ 'ഇത് തീരെ അബദ്ധമായ സംഗതിയാകുന്നു. ഈ പെരുംപാപം പ്രവൃത്തിച്ചത് ഒരിക്കലും അയാളല്ല.' എന്നു രാജ്ഞി ബഹു വ്യസനപൂർവ്വം പറകയാൽ രാജാവു വിസ്മയംപൂണ്ടു അല്പനേരം മൌനമായി ഇരുന്നിട്ടു പറഞ്ഞതായത്:

ഒ! ആൽപ്രെഡെ, നമ്മിൽനിന്നു നീ പ്രാപിച്ച അനവധി നന്മയുപകാരങ്ങൾക്കുള്ള പ്രതിക്രിയ ഇതാകുന്നൊ? എന്നും മറ്റും അല്പനേരത്തേക്കു ശാന്തമായി സംസാരിച്ചിരിക്കയിൽ പെട്ടെന്നു രാജനു കോപവെറി അധികരിച്ചു പല്ലുകൾ കറുകറെ കടിച്ചും കണ്ണുകൾ കോവൽപഴംപൊലെ ചുവന്നു തീപ്പൊരി പറന്നുംകൊണ്ടും പറയുന്നതായത്: അന്നം കൊടുത്ത ഭവനത്തിന്റെ ചുമരുതുരന്ന വഞ്ചകരിൽ നീതന്നെ ആകുന്നു സംശയമില്ല.

പാൽകൊടുത്തു വളർത്തവനെ കടിച്ച പാമ്പുപോലെ നീ എന്റെ അരമനയിൽ എന്റെ വിരുന്നു ഭക്ഷിക്കയിൽ എന്റെ കുരൽവളയ്ക്കു കത്തിവെപ്പാൻ തുനിഞ്ഞല്ലൊ. ആ! ദ്രോഹി, പാതകനെ, പരമചണ്ഡാളാ, കഠോരഹൃദയമുള്ള ക്രൂരാ, അനുഗ്രഹമാറ പടുപാപി, അടുംതുകൽ പുതച്ചുടയ്ച്ചെന്നായെ, കള്ളവേഷം ധരിച്ച വഞ്ചക, ഇപ്പൊൾ നിന്റെ ഭൂഭാരം ലോകംമുഴുവൻ പ്രസിദ്ധമാകും. പടുപാപി

യായവീയൊ എന്റെ ഉയിരെടുപ്പാൻ തുനിഞ്ഞത്?
എന്നും മറും പട പടാ എന്നു ആലിമ്പഴം പെയ്യും
വണ്ണം ശരവർഷം അങ്ങൊട്ടു പറഞ്ഞുകുട്ടി.

അപ്പൊൾ ആൽപ്രെഡ് അല്പമെങ്കിലും കലങ്ങി പതറാതെ, വെൻസ്ലാവൂസിനെ നോക്കി വളരെ ശാന്തതയൊടെ പറഞ്ഞതായത്: മഹിപതിയായ രാജാവെ, 'പതറാതെ തിരുകണ്ണ സംഗതി ചിതറുകയില്ല' എന്ന വഴമൊഴിപോലെ അങ്ങീന്നു കുറച്ചു ക്ഷമിച്ചു സാവധാനമായി ഈ കാര്യം തിരക്കി ആരൊരുത്തരുടെ അക്കവിധം ശോധനചെയ്താൽ നേരു വിധിക്കുന്നതിന്നു അറിവുകിട്ടുകയും കുറുമ്പനായ എന്നെ ഈ ഹീനപ്പെട്ടത്തി സംസാരിച്ചത്നിമിത്തം അങ്ങീന്നു മനസ്സുവപ്പെടുകയും ചെയ്യുമായിരുന്നു.

ഈ വിധമായ ഒരു പാതകം ഞാൻ എന്നെങ്കിലും സ്വപ്നത്തിൽപോലും നിനച്ചിട്ടുണ്ടെങ്കിൽ തങ്ങൾ എന്നെ ശിക്ഷിക്കുംമുമ്പു സർവ്വനീതിമാനായ ദൈവം ഇപ്പൊൾതന്നെ എന്നെ ശിക്ഷിക്കട്ടെ. മഹാരാജാവെ, എപ്പൊഴെങ്കിലും ഒരല്പവിഷയത്തിൽ മുതലായിട്ട തങ്ങൾക്കു വിരൊധം ഇന്നെവരെ ഞാൻ ചെയ്തിട്ടുണ്ടൊ? ഇല്ല എന്നതിന്നു ഈ ക്രൂടിനിൽക്കുന്ന സമൂഹക്കാർ സകലരുംതന്നെ സാക്ഷിയാകുന്നു.

പിന്നെ എന്തിന്നു എന്നെ ഇപ്രകാരം വായിൽ വന്നവിധം ദൂഷണിച്ചു മാനഭംഗപ്പെടുത്തുന്നു? ദ്രോഹി എന്നും പാതകനെന്നും വഞ്ചകനെന്നും മറും ദൂഷണിച്ചു അപമാനിക്കുന്നു? മഹിപതിയായ രാജാ

വെ, തങ്ങൾ എന്നെ ഇങ്ങിനെ നിന്ദിച്ചു ദൂഷണിക്കുന്നതിനെക്കാൾ അങ്ങെ കരങ്ങളിൽ ഇരിക്കുന്ന ആ കത്തികൊണ്ടു തുണ്ടുതുണ്ടായി എന്നെ മുറിക്കിയാൽ ഏറ്റവും നന്നു.

ഉടനെ ദുഷ്ടനായ ആ ത്തൊ എഴുന്നേറ്റു ആ കള്ളക്കണ്ണിഴികൾ ഉരുട്ടിക്കൊണ്ടു രാജാനോടു, 'രാജശ്രീ മഹാരാജനെ, ഇന്നവരെ അങ്ങെവക്കൽ ഞാൻ വ്യർത്ഥമായ സംഗതി ഒരിക്കലും പറഞ്ഞിട്ടില്ല. എന്തുതന്നെ പറഞ്ഞാലും അത് ഞാൻ ദൃഷ്ടാന്തീകരിക്കാതിരുന്നിട്ടുമില്ല. ഇപ്പോൾ ഞാൻ ആൽപ്രെഡിന്റെമെൽ പറഞ്ഞ സംഗതി ദൃഷ്ടാന്തപ്പെടുത്തുവാൻപോകുന്നു. ഇതാ അയാളുടെ സാക്ഷ ശോധന ചെയ്യുന്നോക്കിയാൽ ഉടൻ നേരുതേളിയുന്നതാണു' എന്നു പറഞ്ഞു.

ഉടനെ രാജാവിന്റെ കല്പനപ്രകാരം സേവകർ ആൽപ്രെഡിന്റെ സാക്കിൽ കയ്യിട്ടു തിരഞ്ഞു ഒരു ചെറുകുപ്പി പുറത്തെടുത്തു. വെൻസ്ലാവൂസു അത് പരിശോധിപ്പാൻ പ്രമാണിച്ചപ്രകാരം വൈദ്യൻ പരിശോധിച്ചാറെ, അല്പം മുമ്പെ മരിച്ച ആ വിലങ്ങന്നു കൊടുത്ത വിഷംതന്നെ ഇതു ആകുന്നുവെന്നു അവൻ സാക്ഷിച്ചു.

ഉടനെ രാജാവു കടുംകോപത്തോടെ, 'കയ്യിന്മെലുള്ള വ്രണം കാണ്മാൻ കണ്ണാടിവേണമൊ? ഇപ്പൊൾ കണ്ടില്ലയൊ സമൂഹക്കാരെ, കയ്യും മെയ്യും പോലെ തെളിഞ്ഞ ഈ സംഗതിക്കു ഇനി എന്തിന്നു

സാക്ഷി? വിസ്താരമെന്തിനു? ക്ഷണംഈ രാജദ്രോഹിയെ വിലങ്ങിട്ടു പാറാവിലെക്കു വലിച്ചുകൊണ്ടുപോകുവിൻ' എന്നു പ്രമാണിച്ചു.

രാജകല്പനപ്രകാരം ആൽപ്രെഡ്പ്രഭുവിനെ ബന്ധിച്ചു പാറാവിലെക്കു കൊണ്ടുപോകയിൽ അയാൾ വെൻസ്ലാവൂസിനെ നോക്കി, 'കാഴ്ചത്തെ ശരിയായി ശോധനചെയ്യാതെയും നീതിയും ന്യായവുംക്രൂടാതെയും അന്യായമായി എന്നെ ശിക്ഷയ്ക്കു വിധിച്ച മന്നവനെ, തങ്ങൾ നീതിയെ പരിപാലിക്കേണ്ടതിന്നായിട്ടുമാത്രം ദൈവം അധികാരംതന്നതല്ലാതെ അതിനെ ഈ വിധം ദുഷ്പ്രയോഗിപ്പാനല്ല തങ്ങൾക്കു അധികാരംതന്നിരിക്കുന്നതു'.

എന്നാൽ തങ്ങൾ എന്നോടു ചെയ്ത ഈ അന്യായത്തെയും വരുത്തിയ അപമാനത്തെയുംപറ്റി ഞാൻ ഭൂലോകത്തിലുള്ള ഏതുമനുഷ്യനോടും ആവലാധിപറഞ്ഞു മുറയിടാതെ (കരങ്ങൾരണ്ടും ആകാശത്തിലെക്കുയർത്തിക്കൊണ്ടു) സർവ്വനീതിമാനായ സർവ്വേശ്വരാ, അങ്ങെ സന്നിധിയിൽമാത്രം ഞാൻ ബോധിപ്പിക്കുന്നു. ഈ വിഷയത്തിൽ ഞാൻ കുറ്റമറ്റവനാകുന്നുവെന്നു അങ്ങിന്നു നല്ലവണ്ണം അറിഞ്ഞിരിക്കുന്നുവല്ലൊ; ഉടയവനെ, ഈ ഉപദ്രവം ഞാൻ ക്ഷമയൊടെ സഹിക്കുന്നതിന്നു വേണ്ടിയ മനൊധൈർയ്യം ഇനിക്കു തന്നരുളണമെ.

തിന്മചെയ്തവർക്കു നന്മചെയ്തുകൊണ്ടു ശത്രുക്കളെ സ്നേഹിക്കണമെന്നു കല്പിച്ച എന്റെ കർത്താവെ,

ഈ അവകൃാതി എൻെറമേൽ ചുമത്തിയവരൊട്ടും അന്യായമായി എന്നെ ശിക്ഷിച്ചവരൊട്ടും ഞാൻപൊറുക്കുന്നു.' എന്നും പറഞ്ഞു സമീപെ നിന്നിരുന്ന യോഹന്നാൻഗുരുസ്വാമിയുടെ കരങ്ങൾ പിടിച്ചുംബിച്ചുകൊണ്ടു പുറപ്പെടുകയുംചെയ്തു.

യോഹന്നാൻഗുരുവും ആൽപ്രെഡിനെ വളരെ കരുണയൊടെ തിരിഞ്ഞുനോക്കിക്കൊണ്ടു, 'മകനെ, ഭയപ്പെടെണ്ട. നേരും നുണയും നിമിഷത്തിൽ ലോകം അറിയും. നീ പാറാവിൽ അടയ്ക്കപ്പെട്ടതു നിനക്കു അപമാനമല്ല, ബഹുമാനമായിരിക്കുന്നു. നിൻെറമേൽ ചുമത്തപ്പെട്ട ഈ പാതക അവകൃാതി ദയാപരനസ്വേശ്വരൻ നിനക്കു നന്മയാക്കി പകൎത്തുമാറാകട്ടെ: ദൈവം നിനക്കയാത്രയാക്കുന്ന സ്ലീവായെ മനൊധൈൎയ്യത്തൊടെ വഹിച്ചുകൊൾക. മകനെ, ഇവകൾ ഒക്കെക്കും ദൈവം പരലോകത്തിൽ ധാരാളമായ സമ്മാനം തന്നരുളും. അങ്ങെ സ്ലീവായെ ഉറുസൂക്ഷിച്ചു ധൈൎയ്യപ്പെടുക. മകനെ, അപമാനംകൂടാതെ ബഹുമാനമുണ്ടാകയില്ല. സ്ലീവാകൂടാതെ കിരീടംപ്രാപിക്കയുമില്ല' എന്നും ഉറപ്പും ഉപദേശിച്ചു ഗുരു ഇരു കരങ്ങളും നീട്ടി ദൈവനാമത്തിൽ പ്രഭുവിനെ ആശീൎവ്വദിക്കയുംചെയ്തു.

ഉടൻ ആൽപ്രെഡിൻെറ ഇരുകരങ്ങളും തുടലുകളാൽ ബന്ധിച്ചു കാരാഗൃഹത്തിലെക്കു കൊണ്ടുപോയശേഷം, നടുങ്ങുകിടിച്ച മരിച്ച വിലങ്ങൻെറ പ്രെതത്തെയും കൊണ്ടുപോയിമറയുചെയ്തു. യോഹ

ന്നാൻ ഹരുവും അതി ദുഃഖക്ലേശത്തൊടെ അരമനയിൽനിന്നു പുറപ്പെട്ടു സ്വന്ത വസതിയിൽ ചെന്നു ചേരുകയുംചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ വെൻസ്ലാവൂസിന്റെ ഭയവും കോപവും ഒന്നു തണിഞ്ഞു വിരുന്നുകാരൊട്ടു പറയുന്നതായത്:

പ്രഭുക്കളെ, അല്പംമുമ്പു നടന്ന വഞ്ചനയെ കണ്ടില്ലെ? ഈ ആത്തൊപ്രഭു ഇല്ലായിരുന്നെങ്കിൽനാം ഈ ക്ഷണത്തിൽ ദുർഭാഗ്യമായി ചത്തു പ്രേതമായെനെയല്ലൊ; ഈ പ്രഭു മരണത്തിൽനിന്നു നമ്മെ രക്ഷിച്ചതുമുഖാന്തരം ഇയാൾക്കു വലിയ ഒരു ഉദ്യോഗം കൊടുക്കുന്നതുമെന്നു അനേക നാട്ടുനാരുങ്ങളെയും ഇന്നുതന്നെ നാം ഇയാൾക്കു സ്വാധീനപ്പെടുത്തികൊടുക്കയുംചെയ്യും. എന്നു പറഞ്ഞുകൊണ്ടു സിംഹാസനത്തിൽനിന്നു എഴുന്നെറ്റു ആത്തൊപ്രഭുവിന്റെ കൈ പിടിച്ചു കുലുക്കി അവനെ വളരെ സ്തുതിച്ചുപുകഴ്ത്തി.

എന്നാൽ രാജ്ഞിമാത്രം ഒരു ദുഷ്ടആത്തൊയുടെ കപടവചനങ്ങളെ അല്പമെങ്കിലും വിശ്വസിക്കാതെ ഈ നടന്ന കഠോരമായ പാതകങ്ങൾ അത്രയും ഈ പടുപാതകനായ ഇവൻതന്നെ ഇവന്റെ ഉപായതന്ത്രത്താൽ പ്രവൃത്തിച്ചുംവച്ചു, ആ കറയറ ആൽപ്രെഡിനെ കുഴിയിൽ തള്ളിയിട്ടതാണെന്നു മനസ്സിൽ കരുതിയിരുന്നു. എന്നാൽ രാജ്ഞിയുടെ മുഖം വാടി കരുവാളിച്ചു വിഷാദംപൂണ്ടിരിക്കുന്നതു വെൻസ്ലാവൂസു കണ്ടു 'ഒ! സ്ത്രീരത്നമെ, എന്റെ ആയുസ്സി

നെ കാത്തുരക്ഷിച്ച ഈ നായകനെ നീമാത്രം വാഴ്ത്തി സ്തുതിക്കാതിരിക്കുന്നതു് എന്തു?' എന്നു ചൊദിച്ചു.

അപ്പൊൾ രാജ്ഞി സിംഹാസനത്തിൽനിന്നു എഴുന്നെറ്റു, 'എന്റെ കണ്മിഴിയെക്കാൾ സ്നേഹമുള്ള എന്റെ ഭർത്താവെ, തങ്ങളും ഇവിടെ കൂടിയിരിക്കുന്ന ഈ ഉന്നതസമൂഹവും പുണ്യവും പാപവും ഏതാണെന്നും, കറയറവനും കുറക്കാരനും ആരാണെന്നും തിരക്കി അന്വെഷിച്ചു അറിയുന്നതിനു മനസ്സാകാതെ, ഉന്നത വംശപതിയായ ഒരുവനെ-ലോകം മുഴുവൻ നീതിമാനെന്നു കൊണ്ടാടുന്ന ഒരു നീതിമാനെ മുമ്പും പിമ്പും ഇടവും വലവും ഒന്നും നോക്കാതെ, ഒരു ഏകമനുഷ്യന്റെ വാക്കുമാത്രം വിശ്വസിച്ചുകൊണ്ടു അതി കഠിനമായി മാനഭംഗപ്പെടുത്തിയിരിക്കുന്നു.

ആൽപ്രെഡ്പ്രഭു തങ്ങളുടെ പാനിയത്തിൽ നഞ്ചുകലത്തിയതു് ഈ ആത്തൊപ്രഭു കണ്ടിട്ടു എന്തുകൊണ്ടാണു ഉടൻതന്നെ പറയാതിരുന്നതു്? ആൽപ്രെഡ്പ്രഭു വീഴ്ത്തിയതു് നഞ്ചാണെന്നു ആത്തൊപ്രഭുവിനു തിരിഞ്ഞതെങ്ങിനെ? ഇതുകൂടാതെയും നമ്മുടെ പാനപാത്രങ്ങളിലും പരിചാരകർ വീഞ്ഞു നിറച്ചതല്ലാതെ നാം തന്നെ നിറച്ചിട്ടില്ല. ആകയാൽ ആൽപ്രെഡ്പ്രഭു പാനീയത്തിൽ നഞ്ചുവീഴ്ത്തിയെങ്കിൽ അതു നാം ഏവരുടെയും കണ്മുമ്പാകെതന്നെ വീഴ്ത്തിയിരിക്കണമല്ലൊ. അപ്പോൾ അതു ആത്തൊ കണ്ടതുപൊലെതന്നെ ഈ ൪൦൦- പേർ വിരുന്നുകാരിൽ

വേറെ യാതൊരുത്തക്കും കണ്മാൻ കഴികയില്ലെന്നു വരുമൊ? എന്താ! നാം ഏവരും കുരുടരാണൊ? എന്നാൽ എന്റെ ഭർത്താവെ, ഞാൻ ഈ വിഷയത്തെപ റ്റി അധികം ഇനി പറയുന്നില്ല.

ചില മാസങ്ങൾക്കുമുമ്പു ആ വിഷ്ണുചിക ഭവനത്തിൽവച്ചു നടന്ന സംഗതി തങ്ങൾ ഒന്നു ഓർത്തുവിചാരിക്കെണമെന്നുമാത്രം സാദ്ധ്യമായിട്ടു തങ്ങളൊടു പ്രാർത്ഥിച്ചുകൊള്ളുന്നെൻ. ആ സമയത്തു കുറക്കാരൻ ആരായിരുന്നു എന്നും, കുറമറവർ ആരായിരുന്നു എന്നും ദൈവതിരുക്കരങ്ങളാൽ ചൂണ്ടിക്കാണിച്ച വിധംതന്നെ ഈ സമയത്തിലും സർവ്വനീതിമാനായ ദൈവം സകലത്തെയും തെളിവായി വിളക്കികാണിക്കും' എന്നു ബഹു വ്യസനകര വാക്കുചാതുര്യത്തൊടെ പറഞ്ഞു ഇരിപ്പിടത്തിന്മെൽ ഇരുന്നതൊടെ മോഹാലസ്യപ്പെട്ടതാഴെ വീണുപോയി.

വെൻസ്ലാവൂസു ഉടനെ എഴുന്നെറ്റു രാജ്ഞിയെ സഹായിപ്പാനായി ഓടുകയിൽ, ദുഷ്ട ആത്തൊരാജാവിനൊടു 'മഹിപതിയായ രാജാവെ, തങ്ങൾ എന്തിന്നായിട്ടു ഒടുന്നു? തുണക്കാരികൾ ഉണ്ടല്ലൊ അവർ നോക്കികൊള്ളട്ടെ' എന്നു പറഞ്ഞു. ഇങ്ങിനെ ഉടൻ ദാസിമാർ രാജ്ഞിയെ താങ്ങികൊണ്ടുപോകയിൽ, വേൻസ്ലാവൂസും അവരെ പിന്തുടർന്നുപോയി. വിരുന്നുകാരും ബഹു ദുഃഖവ്യസനത്തൊടെ പിരിഞ്ഞുപോകയിൽ, ഓരൊ കൂട്ടം കൂട്ടമായിക്കൂടി ഈ സംഗതികൾ ബന്ധിച്ചു സംഭാഷിച്ചുകൊണ്ടും ആൾപ്പെ

ഡിന്റെ കുറവില്ലായ്മയെ വാഴ്ത്തിപറഞ്ഞുകൊണ്ടും അവരവരുടെ വസതികളിൽ ചെന്നു ചേരുകയും ചെയ്തു.

൧൫–ാം അദ്ധ്യായം.

അഭഗദത്തന്റെ ബന്ധിച്ച സംഭാഷണം.

അന്നു രാത്രിമുഴുവനും രാജ്ഞി അവർകൾക്കു ജ്വരം അധികരിച്ചു പ്രാണവേദന അനുഭവിച്ചിരുന്നതു മുഖാന്തരം രാജാവു അശേഷം നിദ്രകൊള്ളാതെ വൈദ്യരൊരുമിച്ചു ഉറക്കമിളച്ചിരുന്നു. അയാൾ സമയാസമയങ്ങളിൽ രാജ്ഞിയുടെ കൈപിടിച്ചു താൻതന്നെ നാഡിപരീക്ഷിക്കുകയും ചിലപ്പോൾ നെറ്റിയിലും നെഞ്ചത്തും കരങ്ങൾ വച്ചുനോക്കുകയും വൈദ്യന്മാരെ തനിയെ വിളിച്ചു രാജ്ഞിയുടെ രോഗസ്ഥിതി ബന്ധിച്ചു പല ചോദ്യങ്ങൾ ചോദിക്കയും മറ്റും ചെയ്തിരുന്നു.

പിറ്റെദിവസവും ജ്വരം അശേഷംകുറയാതെ നാഴികതോറും അധികരിച്ചുവരുന്നതു രാജൻ കാണുകയും വൈദ്യന്മാരുടെ സന്ദേഹമായ ചില വാക്കുകൾ കേൾക്കയുംചെയ്കയാൽ, അതി ദുഃഖിതനായി ഭോജനപാനമില്ലാതെ തന്റെ സ്നേഹപത്നിയുടെ കിടക്കയ്ക്കരികെ ഇരുന്നു ബഹു വ്യസനദുഃഖത്തോടെ പലവിധമായി ചിന്തിച്ചുകൊണ്ടു കാത്തിരു

ന്നിരുന്നു. ക്രൂടക്രൂടെ മുട്ടിന്മേൽനിന്നു റാണിയുടെ രോഗശാന്തിക്കായി പ്രാർത്ഥിക്കയും ചിലപ്പോൾ ജപമാല കരങ്ങളിൽപിടിച്ചു പ്രാർത്ഥന ജപിക്കയുംചെയ്തിരുന്നു. എന്നാലല്ല, അതി മനോവിഷാദംപൂണ്ടു തന്റെ ക്ഷീണം ഗണ്യമാക്കാതെ റാണിയുടെ തലഭാഗത്തു സദാ ഇരുന്നുകൊണ്ടു, അയ്യയ്യോ! എന്റെ വിവേകക്കേടുമൂഖാന്തരമാണല്ലൊ എന്റെ വാത്സല്യപതിക്കു ഈ കഷ്ടപ്പാടു വന്നുകൂടിയതെന്നു മഹാവ്യസനത്തോടെ ചിന്തിച്ചു പ്രലാപിക്കയുംചെയ്തിരുന്നു. അസമയംഅത്തൊപ്രഭു മുറിയിലെക്കു കടന്നുവന്നു. എന്നാൽ രാജാവു അവന്റെ മുഖം കണ്ടമാത്രയിൽ മുഖംപകർന്നു 'ഇന്നു സംസാരിപ്പാൻ അവസരമില്ല. പിന്നെ കാണാം പൊയ്ക്കൊള്ളു' എന്നു പറഞ്ഞുടൻ അവൻ നാണിച്ചു വന്നവഴിയെ പോകയുംചെയ്തു.

രാജാവു യോഹന്നാൻ ഗ്രന്ഥസ്വാമിയാക്കു് ഒരു ലേഖനമയച്ചു രാജ്ഞിയുടെ രോഗശാന്തിക്കായി സർവ്വേശ്വരനൊട്ടു പ്രത്യേകിച്ചു പ്രാർത്ഥിപ്പാനപേക്ഷിച്ചതുമെന്നെ, ഈ നിയോഗത്തിന്നായിതന്നെ പൂജകൾ അണയ്ക്കുന്നരിന്നും ദാരിദ്ര്യക്കു ധർമ്മംകൊടുക്കുന്നതിന്നുമായി ഭാരം ചുമത്തിയയക്കയുംചെയ്തു. മൂന്നാംദിവസം രോഗം അത്യന്തം അധികരിച്ചു സന്നിയായി പകർന്നു, നാവുലച്ചുകൈകാൽ കോച്ചൽ മുതലായതുകളാൽ റാണി വളരെ കഷ്ടപ്പെട്ടു. സന്നിമുഖാന്തരം വളരെ വിവിധമായ അസംബന്ധങ്ങളും പറഞ്ഞിരുന്നു. അതായതു:

അന്യായം അന്യായം. പാപത്തെ അവർ പുണ്യമാക്കി പുണ്യത്തെ അവർ പാപവുമാക്കിയിരിക്കുന്നു. ഒ! ആത്തൊയെ, നീ എന്റെ സഹോദരന്റെ കഴുത്തിൽ കത്തിവെച്ചില്ലെ? അന്യായം. 'എന്റെ വാത്സല്യസഹോദരാ, തന്നൊട്ടുള്ള ഉടമ്പടി ഞാൻ ഒരിക്കലും മറക്കയില്ല.' 'ഹുങ്കസ്വാമിയാരെ, അങ്ങീന്നു ഇനിക്കു നല്ല ഉപദേശം പറഞ്ഞുതരണമെ.' എന്റെ ഭർത്താവെ, വ്യർത്ഥസന്ദേഹങ്ങൾക്കു ചെവി കൊടുക്കല്ലെ. കള്ളമുഖസ്തുതിക്കാരെ അകത്തുണമെ.' 'അന്യായമായ വിധി ഉച്ചരിച്ചവനായ ദുഷ്ട പീലാത്തൊസെ, നീ കരങ്ങൾ കഴുകിയതുകൊണ്ടു നിന്റെ കുറ്റം തീർന്നു എന്നാണൊ നീ കരുതുന്നത്? ഈ രക്തചിന്തലിന്നു കാരണം നീതന്നെയാകുന്നു. സർവ്വേശ്വരാ കർത്താവെ, എന്റെമെൽ കരുണയായിരിക്കണമെ. അങ്ങീന്നു ഇനിക്കു കല്പിച്ചരുളിയ പാട്ടകളുടെ കാസാ വളരെ കൈപ്പുള്ളതുതന്നെയാകുന്നു. അതിനെ ഞാൻ നൽമനസ്സോടെ മുഴുവനും ഉൾക്കൊള്ളേണ്ടതിന്നു അങ്ങെ ഇഷ്ടപ്രസാദം ഇനിക്കു തന്നരുളെണമെ.' 'എന്റെ ഭർത്താവിന്റെ പാപക്രമങ്ങൾ അങ്ങീന്നു പൊറുത്തരുളണമെ.' എന്നു ഇതുമുതലായവകൾ പറയുന്നത് രാജാവു കേട്ടു മഹാ ദുഃഖത്തോടെ കണ്ണുനീർ വാർത്തുകൊണ്ടിരുന്നിരുന്നു. എട്ടാംദിവസം ജ്വരം അല്പം കുറഞ്ഞു എങ്കിലും ബലഹീനാധിക്യംമുഖാന്തരം എഴുന്നെറ്റു നില്പാൻക്രുടെയും അശക്തയായി, കിടന്ന കിടക്കയിൽതന്നെ കിടന്നു ക്ഷമി

ച്ചു, ദീർഘനാൾകൊണ്ടുമാത്രം ക്രമേണ മുമ്പിലത്തെ സുഖം പ്രാപിക്കയുംചെയ്തു.

രാജാവു ഈ വിധം രോഗമായി കിടന്ന ഇടയ്ക്കു തന്റെ പ്രാണവിശ്വസ്തനായ സേവകനെ തേടി അന്വേഷിച്ചപ്പോൾ അവൻ പത്തു കാതം വഴി ദൂരെയുള്ള ഒരു ഗ്രാമത്തിൽപോയി ഒളിച്ചു വസിക്കുന്ന വിവരമറിഞ്ഞു. അതുകയാൽ വിശ്വസ്തനായ്ക്കിൽ സംഭവിച്ച വൃത്താന്തങ്ങൾ സകലവും എഴുത്തുമൂലം അവനെ അറിയിച്ചുകൊണ്ടു ക്ഷണത്തിൽ യാത്രപുറപ്പെട്ടുവരുവാൻ കല്പിച്ചപടി മോപ്പെർ ഭയംകളഞ്ഞു തന്റെ നായകന്റെ സമീപെ വന്നുചേർന്നു. തദനന്തരം മോപ്പെരും വിശ്വസ്തദിവസം രാത്രി ഭയന്നു ഓടി ഒളിച്ച വൃത്താന്തങ്ങൾ നാഥനെ പറഞ്ഞുകേൾപ്പിക്കയിൽ ഇരുവരും കിടകിട്ടു എന്നു പൊട്ടിച്ചിരിച്ചു വളരെനേരം ആനന്ദം കൊണ്ടാടിയശേഷം ആത്തൊദാസനൊട്ടു പറഞ്ഞതായത്:

മോപ്പെർ, നാം ഇച്ഛിച്ച സംഗതികൾ സകലവും നിറവേറിയിരിക്കുന്നുവല്ലൊ; രാജനും റാണിയും തമ്മിൽ വൈരാഗ്യം ഉണ്ടാക്കുവാനായി വിഷ്ണുചികഭവനത്തിൽ നാം പ്രയോഗിച്ച തന്ത്രം ഫലിതമായില്ല. എങ്കിലും പത്തുദിവസംമുമ്പു വിശ്വസ്തശാലയിൽവച്ചു നാം ജയംപ്രാപിച്ചുവല്ലൊ; അൽപ്രെഡിനു നാം കുഴിച്ച കുഴിയിൽ ഇതാ അവൻ തലയും കുത്തിവീണുകിടക്കുന്നു. പത്തുദിവസങ്ങൾക്കുള്ളിൽ അവൻ മഹാ അപമാനത്തൊടെ കുഴിവിന്മേൽ ശ്ലൊ

പ്പെട്ടോ, വാളാൽ ശിരസു ഖണ്ഡിക്കപ്പെട്ടോ, ദുഷ്ട കുതിരകളുടെ കാലിന്മേൽ കെട്ടി വലിക്കപ്പെട്ട ദേഹംമുഴുവൻ ചിന്നഭിന്നമായി കീറപ്പെട്ടോ ചാകും. ഇത് തീച്ചയാണു.

വിശേഷിച്ചു ഇനി വെൻസ്ലാവൂസു രാജ്ഞിയെ തിരിഞ്ഞുനോക്കുന്ന കാലമില്ല. സപ്പത്തിനും കീരിക്കും തമ്മിലുള്ള വൈരാഗ്യം എങ്ങിനെയൊ അങ്ങിനെതന്നെ അവർ ഇരുവരുടെ ഇടയിലും വിദ്വേഷമുണ്ടാകും. അപ്പഴൊന്നാം കരുതിയ കായ്ങ്ങൾ എല്ലാം ഒരു അക്ഷരംപോലും തെറ്റാതെ നിറവേറിവരുന്നുണ്ടു. നിമിഷത്തിൽ നിനക്കും ഇനിക്കും ബഹു ഭാഗ്യയോഗം വരുവാനാണുപോകുന്നത്. ഉടയനായ വെൻസ്ലാവൂസിന്റെ സിംഹാസനം എന്നു ഒഴിയുമൊ അന്നു, എന്നു പറഞ്ഞുതീരുംമുമ്പുമോപ്പർ ആത്മഗതമായിട്ടു പറയുന്നതായത്:

ബുദ്ധിസൂക്ഷ്മതയും തലനന്നപോകാഞ്ഞൈയ്യുമുള്ള എന്റെ ഉടയവനെ, അതിന്മേൽ ഇനിയും സന്ദേഹമാണൊ? തങ്ങൾ നിനച്ചസംഗതികളിൽ നിറവേറാതെ പോയത് ഏതൊന്നാണു? രാജസിംഹാസനം അത്ര ദൂരത്തൊന്നുമല്ല. മഹാപ്രഭുവെ, നിങ്ങൾ രാജചകലാസ്സുധരിച്ചു ശിരസ്സിൽ കിരീടവും കരങ്ങളിൽ ചെങ്കോലും വഹിച്ചുകൊണ്ടു ജയവിരുതനായി രാജ അരമനയിൽ വിളങ്ങിശോഭിച്ചുകൊണ്ടു വാണിരിക്കുന്നതു് കണ്ടാൽമാത്രം ഇനിക്കു തൃപ്തിയായി. ആ! ഹാ! ആ ഭാഗ്യദിനം ഏപ്പോളാണു ഉദി

ക്കുന്നത്?" എന്നു മോപ്പെർ പറഞ്ഞു.

ആത്തൊ ദാസന്റെ ഈ മുഖസ്തുതിവാചകം കേട്ടടൻ സപ്തനത്തിൽ കണ്ട നിക്ഷേപം എടുപ്പാൻ കരങ്ങൾകൊണ്ടു തപ്പി മാന്തുന്നതുപോലെ ആനന്ദപൂരിതനായി മുഖം പൂർണ്ണചന്ദ്രനെപ്പോലെ പ്രകാശിച്ചു വിളങ്ങിക്കൊണ്ടു അവനൊടു പറഞ്ഞതായത്:

ഒ! മോപ്പെർ, നിനക്കു എന്റെനേരെ എന്തൊരു സ്നേഹവും വിശ്വാസവും പ്രീതിയും പക്ഷവുമാണു? ഞാൻ രാജസിംഹാസനം പ്രാപിക്കുമ്പോൾ നിന്നെ അരികെ ഇരുത്താതിരിക്കുമൊ? പ്രജകൾ എന്നെ മഹിപതിയായ രാജാവെ, എന്നു വിളിക്കുമ്പോൾ നിന്നെ മഹാ പ്രഭു എന്നും വിളിപ്പാൻ ഞാൻ കല്പിക്കയില്ലെ? നിന്നെ ഒരിക്കലും ഞാൻ മറക്കയില്ല മോപ്പെർ. നീ എന്റെനേരെ കാണിക്കുന്ന ഈ സ്നേഹപക്ഷം ഒരുകാലത്തും ഞാൻ മറക്കയില്ല.

ഇപ്പൊൾ നാം നിനച്ചതെല്ലാം അനുകൂലമായിരിക്കുന്നു. രാജകിരീടം എന്റെ ശിരസ്സിൽ വന്നിറങ്ങുന്നതിന്നും, നിനക്കു പ്രഭുത്വം ലഭിക്കുന്നതിന്നുമുള്ള വിഘ്നങ്ങൾ സകലവും നീങ്ങിയിരിക്കുന്നു. ഇനി രാജ്ഞിമുഖാന്തരം യാതൊരു രാജ്യഭരണവും ഉണ്ടാകയില്ല. ആൽപ്രെഡും കുറച്ചിടകൊണ്ടു സപ്തരാജ്യം ചേരും. സകലതും നമ്മുടെ ഇഛപോലെ വന്നു ഭവിക്കും. എന്നാൽ ഇനി ഒരു വിഘ്നംമാത്രം ഉണ്ടു എന്നു പറഞ്ഞു.

മോപ്പെർ അത് എന്തു വിഘ്നമാണു പ്രഭു, അ

ത് നമുക്ക ജയിച്ചുക്കുടായൊ?

ഇത്ര സംശയമൊ? നമ്മൾ ക്രുടുത്ത സംഗതി ഒന്നുമില്ല. ഈ വിഷ്ണം ജയിപ്പാൻ കുറച്ച പ്രയാസമായാലും അത് വേരൊടെ പിഴുത് എറിഞ്ഞുകളകയുംവേണം.

അത് എന്താകുന്നു എന്നു തെളിയിച്ചുപറയെണമെ ഉടയവനെ.

യോഹന്നാൻ നെപ്പുമസ്യാൻ ഗ്രുസ്വാമിയാർ തന്നെയാണു.

അയ്യയ്യൊ! മഹാപ്രഭു, അത് നിനച്ചുപോകല്ലെ. മഹാപവ്വതങ്ങളിൽ കുതിച്ചുപായുന്ന പുലിയെ പിടിക്കുണമെങ്കിൽ ഒരുവേള പിടിക്കാം. ആകാശത്തുപറക്കുന്ന രാജാളിപ്പക്ഷിക്കും കണിവെക്കുണമെങ്കിൽ അതും ഒരുസമയം സാധിക്കുമായിരിക്കും. എന്നാൽ തങ്ങൾ ഈ പറയുന്നതു അതിലും പ്രയാസമായ സംഗതിയാണു. ആ പരിശുദ്ധന്റെമെൽ എന്തു കുറമാണ നമുക്ക ചുമത്തുവാൻ കഴിയുന്നത്? നമ്മുടെ രാജ്യത്തിൽ നമ്മുടെ റാണിക്ക ശരിയൊത്ത ഒരു പതിവ്രത ഇല്ല എന്നും, ആൽപ്രെഡ്പ്രഭുവൊട്ട ഒത്ത നീതിമാൻ ഇല്ലായെന്നും ഉള്ള ഈ സംഗതിക്ക ലോകംമുഴുവനും സാക്ഷിയായിരുന്നിട്ടും നമ്മുടെ ഉപായതന്ത്രങ്ങളാൽ അവരുടെ നാമങ്ങൾ ഭംഗപ്പെടുത്തി, രാജവഞ്ചകരാക്കി അവരെ നാം ചമച്ചു എന്നുള്ളത് ശരിതന്നെ. അവരുടെ ഗുണാഗുണങ്ങൾ അറിഞ്ഞിരിക്കുന്നവർ നമ്മുടെ ഈ കഥ പക്ഷെ വിശ്വ

സിക്കാതിരുന്നാലും അത് അറിയാത്തവരെങ്കിലും വിശ്വസിക്കുമായിരിക്കാം. എന്നാൽ തന്റെ ജപതപങ്ങളാലും അത്ഭുതമായ പുണ്യപ്രഭാവത്താലും ഭൂലോകം മുഴുവനിലും ഒരു നവഗ്രഹംപോലെ ശോഭിച്ചുവിളങ്ങുന്നവനായ ആ പരിശുദ്ധനു വിരോധമായിട്ട് എന്തൊരു കുറ്റമാണു നാം പറഞ്ഞുണ്ടാക്കുന്നത്?

കിണറു കുഴിച്ചു കുഴിച്ചു കടശി ഭയങ്കരഭൂതവുമായി എതുപെട്ടവനുതുല്യം ആ മഹാത്മാവിന്റെമേൽ അപവാദം പറഞ്ഞുണ്ടാക്കുന്ന നമുക്കും എന്തു അപകടമാണൊ വന്നു ഭവിക്കുന്നതെന്നു അറിഞ്ഞില്ല. എന്നുതന്നെയുമല്ല, അദ്ദേഹത്തിന്റെപേരിൽ നാം ചുമത്തുന്ന ആ കുറ്റം നാം ദുഷ്ടാന്തപ്പെടുത്താതിരിക്കയൊ നാം കാണിക്കും തെളിവുകളിൽ വല്ല സന്ദേഹം ഉണ്ടാവിക്കയൊ ചെയ്താൽ പിന്നെ നല്ല പാടായി നമ്മുടെ പാട്ട്. പുലിക്കൂട്ടിൽ അകപ്പെട്ട നരിക്കു ശരിതന്നെ നമ്മുടെ കായ്യം.

ആഴമറിയാതെ കാലെടുത്തുവച്ചുപോകല്ലെ. എന്നു പറഞ്ഞതുപോലെ ദീർഘആലോചന കഴിക്കാതെ ഇതിൽ നാം പ്രവേശിച്ചാൽ നമ്മുടെ കഷ്ടകാലം ആരും പറയാതെതന്നെ വന്നുകൊള്ളും. എന്റെ താല്പൎയ്യത്തിന്മെൽ അങ്ങിന്നു കടാക്ഷിക്കുന്നപക്ഷമാണെങ്കിൽ യോഹന്നാൻഗുരുവിന്റെ സംഗതിയിൽ അല്പംപോലും നാം പ്രവേശിക്കാതിരിക്കുന്നതാണു ഉത്തമം എന്നു പറഞ്ഞു.

മോപ്പെർ പറഞ്ഞതെല്ലാം ആത്തൊ പുഞ്ചി

രിയോടെ കേട്ടുംകൊണ്ടിരുന്നിട്ടു, പറഞ്ഞുകഴിഞ്ഞപ്പൊൾ ഹാ! ഹാ! എന്നു മനംതെളിഞ്ഞുകുലുങ്ങിഒന്നു ചിരിച്ചിട്ടു പറയുന്നതായത്: ഒ! മോപ്പെർ, ഞാൻ ആരാണു എന്നു ഇതുവരെ നീ കണ്ടുപിടിച്ചിട്ടില്ല. എന്റെ സാമർത്ഥ്യം ഇതുവരെ നിനക്കു മുഴുവൻ എത്തുപെട്ടിട്ടുമില്ല. എലിയെ പിടിക്കുന്ന കണി പുലിക്കു ഞാൻ കൊണ്ടുചെന്നുവെക്കുമൊ മോപ്പെർ? കരകടന്നു ഒഴുകുന്ന ഒരു മഹാനദിയെ ഒരു തുളസിയിലപൊട്ടിച്ചിട്ടുകൊണ്ടു തടുത്തുകളയാമെന്നു കരുതിയ ഒരു പട്ടമടയനായിട്ടാണൊ നീ എന്നെ കരുതിയതു? അയ്യ! മോപ്പെർ, നീ എത്രമാത്രം ഭോഷനാണു? ഉലയ്ക്കുകരുന്നും ക്രൂതാണിവേരും എന്നുള്ള ചൊല്ലു നിന്റെ ബുദ്ധിക്കാണു നല്ലവണ്ണം ഒക്കുന്നത്. ഇതുവളരെകാലം നീ എന്നൊടുകൂടെ എടപെട്ടു വരിജയിച്ചിട്ടും എന്റെ ബുദ്ധിസാമർത്ഥ്യത്തെയും വാഗൈഭവത്തെയും യുക്തിയുക്തത്തെയും ഉപായതന്ത്രത്തെയും നീ കണ്ടു വിസ്മയിച്ച അമ്പരന്നിട്ടും എന്റെ അവസ്ഥ നിനക്കു മനസ്സിലായില്ലല്ലൊ; എത്രയൊ പ്രാവശ്യം നീ എന്നെ വാഴ്ത്തിസ്തുതിച്ചു, മഹാപ്രഭു തങ്ങളാകുന്നു എന്നു നീ പറഞ്ഞു. മഹാജ്ഞാനി, ശാസ്ത്രി തങ്ങളാകുന്നു. ദീർഘദർശനവരം പ്രാപിച്ചവൻ അവിടെന്നാണു എന്നു നീ പറഞ്ഞുവൊ മോപ്പെർ?

ഉവ്വ്. മഹാപ്രഭുവെ, ഇപ്പൊഴും തങ്ങളുടെ ബുദ്ധിസാമർത്ഥ്യത്തെ ഞാൻ പുകഴ്ത്തിസ്തുതിക്കുന്നു. പക്ഷെ തങ്ങളുടെ ഈ നൂതനമായ ലാക്കു അതായത്:

യോഹന്നാൻ ഗുരുസ്വാമിയാരെ വഷളാക്കുവാൻ യത്നിക്കുക എന്ന ഈ വിഷയത്തിൽ നാം ജയംപ്രാപിക്കുമെന്നു ലവലേശംപോലും ഇനിക്കു ശരണമില്ല. സപ്നത്തിൽപോലും അത് നിനച്ചുപോകയുംവെണ്ട അസാദ്ധ്യംതന്നെ.

കൊള്ളാം. നിനക്കു ഇത്ര ബ്രഹ്മാണമായ ഒരു പർവ്വതമെന്നു തോന്നുന്ന ഇതിനെ ഒരു സല്ലു ഇലയായിട്ടു നിന്നെ ഞാൻ ബോദ്ധ്യമാക്കിതരാം. കേൾക്കുമോപ്പെർ, നിന്റെ കരങ്ങളിൽ ഒരു മൺവെട്ടിമാത്രം നീ പിടിച്ചുകൊണ്ടു വാളു, കുന്തം, തോക്കു മുതലായ ആയുധ ഒരുക്കമൊടെ നിന്നെഎതുപ്പാൻ വരുന്ന നൂറു പടവീരരെ നിനക്കു കൊന്നുകൂടെയൊ? പറകുമോപ്പെർ.

പരിഛേദം പാട്ടുള്ളതല്ല. അതുപോലെയോഹന്നാൻഗുരുവിന്റെ നാമം വഷളാക്കുന്നതും അസാദ്ധ്യംതന്നെയാണു.

ഇല്ലില്ല. ആ നൂറു പടയാളികളെയും വളരെ എളുപ്പത്തിൽ നിനക്കു കൊല്ലാം. അത് എങ്ങിനെയാണെന്നു ഞാൻ പറയട്ടെ: അവർ നടന്നുപോകും വഴിമദ്ധ്യെ ഒരു വലിയ കുഴി അവർ അറിയാതെകുഴിച്ചുംവച്ചു അവരെ അതിൽ ചാടിച്ചുകൂടാ എന്നുണ്ടൊ?

അങ്ങിനെ ചെയ്യണമെങ്കിൽ ചെയ്യാം. ആവിധംതന്നെ ഗുരുസ്വാമിയാരുടെ സംഗതിയിലും നാം ചെയ്യണം. ഒരു കുഴികുഴിച്ചു അദ്ദേഹത്തെ അതിൽ

ചാടിക്കണമോ?

ചെ, എന്താണെ! കഴുതയുടെ ചെവിയിൽ എ ത്രതന്നെ ഉപദേശിച്ചാലും അത് ഒരു അവശബ്ദം എന്നല്ലാതെ അതിന്നു എന്താ! ഒന്നുമില്ല, എന്നു പറ ഞ്ഞതുപോലെ ഞാൻ എത്രതന്നെ തെളിവായിപ്പറ ഞ്ഞാലും ഞണ്ടുപോലെ ഭയന്നിരിക്കുന്ന നിന്റെ മ ന്ദബുദ്ധിയിൽ കേറുന്നില്ലല്ലൊ മോപ്പൈർ നാം അ ദ്ദേഹത്തെ ഒരു കുഴിയിൽ തള്ളിയിടുകയുംവെണ്ട, വാളുകൊണ്ടു വെട്ടി കഷണമാക്കുകയൊ തോക്കുകൊ ണ്ടു വെടിവെക്കുയൊ ഒന്നും ചെയ്യണമെന്നില്ല, അ ല്ലെങ്കിൽ ഇല്ലാത്ത ഒരു സംഗതി അദ്ദേഹത്തിന്റെ പേരിൽ ചാട്ടണമെന്നും ആവശ്യമില്ല. എന്റെ ബു ദ്ധിസാമർത്ഥ്യംകൊണ്ടു അദ്ദേഹത്തിന്റെ വാമൂലംത ന്നെ അദ്ദേഹം ചാകുന്നതിന്നു ഞാൻ പണി കെട്ടുന്ന ത് നീ കണ്ടൊ മോപ്പൈർ.

അത് എങ്ങിനെയാണെ പ്രഭു അങ്ങീന്നെ?

പാപസങ്കീർത്തനമെന്ന ഈ ഒരു ഒറ്റ വിഷ യംകൊണ്ടു മാത്രംതന്നെ.

അത് ഇനിക്കു തിരിയുന്നില്ലല്ലൊ നാഥനെ.

ആട്ടെ. തിരിച്ചുപറയാം, ശ്രദ്ധിച്ചുകേൾക്കു: ആൽപ്രെഡ്, രാജാവിന്നു നഞ്ചുകൊടുത്തുഎന്നു നാം വരുത്തിയില്ലെ? അന്നു നാം വകഞ്ഞുണ്ടാക്കി ഒപ്പിച്ച ആ കഥ സകലരും വിശ്വസിച്ചില്ലെ?

ചിലർമാത്രം വിശ്വസിച്ചെ ഉള്ളു.

ആട്ടെ, ഇരിക്കട്ടെ. ആൽപ്രെഡ്, രാജദ്രോ

ഹിയാണെന്നു രാജന്റെ ശിരസ്സിൽ അടിച്ചിട്ടുണ്ടു. അ
ല്ലെ?

ഒ! അത് പൂർണ്ണമായി അടിച്ചിട്ടുണ്ടു. ഇനി അ
തൊരിക്കലും രാജൻ മറക്കയുമില്ല.

ആൽപ്രെഡിന്റെമേൽ രാജ്ഞിക്കു ബഹു പ
ക്ഷമാണെന്നുള്ള സംഗതി വെൻസ്ലാവൂസിനു വി
വരമുണ്ടു അല്ലെ?

അതിനു എന്തു സംശയമാണുള്ളത്? അവർ
ഇരുവരും തമ്മിലുള്ള ആ കുറുമറ സ്നേഹം അയാ
ൾ അറിഞ്ഞിരിക്കുമാത്രമല്ല, ആ സ്നേഹത്തെ രാജാ
വു സൂതിച്ചു പുകഴ്ത്തി പറഞ്ഞതായി തങ്ങൾതന്നെ ഒ
രിക്കൽ ദാസനൊട്ടു പറഞ്ഞില്ലെ?

ഉവ്വ്. അത് വാസ്തവംതന്നെ; എങ്കിലും കഴി
ഞ്ഞ ആ വിരുന്നുദിവസംമുതൽക്കു വെൻസ്ലാവൂസി
നു ആൽപ്രെഡിന്റെനേരെ ഉണ്ടായിരുന്ന ആ ന
ല്ലമതിപ്പു മുഴുവനും മാറി, അവനെ തന്റെ ജന്മശ
ത്രുവായിട്ടും അവന്റെ പുണ്യവ്യാപാരം ഒരു കള്ളവേ
ഷമായിട്ടും അവന്റെ ജപതപസുകൃതകൃത്യങ്ങൾ ക
പടഭക്തിക്കുട്ടത്ത തന്ത്രങ്ങളായിട്ടും കരുതിയിരിക്കു
ഖാന്തരം റാണിയും, ആൽപ്രെഡും തമ്മിലുള്ള ആ
സ്നേഹവും ആ വിധംതന്നെ മോശമുള്ളതു എന്നു നി
നപ്പാൻ ഇടയുണ്ടു അല്ലെ?

അതെ, അതെ. രാജാവിന്റെ ശിരസ്സിൽ ഒരി
ക്കൽ കടന്നത് പിന്നെ മാറുന്നത് അസാദ്ധ്യംതന്നെ
യാണു.

കൊള്ളാം. ഇനി ആൽപ്രെഡിന്റെയും രാജ്ഞിയുടെയും ആത്മഗുരു യോഹന്നാൻ ഗുരുസ്വാമിയാരല്ലെ?

അതെ. അദ്ദേഹത്തോടുതന്നെയാണു അവരിരുവരും പാപസങ്കീർത്തനം ചെയ്യുവരുന്നത്.

അങ്ങിനെയിരിക്കയിൽ അവരിരുവരുടെയും വ്യാപാരം അദ്ദേഹത്തിന്നു നല്ലവണ്ണം അറിവുണ്ടാകുമെന്നതൊ മോപ്പെർ?

പിന്നെയൊ. അദ്ദേഹത്തിന്നു അത് അറിഞ്ഞുകൂടായെങ്കിൽ പിന്നെ ആർക്കാണറിവു?

അപ്പഴൊ കായ്ങ്ങൾ ഇങ്ങിനെ ആകുന്നപക്ഷം രാജ്ഞിക്കും ആൽപ്രെഡിന്നും ആത്മഗുരു യോഹന്നാൻഗുരുസ്വാമിയാരാകയാൽ, അവരിരുവരുടെയും വ്യാപാരം ഖണ്ഡിച്ചു അദ്ദേഹത്തിന്നു നല്ല വിവരമുണ്ടാകണമെന്നും അദ്ദേഹത്തെ നല്ലവണ്ണം ഭയപ്പെടുത്തി ചോദിച്ചാൽ അവരിരുവരുടെ പാപപുണ്യങ്ങൾസകലവും അറിവുകിട്ടുമെന്നും രാജാവിനൊട്ടു പറഞ്ഞു ഒന്നു തോണ്ടി പുറപ്പെടുവിച്ചാൽ സംശയംകൂടാതെ ആ മടയനായ വെൻസ്ലാവൂസു, ഗുരുവിനൊട്ടു അവരുടെ കുമ്പസാരരഹസ്യം ചോദിക്കുംനിശ്ചയമാണു.

അയ്യയ്യൊ! മഹാപ്രഭു, നാം ഈവിധം പ്രവൃത്തിച്ചാൽ തന്റെ തലയിൽ താൻതന്നെ മണ്ണുവാരിയിടുന്ന ആനയെപ്പൊലെയായിത്തീരും നമ്മുടെ കായ്ം. അതെങ്ങിനെയെന്നാൽ, ആൽപ്രെഡും രാജ്ഞി

ളും സത്യമായിട്ട പുണ്യവാളന്മാരാണല്ലൊ. അവരുടെ ഇടയിലുള്ള സ്നേഹം പുണ്യസ്നേഹമല്ലാതെ കുറവുള്ളതല്ല. രാജാവിന്റെ പാനീയത്തിൽ നഞ്ചുകലത്തിയതും ഞാൻ ചെയ്തതല്ലാതെ അയാൾ അശേഷം അറിഞ്ഞിട്ടുകൂടെയില്ലാത്ത സംഗതിയാണല്ലൊ. ആകയാൽ അയാൾ കുറവനാണെന്നുള്ളത് നമുക്ക ഇരുവർക്കും നല്ലവണ്ണം അറിവുള്ള സംഗതിയുമാണു. എങ്കിലും നാം നമ്മുടെ ഉപായതന്ത്രങ്ങളാൽ കാഴ്ചയും മുഴുവനും കീഴ്മേൽ മറിച്ചു, റാണിയും ആൾപ്രെഡും തമ്മിൽ ക്രമംകടന്ന സ്നേഹമുണ്ടെന്നും, ആൾപ്രെഡാണ പാനപാത്രത്തിൽ നഞ്ചു കലത്തിയതെന്നുമുള്ള കഥ കെട്ടിച്ചമച്ചിരിക്കുന്നു. ആ കഥ രാജാവും വിശ്വസിച്ചിരിക്കുന്നു എന്നത് വാസ്തവംതന്നെ. എന്നാൽ തങ്ങൾ പ്രവൃത്തിക്കാത്ത ഒരു പാപം ആരാനും പാപസങ്കീർത്തനത്തിൽ പറയുമൊ? പരിചേദം പറകയില്ല.

അപ്പഴൊ റാണിയും ആൾപ്രെഡും ഈ വിഷയത്തിൽ കുറവറവരാകയാൽ ഇത് ബന്ധിച്ചു ഒന്നുംതന്നെ കുസാരിച്ചിട്ടില്ല നിശ്ചയമാണു. കാഴ്ചങ്ങൾ ഇങ്ങിനെയിരിക്കെ, രാജാവു തങ്ങളുടെ ഉപദേശം പിന്തുടർന്നു റാണിയുടെയും ആൾപ്രെഡിന്റെയും വ്യാപാരം ബന്ധിച്ചുള്ള കുമ്പസാര അറിവു യോഹന്നാൻഗുരുവോട്ട ചോദിക്കുമ്പൊൾ അദ്ദേഹം ഉള്ളതുപോലെതന്നെ പറയും. അതായത്: അവർ കുറവറവുണ്യാത്മാക്കളെന്നു; ആകയാൽ ഗുരു നേരുപറയു

മ്പോൾ, നാംപറഞ്ഞതെല്ലാം നുണയായിതെളിയും. അപ്പൊൾ ഇതാ നമ്മുടെ വായിൽ മണ്ണായിത്തീരുമെന്നതിനു അല്പ സംശയവുമില്ല. ആയതുകൊണ്ടു മഹാപ്രഭുവെ, യോഹന്നാൻ ഗുരുവിന്റെ സംഗതിയിൽ പ്രവേശിക്കുന്നത് ഒട്ടും ശരിയല്ല എന്നു പറഞ്ഞു.

ആത്തൊ മോപ്പെരിനൊട് പറയുന്നതായത്: ലൊകീകവും ആത്മീകവുമായ കാര്യങ്ങൾ ഒന്നുംതന്നെ തിരിയാത്ത ഒരു മുരടനാണു നീ. നിന്റെ ബാല്യപ്രായത്തിൽ വേദൊപദേശം പഠിച്ചപ്പൊഴും ആട്ടുകുമ്പാനെ കൈക്കൊള്ളുപ്പാടിനു ആസുമായുസമയവും പാപസങ്കീർത്തനം ബന്ധിച്ചു അറിഞ്ഞവകളെല്ലാം നീ മറന്നുകളഞ്ഞുവൊ മോപ്പേർ?

ഇല്ല ഇല്ല. മഹാപ്രഭു എല്ലാം ഓൎമ്മയുണ്ടു. പാപസങ്കീർത്തനത്തിൽ കേട്ട സംഗതി ഗുരു യാതൊരു അന്നും വെളിപ്പെടുത്തുവാൻ പാടില്ലെന്നു ഇനിക്കു വേണ്ടുംവണ്ണം അറിയാം.

അത് അറിയാമെങ്കിൽ ഇപ്പൊൾ അതിനു വിരൊധമായി നീ പറയുന്നത് എന്തു? പാപസങ്കീർത്തനത്തിൽ കേട്ട വിഷയങ്ങൾ ബന്ധിച്ചു രാജാവു അല്ലേഹത്തൊട് ചൊദിച്ചാൽ അവർ കുറ്റക്കാരാകുന്നു എന്നു ഗുരു പറയുമെന്നല്ലെ നീ പറഞ്ഞത്?

അതിനു ഇത്ര സംശയമൊ? അവർ കുറ്റക്കാരാണെന്നു നമുക്കു സത്യായിട്ടറിയാമല്ലൊ, അങ്ങിനെയിരിക്കുമ്പോൾ അവർ പാപസങ്കീർത്തനത്തിൽ പറയാത്ത സംഗതി ഗുരു എങ്ങിനെയാണു പറ

യുന്നത്? ആയതുകൊണ്ടു രാജാവു അവരുടെമേൽ സംശയിക്കുന്ന ആ പാപം ബന്ധിച്ചു കുമ്പസാരത്തിൽ അറിഞ്ഞതു പറയണമെന്നു ഗുരുവോടു ചോദിച്ചാൽ അവർ ആ പാപം ചെയ്തിട്ടില്ലായെന്നു അട്ടേഹം പറയും. അപ്പോൾ നാം അവരുടെമേൽ ചുമത്തിയ അപഭൂരുകൾ എല്ലാം വെളിപ്പെടുകയും കുറ്റക്കാരു നാംതന്നെയായി ശിക്ഷിക്കപ്പെടുകയുംചെയ്യും.

മോപ്പെർ, നിനക്കു വളരെ അറിയാമെന്നു നീ കരുതുന്നു. എന്നാൽ കടശി വാസ്തവത്തിൽ നിനക്കു കുന്നും അറിഞ്ഞുകൂടാ. ഇതു് നിന്നെ ഞാൻ നല്ലവണ്ണം ബോദ്ധ്യപ്പെടുത്താം. ശ്രദ്ധവെച്ചു കേൾക്ക: പാപസങ്കീർത്തനത്തിൽ കേട്ട സംഗതി വലിയതാകട്ടെ, ചെറിയതാകട്ടെ, മഹാ പാതകമാകട്ടെ, അല്പമായ ഒരു കുറ്റമാകട്ടെ യാതൊരുത്തനും അതു് വെളിപ്പെടുത്തിക്കൂടാ. ഇതുതന്നെയാണു ഭംഗപ്പെടുത്തരുത്താത്ത മുദ്ര എന്നു പറയുന്നതു്.

പാപസങ്കീർത്തനത്തിൽ കേട്ട വിഷയംബന്ധിച്ചു ആരുതന്നെ ചോദിച്ചാലും ശരി, രാജാവായാലും അധികാരിയായാലും ഏതൊരുവക മഹാ മനുഷ്യനായാലും ശരി: അതെ, അല്ലെങ്കിൽ അല്ല എന്നുകൂടെ പറഞ്ഞുകൂടാ. കുമ്പസാരം കൊടുത്ത ഗുരു കുമ്പസാരംമൂലമായി അറിഞ്ഞ ഏതൊരു ഉർഗ്രണമൊ സൽഗ്രണമൊ ആയാലും (കുമ്പസാരിച്ചവന്റെ) ഗ്രണാഗ്രണങ്ങളെയും, ലൌകീകലക്ഷണമൊ ലക്ഷണക്കെടൊ ബന്ധിച്ചെങ്കിലും, അല്ലെങ്കിൽ അവനിൽ കാണ

പ്പെട്ടന്ന ഏതൊരുവക ശരീരക്കുറച്ചിൽ ബന്ധിച്ചാ
യാലും ഒരിക്കലും പറഞ്ഞുകൂടാ.

ശരീരക്കുറച്ചിലുകൾ ഗുരു അറിയുന്നതു എങ്ങി
നെയാണു?

നമ്മുടെ തോട്ടക്കാരനായ പത്രോസിനെ ക
ണ്ടാൽ അവൻ ചെകിടനാണെന്നു ആരും പറകയി
ല്ലല്ലൊ. എങ്കിലും വാസ്തവത്തിൽ അവൻ ചെകിട
ൻതന്നെയാണു. അല്പം പതുക്കെ പറഞ്ഞാൽ അവ
ൻ അശേഷം കേൾക്കയില്ല. ഇങ്ങിനത്തവർ കൂമ്പ
സാരിപ്പാൻ ചെല്ലുമ്പൊൾ ഗുരുവിന്നു ക്ഷണത്തിൽ
മനസ്സിലാകും. ഇങ്ങിനെ കൂമ്പസാരത്താൽമാത്രം അ
റിഞ്ഞ അല്പ സംഗതിബന്ധിച്ചുകൂടെയും വാതുറന്നു
ഉച്ചരിച്ചുകൂടാ.

അയ്യൊ! അപ്പാ! ഇതു ഖണ്ഡിതമാണൊ ഇതു!
ഈ അഭംഗമുദ്ര എന്നു പറയുന്നതു?

ഇതു ഖണ്ഡിതമായ ഒരു സംഗതി ഇതല്ലെങ്കി
ൽ യോഹന്നാൻഗുരുവെ പിടിപ്പാനായിട്ടു ഈ വല
ഞാൻ വിരിക്കുമൊ മോപ്പെർ?

എന്നാലും റാണിയവർകളുടെ വിഷയത്തിൽ
തീരെ വ്യത്യാസമാണല്ലൊ മഹാപ്രഭു.

അതെങ്ങിനെയാണു?

രാജാവിന്നു രാജ്ഞിയുടെപേരിൽ ഉണ്ടായിരി
ക്കുന്ന ആ വ്യർത്ഥമായ സംശയത്തിന്നു തക്ക കാരണം
വല്ലതുമുണ്ടൊയെന്നു അയാൾ യോഹന്നാൻഗുരു
വോടു ചോദിപ്പാനാണു പോകുന്നതു. ആ വിധം

സംശയിപ്പാൻ തക്ക ദുർവ്യാപാരം റാണിയിൽ ഇല്ലായ്കയാൽ യോഹന്നാൻഗ്രന്ഥം ഇല്ലായെന്നു ഉത്തരിക്കുമെന്നതിന്നു അല്പസന്ദേഹവുമില്ല. അങ്ങിനെ പറയുന്നതുകൊണ്ടു അല്പേഹത്തിന്റെ പേരിൽ എന്താണു ഒരു തെറ്റു?

ആ! എന്റെ മോപ്പൈർ, ഞാൻ പറയുന്നതു് നിന്റെ ശിരസ്സിൽ കടക്കുന്നില്ലല്ലൊ. രാത്രിമുഴുവനും രാമായണം കേട്ടിട്ടു എലിയുടെ വാലുമാത്രം ശേഷിച്ചു എന്നു പറഞ്ഞ കഥപോലെയായല്ലൊ. ഇതു് മാരണം. പാപസങ്കീർത്തനത്തിൽ കേട്ട വിഷയത്തിൽ അതെ, അല്ല എന്നുള്ളതിനെ പറഞ്ഞുകൂടായെന്നാണു നിന്നോടു ഈ പറയുന്നതിന്റെ സാരം. ഇതു് മുമ്പെതന്നെ നിന്നോടു ഞാൻ പറഞ്ഞില്ലെ? ആട്ടെ, ഒരു ഉദാഹരണംകൊണ്ടു തെളിവായി പറയാം. കേട്ടുകൊൾക:

കൊള്ളാം! നിന്റെ സഹോദരൻ രാത്രിസമയത്തു നിന്നെ കാണ്മാൻ എന്നും പറഞ്ഞു എന്റെ ഈ അരമനയിൽ വന്നു തരംനോക്കി എന്റെ മുറിയിൽ കടന്നു അവിടെയിരുന്ന സ്വർണ്ണഘടികാരം മോഷ്ടിച്ചുകൊണ്ടു പൊയ്കളഞ്ഞു എന്നു വിചാരിക്ക: ഇങ്ങിനെ അവൻ മോഷ്ടിച്ചുകൊണ്ടു പുറത്തേക്കു കടക്കുമ്പോൾ പടികാവൽക്കാരൻ അതു് ആർ എന്നു വിളിച്ചു ചോദിച്ചു. എന്നാൽ മറവൻ മൌനമായി ഓടിപ്പോകയാൽ കാവൽക്കാരൻ പിന്തുടർന്നോടി ചെന്നു നോക്കിയപ്പോൾ (നിന്റെയും നിന്റെ ജേഷ്ഠന്റെയും

മുഖച്ഛായ ഒന്നുതന്നെയാകയാൽ) നീ തന്നെയാകുന്നു അത് എന്നു കാവൽക്കാരൻ കരുതി അശേഷം സംശയിക്കാതെ മടങ്ങിപ്പോരുകയുംചെയ്തു.

പിറെറദിവസം വേലക്കാരൊട്ട മോഷണം പോയ ഘടികാരം ബന്ധിച്ചു തിരക്കി ചോദിക്കയിൽ, തലേദിവസം രാത്രിസമയത്തു നീ അരമനയിൽ നിന്നു പുറപ്പെട്ടു എന്നും കാവൽക്കാരൻ വലുപ്രാവശ്യവും വിളിച്ചുചോദിച്ചിട്ടും നീ ഉരുമൊഴിപറയാതെ ഓടുകയാൽ അവൻ പിന്തുടരുകയിൽ മോഷ്ടിർ അകുന്നു എന്നുകണ്ടു മടങ്ങിപ്പോന്നു എന്നും കാവൽക്കാരൻ സാക്ഷിപറഞ്ഞു. അപ്പൊൾ അന്നു നീ നാലുമണിസമയത്തെ വീട്ടിൽ പോയി എന്നും, ഘടികാരം കണ്ടിട്ടെയില്ല എന്നും വാദിച്ചു. കടശി മോഷണസാധനം കിട്ടായ്കമുഖാന്തരം നിന്നെ പോലീസിൽ ഏല്പിച്ചു എന്നു വിചാരിക്ക: ഇങ്ങിനെ വിസ്താരംനടക്കയിൽ ഒരു തിരുനാൾദിവസം വന്നപ്പൊൾ ജനക്രുട്ടത്തൊന്നിച്ചു നീയും നിൻെറ സഹോദരനും പാപസങ്കീർത്തനത്തിന്നു ചെന്നു, നിൻെറ സഹോദരൻ ഘടികാരം കട്ടവിവരം ഗുരുവൊട്ട പറഞ്ഞതുമെന്നെ ഇനിക്കും അനുജനും മുഖച്ഛായ ഒന്നാകയാൽ ഒന്നും അറിയാത്ത എൻെറ അനുജനെയാണു ഘടികാരം കട്ടവനായി പോലീസുകാർ സംശയിച്ചു പിടിച്ചുകൊണ്ടുപോയിരിക്കുന്നതെന്നുംക്രുടെ ഗുരുവൊട്ട പറഞ്ഞു. നീ കുമ്പസാരിച്ചപ്പൊൾ നിൻെറപേരിൽ ശുദ്ധമെ ഇല്ലാത്ത ഒരു കളവുകുറ്റം മുമ്മത്തിയിരിക്കുന്നു എന്നുംക്രു

ടെ ഗുരുവൊട്ട അവാലാധിപറഞ്ഞു എന്നും വിചാരിക്കും: ഇപ്പൊൾ കുറക്കാരൻ ആർ എന്നും കുറവില്ലാത്തവൻ ആർ എന്നും കുമ്പസാരിപ്പിച്ച ഗുരുവിന്നു തിരിഞ്ഞുവല്ലൊ. ഇല്ലെ?

ഉവ്വ്. ഞാൻ കുറവറവൻ, ജ്യേഷ്ഠൻ കള്ളൻ എന്നു സ്പഷ്ടമായി അദ്ദേഹത്തിന്നു തിരിഞ്ഞു സംശയമില്ല.

കൊള്ളാം. ഈ മോഷണം ബന്ധിച്ചു പിന്നീട്ടുണ്ടായ വിസ്താരത്തിൽ നിങ്ങളെ കുമ്പസാരിപ്പിച്ച ഗുരുവിനെ ന്യായാധിപൻ, സാക്ഷിയായി സമൻ അയച്ചു വരുത്തി അദ്ദേഹത്തൊട്ട, 'ഈ മോപ്പെർ എന്നവൻ ഒരു സപ്ലഘടികാരം മോഷ്ടിച്ചതായി കുറവുമത്തപ്പെട്ടിരിക്കുന്നു. പക്ഷെ തക്ക തെളിവു കാണുന്നില്ല. എന്നാൽ തങ്ങളുടെ വാക്കു സത്യവാക്കാണല്ലൊ; കുമ്പസാരംമൂലമുള്ള അറിവു പറഞ്ഞാൽമതി. ഈ കുറക്കാരനായ മോപ്പെർ കള്ളനാകുന്നൊ കുറവറവനാകുന്നൊ എന്നു പറയുക' എന്നു പറഞ്ഞു.

നീ കുറവറവനാണെന്നു ഗുരു കുമ്പസാരംമൂലം സ്പഷ്ടമായി അറിഞ്ഞിരുന്നാലും ഇതു അഭ്യന്തരമുള്ളയാകയാൽ 'ഇനിക്കു ആ സംഗതി അറിഞ്ഞുകൂടാ. അത് ബന്ധിച്ചു എന്നൊട്ട ചോദിക്കണ്ട' എന്നു പറയുന്നതല്ലാതെ നീ കുറവറവനാണു എന്നു ഒരിക്കലും അദ്ദേഹം പറകയില്ല. അങ്ങിനെ അതു വെളിപ്പെടുത്തുന്നത് മഹാ ദോഹമാണെന്നു ആത്തൊ പറഞ്ഞു.

അങ്ങിനെയാണെങ്കിൽ കുറവില്ലാത്തവൻ ശി

ക്ഷിക്കപ്പെടുന്നത് നീതിയാകുമൊ പ്രഭു?

എന്തുചെയ്യും? ഇത് ദിവ്യമുദ്രയും അഭംഗമുദ്രയുമാകയാൽ ഏതൊരു മനുഷ്യനും അത് വെളിപ്പെടുത്തിക്കൂടാ: അമ്മയ്ക്കും മകനുമുള്ള രഹസ്യവും, രാജാവിനും മന്ത്രിക്കുമുള്ള രഹസ്യവും, ഭാര്യയ്ക്കും ഭർത്താവിനുമുള്ള സംഭാഷണവും, സ്നേഹിതർ തമ്മിലുള്ള സ്നേഹവും, മോഷ്ടാക്കളുടെ ഉള്ളാലോചനകളും, മറ്റു മഹാ രഹസ്യസംഗതികൾക്രുടെയും ചില വഴക്കുകൾമൂലം വെളിപ്പെടുന്നുണ്ടു. എന്നാൽ കുമ്പസാരത്തിൽ കേട്ട ഒരു ഒറ്റവിഷയമെങ്കിലും ഏതൊരു ഗുരുവും വെളിപ്പെടുത്തിയതായിട്ടു ഇതെവരെ ഒരിക്കലും കേട്ടിട്ടില്ല. ഇതുമുഖാന്തരമാണു ദിവ്യമുദ്ര, ഭംഗംവരുത്തിക്കൂടാത്ത മുദ്ര എന്നു അത് വിളിക്കപ്പെടുന്നത്.

കായ്പം ഇങ്ങിനെ ആയീരുന്നാൽ യോഹന്നാൻ ഗുരുവിന്റെ കാലിന്മെൽ ഒരു മുട്ടികെട്ടിയിട്ടവണ്ണമായിത്തീന്നല്ലൊ മാരണം. പാപപ്പെട്ട ഗുരു! എന്നാലും മഹാപ്രഭുവെ, രാജാവു റാണിയുടെ പാപസങ്കീർത്തനം തന്നൊടു പറയണമെന്നു യോഹന്നാൻഗുരുവൊടു കല്പിച്ചാൽ ഗുരു കറയറ്റ പതിവ്രതയായ റാണിയുടെമേൽ കുറ്റംവെച്ചു 'തങ്ങളുടെ റാണിയുടെനേരെ ആ വിധം സംശയിക്കുന്നതിന്നു കാരണമില്ല' എന്നുമാത്രം പറയുന്നതുകൊണ്ടു എന്താണു ദോഷം?

പാടില്ല, പാടില്ല, പരിഛേദം പാടില്ല. പാപസങ്കീർത്തനംമൂലമുണ്ടായ അറിവുകൊണ്ടു അതെ. അല്ല. എന്നുകൂടെ പറഞ്ഞുകൂടാ. ദേഹംകൊണ്ടു ഒ

രു ആംഗ്ലൻമുതലായിട്ടു കാണിച്ചുകൂടാ. അങ്ങിനെ പറയുന്നത് മഹാ പാപമാണെന്നു മുമ്പെതന്നെ ഞാൻ നിന്നോടു പറഞ്ഞില്ലയൊ? നീ ഇത് നല്ലവണ്ണം ഗ്രഹിപ്പാനായി, സംഭവിച്ചിട്ടുള്ള അനവധി ചരിത്രങ്ങളിൽവച്ചു ഒന്നൊ രണ്ടൊ പറഞ്ഞു കേൾപ്പിക്കാം. കേട്ടുകൊൾക.

റഷ്യാനാട്ടിലുള്ള ഒരു ഗ്രാമത്തിൽ ഒരു ഹരു. പുറത്തു സ്വരംകേൾക്കുന്നു ഒന്നു പോയി നോകിയെച്ചുവാ മോപ്പെർ.

രണ്ടു കുതിരപൂട്ടിയ സാർട്ടവണ്ടിയിൽ നുറൊരമാർ വന്നിരിക്കുന്നു.

കൊള്ളാം. നീ പൊയ്ക്കൊൾക. നാളെ പറഞ്ഞുകൊള്ളാം എന്നു പറഞ്ഞു മോപ്പെരിനെ പറഞ്ഞയച്ചുകൊണ്ടു, തന്നെ സന്ദർശിപ്പാൻ വന്നിരിക്കുന്ന നൊരമാരെ ക്ഷണിക്കൊണ്ടു വരുവാനായി ആത്തൊപ്പുള്ള മാളികയിൽനിന്നു താഴെത്തെക്കിറങ്ങിപോകയും ചെയ്തു.

൨൨-ാം അദ്ധ്യായം.

ഒരു ചരിത്രം.

മോപ്പെർ അരമനവിട്ടു പോകുംവഴിക്കു ആത്തൊ വിവരിച്ചുപറഞ്ഞ ആ അഭഗ്നമുദ്ര ബന്ധിച്ചുള്ള ചിന്താക്രാന്തനായി നന്നാ ആഴമായി ധ്യാനിച്ചുകൊണ്ടു തന്നിൽതന്നെ പറയുന്നതായത്: അയ്യയ്യൊ!

പാപസങ്കീർത്തനത്തിൽ കേട്ട ഒരല്ല സംഗതിക്കുടെയും ഇത്ര കണിശമായി രഹസ്യംകാക്കണമൊ? അതെ, അല്ല എന്നുംക്കുടെ പറഞ്ഞുക്കുടായെങ്കിൽ യോഹന്നാൻഗുരുസ്വാമിയാർ ഇതിൽനിന്നു ഒഴിയുന്നകാര്യം അസാദ്ധ്യംതന്നെയാണു. എന്നുമല്ല, മൂക്കപസഭാവിയായ രാജാവു, അദ്ദേഹത്തെ ചുമ്മെ ചുമ്മെ എങ്ങും വിട്ടവിടുകയുംമറുമില്ല. എന്തൊരു പാടുകളാണു അദ്ദേഹത്തെ പെടുത്തുന്നതെന്നു അറിഞ്ഞുക്കുടാ.

ഈ പടുപാതകനായ ആത്തൊസ്സു വേദകാര്യങ്ങൾ സകലവും ഇത്ര സ്പഷ്ടമായി തിരിഞ്ഞിട്ടും അല്ലമെങ്കിലും ഒരു കനിവില്ലാതെ ഈ വിധ മഹാപാതകത്തെ നിറവേറുന്നതിന്നു ഉറച്ചിരിക്കുന്നല്ലൊ. പരമദുഷ്ടൻ, അതുംപോരാഞ്ഞിട്ടു ആ മഹാപാപത്തിൽ എന്നെക്കുടെ പങ്കാളിയാക്കുവാൻ ശ്രമിക്കയുംചെയ്യുന്നു. ഞാൻ അതിൽനിന്നു ഒഴിയുന്നതിന്നു ഒരു മാർഗ്ഗവും കാണുന്നില്ലല്ലൊ. ദൈവമെ! പുണ്യവതിയായ രാജ്ഞിയുടെ നാമം അവൻ മാനഭംഗപ്പെടുത്തി, കറയറവനായ അൽപ്രെഡിന്റെ കുരൽവളയിൽ കത്തിയുംവെച്ചിരിക്കുന്നു: ഇപ്പോൾ പുണ്യവാനായ ഗുരുസ്വാമിയാക്കുള്ള കുഴിയും തയ്യാറാക്കുന്നു.

ഇവയെല്ലാം ദൈവം കണ്ടുകൊണ്ടിരിക്കുമൊ? പക്ഷെ ഞാൻ ഇതിൽനിന്നു ഒഴിഞ്ഞു ഓടിയൊളിച്ചുപോയാൽ ആത്തൊ എന്റെ പാപത്തെ പ്രസിദ്ധമാക്കി എന്റെ തല എടുപ്പിക്കുമല്ലൊ, എന്താണു ചെയ്യേണ്ടതു. ഒന്നും തിരിയുന്നില്ലല്ലൊ എന്നുംനി

നച്ചുകൊണ്ടു ഒരു പിച്ചുപിടിച്ചവനെപ്പോലെ ചാടിപിടായെന്നു നടന്നു ചന്തമാഗ്രമായിപോയി സ്വന്ത വസതിയിൽ എത്തി. പക്ഷെ മേല്പറഞ്ഞ വിഷയങ്ങളുടെയും വഴിമദ്ധ്യെവെച്ചു കേട്ട മറനേക സംഗതികളുടെയും വിചാരത്താൽ അവൻ അന്നു പതിവുപോലെ ഭക്ഷിക്കാതെയും, നല്ലവണ്ണം നിദ്രചെയ്യാതെയും ബഹു വ്യസനത്തോടെ രാത്രി കഴിച്ചുകൂട്ടി. പിറെദിവസം അതികാലത്തുതന്നെ തൻെറ യജമാനൻെറ മാളികയിലെക്കു ചെല്ലുകയുംചെയ്തു.

അത്തൊ മോപ്പെരിനെ കണ്ട ഉടനെ അനന്ദസന്തോഷത്തൊടെ 'എന്താണ ഇത്ര കാലത്തെതന്നെ നീ വന്നത് മോപ്പെർ? എന്തെങ്കിലും വിശേഷമുണ്ടൊ?" എന്നു ചോദിച്ചതിന്നു 'വളരെ വിശേഷങ്ങളുണ്ടു. മഹാപ്രഭുവെ, അവയെല്ലാം തങ്ങളൊടറിയിപ്പാനാണ ഞാൻ കാലത്തെ മുഖദാവിൽ വന്നത്" എന്നു ഉത്തരിക്കയുംചെയ്തു.

അത് എന്തുവിഷയങ്ങളാണെ പറയുക. കേൾക്കട്ടെ മോപ്പെർ.

ഇന്നലെ ദാസൻ തങ്ങളുടെ സമൂഹംവിട്ടുപോകയിൽ അനേക സംഗതികൾ എൻെറ ചെവിയിൽ കേട്ടു. ഞാൻ പതിവായി പോകുന്ന വലിയ വെട്ടവഴിമാഗ്രമായി പോകാതെ ചന്തത്തെരുവുമാഗ്രമാണ ഇന്നലെ പോയത്. ആ സമയം അവിടവിടെ ജനങ്ങൾ കൂട്ടംകൂട്ടമായിനിന്നു അരമനയിൽ നടന്ന വിഷയങ്ങൾ ബന്ധിച്ചു അതിശൌര്യമായി സംഭാഷി

ച്ചിരുന്നു.

ചിലർ റാണി മഹാ പുണ്യവതിതന്നെയാണെന്നും, രാജാവു ചില ദുർമ്മാർഗ്ഗികളുടെ വാക്കുകേട്ടു അവളുടെനേരെ മഹാ ദ്വേഷ്യമായിരിക്കുന്നു എന്നും പറഞ്ഞു. വേറെ ചിലർ നീതിമാനായ ആൽപ്രെഡ്പ്രഭുവിനെ കാരാഗൃഹത്തിൽ അടച്ചിരിക്കുന്നതു മഹാ അന്യായമായ കഷ്ടമാണെന്നും പറഞ്ഞിരുന്നു. മറ്റു അനേകർ, അങ്ങിനെ ആൽപ്രെഡിനു വല്ല ശിക്ഷ വിധിക്കുന്നകാലത്തു നാം എല്ലാവരും ഒരുമിച്ചു രാജാവിന്റെപക്കൽ ചെന്നു അയാളുടെപേക്കു പൊറുതി അപേക്ഷിക്കണമെന്നും പറഞ്ഞു. പിന്നീടു ഇതിനെല്ലാറിനും കാരണക്കാർ രണ്ടുപെർ മാത്രമാണു എന്നും പഴയ കള്ളൻ ഒരിക്കൽ അകപ്പെട്ടാൽ എന്നതുപോലെ ഈ അന്യായങ്ങൾക്കെല്ലാറിനും കാരണമായിരിക്കുന്ന രണ്ടുപേർ എന്നു പറകയിൽ എന്നെ കണ്ട ഉടൻ മഴപെയ്യുന്നതോരുംവണ്ണം കമ എന്നു മിണ്ടാതെ മൌനം ദീക്ഷിച്ചുകളഞ്ഞു.

ഞാൻ കുറച്ചു അകലം നടന്നുപോയപ്പോൾ ആ പോയവൻതന്നെയാണു ഈ പട്ടപാതകൻ, അവന്റെ യജമാനൻ അവനെക്കായിൽ മഹാ പാതകൻ. ഇവർ രണ്ടുപേരുമാണു ഇതിനൊക്കെക്കും ഹേതുക്കാർ എന്നു പറയുന്ന സ്വരം എന്റെ ചെവിയിൽ ഞാൻ കേട്ടു. ഉടനെ അതിഭയത്താൽ എന്റെ ദേഹംമുഴുവൻ വിയർത്തൊലിക്കയും കിടു കിടു എന്നു നെഞ്ചിടിക്കയും രോമഹർഷംകൊൾകയും ചെയ്തുയാ

ൽ ഞാൻ അത് കേട്ടതുപാതി കേൾക്കാത്തതുപാതി എന്നവിധം പരാപരന്നു ഓടിപൊയ്ക്കളഞ്ഞു. കുറച്ചു കഴിഞ്ഞപ്പൊൾ രണ്ടു ദൊരമാർ എന്റെ എതിരെ നടന്നുവന്നു. അവരും രാജ്ഞിയെയും ആൽപ്രെഡ് പ്രഭുവിനെയും സംബന്ധിച്ചു സംസാരിച്ചിരുന്നു.

എന്താ അവർ പറഞ്ഞിരുന്നത്?

അവരിൽ ഒരുവൻ പറഞ്ഞതായത്: ഇപ്രകാരമുള്ള ഒരു അന്യായമുണ്ടൊ? ആൽപ്രെഡ് പ്രഭുവിന്റെ ധർമ്മവ്യാപാരവും ഗുണാഗുണങ്ങളും നമുക്കു തിരിയാത്ത ഒരു വിഷയമല്ലല്ലൊ; അയാൾ ഈ വിധമുള്ള അന്യായം പ്രവൃത്തിപ്പാൻ തക്കവനല്ല. എങ്കിലും രാജാവിന്റെ ശിരസ്സിൽ അടിച്ചത് മാറുന്നത് അസാദ്ധ്യമാകകൊണ്ടു നാമും മറ്റു ദൊരമാർ ഏവരും ഒരുമിച്ചു പ്രാൻസുരാജാവിന്നു ഒരു ലേഖനം അയക്കുന്നത് ഉത്തമംതന്നെയാണ. അതിൽ വിരുന്നുദിവസത്തിൽ ഇവിടെ നടന്നവൃത്താന്തം സകലവുമറിയിച്ചു അദ്ദേഹം പാട്ടപോലെ നിമിഷത്തിൽ പുറപ്പെട്ടു ഇവിടെ വന്നു, വെൻസ്ലാവൂസു ചക്രവർത്തിയൊടു ആൽപ്രെഡിനെപ്രതി മദ്ധ്യസ്ഥം പറയണമെന്നു അയാളൊടു നാം അപേക്ഷിക്കണം എന്നു പറഞ്ഞുകൊണ്ടു നടന്നുപോകയുംചെയ്തു.

ഞാൻ ദേവാലയത്തിന്റെ അരികിൽ ക്രൂടി പോകയിൽ ദേവാലയവാതുക്കൽ അനവധി ഭിക്ഷക്കാർ ക്രൂട്ടമായിക്രൂടിനിന്നു മഹാ ദുഃഖത്തൊടെ പറഞ്ഞിരുന്നതായത്: മഹാ രാജ്ഞി അവർകൾ, ആൽ

പ്രൈഡ് പ്രൈഡ് മൂലമായി നമുക്കു ധർമ്മം തന്നിരുന്നതുനിമിത്തം ഒരു ദൊര രാജസമൂഹത്തിൽ അപേക്ഷ പറകമുഖാന്തരം രാജാവു രാജ്ഞിയെ വളരെ ശകാരിക്കയും, ആൽപ്രൈഡ് പ്രൈഡിനെ വിലങ്ങിടുകയും ചെയ്തു എന്നു അവർ തമ്മിൽ സംഭാഷിച്ചുകൊണ്ടിരുന്നു.

പിന്നീടു സകലരും കരങ്ങൾ ആകാശത്തിലേക്കുയർത്തി, സർവ്വേശ്വരാ സ്വാമി, ഈ രണ്ടു ആത്മാക്കളെയും യാതൊരു മോശമില്ലാതെ കാത്തരുളണമെ. അവർ ഇല്ലാതിരുന്നെങ്കിൽ ഞങ്ങൾ പശിദാഹത്താൽ പണ്ടേതന്നെ മരിച്ചുപോയെന്നെ എന്നു പറഞ്ഞു പ്രലാപിച്ചിരുന്നു. അതിൽ ഒരു കിഴവി, 'അവർ രണ്ടുപേക്കും ഒരു മോശവും വരാതിരിപ്പാനായി ഞാൻ മൂന്നു പൂജകണ്ടു കാഴ്ചവെക്കും' എന്നു പറകയിൽ അരികെ നിന്ന ഒരു കുരുടൻ, 'ഞാൻ നാളെ ആ കുറിമാനത്തിന്നു തന്നെയായി ഒരുനേരം നോൽക്കും' എന്നു പറഞ്ഞു. അപ്പോൾ കുഷ്ഠരോഗിയായ ഒരു പെണ്ണെതൽ, 'ഞാൻ നാളെ ഇനിക്കു കിട്ടുന്നകാര്യമെല്ലാം ആ കുറിമാനത്തിന്നായി ദേവാലയ ഭണ്ഡാരത്തിൽ നേച്ചയിടും' എന്നു ഈ വിധം എല്ലാവരും പറഞ്ഞു പ്രാർത്ഥിച്ചിരുന്നു എന്നു മോപ്പെർ പറഞ്ഞു തീരുംമുമ്പു ആത്തൊ പറയുന്നതായത്:

ഈ സംഗതികൾ കേട്ടിട്ടുതന്നെയാണൊ നീ ഇത്രവലിയ ദുഃഖസാഗരത്തിൽ മുഴുകിയിരിക്കുന്നതു? ഒ! മോപ്പെർ കയ്യയില്ലാത്ത മോപ്പെർ, വ്യർത്ഥമായി ഭയന്നു നീ ചാകെണ്ട. നിലത്തു ഉരുണ്ടെയിണ്ടാലും ആ

ട്ടെ ദീശമെൽ മണ്ണു പിരണ്ടില്ലല്ലൊ; എന്നു പറഞ്ഞു എഴുന്നെൽക്കുന്നതല്ലെ സാമർത്ഥ്യം? അപായത്തിൽ ഉപായം തേടുന്നതു അതി ഉചിതം എന്നല്ലാതെ ഭയപ്പെടുന്നതു് അശേഷം നന്നല്ല. ഈ പറഞ്ഞ സംഗതികൾ ഒന്നും ഞാൻ അറിഞ്ഞിട്ടില്ല എന്നു നിനയ്ക്കുണ്ടൊ മോപ്പെർ. എന്റെ സ്നേഹിതർമൂലമായി ഞാൻ ഇതിലധികം സംഗതികൾ അറിഞ്ഞിട്ടുണ്ടു.

വീട്ടിന്റെ ഭിത്തിക്കുനം തിരക്കുതെ പുമരുതു രക്കുന്ന ഒരു കള്ളനെപ്പൊലെയാണു ഞാൻ പ്രവൃത്തിക്കുന്നതെന്നാണൊ നീ വിചാരിക്കുന്നതു്? വെൻസ്ലാവൂസിന്റെ ഗുണഗുണങ്ങളും, നിയൊഗവും, വ്യാപാരവും ഇനിക്കു തെളിവായിട്ടു അറിയാം. വെൻസ്ലാവൂസിന്റെ ബുദ്ധിയിൽ തോന്നിയ ഒരു സംഗതിനിമിത്തം യമദൂതർതന്നെ വന്നു പറഞ്ഞാലും ശരി, അയാൾ ലേശംപോലും അതിൽനിന്നു മാറുകയില്ല.

ആകയാൽ നാട്ടുകാർ പറയുന്നതൊക്കെ പറഞ്ഞുകൊള്ളട്ടെ. "ഞാൻ പിടിച്ചമുയലിനു മൂന്നാണകാലു" എന്നു പിടിവാദമായി കടശിയൊളം പറഞ്ഞുകൊണ്ടു നിൽക്കുന്നു സിദ്ധാന്തസ്വഭാവിയായ വെൻസ്ലാവൂസു ഇതുകൊണ്ടൊന്നും അശേഷം ഇളകിപ്പോയി എന്നു വരികയില്ല. തീച്ചയാണു.

ഒരുസമയം പ്രാൻസുരാജാവിന്റെ ശിപായികൊണ്ടു ഇളകിയെങ്കിൽ ഇളകിയെന്നു പറയാം. പക്ഷെ അയാൾ വരുന്നതിനുമുമ്പു കായ്യം തീരും. നീ പറഞ്ഞതുപോലെ ഈ പട്ടണത്തിലെ ഒരൊരൊ ആ

ഴുതുവാൻ കരുതിയിരിക്കുന്ന ആ ലേഖനം അവിടെ ചെന്നു അയാൾ ഇവിടെ വരുന്നതിനു മുമ്പായി തന്നെ മാസം പിടിക്കും. പക്ഷെ ഇനി ഒരാഴ്ചയ്ക്കകം ആൽപ്രെഡിന്റെ തലയും ഉടലും തമ്മിൽ വേർപെടുമെന്നതിനു അല്പസന്ദേഹവുമില്ല.

കാഴ്ചകൾ സകലവും വളരെ നിമിഷത്തിൽ നിറംമാറുന്നതിനു ഞാൻ പ്രയത്നിക്കും. ഇതുകൂടാതെയും രാജ്ഞിക്കുണ്ടായ രോഗം സുഖമായി എങ്കിലും വെൻസ്ലാവൂസു ഇപ്പോൾ മുമ്പിലത്തെപ്പോലെ അവളെ കാണ്മാൻ അത്ര പോകുന്നില്ല. എന്നാലല്ല, രാജാവു എന്നെ കാത്തുകൊണ്ടിരിക്കയാണെന്നാണെ വർത്തമാനം. ആയതുകൊണ്ടു നാം ആരംഭിച്ച നാടകം വേഗത്തിൽ മുഖിവരും സംശയിച്ചുപോകണ്ടാ മോപ്പെർ.

മഹാപ്രഭുവെ, ഇന്നലെ തങ്ങൾ പറഞ്ഞ ആ സംഗതി ഓർക്കുന്നുണ്ടായിരിക്കുമോ?

അതെന്താണു? യോഹന്നാൻഗ്രുവെ സംബന്ധിച്ച വിഷയമാണൊ?

അതെ. അത്തന്നെയാണു ഉടയവനെ.

അത് സംബന്ധിച്ചു ഇപ്പോൾ എന്താണു?

അഭംഗമുദ്ര സംബന്ധിച്ചു ചില ചരിത്രങ്ങൾ വേറയാമെന്നു തങ്ങൾ പറഞ്ഞിരുന്നില്ലെ?

ഒ! ഹൊ! അത് ഇതെവരെയും നീ മറന്നില്ലെ? ചരിത്രങ്ങൾ കേൾപ്പാൻ നിനക്കു ബഹു ഇഷ്ടമാണെന്നു തോന്നുന്നല്ലൊ. കൊള്ളാം. കമ്പിസാരത്തി

ലെ രഹസ്യം നീ നല്ലവണ്ണം ഗ്രഹിപ്പാനായി ഞാൻ ചില സംഭവിച്ച വൃത്താന്തങ്ങൾ പറയാം. നല്ല ശ്രദ്ധയോടെ കേൾക്ക:

റഷ്യാനാട്ടിൽ ഒരു ഗ്രന്ഥസ്വാമിയാർ ഉണ്ടായിരുന്നു അദ്ദേഹം ബഹു പുണ്യവാനായി ജീവിച്ചിരുന്നു. എന്നാൽ ആ ഗ്രന്ഥവിന്നു വസിക്കുന്നതിന്നു തനിച്ചു മുറി ഇല്ലാതിരുന്നതുമുഖാന്തരം സങ്കീർത്തിമുറിയിൽ തന്നെയാണു അദ്ദേഹം വസിച്ചിരുന്നത്. ഒരു ദിവസം തന്റെ പതിവിൻപ്രകാരം അദ്ദേഹം ദേവാലയസമീപെ ഉണ്ടായിരുന്ന ഒരു പള്ളിക്കൂടത്തിൽ പൈതങ്ങൾക്കു വേദോപദേശം ചൊല്ലിക്കൊടുപ്പാനായി പോയി.

ഇങ്ങിനെ പൈതങ്ങളെ വേദോപദേശം പഠിപ്പിച്ചശേഷം പള്ളിക്കൂട നടപടികൾ ബന്ധിച്ചു വാദ്ധ്യാന്മാരുമായി സംഭാഷിച്ചുകൊണ്ടിരിക്കും സമയം ദേവാലയത്തിൽ ഒരു ഘോരമായ കരച്ചിലും നിലവിളിയും കേൾക്കുമുചാന്തരം ഗ്രന്ഥവും ഉപാദ്ധ്യായന്മാരും ഓടിച്ചെന്നു. അപ്പൊൾ ഒരു കിഴവി കരങ്ങളിൽ ഒരു ചെറുമൊന്തയും പിടിച്ചുകൊണ്ടു ദേവാലയവാതുക്കൽനിന്നു അയ്യയ്യൊ! കുല മരണം എന്നു പറഞ്ഞു നിലവിളിക്കുന്നത് ഗ്രന്ഥം കേട്ടു കിഴവിയോടു, "ഇതെന്തു സംഗതിയാണു? നിന്നെ വല്ലവരും അടിച്ചുവൊ" എന്നു ചോദിച്ചു.

അപ്പോൾ കിഴവിക്കു മിണ്ടുവാൻമേലാതെ കൈകാൽ വിറച്ചുകൊണ്ടു, 'ഇതാ നോക്കുവിൻ' എ

ന്നു പറഞ്ഞു ഇരു കരങ്ങളാൽ ചുണ്ടിക്കാണിച്ചു. ഗുരു വാദ്ധ്യാന്മാരൊരുമിച്ചു ദേവാലയത്തിൽ പ്രവേശിക്കയിൽ, പീംസമീപെ ൨൨-വയസ്സു പ്രായമുള്ള ഒരു വാലിഭൻ ശിരസ്സു ഖണ്ഡിക്കപ്പെട്ട പുത്തരക്കത്തിൽ പുരണ്ടു കിടന്നു മരിക്കുന്നത് കണ്ടു, അതി വിസ്മയവും അത്യന്ത വ്യസനവും പൂണ്ടുപോയി. എങ്കിലും തൽക്ഷണം ഗുരു കുറിഞ്ഞു സൂക്ഷിച്ചു നോക്കിയപ്പോൾ അല്ല ജീവലക്ഷ്യം തോന്നുകയാൽ ക്ഷണം അടച്ചു ദോഷംപോക്കി അന്ത്യലേപനവും നൽകുകയും ചെയ്തു.

അനന്തരം കിഴവിയൊടു ഈ വിധ അക്രമം പ്രവൃത്തിച്ചത് ആരാകുന്നു എന്നു ഗുരു ചോദിക്കയിൽ, 'ഇനിക്കു അതൊന്നും അറിഞ്ഞുകൂടാ എന്റെ ഗുരുസ്വാമിയാരെ, ഞാൻ തീർത്ഥജലത്തിന്നായി ഈ പാത്രവുംകൊണ്ടു പള്ളിയിൽ പ്രവേശിച്ചപ്പോൾ പീംസമീപെ ഒരു കുറുങ്ങൽ സ്വരം കേട്ടു അവിടെപോയി നോക്കി. എന്നാൽ അവിടെ രക്തം ചിന്തിയിരിക്കുന്നത് ഞാൻ കണ്ടപ്പോൾ അധികമായി ഭയന്നു നിലവിളിപ്പാൻ തുടങ്ങി. ഇത്രമാത്രമെ ഇനിക്കറിയാവു' എന്നു പറഞ്ഞു. ഇതിന്നിടയിൽ പട്ടണവാസികൾ വളരെപേർ അവിടെ ഓടിക്കൂടുകയും, പോലീസുകാർ മുതലായ സക്കാരുദ്യോഗസ്ഥരും വന്നുചേർന്നു കുലപാതകം തിരക്കി കണ്ടുപിടിപ്പാൻ യത്നിക്കയുംചെയ്തുതുടങ്ങി.

മൂന്നുദിവസംവരെ അന്വെഷണംനടത്തിയി

ട്ടും യാതൊരു ലക്ഷ്യവും തെളിവും കിട്ടാതിരിക്കയും, കലനടന്ന സ്ഥലത്തുനിന്നു സങ്കീർത്തിമുറിയിലൊളം രക്തത്തുള്ളികൾ അവിടവിടെ വീണിരിക്കയും ചെയ്തനിമിത്തം ഗുരുവിൻെറനേരെ സന്ദേഹിച്ചു. അദ്ദേഹം വസിക്കുന്ന ആ സങ്കീർത്തിമുറി പരിശോധിച്ചപ്പോൾ രക്തം പുരണ്ട ഒരു കത്തി അതിൽനിന്നു കണ്ടുകിട്ടുകയുംചെയ്തു.

ആകയാൽ ഗുരുസ്വാമിയാരെ വരുത്തി വിസ്തരിക്കയിൽ, സാക്ഷി യാതൊന്നുമില്ലായ്കകൊണ്ടു ന്യായാധിപൻ ബഹു സമർത്ഥതയോടെ ചില ഉപായതന്ത്രങ്ങൾ ഉപയോഗിച്ചു വിവിധവിധമായ ചോദ്യങ്ങളാൽ സൂക്ഷ്മത്തൊളം പരിശോധിച്ചു. എന്നാൽ ഗുരു ആ പാതകം ഞാൻ പ്രവൃത്തിച്ചിട്ടില്ലായെന്നും സ്വപ്നത്തിൽപോലും അത് നിരൂപിച്ചിട്ടില്ല എന്നും അന്നു കാലത്തു വളരെനേരത്തെക്കു ഞാൻ വാദ്ധ്യാരൊരുമിച്ചു പള്ളിക്കൂടത്തിലായിരുന്നു എന്നും മറ്റും മറുപടിപറഞ്ഞതല്ലാതെ ഒരുവക തെളിവും കിട്ടിയില്ല.

ആകയാൽ ന്യായാധിപൻ നന്നാ കലങ്ങി വിഷാദിച്ചു ഗുരുവിനെ നോക്കി: കൊള്ളാം. തങ്ങൾ ഈവിധമുള്ള ഒരു പാതകം ചെയ്യാൻ തക്ക മനുഷ്യനല്ല; അത് നേരുതന്നെയാണു. എങ്കിലും ഈ പ്രവൃത്തി ചെയ്തവരെ ആരെ എങ്കിലും തങ്ങൾക്കു വിവരമുണ്ടോ എന്നു ചോദിച്ചതിന്നു, 'ഇനിക്കു അറിവില്ല' എന്നു അദ്ദേഹം ഉത്തരിച്ചു. അതില്ലാത്തപക്ഷം പാവസ

ങ്കീർത്തനംമൂലമായിട്ടെങ്കിലും ഇത് അറിവുണ്ടോയെ
ന്നു ജഡ്ജി ചോദിക്കയിൽ, ഗുരു 'അത് അഭംഗദി
വ്യമുദ്രയാകകൊണ്ടു അതുബന്ധിച്ചു യാതൊരു വിഷ
യവും എന്നൊട് ചോദിക്കണ്ട' എന്നു ഉത്തരിച്ചു.

മേല്പറഞ്ഞ കുല സംഭവിച്ചതിൽപിന്നെ ത
ങ്കൽ ആക്കെങ്കിലും പാപസങ്കീർത്തനം കൊടുത്തിട്ട
ണ്ടോ എന്നു ന്യായാധിപൻ ചോദിച്ചു. അതിന്നു, 'അ
നേകർക്ക് കൊടുത്തിരിക്കുന്നു' എന്നു ഗുരു ഉത്തരിച്ച
പ്പോൾ ഉടൻതന്നെ കുലചെയ്തവൻ പാപസങ്കീർത്ത
നം ചെയ്തോ എന്നു ന്യായാധിപൻ ചോദിച്ചു. അതി
ന്നു ഗുരു, 'താൻ ഇത് എന്നൊട് ചോദിക്കുന്നതു ചോ
ദ്യമല്ല' എന്നു ഉത്തരിച്ചു. അല്ലെങ്കിൽ കുല ബന്ധി
ച്ചുള്ള വല്ല സംസാരം പാപസങ്കീർത്തനത്തിൽ ഉണ്ടോ
യൊ എന്നു ന്യായാധിപൻ ചോദിക്കയിൽ, ഗുരു 'ത
ങ്കൽ ദയവായി ഇതുബന്ധിച്ചു യാതൊന്നും എന്നോ
ട് ചോദിക്കണ്ട' എന്നു ഉത്തരിച്ചു.

അല്ലെങ്കിൽ കുലചെയ്തത് കണ്ടവർ വല്ലവ
രും കുമ്പസാരിപ്പാൻ വന്നിട്ടുണ്ടോ എന്നു വിധിയാള
ൻ പിന്നെയും ചോദിക്കയിൽ ഗുരു, 'ഇതുംകൂടെ മ
ഹാമുദ്രയിൻകീഴുള്ളതാകയാൽ ഇതുംഎന്നൊട് ചോ
ദിക്കരുതു' എന്നു ബഹു ധൈര്യത്തൊടെ ഉത്തരിച്ചു.

ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്കു തങ്ങൾ
ഒരു മറുപടിയും പറയാത്തപക്ഷം കുലപാതകനുള്ള
ശിക്ഷ തങ്ങൾക്കു ഞാൻ വിധിക്കുമെന്നും മറ്റും ന്യാ
യാധിപൻ പറഞ്ഞു ഗുരുവിനെ നന്നായി ഭയപ്പെടുത്തി

നോക്കി. എങ്കിലും ഗ്രന്ഥം അശേഷം ഭയപ്പെടാതെ വിധിയാളനെ നോക്കി, തങ്ങൾക്ക ഇഷ്ടമുള്ള ശിക്ഷ ഇനിക്ക വിധിച്ചുകൊൾകെവേണ്ടു; പക്ഷെ കുമ്പസാരത്തിൽകേട്ടകതോ അല്ലസംഗതിയും എന്നൊട്ട തങ്ങൾ ചോദിക്കരുത്" എന്ന അതി ധൈര്യത്തൊടെ ഉത്തരിച്ചു. 'എന്നാൽ ഞാൻ ഇതാ വിധിപറയുന്നു' എന്ന വിധിയാളൻ പറഞ്ഞുകൊണ്ടു താഴെ വരുന്ന വിധിവാചകം എഴുതി വായിക്കയും ചെയ്തു. അതായതു്:

പതിനഞ്ചു ദിവസങ്ങൾക്കുമുമ്പു റോമൻ കത്തോലീക്ക ദേവാലയത്തിൽവച്ചു നടന്ന കൊലപാതകസംഗതി, ഈ കോർട്ടിൽവെച്ചു എന്തെറമുമ്പാകെ വിസ്തരിച്ചതിൽ, യാതൊരുവക തെളിവും സാക്ഷിയും ഉണ്ടായില്ല. എന്നാൽ ടി. ദേവാലയത്തൊട്ടടുത്ത സങ്കീത്തി എന്ന ഒരു ചെറിയ മുറിയിൽ തനിയെ വസിച്ചിരുന്ന സിൽവാനൊസു എന്ന റോമൻകത്തോലീക്കഗ്രന്ഥവിന്റെ മുഷിഞ്ഞ വസ്ത്രങ്ങളിൽ മറച്ചുവച്ചിരുന്ന രക്തംപുരണ്ട ഒരു കത്തി കണ്ടുകിട്ടി. വിശേഷിച്ചും കൊല നടന്ന സ്ഥലംമുതൽ ആ കത്തി കണ്ടെടുത്തിയ സ്ഥലംവരെ രക്തം തുള്ളിതുള്ളിയായി വീണിട്ടുണ്ടായിരുന്നു.

എന്നാൽ അനേകന്മാർ ഈ സംഗതി പരിശോധിച്ചതിൽ, സിൽവാനൊസുഗ്രന്ഥകാരനാണെന്നുള്ളതു തെളിഞ്ഞിരിക്കുന്നതു്. എങ്കിലും മേല്പറഞ്ഞ ലക്ഷ്യങ്ങൾ നിമിത്തവും അദ്ദേഹം കുമ്പസാരത്തിൽ

ഈ കുലപാതകം ബന്ധിച്ചു ഏതെങ്കിലും കേട്ടിട്ടു ണ്ടോയെന്നു ചോദിച്ചതിന്നു മറുമൊഴി പറയാതെ അത് ദൈവമുദ്രയാണു അഭഗ്നമുദ്രയാണു എന്നുമാത്രം പറയുന്നതുമുഖാന്തരവും അദ്ദേഹം ജീവപര്യന്തം സി ബേരിയദേശത്തു കഠിനവേലയൊടെ കഠിനതടവി ൽ വെക്കപ്പെട്ടന്നതിന്നു ഞാൻ വിധിച്ചിരിക്കുന്നു.

എന്നു വായിച്ച ഉടനെ ഗ്രുവിന്റെ കാലുക ളിൽ വിലങ്ങിട്ടു പാറാവിൽ അടയ്ക്കപ്പെട്ടകയും ചെ യ്തു. ഇദ്ദേഹം കുറക്കാരനായി വിധിക്കപ്പെട്ടിട്ടു പി റെമാസത്തിൽ ബഹു കുളിരുള്ള ദൂരദേശമായ സി ബെരിയായിൽ കൊണ്ടുപോകപ്പെട്ട കഠിനതടവിൽ ഇടപ്പെട്ടു. ഇദ്ദേഹത്തിന്നു കൊടുത്തിരുന്ന കഠിനവേ ലകൾ സകലവും എല്ലാവരും വിസ്മയിക്കത്തക്ക ക്ഷ മയൊടെ നിറവേറ്റിയിരുന്നു.

കുലപാതകം നടന്ന ആ ഗ്രാമത്തിൽ ലൂട്ടവി ക്ക് എന്നു പേരുള്ള ഒരു ക്രീസ്തുവൻ ഉണ്ടായിരുന്നു. ഇ വൻ കുറെനാളായിട്ടു ജനസംസർഗ്ഗത്തെ അശേഷം വർജ്ജിച്ചു, യാതൊരുത്തരൊടും അശേഷം സംഭാ ഷിക്കാതെ തനിച്ചുവസിയായി നടക്കയും അല്പമെങ്കി ലും ഒരു സന്തോഷലക്ഷ്യം ഒരിക്കലും കാണിക്കാതെ ബഹു ദുഃഖിതനായി വ്യാപരിക്കയും ചെയ്യുന്നതു മറ്റു ള്ളവർ കണ്ടു വിസ്മയിച്ചിരുന്നു. ഇങ്ങിനെ ദിനംതോ റും അവന്റെ ദേഹസുഖം കുറഞ്ഞുനന്നാ മെലിഞ്ഞു ബഹു രോഗപീഡിതനായിവരുന്നത് മറ്റുള്ളവർ കണ്ടു, നിനക്കു എന്തു സംഭവിച്ചു? നിനക്കുള്ള രോഗം

എന്തു? എന്നു ചോദിച്ചാൽ, ഇനിക്കു ഒന്നുമില്ല. എന്നു മാത്രം അവൻ പറഞ്ഞിരുന്നു.

എന്നാൽ മേല്പറഞ്ഞ കൂലപാതകം നടന്നിട്ടു മൂന്നാം വർഷം അവനു ഒരു പനി പിടിപ്പെട്ടു വളരെ അപകടസ്ഥിതിയിലായി, മരണം അടുത്തുവരുന്നു എന്നു അവൻ അറിഞ്ഞപ്പോൾ ആ ഗ്രാമത്തിൽ നീതിപരിപാലകരായ ചില അധികാരികളെ അവന്റെ ഭവനത്തിലേക്കു വിളിച്ചുവരുത്തി, അവരുടെയും അവിടെ കൂടിയിരുന്ന ജനസമൂഹത്തിന്റെയും മുമ്പാകെ അവൻ പറഞ്ഞതായത്:

വന്ദ്യസഹോദരരെ, മൂന്നുവർഷംമുമ്പു ഈ ദേശത്തിലെ ദേവാലയത്തിൽ നടന്ന കൂലപാതകം ബന്ധിച്ചു കഴിച്ച വിസ്താരത്തിൽ, നമ്മുടെ ഈ പള്ളിയിലെ ബ. വികാരിയച്ചന്റെനേരെ സന്ദേഹമുണ്ടാകയാൽ അദ്ദേഹത്തെ അലസിഭാഗത്തിൽ ജീവപര്യന്തം കഠിനതടവിനു വിധിച്ചുവല്ലൊ. ആകയാൽ ഇപ്പോൾ ഈ പരിശുദ്ധഗ്രാമം സിബെരിയ എന്ന കാട്ടുദിക്കിൽ വിലങ്ങനായി കിടന്നു കഠിനവേലചെയ്യുവരുന്നതു നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കുന്നു സംശയമാണല്ലൊ (രോഗി കുറച്ചുനേരം മൌനമായിരുന്നിട്ടു കരങ്ങളാൽ മാറ്റിൽ അടിച്ചുകൊണ്ടു) അയ്യയ്യൊ! എന്നെപ്പോലെയുള്ള പാതകൻ ഭൂലോകത്തിൽ ഉണ്ടൊ? എന്നു പറഞ്ഞു വിമ്മിക്കരഞ്ഞു നെടുവീർപ്പോടെ വീണ്ടും പറയുന്നതായത്:

പാവം! അദ്ദേഹം കുറ്റമറ്റവനാകുന്നു. അ

പാതകം നിറവേറിയത് ഞാനാകുന്നു. അല്പാതെ അദ്ദേഹമല്ല. എന്നും പറഞ്ഞു കണ്ണീർ തുള്ളികൾ മാലമാലയായി ഒഴുക്കി കരഞ്ഞു ഉച്ചസ്വരത്തിൽ പ്രലാപിച്ചു നിലവിളിച്ചിരുന്നു. എന്നാൽ രോഗിയെ ശുശ്രൂഷിച്ചിരുന്ന മഹാജനം ഇതുകേട്ടു വിസ്മയത്താൽ പരിഭ്രമിച്ചു ഒരു അക്ഷരം പോലും ഉച്ചരിക്കാതെ മൌനമായി നിന്നിരുന്നു.

രോഗി കണ്ണുകൾ തുടച്ചു വീണ്ടും പറഞ്ഞതായത്: കൊല്ലപ്പെട്ടവൻറെനേരെ ഞാൻ വളരെ ദീർഘകാലമായിട്ടു ബഹുദ്വേഷ്യമായിരുന്നതിനാൽ, അവനെ കൊല്ലണമെന്നു തീർമ്മാനിച്ചു തരം അന്വേഷിച്ചു നടന്നിരുന്നു. അന്നൊരിവസം അവൻ തനിച്ചു ദേവാലയത്തിൽ നമസ്കരിച്ചുകൊണ്ടിരിക്കയിൽ ഞാൻ അവൻറെ പുറകിൽ ഓടിച്ചെന്നു പെട്ടന്നു അവൻറെ ശിരസ്സു ഖണ്ഡിച്ചുകളകയുംചെയ്തു. എന്നാൽ ഈ പാതകം ഞാൻ നിറവേറിയതിൻറെശേഷം ഇറിക്കുമുണ്ടായിരുന്ന ധൈര്യം അശേഷം കെട്ടു, അത്യുത്ഭയവും സംഭ്രമവും ഉണ്ടായി. അതിനാൽ ഇടവും വലവും തിരിഞ്ഞു നോക്കിയപ്പോൾ ഗ്രന്ഥസ്വാമിയാർ സന്നിധിയിൽ ഇല്ലായെന്നു അറിഞ്ഞു, അതിൽ പ്രവേശിച്ചു അദ്ദേഹത്തിൻറെ മുഷിഞ്ഞ വസ്ത്രങ്ങളിൽ രക്തം പുരണ്ട ആ കത്തി മറച്ചുവെച്ചുകൊണ്ടു ക്ഷണം പുറത്തെക്കിറങ്ങി ഒളിച്ചോടിപോകയുംചെയ്തു.

എന്നാൽ അന്നൊരിവസം എൻറെ ഹൃദയത്തിലുണ്ടായ മഹാവ്യസനവും ഭയവും കലക്കവും അവ

ണ്ണറീയമായിരുന്ന തുമുഖാന്തരം അന്നു രാത്രിതന്നെ വികാരിയായ ടി. ഗുരുവിന്റെ പാദങ്ങളിൽ പോയി വീണു പാപസങ്കീർത്തനംകഴിച്ചു. അപ്പോൾ ഗുരു ഇനിക്കു വളരെ നല്ല ബുദ്ധിയുപദേശങ്ങൾ പറഞ്ഞുതന്നതുമെന്നെ, കൊല്ലപ്പെട്ടവന്റെ കുഡുംബത്തെ മരണത്തോളം ഞാൻ സംരക്ഷണചെയ്യണമെന്നും എന്നോട് കല്പിക്കയുംചെയ്തു. അന്നുമുതൽ ഈ നാൽവരെയും കൊല്ലപ്പെട്ടവന്റെ കുഡുംബത്തിന്നു സംരക്ഷണസ്സു വേണ്ടിയത് സകലവും ആരും അറിയാതെ രഹസ്യമായി ഞാൻ കൊടുത്തുവരുന്നു.

എങ്കിലും കുറവില്ലാത്തവനായ ആ ഗുരുസ്വാമിയാക്കു ഞാൻ വരുത്തിയ അപമാനത്തിന്നു തക്ക പരിഹാരംചെയ്തു, അദ്ദേഹത്തിന്നു വിധിക്കപ്പെട്ട ആ ശിക്ഷയിൽനിന്നു വിടുവിക്കുന്നതിന്നു എന്റെ പാതകം അധികാരികളോടു ഞാൻ അറിയിച്ചില്ല. ഇതുനിമിത്തം കഴിഞ്ഞ ഈ മൂന്നുവഷ്ങ്ങളിൽ മഹാ വ്യസനവും മനഃക്ലേശവും ഞാൻ അനുഭവിച്ചിരുന്നു. ഇതുമെന്നെ സർവ്വേശ്വരന്റെ കോട്ടുറവു നീതിയാൽ എന്റെ രണ്ടു കുട്ടികളും ഭാര്യയും മരിച്ചുപോകയും, എന്റെ ധനവും സമ്പത്തുമെല്ലാം നശിച്ചു ഇപ്പോൾ ഇതാ ഞാൻ ചാകാറായിക്കിടക്കുകയുംചെയ്യുന്നു.

ഈ നിർഭാഗ്യങ്ങൾ ഒക്കയ്ക്കും കാരണം എന്റെ ആ പാതകവും ആ പരിശുദ്ധ ഗുരുസ്വാമിയാക്കു ഞാൻ വരുത്തിയ അപമാനവും കഠിന ദൈവക്കുറ്റങ്ങളുമെന്നു എനിക്കതിന്നു സന്ദേഹമില്ല. എന്നാൽ ഇപ്പോൾ

ഞാൻ ഇതാ എന്റെ അക്രമം പ്രസിദ്ധമാക്കി ഏറ്റു പറഞ്ഞുകൊള്ളുന്നു. ആകയാൽ ആ കറയറ്റ പരിശുദ്ധഗുരുവിനെ വിട്ടയയ്ക്കണമെ. ഇനിക്കു ശേഷിച്ചിട്ടുള്ള പറമ്പു, ഉല്പന്നി, ധനസമ്പത്തു സകലവും കൊല്ലപ്പെട്ടവന്റെ കുഡുംബസംരക്ഷണത്തിന്നു കൊടുത്തുകൊൾവിൻ. വിശേഷിച്ചും നിങ്ങൾ എല്ലാവരും എന്റെ ഈ അക്രമപാപങ്ങൾ പൊറുത്തു നീതിപോലെ എന്നെ ശിക്ഷിച്ചുകൊൾവിൻ എന്നു പറകയും ചെയ്തു.

അവിടെ കൂടിയിരുന്നവർ സകലരും ഇവകൾ കേട്ടു; ആ പരിശുദ്ധഗുരുവിന്റെ ക്ഷമയും കുറ്റമില്ലായ്മയും അറിഞ്ഞു അദ്ദേഹത്തെ പുകഴ്ത്തിസ്തുതിച്ചുകൊണ്ടു ആ കഠിനശിക്ഷയിൽനിന്നു ഈ പുണ്യവാനെ വിട്ടയക്കണമെന്നു ഏകസ്വരമായി നിലവിളിച്ചു അപേക്ഷിച്ചു. ആകയാൽ ന്യായാധിപർ ആ പരിശുദ്ധന്റെ ശിക്ഷവിധി മാററി ബഹു മഹിമയോടെ അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വരുന്നതിന്നു ഉത്തരവുകൾ കൊടുക്കയുംചെയ്തു.

എന്നാൽ ആ പട്ടണത്തിൽ വളരെ ക്രീസ്തുവരും അനേകം പതിതരും യൂദന്മാരുമുണ്ടായിരുന്നതുമുഖാന്തരം ഒരു പരിശുദ്ധ ഗുരുസ്വാമിയാരെ മഹാ ആഡംബര ഘോഷത്തോടെ അവിടെക്കു കൂട്ടിക്കൊണ്ടു വരുന്നതിലേക്കു വളരെ പണശേഖരം അവർ തയ്യാറാക്കി എന്നുമാത്രമല്ല, ഈ പരിശുദ്ധൻ പാപസങ്കീർത്തനത്തിൽ കേട്ട സംഗതി പ്രസിദ്ധമാക്കാതിരിക്കെ

ണ്ടതിനു മരണത്തെക്കുടെയും ഭയപ്പെടാതിരുന്നു എ
ന്നു അറിഞ്ഞു പല പതിതരും യൂദന്മാർക്കുടെയും മ
നസ്സുതിരിഞ്ഞു സത്യവേദം അനുസരിക്കയുംചെയ്തു.

ന്യായാധിപരുടെ ഉത്തരവും കൊണ്ടുപോയ
സേവകർ അനേകനാൾ പ്രയാണംകഴിച്ചു സിബൈ
രിയ ദേശത്തു എത്തി, പാരാവധികാരിക്കു തങ്ങൾ
കൊണ്ടുവന്നിരിക്കുന്ന ഉത്തരവു കാണിക്കയിൽ, അയാ
ൾ അത്യന്ത ദുഃഖപരിഭ്രമത്തോടെ, അയ്യോ! അദ്ദേ
ഹം മുന്നുദിവസംമുമ്പു മരിച്ചുപോയല്ലൊ. അദ്ദേഹം
ഇവിടെ ഒരു പരമണ്ഡലങ്ങളിലെ മാലാകയെപ്പൊ
ലെയാണ ജീവിച്ചിരുന്നത് എന്നു പറഞ്ഞു.

ഗുരുസ്വാമിയാർ മരിച്ചുപോയവിവരം പട്ട
ണവാസികൾ കേട്ടു, അനേകദിവസം ദുഃഖംകൊ
ണ്ടാടിയതുമെന്നുവെ, അദ്ദേഹം സത്യമായിട്ടു ഒരു വ
ന്ദ്യവാളനാകുന്നു എന്നു സകലരും സ്തുതിച്ചു പുകഴ്ത്തി
കൊണ്ടാടുകയുംചെയ്തു. മുൻ പറഞ്ഞ രോഗിയും ത
ന്റെ പാപത്തെ പ്രസിദ്ധമാക്കി അനുസരിച്ചുപറ
ഞ്ഞതിന്റെ പിറ്റെദിവസം മരിച്ചുപോകയുംചെ
യ്തു.

കണ്ടുവൊ മോപ്പിൾ? ഗുരുക്കൾ പാപസങ്കീ
ർത്തനത്തിൽ കേട്ട വിഷയങ്ങൾ എത്ര ഭദ്രമായിട്ടാണ
രഹസ്യംകാർക്കുന്നതെന്നു നോക്കുക. ആ ഗുരുകായ
ൎവനായിരുന്നു എന്നിട്ടും പാപസങ്കീർത്തനമുദ്ര ഭംഗ
പ്പെടുത്തുന്നതിനെക്കാൾ കാരാഗ്രഹത്തിന്നും, അപ
മാനത്തിന്നും, ഞെരുക്ക സങ്കടങ്ങൾക്കും, കടശി മര

ണത്തിന്നുള്ളിടെയും നൽമനസ്സോടെ ഉൾപെടുന്നതിന്ന ധൈര്യമായി തുനിഞ്ഞു. ഇതുപോലുള്ള ചരിത്രങ്ങൾ ഇനിയും അനേകമുണ്ടു. നിനക്കു താല്പര്യമുണ്ടെങ്കിൽ പറയാം എന്നു ആത്തൊ പറഞ്ഞു.

അപ്പൊൾ മോപ്പെർ ഇനി ആവശ്യമില്ല. മഹാ പ്രഭുവെ, ഇത് ഒന്നു വേണ്ടുവോളം മതിയായിരിക്കുന്നു. പാപസങ്കീർത്തനമുള്ള ഇതു രഹസ്യമുള്ളതെന്നും മരിക്കേണ്ടിവന്നാലും ആ രഹസ്യം കാക്കണമെന്നുമുള്ളത് ഇതുവരെ ഞാൻ അറിഞ്ഞിട്ടില്ല. കുമ്പസാരത്തിലെ ഈ മഹാ രഹസ്യത്തിന്നു അഭംഗമുള്ള എന്ന പേരു ശരിയായിട്ടു യോജിച്ചിരിക്കുന്നു. ഈ കുമ്പസാരരഹസ്യം മുഖാന്തരം എത്രയൊ ദുഷ്ടകൾ, പാവങ്ങൾ ഈ വിധം വിലങ്ങിനും മരണത്തിനും ഉൾപെട്ടിട്ടുണ്ടായിരിക്കും?

ഒ! അനേകംപേർ ഈ വിധം ശിക്ഷിക്കപ്പെട്ടിട്ടുണ്ടു. കുമ്പസാരത്തിൽ കേട്ട സംഗതി സാക്ഷിപറയുന്നുമുഖാന്തരം എത്രയൊ ദുഷ്ടകൾ മഹാ ശിക്ഷകൾ അനുഭവിച്ചിരിക്കുന്നു. ചിലർ അനേകവർഷത്തെക്കു കഠിനതടവിൽ വെക്കപ്പെട്ടുകയും, മറ്റു ചിലർ ബഹു ദൂരദേശങ്ങളിൽ അലസിഭാഗത്തിൽ തള്ളപ്പെട്ടുകയും വേറെ ചിലർ മരണത്തിന്നു കയ്യാളിക്കപ്പെട്ടുകയും ചെയ്തു എന്നു വർത്തമാനപുസ്തകങ്ങളിലും പുസ്തകങ്ങളിലും അനേകംപ്രാവശ്യം ഞാൻ വായിച്ചിരിക്കുന്നു.

കായ്യം ഇങ്ങിനെയായിരുന്നാൽ യോഹന്നാൻ

ഗുരു രക്ഷചെടുന്നകാര്യം വളരെ അസാദ്ധ്യംതന്നെയാണല്ലൊ.

അതിന്നു ഇനി എന്തു സംശയമാണുള്ളത് മോപ്പെർ?

എങ്കിലും രാജാവു അദ്ദേഹത്തെ വിചാരിച്ചാലൊ അലസിഭാഗത്തിലെക്കു തള്ളുകയൊ ചെയ്യുമൊ?

വെൻസ്ലാവൂസു അത് മാത്രമല്ല ചെയ്യുന്നത്: അതിലും ഒരു പതിരട്ടി കഠിനം പ്രവൃത്തിക്കും. എന്തുകൊണ്ടെന്നാൽ, അവൻ ന്യായംതിരിയാത്ത ഒരു മുരട്ടസ്വഭാവിയും, കോപം വരുംസമയം മുമ്പും പിമ്പും അശേഷം നോക്കാത്ത ഒരു മൂർക്കനും, ലോകം മുഴുവൻ "അതെ" എന്നു പറയുന്നു ഒരു സംഗതി അവൻമാത്രം "അല്ല" എന്നു പറഞ്ഞു പിടിവാദം വിടിച്ചുകൊണ്ടിരിക്കുന്ന അഹങ്കാരിയും, വേദസംബന്ധമായ വിഷയങ്ങളിൽക്കൂടെയും ദൈവൊദ്ദേശങ്ങളൊ എന്നു ഒരു തരഭേദമറിയും കഥയില്ലാത്തതുമായ വിധം സംസാരിക്കുന്ന ദൈവദൂഷണക്കാരനുമാണു. ഈ വിധദുർഗ്ഗുണസ്വഭാവിയായ രാജാവുയൊഹന്നാൻഗുരുവിനെ പാരാവിൽ വെക്കുന്നതിന്നു ശങ്കിക്കുമൊ? എന്നുമല്ല, തൻറെ പൈശാചികകോപവെറിയൽ കയ്യിലിരിക്കുന്ന കത്തികൊണ്ടു മുപ്പുറം തുളയത്തക്കവിധം അദ്ദേഹത്തെ കുത്തിക്കൊന്നെക്കാം. എന്തെന്നാൽ, ഒരുസമയം തൻറെ മൂർക്കതയാൽ പൈത്ര്യംപിടിച്ചവനെപ്പോലെ അദ്ദേഹത്തെ കൊല്ലുന്നതിന്നുമുമ്പെ നെഞ്ഞുകുള്ള പാതകനാണു രാ

ജൻ എന്നു അത്തൊ പറകയുംചെയ്തു.

അപ്പൊൾ മോപ്പെരിന്റെ മുഖം പകൎന്നു മഹാ ദുഃഖമായി, 'മഹീപതിയായ ഉടയവനെ, യൊഹന്നാൻഗുരുസ്വാമിയാൎക്കു അങ്ങിനെ ഏതെങ്കിലും വല്ല കഷ്ടമൊ, ഞെരുക്കമൊ, അപമാനമൊ, ചിലപ്പൊൾ മരണംതന്നെയൊ നേരിട്ടു എന്നു വന്നാൽ, പിന്നീടു നമുക്കു സംഭവിക്കുന്ന സംഗതി എന്തായിരിക്കും?' എന്നു പറകയിൽ, അത്തൊ 'നാം റാണിയുടെ കീൎത്തിക്കു മാനഭംഗം വരുത്തിയില്ലയൊ മോപ്പെർ?'

ഉവ്വ്.

അൽഫ്രെഡിൻെറ പേരിൽ ഇല്ലാത്ത കുറ്റം ചുമത്തിയില്ലയൊ?

ഉവ്വ്. കുറ്റം ചുമത്തി.

ആ മൂന്നിലത്തെ രണ്ടു തവണയും നമുക്കു എന്തു തിന്മയാണുണ്ടായത്?

ഒന്നുമുണ്ടായില്ല.

എന്നാൽ ഇപ്പഴും നാം ഭയപ്പെടുവാൻ ആവശ്യമില്ല. ഒന്നുമുണ്ടാകയില്ല.

ഒ! മഹാപ്രഭുവെ, തങ്ങൾ പറഞ്ഞ ആ ചരിത്രം കേട്ടപ്പൊൾ അന്യായമായി കുറ്റംചുമത്തപ്പെട്ട ആ ഗുരുവിൻെറനേരെ എൻെറ ഹൃദയത്തിൽ ബഹുകനിവു തോന്നിയതുമെന്നൊ, കുലപാതകം ചെയ്തവനു വന്നുകൂടിയ ദൈവകോപലക്ഷ്യങ്ങൾ കേട്ടപ്പൊൾ എൻെറ ഉള്ളിൽ പറഞ്ഞൊപ്പിക്കരുതാത്ത ഭയവും വ്യസനവും ഉണ്ടായി എന്നു പറഞ്ഞുതീരും

മുമ്പു ആത്തൊ ബഹു കോപത്തോടെ പറയുന്നതായത്:

ഒ! മോപ്പൈർ, പെൺസ്വഭാവിയായ മോപ്പൈർ മടയാ, നീ ഭയപ്പെട്ടവാനാണൊ ഈ വൃത്താന്തം നിന്നൊട്ട ഞാൻ പറഞ്ഞത്? നീ ഇത്രവലിയ വഷ്ളനാണ എന്നു ഞാൻ അറിഞ്ഞിരുന്നെങ്കിൽ, ഇതു നിന്നെ ഞാൻ കേൾപ്പിക്കാഞ്ഞെനയല്ലൊ. നിനക്കു ഭയമുണ്ടാകാതിരിക്കെണ്ടതിന്നും, നമുടെ പ്രയത്നത്തിൽ നാം അവജയപ്പെടാതെ അനുകൂലം പ്രാപിക്കുമെന്നു നിന്നെ ബൊദ്ധ്യപ്പെടുത്തുന്നതിന്നുമായിട്ടാണ മേല്പറഞ്ഞ ചരിത്രം ഞാൻ പറഞ്ഞത്. ഞാൻ രാജാവാകുന്നത് നിനക്കു ഇഷ്ടമല്ലെ മോപ്പൈർ? എന്റെ ശിരസ്സിൽ രാജകിരീടം ചൂടിക്കുന്നതിന്നു നിന്റെ കരങ്ങൾ പൊങ്ങുകയില്ലെ? രാജ സിംഹാസനം അട്ടത്തിരിക്കുന്ന എന്നും, ശിരസ്സിൽ കിരീടവും കരങ്ങളിൽ ചെങ്കൊലും വഹിച്ചു രാജ സിംഹാസനത്തിൽ ശോഭയൊടെ ഞാൻ ഇരുന്നു വാഴുന്ന ആ ഭാഗ്യം എപ്പൊൾ വരുമൊ എന്നും നീ ആശയൊടെ കൊതിച്ചു പാത്തിരുന്നുകൊണ്ടു, എന്നെ ഇത്രപുകഴ്ത്തി സ്തുതിച്ചിരുന്നിട്ടു ഇപ്പൊൾ നിന്റെ പ്രകൃതിമുഴുവൻ മാറിയതിന്നുള്ള കാരണമെന്താണ മോപ്പൈർ? നിനക്കു കിട്ടുവാനിരിക്കുന്നവലിയ പണത്തുകയും പ്രഭുസ്ഥാനവും നിനക്കു വേണ്ടയൊ മോപ്പൈർ? എന്നും മറ്റും പറകയുംചെയ്തു.

ഈ വിധ മുഖസ്തുതിവാചകങ്ങളെ ആ കപട

തൊഴിൽക്കാരനായ മോപ്പെർ കേട്ടതിനൊടെ വള
രെ മനം തണുത്തു സന്തോഷിച്ചുകൊണ്ടു തന്റെ ഹൃ
ദയത്തിൽ തോന്നിയ ദൈവഭയമെന്ന ദിവ്യസ്വര
ത്തിനു ചെവി അടച്ചു, തന്റെ ദുഷ്ട യജമാനനെ
നോക്കി, 'എന്റെ ഉയിരും ജീവനുമായ ഉത്തമ പ്രഭു
വെ, ഇനിക്കു രണ്ടുവാക്കില്ല. തങ്ങളെ രാജസിംഹാ
സനത്തിന്മെൽ കാണുന്നതുതന്നെ എന്റെ അത്യാശ
യും ഏക താല്പര്യവും പ്രയത്നവും വേലയുമായിരിക്കു
ന്നു. ദാസന്റെനേരെ കോപിക്കേണ്ട. നായകനെ,
സകലത്തിലും തങ്ങളുടെ ഇഷ്ടപ്രകാരം നടപ്പാൻ
അടിയൻ കാത്തിരിക്കുന്നു' എന്നു പറഞ്ഞു.

അപ്പോൾ ആത്തൊ നമ്മുടെ പ്രയത്നം സക
ലവും മുഖിയായിരിക്കുന്നു. ഒരു അല്പകായ്യം മാത്രമെ
കുറവുള്ളു. അതുകൂടെ ചെയ്യുതീർത്താൽ നാം നിനച്ച
ത് സകലവുമായി. നാം ഇച്ഛിച്ചതെല്ലാം ഒരക്ഷരം
തെറ്റാതെ നിറവേറും. അല്പ തടസ്സംകൂടാതെ സിം
ഹാസനത്തിന്മെൽ ഞാൻ ഇരുന്നു വാഴും. നീയും...

ഒ! മഹാപ്രഭു ഇതാ ദാസൻ ഹാജരായിരിക്കു
ന്നു.

ധൈര്യംകെട്ടുപോകല്ലെമോപ്പെർ. പത്തിൽ
ഒമ്പത് പങ്കും തീർന്നിരിക്കുന്നു. ഇനി ഒന്നുമാത്രമെ ശേ
ഷിച്ചിട്ടുള്ളു. അതും അതി ശീഘ്രം മുഖിവരും.

ഞാൻ നാളത്തെ ദിവസം വെൻസ്ലാവൂസിനെ
സന്ദർശിപ്പാൻ പോകുന്നുണ്ടു. അപ്പൊൾ ആൽപ്രെ
ഡിനെ കൊല്ലുന്നതിനു ധൃതിപ്പെടുത്തുന്നതിനൊടെ

തന്നെ പാട്ടണ്ടായിരുന്നാൽ യോഹന്നാൻ ഗുരുവിനെ പറിയും ഒരു വാക്കു രാജാവിന്റെ ചെവിയിൽ ഞാൻ കൊടുത്തെച്ചവരും എന്നു പറഞ്ഞു ശ്രുശ്രൂഷിയെ ധൈര്യപ്പെടുത്തി പറഞ്ഞയക്കയും ചെയ്തു.

൯൯-ാം അദ്ധ്യായം.

അനീതിയായ വിധിത്തീർപ്പു.

ആത്തൊപിറെദിവസം കാലത്തെതന്നെ പല ദുരാലോചനകളൊടെ രാജാവിന്റെ അരമനയിലെക്കുപോയി. പഴയ നരിയായ ആത്തോയെ വെൻസ്ലാവൂസു കണ്ട ഉടനെ ഒ! പ്രിയവെ, കഴിഞ്ഞ പത്തു ദിവസങ്ങളിൽ നമ്മുടെ പക്കൽ വരാഞ്ഞതു എന്താ? തന്നെ വിളിപ്പാൻ ആളയച്ചെങ്കിലൊ എന്നു നാം കരുതിയിരിക്കയായിരുന്നു എന്നു പറഞ്ഞു.

മഹാ രാജാവെ, രാജ്ഞിയുടെ സുഖക്കെട്ടു നിമിത്തം തങ്ങൾ വളരെ ജോലിപ്പെട്ടിരിക്കയാകുന്നു എന്നറിഞ്ഞതുമുഖാന്തരമാണു അങ്ങെ സമൂഹത്തിലെക്കു വരുന്നതിന്നു ഇത്രനാൾ താമസിച്ചുപോയതു.

അതെ. രാജ്ഞിയുടെ ദേഹസുഖക്കെട്ടു ബന്ധിച്ചു നമുക്കു ബഹു വിചാരവും ദുഃഖവുമായിരുന്നു എന്നതു നേരുതന്നെയാണു. എന്നാൽ രാജ്ഞി ഈ രോഗത്തിൽനിന്നു രക്ഷപെട്ടതുനോക്കുമ്പൊൾ മഹാ ഒരു അത്ഭുതമെന്നുതന്നെ പറയാം. യോഹന്നാൻ ഗുരുസ്വാമിയാരുടെ ജപതപ പ്രാർത്ഥനകളാൽ റാണിക്കു

പെട്ടന്ന സുഖം പ്രാപിച്ച എന്നെ പറവാനുള്ളു.

അങ്ങിനെ ആയിരിക്കാം. മന്നവനെ, അദ്ദേഹം പുണ്യവാൻ എന്നാണ എല്ലാവരും പറയുന്നത്. എന്നാലല്ല, രാജ്ഞിയും അദ്ദേഹത്തെ വളരെ കായ്ക്കുമായി മതിച്ചു, ആഴ്ചയിൽ രണ്ടുപ്രാവശ്യം തെറ്റാതെ അദ്ദേഹത്തൊട്ട പാപസങ്കീർത്തനം ചെയ്യുവരുന്നു. വിശേഷിച്ചും കാരാഗൃഹത്തിൽ കിടക്കുന്ന ആൾപ്രെഡ് പ്രഭുവിന്റെ പക്കലും അദ്ദേഹം ക്രടക്കുടെ പോയി സംഭാഷിക്കുന്നുണ്ടെന്നുക്രടെ വർത്തമാനമുണ്ട.

പാറാവു അദ്ദേഹത്തിന്റെ വികാരിത്വ അതുത്തിയിൽ പെട്ടതാകയാൽ വിലങ്ങന്മാരെ പോയി അന്വെഷിപ്പാൻ അദ്ദേഹത്തിന്നു കടമാണ എന്നു തനിക്കു അറിഞ്ഞുക്രടെ പ്രഭു?

ഇനിക്കു അത് നല്ലവണ്ണം അറിയാം. മഹാരാജാവെ, എങ്കിലും രാജദ്രോഹിയെ ക്രടക്കുടെ ചെന്നു കണ്ടു സംഭാഷിക്കുന്നത് അത്ര നന്നല്ല.

അതിരിക്കട്ടെ. അന്നു രാത്രി വിരുന്നുനാൾ രാജ്ഞി മോഹാലസ്യപ്പെട്ട വീഴുംമുമ്പു പറഞ്ഞ ആ വചനങ്ങൾ തനിക്കു ഓർമ്മയുണ്ടൊ? എത്ര യുക്തിയാണ അത്?

ആ സമയം തങ്ങൾക്കു ചെയ്യപ്പെട്ട വഞ്ചകത്തിന്മെൽമാത്രം ഞാൻ ശ്രദ്ധവെച്ചിരിക്കുമുഖാന്തരം വേറൊരുത്തരുടെയും വചനങ്ങളെയും ന്യായൊക്തികളെയും ഞാൻ അത്ര കഥവെച്ചില്ല എന്നു പ്രകടിച്ചുകൊണ്ട ആത്തൊ പറഞ്ഞു.

അന്നു രാജ്ഞി പറഞ്ഞ വാക്കുചാതുര്യ്യ ന്യായയുക്തികൾ എന്റെ മനസ്സിൽ ഒരു കെടാത്ത തീക്കട്ട പോലെ ഇരുന്നു രാപകൽ എന്നെ ബാധിക്കുന്നു. എന്നുമാത്രമല്ല, അവൾ ബോധം മയങ്ങി വീണപ്പൊഴും, സന്നികൊണ്ട സമയങ്ങളിലും പറഞ്ഞവ സകലതും ആൽപ്രെഡ് കുറമറവനാണെന്നും, ശത്രുക്കളുടെ കപട തന്ത്രങ്ങളാൽ മാത്രമാണ ഈ വഞ്ചന ചെയ്യപ്പെട്ടിരിക്കുന്നതെന്നും, പാപം പുകഴ്ത്തപ്പെടുകയും പുണ്യം ദുഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്നും മറും ഇതുപോലെയുള്ള പല സത്യവചനങ്ങളും ഇനിക്കു ഒരുവിധവും മറക്കുവാൻ പാടുള്ളയല്ല.

ഇതുകൂടാതെയും ഇതാ ആമേശമൽ ഇരിക്കുന്ന കടലാസു നോക്കുക. നമ്മുടെ ആലോചനസംഘത്തിലുൾപ്പെട്ട പല ഘനവാന്മാരായ അനവധി പ്രഭുക്കളും ഭൊരമാരും ഉദ്യോഗസ്ഥരും ഒരുമിച്ചുകൂടി നമുക്കു ഒരു ഹർജി അയച്ചിരിക്കുന്നു. അതിൽ ആൽപ്രെഡിന്റെ പുണ്യവ്യാപാരം വർണ്ണിച്ചുകൊണ്ടു, അവന്റെമേൽ ചുമത്തപ്പെട്ട വഞ്ചകം ഒരിക്കലും അവൻ ചെയ്തിട്ടുണ്ടാകുവാൻ പാടില്ലായെന്നും, ആകയാൽ തക്ക പരിശോധന കഴിച്ചു ദുഷ്ടാന്തപ്പെട്ടശേഷംമാത്രം നീതിപ്രകാരം അവനെ ശിക്ഷിക്കാവു എന്നും അവർ ഏവരും അപേക്ഷിച്ചിരിക്കുന്നു. ആയതുകൊണ്ടു ആൽപ്രെഡിന്റെ കുറ്റം ഒന്നു വിചാരണ കഴിക്കണമെന്നാണു നാം കരുതുന്നത്. തന്റെ അ

ഭിപ്രായമെന്താണു? എന്നു രാജാവു ചോദിച്ചു.

ഈ വചനം ചെവികളിൽ വീണ ഉടനെ അ ത്തൊ ഒരു വെള്ളിടികൊണ്ടതുപോലെ ഭയന്നു ഭ്രമിച്ചു കൊണ്ടു ഈ സംഗതി വിചാരണെക്കു വെക്കുന്നതാ യാൽ തന്റെ പാതകം ഉടനെ തെളിഞ്ഞുപോകുന്ന താണു എന്നു സ്പഷ്ടമായി അറിഞ്ഞു. എങ്കിലും മുഖത്തി ൽ ഭയവും പരിഭ്രമവും അശേഷം കാണിക്കാതെ, അ പായത്തിൽ ഉപായം തേടണമല്ലൊ എന്നു മനസ്സി ൽ കരുതിക്കൊണ്ടു, തന്ത്രവാസി പറയുന്നതായത്:

മഹീപതിയായ രാജേന്ദ്രനെ, ഇതെന്തൊരുവ ക മഹാ അന്യായമാണപ്പാ!! കായ്യം ശരിയായിട്ടു ഗ്ര ഹിക്കാത്തവർ വല്ലവരും എഴുതിയ ഒരു എഴുത്തുമൂ ലം ഇതിൻവണ്ണം ഭയപ്പെട്ടുന്നതു് അങ്ങെ വീയ്ശൌ യ്ത്തിന്നു അത്ര അഴകായിരിക്കുമൊ? അങ്ങെ രാജീക ഗംഭീരത്തിന്നു ഒത്തതാണൊ ഇതു്? ഭൂലോകം മുഴ വനും സുതീക്ഷ്ണപുകഴ്ത്തുന്ന അങ്ങെ മഹത്വത്തിന്നു ഇ തു് ഒരു അലങ്കാരമാകുമൊ? ഭേദമറ്റ ചട്ടതീട്ടങ്ങ ളൊടെ വാണു ഭരിക്കുന്ന അങ്ങെ കോട്ടമറ്റ നീതിക്കു ഇതുകൊണ്ടു കുറച്ചിലാകയില്ലെ? അങ്ങെ തിരുസമു ഹത്തിൽ വച്ചുതന്നെ നടന്ന ഒരു മഹാ ഭയങ്കര ച തിവിന്നു ഇനി ഒരു വിചാരണ വേണമൊ? എന്നാൽ കായ്യം നല്ല ശിക്ഷയായല്ലൊ; ഇനി ഇരുന്നിട്ടു സാദ്ധ്യ മെന്തു? എന്താ? ഏതൊരുവനെയും ശിക്ഷിക്കുന്നതിന്നു അങ്ങെക്കു അധികാരംപോരയൊ? ഇങ്ങിനെയുള്ളവ രുടെ അപേക്ഷകൾക്കു അങ്ങീന്നു ചെവികൊടുത്തു

നടക്കുന്നതായാൽ രാജാവിനൊട്ട പ്രജകൾക്കുള്ള ബ
ഹുമാനവും ശങ്കയും എവിടെ? അങ്ങെക്കുള്ള അധി
കാര വലിപ്പമ്പനത്തിന്നു ഉചിതമാകുമൊ ഇതു്? പ്ര
ജകൾ അങ്ങെ തിരുമനസ്സിന്നു കീഴ്പ്പഴങ്ങാതെ അവരു
ടെ മനസ്സിന്നു അങ്ങെ മനസ്സിനെ ചാസ്സുന്നതിന്നു തു
നിയുന്നതു് എന്തൊരുവകനെഞ്ഞുറപ്പമെന്നാണു പറ
യെണ്ടതു്? മഹിപതിയായ രാജാവെ, അടിയൻ ഒ
രു കായ്യം പറഞ്ഞെക്കാം: അങ്ങെ കോണാത നീതി
യെ പ്രത്യേകമായിട്ടു ഈ വിഷയത്തിൽവെച്ചു കാണി
ക്കാഞ്ഞാൽ ദുഷ്ടന്മാർ അധിക ധൈര്യം പ്രാപിച്ചു,
അങ്ങെ ജീവനെ നശിപ്പിക്കുന്നതിന്നു ഇനിയും ശ്ര
മിക്കും നിശ്ചയമാണു. അങ്ങെ കാരുണ്യം കാണിക്കെ
ണ്ടതും അവസരം ഇതല്ല. ഈ വിധ വിഷയങ്ങളിൽ
തങ്ങൾ ദയവുകാണിക്കുന്നതു് പുണ്യമാകുന്നതിന്നു പ
കരം പാപമായിതീരും എന്നതിന്നു ലവലേശംപോ
ലും സന്ദേഹമില്ല. ആ രാത്രിയിൽതന്നെ അൽപ്രൈ
ഡ്പ്രഭുവിനെ തങ്ങൾ കൊല്ലെണ്ടതായിരുന്നു. അ
വന്റെ ആ ദ്രോഹം തങ്ങൾ ഉടനെ നീതിപ്രകാരം
ശിക്ഷിക്കാഞ്ഞതുനിമിത്തമാണു ഇപ്പൊൾ അവന്റെ
സ്നേഹിതർ ദയസ്സും വിചാരണസ്സും വഴി അന്വേഷി
ക്കുന്നതു്. മഹാരാജാവെ, പ്രജകൾ അങ്ങെക്കു കീഴ്പ്പ
ഴങ്ങി വിശ്വസ്ഥരായി നടക്കുന്നതിന്നും, നാട്ടു തഴച്ചു
പുഷ്ടിയായി വരുന്നതിന്നും, തങ്ങൾക്കു മനസ്സുണ്ടെങ്കി
ൽ തങ്ങളുടെ ആയുസ്സു എടുത്തുകളവാൻ തുനിഞ്ഞ
ആ രാജദ്രോഹിയെ തക്കവണ്ണം ശിക്ഷിക്കുന്നതിന്നു

താമസിക്കല്ലെ. ഇതാണ എന്റെ അഭിപ്രായം എന്നും മറ്റും ആ പരമദുഷ്ടൻ ശരവഷ്ടം അങ്ങോട്ടുപറഞ്ഞുകൂട്ടി.

വിവേകമറവനായ വെൻസ്ലാവൂസു കാഴ്ച്ചയിന്റെ യഥാർത്ഥസ്ഥിതി സൂക്ഷ്മത്തൊളം ആലൊചിക്കാതെ കപടതന്ത്രങ്ങളെയും കേവലപ്രശംസനകളെയും പകരുത്തു വേർതിരിച്ചറിയുന്നതിന്നുള്ള ബുദ്ധിയറവനായി, ആ ദുർഘടക്കാരൻ പട, പട, പാ എന്നു ശരവഷ്ടം പറഞ്ഞുകൂട്ടിയ മുഖസ്തുതികളാലും രാജനെ പുകഴ്ത്തി പ്രകടിച്ചുപറഞ്ഞ ഡംഭായവാചകങ്ങളാലും മതിയും മയങ്ങി തന്റെ ദുഷ്ടമന്ത്രിയൊട്ട, 'അങ്ങിനെയാണെങ്കിൽ ആൽപ്രെഡിനെ ശിക്ഷിക്കുന്നത് നന്മയാണെന്നാണൊ തനിക്കു തോന്നുന്നത് പ്രഭൂ?' എന്നു ചോദിച്ചു.

അതാണു നീതിക്കു ശരിയൊത്തത് എന്നു ഇനിക്കുമാത്രമല്ല, പിന്നെയൊ തങ്ങളൊട്ടു വിശ്വസ്തരായി വ്യാപരിക്കുന്ന പ്രജകൾ സകലർക്കും നല്ലപോലെ തെളിവായിട്ടാണു തോന്നുന്നത് മന്നവാ എന്നു ഉത്തരിച്ചു.

പക്ഷെ ആൽപ്രെഡിനെ ശിക്ഷിച്ചാൽ നാട്ടിൽ വല്ല കുഴപ്പവും വന്നേക്കുമൊ?

ഹെ! അത് സ്വപ്നത്തിൽപോലും നിനച്ചുപോകുണ്ടൊ ശൌര്യവാനായ രാജനെ. അതിനു എതിരായി, ലോകംമുഴുവനും തങ്ങളുടെ കോണാത നീതിയെ പുകഴ്ത്തിസ്തുതിച്ചുകൊണ്ടാട്ടുകമാത്രമെ ചെ

യുള്ള സംശയിച്ചുപോകണ്ട.

അങ്ങിനെയായിരുന്നാൽ ആൽപ്രെഡിനു എന്തു ശിക്ഷയാണു കല്പിക്കേണ്ടത്? പറഞ്ഞുകൊള്ളു.

"യഥാശ്രമം, തഥാ കർമ്മം" അതായത്: കുറ്റത്തിനു തക്കത് ശിക്ഷ എന്നല്ലൊ ശാസ്ത്രജ്ഞന്മാർ വചനിക്കുന്നത്. ആകയാൽ അനവധി നാടുകൾക്കു നാഥനായ രാജാവിനു—ഒരു പരാക്രമചക്രവർത്തിയായി ധനപ്പെരുപ്പത്തിലും ജനപുഷ്ടിയിലും അധികരിച്ചു, കോടാകോടി പ്രജകളാൽ വണങ്ങി പൂജിസ്തുതിക്കപ്പെടുന്നവനും മഹിമ, ഗൌരവം, ശൌര്യം, ഉചിതത്വം മുതലായ അപൂർവ്വ ഗുണലക്ഷണങ്ങളാലലങ്കരിക്കപ്പെട്ട വിളങ്ങി ശോഭിക്കുന്നവനുമായ അങ്ങെ ആയുസ്സിനു കുറിനോക്കിയ ആ ദ്രോഹിയും, പരമചണ്ഡാള പാപിയും, പാതകനും, രാജദ്രോഹിയുമായ ഇവനു എന്തു ശിക്ഷയാണു കല്പിക്കേണ്ടത്? ഒറ്റപേർ ധനവാന്മാരും ഘനവാന്മാരുമായ ധർമ്മ പ്രഭുക്കൾ സഭകൂടി വിരുന്നുകഴിയുന്ന ഒരു മഹാ സമൂഹത്തിൽവെച്ചു തന്റെ രാജാവിനെ വഞ്ചിപ്പാൻ നെഞ്ഞുറപ്പുതോന്നിയ ആ ദുർമ്മാർഗ്ഗിയായ ദ്രോഹിയെ ഏതുവിധമാണു ശിക്ഷിക്കേണ്ടത്!! ഞാൻ അത് മനസ്സിൽ നിനക്കുംതോറും എന്റെ ഹൃദയം കലങ്ങുകയും, ശിരസ്സിൽ രോമഹർഷം കൊള്ളുകയും, ദേഹം ആസകലം വിയർത്തൊലിക്കയും, കൈകാൽ കിടുകിടെ എന്നു ഞെട്ടങ്ങി വിറെക്കയും ചെയ്യുന്നു.

ഈ വിധമുള്ള മഹാ ദ്രോഹം പ്രവൃത്തിപ്പാൻ

ആ ദുഷ്ടനു എങ്ങിനെ ധൈര്യമുണ്ടായി? എന്നും മറ്റും വളരെ ഘോരമായി പ്രകടിച്ചുകൊണ്ടു രണ്ടാമതും അങ്ങോട്ടു കോരിച്ചൊരിഞ്ഞു. ഈ കപട തന്ത്രവാസിയുടെ വഞ്ചനവാക്കുകൾ വെൻസ്ലാവൂസിന്റെ ചെവികളിൽ വീഴുകയിൽ, അവൻ നിശ്ചലത്താൽ ഉന്നതിയിൽ പരമണ്ഡലപര്യന്തം പൊങ്ങി, മതിയും കെട്ട ആത്തോയുടെ നേരെ തിരിഞ്ഞു പറയുന്നതായത്:

ഒ! പ്രഭുവെ, നീ ആണു എന്റെ പ്രാണ ഇഷ്ടൻ. തന്റെ ഇമ്പമായ വാക്കു കേൾക്കുമ്പോൾ ഇപ്പോഴും എന്തൊരു ആശ്വാസമാണു ഉണ്ടാകുന്നത്? ആൽപ്രെഡിനു എന്തൊരുവക ശിക്ഷയാണു ഉചിതമായി കല്പിക്കേണ്ടതു എന്നു തനിക്കു തോന്നുന്നൊ അതു പറഞ്ഞുകൊൾക. ആ ശിക്ഷതന്നെ കല്പിക്കാം.

തന്റെ മുഖസ്തുതി പ്രശംസനവാക്കുകളാൽ രാജാവു നിശ്ചലിച്ചു നന്നായ്ചന്ധാളിച്ചിരിക്കുന്നു എന്നു ആത്തൊ കണ്ടു പറയുന്നതായത്: ഉത്തമജനനവംസകല അലംകൃതഗുണലക്ഷണങ്ങളുമുള്ളവനായ രാജേന്ദ്രനെ, ആൽപ്രെഡ് പ്രവൃത്തിച്ച വഞ്ചകം പ്രസിദ്ധമായി ശ്രുതിപ്പെട്ടിരിക്കുന്നു. ആയതുകൊണ്ടു പ്രജകൾക്കു ഭയമുണ്ടാകുവാനും, മേലാൽ യാതൊരുത്തനും അങ്ങെ നാമധേയത്തിന്നും ആയുസ്സിന്നും ഏതൊരുവിധ ഹാനിയും വരുത്തുവാൻ തുനിയാതിരിക്കേണ്ടതിന്നും ഭൂലോകം മുഴുവനും അവിടത്തെ കോട്ടമറ്റ നീതിനെറിവിനെ പുകഴ്ത്തി സ്തുതിച്ചുകൊണ്ടാടുന്നതിന്നുമാ

യിട്ടു പ്രസിദ്ധമായ ഒരു ശിക്ഷയാണു അവനു കല്പിക്കേണ്ടതു്.

ആയതുകൊണ്ടു അങ്ങീനു നിശ്ചയിക്കുന്ന ദിവസത്തിൽ മഹിപതിയായ അങ്ങെ മഹത്വവും, ശ്രീ റാണി അവർകളും മന്ത്രിപ്രധാനികൾ മുതലായ രാജ പരിചാരകർ ഏവരും, പടവീര സേനയും സകല ഉദ്യോഗസ്ഥരും മറ്റു പ്രജകൾ എല്ലാവരും ഒന്നിച്ചു ഒരു സംഘമായിക്കൂടിയിരിക്കയിൽ ആൾപ്രെഡ് പ്രവൃത്തിപ്പാൻ തുനിഞ്ഞ വഞ്ചകത്തെ സകലർക്കും പ്രസിദ്ധമായി അറിയിച്ചു, അതിനു ശിക്ഷയായിട്ടു നാലു മുരട്ടുകുതിരകളുടെ കാലുകളിൽ അവൻ ബന്ധിക്കപ്പെട്ടു ചിന്നഭിന്നമായി വലിച്ചുകീറപ്പെട്ടു ചാകുന്നതിനു അങ്ങീനു തീർപ്പുചെയ്യേണ്ടതാകുന്നു.

വിശേഷിച്ചും ഈ പാതകത്തിന്റെ ഘനാഘനത്തെ സകലരും നിമിഷം അറിഞ്ഞു ഭയപ്പെടേണ്ടതിന്നായി ഇനി മൂന്നു ദിവസങ്ങൾക്കകത്തു തങ്ങളുടെ ഈ വിധിത്തീർപ്പിനെ നിറവേറുകയും വേണം. രാജാവു അതിനു സമ്മതിച്ചു ഈ വിധം എഴുതപ്പെട്ട വിധിത്തീർപ്പു പത്രത്തിൽ തന്റെ കയ്യൊപ്പും മുദ്രയും പതിച്ചു തൽക്ഷണം പ്രസിദ്ധീകരിപ്പാൻ കല്പിക്കയും ചെയ്തു.

താൻ വിരിച്ചുവച്ച വലയിൽ വിവേകമറ്റവനായ രാജാവു അകപ്പെട്ടു കുടുങ്ങിയതു് ആത്മൊകണ്ടു സന്തോഷാനന്ദത്തിൽ മുഴുകി, യോഹന്നാൻ ഗ്രന്ഥവിനെയും വഷളാക്കുന്നതിനു തക്ക സമയം ഇതുത

൨൯൪ ൧൯൯൯

ശയമില്ല. ആൽപ്രെഡ് പ്രവൃത്തിച്ച അ മഹാ പാ
ർകത്തിന്റെ നേരു അവന്റെ വായിൽനിന്നുതന്നെ
യോഹന്നാൻ ഗുരുവും അറിഞ്ഞിട്ടുണ്ടെന്നുള്ളത് നി
ശ്ചയമാണു. ആയതുകൊണ്ടു ഗുരുസ്വാമിയാക്ക് മന
സ്സുണ്ടായിരുന്നാൽ ആ രഹസ്യം തങ്ങൾക്കു വെളി
പ്പെടുത്താം.

ഗുരുസ്വാമിയാക്ക് അതെങ്ങിനെയാണു തിരിയു
ന്നത്?

ആൽപ്രെഡ് പ്രഭുവിന്നും രാജ്ഞിക്കും ആത്മഗു
രു യോഹന്നാൻ ഗുരുതന്നെയാണല്ലൊ?

അതെ. അദ്ദേഹംതന്നെയാണെന്നുഞാൻ അ
റിഞ്ഞിട്ടുണ്ടു.

അങ്ങിനെയാണെങ്കിൽ ആൽപ്രെഡ് തന്റെ
പാപം കുമ്പസാരത്തിൽ വെളിപ്പെടുത്തിയിരിക്കണ
മല്ലൊ മഹാ രാജാവെ?

അത് ശരിതന്നെയാണു. എന്നാൽ കുമ്പസാര
ത്തിൽ കേട്ട സംഗതി ബന്ധിച്ചു പുറത്തു പറഞ്ഞുകൂ
ടായെന്നു തനിക്കു അറിഞ്ഞുകൂടെയൊ പ്രഭു? ക്രീസ്തു
വനല്ലെ താൻ?

മഹാരാജാവെ, അത് ഇനിക്കു നല്ലവണ്ണമറി
യാം. എന്നാൽ ഈ വിസ്താരമായ നാട്ടിന്റെ രാജ്യഭാ
രം നടത്തിവരുന്ന അങ്ങിന്നു ചില സമയങ്ങളിൽ അ
ങ്ങിനത്തെ വിഷയങ്ങൾ രഹസ്യമായി അറിയുന്നത്
എതുയൊ പ്രയോജനമുള്ള സംഗതിയായിത്തീരും? ഇ
പ്പൊൾതന്നെ ആൽപ്രെഡിന്റെ വിഷയത്തിൽ ഗു

ങ്ങസ്വാമിയാർ സത്യവിവരം തങ്ങൾക്കു വെളിപ്പെട്ടുന്നതായാൽ എത്രയോ വ്യർത്ഥസന്ദേഹങ്ങൾക്കു നിവൃത്തിവന്നെനെ. തങ്ങളുടെ ഹൃദയത്തിൽ ഉളവായ ആ കലക്ക വിഷാദങ്ങൾ അശേഷം തീർന്നുപോയെനെയല്ലൊ.

എന്നാൽ ആൾപ്രൈവ് പ്രഭു ഇനി മൂന്നു ദിവസങ്ങൾക്കുള്ളിൽ മരിച്ചവരുടെ കണക്കിൽ ചേരുവാറിരിക്കകൊണ്ടു ഇനി അയാളുടെ സംഗതി പറഞ്ഞിട്ടു കാര്യമില്ല. എന്നാൽ സമയംപോലെ രാജ്ഞിയുടെ ഗുണാഗുണങ്ങളെയും വ്യാപാരങ്ങളെയും ഖണ്ഡിച്ചു ഗുരുവിനൊടു ഒന്നു ചോദിക്കാം എന്നു ആത്തൊ പറഞ്ഞു.

അപ്പോൾ രാജാവു കോപിച്ചവിധം ആത്തൊയെ നോക്കി, 'പ്രഭുവെ, ഈ വിധമുള്ള സംഗതികൾ ചോദിക്കുന്നത് ശരിയല്ല, വിവേകവുമല്ല; അങ്ങിനെ ചോദിച്ചു എന്നുവെച്ചാലും അദ്ദേഹം പറയുമൊ? പരിഛേദം പറകയില്ല. കുമ്പസാരരഹസ്യം മഹാ ഉന്നതപ്പെട്ട ഒരു രഹസ്യമാകയാൽ ഏതൊരു ഗുരുവും അത് വെളിപ്പെടുത്തിക്കൂടാ. നീ ക്രിസ്ത്യാനിയായിട്ടു ഇതറിഞ്ഞുകൂടെ? ആശ്ചര്യ്യംതന്നെ.

മഹീപതിയായ രാജാവെ, അത് മഹാ രഹസ്യംതന്നെയാണു എന്നു ഞാനറിയാം. എങ്കിലും അത് തങ്ങൾക്കു പ്രയോജനമാകുമല്ലൊ എന്നു കരുതി പറഞ്ഞതല്ലാതെ മറുപ്രകാരമല്ല. തങ്ങളുടെ ഇഷ്ടംപോലെ മതി.

കൊള്ളാം. പ്രേട്ട, തനിക്കു പോകാം. താൻ പറഞ്ഞതുപോലെ ആൽപ്രെഡിനെ ശിക്ഷിക്കുന്നതിനു സകലവും തയ്യാറാക്കുക എന്നു പറഞ്ഞു ആത്തോസ്സു അനുമതികൊടുത്തു പറഞ്ഞയക്കയുംചെയ്തു.

൧൪-൭ അദ്ധ്യായം.

രാജ്ഞിയുടെ വാഗ്ദത്തം നിറവേറുന്നു.

ആൽപ്രെഡ് പ്രേട്ടവിനു കല്പിച്ച അതി ഭയങ്കരമായ ശിക്ഷ പിറെറ ദിവസത്തെ, അതികാല വർത്തമാനി എന്ന പത്രികമൂലം എല്ലാവർക്കും അറിവുകിട്ടി. അതിലെ സത്തു എന്തെന്നാൽ: ആൽപ്രെഡ് പ്രേട്ട രാജാവിനു നഞ്ചുകൊടുത്തു കൊല്ലുവാൻ പ്രയത്നിച്ചു. എങ്കിലും ആ വിവരം ആത്തോപ്രേട്ട അറിഞ്ഞു രാജനെ അറിയിച്ചു പരീക്ഷകളാൽ ദുഷ്ടനാണീകരിക്കയും ചെയ്തു.

അതുമുഖാന്തരം പിറെറദിവസം കാലത്തു പത്തുമണിസമയത്തു രാജ അരമനമുറ്റത്തു സമീപെയുള്ള മൈതാനത്തിൽ സകല പ്രജകളും ഉദ്യോഗസ്ഥരും സംഘംകൂടിയിരിക്കയിൽ ആൽപ്രെഡ് പ്രേട്ടവിന്റെ വഞ്ചകത്തെ പ്രസിദ്ധപ്പെടുത്തി, നാലു ദുഷ്ടകുതിരകളുടെ കാലുകളിൽ അയാൾ ബന്ധിക്കപ്പെട്ട തെങ്ങുകൾതോറും വലിച്ചിഴയ്ക്കപ്പെട്ടകയും ഛിന്നഭിന്നമായി കീറപ്പെട്ടകയും ചെയ്തു അപമാനമായി ചാകു

ന്നതിന്നു തീൎമ്മാനിക്കപ്പെട്ടിരിക്കുന്നു എന്നാണു.

ഈ സംഗതി പട്ടണവാസികൾ അറിഞ്ഞു മഹാ ദുഃഖമനുഭവിച്ചതുമെന്നു തങ്ങളുടെ ഹൎജ്ജിക്കു രാജാവു ചെവികൊടുക്കാഞ്ഞതും, പ്രാൻസുരാജാവു വരുന്നതിന്നു സാവകാശമില്ലാത്തതും, സകല ഗുണലക്ഷണങ്ങളാലും എങ്ങും പ്രസിദ്ധമായി ശോഭിച്ചു വിളങ്ങുന്ന ഒരു ഉത്തമനായ പ്രഭുവിനെ ഇതു പെട്ടന്നു ഒരു ക്രൂരമായ മരണത്തിന്നു കയ്യാളിച്ചിരിക്കുന്നതും കണ്ടു, വ്യസനാക്രാന്തന്മാരായി ചമഞ്ഞു.

ആകയാൽ ഏതുവിധെനയും ഈ ഉത്തമ പുണ്യപുരുഷനെ ഈ അപമാനമരണത്തിൽനിന്നു രക്ഷിക്കണമെന്നു സകലരും കൂടി നിശ്ചയിക്കയുംചെയ്തു. ഇതുനിമിത്തം അന്നു രാത്രി രാജ ആലോചനസംഘത്തിൽ പ്രധാനികളായ പലരും സംഘംകൂടി ആലോചിച്ചു തീൎമ്മാനിച്ചതായതു:

പിറെറദ്ദിവസം കാലത്തു ആൽപ്രെഡ്പ്രഭുവിനെ കൊല്ലുവാനുള്ള രാജ തീട്ടൂരപത്രം വായിച്ചു തീൎന്ന ക്ഷണത്തിൽ അവിടെ കൂടിയിരിക്കുന്ന സകല പ്രജകളും ഉദ്യോഗസ്ഥരുമൊരുമിച്ചു എഴുനെറ്റു രാജസിംഹാസനസന്നിധിയിൽ സാഷ്ടാംഗമായി വീണുകൊണ്ടു ആൽപ്രെഡ്പ്രഭു ഈ രാജ്യത്തിലെക്കു ചെയ്തിരിക്കുന്ന നന്മയുപകാരങ്ങളെയും അയാളുടെ പുണ്യവ്യാപാരത്തെയും രാജനെ തെരിയപ്പെടുത്തി, അയാൾ ചെയ്തു എന്നു പറയുന്ന പാതകത്തെ വിചാരണകഴിക്കണമെന്നു ഏകസ്വരമായി നിലവിളിക്കുണ

മെന്നു തീർച്ചയാക്കുകയും ചെയ്തു.

അൽപ്രെഡ് പ്രഭു തനിക്കയക്കപ്പെട്ട രാജതീർപ്പിനെ വായിച്ചുടനെ വാക്കിലടങ്ങാത്ത ദുഃഖസമുദ്രത്തിൽ മുഴുകി താണുപോയി. എങ്കിലും ധൈര്യം കൈവിടാതെ ദൈവത്തിൽമാത്രം ശരണപ്പെട്ടു മുട്ടുകുത്തി പരമണ്ഡലങ്ങളിലെക്കു കണ്ണുകൾ ഉയർത്തികൊണ്ടു പ്രാർത്ഥിച്ചതായത്:

സർവ്വേശ്വരാ സ്വാമി, ഞാൻ ആ പാതകം ചെയ്തിട്ടില്ലെന്നു അങ്ങിന്നു സത്യമായിഅറിയുന്നുവല്ലൊ; പക്ഷെ അങ്ങെ കരയില്ലാത്ത തിരുക്കുമാരനെക്കാൾ അടിയൻ പരിശുദ്ധമുള്ളവനല്ല. അങ്ങെ വിശ്വസ്ഥദാസരായ വേദസാക്ഷികൾ അനുഭവിച്ച കഠോരവേദനകളെക്കാൾ ഇന്നിക്കു വിധിക്കപ്പെട്ടിരിക്കുന്ന ഈ ബാധ വലിയതുമല്ല. അങ്ങെ തിരുച്ചിത്തം നിത്യകാലത്തെക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ. അന്യായമായി ഇന്നിക്കു വിധിക്കപ്പെട്ടിരിക്കുന്ന ഈ ഘോരശിക്ഷ അങ്ങെ തിരുക്കുമാരന്റെ തിരുപ്പാടുകൾ ഒരുമിച്ചു അങ്ങെക്കു ഞാൻ സമർപ്പിക്കുന്നു. ആയതുകൊണ്ടു എന്റെ ഉടയവനെ, ഞാൻ ആവലാധിപെടാതെ ക്ഷമയൊടെ ഈ അപമാനമരണം കയ്യേൽക്കുന്നതിന്നു വേണ്ടിയ മനൊധൈര്യം അടിയന്നു തന്നരുളെണമെ. എന്നു കണ്ണുനീർ ധാര ഒഴുക്കികൊണ്ടു മഹാഭക്തിവിശ്വാസത്തൊടെ പ്രാർത്ഥിക്കയുംചെയ്തു.

രാജ്ഞിയവർകളും രാജാവിന്റെ തീർപ്പു കേട്ട ഉടനെ പരഞ്ഞൊപ്പിക്കരുതാത്ത ദുഃഖവ്യാകുലത്തിൽ

മുഴുകി, യാതൊരു അന്നപാനമില്ലാതെ തപിച്ചു വ്യസനിച്ചുകൊണ്ടു അന്നു പകൽ കഴിച്ചു. വൈകുന്നേരസമയമായപ്പോൾ അരമനയൊട്ടുചെന്ന് ദേവാലയത്തിൽ ചെന്നു, ദിവ്യകാരുണ്യസന്നിധിയിൽ സാഷ്ടാംഗമായി വീണു ദണ്ഡനമസ്കാരംചെയ്തു ദീർഘനേരത്തേക്കു മഹാ ഉത്കണ്ഠയോടെ പ്രാർത്ഥിച്ചു.

അതിന്റെശേഷം യോഹന്നാൻ ഗുരുസ്വാമിയാരെ വിളിപ്പാൻ ആളയക്കയുംചെയ്തു. ഗുരുസ്വാമിയാർ ദേവാലയത്തിൽ പ്രവേശിച്ചു, കുറച്ചുനേരം നമസ്കരിച്ചശേഷം രാജാവു പാപസങ്കീർത്തനത്തിന്നായിട്ടാണ്ട തന്നെ വരുത്തിയതെന്നു കരുതി കുമ്പസാരക്കൂട്ടിൽ പോയി ഇരുന്നു.

അപ്പോൾ രാജാവു ഗുരുവിൻ പാദങ്ങളിൽചെന്നു മുട്ടുകുത്തി മഹാ ദുഃഖപ്രലാപത്തോടെ ഗുരുവോടു പറഞ്ഞതായത്: വാത്സല്യപിതാവെ, ഇപ്പോൾ കുമ്പസാരിപ്പാനായിട്ടല്ല തങ്ങളെ വിളിച്ചുവരുത്തിയത്. പിന്നെയൊ, എന്റെ ഹൃദയത്തിലുള്ള മഹാ വ്യസനദുഃഖത്തെ അങ്ങെയൊട്ടു ബോധിപ്പിച്ചു തങ്ങളുടെ ആലോചന കേൾപ്പാനായിട്ടുമാത്രമാണ.

കൊള്ളാം. ഭയപ്പെടേണ്ട മകളെ, നിന്റെ മനസ്സിൽ തോന്നുന്ന സകലവിധദുഃഖസന്ദേഹങ്ങളെയും വെളിപ്പെടുത്തികൊൾക. എന്റെ വശംപോലെ അവകൾ ഞാൻ തീർത്തുതരാം.

എന്റെ പ്രിയമുള്ള പിതാവെ, എന്റെ സഹോദരനായ ആൽഫ്രെഡ് പ്രഭുവിന്നു അന്യായമാ

യിട്ടു വിധിക്കപ്പെട്ട ഭയങ്കരശിക്ഷ തങ്ങൾ അറിഞ്ഞിരിക്കുമല്ലൊ?

ഉവ്വ്. ഇന്നു കാലത്തുതന്നെ അത് ഞാൻ കേട്ടു.

ഇത് എന്തൊരുവക അന്യായമായ വിധിയാണു പിതാവെ, ഇത്ര നീതിയും നെറിവും ദൈവഭയവുമുള്ള ഈ ഒരു ഉത്തമ ക്രീസ്തുവിനു ഇത് സഹിക്കുന്നതായ ഒരു മഹാ ക്ലേശമായല്ലൊ.

ഒ! എന്റെ മകളെ, എന്താ നീ പറയുന്നത്? ദുഃഖസമയങ്ങളിൽ വിശ്വാസം കൈവെടിഞ്ഞുകളയാമൊ? സർവ്വേശ്വരൻ സർവ്വനീതിമാനാണെന്നും, അങ്ങെ പ്രവൃത്തികൾ സകലവും വിസ്മയകരങ്ങളാകുന്നു എന്നുമുള്ളത് നീ മറന്നുകളഞ്ഞൊ?

ഇല്ല. ഞാൻ അത് മറന്നിട്ടില്ല. പിതാവെ, പക്ഷെ കറയറ്റ ആ നീതിമാന്റെ പേരിൽ ഈ വിധമായ അക്രമപാതകം ചുമത്തപ്പെട്ടതും അന്യായമായ ഈ നിഷ്ഠുരശിക്ഷ വിധിക്കപ്പെട്ടതും ചിന്തിക്കയിൽ എന്നു പറഞ്ഞുപ്പൊഴെക്കു മിണ്ടുവാൻ മേലാതെ വിമ്മി വിതുമ്പി കരഞ്ഞുതുടങ്ങി. ഉടനെ മഹാ കാരുണ്യപക്ഷത്തോടെ റാണിയെ നോക്കി പറഞ്ഞതായത്:

മകളെ, ദുഃഖിക്കേണ്ട. ദൈവം സകലവും നന്മയാക്കിപകർത്തും. എന്നു പറഞ്ഞു റാണിയെ ആശ്വസിപ്പിച്ചുകൊണ്ടു തന്റെ കഴുത്തിൽനിന്നു തൂങ്ങപ്പെട്ടരൂപം എടുത്തു കാണിച്ചു, ഇതാ നോക്കുക. നമ്മുടെ കർത്താവു ഇത്ര അപമാനമായി കുരിശിൽ തറക്കപ്പെട്ടു മരിക്കുന്നതിനു താൻ ചെയ്ത പാതകമെന്താകുന്നു? ഉ

ലയിൽ വച്ചിരിക്കുന്ന സ്വർണ്ണം മുമ്പിലത്തെതിലും അധികം ശോഭിച്ചു വിളങ്ങുമെന്നതുപോലെ ഇതുകൊണ്ടു ആൽഫ്രെഡ് പ്രഭുവിന്നു തിന്മയല്ല നന്മയാകുന്നു ഉണ്ടാകുന്നത്.

പിതാവെ, ഒരു കാര്യം തങ്ങളോടു ഇനിക്കു ചോദിപ്പാനുണ്ടു. എന്റെ വാത്സല്യമുള്ള അപ്പൻ നായാട്ടുകയിൽ ഉണ്ടായ ഒരു അപകടത്തിൽ അപ്പനെ മരണത്തിൽനിന്നു രക്ഷിച്ചതു് ആരാകുന്നു എന്നു അങ്ങേക്കു അറിവുണ്ടായിരിക്കുമോ?

അറിവുണ്ടു. ആൽഫ്രെഡിന്റെ അപ്പനാണു.

വാത്സല്യപിതാവെ, ആൽഫ്രെഡിന്റെ അപ്പൻ പിറെദിവസം മരിക്കാറായിരിക്കയിൽ തന്റെ മകനെ എന്റെ മാതാപിതാക്കൾക്കു കയ്യാളിച്ചു അവരുടെ പുത്രരിൽ ഒരുവനായി ഇവനെയും കരുതിക്കൊള്ളണമെന്നു പറഞ്ഞതു് തങ്ങൾക്കു അറിവുണ്ടോ?

ഉവ്വു്. ആൽഫ്രെഡിന്റെ അപ്പനു ഞാൻ അന്ത്യകൃദാശകൾ കൊടുത്തശേഷം എന്റെ മുമ്പാകെ വച്ചുതന്നെയാണു അതു് പറഞ്ഞു മരിച്ചതു്.

ആ ചാപൊരുളിനു ഒത്തവിധം എന്റെ മാതാപിതാക്കൾ അയാളെ തങ്ങളുടെ മകനെപ്പോലെ തന്നെ വളർത്തിക്കൊണ്ടുവന്നു. കടശി എന്റെ പ്രിയമുള്ള അമ്മ മരിക്കയിൽ അയാളെ കാണിച്ചു എന്നോടു പറഞ്ഞതായതു്: എന്റെ പ്രിയമകളെ, ഈ പ്രഭുവിന്റെ അപ്പൻ നിന്റെ അപ്പനെ രക്ഷിക്കുന്നതിന്നായി കാട്ടാനയാൽ കുത്തപ്പെട്ടു മരിച്ചു. തിരിഞ്ഞു

വോ? ആയതുകൊണ്ടു നീ ഇയാൾക്കു ഉയിരിന്നു ഉയിരായിരുന്നുകൊള്ളണം. നീ ഇപ്പോൾ റാണിയായിരിക്കുന്നു എന്നത് ശരിതന്നെ. പക്ഷെ സകലത്തിലും ഈ പ്രഭുവിന്നു നീ ഉയിരിന്നു ഉയിരായിരുന്നുകൊള്ളണമെ. സകല ആപത്തായ അവസരങ്ങളിലും നീ അയാൾക്കു എപ്പോഴും ആദരവും തുണയുമായിരുന്നുകൊൾക. ഉയിരിന്നു ഉയിരു എന്നുള്ളത് മറന്നുകളയല്ലെ മകളെ എന്നു പറഞ്ഞു ശ്വാസംവിടുകയുംചെയ്തു.

ഞാനും അങ്ങിനെതന്നെ ഉയിരിന്നു ഉയിരായിരുന്നുകൊള്ളാമെന്നു വാഗ്ദത്തവുംചെയ്തിട്ടുണ്ടു. ആയതുകൊണ്ടു എന്റെ പിതാവെ, ഈ അവസരത്തിൽ എന്താകുന്നു ഞാൻ ചെയ്യേണ്ടതു? ഉയിരിന്നു ഉയിർകൊടുപ്പാനുള്ള അവസരം നേരിട്ടിരിക്കുന്നുവല്ലൊ. ഈ സംഗതിയിൽ തങ്ങളുടെ അഭിപ്രായമെന്താണു?

യോഹന്നാൻ ഇന്നു അല്പനേരത്തെക്കു മൌനമായിരുന്നിട്ടു പറയുന്നതായതു: നേരുതന്നെയാകുന്നു മകളെ, ഉയിരിന്നു ഉയിർകൊടുക്കേണ്ടിയതുതന്നെയാകുന്നു. എങ്കിലും ഈ സമയത്തുള്ള ചുറ്റുപാടുകൾ നിമിത്തം നീ ഇപ്പോൾ ഒന്നും ചെയ്യാതെ മൌനമായിരിക്കുന്നതാണു ഉത്തമം.

പിതാവെ, തങ്ങൾ എന്തുമുഖാന്തരമാണു ഈവിധം പറയുന്നതെന്നു ഇനിക്കു തിരിയുന്നില്ലല്ലൊ.

മകളെ, അൽപ്രെഡ് പ്രഭുവിനെ എന്തു കാരണംനിമിത്തമാണു രാജാവു ശിക്ഷിപ്പാൻ പോകുന്നതു എന്നു തിരിഞ്ഞൊ?

ഉവ്വ്. പക്ഷെ അത് ശുദ്ധമെ അന്യായമായ ഒരു തീപ്പു അല്ലയൊ പിതാവെ?

അതെ. മഹാ അന്യായംതന്നെ. അയാൾ അ ത് മനസ്സിൽ നിരൂപിക്കുകടെ ചെയ്തിട്ടില്ലായെന്നതി ന്നു അല്പംപോലും സന്ദേഹത്തിന്നിടയില്ല. എല്ലാം ഇങ്ങിനെ ആയാലും ആ വഞ്ചനയിൽ നീ കൂടെ പ ങ്കുണ്ടെന്നാണു രാജാവു സംശയിച്ചുകൊണ്ടിരിക്കുന്ന ത്. ആകയാൽ നീ ആൾപ്രെഡിന്നുവേണ്ടി ശുപാ ശ്ശിപറഞ്ഞാൽ രാജാവിന്റെ ആ വ്യർത്ഥമായ സന്ദേ ഹം ഉറയ്ക്കയും, അയാൾക്കുള്ള കോപവും ക്രോധവും ഇരട്ടിക്കയും ചെയ്യുമെയുള്ള. ഇങ്ങിനെ നന്മയ്ക്കു പക രം തിന്മയാണു നേരിടുന്നത്.

പിതാവെ, രാജകോപത്തെയും ദ്വേഷ്യത്തെ യും ഭയന്നിട്ടു മനസ്സാക്ഷിക്കു വിരോധമായി പ്രവൃത്തി ക്കുന്നത് ശരിയാകുമൊ? പറഞ്ഞൊപ്പു ലംഘിക്കുന്ന ത് നീതിയാകുമൊ? ഉയിരിന്നു ഉയിരു എന്നുള്ള ഈ നിനവു എന്റെ ഹൃദയത്തെ എപ്പൊഴും ഇടവിടാ തെ ബാധിച്ചുകൊണ്ടിരിക്കുന്നു. വരുന്നത് വരട്ടെ. എ ന്റെ അപ്പനെ മരണത്തിൽനിന്നു രക്ഷിച്ചവന്റെ മ കനെ ഇത്ര അന്യായമായ ഒരു മരണത്തിൽനിന്നു ഞാ ൻ രക്ഷിക്കാഞ്ഞാൽ പിന്നെ എന്നെക്കാൾ യോഗ്യത യറ്റ ഒരു സ്ത്രീ ഇത്ര നന്നികെട്ടവളായ ഒരു നാരി ഭൂലോകത്തിലുണ്ടൊ പിതാവെ? ചെര എന്തെങ്കിലും വരട്ടെ ഇതൊരു സ്വല്പ സംഗതിയല്ല.

നേരുതന്നെ. മകളെ, ഉയിരിന്നു ഉയിരു കൊ

ട്ടുകെണ്ടുത്തതന്നെയാണു. പക്ഷെ ഈ വിഷയത്തിൽ കാര്യങ്ങൾ ഒരു ദുർഘടസ്ഥിതിയായി തീന്നിരിക്കുന്നു മിത്തം ഈ വിഷയത്തിൽ വിവേകമായിട്ടു നടക്കുന്നതാണു ഉചിതം.

അതിന്നു ഇനി ദിവസമില്ലല്ലൊ പിതാവെ, ഇനി ഇരുപത് മണിക്കുറുനേരമെയുള്ളുവല്ലൊ. നാളെ കാലത്തു പത്തുമണിക്കു എല്ലാം... സകലവും തീന്നു പോകുമല്ലൊ.

അത് വാസ്തവംതന്നെ. പക്ഷെ മാനുഷപ്രയത്നത്താൽ ഒന്നും സാധിക്കയില്ല. എന്നാൽ ദൈവാനുഗ്രഹത്താൽ യാതൊന്നിന്നും ഭയപ്പെടുവാൻ അവശ്യവുമില്ല അൽപ്രെഡ്പ്രഭു ഒരു അത്ഭുതത്താൽ രക്ഷിക്കപ്പെടുവാൻ കഴിയുന്നതല്ലാതെ മറ്റുപ്രകാരമല്ല മകളെ.

ഈ ദുഃഖകരമായ സംഗതി അറിഞ്ഞപ്പൊൾ തൊട്ടഞ്ചാൻ സർവ്വേശ്വരനൊടുപ്രാർത്ഥിച്ചുവരുന്നുണ്ടു.

അതെ. മകളെ, എല്ലായ്പൊഴും ഏത് ആപത്തിലും ദൈവസഹായം അന്വെഷിക്കുന്നത് നല്ല ബുദ്ധിതന്നെ എന്നു ഗുരു പറഞ്ഞിട്ടു കുറച്ചുനേരത്തെക്കു മൌനമായിരുന്നുകൊണ്ടു ഒരു ചെറിയ ജപംചൊല്ലിയശേഷം ഗുരു പറഞ്ഞതായത്:

കൊള്ളാം. ഉയിരിന്നു ഉയിരുതന്നെയാകാം മകളെ, നിന്റെ ഭക്തിയുള്ള അമ്മ മരിക്കുംസമയം ഉയിരിന്നു ഉയിർ എന്നു പറഞ്ഞു ഏല്പിച്ചതുപോലെയും അപ്പോൾ നീ ചെയ്ത വാഗ്ദത്തപ്രകാരവും അൽപ്രെ

ഡ്പ്പെട്ട നാളെ മരിക്കയില്ല. ആ വാശ്ചത്യം ഞാൻ ഏറ്റിരിക്കുന്നു. എന്ന ഈ വചനം രാണിയുടെ ചെവികളിൽ വീണ ക്ഷണത്തിൽ വിതുമ്പലും കരച്ചിലുമെല്ലാം അടക്കി കണ്ണു തുടച്ചുകൊണ്ടു പറയുന്നതായത്: പിതാവെ, തങ്ങൾ ഇത് എങ്ങിനെയാണു അറിഞ്ഞത്? രാജാവു തൻെറ അബദ്ധത്തെ കണ്ടുപിടിച്ചുവൊ?

ഇല്ല ഇല്ല. രാജാവു തൻെറ തെറ്റു കണ്ടുപിടിച്ചിട്ടുമില്ല. കണ്ടുപിടിപ്പാൻ അയാൾക്കു മനസ്സുവന്നിട്ടുമില്ല. എങ്കിലും നിൻെറയും ആൽഫ്രെഡിൻെറയും അപേക്ഷയ്ക്കു കൃപാസമൃദ്ധമായ സർവ്വേശ്വരൻ അനുഗ്രഹിച്ചു അയാളെ രക്ഷിക്കും. ഉയിരിന്നു ഉയിർ എന്നതുപോലെതന്നെ ആൽഫ്രെഡ്പ്പട്ട നാളെ മരിക്കയില്ല. ഇത് നിശ്ചയമാണു. മകളെ, ഇനി സമാധാനമായിരിക്കുക്കുതെ? നിൻെറ വാശ്ചത്തം ശരിയായിട്ടു നിറവേറും എന്നു ഗുരു പറഞ്ഞു. ഉടനെ രാജ്ഞി അല്പമെങ്കിലും സംശയിക്കാതെ ഗുരു പറഞ്ഞതെല്ലാം ഉറപ്പായി വിശ്വസിച്ചു, ആശ്വാസം പ്രാപിച്ചു തൻെറ ആത്മഗുരുവിൻെറ പാദങ്ങളും മുത്തി എഴുന്നേറ്റു തൻെറ സിംഹാസനത്തിലെക്കു പോകയുംചെയ്തു.

യോഹന്നാൻ ഗുരുസ്വാമിയാകും എഴുന്നേറ്റു പീഠത്തിൻമുമ്പിൽ മുട്ടുകുത്തി ജപംചെയ്തു, അരമനയിൽനിന്നു തൻെറ മുറിയിൽ ചെന്നശേഷം വളരെ ദീർഘനേരത്തെക്കു മഹാ ഏകാഗ്രതയോടെ ജപധ്യാനം

കഴിച്ചു, ഉദ്ദേശം രാത്രി വ൨ മണിക്കു പാറാവിലെക്കായി പുറപ്പെട്ടകയും ചെയ്തു. പാറാവു കാവൽക്കാരൻ ഗുരുസ്വാമിയാരെ കണ്ടു വേണ്ടുന്ന വണക്കാചാരങ്ങൾ ചെയ്തുകൊണ്ടു പറഞ്ഞതായത്:

അങ്ങീന്നു വരുന്നതിന്നായി ആൽപ്രെഡ് ബഹു ആശയൊടെ കാത്തുകൊണ്ടിരിക്കുന്നു. കുടക്കുടെ എന്നെ വിളിച്ചു ഇതുവരെയും ഗുരുസ്വാമിയാർ വന്നില്ലല്ലൊ എന്നു ചോദിച്ചുകൊണ്ടിരിക്കയായിരുന്നു.

ഞാൻ ചെല്ലുണമെന്നു അയാൾ പറഞ്ഞയച്ചിട്ടുണ്ടായിരുന്നു. അത് നേരുതന്നെ. പക്ഷെ ജോലിനിമിത്തം ഉടനെ വരുവാൻ കഴിഞ്ഞില്ല.

എന്താ ഗുരുസ്വാമിയാരെ, ഇതെന്തൊരുവക അന്യായമാണു. ഈ പരിശുദ്ധനായ ഒരുയെ അവർ നാളെ കൊല്ലുവാൻ പോകുന്നുവത്രെ. എന്തൊരു ക്രൊരമാണത്? അയാൾ ആ വിധ പാതകം പ്രവൃത്തിപ്പാൻ തക്കവനാണൊ? നമുക്കു അറിഞ്ഞുകൂടെ? പട്ടണം മുഴുവനിലും അയാളെക്കുറിച്ച സംസാരം തന്നെയാണു. ഇതുകൂടാതെ വേറെയൊരു പ്രസ്താവം കൂടെയുണ്ടു. വിരുന്നുദിവസം രാജാവിന്റെ പാനിയത്തിൽ നഞ്ചു കലത്തിയത് ആത്തൊരൊരയുടെ ശ്രുശ്രൂഷിയായ മോപ്പെറാണു എന്നു അവിടവിടെ രഹസ്യമായി പിറുപിറുക്കുന്നുണ്ടു.

സുനിസ്ലാവൂസെ, ഈ ലോകം എങ്ങിനെയുള്ളതാകുന്നു എന്നു ഇതെവരെ നിനക്കു അറിഞ്ഞുകൂടെയൊ? കുറക്കാരൻ രക്ഷപ്പെടുകയും കുറ്റമറ്റവൻ

ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതു അനേകപ്രാവശ്യം സംഭവിക്കുന്നതു നീ അറിഞ്ഞിട്ടില്ലയൊ? പക്ഷെ സകലത്തെയും അറിയുന്നവനായ നിത്യവിധിയാളനു കാര്യങ്ങൾ സകലവും ഉള്ളതുപോലെതന്നെ യഥാർത്ഥമായിട്ടു അറിയാം. ഉമ്മാഗ്ഗികളെ മറുലോകത്തിൽ മാത്രമല്ല, ഈ ലോകത്തിൽക്കൂടെ പലപ്പൊഴും ശിക്ഷിച്ചുവരാറുമുണ്ടു. ഈ പുണ്യവാനായ പ്രഭുവിനു ഇതു ഒരു മഹാ പരീക്ഷതന്നെയാണു. എങ്കിലും ഇതു അയാൾക്കു അപമാനമല്ല. ബഹുമാനമാണു എന്നു ഗുരു പറഞ്ഞു.

ഇനിക്കു ഇനിയും ഒരു അപേക്ഷയുണ്ടു. ഗുരുവെ, ഇന്നലെ അരഞ്ഞാപ്രഭു രണ്ടുപ്രാവശ്യം എന്നെ വിളിച്ചു വളരെനേരത്തേക്കു സംസാരിച്ചു. ആ വിവരം തങ്ങളൊടു അറിയിപ്പാൻ താല്പൎയ്യമുണ്ടു. ഒരിക്കലും ഞാൻ അയാളെ കണ്ടു സംഭാഷിച്ചിട്ടില്ല. ഇന്നലെ അയാൾ വിളിച്ചപ്പൊഴും വളരെ ഭയത്തൊടെയാണു ഞാൻ അയാളുടെ മാളികയിൽ പോയതു. അയാൾ എന്നെ കണ്ടു ഉടനെ മുറിക്കകത്തേക്കു കടന്നു ചെല്ലുവാൻ അടയാളം കാണിച്ചപ്പൊൾ ഞാൻ ചെന്നു. അയാൾ എന്റെ സ്ഥിതി ബന്ധിച്ചു അതായതു: പരമ്പ, ഉല്പത്തി, ഭാഗ്യം, സന്താനമുതലായ കുഡുംബക്ഷെമങ്ങളെപറ്റി ചോദിച്ചു.

അതിന്നു ഞാൻ ഇനിക്കു രണ്ടുകുട്ടികൾ ഉണ്ടു. അതിൽ ഒരുപേക്കു കല്യാണംകഴിച്ചു. കല്യാണച്ചിലവിലൊക്കായി ഏതാനുരൂപാ കടംവന്നുപൊയി. ഇ

നിക്കു മാസാന്തം കിട്ടിവരുന്ന സക്കാർ ശമ്പളമല്ലാ തെ വേറൊരു ധനവും വരവുമില്ല. എന്റെ ഈ അ ല്പശമ്പളത്തിൽനിന്നുതന്നെ അയ്യഞ്ചു രൂപാ മാസം തോറും കടക്കാരനു കൊടുത്തുവരുന്നു എന്നു പറഞ്ഞു.

എന്തു പലിശയായിട്ടാണു നീ കടംവാങ്ങിയി രിക്കുന്നത്? എന്നു ചോദിച്ചതിനു, ഞാൻ, ഇനിക്കു കടം തന്നിരിക്കുന്ന ആൾ വളരെ ദൈവഭയവും, ദാ രിദ്ര്യരുടെനേരെ കനിവുള്ള ബഹു യോഗ്യനായ ഒരു സത്യവാനുമാണു. അയാൾ എന്റെ കഷ്ടത കണ്ടു കാ ൽപലിശയ്ക്കു സമ്മതിച്ചിരിക്കുന്നു. എന്നുമാത്രവുമല്ല, ഞാൻ മാസംതോറും കൊടുക്കുന്ന അഞ്ചു രൂപാ മുത ലിൽ ചേർത്തു എഴുതുകയും, മുതലിൽനിന്നു ഓരോ രൂ പാ തള്ളിത്തരാമെന്നു പറഞ്ഞിരിക്കയുംചെയ്യുന്നു എ ന്നു പറഞ്ഞു.

അതിനു അയാൾ, നിനക്കു കടംതന്ന ആൾ വളരെ നല്ല മനുഷ്യൻതന്നെയാണു. താൻ ധാരാള മായി ചെയ്ത ധർമ്മത്തിനും പുണ്യങ്ങൾക്കും ക്ലേശിയാ യിട്ടു ഇപ്പോൾ സകലവിധ അപമാനങ്ങളിലും അക പ്പെട്ടിരിക്കുന്ന ആൾപ്രൈഡിനെപോലെയുള്ള ഒരു പ ടുമടയനായിരിക്കാം അല്ലെ? അവൻ ഈ വിധം പ്ര വൃത്തിക്കുന്നപക്ഷം നിമിഷത്തിൽ യാചകത്തിനു ചി രട്ട എടുപ്പാൻ വല്ലവരൊടും ചോദിച്ചിട്ടുവേണമൊ?

അതിനു ഞാൻ, അയ്യൊ! മഹാ പ്രഭുവെ, അ ങ്ങിനെ പറയല്ലെ. അയാളുടെ അപ്പനെ ഞാൻ അ റിയും. അയാളുടെ മുത്തപ്പനെയും മറ്റു കാരണവന്മാ

രെയും സംബന്ധിച്ചു വളരെ കീർത്തിയായി ഞാൻ കേട്ടിട്ടുണ്ടു. അവർ ബഹുപുണ്യവാളന്മാരാകുന്നു. ദാനധർമ്മത്തിൽ ഒരുവനിൽ ഒരുവനും കുറഞ്ഞവനല്ല. അവരുടെ ഭവനവാതുക്കൽ കാലടിവെച്ച ഏത് ദാരിദ്ര്യനും വെറുംകയ്യായിട്ടു പുറപ്പെട്ടുകയില്ല. യാതൊരു കടക്കാരൻ കുറച്ചു ക്ഷീണിച്ചുപോയാൽ അങ്ങിനത്തവരെ ഒരിക്കലും അവർ ബുദ്ധിമുട്ടിക്കയുമില്ല.

ഈ നാട്ടിലുള്ള ലുബ്ധരായ ചില മഹാരാജന്മാർ, ക്ഷീണിച്ചുപോയ കടക്കാരുടെ പറമ്പുല്പന്നികൾ, വീട്ടുപുരയിടങ്ങൾ, ആട്ടുമാടു മുതലായവയെ സക്കാർ മുഖാന്തരം ലേലംവിളിപ്പിച്ചു അന്യായമായിട്ടു അപഹരിക്കുംവണ്ണമൊന്നും ഇവർ ചെയ്കയില്ല. പിന്നെയോ, ക്ഷീണിച്ചുപോയ കടക്കാർക്ക് ധാരാളമായി ധർമ്മംകൊടുക്കും. എന്നതന്നെയുമല്ല, മുൻ സമ്പന്നരായിരുന്നിട്ടു കാലപ്പകർച്ചയിൽ ദാരിദ്ര്യരായിട്ടു ഭവിച്ചു, ധർമ്മംചോദിപ്പാൻ ശങ്കിക്കുന്നവരുടെ ഭവനങ്ങളിൽ രാത്രിതോറും ചെന്നു രഹസ്യധർമ്മം കൊടുത്തുപോരികയും ചെയ്യും എന്നും ഞാൻ പറഞ്ഞു.

അതിന്നു അയാൾ, അവന്റെ കുടുംബത്തിലുള്ളവർ ഇതിന്നു തടസ്സംചെയ്കയില്ലയൊ? എന്നു ചോദിച്ചു. 'വൃക്ഷം ഏതുവിധമുള്ളതൊ ആവിധംതന്നെ അതിന്റെ ഫലങ്ങളും ആകും' എന്നതുപോലെ അയാളുടെ ഭാര്യയും മക്കളും അയാളെപ്പോലെതന്നെ ധർമ്മശീലരാകകൊണ്ടു അവർ ധർമ്മത്തിന്നു തടസ്സംചെയ്കയില്ല എന്നുമാത്രമല്ല, ധർമ്മംകൊടുക്കുന്ന

തിന്നു അവർ ശിഷ്യാശിക്കുടെ ചെയ്യുന്നു. ചില സമയങ്ങളിൽ ഇയാൾ ധാരാളമായി ധർമ്മംകോടുക്കുന്നതുകൊണ്ടു ചില ദ്രവ്യാഗ്രഹക്കാരായ ലുബ്ധന്മാർ, നീ ഈ വിധം ദ്രവ്യം ചിലവഴിക്കുന്നതായാൽ നിന്റെ ഭാര്യയും മക്കളും ദാരിദ്ര്യരാകുമല്ലൊ എന്നു പറഞ്ഞു.

അവരൊട്ട അയാൾ, തേങ്കുന്നകിണറിലാണു ഉറവുണ്ടാകുന്നതെന്നും, ഇഹലോക പദാർത്ഥങ്ങൾ കൊണ്ടു മോക്ഷത്തെ നേടിക്കൊൾവിൻ എന്നും, ഇഹലോക സമ്പത്തുകൾ അഴിഞ്ഞുപോകയും കള്ളന്മാർ മോഷ്ടിക്കയും പുഴുക്കൾ നശിപ്പിക്കയുംചെയ്യും. കള്ളന്മാർ വരാത്ത ഇടവും പുഴുക്കൾ ഇല്ലാത്ത സ്ഥലവുമായ മോക്ഷത്തിൽ സമ്പത്തു കൂട്ടികൊൾവിൻ. ദാഹത്തിന്നു ഒരു കോപ്പ വെള്ളംമാത്രം ഒരുവന്നു കൊടുത്താലും അതിന്നും സമ്മാനമില്ലാതിരിക്കയില്ല. എന്നു ഇതുമുതലായ വേദവാക്യങ്ങൾ പറഞ്ഞുകൊണ്ടു അവരുടെ വാ അടച്ചുകളഞ്ഞു. ഇങ്ങിനെയുള്ള ധർമ്മിഷ്ഠനെ ദാരിദ്ര്യർ, 'തങ്ങളുടെ പിതാവു' എന്നാണു വിളിക്കുന്നത്.

വേലക്കാർക്ക് തക്ക കൂലികൊടുക്കാതിരിക്കയും, കള്ളത്തൂക്കുകളും മറ്റും ഉപയോഗിച്ചുവരികയും, അന്യായപലിശ വാങ്ങിക്കയും, ക്ഷീണിച്ച കടക്കാരുടെ പറമ്പു ഉല്ലത്തി വീട്ടുപുരയിടം അടിമാടുകൾ മുതലായവകൾ ലേലംവിളിച്ചു അന്യായമായി അപഹരിക്കയും, കൈക്കൂലിവാങ്ങി ദാരിദ്ര്യരെ ഞെരുക്കുകയും മറ്റും ചെയ്യുന്ന നിഷ്കരുണന്മാരായവരെ ആ ധർമ്മശീലനാ

യ പ്രഭുവിനു കൺനേരെ കണ്ടുകൂടാ എന്നും മറും ഞാൻ പറകയിൽ, ആത്തൊയുടെ മുഖത്തു അശേഷം സന്തോഷമില്ലായിരുന്നു. കടശി ക്ഷണത്തിൽ അയാളുടെ മുഖം വകനു ദ്വേഷ്യഭാവത്തൊടെ, കൊള്ളാം. ഭ്രാന്തനായി നിനക്കു കടംതന്നവൻെറ കഥ ഇനി പറയെണ്ട. മതി മതി. എന്നു പറഞ്ഞു.

ഇപ്പൊൾ പാറാവിൽ എത്ര പേരുണ്ടു?

൪൦- പേർ കുറെക്കാരുണ്ടു.

ആൽപ്രെഡ് പ്രഭുക്കുടെ ഉണ്ടല്ലൊ അല്ലെ?

അതെ. അയാൾക്കുടെയുണ്ടു.

അയാളെ കാണ്മാനായിട്ടു വല്ലവരും വരുന്നുണ്ടൊ?

ചില ദൊരമാർ, ജെയിലർ എന്നു ഞങ്ങളുടെ പ്രഥമ അധികാരി ഒരുചില കൂടക്കുടെ വന്നുകണ്ടു പോകുന്നുണ്ടു.

പ്രഭുസ്ത്രീകൾ ആരും വന്നില്ലയൊ?

ഇല്ല. ആരും വന്നില്ല.

സൂക്ഷിച്ചുകൊള്ളണം. പ്രഥമ അധികാരിയുടെ അനുമതിക്കുടാതെ ആരെയും ജെയിലിന്നകത്തു കടത്തിപ്പോകരുത്. കൈക്കുലി വാങ്ങി ആരെയെങ്കിലും അകത്തു കടത്തിപ്പോയാൽ നിൻെറ തല പൊളിഞ്ഞു. ഭദ്രമായിട്ടു സൂക്ഷിച്ചുകൊള്ളണം എന്നു പറഞ്ഞു.

അതിന്നു ഞാൻ, മഹാ പ്രഭുവെ, എൻെറ ശിരസ്സു നോക്കു. എല്ലാം നരച്ചിരിക്കുന്നു. ഇനി കീപ്പൊൾ ന്നാ- ൽ മേലെയായിപ്പായം. ഈ നാൽവരെ എ

ന്റെ ദേഹദണ്ഡംകൊണ്ടുതന്നെയാണു ഞാനും എ
ന്റെ കുടുംബവും ഉപജീവിച്ചുവരുന്നതു്. ഇതുവ
രെ ഏതൊരുവക അന്യായത്തിനു ഉത്തരംപറവാൻ
ഞാൻ ബാദ്ധ്യസ്ഥനായിട്ടില്ല. അന്യന്റെ അരക്കാശു
മുതലായിട്ടു ഞാൻ ഇച്ഛിച്ചിട്ടുമില്ല എന്നു പറഞ്ഞു.

അപ്പൊൾ കുറച്ചുനേരം അയാൾ മൌനമായി
രുന്നിട്ടു യോഹന്നാൻഗുരു ജയിലിൽ വരുന്നുണ്ടൊ
എന്നു ചോദിച്ചു.

ഉവ്വ് ക്കൂടക്കൂടെ അദ്ദേഹം വരുന്നുണ്ടു. വൈകെ
ഇപ്പൊൾ മൂന്നുനാളായിട്ടു വരുന്നില്ല. ഇന്നു ആൾപ്രെ
ഡ്പ്രഭു എന്നെ വിളിച്ചു ഗുരുസ്വാമിയാർ ഇതുവരെ
വന്നില്ലെ എന്നു ചോദിച്ചപ്പോൾ 'വന്നില്ല' എന്നു
ഞാൻ പറഞ്ഞു.

അപ്പൊൾ ആത്തൊപ്രഭു വീണ്ടും കുറച്ചുനേ
രം മൌനമായിരുന്നിട്ടു സമീപമായ ഒരു മുറിയിൽ
പോയി, ഒരു കടലാസിൽ എന്തൊ എടുക്കിക്കൊണ്ടുവ
ന്നു എന്നെ നോക്കി, നീ ഒരു ക്രിസ്ത്യാനിയാണെന്നും, നി
ന്റെ വേല നീ കരാറായിട്ടു നടത്തിവരുന്നു എന്നും
തോന്നുന്നു. നിന്റെ ശമ്പളം കൂട്ടുന്നതിനു ഞാൻ ശി
പാശ്ശിചെയ്യാം. ഇതാ ഈ പത്തുരൂപാ ഇപ്പൊൾ നി
നക്കിരിക്കട്ടെ എന്നും പറഞ്ഞു നീട്ടി.

ഞാൻ ചെന്നുവാങ്ങി, ഉപകാരം പറഞ്ഞപ്പൊ
ൾ വീണ്ടും അയാൾ എന്നൊടു പറയുന്നതായതു്: നീ
ഒരു കായ്യംവേണം സുനിസ്ലാവൂസെ, അതായതു്: ഇ
ന്നെദിവസം യോഹന്നാൻഗുരു ജയിലിലെക്കു വരു

മെങ്കിൽ ആൽഫ്രെഡ് പ്രഭു ഇന്നു അയാളെ കാണ്മാൻ ഇടവരെണ്ടായെന്നു പറവാനായി അയാൾ നിന്നോടു പറഞ്ഞിരിക്കുന്നു എന്നു ഇടുവിനൊടു നീ പറയണം.

അപ്പൊൾ ഞാൻ ഭയന്നു എന്റെ കരങ്ങളിലിരുന്ന അയാളുടെ രൂപ മേശമെൽ വച്ചുകൊണ്ടു, പ്രഭുവെ മഹാനെ, ഇനിക്കു ഉദ്യോഗവുംവെണ്ട, വലിയ ശമ്പളവും ആവശ്യമില്ല. സർവ്വേശ്വരൻ അന്നാന്നു ഇനിക്കു തരുന്ന ആ അരവയറു ഭക്ഷണംമാത്രം വേണ്ടുവോളംമതി. ഞാൻ ചത്താലുംശരി, ഒരുനുണ ഒരിക്കലും പറകയില്ല. ഞാൻ ഈവിധം ദ്രോഹംചെയ്താൽ സർവ്വേശ്വരന്റെ സന്നിധിയിൽ ഞാൻ കുറ്റക്കാരനാകുന്നതുമെന്നുവെ, മനുഷ്യരും എന്നെ മേലാൽ വിശ്വസിക്കയുമില്ല എന്നു പറഞ്ഞു.

അപ്പൊൾ അയാൾ ബഹു ദ്വേഷ്യത്തൊടെ കൊള്ളാം. നിനക്കു പൊകാം. ആരെയും പാറാവിൽ കടത്തിപോകല്ലെ എന്നു അയാൾ പറഞ്ഞു. അപ്പൊൾ ഞാൻ പാമ്പിന്റെ അളയിൽ അകപ്പെട്ട ഒരു എലിയെപ്പോലെ ഭയന്നു, ഒരു മാത്ര താമസിക്കാതെ ഓടി എന്റെ ഭവനത്തിൽ വന്നു ചേരുകയുംചെയ്തു.

ഇടുസ്വാമിയാർ ഈ വൃത്താന്തങ്ങൾ സൂക്ഷിച്ചുകേട്ടു, സുനിസ്സ്വൂസിന്റെ വ്യാപാരത്തെ സ്തുതിച്ചു സന്തോഷിച്ചുകൊണ്ടു, അതെ. സുനിസ്സ്വൂസെ, നന്നായിപൊയി. ഇങ്ങിനെതന്നെയാണു ചെയ്യെണ്ടുന്നതു. നിന്റെ പുണ്യവ്യാപാരംമൂലം ആത്തോസ്സു ബഹു

നാണവും ശങ്കയും കലക്കവുമുണ്ടായിരിക്കാം നിശ്ചയം. പാവം! ആ ദുർഭാഗ്യമനുഷ്യൻ മനസ്സുതിരിയുന്നതിന്നായി പ്രാർത്ഥിക്ക എന്നു പറഞ്ഞു ജേയിലിന്റെ വാതിൽ തുറക്കുവാൻ പറഞ്ഞു.

ഇരട്ടപൂട്ടുള്ള ആ ഇരുമ്പുവാതിൽ സൂനിസ്സാവൂസ് തുറന്നുടൻ ഗ്രന്ഥസ്വാമിയാർ ഉള്ളിൽ പ്രവേശിച്ചശേഷം കതകു അടച്ചു അകത്തെ കൊളുത്തുമിട്ടു ബഹുദൂരം നടന്നു ആൾപ്രെഡ്പ്രഭു കിടന്നിരുന്ന മുറിയിൽ ചെല്ലുകയിൽ, അയാൾ വന്നു ഗ്രന്ഥവോട്ടു സന്തോഷം പറകയും ഗ്രന്ഥകായാളെ ആശീർവ്വദിക്കയുംചെയ്തുകൊണ്ടു പറയുന്നതായത്:

താൻ എന്നെ ബഹു ആശയൊടെ പാർത്തിരിക്കയാണെന്നു കേട്ടല്ലൊ. അത് ശരിതന്നെയാണൊ?

അതെ. പിതാവെ, ഞാൻ തങ്ങൾ വരണമെന്നു പറഞ്ഞയച്ചിരിക്കകൊണ്ടു തങ്ങൾ നിശ്ചയമായിട്ടു വരുമെന്നുള്ള ശരണത്തൊടെ അങ്ങെ വരവും കാത്തുകൊണ്ടിരിക്കയാണു. എന്നാൽ എന്റെ പിതാവെ, ഒരു മനുഷ്യമാത്രം ഇവിടെ വരുന്നതിന്നു ഞാൻ ഇതെവരെ പറഞ്ഞയച്ചിട്ടില്ല. പറഞ്ഞയച്ചില്ലെങ്കിലും മണിക്കൂറുകൾതോറും ഈ പറഞ്ഞവൾ വരും, വരുമെന്നു ഞാൻ കാത്തിരിക്കയുംചെയ്യുന്നു. പക്ഷെ എല്ലുവക്കായ പഴുക്കുമെന്നു ആശയൊടെ കാത്തിരുന്ന തത്തയെപ്പൊലെ ഞാനായിപ്പൊയി.

ആരെക്കുറിച്ചാണു താൻ ഈ വിധം പറയുന്നത്?

നന്ദികെട്ട മനുഷ്യരെയും, തങ്ങളുടെ വാഗ്ദത്തം ലംഘിക്കുന്നവരെയും ബന്ധിച്ചാകുന്നു ഞാൻ പറയുന്നത്. പിതാവെ, കരുണാശീലമില്ലാതെ സിംഹാസനത്തിന്മേലിരുന്നു രാജ്യഭാരം ചെയ്യുന്നതിനെക്കാൾ ദാരിദ്ര്യത്തിൽ ജീവിച്ചു ധർമ്മവഴിയിൽ വ്യാപരിക്കുന്നത് ഏറ്റവും ഉത്തമമാണു.

പ്രഭുവെ, താൻ പറയുന്നത് ഇനിക്കു തിരിയുന്നില്ല. തെളിവായി പറയുക.

ബൊയെമ്യാ രാജ്യത്തിലെ രാജ്ഞിയെപ്പറ്റിത്തന്നെയാണു ഞാൻ പറഞ്ഞത് പിതാവെ.

നിദാനം പ്രധാനം എന്നു പറഞ്ഞതുപോലെ ധൃതിപ്പെട്ടുന്നത് വളരെ തെറ്റാകുന്നു പ്രഭു.

എന്റെ പ്രിയമുള്ള പിതാവെ, അവൾ ഇവിടെ വരെണ്ടീട്ടല്ല ഞാൻ പറയുന്നത്. പക്ഷെ ആ വിരുന്നുദിവസത്തിൽ ആ ദുഷ്ട അത്തൊ അന്യായമായി എന്റെ പേരിൽ കുറ്റം ചുമത്തിയ സമയത്തിലും, എന്നെ പാറാവിലെക്കു വലിച്ചുകൊണ്ടു പോകുന്നേരത്തിലും രാജ്ഞി വാതുറന്നു ഒരു വാക്കു പറഞ്ഞിരുന്നെങ്കിൽ ഇനിക്കു ഇത് സംഭവിക്കുമായിരുന്നൊ? അല്ലെങ്കിൽ ഈ സംഗതി വിചാരണകഴിക്കണമെന്നു പറഞ്ഞിരുന്നെങ്കിൽ രാജാവു തന്റെ രാജ്ഞിയുടെ വാക്കു തട്ടുമൊ? സകല പുണ്യങ്ങളുടെ കണ്ണാടിയായി പ്രകാശിച്ചു ധാരാളമായ ദാനധർമ്മവും ചെയ്യുവരുന്ന വളായ രാജ്ഞിയവർകൾ നന്ദിക്കു പ്രതിനന്ദികാട്ടാതെ ഇരിക്കുന്നത് നിനക്കുംതോറും എന്റെ ഹൃദയം

ദ്ധിഖത്താൽ വ്രണപ്പെട്ടു, അവളുടെനേരെ ബഹു വെറുപ്പുതോന്നുന്നു. ഉയിരിന്നു ഉയിരെന്നു അവളുടെ മാതാപിതാക്കൾ പറകയും, രാജ്ഞിയും ഉയിരിന്നു ഉയിരായിരുന്നുകൊള്ളാമെന്നു മരിപ്പാൻപോകുന്ന അവളുടെ അമ്മയൊട്ടു വാക്കുകൊടുക്കയുംചെയ്തിട്ടു ഇപ്പോൾ അത് മുഴുവനും മറന്നവളെപ്പോലെ ഇരിക്കുന്നല്ലൊ. ഇതെന്തൊരുവക അന്യായമാണു പിതാവെ.

ഒ! ആൾപ്രൈ൦ എൻറെ വാത്സല്യമകനെ, നീ ഇപ്പൊൾ പറഞ്ഞവകൾമുഴുവനും നീ വളരെ മനസ്സാപപ്പെട്ടതാ൦.

എന്തുകൊണ്ടാണു പിതാവെ, ഞാൻ പറഞ്ഞതിൽ വല്ല അബദ്ധമുണ്ടൊ?

ഉണ്ടു. വലിയ അബദ്ധമുണ്ടു. രാജ്ഞിയുടെനേരെ ഈവിധം നിഷ്ഠുരമായി പറയുന്നതു അശെഷം ശരിയല്ല. നീ ചെറുപ്പംമുതലെതന്നെ അവളെ വേണ്ടുവണ്ണമറിഞ്ഞിരുന്നിട്ടും ആ പുണ്യവതിയുടെ ഗുണാഗുണങ്ങൾ നിനക്കു നല്ലവണ്ണം അറിഞ്ഞുകൂടായല്ലൊ; റാണിയെക്കാൾ ഹൃദയകാരുണ്യമുള്ളവർ ഈനാട്ടിൽ എങ്ങും ഇല്ലായെന്നു ഇനിക്കു നല്ലവണ്ണം അറിയാം. താൻ പറഞ്ഞ വാക്കിൽ ഒരു അക്ഷരംമുതലായി തെറ്റിക്കാതെ നടക്കുന്നതുകൊണ്ടു വിശ്വസ്ഥതയുള്ളവളാണു റാണി എന്നു നീ മറന്നുകളഞ്ഞൊ? നിൻറെപേരിൽ അന്യായമായി കുറ്റംചുമത്തപ്പെട്ടതുമുഴുവനും രാജ്ഞി അവർകൾ അന്നുതന്നെ മയങ്ങി തളൎന്നു രോഗമായി വീണുപോയി. ഇങ്ങിനെ പലനാൽ അവൾ മരണാ

വസ്സയിൽ കിടന്നു. പിന്നീട് ഒരുവിധം മരിച്ചു ഉയിർത്തു എന്നു പറയാം. എന്നുമല്ല, അവളാൽ ആകുന്ന പ്രയത്നമെല്ലാം ചെയ്തിട്ടും കായ്യം അനുകൂലപ്പെട്ടില്ല. രാജ്ഞി ഒരു ദുർഘടസ്ഥിതിയിൽ അകപ്പെട്ടിരിക്കനിമിത്തം അവളാൽ ഒന്നും സാധിക്കയില്ല. എന്തെന്നാൽ ആത്തൊപ്പുള്ള ഇല്ലാത്തതും വല്ലാത്തതും രാജാവിനൊട്ട പറഞ്ഞു, റാണിയും നീയുമൊരുമിച്ചാണു രാജനു നഞ്ചുകൊടുത്തു ചതിച്ചിരിക്കുന്നതെന്നു ആ വഞ്ചകപാതകൻ പറഞ്ഞത് രാജൻ വിശ്വസിച്ചു നിന്നെ നാളെ അപമാനമായി കൊല്ലുന്നതിനു അയാൾ തീർമ്മാനിച്ചിരിക്കുന്നു. പുറകെ റാണിക്കും എന്താണു സംഭവിക്കുന്നതെന്നു അറിഞ്ഞുകൂടാ. കായ്യം ഇങ്ങിനെയായിരിക്കയിൽ റാണിയുടെനേരെ നിഷ്ഠുരമായി വിചാരിക്കുന്നത് അന്യായമല്ലെ പ്രഭു?

ഉടൻ ആൽപ്രെഡ് ഗുരുവിന്റെ രണ്ടു കരങ്ങളും പിടിച്ചു ഒരു ചെറുകുഞ്ഞിനെപ്പോലെ വിമ്മിവിതുമ്പി കരഞ്ഞുകൊണ്ടു ഗുരുവൊട്ട, 'പിതാവെ, ഞാൻ നാളെ മരിപ്പാൻപോകുന്നത് നിമിത്തമാണു ഇങ്ങിനെ ദുഃഖിക്കുന്നതെന്നു കരുതല്ലെ. പിന്നെയോ, ആ പരിശുദ്ധ റാണിയുടെനേരെ ഞാൻ പറഞ്ഞുപോയ കഠിനവാക്കുകൾ നിമിത്തമാണു ഞാൻ പ്രലാപിക്കുന്നത്. ഈ അബദ്ധത്തെക്കുറിച്ചു റാണിയൊട്ട തങ്ങൾ പൊറുതിചോദിക്കണമെ' എന്നും പറഞ്ഞു ദുഃഖം അല്പം അടക്കി പറയുന്നതായത്:

ആത്തൊ എന്ന ആ ദ്രോഹി അനേകകുലപാത

കങ്ങൾ നടത്തുകയും അന്യരുടെ വസ്തു അപഹരിക്കയും മറ്റും എണ്ണമില്ലാത്ത അതിക്രമങ്ങൾ ചെയ്കയും ചെയ്തു. പരമ പാതകനായ ആ ദുഷ്ടൻ എന്നെ കീർത്തി വഷളാക്കി മാനഭംഗപ്പെടുത്തുകയും, രാജദ്രോഹി എന്നുള്ള അപവാദം എന്നെമേൽ ചുമത്തുകയും ചെയ്തു. എന്നുമല്ല, പരിശുദ്ധയായ രാജ്ഞി അവർകൾക്കും മാനഭംഗം വരുത്തിയിരിക്കുന്നു. സർവ്വനീതിമാനായ സർവ്വേശ്വരാ, അങ്ങീന്നു ഇവന്നെമേൽ കടാക്ഷിച്ചു, ഈ നിർഭാഗ്യൻ മനസ്സുതിരിയുന്നതിന്നു കൃപചെയ്യരുളണമെ എന്നു പ്രാർത്ഥിച്ചുകൊണ്ടു ഗ്രന്ഥവോട്ടു പറഞ്ഞതായത്:

പ്രിയമുള്ള പിതാവെ, ഞാൻ നാളെ പത്തുമണിസമയത്തു മരിച്ചവരുടെ കണക്കിൽ ചേർക്കപ്പെട്ടുമല്ലൊ. തെരുവുകൾതോറും കുതിരകളാൽ ബഹു അപമാനത്തോടെ വലിച്ചിഴയ്ക്കപ്പെട്ട തല ഒരു ഭാഗത്തും, കൈകാൽ വേറൊരിടത്തും, മറ്റു അവയവങ്ങൾ പല ഇടങ്ങളിലുമായി ചിതറപ്പെടുമല്ലൊ പിതാവെ, കൊള്ളാം. ദൈവചിത്തംപോലെ സകലതും ആകട്ടെ. താൻതന്നെ എന്നെ കിരീടവും സമ്മാനവുമായിരിക്കട്ടെ. പിതാവെ, ആ ഭയങ്കരപ്രമാദസമയം തങ്ങൾ എന്നെ അരികെനിന്നു ഇനിക്കുവേണ്ടി പ്രത്യേകിച്ചു പ്രാർത്ഥിക്കണമെ. മറക്കല്ലെ. ആ പരിഭ്രമസമയത്തു റാണിയവർകൾക്കു എന്തൊരുവക ദുഃഖവ്യാകുലമാണു ഉണ്ടാകുന്നതെന്നു ദൈവത്തിന്നുമാത്രം അറിയാം.

എന്റെ മകനെ, വെൻസ്ലാവൂസുരാജാവിന്റെ വിളംബരം പ്രസിദ്ധമായ ഈ രണ്ടു ദിവസങ്ങളിൽ റാണി മനോവിഷാദംനിറഞ്ഞവളായി ഉയിരിന്നു ഉയിരായിരുന്നുകൊള്ളാമെന്നുള്ള തന്റെ വാഗ്ദത്തം നിനച്ചു ഏതു വിധെനയും നിന്നെ രക്ഷിക്കുന്നതിന്നു വേണ്ടിയ പ്രയത്നമെല്ലാം കഴിച്ചു, കടശി ഇന്നു ഉച്ച കഴിഞ്ഞു ൨- മണി സമയത്തു എന്നെ വിളിപ്പിച്ചുവരുത്തി, തന്റെ മനഃക്ലേശത്തെയും വാഗ്ദത്തത്തെയും എന്നോടു അറിയിച്ചു. എന്നുമാത്രമല്ല, രാജാവിന്നു തന്റെനേരെ ഉണ്ടായിരിക്കുന്ന വ്യർത്ഥമായ സന്ദേഹംനിമിത്തം താൻ അപേക്ഷിച്ചാൽ ഒരു ഫലവുമുണ്ടാകയില്ലായെന്നും, ആകയാൽ തന്റെ ആയുസ്സു പോയാലുംശരി, മരിപ്പാൻപോകുന്ന തന്റെ അമ്മയൊടു ദൈവസന്നിധിയിൽ വച്ചു (ഉയിരിന്നു ഉയിർ) എന്നു പറഞ്ഞു ചെയ്ത വാഗ്ദത്തം നിറവേറ്റണം. അതിന്നായി പാറാവിൽ ചെന്നു തന്റെ വാത്സല്യ സഹോദരൻ ആൽപ്രെഡിനെ രക്ഷിക്കുണമെന്നു തീർമ്മാനിച്ചിരിക്കുന്നു എന്നും പറഞ്ഞറിയിച്ചു.

അപ്പൊൾ ഞാൻ റാണിക്കു ആശ്വാസപ്രദമായ ഉപദേശങ്ങൾ പറഞ്ഞുകൊണ്ടു, ഇനി നിന്റെ വാഗ്ദത്തംനിമിത്തം നീ വിഷാദിക്കണ്ട. നിന്റെപേക്ഷ ഞാൻതന്നെ അത് നിറവേറ്റിക്കൊള്ളാം. ആൽപ്രെഡ്പ്രഭു നാളെ മരിക്കയില്ലായെന്നു അവളൊടു തീർച്ചയായി പറഞ്ഞുകൊണ്ടാണു ഇപ്പൊൾ ഞാൻ വന്നിരിക്കുന്നത്.

അപ്രകാരമായിരുന്നാൽ നാളെ ഞാൻ മരിക്കയില്ലയൊ പിതാവെ?

ഇല്ല. നാളെ നീ മരിക്കയില്ല. നീ മുൻ ആഗ്രഹിച്ചപ്രകാരം സന്ന്യാസി ആകുന്നതിന്നു മനസ്സുണ്ടെങ്കിൽ അതിന്നു ഇപ്പൊൾ നല്ല സമയം വന്നിരിക്കുന്നു. എന്തു ആൾപ്രെഡെ മനസ്സാണൊ?

ഞാൻ ആ മനസ്സോടെതന്നെയാണു ഇപ്പഴും ഇരിക്കുന്നത്. പക്ഷെ ഞാൻ നാളെ കൊല്ലപ്പെടുമെന്നു ജേയിലർ എന്നൊടു പറഞ്ഞല്ലൊ പിതാവെ?

അതെ. അത് ശരിതന്നെ. പക്ഷെ മനുഷ്യൻ കരുതുന്നതൊന്നു, ദൈവം പ്രവൃത്തിക്കുന്നത് വേറൊന്നു എന്നവിധം നീ നാളെ ചാകയില്ല.

നാളെ ഞാൻ കൊല്ലപ്പെടുമെന്നു കരുതി, അന്ത്യക്രുദ്ധാശകൾ കൈക്കൊൾവാനായിട്ടാണു പിതാവിന്നു ഞാൻ ആളയച്ചത്.

അന്ത്യക്രുദ്ധാശകൾ ഇപ്പൊൾ നിനക്കു ആവശ്യമില്ല.

അങ്ങീന്നു രാജാവിൽനിന്നു ഇനിക്കു പൊറുതി ലഭിച്ചുകൊണ്ടാണൊ വന്നിരിക്കുന്നത്?

രാജനെ ഞാൻ കണ്ടിട്ടു അഞ്ചു ദിവസമായി.

പിതാവെ, പിന്നെ എങ്ങിനെയാണു അങ്ങീന്നു ഈ പറയുന്നത്? ഇനിക്കു നല്ലവണ്ണം തിരിയുന്നില്ലല്ലൊ. ഇനിക്കു തിരിയത്തക്കവിധം പറയെണമെ.

രാജ്ഞിയുടെ ഉയിരിന്നു ഉയിർ എന്നുള്ള വാഗ്ദത്തത്തിന്റെ ബാദ്ധ്യൻ എന്നെമെൽ ഞാൻ വഹി

ച്ചിരിക്കുന്നു. ആൾപ്രെഡപ്രഭുന്നാളെ മരിക്കയില്ലാ എ
ന്നു റാണിക്കു ഞാൻ ഉറപ്പായി വാക്കുംകൊടുത്തിരിക്കു
ന്നു. ആ രണ്ടു സംഗതികളും ചെയ്യുന്നിവൃത്തിപ്പാനാ
യിട്ടാണു ഞാൻ ഇപ്പൊൾ ഇവിടെ വന്നിരിക്കുന്നത്
തിരിഞ്ഞൊ?

അതെങ്ങിനെയാണു നിവൃത്തിക്കുന്നത് പിതാ
വെ?

ഞാൻ പറയുന്നതു് കേൾക്കു മകനെ, ഇതാ
ഞാൻ ധരിച്ചിരിക്കുന്ന ഈ നീണ്ട മേൽവസ്ത്രം എല്ലാ
വരും നല്ലവണ്ണം തിരിച്ചറിയുന്നതാണു; ഇതിനെ നീ
ധരിച്ചുകൊണ്ടു ഒളിച്ചുപൊയ്ക്കൊള്ളണം.

അപ്പൊൾ ഇനിക്കു പകരമായിട്ടു അങ്ങീന്നു പാ
റാവിൽ ഇരിപ്പാനാണൊ പറയുന്നത്?

അതെ. അങ്ങിനെതന്നെ. നിനക്കു പകരം ഒ
രുവനിവിടെ ഇരിക്കണ്ടെ?

ഒരിക്കലും ഇതിന്നു ഞാൻ സമ്മതിക്കയില്ല. പി
താവെ, അതുവേണ്ട.

പ്രഭുവെ, എന്റെ വാക്കിന്നു വിരൊധം നീ പ
റയരുതു്.

ബ. എന്റെ പിതാവെ, അങ്ങീന്നു ദയവായി
ഈ വിധം എന്നൊടു കല്പിക്കല്ലെ.

വാത്സല്യമകനെ, നീ എപ്പൊഴും ഇനിക്കു ബ
ഹു ശ്രവണത്തൊടെ സകലത്തിലും കീഴ്വഴങ്ങിയിരു
ന്നുവല്ലൊ. ഇപ്പഴും എന്റെ വാക്കിന്നു വിരൊധിക്കാ
തെ കീഴ്വഴങ്ങണമെന്നാണു ദൈവചിത്തം മകനെ.

എന്റെ പ്രേമപിതാവെ, വിവേകമെന്നെ മരണത്തിൽ തന്നെത്താൻ ഉൾപ്പെടുന്നത് ശരിയല്ലല്ലോ വിവേകവുമല്ലല്ലൊ.

രാജ്ഞി നാളെ ആ സമയത്തു ഇനിക്കായി മദ്ധ്യസ്ഥംപറഞ്ഞു എന്നെ രക്ഷിച്ചുകൊള്ളും മകനെ.

രാജാവിന്റെ പിടിവാദസ്വഭാവം തങ്ങൾക്കു അറിവില്ലാത്ത ഒരു സംഗതിയാണൊ പിതാവെ?

ശരിതന്നെ. എങ്കിലും ദൈവാനുഗ്രഹത്തിനെൽ ശരണപ്പെട്ടുകൊണ്ടു രാജ്ഞിയൊട്ടു ഞാൻ ചെയ്തിരിക്കുന്ന വാഗ്ദത്തം നിറവേറണമെന്നു തീർമ്മാനിച്ചിരിക്കുന്നു.

ആൽപ്രെഡ്പ്രഭു എത്രതന്നെമുട്ടിച്ചുപേക്ഷിച്ചിട്ടുംയോഹന്നാൻഗുരുതന്റെ തീർമ്മാനത്തിൽനിന്നു ലേശംപോലും വിൻവാങ്ങാതെ തന്റെ കുരുതലിന്നു പ്രഭുവിനെ പറഞ്ഞു സമ്മതിപ്പിച്ചു, തന്റെ വസ്ത്രങ്ങൾക്കീതെ ധരിച്ചിരുന്ന ഗുരുക്കളുടെ ഒരു നീണ്ട വസ്ത്രം ഊരി പ്രഭുവിന്നു കൊടുത്തു. ആൽപ്രെഡ്പ്രഭുവിന്നു മനസ്സില്ലെങ്കിലും ശ്രവണംനിമിത്തം നിർബ്ബന്ധിക്കപ്പെട്ട ആ നീണ്ട വസ്ത്രം വാങ്ങി ധരിച്ചു കടശി അദ്ദേഹത്തിന്റെ കാല്പാദങ്ങളിൽ കണ്ണീരൊടെ മുട്ടുകുത്തി, ഗുരുവിന്റെ ആശീർവ്വാദം അപേക്ഷിച്ചു.

അപ്പൊൾ ഗുരു പ്രഭുവിനൊടു പറഞ്ഞതായത്: നീ ഈ വസ്ത്രവും ധരിച്ചു പുറത്തിറങ്ങുമ്പോൾ നിന്നെ യാതൊരുത്തരും കണ്ടറികയില്ല. വഴിമദ്ധ്യേ

വച്ചു ആരെങ്കിലും ആചാരംചെയ്താൽ, നീ വാതുറന്നു ഉത്തരിക്കാതെ ആംഗ്യങ്ങളാൽമാത്രം പ്രത്യുപചാരം കാണിച്ചുകൊണ്ടു പോയി നമ്മുടെ ദേവാലയമണ്ഡപത്തിൽ ഇന്നു രാവു കിടന്നുകൊൾക. അതികാലത്തെതന്നെ ൪-മണി സമയത്തു പട്ടണത്തിന്റെ കോട്ടവാതിൽ തുറന്നുടൻ എഴുന്നേറു കോട്ടയ്ക്കു പുറത്തു ഒരു മയിൽ ദൂരംവരെ നടന്നു ചെല്ലുക. അവിടെ ഒരു കുതിരവണ്ടി ഇനിക്കായി പാത്തിരിപ്പാൻ ഞാൻ ശട്ടംകെട്ടിയിട്ടുണ്ടു. അതിൽ കയറി വണ്ടിജനലുകളുമടച്ചു ക്ഷണം വണ്ടി അടിപ്പാൻ പറഞ്ഞുകൊൾക. ഉദ്ദേശം ൬-മണിക്കു നീ കത്തുസ്യാനരുടെ ആശ്രമത്തിൽ ചെന്നുചേരും. നീ ആശ്രമവാതുക്കൽ കാലടിവെച്ചാൽ പിന്നെ യാതൊരുത്തക്കും നിന്നെ പിടിപ്പാൻ വന്നുകൂടാ. വളരെ ദീർഘകാലമായിട്ടുള്ള നിന്റെ ആഗ്രഹപ്രകാരം അവിടെ സന്യാസം അനുഷ്ഠിപ്പാൻ ഇനി യാതൊരു തടസ്സവുമില്ല. ഇനിക്കുവേണ്ടിക്കുടെയും ദൈവത്തോടു പ്രാർത്ഥിപ്പാൻ മറക്കല്ലേ. മകനെ, സകലവിധ ആപത്തുകളിൽനിന്നും സർവ്വേശ്വരൻ നിന്നെ കാത്തുരക്ഷിക്കുമാറാകട്ടെ എന്നും പറഞ്ഞു ഗുരു തന്റെ ഇരു കരങ്ങളും അയാളുടെ ശിരസ്സിന്മേൽ നീട്ടി ആശീർവ്വദിക്കയുംചെയ്തു.

ഗുരുസ്വാമിയാരുടെ ആശീർവ്വാദം വാങ്ങി ആൽപ്രെഡ്പ്രഭു പുറപ്പെട്ടു പാറാവിന്റെ വാതിൽക്കൽവർകയിൽ, ഗുരുവിന്റെ വസ്ത്രംആയാൾ ധരിച്ചിരുന്നതുനിമിത്തം യോഹന്നാൻഗുരു ആകുന്നു എന്നു കാ

വൽക്കാരൻ കരുതി തല കുനിഞ്ഞു സ്വതവും പറഞ്ഞു. അൽപ്രൈഡ് പ്രഭുവൊ എന്നാൽ, യാതൊരു വാക്കും ഉച്ചരിക്കാതെ തല കുനിച്ചു പ്രത്യുപചാരം കാണിച്ചും കൊണ്ടു അതി ശീഘ്രം നടന്നു ദേവാലയ മണ്ഡപത്തിൽ ചെന്നു രാത്രി കഴിക്കയും, അതികാലത്തെ പട്ടണവാതിൽ തുറന്നുടൻ പുറത്തിറങ്ങി പോയി ഗുരു പറഞ്ഞപ്രകാരം കാത്തിരുന്ന വണ്ടിയിൽ കയറി ഓടിപ്പിച്ചു യാതൊരു അപകടമെന്യെ ആശ്രമത്തിൽ ചെന്നു ചേരുകയുംചെയ്തു.

എന്നാൽ അന്നെദിവസം പട്ടണമെങ്ങും അൽപ്രൈഡ് പ്രഭുവിനെ ബന്ധിച്ചുള്ള സംസാരംതന്നെയായിരുന്നു. സകലരും അയാളുടെ ധർമ്മശീലത്തെ പുകഴ്ത്തി സ്തുതിച്ചിരുന്നു. അയാൾക്കു വിധിക്കപ്പെട്ട അന്യായ ശിക്ഷവിധിയെപറ്റി സകലരും ദുഃഖിച്ചുകൊണ്ടു ഇതിനൊക്കെക്കും കാരണക്കാരനായ ആത്തൊപ്രഭുവിനെ നിന്ദിച്ചു പ്രാകി പറകയും, അവൻ മുൻനടത്തിവന്ന അക്രമപാതകങ്ങൾ തമ്മിൽ പറഞ്ഞു ഓർപ്പിച്ചു, അവനെറ നേരെ ബഹു അരൊചകമായി സംഭാഷിക്കയുംചെയ്തിരുന്നു.

അന്നു കാലത്തു രാജധാനിപട്ടണത്തിലുള്ള ദേവാലയങ്ങളിൽ വളരെ പൂജകൾ അൽപ്രൈഡിന്നായി അണയ്ക്കപ്പെട്ടു. ദേവാലയവാതുക്കൽ കാത്തിരുന്ന അനേകം ഭിക്ഷക്കാർ തങ്ങളുടെ വാത്സല്യപിതാവായ അൽപ്രൈഡ് പ്രഭു അന്നു അപമാനമായി മരിക്കുന്നതിന്നു അന്യായമായി വിധിക്കപ്പെട്ടിരിക്കുന്നതുമുഖാ

ന്തരം സകലരും അയ്യോ എന്നു കരഞ്ഞു നിലവിളിച്ചു കൊണ്ടു ദൈവത്തോടു അയാൾക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. ഇങ്ങിനെ അന്നെദിവസം പ്രാഗപട്ടണവാസികൾ ഏവർക്കും ബഹു ദുഃഖപ്രലാപനാളായി തീർന്നിരുന്നു.

അന്നു കാലത്തു വലിയ പള്ളിയിലെ മണികൾ മരിച്ചുവർക്കായി അടിക്കുംവിധം ണ്ണാം.... ണ്ണാം ണ്ണാം എന്നു അടിച്ചുകൊണ്ടിരിക്കയിൽ പട്ടണത്തിൽ എവിടെ നോക്കിയാലും കരച്ചിലുകളും പ്രലാപങ്ങളും നെടുവീർപ്പുകളുമല്ലാതെ ഒന്നും കേൾപ്പാനില്ലായിരുന്നു. ചിലർ, അയ്യയ്യോ! ഇതിൽവലിയ അന്യായമുണ്ടൊ? കുറമില്ലാത്ത ഒരു നീതിമാനെ ഇങ്ങിനെ അപമാനമായി കൊല്ലുന്നതു ദൈവത്തിനു നിരക്കുമൊ? എന്നു പറഞ്ഞു പ്രലാപിച്ചിരുന്നു. മറ്റു ചിലർ, സർവ്വേശ്വരൻ തന്റെമേൽ ശരണപ്പെട്ടവരെ കൈവിടാതെ കാത്തുരക്ഷിക്കുമെന്നും, വേറെ ചിലർ നമ്മുടെ പരിശുദ്ധഗുരുവായ യോഹന്നാൻസ്വാമിയാർ കുലക്കളത്തിൽവെച്ചെങ്കിലും രാജാവിനൊടു അപേക്ഷിച്ചു അയാൾക്കു പൊറുതികൊടുപ്പിക്കുമെന്നും പറഞ്ഞിരുന്നു.

വേറെ ചിലർ, ചെന്നായുടെ വായിൽ അകപ്പെട്ട ആട്ടിൻകുട്ടിയെ രക്ഷിപ്പാൻ അസാദ്ധ്യംതന്നെയാണ എന്നു പറഞ്ഞിരുന്നു. പിന്നെ ചിലർ, അയ്യയ്യോ! ഈ പുണ്യവാൻ രാത്രിസമയങ്ങളിൽ ദാരിദ്ര്യരുടെ ഓരൊരു വീടുകൾതോറും ചെന്നു ധർമ്മസഹായങ്ങൾ ചെയ്തിരുന്നല്ലൊ എന്നും, എന്റെ വീട്ടു ക

ടനിമിത്തം ലേലത്തിൽപെട്ട ഉടനെ ഈ ഉത്തമ പ്രഭു രഹസ്യമായി പണംതന്നു എന്നെരക്ഷിച്ചല്ലോ എന്നു മറെറാരുത്തനും, ഇങ്ങിനെ അയാൾ ചെയ്ത ധർമ്മങ്ങളും അയാളുടെ ഗുണശീലങ്ങളും പുകഴ്ത്തിസ്തുതിച്ചു പറഞ്ഞുകൊണ്ടു കുറുവസ്ത്രങ്ങളുമണിഞ്ഞു മഹാ ദുഃഖത്തോടെ കുലക്കുളത്തിലെക്കു എല്ലാവരും പുറപ്പെടുകയുംചെയ്തു.

ജനങ്ങൾ സകലരും കരകാണാത്ത സമുദ്രംപൊലെ കുലക്കുളത്തിനു ചുററും കൂടി ദുഃഖിച്ചു തപിച്ചു പ്രലാപിച്ചുനിൽക്കയിൽ, ഇതാ രാജരഥം ദൂരത്തിൽ കാണുക തിരിഞ്ഞു കണ്ടുതുടങ്ങി. എന്നാലല്ല, അത് ക്ഷണം വന്നുചേരുകയുംചെയ്തു. വെൻസ്ലാവൂസു രഥത്തിൽനിന്നിറങ്ങി റാണി ഒരുമിച്ചുമേൽതരം കുറുത്തപട്ടുശീലകൾകൊണ്ടും സപ്തരത്ന മണികളാലും ബഹു ഉയരത്തിൽ പണിചെയ്തിരുന്ന അലംകൃതമായ സിംഹാസനത്തിൽ കരെറിയിരിക്കയും, മന്ത്രിപ്രധാനികൾ ഉദ്യോഗസ്ഥർ മുതലായവരും അവരവർക്കുള്ള വിവിധ സ്ഥാനഭേദമനുസരിച്ചു സ്ഥലങ്ങളിൽ ഇരിക്കയുംചെയ്തു.

മഹാ മുരട്ടസ്വഭാവമുള്ള രണ്ടു കുതിരകളെയും കൊണ്ടുവന്നു തയ്യാറാക്കി, സകലതും തയ്യാറായി എന്നുള്ളതിന്നെറ ലക്ഷ്യമായി കോട്ടയിലെ പീരങ്കികളും ഭൂം ഭൂം ഭൂം എന്നൊരൊട്ട ധ്വനിച്ചു തീർന്ന ഉടനെ അനാട്ടമുറ അനുസരിച്ചു കുറക്കാരനെ ജനങ്ങൾ കാണാതിരിപ്പാനായി ശിരസ്സുമുതൽ കുതിഞ്ഞരമ്പുവരെ

എത്തുന്നു ഒരു നീണ്ട ചാക്കുവസ്ത്രം കൊട്ടുകയും കുറ
ക്കാരൻ ആ ചാക്കു അടിതൊട്ടു മുടിവരെ മറയത്തക്ക
വിധം ധരിച്ചു, മുറിക്കു പുറത്തു വരികയിൽ വാളും പരി
പിടിച്ച പടയാളികൾ അവനെ ചുഴന്നുനിന്നുകൊ
ണ്ടു നടത്തി കുലക്കളത്തിലെക്കു കൊണ്ടുപോകയും
ചെയ്തു.

അവിടെ കറുപ്പുശീലകൊണ്ടു മൂടി കുറെ ഉയ
രത്തിൽ ഇട്ടിരിക്കുന്ന ഒരു തട്ടിന്മെൽ കുറക്കാരനെ
സേവകർ കരെറ്റിനിറുത്തുകയിൽ ജനപ്രവാഹത്തി
ൻ വിമ്മലുകളും വിതുമ്പലുകളും പ്രലാപങ്ങളും നെ
ടുവീർപ്പുകളും കേട്ടുതുടങ്ങി: കുറമറവനായ ഈ പ്ര
ഭുവിനെ കാത്തുരക്ഷിക്കെണമെ. സർവ്വേശ്വരാ, എന്നു
ള്ള ശബ്ദങ്ങളും അങ്ങുമിങ്ങും കേട്ടുതുടങ്ങി. നാം എ
ല്ലാവരും എഴുന്നെറ്റു രാജസന്നിധിയിൽ സാഷ്ടാം
ഗംവീണു ആൽപ്രെഡ്പ്രഭുവിന്നു മാപ്പു അപേക്ഷി
ക്ക എന്നു അവിടവിടെ രഹസ്യമന്ത്രങ്ങളും കേട്ടുതുട
ങ്ങി. അനേകം പ്രഭുസ്ത്രീകൾ ഭയത്താലും ദുഃഖത്താ
ലും മോഹാലസ്യപ്പെട്ടു വീഴുകയുംചെയ്തു.

രാജ്ഞിയൊ എന്നാൽ ആൽപ്രെഡിന്റെ വി
ചാരത്താൽ മഹാ ദുഃഖം സഹിച്ചിരുന്നെങ്കിലും, യോ
ഹന്നാൻഗുരുവിന്റെ വാദത്തിന്മെൽ ഉറച്ചു;
സ്വാമിയാർ ഏതുവിധമെങ്കിലും രാജാവിനൊട്ടു മദ്ധ്യ
സ്ഥംപറഞ്ഞു ആൽപ്രെഡിനെ രക്ഷിക്കുമെന്നു ശര
ണപ്പെട്ടുകൊണ്ടു അദ്ദേഹം ഇതുവരെ വന്നുചേരായ്ക
നിമിത്തം പലവിധ ചിന്തനങ്ങളാൽ പീഡിക്കപ്പെട്ടി

ങ്ങനെ.

പക്ഷെ വിധിപത്രം വായിച്ചഉടനെ സ്വാമിയാർ രാജസമൂഹത്തോടായി മദ്ധ്യസ്ഥം പറഞ്ഞു മാപ്പു വാങ്ങുവാനായിരിക്കാം നിനച്ചിരിക്കുന്നതെന്നു അവൾ കരുതിയിരുന്നു. എന്നാൽ ജനസമൂഹത്തിൽ കേൾക്കപ്പെട്ട ഈ വിധപ്രലാപസ്വരങ്ങളാൽ ആത്തൊരു കുറെ ഭയന്നു, വല്ല കുഴപ്പം സംഭവിച്ചേക്കുമോ എന്നു വിഷാദിച്ചുകൊണ്ടു രാജമുദ്രയും കയ്യൊപ്പും പതിച്ച വിധിതീർപ്പുരപത്രം തൽക്ഷണം കരങ്ങളിൽ എടുത്തു എഴുന്നേറ്റുനിന്നു ഉറച്ചസ്വരത്തിൽ വായിച്ചതായത്";

ബൊയെമ്യാരാജ്യത്തിലെ രാജാവായ വെൻസ്ലാവൂസെന്ന നാമധേയം ധരിച്ചിരിക്കുന്ന നാം അയക്കുന്ന വാറണ്ടു തീർപ്പുരമെന്തെന്നാൽ: ഇവിടെ കുറക്കാരനായിട്ടുനിൽക്കുന്ന ഈ ആൽബ്രെഡ്പ്രഭു എന്നവൻ, നാം അവനുചെയ്ത കണക്കില്ലാത്ത ഉപകാരസ്മരണകളെയും പ്രീതിപക്ഷത്തെയും അല്പമെങ്കിലും ഗണ്യമാക്കാതെ നമ്മുടെ അരമനയിൽ ഉദ്ദേശം 300-പേർ പ്രധാനികളൊരുമിച്ചു വിരുന്നു കഴിഞ്ഞുപൊണ്ടിരിക്കുംസമയത്തു നമ്മുടെ ആയുസ്സുകളവാനായി നമ്മുടെ പാനപാത്രത്തിൽ നഞ്ചുകലർത്തിയിരിക്കുന്നു. ഈ പാതകത്തിനു ശിക്ഷയായിട്ടുനാല്പദുഷ്ടക്രതികളിൽ അവൻ ബന്ധിക്കപ്പെട്ട വലിച്ചിഴയ്ക്കപ്പെട്ട ചാകുന്നതിനു നാം തീർപ്പുനിച്ചിരിക്കുന്നു. എന്നു ബൊയെമ്യാരാജ്യത്തിലെ വെൻസ്ലാവൂസു രാജാവു.

എന്നു വായിച്ചു തീർന്ന ക്ഷണത്തിൽ ആത്തോ ദൊരയുടെ ആജ്ഞപ്രകാരം ഒരു സേവകൻ തട്ടിന്മേൽ കരേറി കുറക്കാരനെ മൂടിധരിപ്പിച്ചിരുന്ന ആ ചാക്കുവസ്ത്രം എടുത്തു മാറ്റി. അപ്പൊൾ ആൽഫ്രെഡിന്നു പകരമായി യോഹന്നാൻഗ്രന്ഥസ്വാമിയാർ ബഹുവിനയപൂർവ്വം തട്ടിന്മേൽ നിൽക്കുന്നത് കണ്ട ജനസമൂഹം ആശ്ചര്യവും പരിഭ്രമവുംപൂണ്ടു അമ്പരന്നു പോയി.

ആകയാൽ സകലരും തങ്ങൾക്കുണ്ടായ അടക്കരുതാത്ത സന്തോഷാനന്ദത്താൽ കൈകൾ കൊട്ടി, അത്ഭുതം. അത്ഭുതം. ഇത് വിസ്മയംതന്നെ. യോഹന്നാൻഗ്രന്ഥസ്വാമിയാർ ആൽഫ്രെഡിനെ കാത്തു രക്ഷിച്ചു. ഈ പരിശുദ്ധഗ്രന്ഥവിനെയാതൊരാപത്തും കൂടാതെ സർവ്വേശ്വരൻ കാത്തുരക്ഷിക്കുമാറാകട്ടെ: ആൽഫ്രെഡ്പ്രഭുവിന്നും ഭീർഘായുസ്സു ഉണ്ടാകുമാറാകട്ടെ. എന്നു ഏകസ്വരത്തിൽ ആ ജനപ്രവാഹം ഒരുമിച്ചു ഒച്ചവിട്ടു, രാജനും ആത്തോയും നാണിച്ചു മുഖം വിളറുമാറു ഇടവിധാനം മുഴങ്ങെ അലറി നിലവിളിക്കയുംചെയ്തു.

അപ്പൊൾ ആത്തോപ്രഭുവിന്നുണ്ടായ മഹാദുഃഖത്താൽ ഉഗ്രവെയിലിൽ പുഷ്പങ്ങൾ വാടുന്നതുപോലെ മുഖംവാടിക്കരിഞ്ഞു തല കീഴ്പോട്ടു ഇട്ടു കളഞ്ഞു. വെൻസ്ലൗസൊ എന്നാൽ, നാണത്താൽ ചുളുങ്ങി, കോപത്താൽ പൊങ്ങി തൽക്ഷണം ഗ്രന്ഥവിന്റെ ശിരസ്സുഖണ്ഡിച്ചെങ്കിലൊ എന്നു നിനച്ചു.

വക്ഷെ അവിടെക്കൂടിയിരുന്ന മഹാജനം എന്തു കുഴപ്പമാണൊ ഉണ്ടാക്കുന്നതെന്നു ഭയന്നു ഭ്രമിച്ചിരുന്നു.

അകയാൽ ഗുരുസ്വാമിയാരെ ഉഗ്രകോപത്തൊടെ നോക്കിപല്ലുകടിച്ചുംകൊണ്ടു, രാജമോഹിയായ ഗുരുവെ, തന്റെറ ഈ വേലക്കു തക്കക്രൂലി താൻ പ്രാപിക്കും എന്നുമാത്രം പറഞ്ഞു. കടശി കോപംസഹിയാതെരക്തം പുറപ്പെടത്തക്കവിധം മുണ്ടുകൾകടിച്ചുകൊണ്ടു, രഥത്തിൽ ചാടികയറി അരമനയിൽ ചെന്നുചേരുകയുംചെയ്തു. യോഹന്നാൻഗുരുവൊഎന്നാൽ സർവ്വേശ്വരൻ തനിക്കു ചെയ്തരുളിയ ഈ മഹാ ഉപകാരത്തിനു നന്ദിയറിഞ്ഞു സ്തോത്രംചെയ്വാനായി ദേവാലയത്തിലെക്കു പോകയിൽ, അവിടെക്കൂടിയിരുന്ന സകല ജനങ്ങളും ഗുരുവെ പിന്തുടൻ്റ പള്ളിയിൽ ചെന്നു ദൈവത്തിനു സ്തോത്രംചെയ്തു.

൧൭–ാം അദ്ധ്യായം.

രാജാവിന്റെറ തോല്വി.

വെൻസ്ലാവൂസുരാജാവു അരമനയിൽ ചെന്നു ചേന്നാറെ തന്നിൽ തിളച്ചുപൊങ്ങിയിരുന്ന കഠോരകോപം സഹിയാതെ, വിവിധചിന്തനങ്ങൾ ചിന്തിച്ചുകൊണ്ടു വിസ്താരമായ ഒരു മണ്ഡപത്തിൽ ചാടി, പിടാ എന്നു അങ്ങൊട്ടുമിങ്ങൊട്ടും ലാത്തുവാൻ തുടങ്ങി. യോഹന്നാൻഗുരുവിന്റെറമേൽ വല്ലൊരു കു

൧൧ം ചുമത്തുന്നതിന്നായി വിവിധമായ അനേക കാരണങ്ങൾ ഉന്നഹിച്ചുനോക്കിയിട്ടും ഒന്നും ശരിയായിട്ടു ഒക്കാതിരിക്കയിൽ, ചില ദിവസങ്ങൾക്കുമുമ്പു ആത്തൊദുഷ്ടൻ പറഞ്ഞുകൊട്ടത്ത കപടമായ ദുരാലോചന ചെട്ടന്നു മനസ്സിൽവന്നു.

ആകയാൽ, ആ ദുഷ്ടഗ്രന്ഥവിനെ പിടിപ്പാൻ നല്ല കുടുക്ക കിട്ടിയിരിക്കുന്നു എന്നു തന്നെതാൻ മന്ത്രിച്ചുകൊണ്ടു കൈമണി എടുത്തു ചല, പിലാ എന്നങ്ങൊട്ട കിച്ചുക്കി. തൽക്ഷണം ഒരു വില്ലുക്കാരൻ സേവകൻ രാജസമൂഹെ വന്നു, രാജശ്രീ മഹാരാജാവെ, ദാസൻ ഇതാ ഹാജർ എന്നു ഭയത്തൊടെ പറഞ്ഞു. രാജാവു സേവകനൊട്ട, തൽക്ഷണം നീപോയി രാജദ്രോഹിയായ ആ ഗ്രന്ഥവിനെ നമ്മുടെ സമൂഹത്തിൽ കൊണ്ടുവന്നു നിറുത്തുക എന്നു പ്രമാണിച്ചു.

രാജാവു പറഞ്ഞതു യോഹന്നാൻഗ്രന്ഥവിനെക്കുറിച്ചാണെന്നു സേവകൻ ഗ്രഹിച്ചു, ക്ഷണം ഓടിപ്പോയി യോഹന്നാൻഗ്രന്ഥവിനെ കുട്ടിക്കൊണ്ടുവരികയുംചെയ്തു. രാജാവു ഗ്രന്ഥവിനെ കണ്ട ക്ഷണത്തിൽ ഉഗ്രകോപവെറിപിടിച്ചു, കണ്ണുകളിൽ തീപ്പൊരിപറന്നും, ക്രോധശക്തിയാലുള്ള ധൃതിയൊടെ കൈകാൽ ഞെട്ടിവിറച്ചും, പാമ്പുപോലെ ചീറി പലവിധം ശാസിച്ചുംകൊണ്ടു പറയുന്നതായത്: ഇന്നു കാലത്തു താൻ കണ്ട ആ നാലു ദുഷ്കൃതികൾ ഇപ്പൊഴും നമ്മുടെ കൃതിരലായത്തിൽ കിടപ്പുണ്ടു എന്നുള്ളതു തനിക്കു അറിവില്ലെ?

മഹാരാജാവെ, അത് ഇനിക്കറിയാം.

രാജദ്രോഹിക്ക നിയമിക്കപ്പെട്ട മരണശിക്ഷയ്ക്ക താൻ പാത്രവാനാകുന്നു എന്നു തെളിയിക്കുന്നതിന്നു ഇനി യാതൊരു ദൃഷ്ടാന്തവും ആവശ്യമില്ലല്ലൊ.

ഞാൻ ഏതൊരു വിഷയത്തിലാണു എന്റെ രാജാവിന്നു ദ്രോഹംചെയ്തത്?

അത് തനിക്ക അറിഞ്ഞുകൂടായല്ലെ? രാജദ്രോഹിയായ ആൽപ്രെഡിനെ താൻ രക്ഷിച്ചതുനിമിത്തം ആ ചണ്ഡാളദ്രോഹിക്ക വിധിക്കപ്പെട്ടിരുന്ന ശിക്ഷ തന്റെ ശിരസ്സിന്മേൽതന്നെയാണു തൂങ്ങിയിരിക്കുന്നത് എന്നുള്ളത് മറന്നുകളഞ്ഞൊ? രാജദ്രോഹികളെ സഹായിക്കുന്നവരെ ശിക്ഷിക്കുന്ന സംഗതിഖണ്ഡിച്ചു നമ്മുടെ രാജ്യനിയമങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന ചട്ടതിട്ടങ്ങൾ തനിക്ക അറിഞ്ഞുകൂടെ?

മഹാരാജാവെ, അവയെല്ലാം ഇനിക്ക നല്ലവണ്ണം അറിയാം. പക്ഷെ ആൽപ്രേഡ്പ്രഭു ഒരിക്കലും തങ്ങൾക്ക വഞ്ചനചെയ്യാൻ നിനച്ചിട്ടുമില്ല, പ്രവൃത്തിച്ചിട്ടുമില്ല. കറയില്ലാത്തവനായ ആ പുണ്യവാനെ ഞാൻ മരണത്തിൽനിന്നു രക്ഷിച്ചതുകൊണ്ടു അയാൾക്കുമാത്രമല്ല പിന്നെയൊ മഹിപതിയായ തങ്ങൾക്കുകൂടെയും നന്മയാണു ഞാൻ ചെയ്തത്.

ഒ! തനിക്ക ഇന്ദ്രജാലവിദ്യയുംകൂടെ അറിയാമൊ? അതി വിനോദമാണല്ലൊ തന്റെ സംസാരം കേട്ടാൽ. ആൽപ്രെഡിനു താൻ നന്മചെയ്തത് ശരിതന്നെ. എന്നാൽ നമുക്ക താൻ അതിനാൽ ചെയ്ത ന

ന്ന എന്താണെ?

കുറ്റമറ്റവനായ ആ പ്രഭുവിന്റെ രക്തം തങ്ങൾ ചിന്തിയിരുന്നു എങ്കിൽ, ഈ മഹാ പാതകത്തെക്കുറിച്ചു സർവ്വേശ്വരൻ തങ്ങളെ ശിക്ഷിക്കും. എന്നുമാത്രവുമല്ല, ആ കഠോരമായ ദുഷ്കൃത്യം ഒരു ക്രമ്മയുള്ള മുള്ളുപൊലെ തങ്ങളുടെ ഹൃദയത്തെ എപ്പൊഴും കുത്തി ബാധിച്ചുകൊണ്ടിരിക്കയുംചെയ്യുമെനെ.

അങ്ങിനെയാണെങ്കിൽ ആൽപ്രെഡ് കുറ്റമറ്റവൻ എന്നാണൊ താൻ പറയുന്നത്?

അതിന്മേൽ അല്പംപോലും സംശയിക്കുന്നതിന്നു ഒരു കാരണവുമില്ല മഹാരാജാവെ.

നമ്മുടെ പാനപാത്രത്തിൽ അവൻ നഞ്ചുകലർത്തിയതുബന്ധിച്ചു താൻ എന്താണു പറയുന്നത്?

ആ പാതകം അയാൾ ഒരിക്കലും ചെയ്തിട്ടില്ല. അത് അയാളെ വഷളാക്കുവാനായി ദുർമ്മാഗ്രികൾചെയ്ത കപടതന്ത്രപ്പണിയല്ലാതെ മറ്റൊന്നുമല്ല.

അവന്റെ സാക്ഷിൽനിന്നു കണ്ടെടുത്ത ശേഷിപ്പു നഞ്ചു ബന്ധിച്ചു എന്താണു താൻ പറയുന്നത്?

അയാളുടെ ശത്രുക്കൾതന്നെ അതും ചെയ്തിരിക്കണം.

താൻ എന്താണു ഈ പറയുന്നത്? നമ്മുടെ ആയുസ്സിനെ കാത്തുരക്ഷിച്ചുവരുന്ന സ്നേഹിതരെ വിരോധികൾ എന്നാണൊ താൻ പറയുന്നത്? നമ്മുടെസുഖക്ഷേമത്തെ എപ്പൊഴും ശ്രദ്ധിച്ചു ശത്രുവിന്റെ തന്ത്ര ദുഷ്പ്രവൃത്തികൾ ഇടവിടാതെ സൂക്ഷിച്ചു കാ

ത്തിരുന്ന നമ്മൊട്ട അറിയിച്ചുവരുന്ന വിശ്വസ്ഥരായ മിത്രരെ ശത്രുക്കൾ എന്നു പറയുന്നത് എന്തൊരുവക അഹംഭാവമാണു? ആ ദ്രോഹിയായ ആൽപ്രെഡ് നമ്മുടെ ആയുസ്സുകളവാൻ കരുതിയപ്പൊഴെതന്നെ അവൻ നമുക്കു വഞ്ചകനായിതീർന്നു. എന്നുമാത്രമല്ല; അവൻ റാണിയുമായി സ്നേഹമായിരിക്കുനിമിത്തം അവർ ഇരുവരും നമുക്കു വഞ്ചകരാണു എന്നു പറയുന്നതിനു എന്താ സംശയമുള്ളത്?

ഒ! രാജാവെ, ഇതെന്തൊരുവക അന്യായമാണു? തങ്ങളുടെ യഥെഷ്ടമനുസരിച്ചു ഓരൊ കാരണങ്ങൾ ഊഹിച്ചുകൊള്ളാമെന്നുവെച്ചാൽ അത് ധർമ്മന്യായത്തിനു ശരിയാകുമൊ? തങ്ങളുടെ കോപമൂക്കുന്നതു തങ്ങളുടെ ബുദ്ധിയെ എങ്ങിനെ പകർത്തിവഷളാക്കിയിരിക്കുന്നു?

ഇല്ല ഇല്ല. ഇനിക്കു നല്ലവണ്ണം അറിയാം. സകലത്തിലും എന്റെ മുഴുവിശ്വാസം ഞാൻ വച്ചിരുന്നവരായ അവനും അവളുംഇനിക്കു ദ്രോഹം ചെയ്തു. ആ! ഇതെന്തൊരു കഷ്ടമായ കഠോരക്രൂരതയാണു? പുണ്യവേഷത്തിൻകീഴ കുലപാതകം മറച്ചുകൊണ്ടു അവർ എന്റെ ആയുസ്സിനു ഉന്നംനോക്കി.

ആൽപ്രെഡ്പ്രഭു തങ്ങൾ അറിഞ്ഞിരിക്കുംവണ്ണംതന്നെ യഥാർത്ഥത്തിൽ പുണ്യവാനല്ലാതെ ഒരിക്കലും കള്ളവേഷധാരിയല്ല മഹാരാജാവെ.

ആട്ടെ. അവൻ ഒരു യോഗ്യനാണു എന്നു തനിക്കു ദൃഷ്ടാന്തീകരിക്കാമൊ?

അതിനു എന്തുപ്രയാസമാണുള്ളതു?

എന്നാൽ അത് എങ്ങിനെ അറിയും?

ഒരുവന്റെ സ്വഭാവഗുണാഗുണങ്ങൾകൊണ്ടു അവന്റെ വ്യാപാരം നല്ലവണ്ണം അറിഞ്ഞുകൂടെ? അതുകൂടാതെയും ൨൦- വത്സരങ്ങളായിട്ടു അയാളെ ഞാൻ നല്ലവണ്ണം അറിയുന്നു. കള്ളബുദ്ധി അല്പമെങ്കിൽ കപടഭക്തി എന്നതിന്റെ നിഴൽപോലും അയാളിലില്ലായെന്നു പറയുന്നതിനു ഇനിക്കു നല്ല ധൈര്യമുണ്ടു. അയാളുടെ സുകൃതഗുണങ്ങളെയും അത്ഭുതമായ പുണ്യങ്ങളെയും ഇപ്പോൾ തങ്ങൾക്കു വിവരിക്കുന്നതു് അനാവശ്യമാണു. അതു് അവിടെക്കുതന്നെ അറിയാമല്ലൊ.

താൻ അവനു കുമ്പസാരംകൊടുത്തിട്ടുണ്ടൊ?

ഉവ്വു്. അയാൾ അതിനായി എന്റെ പക്കൽ വന്നപ്പോൾ ഒക്കയും കുമ്പസാരം കൊടുത്തിട്ടുണ്ടു.

അപ്പോൾ അവൻ അവന്റെ ദുഃഖങ്ങൾ ഒക്കയും തന്നൊടു അറിയിച്ചിട്ടുണ്ടു അല്ലെ?

കുമ്പസാരിപ്പാനായി വരുംസമയം തന്റെ ഹൃദയം തുറന്നു കാട്ടാതിരിക്കുമൊ മഹാരാജാവെ?

കുമ്പസാരസമയങ്ങളിലല്ലാതെ മറ്റു സമയങ്ങളിലും തന്റെ ക്ലേശം വെളിപ്പെടുത്തിയിരിക്കാം അല്ലെ?

ഗുരുക്കൾ ജ്ഞാനവൈദ്യരാകയാൽ അവരുടെ ബുദ്ധിയുപദേശങ്ങളും ആലോചനകളും അന്വെഷിക്കുന്നതു് ക്രീസ്തുവരുടെ ഒരു പ്രധാനമായ കടം അ

ല്ലെ?

അവൻ സന്ന്യാസം അനുഷ്ഠിപ്പാനിരിക്കുന്നു എന്നു എപ്പൊഴെങ്കിലും തന്നൊട്ട പറഞ്ഞിട്ടുണ്ടൊ?

അനേകപ്രാവശ്യം അത് ബന്ധിച്ചു എന്നൊട്ട പറഞ്ഞിട്ടുണ്ട

അവനു ആ മനസ്സുവരുവാനുള്ള കാരണമെന്താണു?

ഈ ലോകത്തിന്റെ അനിത്യവും, പെട്ടമരണവും, ഈ പ്രപഞ്ചനന്മകളുടെ നിലയില്ലായ്മയും ബന്ധിച്ചു ദിനംപ്രതി അയാൾധ്യാനിക്കുംതോറും അവയിന്മേൽ വെറുപ്പായി, സംഗൊപാംഗമായിട്ടു ജീവിക്കണമെന്നു അയാൾ തീർച്ചയിച്ചു. അതുതന്നെയാണു കാരണം. മറൊന്നുമല്ല. വ്യർത്ഥം സംശയിച്ചുപോകണ്ട മന്നവനെ.

ആൾപ്രെഡിനു എന്താണു കുറവു? ആസ്തിപാസ്തികൾ, പറമ്പു ഉല്പത്തികൾ മുതലായ സൌഭാഗ്യങ്ങൾ വേണ്ടുവോളമുണ്ടല്ലൊ.

അതെ. പ്രപഞ്ചനന്മകൾ ഒന്നും അയാൾക്കു കുറവില്ല. വാസ്തവംതന്നെയാണു. എന്നാൽ ഇവകൾ എല്ലാം മായങ്ങളിൽ മായയാകുന്നു എന്നു ബോധ്യമാനിച്ചിരിക്കയാൽ, സകലത്തെയും പരിത്യജിച്ചു വിരക്തനായിട്ടു സർവ്വേശ്വരനു ഉത്തമശുശ്രൂഷചെയ്യുന്നതിലാണു സത്യമായ ഭാഗ്യങ്ങൾ അടങ്ങിയിരിക്കുന്നതെന്നു അയാൾ ഗ്രഹിച്ചതുനിമിത്തം ആ ഉന്നത അന്തസ്സിൽ പ്രവേശിക്കണമെന്നു നിശ്ചയിച്ചു.

കൊള്ളാം. അതിരിക്കട്ടെ. താൻ ഇത്രവളരെ പൂകഴ്ത്തിസ്തുതിക്കുന്ന അവനെ നമുക്കു രക്ഷിക്കരുതെ?

മഹാരാജാവെ, എന്റെ ജീവനെക്രൂടെ നോക്കാതെ അയാളെ രക്ഷിക്കുന്നതിന്നായിട്ടു ഞാൻ പെട്ട പ്രയത്നം തങ്ങൾക്കു അറിവില്ലാത്ത ഒരു സംഗതിയല്ലല്ലൊ.

അവനെ പിടിപ്പാനായിട്ടു നമ്മുടെ സേവകരെ അയച്ചിരിക്കുന്നത് താൻ അറിഞ്ഞില്ലെ? ആശ്രമവാതുക്കൽനിന്നു ഒരു അടി പുറത്തേക്കു എടുത്തുവച്ചാൽ ഉടനെ അവൻ പിടിക്കപ്പെട്ടും. അതിനെക്കുറിച്ചല്ല ഇപ്പൊൾ ഞാൻ പറയുന്നത്. എന്റെ ഹൃദയത്തിന്റെ വ്യാകുലവൃണം താൻ മാറ്റിതരണം. രാജാവു പറഞ്ഞതിന്റെ സാരവും ലാക്കും ഇന്നതാണെന്നു ഗുരുസ്വാമിയാർ ഗ്രഹിക്കാതെ, മഹിപതിയായ രാജാവെ, അതിലേക്കു എന്നാൽ പാട്ടുള്ളവസകലവും ചെയ്വാൻ തയ്യാറാണെല്ലൊ എന്നു പറഞ്ഞു.

ഈ വാക്കു ചെൻസ്സാവൂസു കേട്ട ഉടനെ, അത്രവരെക്കും ഗുരുസ്വാമിയാരെ ഇരുത്താതെ നിറുത്തിക്കൊണ്ടു ഒരു മയ്യാദയില്ലാത്തവിധം സംസാരിച്ചിരുന്നവൻ, ഗുരുവിനെ അടുക്കെ വിളിച്ചിരുത്തി ബഹുസ്നേഹഭാവത്തൊടെ പറയുന്നതായത്: ഗുരുസ്വാമിയാരെ, ഇതെവരെയും ഞാൻ ദോഷ്യംമൂലം പറഞ്ഞവകൾ മറന്നു കളയു, പോകട്ടെ. ഇപ്പൊൾ ഞാൻ തങ്ങളൊടു പറവാൻപോകുന്ന സംഗതി എനവിഷയമാകയാൽ തങ്ങൾ എങ്ങിനെയെങ്കിലും ഒരു നല്ല

മനസ്സുവെച്ചു അത് നിവൃത്തിയാക്കിത്തന്നു കലങ്ങിയിരിക്കുന്ന എന്റെ ഹൃദയത്തിൽ സമാധാനമുണ്ടാക്കിത്തരണം. തൽക്കാലം ആൽഫ്രെഡും എന്റെ രാജ്ഞിയും തമ്മിൽ അന്യോന്യം സ്നേഹമായിരിക്കുന്നത് സകലർക്കും അറിയാമല്ലൊ.

അത് ഇപ്പൊൾമാത്രമല്ല, അവരിരുവരുടെയും ബാല്യംമുതലെതന്നെ തമ്മിൽ ഒരു പുണ്യസ്നേഹമുള്ളവരാണു എന്നതിനു സന്ദേഹമില്ലല്ലൊ മന്നവനെ.

എന്നാൽ ആൽഫ്രെഡ് എപ്പൊൾ എന്റെ വാനപാത്രത്തിൽ നഞ്ചുകലത്തി എന്റെ ആയുസ്സുകളവാൻ പ്രയത്നിച്ചൊ, ആ സമയംതന്നെ രാജ്ഞിയും അത് ഉള്ളെ അറിഞ്ഞിരിക്കണം. സംശയമില്ല. എന്നാൽ എന്റെ കുഡുംബത്തിൽ സമാധാനവും എന്റെ ഹൃദയകലക്കത്തിനു അടക്കവും വരുത്തിത്തരുവാൻ തക്കവൻ തങ്ങൾ ഒരുവൻതന്നെ എന്നു നിശ്ചയമായിട്ടു ഞാൻ അറിയുന്നു. എന്നുമാത്രവുമല്ല, അവരിരുവരെയും അതായത്: രാജ്ഞിയെയും ആൽഫ്രെഡിനെയും കഠോരമായ മരണശിക്ഷയിൽനിന്നു രക്ഷിക്കുന്നതിനു പ്രാപ്തിയുള്ള ഒരു ഉടമസ്ഥനുമാണു തങ്ങൾ എന്നു ഉറപ്പായി ഞാൻ വിശ്വസിക്കുന്നു. ഇതെവരെ അവക്ക് നഷ്ടമായിരിക്കുന്ന ആ നല്ല കീർത്തി തങ്ങൾവേണം വീണ്ടു വരുത്തിക്കൊടുപ്പാൻ. അതിനു ഇപ്പൊൾ ഞാൻ ഒരു ഒറവാക്കുമാത്രം ചോദിക്കുന്നു: റാണി എന്നെ സ്നേഹിക്കുന്നുണ്ടൊ ഇല്ലയൊ?

ഈ വിഷയം എന്നെക്കാൾ തങ്ങൾതന്നെ അ
റ്റ്വേ വേണ്ടപോലെ അറിഞ്ഞിരിക്കേണ്ടതു. മഹാരാ
ജാവെ, ഒന്നും അടങ്ങിയിരുന്ന തങ്ങളുടെ മനൊസാ
ക്ഷിയെ ഒന്നു ശോധനചെയ്യുന്നതായാൽ താനെ തി
രിഞ്ഞുവരുമല്ലൊ.

പക്ഷെ മനസ്സാക്ഷി ചിലപ്പൊൾ തെറ്റിപോ
കാമല്ലൊ.

അതിന്നു ദൈവത്തൊട പ്രാർത്ഥിക്കണം.

ഗുരുക്കളെ ദൈവം തന്റെ സ്ഥാനാപതികളാ
യി സ്ഥാപിച്ചിരിക്കുന്നതുകൊണ്ടു തങ്ങൾതന്നെ ഈ
ചോദ്യത്തിന്നു ഉത്തരിക്കണം. ഗുരുക്കൾക്കല്ലെ കെ
ട്ടുവാനും അഴിപ്പാനുമുള്ള അധികാരം കൊടുക്കപ്പെട്ടി
രിക്കുന്നത്? പാപത്തെയും പുണ്യത്തെയും വേർതിരി
ക്കുന്നതിന്നു നിയമിക്കപ്പെട്ടിരിക്കുന്നതും ഗുരുക്കളാണ
ല്ലൊ. കലങ്ങിയിരിക്കുന്ന ആത്മാക്കളെ നേർവഴിക്കാ
ക്കി ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തുന്നതും ഗുരുക്ക
ളുടെ കടമാണല്ലൊ. ആയതുകൊണ്ടു ബ. സ്വാമിയാ
രെ, തുറന്നു പറഞ്ഞുകൊണ്ടു എന്റെ ഹൃദയവ്രണം
പൊറുപ്പിക്ക. രാജ്ഞി എന്നെ സ്നേഹിക്കുന്നുണ്ടൊ ഇല്ല
യൊ?

അതിന്നു എന്തു സന്ദേഹമാണ രാജാവെ. രാ
ജ്ഞിയവർകൾ സർവ്വേശ്വരനെ കഴിഞ്ഞാൽ പിന്നെ
മഹിപതിയായ തങ്ങളെയാണ സകലരെക്കാൾ അ
ധികമായി സ്നേഹിക്കുന്നത് എന്നതിനാൽ സന്ദേഹി
പ്പാൻ അശേഷം ഇടയില്ല.

ഈ വിധമുള്ള മറുമൊഴികൊണ്ടു എന്റെ ഹൃദയത്തിന്നു സമാധാനമുണ്ടാകയില്ല ഗുരുവെ.

പിന്നെ എങ്ങിനെ? സത്യം പറയെണമെന്നാണൊ തങ്ങൾ പറയുന്നത്? അല്ലെങ്കിൽ ഞാൻ ചെയ്തുണ്ടതു് ഇന്നതാകുന്നു എന്നു തെളിയിച്ചുപറയണമെ മഹാരാജാവെ.

ബ. എന്റെ പിതാവെ, തങ്ങൾ പരമണ്ഡലങ്ങളിലെ ഒരു മാലാക്കപോലെ ഇവിടെ വന്നിരിക്കുന്നല്ലൊ. തങ്ങളുടെ തിരുമുഖം ഞാൻ കാണുകയും തങ്ങളുടെഇമ്പമായ വാക്കുകൾ എന്റെ ചെവികളിൽ വീഴുകയുംചെയ്തുയിൽ എന്റെ ഹൃദയത്തെ വളരെ കാലമായിട്ടു പീഡിപ്പിച്ചു ബാധിച്ചുകൊണ്ടിരിക്കുന്ന മനഃചഞ്ചലം പകുതി കുറഞ്ഞതുപോലെ ഇനിക്കു തോന്നുന്നു. തങ്ങൾതന്നെവേണം എന്നെയും എന്റെ കുടുംബത്തെയും രക്ഷിപ്പാൻ. തങ്ങളെമാത്രമെ അതിലെക്കു ഞാൻ ശരണപ്പെട്ടിട്ടുള്ളു. അതിനു എന്റെ രാജ്ഞി പാപസങ്കീർത്തനത്തിൽ തങ്ങളൊട്ടു വെളിപ്പെടുത്തിയിട്ടുള്ളവയെ എന്നൊട്ടു പറഞ്ഞാൽമാത്രം മതി എന്നു പറഞ്ഞു.

ഇതു് കേട്ട ക്ഷണത്തിൽ യോഹന്നാൻഗുരു സപ്നത്തിൽ ഭ്രതത്തെ കണ്ടു ഭയന്നവനെപ്പൊലെ ഭയന്നു ഞെട്ടങ്ങി പരിഭ്രമത്തൊടെ രാജനോടു, മഹാരാജാവെ, എന്താ തങ്ങൾ പറയുന്നതു്? തങ്ങൾ ഇപ്പൊൾ ഈ പറഞ്ഞവാക്കു ഇന്നതാണെന്നു നല്ലവണ്ണം ഗ്രഹിച്ചുകൊണ്ടുതന്നെയാണൊ പറഞ്ഞതു്?

അതിനു ഇതു സംശയമൊ? മധുസേവിച്ച മത്തവിലാസംമൂലം വായിൽ വന്നത് പറഞ്ഞു എന്നു താൻ കരുതിപ്പൊകൊണ്ട. ഇല്ല ഇല്ല. വീണ്ടും ഞാൻ ആവൎത്തിച്ചു പറയുന്നു: രാജ്ഞി കുമ്പസാരത്തിൽ വെളിപ്പെടുത്തിയിട്ടുള്ളവകൾ സകലതും എന്നൊടു താൻ പറയണം.

അത് ഒരിക്കലും പാടില്ലാത്ത സംഗതിയാകുന്നു. തീരെ അസാദ്ധ്യംതന്നെയായ ഒരു വിഷയമാകുന്നു അത്. മഹാരാജനെ, സംശയിച്ചുപോകുണ്ട. പരിഛെദം പാടില്ല.

൦രം വാക്കു രാജാവു കേട്ടുകഠോരമൂൎക്ഷതയൊടെ, സകലത്തെയും നാം സാദ്ധ്യവിഷയമാക്കാം. വാതുറന്നു പറഞ്ഞുകൊൾക. നമ്മുടെ ഇഷ്ടത്തിനു താൻ ഇണങ്ങിയാൽ തനിക്കു നല്ലകാലം നേരിടും. ചില നാടുകൾക്കു തന്നെ അധിപതിയാക്കികൊണ്ടു നമ്മുടെ ആലൊചനസംഘത്തിൻ ശ്രെഷ്ഠനും, പ്രധാന ന്യായാധിപതിയും ആക്കി സ്ഥാപിക്കാം. എന്നുമാത്രമല്ല, ശുദ്ധ. മാപ്പപ്പാ അവർകൾക്കും നാം അപെക്ഷലെഖനം എഴുതി തനിക്കു മെത്രാൻപട്ടം തരുന്നതിന്നായി ശിപാൎശിയും ചെയ്യാം. ഈ ഭാഗ്യമായ ഉചിത അവസരം തെറ്റിച്ചുകളയെണ്ട.

ഉത്തമനായ രാജാവെ, സന്ന്യാസിയായിരിക്കുന്ന ഇനിക്കു നാടും നഗരവും പറമ്പുല്ലുതികളും എന്തിനു? തങ്കൽ ദയാവൂവും തരാമെന്നുപറയുന്ന ഭൂമിപ്പെട്ട ഉദ്യൊഗങ്ങളും ഒന്നും ഇനിക്കു ആവശ്യമില്ല.

മഹാ കീർത്തിബഹുമതിയൊടെ ഈ രാജ്യം നീതിയായിട്ടു വാണു ഭരിച്ചുവന്ന ഞാൻ കാർളൊസെന്ന തങ്ങളുടെ വാത്സല്യപിതാവു, പത്തു വത്സരങ്ങൾക്കുമുമ്പു ഈ രാജധാനിപ്പട്ടണത്തിൽ എന്നെ മെത്രാപ്പൊലീത്തയാക്കുന്നതിനു താല്പര്യംവെച്ചു നന്നാപ്രയത്നിച്ചു. ആ കാലത്തു ഞാൻ ശുദ്ധ. മാപ്പാപ്പാ അവർകളുടെ പാദങ്ങളിൽ ചെന്നു അഭയംവീണു പ്രാർത്ഥിക്കുമുഖാന്തരമാണു ആ ഭാരമായ ചുമടിൽനിന്നു ഞാൻ ഒഴിഞ്ഞതു്. ഇപ്പൊഴും ആ മനസ്സൊടുക്കുടെതന്നെ ഇരിക്കുന്ന ഇനിക്കു ആ മഹാസ്ഥാനവും ആവശ്യമില്ല. ഒ! മഹാരാജാവെ, ഇനിക്കു നൽകപ്പെട്ടിരിക്കുന്ന ആ ഉന്നതമായ ദിവ്യഉദ്യോഗം ഞാൻ ലംഘിച്ചു ബഹുഅയോഗ്യമായ ഒരു പാപകർമ്മം പ്രവൃത്തിക്കുമെങ്കിൽമാത്രമാണൊ തങ്ങൾ എന്നെ കാഴ്ചമായി മതിച്ചു ഉന്നത ബഹുമതിവിരുതുകൾ ഇനിക്കു പൊഴിഞ്ഞരുളുവാൻ കാത്തിരിക്കുന്നതു് കൊള്ളാം നല്ല ശിക്ഷയായിപ്പൊയി.

ഈ സംഗതി നാം ഇരുവരും ഒഴികെയാതൊരു ജീവനും അറികയില്ല. ഒട്ടും സംശയിക്കണ്ട.

മഹീപതിയായ രാജനെ, സർവ്വേശ്വരന്റെ സർവ്വവ്യാപക ദൃഷ്ടിക്കു അതു് തങ്ങൾ മറയ്ക്കാമൊ?

സംസാരഭവനങ്ങളിൽ സമാധാനം ദീർഘിക്കുന്നതിനു ദൈവം ചിത്തമാകുന്നില്ലെ? എന്നാൽ നമ്മുടെ റാണിയെ നാം എത്രപക്ഷമായിട്ടാണു സ്നേഹിച്ചുവരുന്നതെന്നു തനിക്കു അറിയാമല്ലൊ. ആകയാൽ

റാണിയെ ബന്ധിച്ച സംഗതി നാം അറിയുംവരെ നമ്മുടെ ഹൃദയത്തിൽ സമാധാനമുണ്ടാകയില്ല. അവൾ നമ്മുടെമേൽ വെറുപ്പായിരിക്കുന്നു എന്നു മറ്റവർ മൂലം അറിവാൻ ഇടവരുമ്പോൾ നമ്മുടെ ഹൃദയം വ്യാകുലത്താൽ പൊടിഞ്ഞു ഭസ്മമായിപ്പോകുന്നു. ഇതുമുഖാന്തരം വിവിധമായ ദുരാലൊചനകൾ നമ്മുടെ മനസ്സിൽ ഉത്ഭവിച്ചു നമ്മെ ബാധിച്ചുവരുന്നു. രാജ്ഞിയെ ബന്ധിച്ചതറിഞ്ഞ അറിവുള്ള സംഗതികൾ നമുക്കു അറിഞ്ഞുകൂടാ. റാണി കുമ്പസാരക്കുട്ടികൾ മുട്ടുകുത്തി കുമ്പസാരിച്ചവ തറിക്കു നല്ലവണ്ണം അറിയാമല്ലൊ. നമ്മുടെ ഭാഗ്യയുടെ സ്വകാര്യ സംഗതികൾ അറിയുന്നതിനു നമുക്കു അർഹതയില്ലെ? ബ. സ്വാമിയാരെ, ഭയപ്പെടേണ്ട. മുമ്പും പിമ്പും ഒന്നും നോക്കാതെ, റാണി കുമ്പസാരത്തിൽ പറഞ്ഞവ സകലവും പറയു. ഞാൻ ഒരുവനൊട്ടും അവ പറകയില്ല.

യോഹന്നാൻ ഹുസ് കുറച്ചു കോപഭാവത്തോടെ രാജനോടു പറഞ്ഞതായത്: മഹാരാജാവെ, സ്വർഗ്ഗ ശപരന്റെ സ്ഥാനപതികളായിരിക്കുന്നവരുടെനേരെ ഇത്ര നിസ്സാരമായി വിചാരിച്ചു ഈ മഹാരഹസ്യം ചോദിപ്പാൻ തുനിയുന്നത് തങ്ങൾക്കു അത്ര യോഗ്യതയാണൊ? ഈ മഹാ രഹസ്യം കൈക്കുലികൊണ്ടു അറിഞ്ഞുകൊള്ളാമെന്നു കരുതുന്നൊ? ഇത്ര ദിവ്യമായ ഒരു വിഷയം വിലകൊടുത്തു വാങ്ങുവാൻ തുനിയുന്ന ഈ ക്രീസ്തിയരാജനായ തങ്ങൾക്കു അത്ര യോഗ്യതയുള്ള സംഗതിയാകുമൊ?

അപ്പോൾ രാജാവു കുറച്ചു ഭയന്നു ശ്രദ്ധയൊട്ടു പറഞ്ഞതായത്: സ്വാമി, നാം ഇപ്പോൾ ഒരു രാജാവായിട്ടു തന്നോടു കല്പിച്ചു ചോദിക്കുന്നില്ല. പിന്നെയൊ, ഒരു വെറും മനുഷ്യനെപ്പോലെമാത്രം അപേക്ഷിച്ചു ചോദിക്കുന്നെയുള്ളു.

പാപസങ്കീർത്തനത്തിന്നായിട്ടു വരുമ്പോൾ രാജാവായാലും, ദാസനായാലും, മേൽജന്മക്കാരനൊ കീഴ്ജന്മക്കാരനൊ ആരായാലും എല്ലാം ഒന്നുതന്നെ. യാതൊരു ഭേദഗതിയും അതിനില്ല. പാപസങ്കീർത്തനമുദ്ര ഒരിക്കലും ഞാൻ ഭംഗപ്പെടുത്തുന്നതല്ല. വൃഥാ പ്രയത്നിക്കണ്ട മഹാരാജാവെ'.

രാജ്ഞി കുമ്പസാരത്തിൽ പറഞ്ഞവ വെളിപ്പെടുത്തുന്നതിന്നു തനിക്കു മനസ്സില്ലാത്തപക്ഷം റാണിക്കു റക്കാരത്തിയാണെന്നു കരുതുന്നതിന്നു ഇടയുണ്ടു. അവൾ കുറെ റവളാകുന്നുവെങ്കിൽ അവൾ പാപം അവളിൽ ഇല്ലാ എന്നു തൽക്ഷണം താൻ വാ ത്തുറന്നു പറയുമായിരുന്നല്ലൊ.

മഹാരാജാവെ, ഈ സംഭാഷണത്തിന്റെ വിഷയം മഹാ നേമ്മയും പരിശുദ്ധവുമുള്ളതാകുന്നു. ഈ സംഗതി ബന്ധിച്ചു ഇനിക്കു സംസാരിച്ചുകൂടായെന്നു തങ്ങൾ നല്ലവണ്ണം അറിഞ്ഞിരുന്നാലും മനസ്സറിഞ്ഞുകൊണ്ടുതന്നെ എന്നെ പലപ്രകാരമായി ബാധിച്ചു തങ്ങൾക്കു ഇഷ്ടമായവിധം അർത്ഥം ഗ്രഹിച്ചുകൊള്ളുന്നതു് അശേഷം ശരിയല്ല. ഈ വിഷയം ബന്ധിച്ചു, അതെ, അല്ല എന്നുംകൂടെ ഇനിക്കു പറഞ്ഞു

ക്കുടായല്ലൊ.

അവൾ കുറക്കാരിയല്ലായെങ്കിൽ അവൾ കുറയറവളാകുന്നു എന്നു എന്തൊന്നു തന്നിക്കു പറഞ്ഞുകൂടാത്തത്?

മഹാരാജാവെ, ഇതെവരെയും എന്റെ കരുത്തു തങ്ങൾ ഗ്രഹിച്ചില്ല. ഞാൻ തങ്ങളൊടു മുൻപറഞ്ഞപ്രകാരംതന്നെ കുമ്പസാരം ഒരു ദൈവനിയമമായിരിക്കുന്നതൊടെതന്നെ മഹാ അരുമയായ ഒരു വിഷയവുമാണു. കുമ്പസാരത്തിൽ കേട്ട ഒരു അല്പകുറ്റംമുതലായിട്ടു വെളിപ്പെടുത്തുന്നത് മഹാദ്രോഹമാണു. തങ്ങൾ ഈ സംഗതി തെളിവായിട്ടു കണ്ടു ഗ്രഹിപ്പാനായി ഇതിന്റെ ഘനാഘനം ചുരുക്കി തെളിയിക്കാം:

കുമ്പസാരംമൂലം അറിഞ്ഞവകൾ ഗുരുക്കൾ ഒരിക്കലും ഏതുമുഖാന്തരമായാലും യാതൊരുത്തനും വെളിപ്പെടുത്തിക്കൂടാ. ആയതുകൊണ്ടാണു ഗുരു കുമ്പസാരത്തിൽവച്ചു അറിഞ്ഞ വിഷയം പാപസങ്കീർത്തനമുദ്രയെന്നും, ഒരിക്കലും ഭംഗപ്പെടുത്തരുതാത്ത മുദ്ര എന്നും വിളിച്ചുവരുന്നത്. പാപസങ്കീർത്തനമുദ്ര ബന്ധിച്ചു ആരായിരുന്നാലും ഏതൊരുവിധത്തിലും ചോദിച്ചുകൂടാ. അങ്ങിനെ ഒരുത്തൻ വിവെകമില്ലാതെ ചോദിച്ചു എന്നുവെച്ചാലും ഇത്ര മഹാരഹസ്യം വെളിപ്പെടുത്തുന്നതിനെക്കാൾ പ്രാണൻമുതലായി ഉപേക്ഷിപ്പാൻ സകല ഗുരുക്കളും കടപ്പെട്ടിരിക്കുന്നു. കുമ്പസാരംമൂലം അറിഞ്ഞ കുറ്റത്തെയാകട്ടെ, കുറ

മില്ലായ്മയെയാകട്ടെ ഒരിക്കലും വെളിപ്പെടുത്തിക്കൂടാ. ഒറവാക്കായിട്ടു പറഞ്ഞാൽ ആ മഹാമുദ്ര ബന്ധിച്ച ഏതൊരു സംഗതിയും അതെ, അല്ല എന്നുകൂടെ പറഞ്ഞുകൂടാ. ഒരു ഉദാഹരണംമൂലം അത് തെളിവായിട്ടു ഞാൻ കാണിക്കാം.

തങ്ങളുടെ അരമനയിൽ അനവധി ശുശ്രൂഷികൾ ഉണ്ടല്ലൊ. അവരിൽ ഒരുവൻ അരമനയിലുള്ള ഒരു വസ്തു മോഷ്ടിച്ചു എന്നു വിചാരിക്ക. എന്നാൽ അതുബന്ധിച്ചു വിചാരണകഴിച്ചതിൽ പല കാരണങ്ങളാലും കുറ്റമില്ലാത്ത ഒരു ശുശ്രൂഷി കുറ്റക്കാരനായി തീർപ്പെട്ടു എന്നും, അവൻ കുറെ മുമ്പു കുമ്പസാരിക്കുന്നിമിത്തം അവനെ കുമ്പസാരിപ്പിച്ച ഗുരുവിനു അവൻ കട്ടതും കക്കാത്തതും അറിയാമല്ലൊ എന്നു കരുതി, തങ്ങൾ അദ്ദേഹത്തെവരുത്തി ഈ കുറ്റംചുമത്തപ്പെട്ടവൻ കട്ടിട്ടുണ്ടൊ എന്നു ആ ഗുരുവിനോടു ചോദിച്ചു എന്നുമിരിക്കട്ടെ: ആ ഗുരു എന്താ ഉത്തരിക്കുന്നതുഎന്നറിഞ്ഞോ?

അവൻ കട്ടിട്ടില്ല. കുറ്റമറവനാണു എന്നുത്തരിക്കും എന്നു രാജാവു പറഞ്ഞു.

അപ്പോൾ യോഹന്നാൻഗുരു പറഞ്ഞതായത്: പരിച്ഛേദമില്ല. അങ്ങിനെ അദ്ദേഹം ഒരിക്കലും പറകയില്ല. അവൻ കട്ടിട്ടില്ലെന്നു ഗുരു കുമ്പസാരംമൂലം സ്പഷ്ടമായി അറിഞ്ഞിരുന്നാലും അവൻ കുറ്റമറവനാകുന്നു എന്നു ഒരിക്കലും പറകയില്ല.

എന്നാൽ അവൻ കള്ളനെന്നു അദ്ദേഹം പറ

യുമൊ?

അതും പറയാതെ മൌനമായിരിക്കെയുള്ളു. കുമ്പസാരം ബന്ധിച്ചു യാതൊന്നും എന്നോടു ചോദിക്കരുതെന്നു പറയുന്നതല്ലാതെ, ദിവ്യമുദ്ര ഒരിക്കലും അദ്ദേഹം ഭംഗപ്പെടുത്തുകയില്ല.

രാജശിക്ഷകൾക്കു അദ്ദേഹം ഭയപ്പെടുകയില്ലയൊ?

രാജാക്കളുടെ രാജാവായ ദൈവത്തിന്റെ നിത്യശിക്ഷകളെമാത്രമെ അദ്ദേഹം ഭയപ്പെടുകയുള്ളു.

ആട്ടെ, തന്റെ ന്യായൊക്തികൾ എല്ലാം ഒരു ഭാഗത്തിരിക്കട്ടെ. അതൊന്നും ഇനിക്കാവശ്യമില്ല. എന്റെ മനഃക്ലേശത്തിന്നു ആശ്വാസമുണ്ടായാൽ മാത്രംമതി. ആകയാൽ താൻ ഒന്നുകൊണ്ടും വിഷാദിക്കാതെവാ തുറന്നു രാജ്ഞിയുടെ പാപസങ്കീർത്തനത്തെ വെളിപ്പെടുത്തുക.

മഹാരാജനെ, ഇനിക്കു ഒരു ആത്മംമാത്രമെയുള്ളു എന്നു തങ്ങൾക്കു നല്ലവണ്ണം അറിയാമല്ലൊ. ഞാൻ തങ്ങളെ ഇഷ്ടപ്പെടുത്തുവാനായിട്ടു പാപസങ്കീർത്തനമുദ്രയെ ഭംഗപ്പെടുത്തിയാൽ എന്നെക്കാൾ വലിയ കൃത്യദ്രോഹി ഭൂലോകത്തിൽ ഇല്ല. കുമ്പസാരക്കൂട്ടിന്നു പുറം കാത്തുനിൽക്കുന്ന ദൈവദൂതർ എന്റെ ഈ പാതകത്തെ കണ്ട ക്ഷണത്തിൽ എന്റെമേൽ പാഞ്ഞുവീണു എന്നെ നിർമ്മൂലമാക്കാതിരിക്കുമൊ? വിശാചുക്കൾക്കുടെയും എന്റെ ഈ അയോഗ്യപ്രവൃത്തി കണ്ട ആക്ഷേപിച്ചുകൊണ്ടു, "ഇതാ ഈ വഷളനാ

യ ഗുരുപാപസങ്കീർത്തനമുദയെ ഭംഗപ്പെട്ടുത്തിയിരിക്കുന്നു. ഇന്നാൾവരെ ഇതുപോലെയുള്ള പാതകം ഭൂലോകത്തിൽ ഉണ്ടായിട്ടില്ല" എന്നു ഹാസ്യമായി പറയുമല്ലൊ. കായ്ങ്കൽ ഇങ്ങിനെ ആകയാൽ മഹാരാജാവെ, ഇനി ഈ സംഗതി ബന്ധിച്ചു പറയുന്നത് അശേഷം യോഗ്യമല്ല.

അങ്ങിനെയായിരുന്നാൽ പ്രജകൾ രാജാവിന്നു കീഴ്വഴങ്ങിക്കൂടാ എന്നാണൊ താൻ പറയുന്നത്?

ഞാൻ ഒരിക്കലും ഈ വിധ ദുർബ്ബോധന അരോടും ഉപദേശിച്ചിട്ടുമില്ല, ദൈവകൃപയാൽ ഇനി ഒരിക്കലും ഉപദേശിക്കയുമില്ലാ.

അങ്ങിനെയായിരുന്നാൽ താൻ എന്റെ ചൊല്പടി ചെയ്യാത്തതെന്താണു?

ദൈവപ്രമാണം ലംഘിക്കുന്നത് പാപമല്ലെ മഹാരാജാവെ? അതുകൊണ്ടുമാത്രമാണു.

അങ്ങിനെയാണെങ്കിൽ റാണിയെ താൻ കാത്തുരക്ഷിക്കാതെ ഭയങ്കരവേദനകൾക്കും അപമാനമായ മരണത്തിനും കയ്യാളിക്കയാണൊചെയ്യുന്നത്?

മഹിപതിയായ രാജാവെ, തങ്ങളുടെ ചോദ്യവിഷയം ബഹു അരുമയായിട്ടുള്ളതാകുന്നു. ഞാൻ വാതുറന്നു ഉച്ചരിച്ചുകൂടാത്ത ഈ വിഷയത്തെ എന്നൊടു ഇനി ചോദിക്കുന്നത് ശരിയല്ല. കുമ്പസാരരഹസ്യമുദ്ബന്ധിച്ചു ഇനി എന്നൊടു തങ്ങൾ ചോദിക്കുന്നതായാൽ ഞാൻ മൌനംദീക്ഷിക്കുന്നതല്ലാതെ, ഒരു വാക്കുമുതലായിട്ടു ഉച്ചരിപ്പാൻ എന്നാൽ സാദ്ധ്യമാകയില്ല.

എന്നാൽ രാജ്ഞിയുടെ വ്യാപാരം ബന്ധിച്ചു കു
മ്പസാര അറിവു ഒഴികെ വേറെവിധം ചോദിക്കുന്ന
തായാൽ, ആ പുണ്യവതിയുടെ മൂന്നാംതലമുറവരെയു
ള്ളവരെ ഇനിക്കു നല്ലവണ്ണം അറിയാം. ആ നാരിയു
ടെ പൂർവ്വന്മാരും എങ്ങിനെയുള്ളവരായിരുന്നു എന്നു ച
രിത്രങ്ങൾമൂലം ഞാൻ അറിഞ്ഞിട്ടുണ്ടു. ആകയാൽ ഇ
ത്ര ഉത്തമമായ ഒരു ഗോത്രത്തിൽ പിറന്ന പരിശുദ്ധ
റാണിയും തന്റെ പൂർവ്വന്മാരെപ്പോലെ പുണ്യത്തിലും
സുകൃതവ്യാപാരത്തിലും കേൾവിപ്പെട്ട സകലരാലും
വാഴ്ത്തിസ്തുതിക്കപ്പെട്ടവരുന്നതു് തങ്ങളും അറിയാത്ത
ഒരു സംഗതിയല്ലല്ലൊ.

വിശേഷിച്ചും ഈ ഉത്തമരാജ്ഞിയുടെ താഴ്
മ, ശ്രവണം, ക്ഷമ, ശാന്തം, കീഴ്പ്പഴക്കം, അടക്കഒതു
ക്കം, അരുമയായുള്ള പുണ്യങ്ങൾ, കഠിനതപസ്സുകൾ
മുതലായ സുകൃത ഗുണശീലങ്ങൾ സംബന്ധിച്ചു ത
ങ്ങളുടെ ഈ നാട്ടിൽമാത്രമല്ല, മറു ദൂരദേശങ്ങളി
ൽക്കൂടെയും കേൾവിപ്പെട്ട സകലരും ആ പുണ്യവ
തിയായ റാണിയെ പുകഴ്ത്തിസ്തുതിച്ചുകൊണ്ടുവരുന്നു.

അവയെല്ലാം ഇരിക്കട്ടെ. താൻ ഒരു വാക്കുമാ
ത്രം പറഞ്ഞാൽ രാജ്ഞിയെയും ആൽപ്രെഡിനെയും
സംബന്ധിച്ച എന്റെ സന്ദേഹങ്ങൾ സകലതും
നാം മറന്നു, യഥാക്രമം നമ്മുടെ മനസ്സിലും കഡുഃബെ
ത്തിലും സമാധാനമായിരുന്നുകൊള്ളാം. റാണിയെ
താൻ ഇത്ര പുകഴ്ത്തിസ്തുതിക്കുന്നുവല്ലൊ; കൊള്ളാം, ഇ
ത് സത്യമാണെങ്കിൽ റാണി കുറെ മുള്ളുവളല്ലായെന്നു

വാ തുറന്നു ഒരു വാക്കു പറക. കമ്പസാരത്തിലെ അറിവിൻപ്രകാരമുള്ള ഒരു വാക്കുമാത്രം പറഞ്ഞാൽ മതി.

മഹാരാജാവെ, ഞാൻ വീണ്ടും വീണ്ടും ആവർത്തിച്ചുപറഞ്ഞിട്ടും വൃഥാ എന്നെ ബാധിച്ചു തൊന്തരവുപെടുത്തുന്നത് എന്തിന്നു? കമ്പസാരവിഷയം ബന്ധിച്ചു എന്നോടു ചോദിക്കേണ്ട. ഞാൻ ആ മഹാദിവ്യമുദ്രയെ ഭംഗപ്പെടുത്തുമെന്നു സ്വപ്നത്തിൽപോലും തങ്ങൾ ഒരിക്കലും നിനച്ചുപോകേണ്ട.

ഇത്ര ദീർഘമായ ശാന്തതയൊടെ നാം തന്നോടു ചോദിച്ചിട്ടും തന്റെ കഠിന മനസ്സിന്നു ഒരു ഇളക്കവുമുണ്ടായില്ലെ?

രാജാവെ, ദോഷ്യമാണെ തങ്ങളെ ഈ വിധം മതിമയക്കിയിരിക്കുന്നത്. കമ്പസാരത്തിൽ കേട്ടവകളെ വെളിപ്പെടുത്തുക എന്നായാൽ പിന്നെ ആരാണു കമ്പസാരക്കൂട്ടുകലെക്കു അടുപ്പാൻ തുനിയുന്നതു? ഈ വിധ ദുർന്നിയോഗം തങ്ങളുടെ മനസ്സിൽനിന്നു തള്ളിക്കളഞ്ഞുകൊൾകെവെണ്ടു.

കമ്പസാരത്തിൽ കേട്ട വിഷയം ഒരുവനും വെളിപ്പെടുത്തിക്കൂടാ എന്നതു് ശരിതന്നെയാകുന്നു. എങ്കിലും ഒരു മഹാ നാട്ടിന്റെ ചക്രവർത്തിയായിരിക്കുന്ന നമ്മെ ബന്ധിച്ച സംഗതി ഇതാകയാൽ എന്റെ രാജ്ഞിയുടെ കമ്പസാരമുദ്രയെ രഹസ്യമായിട്ടു ഒന്നു ഭംഗപ്പെടുത്തി എന്നെ അറിയിക്കുന്നതുകൊണ്ടു എന്തു ദോഷമാണുള്ളതു?

മഹാരാജാവെ, തങ്ങൾ പറയുന്ന ഈ ന്യായ

ത്തെ ഒരു ന്യായമെന്നുപറയുന്നത് എങ്ങിനെയാണെ? ഞാൻ മുമ്പു തങ്ങളോടു പറഞ്ഞവ സകലവും മറന്നു കളഞ്ഞല്ലൊ. ദൈവപ്രമാണത്താൽ നിർണ്ണയിക്കപ്പെട്ടിരിക്കുന്നതിനെയാണെ തങ്ങൾ എന്നോടു ലംഘിപ്പാൻ പറയുന്നത്? ലോകത്തിൽ നിങ്ങൾ കെട്ടുന്നവകളെയെല്ലാം ഞാൻ മോക്ഷത്തിലും കെട്ടുകയും, നിങ്ങൾ ലോകത്തിൽ കെട്ടഴിക്കുന്നവകളെയെല്ലാം ഞാനും കെട്ടഴിക്കയുംചെയ്യും എന്നു പറഞ്ഞുകൊണ്ടു നമ്മുടെ ദിവ്യരക്ഷകൻ തന്നിരിക്കുന്ന അധികാരം ഗുരുക്കളായിരിക്കുന്ന ഞങ്ങൾക്കല്ലാതെ മറ്റുഏതൊരു മനുഷ്യനുമല്ല കൊടുക്കപ്പെട്ടിരിക്കുന്നത്. ആകയാൽ കുമ്പസാരംമൂലമായി അറിഞ്ഞിരിക്കുന്ന രഹസ്യത്തെ കാക്കുന്നത് ഞങ്ങളുടെ കടമാണെ. കുമ്പസാരിപ്പാനായിട്ടു ഗുരുവിന്റെ പാദങ്ങളിൽ മുട്ടിന്മേൽ നിൽക്കുന്ന ഒരു ക്രീസ്തുവൻ രാജാവായാലും, രാജ്ഞിയായാലും, ധനവാനായാലും, ദാരിദ്ര്യനൊ അടിമയൊ ആരായാലും ഒന്നുതന്നെയാണെ. ഒരു ഭേദവുമില്ല. ഈ വിധമുള്ളവർ കുമ്പസാരത്തിൽ പറഞ്ഞത് ഘനമായ പാതകമായാലും, ഒരു അല്പമായ തെറ്റായാലും, അല്ലെങ്കിൽ ഏതൊരു സംഗതിയെങ്കിലുമായാലും ശരി, ഗുരുക്കളായിരിക്കുന്ന ഞങ്ങൾ മരണത്തിനുകൂടെയും ഭയപ്പെടാതെ അവയെ വെളിപ്പെടുത്താതിരിക്കണം. വേണ്ട തങ്ങൾ എന്നോടു കുമ്പസാരിച്ച പാപങ്ങളെ തന്നോടു പറയെണമെന്നു രാജ്ഞി ചോദിച്ചാൽ തങ്ങൾക്കു എങ്ങിനെയിരിക്കും? ഒന്നു ചിന്തിച്ചുനോക്കു.

ആയതുകൊണ്ടു മഹാരാജാവെ, ദൈവസംബന്ധമായ വിഷയത്തിൽ തങ്ങൾ പ്രവേശിച്ചു തലയിടുന്നത് ഒരു മഹാ പാതകമായിരിക്കും.

അത് നേരുതന്നെയാണ് എങ്കിലും കേസറിന്നു ചെലുത്തേണ്ടുന്നത് കേസറിന്നു ചെലുത്തേണ്ടതെയൊ ഗുരു?

സർവ്വേശ്വരന്നു ചെലുത്തേണ്ടിയവകൾ അങ്ങെക്കുമാത്രമെ ചെലുത്താവു എന്നുള്ളത് തങ്ങൾ മറന്നുകളഞ്ഞുവൊ?

ചിടിവാദക്കാരനായ ഗുരുവെ, തന്റെ വായിൽനിന്നു ഒരു വാക്കുമാത്രം ഉച്ചരിച്ചാൽ രണ്ടുപേരുടെ കീർത്തിയെയും ജീവനെയും തനിക്കു കാക്കാം. ആൽപ്രെഡ് മുമ്പിലത്തെ ഉദ്യോഗത്തെതന്നെ പ്രാപിച്ചു അരമനയിലെക്കു വരുവാനുള്ള ഭാഗ്യം അയാൾക്കു സിദ്ധിക്കും.

ആൽപ്രെഡ് ഇപ്പൊൾ ഇരിക്കുന്ന സ്ഥലത്തും ഭാഗ്യവാനായിട്ടതന്നെയാണ് ഇരിക്കുന്നത്.

ആട്ടെ, എന്നാൽ റാണിയൊ?

മഹാരാജാവെ, റാണിയെസംബന്ധിച്ചു ഞാൻ തങ്ങളൊട് പറഞ്ഞുവകൾ ഒന്നും തങ്ങൾ വിശ്വസിച്ചിട്ടില്ല. എങ്കിലും വിശ്വസിക്കുന്ന ഒരു ദിവസം വരും. അതായത്: വിധിദിവസം. അന്നു സകലതും പരസ്യമാക്കപ്പെടുകയുംചെയ്യും.

താൻ രാജ്ഞിയുടെ കുമ്പസാരത്തെ വെളിപ്പെടുത്താതിരുന്നാൽ തന്റെമെൽ നമുക്കു അധികാരമു

ണ്ടു എന്നു താൻ അറിയുന്നില്ലെ?

അതിന്നു ഇതു സംശയമൊ മഹാരാജനെ? എന്നും പറഞ്ഞു യോഹന്നാൻ ഉടനെ എഴുനീറ്റുനിന്നു കരങ്ങൾ രണ്ടും രാജാവിന്റെ നേരെ നീട്ടിക്കൊണ്ടു, എന്റെ ദേഹത്തൊട്ടു തനിക്കു എന്തുചെയ്യാനാണ ഇഷ്ടം എന്നുവെച്ചാൽ അതെല്ലാം ചെയ്തുകൊള്ളാം എന്നു ബഹു ധൈര്യത്തൊടെ പറഞ്ഞു.

അതിന്നു രാജാവു, വീണ്ടും ഞാൻ പറയുന്നു. ഇതു് ഒട്ടുക്കത്തെ പ്രാധാന്യമായിരിക്കട്ടെ. എന്റെ രാജ്ഞി കുമ്പസാരത്തിൽ പറഞ്ഞവകളെ എന്നോടു അറിയിക്കുക.

പാടില്ല. രാജാവെ, ഒരിക്കലും പാടില്ല. ഈ വിഷയം തങ്ങളുടെ രാജ അധികാരത്തിൽ ഉൾപ്പെട്ടതുമല്ല.

തന്നെ ബാധിച്ചു വേദനപ്പെടുത്തുന്നതിന്നു നമ്മുടെ ശിക്ഷാഘാതകൻ തയ്യാറുണ്ടെന്നു മറന്നുപോയൊ? നമ്മുടെ ഇഷ്ടംപോലെ നിവൃത്തിക്കാതിരുന്നാൽ, അവരുടെ കൈവശം തന്നെ നാം ഏല്പിക്കും. സൂക്ഷിക്കണം.

മഹിപതിയായ രാജനെ, ഗുരുക്കൾ തിരുസ്സഭയിലെ മന്ത്രികളായിരിക്കയാൽ അതിന്റെ ശട്ടതിട്ടങ്ങൾ സൂക്ഷ്മമായി അനുസരിക്കുന്നതിന്നു കടപ്പെട്ടിരിക്കുന്നു. കുമ്പസാരരഹസ്യം നിമിത്തം ഞാൻ ബാധിക്കപ്പെടുന്നതിന്നുമാത്രമല്ല, പിന്നെയൊ മരിപ്പാൻക്രടെ ഇടവന്നാൽ എത്രയൊ ഭാഗ്യം! ആ വിശുദ്ധസം

ഗതിനിമിത്തം എന്റെ രക്തംമുഴുവനും തുള്ളിതുള്ളിയായി ചിന്തി മരിപ്പാൽ ഞാൻ തയ്യാറായിരിക്കുന്നു. എന്നാൽ രാജാവെ, ഞാൻ കുമ്പസാരമുദ്രയെ ഭംഗപ്പെടുത്തുവാനായി എന്നെ തങ്ങൾ തൊന്തരവുചെയ്യുന്നിബ്ബന്ധിക്കുന്നത് മഹാ ഘോരമായ ഒരു പാതകമാണു എന്നു അറിഞ്ഞിരിക്കണം.

എന്റെ ദേഹവും ആയുസ്സും തിരുസ്സഭയ്ക്കു സ്വന്തമായതാകയാൽ, തിരുസ്സഭയുടെ നിയമങ്ങളെപ്രതി അതിനെ കയ്യാളിക്കുന്നതിനു ഒരിക്കലും ഞാൻ പിൻമാറുന്നതല്ല. എന്നാൽ ഒരു സംഗതി സത്യമായതാണു എന്നു തങ്ങൾ ഓർക്കണം. അതായതു: എന്റെ മരണം തങ്ങൾക്കു അനേക തിന്മകൾക്കു മൂലകാരണമായിത്തീരും. അത് തങ്ങളെ പല ദുഃഖഞെരുക്കങ്ങൾകൊണ്ടു പീഡിപ്പിക്കും. ഞാൻ മരണത്തെ ഭയന്നിട്ടാകുന്നു ഈ വിധം പറയുന്നതെന്നു കരുതിപ്പോകൊണ്ടു.

ദേവാലയത്തിൽവെച്ചു കൊല്ലപ്പെട്ട സ്റ്റീഫൻ എന്ന ശ്രേഷ്ഠസാദിയുടെ രക്തം ഏതുവിധം പരമസ്ഥലങ്ങളെയും കരേറി ക്രൂപ്പിട്ട അലറിയെ, പരിശുദ്ധ എസുപ്പാനൊസിന്റെ മരണനിമിത്തം എങ്ങിനെ ഓറഗ്ലംപുരി അഗ്നിയാൽ ദഹിച്ചു നിർമ്മൂലമാക്കപ്പെട്ടോ ആ വിധം എന്റെ മരണവും തങ്ങൾക്കുമാത്രമല്ല, പിന്നെയൊ തങ്ങളുടെ നാട്ടിനും ഞെരുക്കത്തിൻമീതെ ഞെരുക്കവും നിർമ്മൂലവും സർവ്വസംഹാരവും സകലവിധ തിന്മകളുമുണ്ടാക്കും എന്നത്

നിശ്ചയം എന്നു ഗുരു ധൈര്യത്തോടെ പറഞ്ഞു. അപ്പൊൾ രാജാവു മുഖംപകൎന്നു, ചിന്തയുറ്റു, തല കുനിഞ്ഞു മൌനമായി കുറെനേരം ഇരുന്നു. ആ സമയം യോഹന്നാൻ ഗുരുവും രാജാവിന്നു തലകുനിച്ചു ആചാരംചെയ്തുകൊണ്ടു അരമനയിൽനിന്നു പുറപ്പെടുകയുംചെയ്തു.

കുറച്ചു കഴിഞ്ഞപ്പൊൾ ആത്തൊപ്പുള്ള രാജസമൂഹത്തിൽ വരികയിൽ, രാജാവു മഹാ ദുഃഖചഞ്ചലത്തിൽ അകപ്പെട്ടിരിക്കുന്നതു് കാണ്മാൻ ഇടയായി. വെൻസ്ലാവൂസു, താനും യോഹന്നാൻഗുരുവും തമ്മിൽ നടന്ന സംഭാഷണം ആത്തൊപ്പുകാരെ പറഞ്ഞുകേൾപ്പിച്ചു. അയാൾ തന്റെ കരുതലിന്നു ഇണങ്ങുന്നതിന്നുവേണ്ടി സകലവിധ നയവും ഭയവും കാണിച്ചിട്ടും യാതൊരു പ്രയോജനവും സിദ്ധിച്ചില്ലാ എന്നു പറഞ്ഞു. അതിന്നു ആത്തൊപ്പുകാർ പറഞ്ഞതായതു്:

മഹിപതിയായ രാജാവെ, ആ ഗുരു ബഹു അഹങ്കാരിയും മഹാ ഒരു മുരടനുമാകുന്നു എന്നതിന്നു സന്ദേഹമില്ല. തങ്ങളുടെ ശമ്പളവുംപററി ഭക്ഷിച്ചുകൊണ്ടു തങ്ങൾക്കു കീഴ്പ്പഴങ്ങാതിരിക്കുന്നതു് എന്തൊരുവക അഹമ്മതി എന്നാണു പറയേണ്ടതു്? സകല പ്രജകളും തങ്ങളുടെ വാക്കു ലംഘിക്കാതെ കീഴ്പ്പെട്ടു വരികയിൽ, ഈ ഒരു ഗുരുമാത്രം തങ്ങളുടെ ഉന്നതമായ ഘനത്വം കഥവെക്കാതെ ഇത്ര പിടിവാദം കാട്ടുന്നതു് എന്തൊരുവക നെഞ്ഞുറപ്പമെന്നാണു പറയേണ്ടതു്? രാജ്ഞിയവർകൾ ഒന്നുകിൽ കുറെ മുറവിൾ

അല്ലെങ്കിൽ കുറക്കാരി എന്നു ഒരു വാക്കു പറഞ്ഞു
ക്കൂടെ അയാൾക്കു? അതുകൊണ്ടു എന്താണു ഒരു ദോ
ഷമുള്ളതു? രഹസ്യമായിട്ടു പറഞ്ഞാൽ എവിടെയാ
ണു പാപം? വാ തുറന്നു ഒരു വാക്കുമാത്രം പറഞ്ഞാ
ൽ തങ്ങളുടെ ഹൃദയത്തിലെ വ്യാകുലവ്രണം മാറുമ
ല്ലൊ. മഹാരാജാവായ അങ്ങേക്കു ഈ ഒരു അല്പസ
ഹായവുംക്കൂടെ അയാൾക്കു ചെയ്യുക്കൂടെ? എന്നും മ
റും തന്ത്രവാസി പറഞ്ഞു ഗുരുവിൻനേരെ രാജാവി
ന്റെ മനസ്സിൽ കോപാഗ്നി എരിയിച്ചുകൊണ്ടു വീ
ണ്ടും പറയുന്നതായതു:

ഒ! രാജേന്ദ്രനെ, ആ പിടിവാദക്കാരനായ ഗുരു
വിനൊട്ടു വേറൊരു വിധമാണു പെരുമാറെണ്ടിയതു.
മയിലെ, മയിലെ, എന്നു വിളിച്ചതുകൊണ്ടുമാത്രം മ
യിൽ ആടുമൊ? മന്ത്രംചൊല്ലുന്നതുകൊണ്ടു മാമ്പഴം
വീഴുമൊ? ആ വിധംതന്നെ വായിലെ വചനങ്ങൾ
കൊണ്ടു ഈ മൂർഖനായ ഗുരുവിനെ ജയിച്ചുക്കൂടാ. ത
ങ്ങളുടെ ആ കീർത്തിപെട്ട ശിക്ഷാഘാതകനായ കാ
ഷ്ടിയുടെ കൈവശം ഒരു മണിക്കൂറുനേരത്തെക്കു അ
ദ്ദേഹത്തെ ഒന്നു കയ്യെല്പിച്ചു, കാലും കയ്യും യന്ത്രത്തി
ലൊട്ടു വലിച്ചുകെട്ടി ചക്രങ്ങളെ കുറച്ചൊന്നു ചു
റ്റിച്ചെങ്കിൽമാത്രമെ അയാൾ വാ തുറന്നു സംസാരി
ക്കയുള്ളു.

ഏപ്പുകൾ ചിലതൊക്കെ ഒന്നു തെറ്റി, തെര
മ്പുകൾ റിൻ, റിൻ എന്നു വലിയുമ്പൊൽമാത്രം തങ്ങ
ളുടെ ചോദ്യത്തിന്നു തക്ക മറുപടി അയാൾ പറയുന്ന


തല്ലാതെ, എത്രതന്നെ അയാളെ തങ്ങൾ ഭയപ്പെടുത്തിയാലും ഭയപ്പെടുന്നവനല്ല. തങ്ങൾ ആഗ്രഹിച്ച കാര്യവും സിദ്ധിക്കയുമില്ല എന്നു വഞ്ചകനായ ആ ത്തൊ ബഹു കൌശലഭാവമായി പറഞ്ഞു.

വിവേകമറവനായ വെൻസ്ലാവൂസു ഈ ഇ ശ്വകമായ പ്രശംസനവചനങ്ങളെ കേട്ട ഉടനെ, ഒ! അതെ. അതെ. അങ്ങിനെതന്നെയാണെ പ്രവൃത്തിക്കെണ്ടതു്. ഞെരുക്കത്തെ ഭയന്നു സകലവും വെളിപ്പെടുത്തും എന്നു പറഞ്ഞുകൊണ്ടു അല്പം ആശ്വാസം പ്രാപിക്കയുംചെയ്തു.

ഉടനെ ദുഷ്ട ആത്തൊ സന്തോഷാനന്ദപൂരിതനായി രാജനെ നോക്കി പറഞ്ഞതായതു്: ഉന്നതരാജേന്ദ്രനെ, ഇനി ഒരു അപേക്ഷയുണ്ടു അടിയന്നു: വിശ്വസ്തയായ രാണിമുഖാന്തരം കുറെ കാലമായിട്ടു അവിടെക്കു ബഹു ദുഃഖക്ലേശത്തിന്നു സംഗതിയാരിക്കുന്നതുനിമിത്തം അവിടത്തെ മനസ്സിന്നും തിരുമെനിക്കുടെയും നന്നു സുഖഹീനം ഭവിച്ചിരിക്കുന്നു എന്നു ജനങ്ങൾ കണ്ടു അങ്ങേപേരിൽ വളരെ പരിതപിക്കുന്നു. ആയതുകൊണ്ടു തങ്ങൾ കുറെനാളത്തേക്കെങ്കിലും ഇവയെല്ലാം ഒന്നു മറന്നു, രാജമന്ദിരത്തിൽ ഇപ്പൊൾ നടന്നുവരുന്ന രാജ്ഞിയുടെ ക്രമച്ചട്ടങ്ങളെയും ഒന്നു മാറിവെച്ചു, ഉല്ലാസസന്തോഷങ്ങളിലും വിരുന്നാഘോഷവിനോദങ്ങളിലും കുറെനാൾ ചിലവഴിപ്പാൻ അത്യാവശ്യകമാണു. അല്ലാഞ്ഞാൽ തങ്ങൾ നാൾതോറും ക്ഷീണിച്ചു മെലിഞ്ഞു, സുഖഹീനനായിഭ

വിച്ചു, തിരുമേനിക്കു വല്ല ആവശ്യവും വന്നെങ്കിൽ എന്നു പറഞ്ഞു.

അതിന്നു വെൻസ്ലാവൂസു ബഹു തൃപ്തിപൂർവ്വം സമ്മതിച്ചു, കൊള്ളാം. അങ്ങിനെതന്നെ ആകാം. ക്ഷണത്തിൽ താൻ ഒരു മഹാവിരുന്നു തയ്യാർപെടുത്തുക. അതിലെക്കു ആവശ്യമായ ദ്രവ്യം ഖജനാവിൽനിന്നു വാങ്ങിക്കൊൾക എന്നു ഉത്തരവുകൊടുത്തയക്കുകയുംചെയ്തു.



൧൯-ാം അദ്ധ്യായം.

വിരുന്നിൽ നടന്ന ഗോഷ്ഠികൾ.

വിരുന്നിന്നു കുറിക്കപ്പെട്ടദിവസംവന്നപ്പോൾ ഉദ്ദേശം രണ്ടായിരംപേർ വിരുന്നുകാർ അരമനയിൽ വന്നു പ്രവേശിച്ചു. ഇവരിൽ അനേകരും ഇതെവരെ രാജമന്ദിരത്തിൽ ഒരിക്കലും കാലടിവെച്ചിട്ടില്ലാത്തവരാണു. മറനേകരുടെ ജീവിതം ക്രിസ്ത്യാനികൾക്കു യോജിക്കുന്നവിധമുള്ളവയുമല്ലായിരുന്നു. പട്ടണത്തിലെക്കു ആഭാസന്മാരും, അപകീർത്തിയുള്ളവരും, താറുമാറായി ജീവിച്ചിരുന്നവരുമായവരെയാണു വിരുന്നിന്നു ആത്മോക്ഷണിച്ചിരുന്നത്.

രാജ്ഞിയവർകൾ പ്രാഗപട്ടണത്തിൽ വന്നനാൾമുതൽ ഈ വിധക്കാർ രാജ അരമനയിലെക്കു ഏതൊരു മുഖാന്തരംനിമിത്തവും വിളിക്കപ്പെട്ടിരുന്നില്ല. എന്നാൽ ആത്തൊപ്പുള്ള അരമനയിൽ നാഥനാ

യ ഉടനെ അവനു ചേന്നവരായ ഈ വിധക്കാരെ ഒക്കെയും വിരുന്നിനു വിളിച്ചുകൂട്ടുകയുംചെയ്തു.

വിരുന്നു തയ്യാർപെടുത്തപ്പെട്ട ആ ബ്രഹ്മാണ്ഡമായ മണ്ഡപത്തിൽ എങ്ങൊട്ടു തിരിഞ്ഞുനോക്കിയാലും മേൽത്തരം പട്ടുശീലകൾ, സ്വർണ്ണക്കുപ്പായങ്ങൾ, മുത്തുരത്നങ്ങൾമുതലായവകളാൽ ബഹു അലംകൃതമാംവണ്ണം വിചിത്രമായി ചമയിച്ചു, അത്തർ ജവാദു മുതലായ സുഗന്ധതൈലങ്ങളും തെളിച്ചു, ഘും ഘും എന്നു വാസനവീശുന്ന പുഷ്പങ്ങൾ നാനാഭാഗത്തും അവിടവിടെ ചാർത്തിയിരിക്കുന്നത് കാണാം. വില ഉയർന്ന പനിനീർതൈലവും സമയാസമയങ്ങളിൽ വിരുന്നുകാരുടെമേൽ ധാരാളമായി തളിക്കപ്പെട്ടിരുന്നു.

ഈ വിരുന്നുമണ്ഡപത്തിൽ ഇടവിടാതെ ധ്വനിച്ചു മുഴങ്ങിക്കൊണ്ടിരുന്ന അനേകതരം ശീതവാദ്യങ്ങളുടെ ഇമ്പമായ ആനന്ദകര ശബ്ദങ്ങളെ വർണ്ണിപ്പാൻ അസാദ്ധ്യംതന്നെ എന്നെ പറവാനുള്ളു. ഇത്രമനൊഹരമായ പരമാനന്ദങ്ങൾ നിറഞ്ഞ ഈ വിരുന്നുശാലയിൽ വില ഉയർന്ന വിവിധതര വസ്ത്രാഭരണങ്ങളണിഞ്ഞു വിരുന്നുകാർ വന്നുപ്രവേശിക്കയിൽ, നിരനിരയായി അടുക്കിവെച്ചിരിക്കുന്ന അനേകതരം ഭോജ്യപദാർത്ഥങ്ങളെയും കാഴ്ചനിവർത്തങ്ങളെയും കണ്ടു ആനന്ദപൂരിത പരവശരായി പന്തിയിൽ ഇരിക്കയുംചെയ്തു.

അതി രുചികരമായി ചമയ്ക്കപ്പെട്ടിരിക്കുന്നമാം

സപദാർത്ഥങ്ങളെയും, വിശേഷവിധം വിരകി ഉണ്ടാ
ക്കിയ പായസം, പ്രഥമൻ, ബഹു സാമർത്ഥ്യമായി ചു
ടപ്പെട്ട അതിരസമുള്ള അടകൾ, അപ്പങ്ങൾ, പൊ
ള്ളകൾ, പൂഡീനകൾ മുതലായ മാധുര്യ പലഹാരപ
ദാർത്ഥങ്ങളെയും, തട്ടു തട്ടായി അടുക്കിയിരിക്കുന്ന നാ
നാരുചിയുള്ള വിവിധതര കായ്കനിവർഗ്ഗങ്ങളെയും, കു
പ്പികുപ്പികളായിനിരന്നിരിക്കുന്ന അതി മാധുര്യവും അ
പൂർവ്വരസകരങ്ങളുമായ പാനീയ അമൃതങ്ങളെയും വി
രുന്നുകാരായമഹത്തുക്കൾകണ്ടുസ്തുതിച്ചുപുകഴ്ത്തിക്കൊ
ണ്ടു, ഈ വിധമായ ഒരു വിരുന്നു ഒരിക്കലും ഉണ്ടായി
ട്ടില്ല എന്നു തമ്മിൽ വാദിച്ചു, രാജനും ഇവ തയ്യാർ
പെടുത്തിയ ആത്തോപ്രൃഭവിനും ജയംക്രുകയുംചെ
യ്തിരുന്നു.

വെൻസ്ലാവൂസു ഈ വിരുന്നിൽ കൂടിയിരിക്കു
ന്ന അപരിമിതരായ മഹത്തുക്കൾസകലരും സ്വർണ്ണ
മാണിക്യകല്ലുകൾ, മുത്തുരത്നങ്ങൾ മുതലായവകളാ
ൽ വിശദമായി അലങ്കരിക്കപ്പെട്ട വസ്ത്രാഭരണങ്ങളു
മണിഞ്ഞു, വിവിധ സുഗന്ധവാസനാത്തൈലങ്ങളും
പൂശി പന്തിയിൽ നിരന്നിരുന്നു പുഞ്ചിരിയൊടെ രാ
ജനും മംഗളം ക്രുന്ന പ്രൃഭുക്കൾ, പ്രൃഭുസ്ത്രീകൾ, ധന
വാന്മാർ, ധനവാന്മാർ മുതലായവരുടെ സുന്ദര മു
ഖപത്മങ്ങളെ സന്ദർശിക്കയും, ഈ മഹാന്മാരുടെ സ്തു
തിപുകഴ്ത്തുമാലകൾ ശ്രവിക്കയുംചെയ്യുമ്പോൾ, രാജമു
ഖം പുർണ്ണചന്ദ്രനെപ്പോലെ ശോഭിച്ചു സന്തോഷാന
ന്ദപൂരിതനായി, വിരുന്നാരംഭ അനുമതി എന്നു വിധം

ഒന്നു തലകുനിച്ചുടൻ വിരുന്നു ആരംഭിക്കയുംചെയ്തു.

ഇങ്ങിനെ നാനാവിധമായ ഗീതവാദ്യകരവുകൾ ൧൦,൨൫൦ എന്നു ബഹു ഇമ്പമായി ധ്വനിച്ചു മുഴങ്ങുന്ന സ്വരം ശ്രവിക്കയും, വിവിധവർണ്ണങ്ങളിൽ തക തക എന്നു ജ്വലിച്ചു പ്രകാശിച്ചുകൊണ്ടിരിക്കുന്ന ദീപശോഭയെ കാണുകയുംചെയ്യുന്ന വെൻസ്ലാവൂസു ഓരൊ തരമായ ആ അപൂർവ്വപദാർത്ഥങ്ങളെ ഭക്ഷിച്ചു രസിക്കയും, വിരുന്നുകാരുടെ സ്തുതിപുകഴ്ത്തുകൾ കേൾക്കയുംക്രമേ ചെയ്തപ്പൊൾ സകലതും മറന്നു അതിരുകടന്നവിധം ആനന്ദപൂരിതനായി, ആ തത്തായുടെനേരെ തിരിഞ്ഞു പറയുന്നതായത്:

നമ്മുടെ പ്രാണസ്നേഹിതനും, രാജകുടുംബത്തിന്റെ പരമ ഉപകാരിയും, നമ്മുടെ രാജ്യത്തിന്നു ഒരു അലംകൃത ആഭരണവുമായ ആതത്താ പ്രിട്ടവെ, താൻ ഇന്നു ഇവിടെ തയ്യാറാക്കിയിരിക്കുന്ന ഈ ആഡംബര വിരുന്നിന്നു ശരിയൊത്ത ഒരു വിരുന്നു ഇതെവരെ ഞാൻ കണ്ടിട്ടുമില്ല, ഈ ക്രുടിയിരിക്കുന്ന മഹത്തുക്കളൊരുമിച്ചിരുന്ന ഒരു വിരുന്നു ഭക്ഷിച്ചിട്ടുമില്ല. ഇവ സകലതും തന്റെ ബുദ്ധിസാമർത്ഥ്യംകൊണ്ടല്ലാതെ, മറ്റുഏതുവിധവും സാദ്ധ്യമല്ലായെന്നു നിശ്ചയമാണു. ആകയാൽ ഇവയ്ക്കു പ്രത്യുപകാരമായിട്ടു താൻ എന്തുതന്നെ ചോദിച്ചാലും തനിക്കു അതു നൽകുന്നതിന്നു നാം തീർമ്മാനിച്ചിരിക്കുന്നു ചോദിച്ചുകൊള്ളാം.

തന്ത്രവാദിയായ ആതത്താ, രാജശ്രീമഹാരാജ

നെ, അങ്ങെക്കുപകാരാക്ഷമല്ലാതെ മറെറന്തൊരു നന്മയാണു ഇനിക്കു ആവശ്യം? എന്നു കപടമായി പറഞ്ഞു.

കൊള്ളാം, അങ്ങിനെതന്നെയാകട്ടെ. തന്നെ ഒരുകാലത്തും നാം മറക്കുന്നതല്ല എന്നു രാജൻ ഉത്തരവുകൊടുക്കയുംചെയ്തു.

വീണ്ടും രാജൻ ആത്തോയൊടു, ആട്ടെ, കൊള്ളാം. ഇന്നു വിരുന്നു ആയല്ലൊ. നാളെമുതൽക്കു എന്തെല്ലാമാകുന്നു ഏർപ്പാടുകൾ താൻ നിശ്ചയിച്ചിരിക്കുന്നതെന്നു ചോദിക്കയിൽ, ആത്തൊ തന്റെ സാക്കിൽനിന്നു ഒരു കടലാസു എടുത്തു വായിച്ചതായതു്:

നാളെ പന്തയക്കളത്തിൽ കുതിരപ്പന്തയം, രാം ദിനം ഗീതവാദ്യ ഘോഷം, രാം ദിനം കാട്ടിൽ പള്ളിനായാട്ടു, ൦ം ദിനം നാടകവിനോദം, ൻാം ദിനം പുഴയിൽ ബോട്ടുകളിപ്പന്തയം, ഫാം ദിനം ആട്ടം പാട്ടു ക്രുത്തുകൾ ഇവകൾ അവസാനിച്ചശേഷം പിന്നത്തെതു് നിശ്ചയപ്പെടുത്തിക്കൊള്ളാം.

ഇതു് വായിച്ചുതീർന്ന ഉടനെ വെൻസ്ലാവൂസു നല്ലവണ്ണം തിന്നുകുടിച്ചുമത്തവിലാസനായിരിക്കുമ്പോൾ പറയുന്നതായതു്: അടി! സബാസു്. ഒന്നാംതരം. ഇവകൾ നല്ലമെച്ചമായ ഏർപ്പാടുകൾതന്നെ. ബഹു ബഹു സന്തോഷം. രാജന്റെ നേത്രങ്ങളും പുണ്ടുകളും കോവൽപഴംപോലെ ചുവന്നും, ശിരസ്സു കരങ്ങളിൽ പിടികിട്ടാത്തവിധം അങ്ങോട്ടുമിങ്ങോട്ടും തേക്കിതെറിക്കൊണ്ടു പിന്നെയും, വളരെ സന്തോ

ഷം. ഭേഷ് ഭേഷ് നാം കൊണ്ടാടുവാനിരിക്കുന്ന ഈ സന്തോഷാനന്ദവിനോദങ്ങൾക്കു ഒന്നിനും രാജ്ഞിയെ ഒരിക്കലും വിളിക്കയും വേണ്ട. അവൾ വന്നാൽ ഇവയെല്ലാം അനാവശ്യമാകുന്നു, അധികമായി തിന്നുന്നതും കുടിക്കുന്നതും പാപമാകുന്നു, വിരുന്നുകഴിച്ചുകളയുന്നദ്രവ്യം ദരിദ്രക്കു കൊടുക്കുന്നതാണു ഉത്തമം എന്നു പറയും. ഇതെവരെയും അവളുടെ ഉപദേശങ്ങൾക്കിണങ്ങി ഈ വക വിനോദങ്ങൾ ഞാൻ മുടക്കിയിരുന്നതു് ശരിതന്നെ.

എന്നാൽ ഒ! ആത്തൊപ്രഭുവെ, ഇനി ആ വിധമുടക്കു ഒന്നുമില്ല കെട്ടൊ നിന്റെ ഇഷ്ടംപോലെ മതി. പണമെന്നൊന്നും നോക്കിപ്പോകേണ്ട. വിരുന്നിന്നു നിശ്ചയിച്ച പണം അവസാനിച്ചാൽ, ദരിദ്രക്കു നിശ്ചയിച്ച പണം വിരുന്നിന്നു എടുപ്പാൻ നിനക്കു സ്വാധികാരവും തന്നിരിക്കുന്നു. അതുംപോരാതെവന്നാൽ കടിയാന്മാക്കു് വീണ്ടും കരംകൂട്ടികൊള്ളാം.

മഹാരാജാവെ, അങ്ങിനെതന്നെയാകട്ടെ. എന്നു സമയോചിതമനസരിച്ചു ആത്തൊരാജന്നു ഒത്തുപറകയുംചെയ്തു.

എന്നാൽ വെൻസ്ലൗസു പ്രാണീയ മത്തുവിലാസംമുഖാന്തരമാണു ഈ വിധമൊക്കെ സംസാരിക്കുന്നതെന്നു സകലക്കും പരമബോധമായി. എന്നാൽ വിരുന്നുകാരുടെ ഇടയിൽ പ്രധാനമായി ഉണ്ടായ സംഭാഷണം നാട്ടിൽ നാനാഭാഗങ്ങളിലും തത്സമയം നടന്നുവരുന്ന നിർമ്മര്യാദകൾ, കുലപാതകങ്ങൾ ആദി

യായവ ബന്ധിച്ചായിരുന്നു. കൂടി അധികമാകുംതൊ
റും രാജന്റെ മുഖം വികൃതരൂപമായി വക്രിച്ചു ഒരു
വക ക്രമവും മര്യാദയുമറ്റവിധം സംസാരിക്കയും,
കാരണമില്ലാതെ ചിരിക്കയും, ഒന്നിനുപകരം മ
റ്റൊന്നു വായിൽ വെക്കയും മറ്റും ചെയ്തിരുന്നു.

ആത്തോപ്രേട്ടവിനോട് പിന്നെയും, ഒ! പ്രേട്ട
വെ, നമ്മുടെ ശത്രുവായ ആൽപ്രെഡിന്റെ സംഗ
തി ഞാൻ മറന്നുപോയല്ലൊ. അവൻ ഇവിടെ എ
ങ്ങാനും വന്നിട്ടുണ്ടായിരിക്കുമൊ? ഒന്നു തിരക്കി അ
ന്വേഷിപ്പിൻ. പക്ഷെ അവൻ എന്റെ പുറത്തിൽ
നഞ്ചു കലർത്തിയിരിക്കുമൊ? ആ! എന്നും പറഞ്ഞു പാ
നപാത്രം കരങ്ങളിൽ എടുത്തു തിരിച്ചു തിരിച്ചു നോ
ക്കുകയിൽ, വിറച്ചുവിറച്ചു അത് കരങ്ങളിൽനിന്നു
വീണു ഉടഞ്ഞു രാജവസ്ത്രമെല്ലാം നനച്ചു വഷളാക്കു
കയുംചെയ്തു.

ഈ സമയത്തു രാജാവിന്നായി പ്രത്യേകിച്ചു ബ
ഹു വിശേഷവിധം ചമയ്ക്കപ്പെട്ട ഒരു അപൂർവ്വതരമാ
യ പക്ഷിയെ രാജന്റെ മുമ്പിൽ കൊണ്ടുവന്നു വെക്കു
യിൽ, അത് കുറച്ചുമൊരിഞ്ഞുപോയിരുന്നതുമുഖാന്ത
രം രാജൻ ഉഗ്രകോപത്തോടെ പറഞ്ഞതായത്:
ഒ! അതെന്തായെ, ഇതെന്തൊരുവക നെഞ്ഞൂററമെ
ന്നാണു പറയേണ്ടത്? നിങ്ങൾ എല്ലാവരും കഴു
ത്തൊളംനിറയതിന്നു കൂടിച്ചുതുടിയാകയിൽ, നാം
മാത്രം വിശന്നു പ്രാണൻകത്തി നിങ്ങളുടെ വായിൽ
നോക്കികൊണ്ടിരിക്കുന്നു. ഇതാ നോക്കു, ഈ അപൂർവ്വ

പക്ഷിയെ എങ്ങിനെയാണു കത്തിക്കരിച്ചുകൊണ്ടു വ
ന്നിരിക്കുന്നതെന്നു കാണുക. ഈ വിരുന്നു തയ്യാറാക്കു
ന്നതിനു നാം നിന്നെ ഭരമേല്പിച്ചിരിക്കയിൽ വിരുന്നി
ലെ നന്മതിന്മകൾക്കു സകലത്തിനും ഉത്തരവാദിനീ
തന്നെയാകുന്നു എന്നു ആ ബ്രഹ്മാണ്ഡമായ മണ്ഡ
പം മുഴങ്ങത്തക്കവണ്ണം ഗർജ്ജിച്ചു പറഞ്ഞു.

അപ്പൊൾ ആത്തൊ എഴുന്നെറ്റു, രാജശ്രീമ
ഹാരാജാവെ, വിരുന്നു തയ്യാറാക്കുന്നതിനു അങ്ങീനു
എന്നോടു കല്പിച്ചു എന്നതു് വാസ്തവംതന്നെയാണു.
പക്ഷെ അടുപ്പിൽ തീ പൂട്ടുന്നതും പാത്രങ്ങൾ കഴുകു
ന്നതുമാണൊ എന്റെ വേല? ഞാൻ തങ്ങളുടെ അരി
കിൽ ഇരുന്നു വിരുന്നു ഭക്ഷിക്കയിൽ പാചകസ്ഥല
ത്തിൽചെന്നു പണിനോക്കുന്നതു് അസാദ്ധ്യമായ കാ
ര്യ്യമാണല്ലൊ. ആകയാൽ അതു് എന്റെ തെറ്റല്ല,
പിന്നെയൊ പാചകരുടെ സൂക്ഷക്കുറവാകുന്നു എന്നു
പറഞ്ഞു.

അങ്ങിനെയായിരുന്നാൽ ആ ദുഷ്ടപാചകനെ
ശിക്ഷിക്കണം എന്നു രാജൻ പറഞ്ഞു.

അതെ, അതെ. ഈ സംഗതിയിൽ വെപ്പുകാ
രനെ ശിക്ഷിക്കുന്നതാണു ന്യായം എന്നു വിരുന്നു കാ
രും പറഞ്ഞു.

അങ്ങിനെയാകുന്നപക്ഷം ആ പാചകനെ ന
മ്മുടെ മുമ്പാകെ കൊണ്ടുവരുവിൻ എന്നു രാജൻ അല
റിപ്പറഞ്ഞു. ഉടൻതന്നെ അന്തൊനി എന്നു പേരായ
പാചകനെ രാജസന്നിധെ കൊണ്ടുവന്നു നിറുത്തുക

യിൽ, അവനോട അയാൾ പറയുന്നതായത്: എന്തെ
ടാ മുട്ടാളാ, നീ നമ്മെ ആരെന്നാണെ കരുതിയത്?
ബൊയെമ്യാരാജ്യത്തിന്റെ ചക്രവർത്തിയാണെ നാം
എന്നെ നീ കരുതിയൊ? അതൊ നമ്മുടെ പടിക്കൽ ഭി
ക്ഷയ്ക്കായികാത്തിരിക്കും യാചകരിൽ ഒരുവനായിട്ടൊ
നീ നമ്മെ കരുതിയത്? മൂന്നു ലക്ഷം രൂപാ ചിലവ
ഴുത്തു വിരുന്നു തയ്യാർപെടുത്തി, ഇവിടെ കൂടിയിരി
ക്കുന്ന സകലരും തൃപ്തിയായിട്ടു ഭക്ഷിക്കയിൽ നാംമാ
ത്രം വൃഥാ നോക്കിക്കൊണ്ടിരിക്കെണമൊ? പ്ലേ ചെടാ
സാ, നമുക്കായി പ്രത്യേകിച്ചു ദൂരദേശത്തു നിന്നു വരു
ത്തിയിരിക്കുന്ന ഈ വില ഉയർന്ന പക്ഷിയെ ഇതിൻ
പ്രകാരം നീ കത്തിക്കരിച്ചത് എന്തൊരു നെഞ്ഞൂറ
മെന്നാണെ പറയെണ്ടത് എന്നു ഉഗ്രകോപത്തൊടെ
പറഞ്ഞു.

അതിനു അന്തൊനി എന്ന പാചകൻ രാജസ
മൂഹത്തിൽചെന്നു അതി വണക്കത്തൊടെ സാഷ്ടാം
ഗംവീണു ദണ്ഡനമസ്കാരംചെയ്തു പറയുന്നതായത്:
മഹാ പരാക്രമശാലിയായ രാജാവെ, ഇത് ഞാൻ അ
റിഞ്ഞുകൊണ്ടു ചെയ്തതല്ല. വേല അധികമായിരുന്ന
തിനാലും വേലയ്ക്കു തക്ക ആളുകൾ ഇല്ലായ്കയാൽ ഞാ
ൻതന്നെ പല വേലകൾ ചെയ്യെണ്ടിവന്നതിനാലുമാ
ണു അവിടെക്കായി ചമച്ച പക്ഷി അല്പമൊന്നു മൊ
രിഞ്ഞുപോയത്. ആയതുകൊണ്ടു രാജശ്രീ മഹാരാ
ജാവെ, ആ തെറ്റിനു അടിയനു ഈ പ്രാവശ്യത്തെ
ക്കു മാപ്പു തരുവാറാകെണമെന്നു അങ്ങെ ഉന്നതത്തൊ

ട്ട അടിയൻ താഴ്മയോടെ ഇരന്നു പ്രാർത്ഥിച്ചുകൊള്ളുന്നേൻ.

അതിന്നു രാജൻ മുമ്പിലത്തെതിലധിക കോപത്തോടെ, ഈ മഹാസംഘത്തിൽവച്ചു നീ നമ്മെ അപമാനിച്ചതുപോരാഞ്ഞിട്ടു അതിന്നു മാപ്പു ക്രൂടെ ചോദിക്കയാണൊ ദോഹി നീ ചെയ്യുന്നത്? എന്നും മറും വായിൽവന്നപടി അവനെ ശകാരിച്ചു ദൂഷണിച്ചിരുന്നു. അതിന്റെശേഷം വിരുന്നുകാരൊട്ടു, ഇവിടെ ക്രൂടിയിരിക്കുന്ന ധനവാന്മാരും ജ്ഞനവാന്മാരുമായ ശ്രീപുരുഷരെ, ഈ പരമപാപി പ്രവൃത്തിച്ച ഈ പാതകത്തിന്നു തക്ക ശിക്ഷ നിങ്ങൾതന്നെ വിധിപ്പിൻ എന്നു പറഞ്ഞു.

വിരുന്നുകാരിൽ ചിലർ പാചകനു ഠം-ത്രുപാ പിഴകല്പിക്കണമെന്നും, മറ്റുചിലർ അവന്റെ പുറത്തു പത്തു അടി അടിച്ചു വിടാമെന്നും, വേറെ ചിലർ അവനെ ഉദ്യോഗത്തിൽനിന്നു മാറ്റണമെന്നും, ചിലർ എട്ടുദിവസത്തെക്കു അവനെ പാറാവിൽ വെക്കണമെന്നും മറും തങ്ങൾക്കു തോന്നിയവിധമൊക്കെ പറഞ്ഞു. അവർ പറഞ്ഞതെല്ലാം വെൻസ്ലാവുസുകേട്ടു, കിട്ട കിട്ട കിട്ടു എന്നു മനം തണുക്കെ ചിരിച്ചുകൊണ്ടു വിരുന്നുകാരൊട്ടു പറയുന്നതായത്:

ഒ! ശ്രീപുരുഷന്മാരായ സമൂഹക്കാരെ, നിങ്ങൾ സകലരും കൊച്ചുകുട്ടികൾതന്നെയാകുന്നു. നിങ്ങളുടെ അന്തസ്സിന്നു തക്ക വലിയ ഒരു ബുദ്ധി നിങ്ങളിൽ നാം കാണുന്നില്ല. നിങ്ങൾ എവരും നിങ്ങളുടെ ഇ

ഷ്ടപ്രകാരമുള്ള ഭോജനപദാർത്ഥങ്ങളും ഭക്ഷിച്ചു ബഹു രസകരങ്ങളായ പാനീയങ്ങളും സേവിച്ചു സന്തോഷാനന്ദത്തിൽ മുഴുകുകയിൽ, നിങ്ങളൊടൊന്നിച്ചു നാമും സന്തോഷിച്ചു ആനന്ദിക്കുന്നതിനു തടസ്സംചെയ്യ ഈ അല്പനും നീചനുമായ ദോഹിക്കു നിങ്ങൾ നിയമിച്ച ശിക്ഷകൾ നീതിക്കു ഒക്കുന്നതായൊ? കുറഞ്ഞതു തക്കതു ശിക്ഷയാകണമെന്നു രാജ്യനിയമത്തിൽ എഴുതിയിരിക്കുമ്പോൾ, നിങ്ങൾ ഇവനെ ഇത്ര കരുണയായിട്ടു വിധിക്കുന്നതു ശരിതന്നെയാണൊ? ആട്ടെ, കൊള്ളാം! കുറച്ചു ക്ഷമിപ്പിൻ. നമ്മുടെ വിശ്വസ്ഥനും നമുടെ ഇഷ്ടത്തിന്നിണങ്ങിസദാ വ്യാപരിക്കുന്നവനുമായ നമ്മുടെ കാഷ്ടിയെ നാം വരുത്താം. അവൻ ഏതുശിക്ഷയാണു ഇവനു ശരിയായതെന്നു വയുമെന്നു കേൾക്കാമല്ലൊ എന്നു പറഞ്ഞു കാഷ്ടിയെ തൽക്ഷണം ക്ലേട്ടിക്കൊണ്ടുവരുവാൻ ഉത്തരവാകയുംചെയ്തു.

കാഷ്ടി എന്ന പേരുമാത്രം കേട്ട ഉടനെ വിരുന്നുകാർ ഭയന്നു ഭ്രമിച്ചുപോയി. എന്തെന്നാൽ ഈ കാഷ്ടി എന്നു പറഞ്ഞവൻ കുലക്കുറക്കാരരെ കഴുവിന്മേൽ തൂക്കുന്നതിനും, യന്ത്രക്കുട്ടിലെന്ന കഠോര ബാധ മുതലായവകൾ നടത്തുന്നതിനും നിയമിക്കപ്പെട്ട അരാചാരനാണ എന്നു പറഞ്ഞാലുംപോര, പുലിയെക്കാൾ ക്രൂരൻ, കരടിയെക്കാൾ കഠിനൻ, ദയയറ്റ ചണ്ഡാളൻ, ഒന്നുപറഞ്ഞാൽ രണ്ടു പ്രവൃത്തിക്കുന്ന ദുഷ്ടപാതകൻ, കാരുവീശുന്ന വശത്തെക്കു ഇലക

ൾ ചായംവണ്ണം രാജാവിൻെറ ഇഷ്ടങ്ങൾക്കെല്ലാമി
ണങ്ങിനടക്കുന്ന മുഖസ്തുതിക്കാരനാണു അവൻ. എന്ന
ല്ല വെൻസ്ലാവൂസു മനുഷ്യരക്തം ചിന്തുവാനായിട്ടു സ
ദാ കൊതിച്ചു കാത്തിരിക്കുംവണ്ണംതന്നെ ഈ കാഷ്ടി
എന്ന ദുഷ്ടമൃഗസ്വഭാവിയും മനുഷ്യരെ ക്രൂരമായി ബാ
ധിച്ചുകൊല്ലുന്നതിനു തരംവരുന്നതു് എപ്പോഴാകുന്നു
എന്നു ആശയോടെ കാത്തിരിക്കുന്ന പരമ നിഷ്ഠുരനു
മാണു. ഈ വിധ കഠോരക്രൂരനെ രാജൻ വരുത്തിയി
രിക്കുനിമിത്തം എന്തൊ സംഭവിപ്പാൻപോകുന്നതു്?
എത്രപേരുടെ രക്തമാണൊ ചിന്തുന്നതു്? ആരെയെ
ല്ലാമാണൊ പാറാവിൽ ഇട്ടു പൂട്ടുന്നതു്? ആരെല്ലാമാ
ണൊ ചാകുന്നതു്? എന്നു വിരുന്നുകാർ വ്യസനിച്ചു ഭ
മിച്ചു ഓരൊവിധം ചിന്തിച്ചുകൊണ്ടിരുന്നു.

കാൽമണിക്കുറു കഴിഞ്ഞപ്പോൾ മുവന്ന വ
സ്ത്രങ്ങളുമണിഞ്ഞു അരയിൽ ഒരു വലിയ വാൾതൂക്കി
യിട്ടു തോളിൽ ഒരു കണ്ണാക്കോടാലി വഹിച്ചു ഒരു
കൈകൊണ്ടു അതിനെ താങ്ങിപ്പിടിച്ചും മറെറകയ്യി
ൽ അതി ക്രമ്മയുള്ള ഒരു ശൂലം വഹിച്ചുംകൊണ്ടു ഭ
യങ്കരമായ വേഷത്തൊടെ കാഷ്ടി എന്ന കഠോര മൃ
ഗം രാജമുഖവനു, അവൻെറ ഭണ്ഡനമന്ത്രാരാചാ
രങ്ങൾ സമർപ്പിച്ചു. ഈ അരാച്ചാരനെ വെൻസ്ലാവൂ
സു കണ്ട ഉടനെ ബഹു ആനന്ദസന്തോഷത്തോടെ
പൈശാചികപ്രകൃതിയായി ഹാ ഹാ ഹാ എന്നു വ
ലിയ സ്വരത്തിൽ ഒന്നു ചിരിച്ചുകൊണ്ടു, ഒ! കാഷ്ടി,
ഇവിടെ നിനക്കു ഒരു സാല്ല ജോലിയുണ്ടു. അതു് നീ

സാമർത്ഥ്യമായിട്ടു ചെയ്യു നിവൃത്തിക്കാമൊ? എന്നു ചോ
ദിച്ചു.

രാജശ്രീ മഹാരാജാവെ, അങ്ങെപക്കൽനിന്നു
എപ്പൊഴാണൊ ഇനിക്കു ഒരു ജോലികിട്ടുന്നതെന്നു ദാ
സൻ ആശയൊടെ കാത്തുകൊണ്ടിരിക്കയാകുന്നു. അ
ങ്ങെ താല്പൎയ്യമെന്തെന്നു ഒരു ആംഗ്യംമാത്രം കാണി
ച്ചാൽമതി. തൽക്ഷണം ദാസൻ നിവൃത്തിച്ചുകൊ
ള്ളാം.

കൊള്ളാം, നമ്മുടെ അരമനയിലെ പാചക
ക്കാരി മേസ്തിരി ആരാണെന്നു നിനക്കു അറിയാമൊ?

ദാസന്നു അത് അറിയാം. ഈ നിൽക്കുന്ന അ
ന്തൊനിയാകുന്നു മഹാരാജനെ.

ഒ! കൊള്ളാം, ഈ അല്പനായ ദാസൻ ഈ മ
ഹാസംഘത്തിൽവെച്ചു നമ്മെ അപമാനിച്ചിരിക്കു
ന്നു. മൂന്നു ലക്ഷം രൂപാ ചിലവുറുത്തു ഒരു മഹാ മോ
ടിയായ വിരുന്നു തയ്യാറാക്കി, സകലരും കൊതി തീ
രത്തക്കവണ്ണം ബഹു രുചികരമായ ഭോജനപദാൎത്ഥ
ങ്ങൾ ഭുജിച്ചുകൊണ്ടിരിക്കയിൽ ഇതാ നോക്കുക, ഈ
കരിഞ്ഞ പക്ഷിയെയാണു നമ്മുടെമുമ്പിൽ അവൻ
കൊണ്ടുവന്നുവെച്ചത്. എന്നും പറഞ്ഞുകൊണ്ടു ചുട്ട
ആ പക്ഷിയെ പാത്രത്തൊടെ എടുത്തു വീശി എറി
ഞ്ഞുകളഞ്ഞു.

ആകയാൽ ഈ വിധ പാതകത്തിന്നു തക്കതാ
യ ശിക്ഷ വിധിപ്പാൻ ഈ സംഘക്കാരൊട്ടു നാം കാ
ല്പിച്ചാറെ അവർ അല്പാല്പമായ ശിക്ഷകൾമാത്രം വി

റഞ്ഞതല്ലാതെ, കുറഞ്ഞതിനു തക്ക ശിക്ഷ അവരിൽ ആരുടെയും ബുദ്ധിയിൽ എത്തുപെട്ടില്ല. എന്നാൽ നീ ഇതിൽ പരിജ്ഞാനമുള്ളവനാകയാൽ പറയുക. എ ന്തൊരു ശിക്ഷയാണു ഇവനു കൊടുക്കേണ്ടിയതു?

വെൻസ്ലാവൂസിന്റെ വാക്കുകൾ കാഫ്ടി കേ ൾക്കയും കോവൽപഴംപോലെ ചുവന്നിരിക്കുന്ന അയാളുടെ മുണ്ടുംകണ്ണും കാണുകയും, മുഖം വികൃ തരൂപമായി പകന്നിരിക്കുന്നതു് അറികയും ചെയ്തുയി ൽ പാനീയ മത്തവിലാസംമൂലമാണു ഇങ്ങിനെമതി കെട്ടവിധം അയാൾ സംസാരിക്കുന്നതെന്നു അവൻ ഗ്രഹിച്ചു. പക്ഷെ ഇങ്ങിനത്തെ സന്ദർഭങ്ങളിൽ രാ ജാവിന്റെ ഇഷ്ടത്തിനു ഇണങ്ങി പറയാതിരുന്നാൽ തന്റെ ആയുസ്സിന്നാണു നാശംവരുന്നതു് എന്നു മന സ്സിലാക്കിക്കൊണ്ടു രാജാവോടു അവൻ പറയുന്നതായ തു്: രാജശ്രീ മഹാരാജാവെ, ഈ അന്തോനി എന്ന വൻ ഇന്നു അങ്ങേയോടു ചെയ്ത ഈ വലിയ തെറ്റി നു തക്ക ശിക്ഷകൊടുക്കുന്നതു് സത്യ ന്യായങ്ങൾക്കും ഒത്തതാകുന്നു എന്നതിനു അല്പ സന്ദേഹവുമില്ല. മ ഹാരാജാവെ, അവിടെക്കു വളരെ ഇഷ്ടമുള്ളതായ ഈ അപൂവ്വ പക്ഷിയെ ഇവൻ കരിച്ചുകളഞ്ഞതു് മ ഹാ തെറ്റുതന്നെ. എന്നാൽ കുറഞ്ഞതിനു തക്ക ശിക്ഷ കൊടുക്കുന്നതു് ന്യായംതന്നെയാണല്ലൊ. ആകയാൽ ഇവൻ പക്ഷിയെ കരിച്ചതുപോലെതന്നെ ഇവനും അഗ്നിയിൽ ഇട്ടു ചുടപ്പെട്ടുന്നതു് അതിനു തക്ക ശിക്ഷ യാകുന്നു എന്നു ദാസനും തോന്നുന്നു എന്നു അവ പാത

കൻ ഒരു അല്പ കരുണയില്ലാതെ പറഞ്ഞുകളഞ്ഞു.

ഇത് കേട്ട ക്ഷണത്തിൽ വെൻസ്ലാവൂസ് രാജാവു വെറികൊണ്ടു ആനന്ദിച്ചു സന്തോഷിച്ചുകൊണ്ടു വിരുന്നുകാരോട്, മഹിപതികളായ ശ്രീപുരുഷന്മാരെ, നമ്മുടെ കാഷ്ടിയുടെ ബുദ്ധിസൂക്ഷ്മതയെ നിങ്ങൾ കണ്ടുവൊ? ഈ ദുഷ്ടദാസന്റെ അജാഗ്രതയ്ക്കു തക്കതായ ക്രൂരി ഇതുതന്നെയാകുന്നു. കാഷ്ടി, നിന്റെ ഈ ബുദ്ധിസൂക്ഷ്മതയ്ക്കു സമ്മാനമായിട്ടു ഈ മാസംമുതൽക്കു നിന്റെ ശമ്പളം വളരെ കൂട്ടം. ഇപ്പോൾ നിന്റെ ബുദ്ധികൊണ്ടു ഉൗഹിച്ചു കണ്ടുപിടിച്ച ഈ ശിക്ഷ എവിടെവെച്ചു ഏതുവിധമായിട്ടാണ നീ നിറവേറുവാൻപോകുന്നത്? എന്നു ചോദിച്ചു.

ആകയാൽ അവൻ അതി ധൈര്യപ്രാപിച്ചു രാജാവിനെ നോക്കി പറയുന്നതായത്: മഹാരാജാവെ, അങ്ങീനും ഈ കൂടിയിരിക്കുന്നവർ സകലരും ദൃഷ്ടിതെളിയെ അത് ദർശിക്കേണ്ടതിലെക്കായി ഇവിടെവെച്ചു അങ്ങെ തിരുസ്സന്നിധിയിൽവെച്ചുതന്നെയാണ ദാസൻ അത് നിവൃത്തിപ്പാൻപോകുന്നത്. കാൽമണിക്കുറു (ടൈം) ഇടകല്പിച്ചുതന്നാൽ, ഈ ദുഷ്ടപാചകൻ അഗ്നിയിൽ കിടന്നു കരിയുന്നത് അവിടെക്കു കാണാം.

ഒ! സബാസ്, ബേഷ് ബേഷ് കാഷ്ടി, നിനക്കു ഈഗ്ലീഷുക്കൂടെ തിരിയുമല്ലൊ നീ മിടുക്കൻതന്നെ. നമ്മുടെ മുമ്പിലത്തെ വാക്കു നാം മറക്കയില്ല കെട്ടൊ. ക്ഷണം നിറവേറുക എന്നും പറഞ്ഞുകൊണ്ടു വിരു

ന്നുകാരൊട്ട പിന്നെയും പറയുന്നതായത്: മഹത്തുക്ക
ളായവരെ, നിങ്ങൾ ഇപ്പൊൾ ഭക്ഷിക്കയും പാനം
ചെയ്കയുംചെയ്ത ഭോജനപദാർത്ഥങ്ങളാലും അതി ര
സകരമായ പാനീയങ്ങളാലും നിങ്ങൾ അനുഭവിച്ച
ആനന്ദസന്തോഷങ്ങളെക്കാളും ചെവികളിൽ വീണ
ആ കണ്ണരസമായ ഇമ്പഗാനസംഗീതവാദ്യക്കൂക്ക
ളുടെ ധ്വനികളാൽ അനുഭവിച്ച മനൊഹര പരവ
ശങ്ങളെക്കാളും പത്തിരട്ടി അധികം കണ്ണിന്നും ചെ
വികൾക്കും മനസ്സിന്നും ആഹ്ലാദവും ആനന്ദവും സ
ന്തോഷവും വരുത്തുന്ന ഒരു കാഴ്ചയാണ ഇപ്പൊൾ ന
മ്മുടെ കാഴ്ചി ഇവിടെ കാണിപ്പാൻപോകുന്നത എ
ന്നു അതു കാണുമ്പോൾമാത്രം നിങ്ങൾക്ക മനസ്സിലാ
കും. (എന്തൊരുഭൂഗസ്വഭാവിയായ ക്രൂരൻ!!)

എന്നാൽ അവിടെ ഉണ്ടായിരുന്നവരിൽ മഹാ
ദുഷ്ടന്മാരായ ചിലരൊഴികെ മറെറല്ലാവരും ഇതുനി
മിത്തം നന്നാ ദുഃഖിച്ചു പരിതപിച്ചുകൊണ്ടു, ഇതു എ
ന്തൊരുവക അന്യായമാണ? ദൈവമെ, ഈ ഒരല്പ
തെറെറിന്നു ഇത്ര മഹാ കഠോരമായ ഒരു ശിക്ഷകല്പി
ക്കുന്നത് ദൈവത്തിന്നു നിരക്കുമൊ? എന്നു ചിലർ പ
റകയിൽ, നമ്മുടെ പുണ്യവതിയായ രാജ്ഞി ഇവിടെ
ഉണ്ടായിരുന്നുവെങ്കിൽ ഈ വിധ അതിക്രമം നടക്കാ
ഞ്ഞെനെയല്ലൊ എന്നു മററു അനേകർ പറഞ്ഞു പ്ര
ലാപിച്ചിരുന്നു. അപ്പൊൾ വേറ ചിലർ, ഈ സംഗ
തി യോഹന്നാൻഗ്രുസ്വാമിയാർ അറിഞ്ഞിരുന്നെങ്കി
ൽ, അയ്യൊ പാപം! ഇങ്ങിനെ പ്രലാപിച്ചു നിലവി

ളിക്കുന്ന ഈ നിർഭാഗ്യനെ സംശയമെന്യെ അദ്ദേഹം കാത്തുരക്ഷിച്ചേനെയല്ലൊ എന്നും പറഞ്ഞു പ്രലാപിച്ചിരുന്നു.

അപ്പൊൾ പിന്നെ ചിലർ, ഇല്ല ഇല്ല. ഇനി രാജൻ സ്വാമിയാരുടെ വാക്കു കേൾക്കയില്ല എന്നും പറഞ്ഞു. രാജാവു കുറെ മുറവനായ ആൾപ്രൈഡ് പ്രഭുവിനെ ശിക്ഷിപ്പാനും, പുണ്യവതിയായ രാജ്ഞിയുടെ ധർമ്മവ്യാപാരത്തിന്മെൽ വ്യർത്ഥമായിട്ടു സംശയിപ്പാനും, അതി പരിശുദ്ധനായ യോഹന്നാൻ ഗുരുസ്വാമിയാരുടെ ഉപദേശവാക്കുകളെ നിരസിപ്പാനും എന്നാരംഭിച്ചുവൊ ആ ക്ഷണത്തിൽ തന്നെ ദൈവകോപം നമ്മുടെ നാട്ടിന്മെൽ വീണിരിക്കുന്നു. ഇവ സകലത്തിനും ഏക കാരണം ആ ആത്തൊപ്രഭുതന്നെയാകുന്നു എന്നു ഒരോരുത്തർ തമ്മിൽ തമ്മിൽ പറഞ്ഞിരുന്നു.

താൻ അഗ്നിയിൽ ഇടപ്പെട്ട ദഹിപ്പിക്കപ്പെട്ടുവാൻപോകുന്നു എന്നു അന്തോനി അറിഞ്ഞ ഉടനെ പറഞ്ഞൊപ്പിക്കരുതാത്ത ദുഃഖവ്യസനം അനുഭവിക്കയാൽ പ്രലാപിച്ചു കരഞ്ഞു നിലവിളിച്ചുകൊണ്ടു രാജന്റെ കാല്പാദങ്ങളിൽ സാഷ്ടാംഗമായിവീണു പറയുന്നതായത്: മഹാരാജാവെ, അടിയന്റെമേൽ കരുണയായിരിക്കെണമെ. അങ്ങെ അരമനയിൽ അവിടത്തെ അപ്പനായ രാജാവിന്നും അവിടെക്കും ഇരുപതു വത്സരങ്ങളിൽ അധിക കാലമായിട്ടു അടിയൻ വേലചെയ്യുവരുന്നല്ലൊ. ഇതെവരെക്കും എന്റെ ജോ

ലി എത്രയൊ ജാഗ്രതയായിട്ടു ഞാൻ നടത്തിവന്നീരു ന്നു. ഒരു പൈപോലും പിഴകെട്ടുവാൻ ഇതെവരെ സംഗതിവന്നിട്ടില്ലല്ലൊ. ഇന്നു ഇനിക്കു വളരെ വേ ലകൾ ഉണ്ടായിരുന്നതു നിമത്തവും അനേകക്കു വ ളരെ വേലകൾ കൊട്ടത്തു ഏല്പിച്ചിരുന്നതുമുഖാന്തര വുമാണു അവിടെക്കായി ചമച്ച പക്ഷി അല്പമൊന്നു മൊരിഞ്ഞുപോയതു്. മഹാരാജാവെ, എന്റെ ഈ അബദ്ധത്തെ അങ്ങീന്നു പൊറുത്തരുളണമെന്നു അ ങ്ങെ മഹത്വ ഉന്നതിയൊട്ട അടിയൻ സാദ്ധ്യമായിട്ടു പ്രാർത്ഥിച്ചുകൊള്ളുന്നെൻ എന്നു മഹാ പ്രലാപത്തൊ ടെ പൊറുതി അപേക്ഷിച്ചു. അതിന്നു കരിമ്പാറ ഹൃ ദയനായ വെൻസ്ലൗസു അല്പംപോലും കരുണയി ല്ലാതെ ശിക്ഷാഘാതകനെ നോക്കിപറഞ്ഞരായതു: കാഷ്ടി, ഇതെവരെയും നിന്റെ ജോലി നിറവേറി യില്ലെ? നമ്മുടെ മുമ്പിൽനിന്നു ഈ പാതകവുള്ളിയെ പിടിച്ചുകൊണ്ടുപോക എന്നു അലറി പറഞ്ഞു.

ദുഷ്ടനായ കാഷ്ടി ക്ഷണംവന്നു അന്തോനിയെ പിടിച്ചു വലി ഇരമുഗത്തെ കൊണ്ടുപോകുംവണ്ണം ശര ശരെ എന്നു വലിച്ചിഴച്ചു കൊണ്ടുപോയി ഒരെ ടത്തു കൊണ്ടിട്ടുകയുംചെയ്തു. അതിന്റെശേഷം പാ ചകത്തിന്നായി ശേഖരിച്ചിരുന്ന വിറകെല്ലാം കൊ ണ്ടുവരുവാൻ വേലക്കാരൊട്ട പറകയും അവർ ഉടൻ വിറകു കൊണ്ടുവന്നു ഒരു കൂനായി അടുക്കുകയുംചെ യ്തു. പിന്നീട്ട ക്രൊരക്രൂരനായ കാഷ്ടി അഭയശബ്ദ മിട്ടു നിലവിളിച്ചു കരയുന്ന അന്തോനിയെ യാതൊരു

വകകരുണയുമില്ലാതെ പിടിച്ചു ഇരുമ്പുതുടലുകളാൽ കൈകാൽ ബന്ധിക്കയിൽ, തന്റെ തോൾ വില്ലയിന്മേൽ ആരൊ പിടിച്ച വലിക്കുന്നത് അറിഞ്ഞു അവൻ തിരിഞ്ഞുനോക്കിയപ്പൊൾ യോഹന്നാൻഗുരുവിനെ കണ്ടു. ഉടനെ അവൻ അട്ടഹത്തിന്നു ആചാരവണക്കങ്ങൾ സമ്പൂർണ്ണമായി അട്ടഹം പറയുന്നതായത്: ഇതെല്ലാമെന്താകുന്നു കാഴ്ച്ച? നീ അവനെ പിടിക്കുന്നത് എന്തിന്നായിട്ടാകുന്നു?

അതിന്നു കാഴ്ച്ച സ്വാമിയാരെ, ഈ അന്തോനി രാജാവിന്നായി ചമച്ച ഇരുമ്പു കരിച്ചങ്ങളഞ്ഞതു മുഖാന്തരം ഇവനെ തീയിലിട്ടു ചുടുന്നതിന്നു രാജൻ കല്പന ആയിരിക്കുന്നു. രാജകല്പനനിറവേറുവാനായി ഇവന്റെ കൈകാലുകൾ തുടൽകൊണ്ടു ഞാൻ ബന്ധിക്കയാകുന്നു എന്നു ഉത്തരിച്ചു.

യോഹന്നാൻഗുരു ഇതെന്തൊരു അതിക്രമമാണു! ആട്ടെ, അവനെ ഇപ്പൊൾ ബന്ധിക്കണ്ടാ. കാല്പം ക്ഷമിക്ക എന്നു പറഞ്ഞു രാജഗൃഹം വിരുന്നുകാരുംകൂടിയിരുന്ന മണ്ഡപത്തിലേക്കു അതിശീഘ്രമായി പോയി പ്രവേശിച്ചു. സ്വാമിയാരെ കണ്ടഉടനെ എല്ലാവർ സകലരും സന്തോഷിച്ചു, ഗുരു എങ്ങിനെയെങ്കിലും ആ നിർഭാഗ്യനെ കാത്തുരക്ഷിക്കുമെന്നു ശരണപ്പെട്ടുകൊണ്ടിരുന്നു. സ്വാമിയാർ രാജസമീപേ ചെന്നു പറയുന്നതായത്: രാജാവെ, അരമണിക്കൂറുമുമ്പു ഒരു കാറുപോലെ ഒരു കഠോരമായ വർത്തമാനം ഞാൻ കേൾക്കനിമിത്തം തങ്ങളുടെ സന്നിധിയിലേക്കു

ഓടിവന്നതാണു. പക്ഷെ സന്ദേഹമായി കേട്ട സംഗതി ഇപ്പോൾ നേരായിട്ടതന്നെയാണു ഭവിച്ചിരിക്കുന്നതു.

അപ്പോൾ പാറീയ മത്തവിലാസത്താൽ മതിമയങ്ങി ഒരു ഭ്രതംപോലെ ചാരിയിരുന്നിരുന്ന വെൻസ്ലാവൂസു ശിരസ്സു ഒന്നു നിവിത്തി നോക്കിക്കൊണ്ടു, യോഹന്നാൻ നെപ്പുമസ്യൻ സ്വാമിയരൊ എന്നു വായിൽ ഒന്നു മന്ത്രിച്ചു.

ഉടൻ ഞാൻതന്നെയാകുന്നു മഹാരാജാവെ, എന്നു സ്വാമിയാർ പറഞ്ഞു.

അപ്പൊൾ രാജൻ ബഹു നീരസത്തോടെ കരങ്ങൾകൊണ്ടു മേശമെൽ ബലമായി അടിച്ചുകൊണ്ടു, നാം എവിടെ പോയാലും താൻ ഇനിക്കു വിരോധിയായിട്ടു അവിടെ വരും അല്ലെ? എന്നു വളരെ ദുഃഖത്തൊടെ ഗ്രന്ഥവോട്ടു പറഞ്ഞു.

അതിന്നു ഗ്രന്ഥസ്വാമി മഹാരാജാവെ, ഈ വിധമായ വാക്കുകൾ ഒരു ക്രീസ്തുവന്റെ വായിൽനിന്നു പുറപ്പെടെണ്ടിയ വാക്കുകൾ അല്ല. എന്നാൽ ഞാൻ ഒരിക്കലും ഒരു ഉപദ്രവവും തങ്ങൾക്കു വരുത്തിയിട്ടില്ല. പക്ഷെ പാപത്തെ വിരോധിച്ചു തടുക്കുന്നതു സത്യഗ്രന്ഥമായ എന്റെ കടപ്പെട്ട ജോലിയാകുന്നു എന്നു അറിയാമല്ലൊ.

രാജാവു അങ്ങിനെ ആകുന്നു എങ്കിൽ നമുക്കു വിരോധംചെയ്യുന്നവക്കുള്ള ശിക്ഷ എന്താകുന്നു എന്നു തനിക്കു അറിയാമൊ?

ആ ശിക്ഷകൾ ഒന്നിനും ഇനിക്ക് ഒരു ഭയവുമില്ല രാജാവെ. എന്റെ കടമ ഞാൻ നിറവേറുന്നതിൽ എന്തുതന്നെ വന്നാലും— ദുഃഖമൊ, സങ്കടമൊ, തൊന്തരവുമൊ, അപമാനമൊ, കടശി മരണംതന്നെയൊ നേരിട്ടാലും അവ എല്ലാറിനും ദൈവകൃപയാൽ ഞാൻ തുനിഞ്ഞാണു പുറപ്പെട്ടിരിക്കുന്നത് എന്നുമാത്രം അശേഷം ഭയമില്ലാതെ പറഞ്ഞു.

ആട്ടെ കൊള്ളാം. താൻ ഈ സമയത്തു ഇവിടെക്കു വന്ന കാരണമെന്താകുന്നു?

തങ്ങളുടെ പാചകനെ അഗ്നിയിലിട്ടു ചുടുന്നതിനു തങ്ങൾ തീർമ്മാനിച്ചിരിക്കുന്ന വിവരം കേട്ടാണു ഞാൻ ഓടിവന്നത്.

ഇതു മഹാ ഒരു ദിവസത്തിൽ, രണ്ടായിരം പേർ വിശ്വസ്തകാർ കൂടിയിരിക്കയിൽ, നമുക്കായി പ്രത്യേകിച്ചു ദൂരദേശത്തുനിന്നു വന്നിരിക്കുന്ന ആ അപൂർവ്വപക്ഷിയെ അവൻ കരിച്ചുകളഞ്ഞതുമുഖാന്തരമാണു നാം അവനു ശിക്ഷ വിധിച്ചത്.

മഹാരാജാവെ, ഈ സമയത്താണു തങ്ങൾക്കു കണികാണിക്കേണ്ടിയത്. അല്പന്മാർ പ്രവൃത്തിക്കുന്നതെറ്റുകളെ മഹാന്മാർ പൊറുക്കുന്നതിനു കടമാണു എന്നു ലോകമനുഷ്യർക്കുടെയും അറിഞ്ഞു അതിൻവണ്ണം പ്രവൃത്തിച്ചുവരികയിൽ, തങ്ങളും ഈ സംഗതിയിൽ ഇവനു മാപ്പുകൊടുക്കുന്നത് അങ്ങേ ഉന്നതസ്ഥാനത്തിനു എതുയൊ അഴകായ ഒരു പ്രവൃത്തിയാണു.

അതു ഒരിക്കലുമില്ല. എന്റെ പക്ഷിയെ കരിച്ചുകളഞ്ഞ ആ നീചനും ഇപ്പോൾ അഗ്നിയിൽ കിടന്നു കരിയുന്നതു് നമ്മുടെ നേത്രങ്ങൾകൂളിരെ കണ്ടല്ലാതെ നമ്മുടെ കോപം ശമിക്കുന്നതല്ല.

മഹാരാജാവെ, ഇവൻചെയ്ത ഈ അല്പത്തെറ്റിനു ഇത്ര ക്രൂര മരണശിക്ഷ വിധിക്കുന്നതു് നീതിയാകയില്ലല്ലൊ.

എന്താപറഞ്ഞതു്? നമ്മെപ്പോലെയുള്ള ഒരു രാജനെ സംബന്ധിച്ച വിഷയങ്ങളിൽ അല്പസംഗതി എതെങ്കിലുമുണ്ടൊ?

മഹാരാജാവെ, തങ്ങൾ മത്തവിലാസ വെറിനിമിത്തവും കോപാഗ്നിയിൻ ആവേശം മുഖാന്തരവുമാണു ഇതിൻപ്രകാരം കാര്യത്തെ ശരിയായിട്ടു പരിശോധിച്ചുനോക്കാതെധൃതിപ്പെട്ടതു. അതു അശേഷം വിവേകമാകയില്ല. വല്ലച്ചുവരെയ്ക്കും ഒന്നു താമസിച്ചാൽ തങ്ങളുടെ ഈ ഘോരമായ പാതകത്തെ തങ്ങൾ തന്നെ കണ്ടു ബോധിപ്പാനിടവരും.

ഒ! ഹൊ! നമ്മൊടു ഉപദേശിപ്പാനായിട്ടു ഇപ്പൊൾ തന്നെ വിളിച്ചുവരുത്തിയതാരാണു?.

യാതൊരുത്തനും എന്നെ വിളിച്ചിട്ടല്ല ഞാൻ വന്നതു്. പാവം. ആ നിർഭാഗ്യനായ മനുഷ്യന്റെ ഒരു അല്പ ജാഗ്രതക്കുറവുനിമിത്തം അഗ്നിയാൽ ദഹിപ്പിക്കപ്പെട്ടതിനു അന്യായമായി വിധിക്കപ്പെട്ട വിവരം കേൾക്കയിൽ, തങ്ങൾ ഈ മഹാപാതകം പ്രവൃത്തിക്കാതിരിക്കുന്നതിനു എന്നാലായ പ്രയത്നംചെയ്യാ

ൻ കരുതി ഞാൻതന്നെ ഓടിവന്നതാണു രാജനെ.

ഒ! അവനെ മരണത്തിൽനിന്നു കാത്തുരക്ഷിക്കുന്നതിനു തനിക്കു ബാഹ്യ താല്പര്യമുണ്ടാകുന്നു എന്നു തോന്നുന്നുവല്ലൊ.

അതെ രാജാവെ, അവനു മക്കൾ അനേകരുണ്ടു. അവനൊരുത്തന്റെ ദേഹദണ്ഡംകൊണ്ടുമാത്രംതന്നെയാണു അവരെല്ലാവരെയും സംരക്ഷണ ചെയ്യുവരുന്നതു്.

ആകട്ടെ കൊള്ളാം. അങ്ങിനെയാണെങ്കിൽ നമുടെ ഈ പാചകന്റെ ആയുസ്സും മരണവും തന്റെ കൈവശത്തിലിരിക്കുന്നു. തനിക്കു ഇഷ്ടമുണ്ടെങ്കിൽ അവനെ രക്ഷിക്കാം. ഇല്ലെങ്കിൽ അവനെ അഗ്നിക്കു ഇരയുമാക്കാം.

മഹാരാജാവെ, അവനെ രക്ഷിക്കേണ്ടതിന്നല്ലെ തങ്ങളൊട്ട ഇപ്പോൾ ഞാൻ ഇരന്നു പ്രാർത്ഥിക്കുന്നതു്.

അങ്ങിനെയായിരുന്നാൽ നമ്മൊട്ടുകൂടെ വരിക എന്നു പറഞ്ഞു, രാജാവു സമീപമുള്ള ഒരു മുറിയിലെക്കു പോയി, ഗുരുവോട്ട പറയുന്നതായതു്: പാചകനെ മരണത്തിൽനിന്നു രക്ഷിപ്പാൻ തന്നാൽ കഴിയും. താൻ വാ തുറന്നു ഒരു വാക്കുമാത്രം പറഞ്ഞാൽ മതി.

മഹിപതിയായ രാജാവെ, ആ മനുഷ്യനു മാപ്പുകൊടുക്കുന്നതിനു എന്റെ വായാലെ മാത്രമല്ല, എന്റെ മുഴുഹൃദയത്തൊടെ അങ്ങെയൊട്ട ഞാൻ സാ

ദ്ധ്യമായി ഇരന്നു പ്രാർത്ഥിക്കുന്നേൻ എന്നു ഗുരുസ്വാമിയാർ ഉത്തരിച്ചു.

നമ്മുടെ ലാക്കു ഇതല്ല. പിന്നെയോ, ചില ദിവസങ്ങൾക്കുമുമ്പു തന്നോടു നാം ചോദിച്ചസംശയത്തിക്കു തൃപ്തികരമായ മറുമൊഴി താൻ പറഞ്ഞാൽമാത്രം മതി.

അത് എന്താകുന്നു മഹാരാജാവെ?

ഇത്രനിമിഷം താനതു മറന്നുപോയൊ? രാജ്ഞിയുടെ പാപസങ്കീർത്തനത്തെ നമുക്കു താൻ വെളിപ്പെടുത്തുന്നപക്ഷം ഈ ക്ഷണത്തിൽതന്നെ വാചകനെ നാം വിട്ടയച്ചേക്കാം.

അതിന്നു ഗുരുസ്വാമിയാർ കരങ്ങൾരണ്ടും മാവ്വിൽ സ്ലീവാ ആകൃതിയിൽ വെച്ചുകൊണ്ടു പറയുന്നതായത്: ഇതെന്തൊരുവക മാരണമാണു? ഞാൻ മുൻ പറഞ്ഞവകൾ സകലവും മറന്നുംവെച്ചു പിന്നെയും എന്നെ പരീക്ഷിക്കുന്നതിന്നു തങ്ങൾ പുറപ്പെട്ടിരിക്കുന്നല്ലൊ. എന്റെ ശിരസ്സു തങ്ങൾ ഖണ്ഡിച്ചാലും ശരി, ദൈവപ്രമാണത്തെ ഒരിക്കലും ഞാൻ ലംഘിക്കുന്നതല്ല.

ആകയാൽ അപ്പൊൾ വെൻസ്ലാവൂസു മിതം കടന്നവിധം കോപവെറിയുന്നായി പറയുന്നതായത്: മൂർഖനും അഹങ്കാരിയുമായ ഗുരുവെ, പോ. പുറത്തു കടന്നുപോ. നമ്മുടെ സമൂഹത്തിൽ ഇനി ഒരു ക്ഷണം താൻ നിൽക്കണ്ട എന്നു അലറി നിലവിളിച്ചുകൊണ്ടു വിരുന്നുമണ്ഡപത്തിലെക്കു തിരികെ വന്നു.

അപ്പോൾ യോഹന്നാൻസ്നാപകസ്വാമിയാർ അല്ല ഭയമെന്നു രാജനെ പിന്തുടർന്നവരുന്ന രാജസന്നിധിയിൽ നിന്നുകൊണ്ടു പറഞ്ഞതായത്: മഹാരാജാവെ, തങ്ങളെ എന്തിനായിട്ടാകുന്നു സർവ്വേശ്വരൻ ചക്രവർത്തിയെന്ന ഈ ഉന്നതസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത്? തങ്ങളുടെ ഇഷ്ടപ്രകാരം പാപക്രമങ്ങളെ പ്രവൃത്തിപ്പാനായിട്ടാകുന്നോ? മൃഗങ്ങളെ കൊല്ലുവണ്ണം ഒരു ന്യായവും നീതിയുംകൂടാതെ മനുഷ്യരെ നിർമ്മൂലമാക്കുന്നതിനായിട്ടാണോ? പരിഛേദമല്ല. പിന്നെയോ, തങ്ങളുടെ രാജ്യത്തിലുൾപ്പെട്ട പ്രജകളെ കാത്തുരക്ഷിക്കുന്നതിനും, നീതിന്യായത്തെ പരിപാലിപ്പാനും, അന്യായങ്ങളെ ശിക്ഷിക്കുന്നതിനും, ദരിദ്രരെ സഹായിക്കുന്നതിനും, പാപങ്ങളെ വിലക്കി സർവ്വേശ്വരന്റെ രാജിതത്തെ പരത്തുവാനുമായിട്ടുമാത്രമാണു സർവ്വേശ്വരൻ തങ്ങൾക്കു ഈ ഉന്നത അധികാരം തന്നിരിക്കുന്നത്. തങ്ങളോ എന്നാൽ, ഇവകൾ ഒന്നും അശേഷം ചിന്തിക്കാതെ തങ്ങൾമാത്രമാണു സുഖത്തിനും അധിപതികത്താവു എന്നവിധം പാപമെന്നും പുണ്യമെന്നും ഒന്നും ശ്രദ്ധിക്കാതെ അനവധി പാപക്രിയകൾ നടത്തിവരുന്നു. അതിൽവണ്ണംതന്നെ ഇപ്പോൾ തങ്ങൾ പ്രവൃത്തിപ്പാനിരിക്കുന്ന ഈ നിഷ്ഠുരദ്രോഹം മഹാ കഠോരമായതുമാകുന്നു.

വിശേഷിച്ചും വിശ്വസ്തമുതലായ മൃഗസുഖഭോഗാദികളെ അനുഭവിപ്പാനായിട്ടല്ല സർവ്വേശ്വരൻ തനിക്കു ധനം തന്നിരിക്കുന്നത്; പിന്നെയോ ദാരിദ്ര്യക്ക്

അതിനെ വകവെക്കാതെ കൊട്ടിപ്പാനായിട്ടാകുന്നു തന്നിരിക്കുന്നത്. അതിനെ എങ്ങിനെയാണു താൻ ഉപയോഗിച്ചുവരുന്നത്? തങ്ങൾതന്നെ കുറച്ചൊന്നു ആലൊചിച്ചുനോക്കു.

വായ്ക്കു രുചിപോരാത്തവിധം ഒരു പദാർത്ഥം ചമച്ചതുനിമിത്തം ഒരു മനുഷ്യനെ ഇത്ര കഠോരമായി വേദനപ്പെടുത്തി കൊല്ലുന്നത് എന്തോരുവക അതിക്രമപാപമാകുന്നു? ഇത് എത്രയൊ മഹാ അന്യായമെന്നാണു പറയെണ്ടിയത്. സത്യവേദമറിയാത്തവരായ അജ്ഞാനരാജാക്കളെപ്പൊലെയത്രെ തങ്ങൾ ഈ പ്രവൃത്തിക്കുന്നത്. ആ പാതകം പ്രവൃത്തിക്കാതിരിപ്പാനായി ഇത്ര ഏറെനേരം ഞാൻ തങ്ങളൊട് സാദ്ധ്യമായിട്ട ഇരന്നു പ്രാർത്ഥിച്ചിട്ടും എന്റെ വാക്കു താൻ അശേഷം ചെവിക്കൊണ്ടില്ല. എന്നാൽ ഇപ്പോൾ അപേക്ഷകളും സാദ്ധ്യങ്ങളുമൊക്കെയും വിട്ടെച്ചു സർവ്വജീവിയും, നീതിമാനുമായ സർവ്വേശ്വരന്റെ തിരുനാമത്തിൽ തങ്ങളൊട് ഞാൻ മുൻ അറിയിക്കുന്നവകളെ കേട്ടുകൊൾക.

പഴയകാലത്തിൽ ബൽദസാർ എന്ന രാജാവു അതിക്രമമായ ഒരു സംഘംക്രൂരവിരുന്നുകഴിച്ചു മൃഗത്തെപ്പോലെ തിന്നുകുടിച്ചു, ആടി പാടി ചിരിച്ചു ഉല്ലസിച്ചുംകൊണ്ടിരിക്കും സമയത്തിൽ കാണപ്പെടാത്ത ഒരുവന്റെ കൈകൊണ്ടു "മാനെ, താക്കെൽ, പാറെശ്" എന്ന ഭയങ്കരമായ മൂന്നു വാക്യങ്ങളെ ആ വിരുന്നുമണ്ഡപച്ചുമരിന്മെൽ എഴുതി. എന്നാൽ

രാജനും വിരുന്നുകാരും അതു കണ്ടു ഭയന്നു കലങ്ങി ഭ്രമിച്ചിരിക്കയിൽ, പുണ്യവാനായ ദാനിയെൽ ദീർഘദർശി രാജസമക്ഷം ചെന്നു, അ മൂന്നു വചനങ്ങളുടെ മറയപ്പെട്ട അർത്ഥം താഴെ പറയുംപ്രകാരം വിവരിച്ചു കേൾപ്പിച്ചു:

"മാനെ" എന്നതിന്റെ അർത്ഥമെന്തെന്നാൽ: രാജാവെ, തന്റെ രാജ്യഭാരത്തിൻ കാലാവധി എണ്ണി അവസാനിച്ചിരിക്കുന്നു. "താക്കെൽ" തന്റെ വ്യാപാരങ്ങൾ തുലാസ്സിൽ തൂക്കപ്പെട്ടു, നന്നാ കുറവായി കാണപ്പെട്ടിരിക്കുന്നു. "പാറെശ്" തന്റെ രാജ്യം പകുക്കപ്പെട്ടു പെർസ്യക്കും, മെദിയനക്കും കയ്യാളിക്കപ്പെട്ടിരിക്കുന്നു എന്നു ദാനിയെൽ ദീർഘദർശി ബൽദസ്സർ രാജനോടു പറഞ്ഞു.

അതുപോലെതന്നെ ഞാനും തങ്ങളോടു പറയുന്നതെന്തെന്നാൽ: ഇപ്പഴും മാനെ, താക്കെൽ, പാറെശ് എന്നആ മൂന്നു ഭയങ്കരമായ വാക്യങ്ങൾ ഈ രാജമന്ദിരത്തിൻ ചുമരിന്മേലും അളുശ്യകരങ്ങളാൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിന്മേൽ അല്പംപോലും സംശയിക്കുന്നതിന്നു ഇടയില്ല. അതെ രാജാവെ, ഇത് സത്യമാകുന്നു. തങ്ങളുടെ പ്രവൃത്തികൾ തുലാസും കുറഞ്ഞതായി കാണപ്പെട്ടുകഴുവാനാരും എത്രയും നിമിഷത്തിൽ തങ്ങളുടെ രാജ്യം തങ്ങൾക്കു പൊയ്പോകുന്നതുമെന്നു മാത്രമല്ല തന്റെ രാജ്യസിംഹാസനത്തിൽ വാഴുന്നത് താൻതന്നെ കാണുകയുംചെയ്യും. തങ്ങളുടെ വ്യാപാരം ക്രീസുവക്കട്ടത്ത ഒമ്മ വു

ണ്യവ്യാപാരമല്ല എന്നു സർവ്വേശ്വരൻ അറിഞ്ഞു, തന്റെ രാജ്യത്തെ വേറെ ആളുകൾക്കു കയ്യാളിക്കും. ആയതുകൊണ്ടു "മാനെ, താക്കേൽ, പാറെശ്" എന്ന ഈ ത്രി'വാക്യ സാരാംശം തന്റെമേൽ നിറവേറുന്നത് താൻതന്നെ കണ്ണാൽ കാണേണ്ടിയുംവരും.

അതെ, ദയാപരനായ സർവ്വേശ്വരൻ ഇതുവരെ തന്റെ കണക്കിലടങ്ങാത്ത പാപാക്രമങ്ങളെ ക്ഷമയോടെ കണ്ടു സഹിച്ചുകൊണ്ടുവന്നിരുന്നു. ഇനി അങ്ങനെ ക്ഷമസ്സ്വഭാവം അങ്ങനെ നീതിമാത്രം തന്റെമേൽ വിളങ്ങുമെന്നത് സത്യമാകുന്നു. ഹാബെലിന്റെ രക്തം പരമണ്ഡലങ്ങളിലൊളം കേറി ഏതുപ്രകാരം ആവലാധിപ്പെട്ടുവോ ആ വിധംതന്നെ താൻ ഇപ്പോൾ അന്യായമായി കൊല്ലുവാനിരിക്കുന്ന ഈ മനുഷ്യന്റെ രക്തവും ആകാശമണ്ഡലത്തെ തുളച്ചുകേറിസർവ്വനീതിമാനായ ദൈവത്തിങ്കൽസ്സന്നിധിയിൽ ആവലാധിപ്പെട്ടും. ശ്രദ്ധയായി സൂക്ഷിച്ചുകൊൾക. രാജനെ, സൂക്ഷിച്ചുകൊൾക.

തന്റെ ഈ ദുർവ്യാപാരത്തെ നല്ല വ്യാപാരമാക്കി തിരിച്ചുകൊൾക. ദുഷ്ടന്മാരുടെ ആലോചനകൾക്കു ചെവികൊടുത്തുപോകല്ലെ എന്നു പറഞ്ഞുതീരും മുമ്പുതന്നെ വെൻസ്ലാവൂസുരാജൻ കോപവെറിയാൽ പൊങ്ങി നേത്രങ്ങളിൽനിന്നു തീപ്പൊരി പറന്നും, മുണ്ടകൾ രക്തം പുറപ്പെടത്തക്കവിധം കടിച്ചുകൊണ്ടും വിരുന്നുകാരുടെനേരെ തിരിഞ്ഞു പറയുന്നതായത്: വിശ്വസ്ഥരായഎന്റെ പ്രജകളെ, ഈ ദുഷ്ടൻ

രുവിന്റെ അഹമ്മതി നിങ്ങൾ കണ്ടില്ലെ? നമ്മുടെ രാജ്യത്തിലുള്ളവർ സകലരും നമ്മെ ഭയന്നു കീഴ്മേ ൽ മറിവരികയിൽ മുക്കതയുള്ളവനായ ഈ അഹംഭാവി ഗുരുമാത്രം നമ്മെ ഭയപ്പെട്ടുത്തുവാൻ തുനിഞ്ഞിരിക്കു ന്നു. അല്പമെങ്കിലും ഒരു ദാക്ഷിണ്യമില്ലാതെ നമ്മുടെ മുഖത്തെച്ചുതന്നെ ഇത്ര നിന്ദയായിട്ടു സംസാരി ക്കുന്നത് എന്തൊരുവക നെഞ്ഞുറപ്പമെന്നാണു പറ യേണ്ടിയതു? അതുകട്ടെ കൊള്ളാം. അവന്റെ ഈ മ ദവൈരിയെ ഞാൻ ക്ഷണത്തിൽ അടക്കാം. ഘനവാ ന്മാരെ, ഇപ്പോൾ പാചകൻ അഗ്നിയിൽ കിടന്നു ദ ഹിക്കുന്ന ഒരു കാഴ്ചമാത്രമല്ല നിങ്ങൾ കാണ്മാൻപോ കുന്നത്. പിന്നെയും അതിലും മെച്ചമായ വേറെ ഒ രു കാഴ്ചകൂടിയും നിങ്ങൾ കാണും എന്നു പറഞ്ഞു.

പിന്നീടു സമീപെനിന്നിരുന്ന സേവകരുടെനേ രെ തിരിഞ്ഞുപറയുന്നതായത്: നിങ്ങൾ ഉടൻതന്നെ ഈ ദുഷ്ടഗുരുവിനെ പാറാവിലെക്കു വലിച്ചുകൊണ്ടു പോകുവിൻ. ഇത്ര നെഞ്ഞുറപ്പുള്ള പാതകനായ ഈ ഗുരുവിന്റെ മദവൈരിയെ ക്ഷണത്തിൽ നമ്മുടെ കാഴ്ചി അടക്കിക്കൊള്ളും. ഇവന്റെ അഹങ്കാരത്തെ അവൻ ശമിപ്പിക്കും. ഇവൻ പിടിവാശമായി പിടിച്ചു വെച്ചുകൊണ്ടിരിക്കുന്ന ആ രഹസ്യത്തെ അവൻ പി ടിച്ചുപറിച്ചെടുത്തുകൊള്ളും എന്നു അലറി ഗർജ്ജിച്ചു പറകയുംചെയ്തു. ഉടൻതന്നെ രാജകല്പനപ്രകാരം യോഹന്നാൻ ഗുരുസ്വാമിയാരെ സേവകർ വിജനശാലയിൽനിന്നു പാറാവിലെക്കു കൊണ്ടുപോയി ബ

സ്ഥവസ്തിലാക്കി ഭദ്രപ്പെടുത്തുവാൻ യത്നിച്ചുതുടങ്ങി.

ഉടനെ ക്രൂരഹൃദയനായ കാഫ്ഫി അന്തോനിയുടെ കൈകാലുകൾ ബന്ധിച്ചു, ഒരു കുന്തംപോലെ അടക്കിയിരിക്കുന്ന വിറകിന്മേൽ കിടത്തിക്കൊണ്ടു വിറകിൽ തീപൂട്ടുകയുംചെയ്തു. തൽക്ഷണം പുകയും, പുകയും എന്നു പുക പുറപ്പെട്ടു അഗ്നി നാലുവശവുംപറ്റി ജ്വലിച്ചു എരികയിൽ പാപം! ആ ദുർഭാഗ്യനായ പാപചകൻ ചൂടും വേദനയും സഹിയാതെ കരിങ്കല്ലു ഹൃദയത്തെക്കൂടെ അലിക്കത്തക്ക സ്വരത്തിൽ അലറി പതറി നിലവിളിച്ചിരുന്നു. ഈ പരിതാപകരസംഭ്രമനിലവിളിയെ കേട്ടു, പൈശാചികസ്വഭാവിയായ രാജനും, ക്രൂരഹൃദയമുള്ള ചിലവിരുന്നുകാരും വിരുന്നുമണ്ഡപത്തിന്റെ തട്ടിന്മേൽനിന്ന ജനാലുകളിൽക്കൂടി നോക്കിക്കണ്ടു ചിരിച്ചു ആനന്ദിച്ചിരുന്നു. ഓ! എന്തൊരു ക്രൂരതയാണു.

എന്നാൽ യോഹന്നാൻ ഗുരുസ്വാമിയാർ പാപാവിലെക്കു പോകുംവഴി അഗ്നിയിൽ കിടന്നു കഠിനവേദന സഹിക്കുന്ന അന്തോനിയുടെ സമീപത്തെത്തുന്നു മുട്ടുകുത്തി മഹാ ദുഃഖവ്യസനത്തോടെ തുങ്ങിപ്പെട്ടുപാപം ഉയത്തി കാണിച്ചുകൊണ്ടു പറയുന്നതായതു: അന്തോനി, ഇതാ നോക്കുക. മകനെ, നമ്മുടെ പാപങ്ങളെപ്രതി അന്യായമായി ക്രൂശിന്മേൽ തറയ്ക്കപ്പെട്ടു മരിച്ച ദിവ്യ ഈശോയെ നോക്കുക. തന്നെ നീകണ്ടുപടിച്ചു നിന്റെ വിരോധികളോടു നീ പൊറുത്തുകൊണ്ടു നിന്റെ പാപങ്ങളെപ്രതി മനസ്താപപ്പെട്ട

കൊൾക എന്നു അ സമയത്തിന്നു ഉചിതമായ ബുദ്ധി യുപദേശങ്ങൾ പറഞ്ഞുകൊടുത്തുകൊണ്ടു ക്ഷണം അടച്ചു ദോഷപോക്കുകയും ചെയ്തു. അല്പംകഴിഞ്ഞ പ്പോൾ അന്തോനി മരിച്ചു ഒരു അര മണിക്കുറിനുള്ളിൽ അഗ്നിയാൽ ഭസ്മമായിതീരുകയുംചെയ്തു. ആ!! ഇ തെന്തൊരുവക നിഷ്ഠുരത!!

൧൦-ാം അദ്ധ്യായം.

യൊഹന്നാൻഗുരുസ്വാമിയാർ
പാറാവിൽവെച്ചു അനുഭവിച്ച വേദനകൾ.

പാചകൻ അന്തോനി അഗ്നിയാൽ ബാധിക്കപ്പെട്ടകയിൽ ഉണ്ടായ പ്രലാപ നിലവിളികൾ കേട്ടു, രാജനൊട്ടുക്കുടെ ചിലർമാത്രം ചിരിച്ചു ആനന്ദിച്ചു. എന്നാൽ മിക്കവരും ബഹു ദുഃഖപരിതാപം അനുഭവിച്ചിരുന്നു. മറനേകർ യോഹന്നാൻഗുരു പറഞ്ഞ ദീർഘദർശനവാക്യങ്ങളാൽ അതിഭയവും പരിഭ്രമവും പൂണ്ടു ഈ വിരുന്നിന്നു ശേഷമുണ്ടാകുന്നായാട്ടു ആട്ടംപാട്ടുമുതലായവിനോദങ്ങൾ ഒന്നിലും തങ്ങൾ കൂട്ടുകയില്ലെന്നു മനംകൊണ്ടു ഉറച്ചു തമ്മിൽ പറഞ്ഞുറക്കയും ചെയ്തു. മഹാദുഃഖപരിതാപകരമായ ആ കാഴ്ച അവസാനിച്ച ഉടൻ വിരുന്നുകാർ രാജ അനുമതിപ്രാപിച്ചു തങ്ങളുടെ ഭവനങ്ങളിൽ പോയിചേർന്നു.

എന്നാൽ പുലിയെക്കാൾ കഠോരമായസ്വഭാവവും കരിങ്കല്ലിനെ സമമായ ഹൃദയവുമുള്ളവനായ വെൻസ്ലാവൂസു, രക്ത വെറി പിടിച്ചു, പാചകന്റെ ആയുസ്സിനെ അന്യായമായി കളഞ്ഞിട്ടും യാതൊരുഭാവമൊ വിഷാദമൊ അശേഷമില്ലാതെ, യോഹന്നാൻ ഗ്രന്ഥവിന്റെ രക്തത്തിനെമുള്ള അതി ദാഹത്താൽ ആ രാത്രിതന്നെ അദ്ദേഹത്തെയും ബാധിക്കേണമെന്നു നിശ്ചയിച്ചു, കാഞ്ചിയെവരുത്തി പറഞ്ഞതായ്തു;

"കാഞ്ചി, നീ ഒരം ക്ഷണത്തിൽതന്നെ പാറാവിൽചെന്നു, കൊടിലുകൾ, ചമ്മട്ടികൾ, പന്തങ്ങൾ നെരുപ്പുട്ടകൾ, ഇരിമ്പു ചങ്ങലകൾമുതലായ ആയുധസാമാനങ്ങൾ തയ്യാറാക്കുക. അരമണിക്കുറിനകം നാം അവിടെ വരുമ്പൊൾ നീ പ്രവൃത്തിക്കേണ്ടിയവകളെ നീ അറിയും." "ഒ! അതു അങ്ങെ ബൊധ ജ്ഞാനം തന്നെ. അങ്ങെ കല്പനപൊലെ നിവൃത്തിപ്പാൻ ദാസൻ കാത്തിരിക്കുന്നു.," എന്നുപറഞ്ഞു പാറാവിൽ ചെന്നു തന്റെ കൃട്ടുകാരൊരുമിച്ചു ആ ക്രൂരമായ ആയുധങ്ങൾ ഓരൊന്നെടുത്തു, വെടിപ്പുവരുത്തി, അടക്കിവച്ചു തയ്യാറാക്കി രാജന്റെ വരവുംപാർത്തുകൊണ്ടിരുന്നു.

യോഹന്നാൻ ഗ്രന്ഥ സ്വാമിയാർ പാറാവിൽ ചെന്നുടനെ യാതൊരു ഭയവും പേടിയുമില്ലാതെ മുമ്പിലത്തെതിൽ അധികം ധൈര്യത്തൊടെ, തന്റെ കഴുത്തിലെ തുങ്ങപ്പെട്ടരൂപം എടുത്തു കരങ്ങളിൽ പിടിച്ചു മുട്ടുകുത്തി, മഹാ ഭക്തിവിനയപുരസരം ചും

ബിച്ചുംകൊണ്ടു, "ആ! എന്റെ നല്ല ദൈവശൊയെ, അങ്ങെ ദൈവം എളിയ ദാസനെ ഇപ്പൊൽ അങ്ങീന്നു കരുണയൊടു തുക്കണ്ണാക്കെണമെ. ഞാൻ യാതൊരു പാതകം പ്രവൃത്തിച്ചതു മുഖാന്തരമല്ല ദൈവം പാറാവിൽ അടക്കപ്പെട്ടിരിക്കുന്നതു; പിന്നെയൊ നിന്നെക്കുറിച്ചു മാത്രമാകുന്നു. നിന്റെ തിരുനാമത്തെ സാക്ഷീകരിപ്പാനാകുന്നു ഇവിടെ ഞാൻ വന്നിരിക്കുന്നതു. നിന്റെ തിരുപ്രമാണങ്ങളെ ലംഘിക്കുന്നതിനെക്കാൾ സകലവിധ ഞെരുക്കദുരിതങ്ങളെയും സഹിക്കുന്നതിന്നു, ഇനികുതന്നിട്ടുള്ള മനൊധൈർയ്യത്തെ അങ്ങീന്നു സ്തിരപ്പെടുത്തിയരുളെണമെ. പാപസങ്കീർത്തന മുദ്രയെ ഭംഗപ്പെടുത്തുവാനായിട്ടു എന്നെ ബാധിക്കുന്ന ആ ദുർഭാഗ്യരാജന്റെ വ്യർത്ഥമായ സന്ദേഹത്തെ അങ്ങീന്നു തീർത്തു പുണ്യവതിയായ രാജ്ഞിയെ സകലവിധ ഞെരുക്കസങ്കടങ്ങളിൽനിന്നും കാത്തു രക്ഷിച്ചരുളെണമെ. എന്റെ മധുരമായ നല്ല ദൈവശൊയെ, എന്നെപ്രതി അപമാനമായ കഴുമരത്തിന്മേൽ തൂങ്ങി, കടശി തുള്ളിവരെയും രക്തം ചിന്തി മരിച്ച എന്റെ രക്ഷിതാവെ, നിന്നെ പ്രതി എന്റെ രക്തം ചിന്തുന്നതിന്നുള്ള ഭാഗ്യം എപ്പൊഴാകുന്ന അടിയന്നു സിദ്ധിക്കുന്നതു?.

നിന്നെപ്രതി ഇതിനേക്കാൾ അധികമായ അപമാനവും, നിന്ദയും, ഞെരുക്കദുഷ്കൃത്യങ്ങളും, കടശി ഭയങ്കരമായ ഒരു മരണവും ഞാൻ സഹിപ്പാനുള്ള കാലം എപ്പോൾ ആകുന്നു വരുന്നതു? അടിയൻ ദൈവം ഭാഗ്യത്തിന്നു അപാത്രവാനായിരുന്നാലും, എന്റെ നാ

ല്ല ഒരപരാധവുമെനിക്കില്ലെന്നുള്ളതിനെ ഞാൻ ശപഥം ചെയ്തു പറയുന്നു. ഇനി നിങ്ങൾക്കു തോന്നുന്നതുപോലെ ചെയ്തുകൊൾവിൻ. എന്നാൽ ഞാൻ ചിന്തിക്കുന്നതിനെ നിങ്ങളോടു പറയുന്നതിനുള്ള വരം അടിയനു ദയയായി കല്പിച്ചു തന്നരുളേണമെ." എന്നു മഹാഭക്തിയോടുകൂടെ പ്രാർത്ഥിച്ചു, പരവശമായിരിക്കയിൽ വെൻസ്ലാവൂസും ആത്തോയും പാറാവിൽ വന്നു പ്രവേശിച്ചു.

രാജൻ ഒരു പൈശാചിക പ്രസാദപുഞ്ചിരിയോടെ കാഷ്ടിയെ നൊക്കി പറയുന്നതായ്തു: "കാഷ്ടി നീ നേരായിട്ടു ഒരു ബുദ്ധിമാൻ തന്നെയാകുന്നു. ഇന്നു നിന്റെ സമർത്ഥതയെ നാം നല്ല വണ്ണം കണ്ടു ബോധിച്ചു. ഇതിനൊക്കുംസമാനമില്ലാതെയിരിക്കയില്ല. കേട്ടൊ" അപ്പൊൾ ശിക്ഷാഘാതകൻ രാജന്റെ വാത്സല്യഭാവത്തിലുള്ള ഒരു വാക്കുകേട്ടു, ആനന്ദിച്ചു, "ഒ! ഇതു അങ്ങെ ബോധജ്ഞാനംതന്നെ. മഹാബോധജ്ഞാനമാണു ഇതു" എന്നും പറഞ്ഞു രാജനു ദണ്ഡനമസ്കാരാചാരങ്ങൾ സമർപ്പിച്ചു. "കാഷ്ടി, ഇനി നിനക്കു വെറൊരു ജോലിക്കുടെയുണ്ടു." എന്നു രാജൻ പറകയിൽ കാഷ്ടി, "അതിനു ദാസൻ തയ്യാറായിട്ടു കാത്തിരിക്കയാണല്ലൊ മഹാരാജനെ"

"കൊള്ളാം. നിന്റെ ബുദ്ധിസാമർത്ഥ്യത്തെ ഇതിലാണു പ്രധാനമായി കാണിക്കേണ്ടിയതു. ആ യോഹന്നാൻ ഗ്രുബിനെ നീ ഇവിടെ ഭദ്രമായിട്ടു സൂക്ഷിച്ചിട്ടില്ലെ?" "ഉവ്വു മഹാരാജനെ. അങ്ങെ കല്പനപ്രകാരം ചെയ്തിട്ടുണ്ടു. ഇതാ ആ ഉൽമുറിയിൽ അടച്ചേഹമുണ്ടു." "ആ പിടിവാദക്കാരനായ ഗ്രുനമ്മെ രാ

ജാവായിട്ടു കരുതുന്നില്ല. നാം സകലർക്കും തലവനാകുന്നു. അതിനാൽ നാം ഇച്ഛിക്കുന്നവ സകലവും നമുക്കു തരുന്നതിനു സകലരും കടപ്പെട്ടിരുന്നാലും, നമ്മുടെ ശമ്പളം വാങ്ങി ഭക്ഷിക്കുന്നവനായ ഒരു ദിഷ്യ ഗുരുമാത്രം നമ്മൊട്ടു മൂക്കുപകാണിക്കുന്നു. സർവ്വരും നമ്മെ ഭയന്നു, കീഴ്ഴങ്ങി നടന്നു, നമ്മുടെ ചൊല്പടി വ്യാപരിച്ചു വരികയിൽ, ഒരു മുരടൻമാത്രം നമ്മൊട്ടു അഹമ്മതികാണിക്കുന്നു.

ആയ്യകൊണ്ടു ഒരു വിധ മൂക്കുതയുള്ളവനെ ശിക്ഷിക്കുന്നതു അത്യാവശ്യകമാണല്ലൊ. നീ പോയി ആ പിടിവാദക്കാരനായ ഗുരുവിനെ ഇവിടെ വലിച്ചും കൊണ്ടുവരിക.' എന്നു അലറി പറഞ്ഞു. ഉടൻ കാഴ്ചി മുറിക്കുള്ളിൽ പോയി, അവിടെ മുട്ടിന്മെൽനിന്നു മഹാ ഭക്തിയോടെ ജപിച്ചു കൊണ്ടിരുന്ന ഗുരുവിനെ വിളിച്ചുടൻ അദ്ദേഹം എഴുന്നെറ്റു രാജസന്നിധിയിൽ വന്നുനിന്നു.

വെൻസ്ലാവൂസു ഗുരുസ്വാമിയാരെ പരുഷവാക്കുകൊണ്ടു' ഒ! മുനീന്ദ്രനെ, നാം ഇതുവരെക്കും നിന്റെ നേരെ ബഹുക്ഷമയാണു കാണിച്ചതു, എങ്കിലും അതെല്ലാം വ്യർത്ഥമായിപൊയി. നിന്നെ ഭയപ്പെട്ടതിയിട്ടും കായ്യം ഇതുവരെ കണ്ടില്ല; എന്നാൽ ഇതു കടശിയിലെ പ്രാവശ്യമായിരിക്കട്ടെ. ഞാൻ നിന്നൊടു ചോദിക്കുന്നതിനു മറുപടി പറയുക. നമ്മുടെ രാജ്ഞി പാപസങ്കീർത്തനം മൂലം നിന്നൊടു പറഞ്ഞിരിക്കുന്ന സകലതും വെളിപ്പെടുത്തി പറയുക.

നമ്മുടെ ചൊദ്യത്തിന്നു ശരിയായ മറുപടിനീ പറയുന്നതായാൽ, നാം മുൻ പറഞ്ഞിട്ടുള്ള ആ ബഹുമാനദാനങ്ങൾ മുതലായവ സകലവും നിനക്കുതരാം. ഇല്ലായെങ്കിൽ ഇതാ നീ നൊക്കുക. ചുറ്റും കണ്ണുതിരിച്ചു നൊക്കുക. നല്ലവണ്ണം സൂക്ഷിച്ചു നോക്കുക. കൊടിൽ, ചമ്മട്ടി, തീപാത്രം, പന്തങ്ങൾ, ഇരിമ്പു ചീപ്പു, കത്തിമുതലായവകൾ നോക്കുക. ഓരോവകയായിട്ടു അടക്കി വെച്ചിരിക്കുന്ന ഭയങ്കരമായ ആയുധങ്ങളെ കുറച്ചു ഒന്നു ചിന്തിച്ചു നോക്കുക'' എന്നുപറകയിൽ യോഹന്നാൻ ഗുരു സ്വാമിയാർ രാജനെ നൊക്കി പറയുന്നതായ്തു:

മഹാരാജാവെ, തങ്ങളെക്കാൾ വലിയ ഉന്നതരാജൻ സർവ്വേശ്വരനാകുന്നു എന്നു തങ്ങൾ ചിന്തിച്ചുകൊള്ളുക തൻറെ കല്പനയെക്കാൾ സർവ്വേശ്വരൻറെ പ്രമാണങ്ങളെ കാക്കുന്നതിന്നു മനുഷ്യർ ഓരൊരുത്തർ കടപ്പെട്ടിരിക്കുന്നു. ആകയാൽ താൻ വ്യർത്ഥമായിട്ടു ആഗ്രഹിക്കുന്ന പാപസങ്കീർത്തന രഹസ്യത്തെ ഒരിക്കലും ഞാൻ വെളിപ്പെടുത്തുന്നതല്ല. ഇവിടെ ഇരിക്കുന്ന ഈ ആയുധങ്ങളെ ഞാൻ നേത്രങ്ങളാൽ കാണുന്നു. എങ്കിലും അവകളെ ഞാൻ ഭയപ്പെടുന്നില്ല. എന്നെ തനിക്കു ഏതുവിധമായി ബാധിപ്പാനാണൊ മനസ്സു എന്നുവെച്ചാൽ ആവിധമെല്ലാം ബാധിച്ചുകൊള്ളാം ഞാൻ മരിച്ചാലും ശരി, ആ അഭിപ്രായത്തെ ഞാൻ ഒരിക്കലും ഭംഗപ്പെടുത്തുന്നതല്ല'

ഈവാക്കുകൾ വെൻസ്ലാവൂസിൻറെ ചെവി

കളിൽ വീഴുകയിൽ, സപ്പുത്തെപ്പോലെ ചീറിക്കൊണ്ട ശിക്ഷാഘാതകനൊട്ട, 'കാഷ്ടീ, ഇനി താമസിക്കേണ്ട. തൽക്ഷണം ഈ ദിഷ്ടനെ ആ വലിയയന്ത്രത്തിന്മേലങ്ങൊട്ട കിടത്തി ചിത്രബാധ തുടങ്ങിക്കൊൾക' എന്നു പ്രമാണിച്ചു. ഉടൻതന്നെ ൟ അടി നീളമുള്ള ഒരു ഇരിമ്പുകട്ടിലിന്മേൽ സ്വാമിയാരെ കിടത്തി, അദ്ദേഹത്തിന്റെ കൈകാലുകളിന്മേൽ ബലമുള്ളകയറുകളാൽ കുടുക്കിട്ടു മുറുക്കി, കട്ടിലിന്റെ അററങ്ങളിലുള്ള നാലു ചെറുകപ്പികളിൽക്കൂടി കോത്തു നാലുപേർ പിടിച്ചു ബഹു ബലത്തോടെ ചവിട്ടിവലിച്ചു.

അപ്പോൾ ദേഹത്തിലെ എല്ലുകൾ ചട ചടാ എന്നു തെറുകയും, തൊമ്പുകൾ ണിം, ണിം എന്നു വലിയുകയും ചെയ്തയിൽ പരിശുദ്ധ സ്വാമിയാർ അനുഭവിച്ച കഠോരവേദന ആരാൽ പറഞ്ഞൊപ്പിക്കാവത്? ആ സമയം രാജനും ആത്തായും ഗുരുവിന്റെ പക്കൽ അടുത്തുചെന്നു, 'ഇപ്പൊഴെങ്കിലും റാണിയുടെ കുമ്പസാരരഹസ്യത്തെ വാ തുറന്നു വെളിപ്പെടുത്തുന്നതായാൽ തന്നെ നാം വിട്ടയക്കാം' എന്നു പറഞ്ഞു. എങ്കിലും ഗുരു ഒന്നും ഉത്തരിക്കാതെ എന്റെ ഈശോയെ, എന്നെ രക്ഷിക്കേണമെ എന്നും, 'എന്റെ വാക്കു നീ മുദയിടേണമെ' എന്ന സങ്കീർത്തനവും ചൊല്ലി പ്രാർത്ഥിച്ചിരുന്നു.

അപ്പോൾ രാജാവു ശിക്ഷാഘാതകനൊട്ട, 'കാഷ്ടീ, നീ പന്തങ്ങളെയുംകത്തിച്ചു കത്തിയും നല്ലവ

ണ്ണും മൂച്ചയാക്കിക്കൊണ്ടു അവന്റെ മനസ്സിലിരിക്കുന്നതിനെ വായമൂലം അവൻ ചുരുട്ടിക്കെണ്ടതിന്നായി കത്തിയുടെ മൂച്ചും തീയുടെ ചൂടും അവന്നു അല്പമൊന്നു മനസ്സിലാക്കിക്കൊടുക്കു' എന്നു പറഞ്ഞു. അതുകയാൽ ആ വരമദ്ദഷ്ടൻ സ്വാമിയാരുടെ ഇരു വള്ളകളിലും കത്തികൊണ്ടു ക്രൂരമായി വരഞ്ഞു കീറി വലിയ വന്തങ്ങൾ കത്തിച്ചു ആ മുറിവുകളിൽ മുട്ടിച്ചുപിടിക്കുമ്പോഴാന്തരം മാംസം കത്തിക്കരിഞ്ഞു മുറിവുകളിൽനിന്നു രക്തം ചാടി ഒലിച്ചിരുന്നു.

ആ സമയം ഈ മഹാത്മാവു വർണ്ണിക്കാവതല്ലാത്ത വേദനയാൽ 'എന്റെ ഈശോയെ, എന്നെ രക്ഷിക്കണമെ. എന്റെ നല്ലമാതാവെ, എന്നെ സഹായിക്കണമെ' എന്നു നെടുവീർപ്പിട്ടിട്ടു പ്രാർത്ഥിച്ചിരുന്നു. അപ്പൊൾ വെൻസ്ലാവൂസു വീണ്ടും സ്വാമിയാരുടെ അടുക്കൽചെന്നു 'സ്വാമി, എന്തിനിത്ര കഷ്ടപ്പെടുന്നു? വാ തുറന്നു റാണിയുടെ കമ്പസാരരഹസ്യം പറയുക. ഉടനെ വിട്ടയയ്ക്കാം. നീ സിദ്ധാന്തമായി പിടിച്ചിരിക്കുന്ന ആ അഭംഗമുദ്രയെ ഇപ്പൊൾതന്നെയാണു പൊട്ടിക്കെണ്ടുന്നതു' എന്നു പറഞ്ഞു. എന്നാൽ സ്വാമിയാർയാതൊന്നും ഉച്ചരിക്കാതെ കണ്ണടച്ചു ഈശൊഎന്ന തിരുനാമത്തെ വാകൊണ്ടുപറയുക്കെ മന്ത്രിച്ചുപ്രാർത്ഥിച്ചിരുന്നു.

ഇത്ര ഭയങ്കരമായ ബാധകൾ അനുഭവിച്ചിട്ടും അദ്ദേഹം അശെഷം ഇളകാതിരിക്കനിമിത്തം വെൻസ്ലാവൂസിന്നു മുക്കപകോപം ജ്വലിച്ചു ശിക്ഷാഘാ

തകനൊട്ട, 'നാം ഇപ്രകാരം ചെയ്യുന്നതിനെ ഈ ദുഷ്ടഗുരുവിന്റെ വായിൽനിന്നു നീ എതുവിധമായാലും വലിച്ചു പറിച്ചെടുക്കണം. അതിനു അവൻ വലിയ കൊടിൽ നീ ഇങ്ങൊട്ട എടുക്ക. അതുകൊണ്ടു അവന്റെ നാക്കിനെ വേരൊട്ട ഇങ്ങൊട്ടു പറിച്ചെടുക്കുക' എന്നു പറഞ്ഞു.

ഉടനെ ആ ദുഷ്ടഘാതകൻ കൊടിലെടുത്തു ഗുരുവിന്റെ നാക്കിനെൽ പിടിച്ചു ബലമായി വലിച്ചു. അപ്പൊൾ ആ പരിശുദ്ധന്റെ വായിലും മൂക്കിലും നിന്നു രക്തം തിം, തിം എന്നു ചാടിയത് ആ ക്രൂരഘാതകൻ കണ്ടു തലകുനിച്ചു ഗുരുവിന്റെ മുഖത്തു ഉറുസൂക്ഷിച്ചു ഒന്നു നോക്കിയും വച്ചു, രാജന്റെ നേരെ തിരിഞ്ഞു 'മഹാരാജാവെ, ഇനി അല്പസമയത്തെക്കുക്കുടെ ഇദ്ദേഹത്തെ ഈ വിധം ബാധിക്കുന്നതായാൽ നിശ്ചയമായിട്ടു മരിച്ചുപോകും. മുഖദൃഷ്ടിയിൽ മരണ ലക്ഷണങ്ങൾ സ്പഷ്ടമായിട്ടു കണ്ടിരിക്കുന്നു' എന്നു പറഞ്ഞു.

ഉടൻ ധൃതിയൊടെ രാജാവു 'മതി, മതി നിറുത്തുവിൻ. നിറുത്തുവിൻ. കയറുകൾ അഴിപ്പിൻ' എന്നും പറഞ്ഞുകൊണ്ടു അരമനയിലെക്കു പുറപ്പെടുകയുംചെയ്തു. രാജകല്പനപ്രകാരം ശിക്ഷാഘാതകർ കയറുകളും അഴിച്ചു ഗുരുസ്വാമിയാരെ യന്ത്രത്തിൽനിന്നിറക്കി നിലത്തു കിടത്തിക്കൊണ്ടു, അവരവരുടെ വസതികളിലെക്കു പോയ്ക്കളഞ്ഞു.

വെൽസ്ലാവൂസു ജയിലിൽനിന്നു പുറത്തിറ

ങ്ങിയ ഉടൻ ആത്തോയും രാജ അനുമതി പ്രാപിച്ചു തന്റെ ഭവനത്തിൽ പോയിച്ചേർന്നു. എന്നാൽ രാജാവു ഏകസ്ഥനായി അരമനയിലെക്കു നടന്നുപോകയിൽ, യോഹന്നാൻഗുരു മരിച്ചുപോകുന്നതായാൽ തനിക്കു എന്തു അനർത്ഥങ്ങളൊക്കെയാണു വന്നു സംഭവിക്കുന്നതെന്നു ഭയന്നിരുന്നു. അദ്ദേഹത്തെ ഇത്രവലിയ പക്ഷത്തോടെ സ്നേഹിക്കുന്ന പ്രജകൾ കലാപത്തിനു പുറപ്പെട്ടുന്നപക്ഷം തന്റെ സിംഹാസനം പക്ഷെ കൈവെടിയെണ്ടിവരുമെന്നും ഗുരുവൊട്ടചെയ്ത ഈ ക്രൂരതകൾനിമിത്തം മാപ്പുപ്പാ അവർകളുടെ മഹാശാപം തന്റെമേൽ വീഴുമെന്നും, ഇതുമുഖാന്തരം എന്തൊരുവക ദൈവകോപശിക്ഷകളാണു വന്നു സംഭവിപ്പാനിരിക്കുന്നത് എന്നു ഇതുമുതലായ ഭയങ്കര നിനവുകളൊടെ തന്നെത്താൻ പോയിരുന്നു.

എന്നാൽ ആ വഴിമദ്ധ്യേവച്ചുതന്നെ ചില വികൃതരൂപങ്ങളെയും ചില ദുഷ്ടമൃഗങ്ങൾ, ചിലഭൂതങ്ങൾ മുതലായവയെയും കാണുന്നതുപോലെയും രാജന്റെ മനസ്സിൽ തോന്നിയതുപീകാരംമുഖാന്തരം മഹാപരിഭ്രമത്തോടെ നടന്നു അരമനയുടെ വാതുക്കൽ ചെന്നെത്തി. അപ്പൊൾ ആ അർദ്ധരാത്രിസമയത്തു സമീപമുള്ള ഒരു മരത്തിന്മെൽ ഇരുന്നിരുന്ന ഒരു വലിയ പക്ഷി പെട്ടെന്നു ഊ-ഊ, ഊ-ഊ എന്നു ഉച്ചത്തിൽ പുറപ്പെടുവിച്ചിരുന്ന ഭയങ്കരമായ മൂഴക്കശബ്ദം കേട്ട ക്ഷണത്തിൽ രാജൻ അതി ഭയം പൂണ്ടു പരിഭ്രമത്താൽ അയ്യോ എന്നു അലറി നിലവി

ളിച്ചു വലിയ സ്വരം കേൾപ്പിച്ചു.

ഈ ഭയങ്കര നിലവിളിയാൽ രാജ്ഞി ഉണർന്നു മാളികയിൽനിന്നു ധൃതിയൊടെ ഇറങ്ങി ഓടിചെന്നു രാജനൊട്ട, 'എന്റെ വാത്സല്യഭർത്താവെ, ഈ അർദ്ധരാത്രിസമയത്തു ഇവിടെ തങ്ങൾ എന്താകുന്നു ചെയ്യുന്നത്? തങ്ങൾക്കു ഏതെങ്കിലും വല്ല അപകടം നേരിട്ടിരിക്കുമൊ? ഏതോരു ശത്രുവാണു ഈ സമയത്തു തങ്ങൾക്കു ദ്രോഹംചെയ്യാൻ തുനിഞ്ഞത്? പറയുക നായകനെ. നിമിഷം പറയുക' എന്നു പറഞ്ഞു.

പിന്നീട്ട അവൾ കണ്ണുനീർ ഒലിപ്പിച്ചു കരഞ്ഞു പ്രലാപിച്ചുകൊണ്ടു, രാജനെ താങ്ങി കെട്ടിപ്പിടിച്ചു പതുക്കെ പതുക്കെ ഓരൊ അടിവെച്ചു ശൊവണി കയറിക്കൊണ്ടുപോകയിൽ, പരിചാരകർ ഏവരും ഉണർന്നു തങ്ങൾ എന്താകുന്നു ചെയ്യെണ്ടതു് എന്നുള്ള ആശയൊടെ ഓടിവരികയുംചെയ്തു.

എന്നാൽ രാജ്ഞി അവരെ എല്ലാവരെയും അവരവരുടെ ഇടങ്ങളിലെക്കുതന്നെ പറഞ്ഞയച്ചുംവച്ചു, രാജന്റെ കരങ്ങൾ പിടിച്ചു നടത്തി സ്വന്ത മുറിയിൽ കൊണ്ടുചെന്നു അവിടെയുള്ള അരപട്ടുമഞ്ചത്തിന്മെൽ പതുക്കെ ഇരുത്തിക്കൊണ്ടു വിളക്കുകൾ തെളിയിക്കുകയുംചെയ്തു. എന്നാൽ ആ ദീപവെളിച്ചത്തിൽ രാജന്റെ മുഖത്തു അവൾ ഉറ്റുസൂക്ഷിച്ചപ്പൊൾ മുഖം വിളറി അതി ഭയവും പരിഭ്രമവും പൂണ്ടിരിക്കുന്നതായി അറിക നിമിത്തം അവൾ അത്യന്ത വ്യാകുലത്തിൽ മുഴുകിപ്പൊയി.

ആകയാൽ വ്യസനത്തോടെ രാജനെ നോക്കി 'എന്റെ നായകനെ, എന്റെ കണ്മിഴിയെക്കാൾ സ്നേഹമുള്ള ഭർത്താവെ, തങ്ങൾക്കു എന്തു അപകടമാണു നേരിട്ടത് എന്നു എന്നോടു പറയേണമെ' എന്നു കണ്ണുനീർ ചൊരിഞ്ഞു കരഞ്ഞു പ്രലാപിച്ചുകൊണ്ടു ചോദിച്ചു.

അതിന്നു വെൻസ്ലാവൂസു ഒന്നുമില്ല. നമ്മെയാരൊരുത്തനും അടിച്ചിട്ടുമില്ല, യാതൊരുപദ്രവംചെയ്തിട്ടുമില്ല എന്നു ഒഴിവു കഴിവു പറഞ്ഞു. എങ്കിലും റാണി നല്ലവണ്ണം ഉറ്റു സൂക്ഷിച്ചു പരിശോധിക്കയിൽ രാജന്റെ കരങ്ങളിൽ രക്തം പുരണ്ടിരിക്കുന്നതു അറിവാൻ ഇടയായതിനാൽ രാജനോടു പറയുന്നതായത്:

ആ! എന്റെ കണ്മിഴിയെക്കാൾ സ്നേഹമുള്ള ഭർത്താവെ, ഇതു എന്തൊരുവക അനർത്ഥമാണു എന്നു അറിഞ്ഞില്ലല്ലൊ. തങ്ങളുടെ ഇരു കരങ്ങളിലും രക്തക്കറ പുരണ്ടിരിക്കുന്നല്ലൊ. ഇതാ വസ്ത്രങ്ങളിലും അവിടവിടെ രക്തത്തുള്ളികൾ വീണും ഇരിക്കുന്നുവല്ലൊ. ഈ സമയത്തു തങ്ങളെ മുറിവേല്പിച്ചവൻ ആർ? ഏതു പാതകനാണു ഈ അതിക്രമത്തിന്നു തുനിഞ്ഞതു? എന്നു പറയേണമെ. തങ്ങൾ പരമാർത്ഥം പറയാഞ്ഞാൽ ഇനിക്കു ഒരിക്കലും സമാധാനമുണ്ടാകയില്ല എന്നു പറഞ്ഞുകൊണ്ടു ഭർത്താവിനെ സ്നേഹത്തോടെ തഴുകിപ്പിടിച്ചു വിമ്മി വിതുമ്പി കരഞ്ഞുതുടങ്ങി.

വെൻസ്ലാവൂസു തന്റെ അക്രമപാതകത്തെ മറയ്ക്കുന്നതിനു എത്രതന്നെ പ്രയത്നിച്ചിട്ടും അത് താനെതന്നെ വെളിപ്പെട്ടുപോകുന്നു എന്നു കണ്ടുബോധിച്ചു എങ്കിലും സ്വന്ത അതിക്രമത്തെ തന്നെതാൻ പറയുന്നതിനുള്ള അധികനാണത്താൽ തന്റെ പതിയോട്ട, നീ ജേയിലിൽ ചെന്നു അതിൽ കിടക്കുന്ന യോഹന്നാൻഗുരുവൊട്ട ചോദിച്ചാൽ സകലവും മനസ്സിലാകും. അദ്ദേഹത്തെ നിന്റെ കരങ്ങളിൽ നാം ഏല്പിച്ചിരിക്കുന്നു. അദ്ദേഹത്തെ വിട്ടുകൊടുക്കുന്നതിനും നിനക്കു പൂർണ്ണ അനുമതി തന്നിരിക്കുന്നു' എന്നും പറഞ്ഞു രാജൻ പള്ളിമഞ്ചത്തിൽ ചാഞ്ഞു കിടക്കയുംചെയ്തു.

റാണിയവർകൾ രാജന്റെ ഈ വചനങ്ങളെ കേട്ട ഉടനെ മഹാ ദുഃഖവ്യസനംപൂണ്ട 'ഇത് ഏതൊരുവക അനർത്ഥമാണെന്നു അറിഞ്ഞില്ലല്ലൊ ദൈവമെ. പരിശുദ്ധ സ്വാമിയാർ ഈ അർദ്ധരാത്രിസമയത്തു പാറാവിൽ ആകുവാനുള്ള കാരണമെന്തു? എന്റെ ജ്ഞാനപിതാവിനു ഏതെങ്കിലും വല്ല അപകടം നേരിട്ടിരിക്കുമൊ' എന്നുള്ള അങ്കലാപ്പൊടെ തൽക്ഷണം തന്റെ പ്രത്യേക ഭൃത്യരായ മൂന്നു സേവകരെ വരുത്തി അവരൊരുമിച്ചു ജേയിലിലെക്കു പറഞ്ഞയച്ചു.

എന്നാൽ ജേയിൽ തുറന്നു ഉള്ളിൽ പ്രവേശിച്ചപ്പോൾ അവിടെ ഭയങ്കരമായ ക്രൂര ആയുധങ്ങൾ അതായത്: കത്തികൾ, കൊടിൽ, തൂവൽമുതലായവകൾ അവിടവിടെ ചിതറിക്കിടക്കുന്നതും, ചിത്ര

ബാധപെട്ടുത്തുന്നതിന്നുള്ള വലിയ യന്ത്രക്കട്ടിലും, അ
തിന്നടുത്ത ചക്രം കപ്പികൾ കയറുകൾമുതലായവക
ളും തയ്യാറാക്കിയിരിക്കുന്നതും, എന്നല്ല ഇപ്പഴും പുക
ഞ്ഞുകൊണ്ടിരിക്കുന്ന വലിയ പന്തങ്ങൾ കിടക്കുന്ന
തും റാണി കണ്ടു പറഞ്ഞൊപ്പിക്കരുതാത്ത ക്ലേശവും
ഭയവും വ്യസനവും അനുഭവിച്ചു.

എന്നാൽ കുറെക്കൂടെ നടന്നു മുമ്പോട്ടുചെല്ല
കയിൽ, ഒരു ഭാഗത്തു കുറച്ചു വൈക്കോലിന്മേൽ മ
നുഷ്യാകൃതിയിൽ ഒരു സാധനം കിടക്കുന്നപ്രകാരം
തോന്നുകയിൽ, വെളിച്ചം അടുക്കെ വരുത്തി ഉറ്റു
സൂക്ഷിച്ചപ്പോൾ അത് യോഹന്നാൻഗുരു ആകുന്നു
വെന്നു അത്യന്ത പരിഭ്രമത്തോടെ കണ്ടറിയുന്നതിന്നു
ഇടയാകയുംചെയ്തു.

അല്ലേഹത്തിന്റെ ശിരസ്സിൽ അവിടവിടെ പ
ല മുറിവുകൾ ഉണ്ടായിരുന്നതുമെന്നു, നാക്കു നീരുവ
ന്നു വീർത്തു വായിലും നാസികയിലും രക്തം ഉറച്ചു കി
ട്ടവിടിച്ചിരുന്നു. അല്ലേഹത്തിന്റെ ഇരു പള്ളകളി
ലും കുന്തവാളിച്ചു പൊള്ളി വലിയ മുറിവുകൾ ഏറ്റു
രക്തം അധികമായി ഒലിച്ചു ഒഴുകിയിരുന്നു. ദേഹ
ത്തിൽ പല ഇടങ്ങളിലും മുറിപ്പെട്ട വ്രണമായിരുന്നു
എന്ന ഈ പരിതാപകരസ്ഥിതി റാണി കണ്ടു, മഹാ
ദുഃഖവ്യാകുലത്തോടെ കണ്ണുനീർധാര ഒഴുക്കി പ്രലാ
പിച്ചു നെടുവീർപ്പിട്ടുവിട്ടു കരഞ്ഞുംകൊണ്ടു അല്ലേഹത്തി
ന്റെ അടുക്കൽ ചെന്നു മുട്ടുകുത്തി മഹാ കനിവോ
ടെ തലകുനിച്ചു അല്ലേഹത്തെ ഉറ്റുസൂക്ഷിച്ചുനോക്കി

ക്കൊണ്ടു, 'എന്റെ വാത്സല്യപിതാവെ, സ്വാമി, സ്വാമി, എന്നു ഉച്ചത്തിൽ പലപ്രാവശ്യവും വിളിച്ചിട്ടും ഗുരു കണ്ണുതുറക്കാതെയും, ചുണ്ടുകൾ അനക്കാതെയും ബോധം മയങ്ങിയിരിക്കുമ്പോഴാണു അവൾ മുമ്പിലത്തെതിൽ അധികം ദുഃഖക്ലേശം അനുഭവിച്ചിരുന്നു.

ആയതിനാൽ ഉടൻതന്നെ തന്റെ സ്വന്ത വൈദ്യനെ കൂട്ടിക്കൊണ്ടു വരുവാനായി ഒരു സേവകനെ അയക്കയും ചെയ്തു. ഉദ്ദേശം അരമണിക്കൂറുകഴിഞ്ഞപ്പോൾ ഗുരുസ്വാമിയാർ മയക്കംതെളിഞ്ഞു കണ്ണുതുറന്നു, തന്റെ അടുക്കൽ മുക്കാടു ഇട്ടു ഇരുന്നു വിമ്മിക്കരയുന്ന റാണിയെ സൂക്ഷിച്ചുനോക്കി. അപ്പൊൾ അവൾ ഗുരുവിനോടു, 'എന്റെ അതിവാത്സല്യപിതാവെ, അങ്ങീനിന്നു ഈ വിധമുള്ള കഠോരവേദനകൾ അനുഭവിപ്പാനുള്ള കാരണം ഞാൻതന്നെയാകുന്നല്ലൊ' എന്നു മഹാ ദുഃഖത്തോടെ പറഞ്ഞു. അതിനു ഗുരുസ്വാമിയാർ റാണിയെ ബഹു വാത്സല്യത്തോടെ കാടാക്ഷിച്ചുകൊണ്ടു, 'മകളെ, നീ മുഖാന്തരമല്ല. പിന്നെയൊ നമ്മുടെ സർവ്വേശ്വരന്റെ പ്രതിയത്രെ ഇതു ഞാൻ അനുഭവിക്കുന്നത്" എന്നു പറഞ്ഞു.

വീണ്ടും രാജ്ഞി, 'എന്റെ പ്രിയമേറിയ പിതാവെ, ഇവിടെ ഇരിക്കുന്ന ഈ കഠോര ആയുധങ്ങളെയും ചിന്തിക്കിടക്കുന്ന അങ്ങെ രക്തത്തെയും ഞാൻ കാൺകയിൽ, എന്റെ ഹൃദയം വ്യസനത്താൽ തകർന്നു നുറുമായിപ്പോകുന്നല്ലൊ. അപ്പോൾ പിതാവെ, ഈ

കഠോരബാധകൾ സഹിച്ച അങ്ങേക്ക് എത്രയൊ നൊമ്പരവും കഠിനവേദനയും ഉണ്ടായിരിക്കും?' എന്നു പറഞ്ഞു. അതിന്നു ഗുരു 'മകളെ, എന്റെ അത്യാഗ്രഹം ഇതെവരെയും നിറവേറിയിട്ടില്ല. പാട്ടകളുടെ കാസാ എന്റെ വായിൽ വെക്കപ്പെട്ടുകമാത്രമല്ലാതെ അതിനെ പാനംചെയ്വാനുള്ള ഭാഗ്യം ഇതെവരെയും ഇനിക്കു ലഭിച്ചിട്ടില്ല.

ഇപ്പൊൾ തപസ്സുകാലമായ വലിയനൊയമ്പു ദിവസങ്ങളാണു. എന്നുമല്ല, ഭംഗപ്പാടിന്റെ വലിയ ആഴ്ചയുമാണല്ലൊ. ഈ പരിശുദ്ധ നാളുകളിൽ ദയാപര സർവ്വേശ്വരൻ കയ്പായ കാസ ഞാൻ ഒന്നു രുചിച്ചുനോക്കുന്നതിന്നു തിരുച്ചിത്തമായതുനിമിത്തം അങ്ങേക്കു അനുവരതകാലം സ്തുതിസ്തോത്രമുണ്ടായിരിക്കട്ടെ. കുറച്ചു നാളുകൾക്കകം എന്റെ അത്യാഗ്രഹവും നിറവേറും' എന്നു പറഞ്ഞിരിക്കയിൽ വൈദ്യൻ മറ്റുള്ളവരും സാമാനങ്ങളും കൊണ്ടുവന്നു ജെയിലിൽ പ്രവേശിക്കയുംചെയ്തു.

അയാൾ ഉടൻതന്നെ ഗുരുവിന്റെ മുറിവുകളിൽ മരുന്നുവെച്ചു കെട്ടുകയും വീക്കമുള്ള ഇടങ്ങളിലും മറ്റും പറുകളൊട്ടിച്ചു, പന്തങ്ങളാൽ ചുടപ്പെട്ടു പൊള്ളിയ ഇടങ്ങളിലെ കുമളകളിൽ തൈലങ്ങൾ പൂശുകയും, ഏപ്പുകൾ തെറിക്കിടന്ന അസ്ഥികളെ പിടിച്ചു പതുക്കെ ഉഴിഞ്ഞു തടവി കുഴകളിൽ ചേയ്തുവച്ചു കെട്ടുകയുംചെയ്തുകൊണ്ടു അരമനയിൽനിന്നു കൊണ്ടുവന്ന വലിയ ഒരു കട്ടിലിന്മേൽ സ്വാമി

യാരെ പത്തുക്കെ എടുത്തു കിടത്തുകയുംചെയ്തു. അപ്പോൾ റാണി ഗുരുവിനോടു പറഞ്ഞതായത്:

വാത്സല്യപിതാവെ, അങ്ങെ വിട്ടയയ്ക്കുന്നതിനു രാജാവു ഇനിക്കു അനുമതി നൽകിയിരിക്കുന്നു; അങ്ങീനു അനുവദിക്കുന്നതായാൽ പൂർണ്ണസുഖം പ്രാപിക്കുന്നതുവരെയും അരമനയിൽതന്നെ വസിക്കുന്നതിനു തക്ക ഇടം തയ്യാറുണ്ടു.

അതിനു ഗുരുസ്വാമിയാർ മകളെ ഞാൻ ഈ പാറാവിൽ അടയ്ക്കപ്പെടുന്നതിനും ഇപ്പോൾ വിട്ടയയ്ക്കപ്പെടുന്നതിനുമായി എന്തു കുറ്റമാണു ഞാൻ പ്രവൃത്തിച്ചതു? ഞാൻ എന്റെ കടം നിറവേറ്റി, ദൈവപ്രമാണത്തെ വിശ്വസ്തതയൊടെ കാത്തുനിറവേറ്റി; മഹാ രഹസ്യത്തെ ഭംഗപ്പെടുത്താതെ ഞാൻ കാത്തു; ദൈവകൃപയാൽ ഇനിമേലാലും അങ്ങിനെതന്നെ പ്രവൃത്തിക്കേണമെന്നു തീർമ്മാനിച്ചിരിക്കയും ചെയ്യുന്നു. ഇതു ഒരു ദോഷമാണൊ വാത്സല്യമകളെ? ഞാൻ സുഖമാകുംവരെക്കും എന്നെ ഈ പാറാവിൽതന്നെ ദയാപൂർവ്വം വിട്ടേക്കുക. സന്യാസിയായിരിക്കുന്ന ഇനിക്കു അരമനയും മാളികയും മറ്റും എന്തിനു?' എന്നു പറഞ്ഞു.

ആ ക്ഷണത്തിൽ പെട്ടന്നു അദ്ദേഹം കണ്ണുകൾ നല്ലവണ്ണം തുറക്കയും, ആ പരിശുദ്ധന്റെ തിരുവായ്മുഖത്തുനിന്നു രോസപുഷ്പംപോലെ വികസിക്കയുംചെയ്തുകൊണ്ടു ആരെയൊ ദർശിക്കുന്നവിധം കരങ്ങൾ രണ്ടും ആകാശത്തിലൊട്ടു ഉയർത്തുകയും, ആ തിരുദേ

ഹം മുഴുവനിലും ബഹു ഇമ്പമായ ഒരു കുളിന്ന് ജ്യോതിപ്രകാശം ജ്വലിച്ചു ശോഭിച്ചു, കട്ടിലിൽനിന്നു ഒരു മുഴം ഉയരത്തിൽ എടവിധാനത്തിൽ ഉയത്തപ്പെടുകയുംചെയ്തു. ഉടൻ ഗുരുസ്വാമിയാർ പരവശത്തിലായി.

ആ പരവശത്തിൽ വെച്ചു താൻ വേദസാക്ഷിയായി മരിപ്പാനിരിക്കുന്നത് മുൻകൂട്ടി അറിഞ്ഞു ഈവിധം സംഭാഷിച്ചുതുടങ്ങി:

എന്റെ ദിവ്യകത്താവെ, അങ്ങീനും അടിയനും ഈ മഹാരഹസ്യംമുഖാന്തരം വേദസാക്ഷികിരീടത്തെ കല്പിച്ചരുളുവാൻ ചിത്തമായതുനിമിത്തം അങ്ങേക്കു അനവരതകാലത്തേക്കു അനന്ത സ്തുതിസ്തോത്രനമസ്കാരം ചെയ്തുകൊള്ളുന്നേൻ. ഇതുവരെക്കും അങ്ങെ സത്യഗുരുക്കൾ ഈ മഹാമുദ്രയെ ഒരിക്കലും ഭംഗപ്പെടുത്താതിരുന്നതുപോലെതന്നെ മേലാലും ലോകാവസാനംവരെക്കും ആ ദിവ്യമുദ്രയെ വിശ്വസ്തതയൊടെ കാത്തുകൊണ്ടുവരുന്നതിനു വേണ്ടിയ ആ പ്രത്യേകവരത്തെ സത്യഗുരുക്കൾ ഏവർക്കും അങ്ങീനും നൽകിയരുളേണമെ.

കറയറവരായ റാണിയുടെയും ആൾപ്രൈഡിന്റെയും പുണ്യയോഗ്യതകൾ നിമിത്തം അങ്ങീനും അവർക്കു നൽകുവാനിരിക്കുന്ന ആ നിത്യസമ്മാനം ഇപ്പൊൾ ഇതാ എന്റെ കണ്മുന്നിൽ ഞാൻ കാണുന്നു. ഒ! ഇതെത്രയൊ മനൊഹരമായ ഒരു മഹാഭാഗ്യമാണു ഒ! മഹാത്മാക്കളെ, നിങ്ങൾ സന്തോഷിച്ചാന

ന്തിച്ചുകൊൾവിൻ. നിങ്ങളുടെ സ്ലീവാകളെ ക്ഷമയോടെ സന്തോഷമായി വഹിച്ചുകൊൾവിൻ.

പിന്നീട രാജന്നും ആത്തൊയ്ക്കും വരുവാനിരിക്കുന്ന ശിക്ഷ കണ്ടവിധം പറഞ്ഞതായത്: ആ!! ഇതെന്തൊരു ഭയങ്കരകാഴ്ചയാകുന്നു. ആ! കത്താവെ, ഇത് സഹിപ്പാൻപാടുള്ള ശിക്ഷയല്ല. കത്താവെ, ഈ കാഴ്ച ഇനിക്ക സഹിച്ചുകൂടാ. മതി, മതി. ഇതിനെ എന്റെ ദൃഷ്ടിയിൽനിന്നു മറയ്ക്കേണമെ. ഒ! മഹാരാജാവെ, എന്റെ ബുദ്ധിയുപദേശങ്ങളെ മറുത്തു, നിന്റെ ആശാപാശങ്ങളെ അനുസരിച്ചനടക്കുന്നവെൻസ്ലാവൂസെ, എന്റെ വാത്സല്യപുത്രാ, ഇതാ പരലോകനീതിയെ നീ നോക്കുക. നിന്റെ ദുർവ്യാപാരത്തിനു നിയമിക്കപ്പെട്ടിരിക്കുന്ന ഭയങ്കരശിക്ഷയെ നീ ചിന്തിച്ചുകാൺക.

സകലവിധ പുണ്യസൽഗുണങ്ങളാലും അലങ്കരിക്കപ്പെട്ട ഒരു ധർമ്മരാജാവിന്റെ ഉദരത്തിൽനിന്നു ഉത്ഭവിച്ചവനായ പ്രഭുവെ, നിന്റെ പാപാക്രമങ്ങൾ നിമിത്തം നിന്റെ ആത്മശരീരത്തിനും, നിന്റെ ഗോത്രവംശത്തിനും, നിന്റെ പ്രജകൾക്കുകൂടെയും വരുവാനിരിക്കുന്ന ഞെരുക്കാപകടങ്ങളെയും ദൈവകോപശിക്ഷകളെയും ഉറുസൂക്ഷിച്ചുകാൺക. അവകളെ കണ്ടു വശ്യാത്താപപ്പെട്ട മനസ്സുതിരിക....

ഒ! ആത്തോ, ദുർഭാഗ്യനായ ആത്തോയെ, ഇതെവരെക്കും ഉണ്ടായതും ഇനി ഉണ്ടാകുവാനിരിക്കു

ന്നതുമായ സകലമാന ദോഷ ദോഹങ്ങൾക്കും അ
ന്യായപാതകങ്ങൾക്കും ഏകകാരണകർത്താവായ ദു
ർഭാഗ്യമനുഷ്യാ, നിനക്കു സകലമാന ആപത്തനർത്ഥ
ങ്ങളും വന്നുകൂടും. നീ ഭ്രമിമേൽ പിറക്കാതിരുന്നെങ്കി
ൽ ഏറ്റവും നന്നായിരുന്നെന്നെ. നിന്റെ ദുഷ്പ്രവൃത്തികളാ
ൽ അനേക പുണ്യാത്മാക്കളുടെ നല്ല കീർത്തിയെ നീ
ഭംഗപ്പെടുത്തുകയും, അന്യവസ്തുക്കളെ അപഹരിക്കു
കയും അന്യായങ്ങളെ അശേഷം ശങ്കിക്കാതെ പാപ
ങ്ങളെ അധികരിപ്പിക്കയുംചെയ്തിരിക്കുന്നു.

നിന്റെ ഈ അതിക്രമപാപങ്ങളാൽ നിന
ക്കും നിന്റെ വംശത്തിനും ഈ നാട്ടിനുംകൂടെ ദൈ
വശാപം നീ വരുത്തിയിരിക്കുന്നു. നിന്റെ ദുഷ്പ്രവൃത്തി
കൾക്കു തക്ക ശിക്ഷകളെ ദയാപര സർവ്വേശ്വരൻ അ
താതു സമയങ്ങളിൽ കല്പിക്കാതിരുന്നുമുഖാന്തരം നീ അധി
കം അന്ധാളിച്ചു മുക്കുന്നായി, ദൈവമോഭ്രതമൊ എ
ന്നു ഒന്നും കഥവെക്കാതെ, ദൈവദൂഷണങ്ങളും പറ
ഞ്ഞു പാപങ്ങളിന്മേൽ പാപങ്ങളെ പ്രവൃത്തിച്ചുകൊ
ണ്ടുവരുന്നു.

എന്നാൽ ദയാപര സർവ്വേശ്വരൻ നീ മനസ്സു
തിരിയുന്നതിന്നായി ഇത്രനാളും നിന്നോടു ക്ഷമിച്ചു
പൊറുതിതന്നിരുന്നു. ഇപ്പോഴൊ എന്നാൽ, അങ്ങെ ഭ
യങ്കരമായ നീതിയെ ശീഘ്രത്തിൽ നീ അറിയും. എ
ത്രയും നിമിഷത്തിൽ ദൈവശാപം നിന്റെയും, പാ
പത്തിനു നിനക്കു കൂട്ടുകാരായിരിക്കുന്നവരുടെയും ശി
രസ്സുകളിന്മേൽ വെള്ളിടിപോലെ വീഴുന്നത് നീ കാ

ന്നും. ദ്രവ്യാഗ്രഹിയായ യൂദാസ് അക്രമമായിട്ട് പ്രാപിച്ച ദ്രവ്യത്തെ അനുഭവിക്കാതെ ദുർഭാഗ്യനായി ചത്തതുപോലെതന്നെ, നീയും നിന്നൊട്ട് ചേർന്നവരും അപഹരിച്ചെടുത്ത ദ്രവ്യത്തെ അനുഭവിക്കാതെ പെട്ടന്നു കുന്തത്താൽ കുത്തപ്പെട്ട് ദുർഭാഗ്യരായി ചത്തുപോകയുംചെയ്യും.

ഒ! ആത്തായെ, ഞാൻ ഇപ്പോൾ ഈ പറഞ്ഞവകൾ സകലവും പട്ടാങ്ങു, സത്യമാകുന്നു. സർവ്വേശ്വരനൊ ഭയങ്കരവിധിയിൽനിന്നു ഒഴിയുന്നതിനു നിനക്കു മനസ്സുണ്ടായിരുന്നാൽ ഈ ക്ഷണത്തിൽതന്നെ വ്യാപാരം പകർത്തിക്കൊൾക. പ്രവൃത്തിച്ച അന്യായങ്ങൾ സകലത്തിനും പരിഹാരംചെയ്കൊൾക. സർവ്വേശ്വരൻ ദയവായി നിനക്കു കല്പിച്ചുതന്നിരിക്കുന്ന ഈ ചുരുങ്ങിയ ഇടകൊണ്ടു നീ പശ്ചാത്താപപ്പെട്ടു ദൈവത്തിൽനിന്നു പൊറുതി ലഭിച്ചുകൊൾക എന്നു പറഞ്ഞു തീർന്ന ഉടനെ ഇടവിധാനത്തിൽ ഉയർത്തപ്പെട്ടിരുന്ന പരിശുദ്ധഗ്രന്ഥകെട്ടിലിമ്മേൽതന്നെ വന്നിറങ്ങുകയുംചെയ്തു.

ഈ അത്ഭുതത്തെ റാണിയും വൈദ്യനും മറ്റു സേവകരും കണ്ടു പരിഭ്രമിച്ചു മഹാ ഭക്തിവിനയത്തോടെ സ്വാമിയാരുടെ പാദങ്ങളെ ചുംബിക്കയും നിലത്തു വീണിക്കിടന്നിരുന്ന ആ പരിശുദ്ധന്റെ തിരുകൽത്തെ തങ്ങളുടെ വസ്ത്രങ്ങൾകൊണ്ടു തുടച്ചെടുത്തു അവരവരുടെ വസതികളിലെക്കു ബഹു പൂജ്യമായി കൊണ്ടുപോകയുംചെയ്തു.

യോഹന്നാൻഗുരുസ്വാമിയാരുടെ കടശ്ശി പ്രസംഗം.

യോഹന്നാൻഗുരുവിനൊട്ടു ചെയ്യപ്പെട്ട കഠോരമായ ബാധകളും അനുഭവിപ്പിച്ച കഠിനവേദനകളും പട്ടണവാസികൾ കേട്ട മഹാ വ്യസനവും ക്ലേശവും അനുഭവിച്ചുവെങ്കിലും ആ പരിശുദ്ധന്റെ ദേഹത്തിൽ കാണപ്പെട്ട ആശ്ചര്യകരമായപ്രകാശത്തെയും, അദ്ദേഹം മേലൊട്ടയയ്ക്കപ്പെട്ട വിസ്മയത്തെയും, ആ സമയം ആ മഹാത്മാവിനുണ്ടായ പരവശത്തിൽ പറഞ്ഞ ദീർഘദർശനവാക്യങ്ങളെയും കേട്ട അദ്ദേഹത്തിന്റെനേരെ മുമ്പിലത്തെതിലും അധികം മതിപ്പും സ്നേഹപക്ഷവുമുള്ളവരായിച്ചമഞ്ഞു.

വേദസാക്ഷിയായിരിക്കുന്ന ആ പരിശുദ്ധ ഗുരുവിനെ സന്ദർശിപ്പാനായി പട്ടണവാസികൾ അനവധിപേർ ജയിലിലിലെക്കു വരുന്നത് ആത്മോമലമായി രാജാവു കേൾക്കുകനിമിത്തം അയാൾ അതിനു തടവുചെയ്യുമെന്നു, ഗുരുസ്വാമിയാരെ യാതൊരുത്തനും പ്രസിദ്ധമായി വുകഴ്ത്തിപ്പറഞ്ഞുകൂടായെന്നു കഠിനമായി വിലക്കുകയുംചെയ്തു.

യോഹന്നാൻഗുരുവിന്റെ മുറിവുകൾക്കുറെദിവസങ്ങൾകൊണ്ടു മാറി ആശ്വാസംവന്നുവെങ്കിലും അദ്ദേഹത്തിന്റെ മുഖത്തും കരങ്ങളിലും മുറിവുകളുടെ വടുക്കൾ കാണ്മാനുണ്ടായിരുന്നു. ഉയിർപ്പുതിരുനാൾ ദിവസം യോഹന്നാൻഗുരു പ്രസംഗിപ്പാനിരി

ക്കുന്നു എന്ന സംഗതി പട്ടണത്തിൽ പ്രസിദ്ധമായതു മുഖാന്തരം നാനാഭാഗങ്ങളിൽനിന്നും മറുനാട്ടുകാരിൽ നിന്നുകൂടെയും ബഹു ജനം വന്നുകൂടി ദേവാലയത്തിലും അതിന്നു ചുറ്റും തിങ്ങിവിങ്ങി കാത്തുനിന്നിരുന്നു.

ആ പരിശുദ്ധൻ പുഷ്പത്തിന്മേൽ കരേറിയ ക്ഷണത്തിൽ, സകല ജനങ്ങളും അദ്ദേഹത്തിന്റെ മുഖത്തു ആശയോടെ ഉറുനോക്കിച്ചുകൊണ്ടു പ്രസംഗത്തെ അതി ശ്രദ്ധയോടെ കേട്ടിരുന്നു. എന്നാൽ ഈ പരിശുദ്ധഗുരു ആദ്യം ദിവ്യരക്ഷിതാവിന്റെ വിസ്മയകരമായ പ്രതാപ ഉത്ഥാനംഖണ്ഡിച്ചു കുറെ പറഞ്ഞശേഷം, സകല മനുഷ്യരും കടശി ആത്മശരീരത്തോടെ ഉയിർപ്പാനിരിക്കുന്ന സംഗതിഖണ്ഡിച്ചും ബഹു വാക്കുചാതുര്യമായി ഇപ്രകാരം പ്രസംഗിച്ചുതുടങ്ങി.

'വാത്സല്യസഹോദരരെ, ഈ പ്രപഞ്ചത്തിലുള്ളവ സകലതും ക്ഷണത്തിൽ മറയപ്പെട്ടുപോകയും വീണ്ടും കാണപ്പെടുകയും ചെയ്യുന്നത് നാം ദിനംപ്രതി കണ്ടുവരുന്നുവല്ലൊ. എന്നാൽ മരിച്ചുപോകുന്ന മനുഷ്യൻമാത്രം വീണ്ടു ഭൂമിമേൽ കാണപ്പെടാതെ മണ്ണോടു മണ്ണായി അഴുകി ദ്രവിഞ്ഞുപോകുന്നു.

അവന്റെ കുഴിമാടത്തിന്മേൽ മുളയ്ക്കുന്ന പുല്ലു പുഷ്പാദികൾ തളിർത്തു പൂത്തു പുഷ്പിച്ചു കണ്ണിന്നു ബഹു ഭംഗമായി കാണപ്പെടുകയും, കുറച്ചു കഴിയുമ്പോൾ പുഷ്പങ്ങൾ വാടി ഇലകൾ പൊഴിഞ്ഞു, പുല്ലുകൾ ക

രിഞ്ഞുപോകയും വീണ്ടും ക്ഷണത്തിൽ തളിത്തു വൃ
ക്ഷിക്കുകയും ചെയ്യുന്നത് നാം കണ്ടുവരുന്നുവല്ലൊ.

എന്നാൽ ആ കുഴിമാടത്തിൽ അടക്കപ്പെട്ട മനു
ഷ്യൻ നിത്യകാലത്തെക്കു അതിൽതന്നെ കിടക്കുമൊ?
ഒരിക്കലും അതിൽനിന്നു പുറപ്പെടുകയില്ലയൊ? അ
വൻ ഒരിക്കൽ അതിൽനിന്നു പുറപ്പെടും. അത് എ
പ്പൊളാകുന്നു? വിധിദിവസത്തിൽ സർവ്വേശ്വരനാൽ
നിയമിക്കപ്പെട്ടകാലംവരുമ്പൊൾ, മരിച്ചവർ ഏവ
രും കാഹളശബ്ദം കേട്ടക്ഷണത്തിൽ ദൈവബല
ത്താൽ അതാതുശരീരത്തൊടെ ഉയിർക്കും. സകല മ
നുഷ്യരുടെയും ആദിപിതാവായ ആദംമുതൽ ലോ
കാവസാനക്ഷണത്തിൽ മരിച്ച ഒട്ടുക്കുള്ള ആ കുഞ്ഞു
വരെയുള്ള സകലരും ഉയിർക്കും. ഭൂമിയിൽ അടക്ക
പ്പെട്ട ദഹിച്ചു മണ്ണൊടു മണ്ണായവരും, ജലത്തിൽ മു
ങ്ങി മരിച്ച മത്സ്യങ്ങൾക്കു ഇരയായവരും, അഗ്നിയാ
ൽ ദഹിപ്പിക്കപ്പെട്ട ഭസ്മമായിപ്പൊയവരും, ഉഷ്ണമൃഗ
ങ്ങളാൽ വിഴുങ്ങപ്പെട്ട ദഹിച്ചുപോയവരും. ഒരുവാ
ക്കായിട്ട സ്ത്രീയിൽനിന്നു പിറന്നു മരിച്ച സകല മനു
ഷ്യരും അവരവരുടെ സ്വന്ത ആതമശരീരങ്ങളൊടെ
വിധിദിവസത്തിൽ ഉയിർത്തു എഴുന്നെൽക്കും.

എന്നാൽ ആങ്ങിനെ അവർ ഉയിർക്കയിൽ നല്ല
വരും തിന്മവരും തമ്മിൽ വല്ല വ്യത്യാസമുണ്ടായിരി
ക്കുമൊ? ബഹു ദൂരവ്യത്യാസമുണ്ടായിരിക്കും നിശ്ചയം.
എങ്ങിനെയെന്നാൽ, പരിശുദ്ധർ സൂര്യനെക്കാൾ അ
ധികം പ്രകാശിച്ചുവിളങ്ങുകയും, ജപതപങ്ങളിലും

ദാനധർമ്മങ്ങളിലും കാലം ചിലവഴിച്ച ആത്മങ്ങൾ ആ സമയത്തിൽ വളരെ ശോഭയായ കാന്തി വീശി പ്രകാശിക്കുകയുംചെയ്യും.

ഈ ലോകത്തിൽവെച്ചു ഒരുനേര ഉപവാസങ്ങളാൽ തങ്ങളുടെ ദേഹത്തെ ഞെരുക്കി പാപങ്ങൾക്കു ഇടകൊടുക്കാതെ പ്രായശ്ചിത്തപ്രവൃത്തികളാൽ തങ്ങളുടെ ആശാപാശങ്ങളെ അടക്കി അമർത്തി ജീവിച്ചവരുടെ ശരീരങ്ങൾ അക്ഷയം, സൂക്ഷ്മം, ലഘുത്വം, പ്രകാശമെന്ന ഈ നാലു പ്രത്യേകമായ സ്വർഗ്ഗീയ വരങ്ങളെ പ്രാപിച്ചു, ദൈവദൂതരെപ്പോലെ നിത്യാനന്ദ ഭാഗ്യത്തിൽ മുഴുകി സന്തോഷിക്കും.

ഈ പ്രപഞ്ചത്തിൽവെച്ചു സർവ്വേശ്വരനെപ്രതി തങ്ങളുടെ ദേഹത്തെ സകലവിധ ശിക്ഷാഉപദ്രവ അപമാനങ്ങൾക്കു കയ്യേല്പിച്ചു മരിച്ച വേദസാക്ഷികളും, അന്യർക്ക് തങ്ങളുടെ ഹൃദയം വഴങ്ങിക്കാതെ ശുദ്ധവിരക്തരായി മരണപര്യന്തം ജീവിച്ചുവന്ന തപോധനന്മാരും ആ സമയത്തു അനുഭവിക്കുമെന്ന ആനന്ദസന്തോഷം ആരാൽ വർണ്ണിക്കാവതു!! ഇപ്പോൾ ദൈവത്തെപ്രതി ദരിദ്രരായി നടന്നു, സകലവിധ ഞെരുക്കാവശ്യങ്ങളിലും അകപ്പെട്ടിരിക്കുന്ന ആ പുണ്യവാന്മാരുടെ കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ അപ്പോൾ മുത്തുരത്നങ്ങൾ പതിച്ച സ്വർണ്ണവസ്ത്രാഭരണങ്ങളെക്കാൾ അധിക അലംകൃതശോഭനീയങ്ങളായി കാണപ്പെട്ടുകയുംചെയ്യും.

എന്നാൽ ഇതിനു പ്രതികൂലമായി പാപങ്ങളെ

പ്രവൃത്തിച്ചു ദൈവഭയംകൂടാതെ വ്യാപരിച്ചുവന്ന പാപികളുടെ ഉയിർപ്പു് എത്രയും അവലക്ഷണകോലമായിരിക്കും. പാപികൾ ആത്മശരീരത്തോടെ ഉയിർക്കുമ്പൊൾ അവരുടെ ദേഹം കരിക്കട്ടയെക്കാൾ കറുത്തിരുണ്ടു കാഴ്ചക്കു ബഹു അരൊചകവും അവലക്ഷണവുമായിരിക്കും. ഈ ലോകത്തിൽ ജീവിക്കയിൽ തങ്ങളുടെ ആശാപാശങ്ങളെ അടക്കാതെ ദുസ്വഭാവ ഇഷ്ടപ്രകാരമൊക്കെ പ്രവൃത്തിച്ചു താറുമാറായി നടന്നു, ദൈവപ്രമാണങ്ങളെ ലംഘിച്ചു, അഴിഞ്ഞുപോകുന്ന പ്രപഞ്ചനന്മസമ്പത്തുകളെമാത്രം തേടി സമ്പാദിച്ചു അനുഭവിച്ചുവന്ന പാപികളുടെ ദേഹങ്ങൾ വളരെ അവലക്ഷണവികൃതകോലമായി പകർന്നിരിക്കനിമിത്തം തങ്ങളെ തങ്ങൾ നോക്കുവാൻക്കുടെ സഹിയാതെ തലമുടി തന്നെതാൻ പിടിച്ചുപറിച്ചും നെഞ്ഞത്തടിച്ചും കരങ്ങളാൽ മുഖം മറച്ചുംകൊണ്ടു വീണ്ടും മരിപ്പാൻ അവർ ആഗ്രഹിക്കയുംചെയ്യും.

ഇഹത്തിൽവെച്ചു സുഖഭോഗങ്ങളിലും പാപച്ചെറ്റിലും മുഴുകിജീവിച്ചു വളർന്ന ശരീരങ്ങൾ അപ്പൊൾ കറുത്തിരുണ്ടു അവലക്ഷണകോലമായി തിരിഞ്ഞു പുഴുത്തു നാറുകയാൽ പാപികൾ അത്യന്തം നാണിച്ചു ദുഃഖിച്ചു പ്രലാപിച്ചു മനസ്താപപ്പെടുകയുംചെയ്യും. ഈ ദുർഭാഗ്യന്മാർ തങ്ങളുടെ അക്രമപാപങ്ങളെയും ദുർവ്യാഗ്രഹംനിമിത്തം ശങ്കയില്ലാതെ അന്യമുതൽ അപഹരിച്ചു ദൈവപ്രമാണങ്ങളെ സകലവിധത്തിലും ലംഘിച്ചതിനെയും നിനച്ചു അപ്പൊ

ൽ എത്രയൊ പ്രലാപിക്കും. പക്ഷെ അപ്പൊഴത്തെ അവരുടെ ദുഃഖപ്രലാപങ്ങളാൽ യാതൊരു പ്രയോജനവും അവർക്ക് ഉണ്ടാകയുമില്ല.

വാത്സല്യ സഹോദരരെ, ഭയങ്കരമായ ആ വിധിദിവസത്തിൽ നിങ്ങളുടെ ആത്മശരീരങ്ങൾക്കു സന്തോഷാനന്ദ ഭാഗ്യമുണ്ടാകണമെന്നു നിങ്ങൾക്കു ആശയുണ്ടായിരുന്നാൽ അതിന്നൊത്തവിധം വ്യാപരിക്കുന്നതിന്നു ഇപ്പൊൾതന്നെ തീർമ്മാനിച്ചുകൊൾവിൻ.

നിങ്ങളുടെ പാപങ്ങൾനിമിത്തം ഉത്തമമനസ്സാപപ്പെട്ട ജീവിതത്തെനന്നാക്കിക്കൊൾവിൻ. ലോകം, പിശാചു മുതലായ ജന്മശത്രുക്കളെയെല്ലാം തോല്പിച്ചു ജയശീലനായി ഉയിർത്ത നമ്മുടെ ദിവ്യരക്ഷകനൊടുചിച്ചു നാമും ഉയിർക്കുണമെങ്കിൽ തന്നെ നാം സകലത്തിലും അനുഗമിക്കേണ്ടതാകുന്നു.

ഇതാ നോക്കുവിൻ: മുറിവുകൾ എല്ലാം സുഖമായി ജയക്കൊടിയും കരങ്ങളിൽ വഹിച്ചുകൊണ്ടു നമ്മുടെ രക്ഷകൻ ഇതാ ഉയിർക്കുന്നു. നാമും നമ്മുടെ പാപമുറിവുകളെ ജപതപദാനധർമ്മങ്ങളാലും ഉത്തമ മനസ്സാപത്താലും പൊറുപ്പിച്ചു ലോകം പിശാചു ശരീരമെന്ന ശത്രുക്കളെയും തോല്പിച്ചു ഉത്തമ ക്രീസുവരായി വ്യാപരിക്കുമെങ്കിൽ, ദിവ്യരക്ഷകൻ അങ്ങെ ശിഷ്യരൊട്ട അരുളിച്ചെയ്ത അ നിത്യ സമാധാനഭാഗ്യം സംശയമെന്യെ നമുക്കും നൽകിയരുളി നമ്മെ ആശീർവ്വദിക്കുകയും ചെയ്യും' എന്നും പറഞ്ഞുകൊണ്ടു പ്രസംഗം അവസാനിപ്പിക്കയുംചെയ്തു.

യോഹന്നാൻഗുരുവിന്റെ പുണ്യവും പരിശുദ്ധതയും നാനാദിശിയിലും പ്രസിദ്ധമായതുമുഖാന്തരം അദ്ദേഹത്തിന്റെ ആശീർവ്വാദം പ്രാപിപ്പാനായി അനവധി ജനം ബഹുദൂരദേശങ്ങളിൽനിന്നും വന്നുകൂടിയിരുന്നു. തള്ളമാർ തങ്ങളുടെ ശിശുക്കളെ ആശീർവ്വദിക്കേണ്ടതിന്നായി ഈ പരിശുദ്ധന്റെ പാദങ്ങളിൽ കൊണ്ടുവന്നിരുന്നു. രോഗികളും അദ്ദേഹത്തിന്റെ പാദങ്ങളിൽചെന്നു കരങ്ങളെയൊ വസ്ത്രങ്ങളെയൊ ചുംബിക്കയിൽ തൽക്ഷണം വിസ്മയവിധമായി രോഗശാന്തി പ്രാപിച്ചിരുന്നു.

ആ തോപ്രവ്യ ഒരുദിവസം തന്റെ ആത്മാർത്ഥദാസനുമായി സംഭാഷിച്ചിരിക്കയിൽ, 'മോപ്പെർ, നാം നിനച്ചവ സകലതും നിറവേറിയല്ലൊ. ഇനി ഒരു അല്പ വിഷ്ണംമാത്രം ശേഷിപ്പുണ്ടു. അതും ശീഘ്രം തീർന്നുപോകും. അപ്പൊൾ ബൊയെമ്യാരാജ്യമെങ്ങും നമ്മുടെ അധികാരംമാത്രം നടക്കും. നീ അറിഞ്ഞിരിക്കുന്നതുപോലെ രാജനും റാണിയും തമ്മിലുണ്ടായിരുന്ന അന്യൊന്യ സ്നേഹംമുഴുവനും അറ്റുപോയല്ലൊ. സന്യാസാശ്രമത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്ന ആൽപ്രെഡ്, എന്നു ആശ്രമത്തിൽനിന്നു പുറപ്പെട്ടുപൊ, അന്നു സംശയമെന്യെ പിടിക്കപ്പെടുകയുംചെയ്യും. യോഹന്നാൻഗുരുവിന്റെ അധികാരവും അരമനയിൽ തീരെ അറിഞ്ഞിരിക്കുന്നു; ഇപ്പൊൾ അദ്ദേഹത്തിന്റെ വചനം രാജസന്നിധിയിൽ അരക്കാശിന്നുകൂടെ വിലയില്ല. വെൻസ്ലാവൂസു അദ്ദേഹ

ത്തിന്റെനേരെ ബഹു കോപവും വെറുപ്പുമായി അദ്ദേഹത്തെ ശത്രുവാക്കി സംഹരിപ്പാൻ തക്ക സമയം പാർത്തിരിക്കയാണു. ആകയാൽ നാം ഇപ്പോൾ ചുമ്മാ ഇരുന്നുകൂടാ. കാറുള്ളപ്പോൾതന്നെയല്ലെ കാറ്റ അടിച്ചെണ്ടത്?' എന്നു പറഞ്ഞു.

അതിന്നു ദാസൻ, 'ഉടയവനെ, തങ്ങൾ ഈ വിധമാണു പറയുന്നത്. എന്നാൽ പട്ടണത്തിൽ നടക്കുന്ന വർത്തമാനങ്ങൾ ഇതിന്നു തീരെ വിപരീതമായതാണു' എന്നു പറകയിൽ, 'കൊള്ളാം, നീ കേട്ടവകൾ പറയുക' എന്നു ആ ത്തോപ്പുട്ട പറഞ്ഞതിനാൽ മൊപ്പെർ പറയുന്നതായത്:

ഈ പ്രാഗപട്ടണത്തിലുള്ളവർ സകലരും റാണി ബഹു പുണ്യവതിയാകുന്നു എന്നു പുകഴ്ത്തിസ്തുതിക്കുന്നു എന്നല്ല, അന്യനാട്ടുകാർക്കുടെയും അത്ഭുതകാരംതന്നെ അവളെ സ്തുതിച്ചുകൊണ്ടാടുന്നത് ഞാൻതന്നെയും പലപ്പോഴും കേട്ടിരിക്കുന്നു. യോഹന്നാൻഗുരുസ്വാമിയാർ വേദസാക്ഷിയാകുന്നുവെന്നു നാടെങ്ങും പ്രസിദ്ധമായി അദ്ദേഹത്തെ കണ്ടു ആശീർവ്വാദംവാങ്ങുന്നതിന്നു നാനാദൂരദേശങ്ങളിൽനിന്നുകൂടെ അനവധിജനം ദിനംതോറും വരുന്നു. എന്നുമാത്രവുമല്ല അനേക രോഗികൾ ആ പരിശുദ്ധന്റെ ജപങ്ങളാൽ അത്ഭുതമായി സുഖവുംപ്രാപിച്ചു. ഈ വിസ്മയത്തെ എന്റെ കണ്ണുകളാൽതന്നെ ഞാനും കണ്ടു' എന്നു പറഞ്ഞപ്പോഴെക്കു ആത്തോ അവന്റെ സംസാരം നിർത്തി പറഞ്ഞതായത്:

ഇത് ഒരു നൂതനവിഷയമല്ല മോപ്പെർ. ഇവ കൾ ഇനിക്കും വായ്ത്താരികമായ ഒരു പഴമ്പാട്ടാണല്ലൊ. റാണി കറയറവളായാലും യോഹന്നാൻഗുരു വേദസാക്ഷിയായിരുന്നാലും ആരെല്ലാം അവരെ സംബന്ധിച്ചു എന്തെല്ലാംതന്നെ പറഞ്ഞാലും നമുക്കെന്തു? അവ ബന്ധിച്ചു ഒരു ശ്രദ്ധയും ഇനിക്കില്ല. നമുടെ ലാക്കു നിറവേറിയാൽമാത്രംമതി. നീ അവകൾ ഒന്നും കഥവെക്കേണ്ട. തൽക്കാലം സകലവും നമ്മുടെ കരുതൽപോലെതന്നെയാണു തെറാതെ നിറവേറിവരുന്നത്. അതുനിമിത്തം നാം സന്തോഷിക്കണം എന്നും മറും പലവിധമൊക്കെ പറഞ്ഞു തന്റെ ദാസന്റെ ഭയം അകറ്റി, ധൈര്യമായിരിക്കുന്നതിനും ഉപദേശിച്ചിരുന്നു.

യോഹന്നാൻഗുരു തന്റെ വൈദിക ഉദ്യോഗജോലിനിമിത്തം പലപ്രാവശ്യവും അരമനയിൽ പോയിരുന്നാലും രാജൻ അദ്ദേഹത്തെ കണ്ടു സംഭാഷിക്കുന്നതിനും ഒരിക്കൽപോലും ഇറങ്ങിട്ടില്ല. എന്നാലും ചില സമയങ്ങളിൽ അരമനമാളികയുടെ ജനലിൽക്കൂടി രാജൻ എത്തിച്ചുനോക്കുകയിൽ, അദ്ദേഹത്തിന്റെ മുഖം നന്നാ വിളറിയതായി തോന്നിയിരുന്നു എങ്കിലും ഒരു വിശേഷ ശോഭയും വിസ്മയകര പ്രകാശവും അതിൽ വീഴുന്നതുകണ്ടു ഭയന്നു ഭ്രമിച്ചുപിൻമാറിക്കളഞ്ഞിട്ടെയുള്ളു.

കായ്യം ഇങ്ങിനെ ആയാലും ആത്മായുടെ ഉപദേശങ്ങളെ അയാൾ കൽക്കും തോറും റാണി

യുടെനേരെ അധികം അരൊചകവും വെറുപ്പുമായി രുന്നു. റാണിയുടെനേരെയുള്ള ഈ വ്യർത്ഥസന്ദേഹം രാജന്റെ ഹൃദയത്തിൽ പൊറുക്കാത്ത ഒരു വ്രണം പോലെ ആയി സദാ ക്ലേശംപൂണ്ടു കലങ്ങി വിഷാദിക്കയും, ചിലപ്പോൾ യോഹന്നാൻഗ്രന്ഥവെ കാൺകയിൽ റാണിയുടെ കമ്പസ്സാരംബന്ധിച്ചു ചോദിക്കണമെന്നു തോന്നിയാലും അദ്ദേഹത്തിന്റെ മുഖം കാണുമ്പോൾ ഭയന്നു ഭ്രമിച്ചു, സംസാരിപ്പാൻ നാവു പേരാതെ ആയിത്തീരുകയുംചെയ്തിരുന്നു.

വെൻസ്ലാവൂസുരാജൻ തന്റെ റാണിയുടെനേരെ തീരാത്ത ദ്വേഷമായിക്കൊണ്ടും, യാതൊരു ദൈവഭയമില്ലാതെയും, തന്റെ രാജ്യഭരണത്തിന്മേൽ ശ്രദ്ധയറവനായി പ്രജകളുടെ സുഖക്ഷേമങ്ങളെ അശേഷം അന്വേഷിക്കാതെയും, ഗ്രന്ഥപ്രസാദികളുടെ ബുദ്ധിയുപദേശങ്ങളെ കഥവെക്കാതെയും വ്യാപരിച്ചു വന്നിരുന്നു എന്നുമല്ല, ദുഷ്ടരോടുള്ള സഹവാസംമൂലം പാരമ്പര്യമായിട്ടു ഗ്രന്ഥക്കളുടെ സംരക്ഷണയിൽകീഴിൽ നടത്തിവന്ന പ്രധാന പള്ളിക്കൂടങ്ങളെ ദുഷ്ടക്ക് കൈവശപ്പെടുത്തുകയും, വീതിശാലകളിൽ നീതി നടത്താതെയിരിക്കയും ചെയ്തിരുന്നു.

ഇങ്ങിനെ സകലവും അലങ്കോലവും കുഴപ്പവുമായിത്തീർന്നിരിക്കുന്നു എന്ന സ്ഥിതി ചില പതിതപാദ്രിമാർ കണ്ടു, അവർ ഈ കത്തോലീക്കാദേശത്തു രഹസ്യമായിട്ടു പ്രവേശിച്ചു, തങ്ങളുടെ അബദ്ധപഠനങ്ങളെ അവിടവിടെ പഠിപ്പിച്ചുതുടങ്ങി.

ഈ വിധ വകഭേദങ്ങളെ ആത്മാ കാൺകയിൽ, താൻ അനേകകാലമായി നിനച്ചിരുന്നവകൾ നിറവേറുന്നതിന്നു ഇത് ഒരു നല്ല ശകുനമാണെന്നുകരുതി, ആനന്ദപൂരിതനായി ദുഷ്ടർക്കും അക്രമികൾക്കും ഉയർന്ന ഉദ്യോഗങ്ങളും കൊടുത്തു പ്രധാന പള്ളിക്രൂടങ്ങളിൽ പതിത വാദ്ധ്യാന്മാരെയും ഏല്പിച്ചതിനു അവരുടെ അബദ്ധമായ മതോപദേശങ്ങളെ അവിടവിടെ പഠിപ്പിക്കുന്നതിന്നു പൂർണ്ണ അനുവാദവും കയും ചെയ്തു. എന്നാൽ വെൻസ്ലാവൂസിനെ തന്റെ ഇഷ്ടകൾക്കു എല്ലാം ഇണക്കിയിരിക്കുമ്പോൾ അയാളെ ഒരു പാവപോലെ പേരിനുമാത്രമുള്ള ഒരു രാജാവായികരുതിക്കൊണ്ടു, ഇവൻതന്നെ രാജ്യഭരണം സകലവും നടത്തിവന്നിരുന്നു.

ഇങ്ങിനെയിരിക്കയിൽ ആവഷ്ടം നമ്മുടെ ദിവ്യരക്ഷകന്റെ മോക്ഷാരോഹണതിരുനാളിന്നു മൂന്നുദിവസംമുമ്പു, യോഹന്നാൻ നെപ്പുമിസ്യാനൊസ്സുരു, താൻ വേദസാക്ഷിയായി മരിപ്പാനുള്ളതിനാൽ സമീപിച്ചിരിക്കുന്നു എന്നു അത്ഭുതമായി ദൈവവെളിവാൽ അറിഞ്ഞു. ആകയാൽ അന്നു പൂജസമയത്തു തന്റെ വാത്സല്യമക്കളായ ക്രീസ്തുവരൊട്ടു കടശിയാതു പറയണമെന്നു അദ്ദേഹത്തിന്നു ഒരു ആശതോന്നി.

ആകയാൽ പൂജയിൽ ശുദ്ധ: യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ ഏഴതിയിരിക്കുന്നതിനെ വായിച്ചു കഴിഞ്ഞുടൻ പുസ്തകം അടച്ചു, അന്നു ദേവാലയത്തിൽ കൂടിയിരുന്ന അമ്മാ ജന

ത്തെ മഹാ അനുഭവമുള്ള പക്ഷത്തോടെ കടാക്ഷിച്ചുകൊണ്ട് പറഞ്ഞതായതു:

വാത്സല്യമക്കളെ, പണ്ടത്തെകാലത്തു നമ്മുടെ ദിവ്യരക്ഷകൻ അങ്ങെശ്ശീഹന്മാരെയും ശിഷ്യരെയും മറ്റു വിശ്വാസികളെയും തുക്കണ്ണാത്തു അരുളിച്ചെയ്തതായു: "എന്നെ അയച്ച ആളുടെ പക്കലേക്കു ഞാൻ പിന്തിരിഞ്ഞുപോകുന്നതിന്നു സമയം വന്നിരിക്കുന്നു. പക്ഷെ ഈ വചനം കേൾക്കുമ്പോൾ നിങ്ങളുടെ ഹൃദയങ്ങളിൽ വ്യാകുലം നിറയും" അതുപോലെതന്നെ ഞാനും തന്റെ ആ വാക്യംതന്നെ നിങ്ങളോടു പറവാനായിട്ടു ഇപ്പോൾ ഇതാ പുറപ്പെട്ടിരിക്കുന്നു.

അനേകവത്സരം നിങ്ങളൊരുമിച്ചു വസിച്ചു നിങ്ങളുടെ ആത്മരക്ഷക്കുള്ള ജോലിയിൽ ഞാൻ ഉദ്യോഗപ്പെട്ടു, വേദോപദേശങ്ങൾ അറിയിക്കയും, മോക്ഷവഴികളെ പഠിപ്പിക്കയും മറ്റും ചെയ്തുകൊണ്ടു, സകല വിധേനയും നിങ്ങളുടെ നന്മക്കായി പ്രയത്നിച്ചു വന്നിരുന്നു. എന്നാൽ കടശി പ്രിയമുള്ള മക്കളെ, ഇപ്പോൾ ഇതാ ഞാൻ നിങ്ങളെ വിട്ടുപിരിയുന്നതിന്നുള്ള കാലം സമീപിച്ചിരിക്കുന്നു. എന്നു പറഞ്ഞു തീരുന്നതിന്നുമുമ്പുതന്നെ ദേവാലയത്തിൽ അവിടവിടെ കരച്ചിലുകളും, വിമ്മലുകളും, നെടുവീർപ്പുകളും കേട്ടുതുടങ്ങി.

എങ്കിലും സ്വാമിയാർ പ്രസംഗംതുടർന്നു, 'നിങ്ങൾ ഇതുവരേയും എന്റെ ഉപദേശങ്ങളെ പിന്തുടർന്നു ദൈവത്തിന്റെ വിശ്വസ്തമക്കളായി, വേദപ്രി

മാണത്തിന്നൊത്തപ്രകാരം വ്യാപരിച്ചുവന്നതുപോലെതന്നെ, ഞാൻ നിങ്ങളെ വിട്ടുപിരിഞ്ഞുപോയശേഷവും പുണ്യവഴിയിൽ വ്യാപരിച്ചുവരണമെന്നു എന്റെ വാത്സല്യമക്കൾ ഏവരോടും ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു.

എന്നാൽ ഈ ദേശത്തിന്നും ഈ പട്ടണത്തിന്നും ഒരു മഹാ പരീക്ഷ വന്നു നേരിടുമെന്നത് നിശ്ചയമാണു. ആയതുകൊണ്ടു പരീക്ഷസമയങ്ങളിൽ ഇളകാതെ സ്ഥിരമായിനിന്നു സകലത്തെക്കാൾ നമ്മുടെ പരിശുദ്ധവേദത്തെ സാരമായിമതിച്ചു, വിശ്വാസത്തെ കൈവെടിയാതെ ദൈവഭക്തിയിൽ വ്യാപരിച്ചുവരുന്നതാണു ഒരു ക്രീസ്തവന്റെ ഉന്നതമായ കടം എന്നു മക്കളെ, നിങ്ങൾ മറന്നുകളയല്ലെ.

ഒ! ജെർമ്മാന്യരാജ്യമെ, എന്റെ വാത്സല്യമുള്ള ജന്മനാടെ, തിരുസ്സഭയ്ക്കു കണക്കിലടങ്ങാത്ത പുണ്യവാന്മാരെയും അനേക മാപ്പാപ്പാമാരെയും മെത്രാന്മാരെയും അനവധി ഗുരുക്കൾ സന്യാസികൾ കന്യാസ്ത്രീകൾ മുതലായവരെയും പിറപ്പിച്ച പ്രതാപമുള്ള രാജ്യമെ, പുണ്യപുരുഷരായ അനേക ചക്രവർത്തികളെയും, കീർത്തിപ്പെട്ട ശാസ്ത്രികളെയും, പരാക്രമശാലികളായ വീരശൂരന്മാരെയും പുറപ്പെടുവിച്ചു ലോകംമുഴുവനും പുകഴ്ത്തിസ്തുതിക്കപ്പെട്ട മഹത്വമെറിയ മഹാനാടെ, പുണ്യവ്യാപാരത്തിലും സ്വന്തധനസമ്പത്തിലും, ശാസ്ത്രവിദ്യയിലും, സേനാബലത്തിലും അതി കീർത്തിപ്രാപിച്ചു ഒരു (ശ്ലൂക്കൻ) വെള്ളി

ഗൃഹംപൊലെ ശോഭിച്ചു വിളങ്ങിയ പുണ്യനാടെ, നിന്നെനിലംപരിചാക്കുവാനായിക്രോധിച്ചുകൊണ്ടു വരുന്ന പെരുങ്കാറ്റിനും പുരോഗാമിയായ കറുത്ത കാർമേഘം നാനാഭാഗങ്ങളിലുംനിന്നും ഒരുമിച്ചുകൂടി സമീപിച്ചുവരുന്നത് ഇതാ ഞാൻ കാണുന്നു.

ഓർശ്ലം പട്ടണത്തിനും ദൈവകോപത്താൽ വരുവാനിരുന്ന സർവ്വ സംഹാര അഴിവിനെ നമ്മുടെ ദിവ്യരക്ഷകൻ മുൻകൂട്ടി അറിഞ്ഞു ദുഃഖിച്ചു കണ്ണുനീർ ചിന്തിയതുപോലെതന്നെ, ഞാനും കണ്ണുനീരൊടെ അറിയിക്കുന്നതായത്: അയ്യൊ!! എന്റെ സ്വന്തനാടെ, പുണ്യത്തിലും സൌഭാഗ്യത്തിലും ചെഴിച്ചു വിളങ്ങുന്ന മഹാ ജമ്മാന്യദേശമെ, ചില വർഷങ്ങളുടെ ശേഷം നിന്റെ ജീവനായിരിക്കുന്ന കത്തൊലീക്കാ സത്യവേദത്തെ കള്ളപ്രാതകന്മാർ പകത്തിനിന്റെ കിരീടത്തിന്മെൽ നക്ഷത്രങ്ങൾക്കതുല്യം പ്രകാശിച്ചു വിളങ്ങുന്ന വജ്രമണികളായ സത്യഗുരുക്കളെ തള്ളിക്കളഞ്ഞു പുണ്യത്തിനു പകരം പാപവും, ധർമ്മത്തിനു പകരം കാമവും, നീതിക്കു പകരം അന്യായവുമെന്നവകൾ അട്ടംതുകൽ ധരിച്ചിരിക്കുന്ന ആ കള്ളദീർഘദർശികളാൽ ഉപദേശിക്കപ്പെട്ടുവാനിരിക്കുന്നുവല്ലൊ! ആ! ഈ ദുർഭാഗ്യസ്ഥിതികണ്ടാൽ ആരുടെ നേത്രങ്ങളിൽനിന്നാണ രക്തകണ്ണുനീർ ഒലിക്കാതിരിക്കുന്നത്! ഈ പരിതാപകരകാഴ്ച കാണുന്നവരിൽ ആരാണ നെടുവീർപ്പുവിട്ടു കരഞ്ഞു പ്രലാപിക്കാത്തത്! സർവ്വദയാപരനായ സർവ്വേശ്വരാ സ്വാമി, അങ്ങെ

കോട്ടമറ്റ നീതി ഒരുമിച്ചു അങ്ങെ അളവറ്റ കരുണയുംക്രൂടെ വിളങ്ങേണമെ. എന്നു എളിമയൊടെ അടിയൻ പ്രാത്ഥിച്ചുകൊള്ളുന്നെൻ.

അതിവാത്സല്യസഹോദരരെ, മുൻക്രൂട്ടിനിങ്ങൾക്കു അറിയിക്കുന്ന ഈ ഭയങ്കരമായ മഹാ പൊശരിൽ അകപ്പെടാതിരിക്കുന്നതിന്നു ജാഗ്രതയുള്ളവരായിരിപ്പിൻ. ജപതപങ്ങളാൽ ദൈവകോപത്തെ തണുപ്പിപ്പിൻ. നമ്മുടെ ദിവ്യരക്ഷകനായ ഈശൊമിശിഹായ്ക്കു പകരം അങ്ങെ വികാരിയായി തിരുസ്സഭയെ ഭരിച്ചു നടത്തിവരുന്ന മാപ്പാപ്പാക്കു ഇതെവരെയും കീഴ്വഴങ്ങി, അനേക വത്സരങ്ങളായിട്ടു ആ ജ്ഞാന അധികാരത്തിൻകീഴ സന്തോഷമായിനാം വ്യാപരിച്ചുവരുന്നു.

എന്നുവരികിലും അയ്യൊ! ദുർഭാഗ്യമെ, ഈദേശവാസികളിൽ അനേകർ കുറെനാളുകൾക്കുള്ളിൽ അല്പേഛത്തിന്റെ ആജ്ഞ ഞങ്ങൾക്കു വേണ്ടായെന്നും പറഞ്ഞു ഇടയനില്ലാത്ത ആടുകൾപോലെ നാനാഭാഗങ്ങളിലും ചിതറി അലഞ്ഞുനടക്കയും, തങ്ങളുടെ ആശാപാശങ്ങൾക്കു ഒത്ത നൂതന മതത്തിന്മേൽ ഇഷ്ടപ്പെട്ടുകയും, ഒരുനേര ഉപവാസങ്ങൾ അനാവശ്യഭാരമാണെന്നും, വിരക്തത്വം മനുഷ്യബലത്തിന്നു മേല്പെട്ട ഒരു മഹാ ചുമടാണെന്നും, ഒരുവൻ പുണ്യമായി വ്യാപരിക്കാതിരുന്നാലും അതിന്മേൽ അവന്നു ആശയുണ്ടായിരുന്നാൽമാത്രം മതിയെന്നും, പൂജ മുതലായ നെച്ചുകാണിക്കകൾ ഫലമറ്റ സ്വയം

കൃതങ്ങളാണെന്നും, മോക്ഷവാസികളുടെ സഹായം അപേക്ഷിക്കുന്നത് പാപമാണെന്നും ഇതുമുതലായ അബദ്ധപഠനങ്ങൾക്കു ചെവികൊടുത്തു സത്യവേദനെറിവിൽനിന്നു തെറ്റിപ്പോകയുംചെയ്യും.

എന്നാൽ വാത്സല്യ സഹോദരരെ, നിങ്ങൾ ഈ വിധ ദുർബ്ബോധികളെ പിൻതുടരാതെ നമ്മുടെ പൂർവ്വന്മാർ ഇതെവരെയും അനുസരിച്ചുവന്ന കത്തോലീക്കാ സത്യവേദത്തിൽ സ്ഥിരമായി നിലനിന്നു, അതിനെ മുതലിക്കുന്നതിനെക്കാൾ നിങ്ങളുടെ രക്ഷം മുഴുവൻ ചിന്തിപ്രാണൻക്രൂടെ ഉപേക്ഷിക്കുന്നതിനു തയ്യാറായിരിപ്പിൻ. നിങ്ങളുടെ കൂടുംബവാസികളൊടും ഇതുതന്നെ ഉപദേശിച്ചുകൊണ്ടു ഈ പരിശുദ്ധവേദത്തെവിശ്വസ്തതയൊടെ കാത്തുവരുവിൻ മക്കളെ.

കടശിയായിട്ടു നിങ്ങളുടെനേരെ ഇറിക്കുള്ള സ്നേഹവക്ഷത്തെ ഏതുവിധം ഞാൻ വെളിപ്പെടുത്തുണ്ടു!! നമ്മുടെ കർത്താവിനെ അനുഗമിച്ചുകൊണ്ടു ഒരിക്കലും അഴിയപ്പെടാത്തതായ സമാധാനത്തെ നിങ്ങൾക്കു ഞാൻ തന്നുകൊള്ളുന്നു. അതെ, പ്രിയക്രീസുവരെ, എന്റെ അതി വാത്സല്യമക്കളെ, സർവ്വേശ്വരനൊടുംനിങ്ങളൊടും നിങ്ങളുടെ അയൽക്കാരൊടുമുള്ള സമാധാനത്തൊടെ നിങ്ങൾ ജീവിക്കുന്നതായാൽ, നിങ്ങൾ അശേഷം ഭയപ്പെടുവാൻ ആവശ്യമില്ല. നരകത്തിലുള്ള സകല ഭ്രതപിശാചുക്കളും ലോകത്തിലുള്ള പരമദുഷ്ടന്മാരും ഒന്നിച്ചുകൂടിയാ

ല്ലും നിങ്ങളെ ഇളക്കുന്നതിന്നു കഴികയില്ല.

ആ! എന്റെ പ്രിയമക്കളെ, സർവ്വേശ്വരൻ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും നിങ്ങളുടെ ദേശത്തെയും കാത്തു രക്ഷിക്കുമാറാകട്ടെ എന്നു പറഞ്ഞു കടശി ആശീർവ്വാദവും നൽകി. എന്നാൽ ഈ പ്രസംഗം അവസാനിപ്പിച്ചു പുഷ്പത്തിൽനിന്നിറങ്ങുകയിൽ അദ്ദേഹത്തിന്റെ സ്വരം പകൻ കണ്ണുകൾ കലങ്ങിയിരുന്നു. ഉടനെ ജനങ്ങൾ തങ്ങളുടെ പരിശുദ്ധ ഇടയന്റെ പാക്കൽ അടുത്തു കണ്ണുനീരൊടെ അദ്ദേഹത്തിന്റെ പാദങ്ങളെയും വസ്ത്രങ്ങളെയും ചുംബിക്കയിൽ ഈശോ പീഠത്തിന്മേൽ കയറി പൂജ തുടർന്നു മുഴുവനാക്കുകയുംചെയ്തു.

൧൯-ാം അദ്ധ്യായം.

യോഹന്നാൻഈശോവിന്റെ മരണവും അദ്ദേഹത്തിനു സിദ്ധിച്ച മഹിമപ്രതാപവും.

അന്നെദിവസംമുഴുവനും പട്ടണത്തിൽ യോഹന്നാൻഈശോവിനെ സംബന്ധിച്ച സംഭാഷണങ്ങൾമാത്രമായിരുന്നു: പക്ഷെ ചിലപ്പോൾ നമ്മുടെ വികാരിഅച്ഛനെ മെത്രാനച്ഛൻ വേറെ ഒരു ഇടവകയിലെക്കു വികാരിയായി മാറുമായിരിക്കുമൊ എന്നു ചിലർ പറഞ്ഞിരുന്നു. അങ്ങിനെയല്ല, രാജാവു നമ്മുടെ ഈശോവിനെ പാറാവിൽ ഇട്ടുവാനിരിക്കയാണു

എന്നു മറ്റു ചിലർ പറഞ്ഞിരുന്നു. ഇങ്ങിനെ പല വിധമൊക്കെ അവർ പറഞ്ഞുകൊണ്ടിരുന്നിരുന്നു.

എന്നാൽ തങ്ങളുടെ നാട്ടിന്നു സംഭവിപ്പാനിരിക്കുന്ന നാശം ബന്ധിച്ചു ഗുരു പറഞ്ഞതുനിമിത്തം സകലരും അത്യന്തം വ്യസനിച്ചു പ്രലാപിച്ചിരുന്നു. അന്നു ഉച്ചതിരിഞ്ഞിട്ടു ഗുരുസ്വാമിയാർ വളരെനേരത്തെക്കു ദേവാലയത്തിൽപോയി വളരെ മനസ്സുരുക്കത്തോടെ എരിവായി ജപംചെയ്തു. കടശി ജപം നിറുത്തി എഴുന്നേൽക്കുകയിൽ തന്നെ കാത്തുകൊണ്ടിരുന്ന ഒരാളെകണ്ടു, 'ഒ! ആൽഫ്രെഡ്പ്രഭുവൊ? വരു' എന്നും പറഞ്ഞുകൊണ്ടു സങ്കീർത്തിമുറിയിലെക്കു അയാളെ ക്ഷണിക്കൊണ്ടുപോയി.

ആൽഫ്രെഡ് ഗുരുസ്വാമിയാരൊടു, 'ബഹുമാനപ്പെട്ട പിതാവെ, ഞാൻ ആശ്രമത്തിൽ ചേർന്നശേഷം എന്റെ പേരുമാറി, ആഗസ്തീനൊസെന്ന ഒരു പുതിയനാമം എടുത്തിരിക്കയാണു, ഇപ്പൊൾ ഞാൻ ഗുരുപട്ടത്തിന്നായി പഠിച്ചുവരുന്നു. ആ ആശ്രമമാണു ഇനിക്കു പരഗതിക്കുള്ള മാർഗ്ഗം' എന്നും മറ്റും പല സംഗതികൾ ബന്ധിച്ചു സംഭാഷിച്ചു.

അതിന്റെശേഷം രാജൻമൂലം ഗുരുവിന്നുസംഭവിച്ച ഞെരുക്കങ്ങൾ ബന്ധിച്ചും പറഞ്ഞു വളരെ സഹതാപത്തൊടെ ദുഃഖിച്ചു. എങ്കിലും ഗുരു അതുബന്ധിച്ചു ഒന്നുംതന്നെ പറഞ്ഞില്ല. അയാൾസർവ്വേശ്വരന്നു വിശ്വസ്ഥനായി ശുശ്രൂഷിച്ചുവരുന്നതുനിമിത്തം ഗുരു ബഹു സന്തോഷത്തൊടുകൂടിയൊടെ അധികനേര

ത്തെക്കു തമ്മിൽ സംഭാഷിച്ചു കടശി ഇരുവരും തമ്മിൽ വളരെ സ്നേഹപക്ഷത്തോടെ സ്വതന്ത്രം പറഞ്ഞു ആലിംഗനവും ചെയ്തുകൊണ്ടു പിരിഞ്ഞുപോകയും ചെയ്തു.

ആ പട്ടണത്തിൽ പരിശുദ്ധകന്യകയുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ഒരു പ്രബലമായ ദേവാലയമുണ്ടായിരുന്നു. അതിൽ അനേകം വിസ്മയകരങ്ങളായ അത്ഭുതങ്ങൾ സംഭവിക്കുമ്പോന്തരം അത് തീരയാത്രക്കാരുടെ ഒരു മുഖ്യ ഭക്തസ്ഥലമായിരുന്നു.

ആകയാൽ യോഹന്നാൻഗുരു ആ പരമനായകിയുടെ വിശേഷ സഹായം പ്രാപിക്കേണ്ടതിന്നും, വേദത്തെപ്രതി മരിക്കുന്ന വേദസാക്ഷികളുടെ രാജ്ഞിയായ ആ പരമനാഥയുടെ പ്രത്യേക ആദരവു തന്റെമേൽ ഉണ്ടാകേണ്ടതിന്നുമായി പുലച്ചു അവിടെപോയി ബഹു ഭക്തിവിനയത്തോടെ പ്രാർത്ഥിച്ചുകൊണ്ടു ഉച്ചസമയത്തെക്കു തന്റെ വസതിയിലെക്കു മടങ്ങിപുറപ്പെടുകയുംചെയ്തു.

ആ സമയം വെൻസ്ലാവൂസുരാജാവു ബഹു വിഷാദവും വ്യാകുലവുംപൂണ്ടു അനേകവിധ ചിന്തനങ്ങളൊടെ തന്റെ അരമനയുടെ മുകളിൽ ഒരു സാളയിൽ ലാത്തിക്കൊണ്ടു രാജപാഥമാർഗ്ഗമായി പോകുന്നവരെ ജനലിൽകൂടി കൂടക്കൂടെ ചെന്നു എത്തിച്ചുനോക്കിയിരുന്നു.

എന്നാൽ ആ പട്ടണത്തിൽ നടന്നുവരുന്ന അലങ്കോലങ്ങളും മറ്റു പല പട്ടണങ്ങളിൽ നടന്നുവ

ങ്ങുന്ന അന്യായ ആക്രമങ്ങളും അവസംബന്ധിച്ചു പ്രജകൾ ആവലാധിപെട്ടു തനിക്കു അയച്ചിരിക്കുന്ന കണക്കില്ലാത്ത ഹർജികളും, രാജഖജനാവിൽ പണം നന്നാ കുറവായിപ്പോയിരിക്കുന്നതും, നാട്ടിൽ മഴയില്ലായ്കമുഖാന്തരം മഹാ ക്ഷാമലക്ഷ്യങ്ങൾ കാണപ്പെട്ടിരിക്കുന്നതും, അതുമൂലം കളവും കവർച്ചകളും അധികരിച്ചു ജനങ്ങൾക്കു ബഹു ആവലാധിക്കു കാരണമായിരിക്കുന്നതും മറ്റും ആലോചിക്കുംതൊറും രാജന്റെ ക്ലേശവും അങ്കലാപ്പും ഏറിവരികയും അധികരിച്ചിരുന്നു.

ഈ വിധ അപകടസമയങ്ങളിൽ യോഹന്നാൻ ഗ്രന്ഥസഹായിയായിരുന്ന ആലോചനചോദിക്കുമാറായിരുന്നതും, ഇപ്പോൾ നാണംകൊണ്ടു പാടില്ലായ്കനിമിത്തം എന്തു ചെയ്യണമെന്നു ഒരു അന്തവും തിരിയാതെ ബുദ്ധിഭ്രമംകൊണ്ടവനെപ്പോലെ പലവിധമൊക്കെ ചിന്തിച്ചുകൊണ്ടു ചടപിടാ എന്നു ഭാവിക്കൊണ്ടിരുന്നു.

അയാൾ തന്റെ സ്വന്തരാജ്ഞിയെ സംബന്ധിച്ച വിഷയങ്ങൾ നിരൂപിക്കയിൽ, ആ പുണ്യവതിയുടെ പേരിൽ ദുഷ്ട ആത്മാവു പറഞ്ഞുകൊടുത്തിരിക്കുന്ന അപവാദങ്ങൾ അയാളുടെ ഹൃദയത്തെ കുത്തി മുറുവുറുത്തുപൊറുക്കാത്ത വ്രണമാക്കുകയാൽ തന്നെതാൻ പറയുന്നതായത്: 'ഒ! കഷ്ടം! ആ ദുഷ്ടസ്ത്രീ എന്റെ ഭാഗ്യമെല്ലാം കളഞ്ഞുപ്പോ. ഒരു ഒറവാക്കുമാത്രം അവൻ പറഞ്ഞിരുന്നെങ്കിൽ, എന്റെ ഈ ഹൃദയവ്രണം പൊറുത്തെനയല്ലൊ. എന്റെ മനസ്സിനും സ

മാധാനമുണ്ടായെന്നെ. അപ്പൊൾ എന്റെ രാജ്യഭാ
ണ സംഗതികളിൽ ശ്രദ്ധയും ഇനിക്കുണ്ടായെന്നെ.
പക്ഷെ ഞാൻ ആശിക്കുന്നത് അവന്റെ വായിൽനി
ന്നു പറിച്ചെടുക്കുന്നത് അസാദ്ധ്യമായ കായ്യംതന്നെ
യാണു.

ആ രാത്രി ഈ ഗുരുവിനെ പെട്ടെന്നിയ ബാധ
കളാൽ വേറെ ഏതോരു കഠിനദുഷ്ടനായാലുംശരി ഉ
ടൻ വാ തുറന്നു പറഞ്ഞെന്നെ. എന്നാൽ ഈ കഴി
ഞ്ഞ രണ്ടു ആഴ്ചകളായിട്ടു ആ ഗുരുവിന്റെ മുഖത്തു
നോക്കുവാനുംകൂടെ ഇനിക്കു ഭയമായിത്തീർന്നിരിക്കു
ന്നു. ഇതും ഒരു ഗ്രഹിക്കരുതാത്ത വിസ്മയംതന്നെയാ
ണു.

ഈ ഒരല്പമനുഷ്യനെ ദൂരെനിന്നു കാണുമ്പോ
ഴെന്നെ എന്റെ മനസ്സിൽ ഒരു ഭയവും ദേഹത്തി
ൽ ഒരു ഞെട്ടിക്കവും ഉളവായി, സംസാരിക്കുന്നതിനു
മുടെയും നാക്കു പേരാതെയായിത്തീരുന്നുവല്ലൊ എ
ന്നും പറഞ്ഞുകൊണ്ടു ജനൽവഴി എത്തിച്ചുനോക്കി.
അപ്പൊൾ യോഹന്നാൻഗുരു കരങ്ങളിൽ ജപമാല
യും വഹിച്ചു ജപിച്ചുംകൊണ്ടു തനിയെ നടന്നുപോ
കുന്നതു കണ്ട ക്ഷണത്തിൽ ഒരു സേവകനെവിളിച്ചു
അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരുവാൻ പ്രമാണിക്കു
യുംചെയ്തു.

സ്വാമിയാർ രാജസമീപെ വന്നപ്പൊൾ അദ്ദേ
ഹത്തിന്റെ മുഖത്തു ജ്വലിച്ചിരുന്ന പ്രകാശംമുഖാന്ത
രം വെൻസ്ലാവൂസു, ഗുരുവിന്റെ മുഖത്തു നോക്കുവാ

ൻ വശമാകാതെ മറുവശത്തെക്കു തന്റെ മുഖം തിരിച്ചുകൊണ്ടു ആദ്യം ഗുരുവിന്റെ പുണ്യസൽഗുണങ്ങളെ വളരെ പുകഴ്ത്തി പ്രകടിച്ചുപറഞ്ഞു തന്റെ ലാക്കിനു അദ്ദേഹത്തെ ഇണക്കുവാനായി ബഹു നയഭാവം കാണിച്ചുനോക്കി. അപ്പൊൾ താൻ ഈ മഹാമുദയെ ഒരിക്കലും ഭംഗപ്പെടുത്തുന്നതല്ല എന്നു ഗുരുവളരെ ധൈര്യത്തൊടെ പറഞ്ഞു.

അത് രാജൻ കേട്ടു ഉഗ്രകോപാഗ്നി ജ്വലിച്ചെങ്കിലും ആ വന്ദ്യന്റെ മുഖത്തു തിരിഞ്ഞുനോക്കുന്നതിനു തുനിയാതെ പറഞ്ഞതായത്: 'ഇതു ഒട്ടവിവിലെപ്രാവശ്യമായിരിക്കട്ടെ: എന്റെ രാജ്ഞിയുടെ കുമ്പസാരത്തെ തൽക്ഷണം വെളിപ്പെടുത്താതിരുന്നാൽ ഇന്നു നീ ചാകും നിശ്ചയം. ക്ഷണം വാ തുറന്നു പറഞ്ഞുകൊൾക. ഇവിടെ യാതൊരുത്തരുമില്ല. നീ പറയുന്നത് ഞാൻ ഒരുത്തക്കും വെളിപ്പെടുത്തുകയില്ലായെന്നു എന്റെ രാജമുടിതൊട്ടു ഞാൻ സത്യംപറയുന്നു. അകയാൽ ഭയപ്പെടാതെ ഞാൻ ചോദിക്കുന്ന റാണിയുടെ കുമ്പസാരത്തെ എന്നൊട്ടമാത്രം വെളിപ്പെടുത്തുക' എന്നു പറഞ്ഞ ഉടൻ യോഹന്നാൻഗുരു അശേഷം കലങ്ങാതെ പറഞ്ഞതായത്:

രാജപ്രഭുവെ, ഈ ദിവ്യമുദ ഞാൻ ഒരിക്കലും ഭംഗപ്പെടുത്തുന്നതല്ല എന്നു മുമ്പെതന്നെ അങ്ങെ ഞാൻ തിരിയപ്പെടുത്തിയല്ലൊ. ഇനി ഇതുസംബന്ധിച്ചു എന്നൊട്ടു ചോദിച്ചിട്ടു ഒരു ഫലവുമില്ല. എന്റെ ശിരസ്സുപോയാലുംശരി, ദൈവപ്രമാണം ലംഘിക്കുന്നതു

ല്ല. ഇത് സത്യമാകുന്നു. ഇനി ഇതുബന്ധിച്ചു എന്നോടു പറകയുംവേണ്ട. ഇത് എന്റെ ഒട്ടുക്കത്തെ വചനമായിരിക്കട്ടെ എന്നു മഹാ ധൈര്യത്തോടെ പറഞ്ഞു. ഇത് വെൻസ്ലാവൂസു കേട്ട ക്ഷണത്തിൽ തന്നിൽ ജ്വലിച്ച ഉഗ്രകോപത്താൽ രക്തം ശിരസ്സിലടിച്ചും, കൈകാൽ കിടുകിടുത്തു എന്നു വിറച്ചും, പല്ലുകൾ കറു കറു എന്നു കടിച്ചുംകൊണ്ടു പറഞ്ഞതായത്:

ഒ! ദുഷ്ടഗ്രന്ഥവെ, നമ്മുടെ കല്പനയെ നിരസിച്ചുനടക്കുന്ന മൂർക്കനെ, നീ ഇന്നു നിശ്ചയമായിട്ടു ചാകണം. നിന്റെ മുഖത്തു ഇനി ഞാൻ നോക്കുന്നതല്ല. പോ. പുറത്തു കടന്നുപോ എന്നും പറഞ്ഞു അദ്ദേഹത്തെ പിടിച്ചുതള്ളുകയുംചെയ്തു. ഉടനെ സേനാപതിയെ വിളിപ്പിച്ചു, ഈ മനുഷ്യനെ അരമനയിൽ ഒരു മുറിയിൽ ഇട്ടു പൂട്ടി, രാത്രിസമയത്തു ഒരുവനും അറിയാതെ മൂലതാ എന്ന ആറ്റിൽ എറിഞ്ഞുകളയുക എന്നു പ്രമാണിക്കുയുംചെയ്തു.

യോഹന്നാൻഗ്രന്ഥപ്രവിയാർ മുറിയിൽ അടയ്ക്കപ്പെട്ട ഉടൻതന്നെ മുട്ടുകുത്തി സാഷ്ടാംഗമായിവീണു സർവ്വേശ്വരനോടു പ്രാർത്ഥിച്ചതായത്: 'സർവ്വജീവദയാപര സർവ്വേശ്വരാ, ഇത്രകാലത്തോളം ഞാൻ ആഗ്രഹിച്ചുപേക്ഷിച്ച ആ ഉന്നതവരം ഇന്നു അടിയന്നു നൽകിയരുളിയതുനിമിത്തം അങ്ങേ മഹത്വത്തിന്നു സദാകാലത്തേക്കു സ്തുതിസ്തോത്രമുണ്ടായിരിക്കട്ടെ. ഞാൻ പാപസങ്കീർത്തനമുഖ ഭംഗപ്പെട്ടുത്തുന്നതിനെക്കാൾ എന്റെ ശരീരം തുണ്ടുതുണ്ടായി മുറുക്കപ്പെട്ട

രക്ഷമെല്ലാം ചിന്തി സ്വപ്ന ബാധകളും സഹിച്ചു മരിക്കുന്നതിനു ആശയോടെ കാത്തിരിക്കുന്നു. ഇന്നു എന്റെ പ്രാർത്ഥനയെ കടാക്ഷിപ്പാൻ അങ്ങീനു ചിത്തമായതിനാൽ എന്റെ ആത്മശരീരത്തെ അങ്ങേ തൃക്കരങ്ങളിൽ ഭരമേല്പിച്ചുകൊള്ളുന്നേൻ. കരുണാസമുദ്രമായ കർത്താവെ, എന്റെ ശത്രുക്കളോടു ഞാൻ മൃഴുഹൃദയത്തോടെ പൊറുത്തുകൊണ്ടു അങ്ങീനു കരുണയോടെ അവരുടെ പാപങ്ങളെ പൊറുത്തരുളണമെന്നു പ്രാർത്ഥിച്ചുകൊള്ളുന്നേൻ.

ത്രിലോകരാജ്ഞിയായ എന്റെ അമ്മയുള്ളമാതാവെ, നാഥയെ, രാജ്ഞിയെ, വേദത്തെപ്രതി മരിപ്പാനിരിക്കുന്ന അടിയനു തുണയായി എഴുന്നരുളിവന്നു എന്റെ ആത്മത്തെ അങ്ങേ തിരുക്കുമാരൻ കൈവശമാക്കിയരുളണമെ. എന്റെ പരിശുദ്ധ നാഥയെ, ദൈവജനനിയെ, ഇതുനാളും അങ്ങേക്കും അങ്ങേ പുത്രനും വിശ്വസ്ഥതയായിവ്യാപരിച്ചവന്ന ഈ പുണ്യനാട്ടു അതിന്റെ പാപങ്ങൾനിമിത്തം പതിതർ കൈവശമാകുവാനിരിക്കുന്നല്ലൊ. ദിവ്യകാരുണ്യത്തിൽ കർത്താവില്ലായെന്നും അങ്ങേക്കും മറ്റു പരിശുദ്ധർക്കും വണക്കം ചെയ്യുന്നതു പാപമാണെന്നും അങ്ങേ തിരുപുത്രനു പകരം തിരുസ്സഭയെ ഭരിക്കുന്ന മാർപ്പാപ്പായ്ക്കു കീഴ്പ്പെടുന്നതു ശരിയല്ലായെന്നും ഇതുമുതലായ അബദ്ധ പഠനങ്ങൾ ഈ സത്യവേദദേശത്തു ഉപദേശിക്കപ്പെട്ടുവാനിരിക്കുന്നവല്ലൊ.

അതുകൊണ്ടു പരിശുദ്ധമാതാവെ, എന്റെ നാ

ഥയെ, ഈ വിധ അബദ്ധപഠനങ്ങൾ ഈ നാട്ടിൽ ദീർഘനാൾനിലനിന്നു നീളിക്കാതിരിപ്പാൻ കൃപചെയ്യേണമെ എന്നു ഈ വിധം ജപംചെയ്തുകൊണ്ടു ദിവസം മുഴുവനും കഴിച്ചു.

അന്നു ഒമ്പതുമണി രാവായ സമയം സേനാധിപൻ ആറു സേവകരൊരുമിച്ചുവന്നു, യോഹന്നാൻഗുരുവിനെ കൂട്ടിക്കൊണ്ടുപോയി, ഈ പ്രാഗപട്ടണത്തിൻമദ്ധ്യേകൂടി ഒരു മഹാനദിയായി ഒഴുകിപാഞ്ഞൊടുന്ന മൂലത എന്ന ആറ്റിലുള്ള ഒരു പാലത്തിന്മേൽ ചെന്നുചേർന്നു. വഴിക്കു എതുപെട്ട പലരും അവരെ പിന്തുടരുകനിമിത്തം സേവകർ കോപിച്ചു ശാസിച്ചിരുന്നെങ്കിലും അല്പനേരത്തിനുള്ളിൽ അനേകർ പാലത്തിന്മേൽ വന്നുകൂടി.

അതുകയാൽ സേവകർ അശേഷം താമസിക്കാതെ ഗുരുവിന്റെ കൈകാലുകളും ബന്ധിച്ചു, നാലുപേർകൂടി വേദസാക്ഷിയെ എടുത്തു ഉയർത്തി ആറ്റിൽ എറികയുംചെയ്തു. എന്നാൽ ആറ്റിലെക്കു വീഴുകയിൽ അദ്ദേഹത്തിന്റെ ശിരസ്സു പാലത്തിന്മേൽ അടിപെട്ടുകയിൽ, "എന്റെ ഈശോയെ, ദൈവമാതാവെ, എന്നു തിരുനാമങ്ങളെ ഉച്ചരിച്ചുകൊണ്ടു ആപരിശുദ്ധൻ വെള്ളത്തിൽ ചെന്നുവീണു മനുഷ്യന്നാകാലം വേദസാക്ഷികിരീടം പ്രാപിക്കയുംചെയ്തു. ഈ പ്രവൃത്തിച്ച ദൈവദോഷത്തെ കണ്ട ജനങ്ങൾ അയ്യയ്യോ!!! എന്നു അലറി നിലവിളിച്ചു പ്രലാപിക്കുമ്പോഴാന്തരം അല്പനേരത്തിനുള്ളിൽ പട്ടണവാസികൾ

ഏവരും അവിടെ വന്നുകൂടി.

ജനങ്ങൾ തങ്ങളുടെ ജ്ഞാനപിതാവായ യോഹന്നാൻഗുരുസ്വാമിയാർ മരിച്ചുപോയതുനിമിത്തം കരഞ്ഞു വരിതവിച്ചു അത്യന്തം പ്രലാപിച്ചിരുന്നു എങ്കിലും, സർവ്വേശ്വരൻ അങ്ങെ വിശ്വസ്ഥദാസനായ ഈ പരിശുദ്ധനെ തൽക്ഷണം മഹിമപ്പെടുത്തുന്നതിന്നു തിരുച്ചിത്തമായതുമുഖാന്തരം അവരുടെ ആ പ്രലാപവ്യക്ഷണത്തിൽ അനന്ദസന്തോഷമായി പകർന്നു പോയി.

അതെങ്ങിനെയെന്നാൽ, വേദസാക്ഷി ജലത്തിൽ വീണ ക്ഷണത്തിൽ ആ പരിശുദ്ധനെ ചുഴന്നു അനവധി കാന്തിയുള്ള നക്ഷത്രങ്ങൾ കാണപ്പെട്ടു ആ തിരുദേഹത്തിൽനിന്നു ഒരു കുളുമ്മയുള്ള ജ്യോതിപ്രകാശം വീശുകയും, ആ വിസ്മയകരപ്രകാശത്താൽ ആറ്റിലെ വെള്ളമെല്ലാം സ്ഫടികംപോൽ ശോഭിച്ചുവിളങ്ങുകയും ചെയ്തു. ആ വിസ്മയങ്ങൾ ജനങ്ങൾ കണ്ടു അവരുടെ കരച്ചിൽമാറി വിസ്മയം പൂണ്ടു പുതുമ, പുതുമ, അത്ഭുതം എന്നു സന്തോഷാനന്ദമായ അരവംകൂട്ടി അട്ടഹാസിച്ചുകൊണ്ടിരിക്കയിൽ, ആ തിരുദേഹം ജലത്തിൻമീതെ പൊങ്ങി മെല്ലെ ഒഴുകി കരയ്ക്കുപോയി ചേർന്നു.

ആ സമയം വെൻസ്ലാവുസു റാണിയൊരുമിച്ചു രാത്രിഭക്ഷണവുംകഴിച്ചു സ്വന്ത മുറിയിലെക്കു പോകയിൽ, റാണിയും അവളുടെ പതിവനുസരിച്ചു ജപംചെയ്വാനായി അരമനയിലെ ദേവാലയത്തിലെക്കു

പുറപ്പെട്ടു. എന്നാൽ അവൾ പോകുംവഴി അരമന യുടെ ഒരുവശത്തുകൂടെ ഒഴുകുന്ന ആറിലെക്കു ഒന്നാ കണ്ണുതിരിച്ചു നോക്കിയപ്പോൾ, ക്രൂരന്മാരായ അ രാ ത്രിസമയത്തു ആറിലെ വെള്ളം പളുങ്കുപോലെ തെ ളുതെളുന്നതെ പ്രകാശിച്ചു ശോഭിക്കുന്നതുകണ്ടു. അ കയാൽ ഇത് എന്തൊരുവക വിസ്മയമാണ എന്നു കരുതി ജനൽവാതുക്കൽചെന്നു സൂക്ഷിച്ചുനോക്കി.

അപ്പോൾ ആറിൻമദ്ധ്യേ ഉദ്ദേശം ആറടി വീതിയും രണ്ടടി വീതിയുമുള്ള ഒരു സാധനം മഹാ പ്ര ഭയോടെ ശോഭിച്ചുവിളങ്ങുന്നതും അതിന്റെ പ്രകാ ശവെളിച്ചത്താൽ ഒരു മൈൽ ദൂരംവരെയുള്ള ആറു ജലം അധികമായി പ്രകാശിക്കുന്നതും ജനങ്ങൾ കൂ ട്ടംകൂട്ടമായി അങ്ങൊട്ടുമിങ്ങൊട്ടും ബദ്ധപ്പെട്ട ഓടുന്ന തുംകണ്ടു അതി വിസ്മയംപൂണ്ടു അമ്പരന്നുപോയി. അവൾ തൽക്ഷണം രാജസന്നിധിയിൽ ഓടിച്ചെന്നു താൻ കണ്ട ആശ്ചര്യ്യസംഗതി പറഞ്ഞു അറിയിച്ചുമാ ത്രയിൽ രാജനും ഓടിവന്നു നോക്കിയപ്പോൾ റാണി പറഞ്ഞപ്രകാരമെല്ലാം കണ്ടുവെങ്കിലും ഒന്നും മി ണ്ടാതെ മൌനമായി നിന്നിരുന്നു.

ഉടൻതന്നെ സേനാധിപൻ രാജസമീപെ വ ന്നു സംഭവിച്ച വൃത്തമാനങ്ങൾ സകലവും അറിയി ക്കയിൽ, വെൻസ്ലാസ്സു ഭയവും സംഭ്രമവുംപൂണ്ടു ഇ നി എന്താകുന്നു പ്രവൃത്തിക്കെണ്ടതെന്നു തിരിയാതെ ത ന്റെ പുറകെ വന്നിരുന്ന സേവകരോടു അവിടെനി.

ന്നുകൊൾവാൻ പറഞ്ഞുകൊണ്ടു, താൻ ഇനി ആ അരമനയിൽ ഇരിക്കുന്നതായാൽ പട്ടണവാസികൾ കലഹമുണ്ടാക്കി തന്നോടു പകരംചോദിപ്പാൻ വരുമെന്നു വ്യർത്ഥമായി സംശയിച്ചു ഭയന്നു പട്ടണത്തിന്നു പുറത്തു സമീപെയുള്ള ഒരു ചെറിയ അരമനയിലെക്കു ഓടിപ്പൊയി ഒളിച്ചുകളകയുംചെയ്തു.

രാജ്ഞിയൊ എന്നാൽ, അറിയിൽ സംഭവിച്ചവർത്തമാനങ്ങൾ സേവകർമൂലമായി സകലവും അറിഞ്ഞ ഉടനെ അവിടെതന്നെ മുട്ടുകുത്തി വേദസാക്ഷിയായ തന്റെറ ആത്മപിതാവിന്നു സർവ്വേശ്വരൻ നൽകിയരുളിയ മഹിമപ്രതാപങ്ങളെ പ്രതി അങ്ങേക്കു നന്ദിയറിഞ്ഞ സ്തോത്രംചെയ്തുകൊണ്ടു വേദസാക്ഷിയായ പരിശുദ്ധനൊടു തന്നെയും തന്റെറ ഭർത്താവിനെയും തന്റെറ ദേശത്തെയും ആദരിച്ചു കാത്തുകൊള്ളെണമെ എന്നു അതി ഭക്തിവിനയപുരസരം പ്രാർത്ഥിച്ചുകൊള്ളുകയും ചെയ്തു.

പരിശുദ്ധ വേദസാക്ഷിയുടെ തിരുദേഹം ജലത്തിൽനിന്നു മീതെ ഒഴുകിവന്ന കരയ്ക്കു അടുത്ത ക്ഷണത്തിൽ പട്ടണവാസികൾ കൂട്ടമായി ഓടിച്ചെന്നു, വിസ്മയകര പ്രകാശത്താൽ ജ്വലിച്ചു ശോഭിക്കയും ബഹു മാധുര്യ സുഗന്ധവാസനവീശുകയും ചെയ്യുന്ന ആ തിരുദേഹത്തെ അതി പൂജ്യതയൊടും പക്ഷവണക്കത്തൊടുംകൂടെ സകലരും മുംബിച്ചു. അതിന്റെറശേഷം ആ തിരുദേഹം ആറ്റുകരയിൽനിന്നെടുത്തു സമീപെയുള്ള കന്യാസ്ത്രീകളുടെ ഒരു ദേവാലയത്തിൽ

കൊണ്ടുപോയി വളരെ പൂജ്യമായി സ്ഥാപിച്ചു. അന്നു മുഴുവനും പട്ടണവാസികൾ ഏവരും നിദ്രയെഴിഞ്ഞു ഈ തിരുദേഹത്തിന്നു ചുറ്റും അതി വണക്കത്തോടെ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

നമ്മുടെ കർത്താവിന്റെ മോക്ഷാരോഹണത്തിരുനാളായ പിറ്റെദിവസം മഹാ ഒരു ഉദ്ഘോഷത്തിരുനാളായിട്ടു അവർ കൊണ്ടാടി. എന്നുമല്ല രാജ തിരുവുള്ളക്കേട് അശേഷം പ്രമാണിക്കാതെ അന്നു കാലത്തു പത്തുമണിസമയത്തു പട്ടണത്തിലെ ദേവാലയ മണികൾ എല്ലാം ണ്ണാം- ണ്ണാം, ണ്ണാം- ണ്ണാം എന്നു വിടാതെ ശബ്ദിക്കയും പീരങ്കികൾ ദേഷ്ഗർജ്ജന തുല്യം ഭൂം, ഭൂം, ഭൂം എന്നു മുഴങ്ങുകയും, നാദഗീത വാദ്യക്കരുക്കൾ ടാം ടുടാം ട്ടാം ടുടാം എന്നു ധ്വനിക്കുകയും ചെയ്തുതുടങ്ങിയ ഉടൻ ആ തിരുദേഹത്തെ മെത്രാസനപ്പള്ളിയിലെക്കു കൊണ്ടുപോകുന്ന പ്രദക്ഷിണം ആരംഭിച്ചു. ജനങ്ങൾ കരകാണാസമുദ്രതിരകൾപൊൽ ഇരുവശവും തിങ്ങിവിങ്ങി തേങ്ങി ആനന്ദപൂരിത പരവശരായി നടക്കയും അതിന്മദ്ധ്യെ നിർമ്മല പട്ടവസ്ത്രങ്ങളണിഞ്ഞു ഒരു ചെറുബാലക ഗണം വിവിധവർണ്ണക്കൊടികളും വഹിച്ചു, നിർമ്മലഹൃദയ കോലാഹലന്മാരായി ഇരുവശവും അണിയണിയായി നിരന്നു നടക്കയുംചെയ്തിരുന്നു.

മറെറാരു ബാലഗണം മേഘതുല്യം ധൂമ്രവർണ്ണമായ ധൂപം മേല്പോട്ടു കരെറി ഘ്യം ഘ്യം എന്നു അതിരസകര സുഗന്ധവാസനവീശുന്ന വെള്ളിധൂപകല

ശങ്ങളും പൂത്തട്ടങ്ങളും പനിനീർപാത്രങ്ങളും കരങ്ങളിൽ വഹിച്ചുകൊണ്ടു ഇടവിടാതെ ധൂപംവീശുകയും പുഷ്പങ്ങൾ വിതറുകയും പനിനീർ തളിക്കയും ചെയ്തുകൊണ്ടും നടന്നിരുന്നു. എന്നുമാത്രമല്ല, ഒരനവധി പലവിധ സഭക്കാർ സന്ന്യാസികളും കന്ന്യാസ്ത്രീകളും മഹാ ഭക്തിവിനയപുരസരം കരങ്ങളുംക്രൂപ്പി ജപിച്ചുകൊണ്ടു നടക്കയും, സ്വർണ്ണരത്നമണികളാലും മുത്തു മാണിക്കങ്ങളാലും അതി കൌതുകമാംവണ്ണം അലങ്കരിക്കപ്പെട്ട സൂര്യരശ്മികളാൽതെളുതെളുന്നനെ ജ്വലിച്ചു പ്രകാശിച്ചുവിളങ്ങുന്ന തിരുവസ്ത്രങ്ങളുമണിഞ്ഞു കരങ്ങളിൽ മെഴുകുതിരികളും വഹിച്ചു ഗ്രുരുപ്രസാദികൾ ബഹു ഇമ്പമായ സ്വരത്തിൽ തിരുസംഗീതങ്ങളും പാടി ഇരുവശവും നടക്കയുംചെയ്തിരുന്നു.

എന്നാൽ പരിശുദ്ധ വേദസാക്ഷിയുടെ തിരുദേഹത്തെ തങ്ങളുടെ തോളുകളിൽ വഹിച്ചിരുന്നവരായ ആ എട്ടു കനൊനിസ്സർ എന്ന ശ്രേഷ്ഠഗുരുക്കൾ വഴിമദ്ധ്യേയുള്ള വിരിപ്പാവിന്മെൽ സാവധാനത്തിൽ അടിമേലടി വെച്ചുകൊണ്ടും അതിവിനയപുരസരം പോയിരുന്നു. രാജ്ഞിയവർകളും തന്റെ രാജീകപരിവാരമൊന്നിച്ചു മെഴുകുതിരി കരങ്ങളിൽ വഹിച്ചുകൊണ്ടു മഹാ ഭക്തിവിനയപൂർവ്വം വേദസാക്ഷിയുടെ തിരുമേനിയെ പിന്തുടരുകയും, മറു ജനങ്ങളും മുമ്പും പിമ്പുമായി ആ പരിശുദ്ധദേഹത്തിന്നു ചുറ്റും നിന്നുകൊണ്ടു മെത്രാസനപ്പള്ളിയിലെക്കു പോകയുംചെയ്തിരുന്നു.

ഇങ്ങിനെ വസ്ത്രനീയമല്ലാത്ത ആഡംബര മോടിയൊടും അലംകൃതഘോഷങ്ങളൊടും ദൈവ ഭക്താനന്ദചിന്തനങ്ങളൊടുംകൂടെ ഈ പ്രകക്ഷിണം എഴുന്നള്ളുകയിൽ കുരുടർ, ചെകിടർ, മുടന്തർ, പൊട്ടന്മാരാദിയായ വിവിധ രോഗങ്ങളാൽ പീഡിക്കപ്പെട്ട അനേകർ ഈ തിരുദേഹത്തിൻമുമ്പാകെ വന്നു സാഷ്ടാംഗംവീണു കരങ്ങൾ ആകാശത്തൊട്ടു യർത്തി ഞങ്ങളുടെനല്ലഗുരുവെ, വാത്സല്യപിതാവെ, വേദത്തെപ്രതി മരണംപ്രാപിച്ചു സർവ്വേശ്വരനാൽ ആശ്ചര്യമായവിധം മഹിമപ്പെടുത്തപ്പെട്ടുന്നതിനു വരംലഭിച്ച വരിശുദ്ധ ഗുരുവെ, അടിയങ്ങളുടെനേരെ കരുണയായിരിക്കണമെ. ഞങ്ങളുടെ പാപങ്ങൾനിമിത്തം ദൈവത്താൽ ശിക്ഷിക്കപ്പെട്ടുന്ന അങ്ങെ ദാസരുടെമെൽ കടാക്ഷിച്ചു സർവ്വേശ്വരനൊടു പ്രാർത്ഥിച്ചു ഞങ്ങൾക്കു ആരോഗ്യംലഭിച്ചു നൽകിയരുളണമെ. പിതാവെ, എന്നു മഹാ വിശ്വാസത്തൊടെ പ്രാർത്ഥിച്ചുകൊണ്ടു ആ തിരുദേഹത്തെ കരങ്ങൾ എത്തിച്ചു തൊട്ടു, ഊന്നമുള്ള അവയവങ്ങളിന്മെൽ ആ കരങ്ങൾ വെച്ചുടൻ അത്ഭുതമായി രോഗശാന്തി പ്രാപിച്ചിരുന്നു.

ആകയാൽ അവർ സർവ്വേശ്വരനെ സ്തുതിച്ചുകൊണ്ടു അങ്ങെ വരിശുദ്ധ വേദസാക്ഷിയെ വക്ഷത്തൊടെ വണങ്ങികൊണ്ടാട്ടുകയുംചെയ്തിരുന്നു. എന്നാൽ ഈ തിരുദേഹത്തെ ചുഴന്നു തിങ്ങിത്തൂങ്ങിപോയിരുന്ന മഹാ പുരുഷാരവും ഈ വിസ്മയസംഭ

വങ്ങളാൽ അവർക്കുണ്ടായ സന്തോഷാനന്ദവും ഭൈ
വഭയഭക്തിയും അടക്കുവാൻ വഹിയാതെ ആനന്ദക
ണ്ണുനീർമാലകളെ ഒലിപ്പിച്ചുകൊണ്ടു പോയിരുന്നു.

ഇങ്ങിനെ മെത്രാസനദേവാലയത്തിൽ പ്രഥ
മപീഠത്തിൻമുമ്പാകെ സ്വർണ്ണരത്നങ്ങൾ, മുത്തുമാണി
ക്കങ്ങൾ, പട്ടുകശവുശീലത്തരങ്ങൾമുതലായവകളാ
ൽ വളരെ അലംകൃതമായി ചമച്ചുണ്ടാക്കപ്പെട്ട ഒരു
വിചിത്ര ആസനത്തിന്മെൽ ഈ തിരുദേഹത്തെ അ
തി പൂജ്യമായി കൊണ്ടുവന്നു സ്ഥാപിക്കയുംചെയ്തു. എ
ന്നാൽ ആ തിരുദേഹത്തെ അടക്കംചെയ്യുംമുമ്പു ദൂര
ദേശവാസികളും അന്യനാട്ടുകാർക്കുടെയും വന്നു സ
ന്ദർശിക്കേണ്ടതിനായി ഒരു മാസത്തോളം അത് ഈ
ദേവാലയത്തിൽ പ്രസിദ്ധമായി സ്ഥാപിക്കപ്പെട്ടിരു
ന്നു.

കടശിവസമായ മുപ്പതാംനാൾ അനേകമെ
ത്രാന്മാരും അനവധി ശ്രേഷ്ഠകളും പലരാജാക്കളും രാ
ജ്ഞികളും പ്രഭുക്കൾ, ദൊരമാരും എണ്ണമില്ലാത്ത ഒ
രു ജനപ്രവാഹവും ഒരുമിച്ചുകൂടി മഹാ ആഡംബര
ഘോഷത്തോടെ ഈ പരിശുദ്ധ വേദസാക്ഷിയുടെ
തിരുദേഹത്തെ ഈ വലിയ മെത്രാസനപ്പള്ളിയിൽ
തന്നെ അതി പൂജ്യമായിട്ട അടക്കംചെയ്കയുംചെയ്തു.

അനന്തരം വിവിധവർണ്ണമുള്ള മാബ്ൾകല്ലുക
ളാലും, വെള്ളി പൊന്നു രത്നമാണിക്കങ്ങളാലും അല
ങ്കരിച്ചു അതി കൌതുകമായവണ്ണം ചമയിച്ച ഒരു
ശവകുടീരം ആ കവറിടത്തിൻമീതെ പണിയിയ

ത്തി, അതിന്മേൽ തങ്ക അക്ഷരങ്ങളായിട്ട് എഴുതപ്പെട്ടിരുന്ന വാചകമായത്.: 'വേദശാസ്ത്രിയും, ഈ ദേവാലയത്തിൽ കാനോനിസ്റ്റൻ എന്ന സ്ഥാനമുള്ളവനും, റാണി അവർകൾക്കു ആത്മഗുരുവുമായ നെപ്പുമസ്യാൻ യോഹന്നാൻഗുരുസ്വാമിയാർ പാപസങ്കീർത്തനമുദ്രയെ ഭംഗപ്പെടുത്താതെ വിശ്വസ്തതയായിട്ടു കാത്തതുമൊന്തരം നാലാംകാർലൊസു ചക്രവത്തിയുടെ കുമാരനായ നാലാം വെൻസ്ലാവൂസെന്ന ചക്രവത്തിയുടെ കല്പനപ്രകാരം ക്രൂരമായി ബാധിക്കപ്പെട്ടു, ഫ്രുവുനാം വഷ്ടം മൂലത എന്ന ആറ്റിൽ എറിയപ്പെട്ടു മരിച്ചു. ഈ വരിശുദ്ധന്റെ തിരുദേഹം ഈ കല്ലറയിൽ അടക്കപ്പെട്ടിരിക്കുന്നു' എന്നു എഴുതപ്പെട്ടിരിക്കുന്നത് ഇന്നും വായിക്കാവുന്നതാണു.

അന്നുമുതൽക്കു യോഹന്നാൻഗുരുവിന്റെ ജപങ്ങളാൽ അനവധി അത്ഭുതങ്ങൾ സംഭവിച്ചിരുന്നതുമൊന്തരം അനവധി ജനം ഈ ദേവാലയത്തിലെക്കു തിരുയാത്രകഴിച്ചുവന്നിരുന്നു. ഈ വരിശുദ്ധന്റെ കല്ലറയെ ജനങ്ങൾ സന്ദർശിക്കാതിരിപ്പാനായി പതിതർ പലവിധവിഘ്നങ്ങൾ ചെയ്തിരുന്നെങ്കിലും ദിനംതോറും തിരുയാത്രക്കാർ അധികരിച്ചുവന്നിരുന്നു.

ഈ വേദസാക്ഷിയുടെ കുഴിമാടമിരുന്നിരുന്ന അവരിശുദ്ധസ്ഥലത്തു അനവധി നേർച്ചധനവും അധികവിലപിടിച്ച കാണിക്കവസ്തുകളും വന്നുചേരുകനിമിത്തം മേല്പറഞ്ഞ പതിതർ അവകളെ കവർന്നെടുക്കുന്നതിനു പലപ്രാവശ്യവും നന്നാ പ്രയത്നിച്ചെ

ങ്കിലും ദൈവപരിപാലനമുഖാന്തരം ഒരിക്കൽപോ
ലും അവരാൽ അത് സാദ്ധ്യമായ്തുമില്ല.

ഏഴാമവും വഷ്ത്തിലും പതിതർ ആ ദൈവ
സ്ഥലത്തു നടന്നുവരുന്ന വിസ്മയകര അത്ഭുതങ്ങളെ
കണ്ടു, പൈശുന്യവും മൂർക്ഷകോപവും നിറഞ്ഞു ആ
കല്പന വെട്ടിത്തകർത്തു തിരുദേഹത്തെ ചുട്ടെരിയിക്കു
ന്നതിന്നും, ദേവാലയ ധനത്തെയും പൂജപാത്രങ്ങൾ
തിരുവസ്ത്രങ്ങളാദിയായവയെയും കവർന്നെടുക്കുന്നതി
ന്നുമായി അനേകം സേവകരെ ആയുധ ഒരുക്കത്തോ
ടെ അയച്ചു.

ഈ ദുഷ്ടന്മാർ കോടാലി, മഴു, വാൾ, കുന്തം
മുതലായ ആയുധങ്ങളോടെ വന്നു പള്ളിപ്പട്ടകൾ ബ
ലാൽ സാധിച്ചു തകർത്തു ഉള്ളിൽ കടന്നു അനാചാരമാ
യി ആ തിരുകവറിടത്തെ വെട്ടിതകർക്കുന്നതിന്നായി
ചിലർ കോടാലി എടുത്തു ഓങ്ങുകയിൽ അദൃശ്യമായ
ദിവ്യകരങ്ങളാൽ തള്ളപ്പെട്ടു നിലത്തു കവിഴ്ന്നുവീ
ഴുകയുംചെയ്തു.

അവരുടെ സേനാധിപൻ ഇതുകണ്ടു അവരെ
പരിഹസിച്ചു ചിരിച്ചുകൊണ്ടു ഇവർ എന്തൊരുവക
ഭടന്മാരും ഭീരുക്കളുമാണ എന്നും മറ്റും ദൈവദൂ
ഷണങ്ങളും പറഞ്ഞു നിലത്തു കിടന്ന ആയുധമെടു
ത്തു വിശുദ്ധ കവറിടത്തിന്മേൽ വെട്ടുന്നതിന്നു ഓങ്ങി
യക്ഷണത്തിൽ അവർ സകലരും ചത്തു പ്രേതങ്ങ
ളായി നിലത്തു വീഴുകയുംചെയ്തു. ദൂരെ നിന്ന മറ്റു
സേവകർ ഈ വിസ്മയംകണ്ടു ഭയന്നു പരിഭ്രമിച്ചു,

ആ തിരുസ്ഥലത്തുള്ള യാതൊന്നിനെയും തൊടാതെ വന്നവഴി ഓടിപ്പോകയുംചെയ്തു.

ഫന്നഠാം വത്സരത്തിൽ നടന്ന യുദ്ധത്തിൽ ശത്രുഗണം പ്രാഗുപട്ടണത്തെ വളഞ്ഞു തങ്ങളുടെ അതി ബലത്തിനെയും സേനാശക്തിയെയും മാത്രം ഉറച്ചു അന്ധാളികളായി, പ്രാഗുപട്ടണവാസികൾക്ഷണത്തിൽ തങ്ങളുടെ തടവുകാരാകുമെന്നു കരുതിയിരുന്നു. പ്രാഗാപട്ടണവാസികളോ എന്നാൽ, തങ്ങളുടെ സേനാനന്നായി മുരുങ്ങിയതായിരുന്നുവെങ്കിലും തങ്ങളുടെ ശരണമെല്ലാം ദൈവത്തിൻമേൽമാത്രം ഉറപ്പിച്ചു, തങ്ങളുടെ പട്ടണത്തിൻ കാവൽക്കാരനായ പരിശുദ്ധ യോഹന്നാൻഗുരുസ്വാമിയാരോട് ഈ ആപത്തിൽനിന്നു തങ്ങളെ കാത്തുരക്ഷിക്കേണമെന്നു പ്രത്യേകവിധമായിട്ടു പ്രാർത്ഥിച്ചുവന്നിരുന്നു.

എന്നാൽ പിറ്റെദിവസം അതി ഘോരമായ യുദ്ധമുണ്ടായി, തങ്ങൾക്കാണു ജയമെന്നു ശത്രുക്കൾ ആഗ്രഹിച്ചു കോട്ടയും തകർത്തു ജയക്കൊടി ഉയർത്തുവാൻ പോയസമയത്തു, വേദസാക്ഷിയായ യോഹന്നാൻഗുരുസ്വാമിയാർ അത്യന്തമഹിമപ്രതാപത്തോടെ പോർക്കളത്തിൽ കാണപ്പെട്ട ക്ഷണത്തിൽ ഇതാ ശത്രുക്കൾ അദൃശ്യമായ ആയുധങ്ങളാൽ തോല്പിക്കപ്പെട്ടു പറകൊട്ടി തിരിച്ചു ഓടുകയിൽ പ്രാഗാപട്ടണം യോഹന്നാൻഗുരുവിന്റെ വിശേഷസഹായത്താൽ കാത്തുരക്ഷിക്കപ്പെട്ടു.

റോമാപുരിയിൽ പാരി എന്ന പട്ടണത്തിലെ

മെത്രാപ്പൊലീത്തമാർകൾ തന്റെ അരമനയുടെ താഴ്വാരം ഇടിഞ്ഞു തന്റെമേൽ വീഴുന്ന സമയത്തു പരിശുദ്ധയോഹന്നാൻഗുരുവിനെ വിളിച്ചു അദ്ദേഹത്തിന്റെ സഹായം അപേക്ഷിച്ച ക്ഷണത്തിൽ ഗുരുസ്വാമിയാർ മെത്രാനു കാണപ്പെട്ട ഒരുവക അപകടവുമെന്യേ അദ്ദേഹത്തെ കാത്തുരക്ഷിച്ചു.

ആൽത്താൻ എന്ന കല്ലിനാൽ വക്ഷവാതത്താൽ ഒരു കൈ സ്വാധീനമറ്റുപോകനിമിത്തം അനേക ഔഷധങ്ങൾ പ്രയോഗിച്ചിട്ടും ഒരു പ്രയോജനവും കാണായ്കയാൽ യോഹന്നാൻഗുരുവൊട്ടു പ്രാർത്ഥിച്ച ഉടൻതന്നെ അശ്ചര്യവിധം സുഖംപ്രാപിച്ചു.

ഇങ്ങിനെ യോഹന്നാൻനെപ്പുമസ്യാൻ ഗുരുവിന്റെ പ്രാർത്ഥനകളാൽ അനേകർ രോഗശാന്തിപ്രാപിച്ചിരുന്നു. ഇദ്ദേഹത്തിന്റെ വിസ്മയകര പ്രാർത്ഥനകളാൽ വസന്തക്ലേശത്തിൽനിന്നു രക്ഷപ്രാപിച്ച ദേശങ്ങൾ അനവധിയുണ്ടു എന്നുമല്ല വെള്ളം, അഗ്നി, വിഷം മുതലായ അപകടങ്ങളിൽനിന്നു ഇദ്ദേഹത്തിന്റെ ജപങ്ങളാൽ രക്ഷപ്രാപിച്ചവരുടെ എണ്ണം പറവാൻ അസാദ്ധ്യംതന്നെ. അന്യായമായി കുറ്റം ചുമത്തപ്പെട്ടവരും, കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടവരും മറ്റും അനവധി ആളുകളും ഈ പരിശുദ്ധനോടു പ്രാർത്ഥിച്ച ഉടനെ ആശ്ചര്യമായ സഹായങ്ങൾ പ്രാപിക്കയുംചെയ്തു.

യോഹന്നാൻഗുരുസ്വാമിയാർ മരണം പ്രാപിച്ച നാൾമുതൽ ജനങ്ങൾ അദ്ദേഹത്തെ പുണ്യവാനാ

യി കരുതി പ്രാത്ഥിക്കയും നേച്ചൎകൾ നേരുകയും മ
റവും ചെയ്തുകൊണ്ടിരുന്നാലും, ഈ ഉത്തമഗുരുവിന്നു
മുറപ്രകാരം തിരുസ്സഭയുടെ അധികാരത്താൽ പേർ
വിളിക്കുന്നതിന്നു ഫെർദിനാന്തു എന്ന ചക്രവൎത്തിയും
മറു ജനങ്ങളും താല്പൎയ്യപ്പെട്ട അപേക്ഷിച്ചു. ഇതുമു
ഖാന്തരം തിരുസ്സഭ യോഹന്നാൻഗുരുവിന്റെ പുണ്യ
ങ്ങളെയും അദ്ദേഹംമൂലം നടന്നുവന്ന അത്ഭുതങ്ങളെ
യും പരിശോധിച്ചു ഫൈൻാം വൎഷം നെപ്പുമസ്യാ
ൻ യോഹന്നാൻഗുരുവിനെ വേദസാക്ഷി എന്നു ബ
ഹു ആഡംബരഘോഷത്തോടെ പേരു വിളിക്കയും
ചെയ്തു.

ഈ പരിശുദ്ധ വേദസാക്ഷി മരണംപ്രാപി
ച്ചിട്ടു നൂറു വത്സരങ്ങളുടെശേഷം അദ്ദേഹത്തി
ന്റെ കവറിടം തുറന്നു നോക്കിയപ്പോൾ ആ തിരു
ദേഹത്തിൽ മാംസമില്ലാതെ അസ്ഥികൾ മാത്രമെ ഉ
ണ്ടായിരുന്നുള്ളു. എന്നാൽ അദ്ദേഹത്തെ ആറരിൽ എ
റിഞ്ഞസമയം പാലത്തിന്മെൽ അടിപെട്ടലക്ഷ്യം ത
ലയിലും തോളിലും കാണ്മാനുണ്ടായിരുന്നു. വിശേഷി
ച്ചും ഈ മഹാ വേദസാക്ഷിയുടെ പുണ്യങ്ങൾനിമി
ത്തം അദ്ദേഹം ജീവിച്ചിരിക്കുമ്പോഴും മരിച്ചപ്പോ
ഴും മരിച്ചതിൽപിന്നെയും അനേക അത്ഭുതങ്ങളാൽ
ദൈവം അദ്ദേഹത്തെ മഹത്വപ്പെടുത്തിവരുന്നു.

ഇതുമെന്യെ രാജാവിന്റെ നയവും ഭയവുമാ
യ വാക്കുകൾക്കും ക്രൂരബാധകൾക്കും കടശി ഘോര
മായ മരണത്തിന്നുംക്രൂടെ അശേഷം ഭയപ്പെടാതെ

പാപസങ്കീർത്തനത്തിന്റെ മഹാ മുദ്രയെ ഭംഗപ്പെട്ടുത്താതെ വിശ്വസ്ഥതയോടെ കാത്ത ഈ വേദസാക്ഷിയുടെ നാക്കു ഇന്നാൾവരെക്കും അഴിയാതെ ഇരിക്കുന്നു എന്ന വിസ്മയകര അത്ഭുതംക്രുടെ ചെയ്യാൻ അങ്ങീനു ചിത്തമാകയുംചെയ്തു.

അദ്ദേഹത്തിന്റെ മാംസമെല്ലാം അഴിഞ്ഞു അസ്ഥികൾമാത്രം ഊനമെന്യേ ശേഷിച്ചിരുന്നാലും നാക്കു അല്ല ഊനവുമെന്യേ ജീവിക്കുന്നവരുടെ നാക്കു പോലെ മുവപ്പുവണ്ണമായിരിക്കുന്നത് അവിടെ കൂടിയവർ സകലരും കണ്ടു വിസ്മയിച്ചിരുന്നു. എന്നുമല്ല ഇന്നെവരെ ഈ പരിശുദ്ധന്റെ നാക്കു അഴിയാതെ കുഴിക്കപ്പെട്ടമിരിക്കുന്നു.

ഈ പരിശുദ്ധന്റെ തിരുനാൾ ഇടവമാസം ഒന്നാം നു- തിരുസ്സഭയിൽ ഘോഷിക്കപ്പെടുന്നു. അന്നു അദ്ദേഹത്തിന്റെ നാമത്തിൽ ഗുരുക്കൾ ചൊല്ലുന്ന ജപമായത്: 'ക്രൂശുമരണ ധൈര്യത്തോടെ കുമ്പസാരമെന്ന ക്രുദാശബന്ധിച്ചു മൌനംകാക്കുന്നിമിത്തം വേദസാക്ഷിയായ ഈ പരിശുദ്ധന്റെ നവകിരീടത്തിൽ തിരുസ്സഭയെ മഹിമപ്പെടുത്തുവാൻ തിരുവുള്ളമായ സർവ്വേശ്വരാ, അടിയങ്ങളും അദ്ദേഹത്തിന്റെ ദൃഷ്ടാന്തത്താലും ജപങ്ങളാലും കുറയാത്ത മൌനം അനുസരിച്ചു, നാക്കുമൂലം പിഴക്കാത്തവരുടെ ഗണത്തിൽ എണ്ണപ്പെടുവാൻ കൃപചെയ്തരുളണമെ. ആമ്മെൻ.

൨൦൦ാം അദ്ധ്യായം.

വെൻസ്സ്വാസ്സു മുതലായവരുടെ മരണം.

യോഹന്നാൻഗുരുസ്വാമിയാരെ ആറ്റിൽ എറിഞ്ഞു കൊല്ലുന്നതിനു രാജൻ പ്രമാണിച്ചശേഷം അദ്ദേഹത്തിന്റെ ശരീരത്തിൽ വിസ്മയകരപ്രകാശം കാണപ്പെട്ട വൃത്താന്തം അവൻ കേട്ട അന്നു രാത്രിതന്നെ രാജധാനിക്കു സമീപെ ഉദ്ദേശം ഒരു കാതം ദൂരത്തില്ലുള്ള ഒരു അരമനയിൽപോയി ഒളിച്ചിരുന്നു എന്നു മുൻ പറഞ്ഞുവല്ലൊ. എന്നാൽ പിറ്റെദിവസം അദ്ദേഹത്തിന്റെ ജപങ്ങളാൽ അനേകം അത്ഭുതങ്ങൾ നടക്കമുഖാന്തരം തന്റെ ജനങ്ങൾ മാത്രമല്ല, അന്യനാട്ടുകാർക്കുടെയും ചെന്നു അദ്ദേഹത്തെ വേദസാക്ഷിയായിട്ടു പുകഴ്ത്തിക്കൊണ്ടാടുന്നു എന്നു അവന്റെ ദാസർമൂലം വെൻസ്സ്വാവൂസു അറിഞ്ഞു.

ആകയാൽ പാട്ടപോലെ നിമിഷത്തിൽ യോഹന്നാൻഗുരുവിന്റെ ദേഹത്തെ ഭൂമിദാനംചെയ്യുണമെന്നു അവൻ പ്രമാണിച്ചു. പക്ഷെ ജനങ്ങൾ ആകല്പന പ്രമാണിക്കാതെ നാം-ദിവസത്തെക്കു മഹാ ബഹുമാനം കൊണ്ടാടി, വേദസാക്ഷിയായ ഈ പരിശുദ്ധഗുരുവിന്റെ അപൂർവ്വ പുണ്യങ്ങളെ ലോകമെങ്ങും പ്രസിദ്ധപ്പെടുത്തിക്കൊണ്ടു ദേവാലയത്തിൽ പരസ്യമായിട്ടു സ്ഥാപിച്ചിരുന്നു.

ചുമരു തുരന്ന കള്ളൻ ആ തുരപ്പിൽവെച്ചുതന്നെ പിടിപെട്ടാൽ വേറെ സാക്ഷി വേണ്ടയല്ലൊ എ

ന്നതുപോലെതന്നെ വെൻസ്ലാവൂസും താൻ പ്രവൃത്തിച്ച ആ മഹാ ദൈവദ്രോഷം സകലർക്കും സ്പഷ്ടമായി ബോദ്ധ്യപ്പെട്ടുകനിമിത്തം ജനങ്ങൾ കലഹമുണ്ടാക്കി തന്നെ കൊന്നുകളയുമെന്ന വ്യർത്ഥമായി സംശയിച്ചു ഭയന്നു പരിഭ്രമിച്ചിരുന്നു.

എന്നാൽ യോഹന്നാൻഗുരുവിന്റെ ഉത്തമമായ ഉപദേശങ്ങളെ കേട്ടിരുന്ന ആ നല്ല ക്രീസുവർന്നാലാംപ്രമാണത്തിൽ അടങ്ങിയ കടങ്ങൾ വേണ്ടും വണ്ണം ഗ്രഹിച്ചിരുന്നതുമുഖാന്തരം കലഹമൊന്നും ഉണ്ടാക്കാതെ ന്യായമായ സംഗതികളിൽ രാജന്നു കീഴ്വഴങ്ങി വിശ്വസ്തപ്രജകളായി വ്യാപരിച്ചുവന്നിരുന്നു.

നമ്മുടെ ആത്മോദ്ദിഷ്ടമെന്നാൽ, യോഹന്നാൻഗുരുവിന്റെ മരണശേഷം ഉദ്ദേശം രണ്ടു മാസപര്യന്തം വെളിയിൽ പ്രസിദ്ധമായി വരാതെ തന്റെ മാളികയിൽതന്നെ ഒളിച്ചിരുന്നിരുന്നു. ഗുരുവിന്റെ തിരുദേഹംമൂലം നടക്കുന്ന അത്ഭുതങ്ങളെ കേട്ടു അല്പം ശങ്കിച്ചിരുന്നാലും താൻ സിംഹാസനംപ്രാപിക്കുന്നതിനു അദ്ദേഹം ഒരു വലിയ വിഘ്നമായിരുന്നതിനാൽ, അദ്ദേഹത്തിന്റെ മരണത്താൽ ആശ്വാസംപ്രാപിച്ചു വല ദുർലാക്കുകൾ കരുതിത്തുടങ്ങി. ആറുമാസം കഴിഞ്ഞപ്പോൾ വെൻസ്ലാവൂസു രാജധാനിയിൽ തിരികെ വന്നു ചെന്നവിവരം ആത്മോ കേട്ടു രാജനെ സന്ദർശിപ്പാനായി അരമനയിലെക്കു അവൻ ചെന്നു. രാജൻ തന്റെ ദുർമ്മുഖിയെ കണ്ട ഉടനെ സന്തോഷമുഖം കാണിച്ചു ബഹു വാക്ഷമായി സം

ഭാഷിച്ചുതുടങ്ങി.

പക്ഷെ ഇങ്ങിനെ സംഭാഷിച്ചിരിക്കയിൽ രാജന്റെ മുഖം നന്നാ വീളറി ഭാഷപകന്നിരിക്കുന്നതും, സംസാരവും ആംഗ്യങ്ങളും നന്നാ വ്യത്യാസപ്പെട്ടിരിക്കുന്നതും, പെട്ടന്നു രാജൻ സംസാരംനിറുത്തി ആരെയൊ കണ്ടതുപോലെ മറുവശം കണ്ണുതിരിച്ചു ഭയന്നു ദുഃഖംകാണിക്കയും, നാവു കുഴഞ്ഞു വാ കൊണ്ടു ഏന്തൊ പിറുപിറുന്നതിനെ മന്ത്രിക്കയും ചെയ്യുന്നതും ആത്തോ കണ്ടു, രാജനു നിമിഷത്തിൽ ഭ്രാന്തുപിടിക്കുമെന്നു കരുതി, പാടുയ നിമിഷത്തിൽ അരമനവിട്ടു പുറപ്പെടുകയുംചെയ്തു.

ആ ദുഷ്ടൻ തന്റെ മാളികയിൽ വന്നുചേർന്ന ഉടനെ ദാസനെ വരുത്തി, 'മോപ്പെർ, നാം കരുതിയവ സകലവും ശരിയായിട്ടു നിറവേറിയിരിക്കുന്നു. ആൽപ്രെഡിനു ആശ്രമവാതിൽ വിട്ടു പുറപ്പെട്ടുകൂടാ. യോഹന്നാൻഗ്രന്ഥവും പരഗതിപ്രാപിച്ചു. റാണിയും ഒരു മുയൽപോലെ പതുങ്ങി ഒരു മൂലയിലെങ്ങാണ്ടു ഇരിപ്പുണ്ടത്രെ. അവൾ ഇരിക്കുന്ന സ്ഥലംകൂടെ അരമനയിൽ എവിടെയാണെന്നു അറിഞ്ഞുകൂടാ. അതുമതിയൊ ഇന്നു ഞാൻ പോയി രാജനെ കണ്ടിട്ടു അയാൾ ഇനി അധികംനാൾ ജീവിക്കുമെന്നു തോന്നുന്നില്ല. ആകയാൽ രാജസിംഹാസനം ഇനിക്കായി എന്നതിനു സന്ദേഹമില്ല' എന്നു പറകയിൽ മോപ്പെർ പറഞ്ഞതായത്:

അതെ, മഹാപ്രഭുവെ, നമുക്കുണ്ടായിരുന്ന വി

ല്ലങ്ങൾ സകലവും നീങ്ങിയിരിക്കുന്നത് ശരിതന്നെ. എന്നാൽ യോഹന്നാൻഗുരുസ്വാമിയാർമൂലം നടക്കുന്ന വിസ്മയകര അത്ഭുതങ്ങൾ അങ്ങീന്നു കേട്ടില്ലെ? 'അതുകൊണ്ടു നമുക്കെന്താമോപ്പെർ? അദ്ദേഹംകൊല്ലപ്പെടുന്നതിന്നു നാമും സഹായിച്ചല്ലൊ; എന്നിട്ടു നമുക്കു എന്തു നഷ്ടമാണു വന്നത്? എന്തു തിന്മയാണു ഉണ്ടായത്? അതുബന്ധിച്ചു ഇനി നീ വിചാരിക്കേണ്ട, നമ്മുടെ പ്രയത്നം സിംഹാസനംപ്രാപിപ്പാനാകയാൽ അതുബന്ധിച്ചു പറയുന്നതാണു യുക്തം' എന്നു പറഞ്ഞു.

അങ്ങിനെയാണെങ്കിൽ എന്റെറനായകനെ, അതും സാധിക്കുന്നത് സംശയമായിട്ടാണല്ലൊ തോന്നുന്നത്. എന്തെന്നാൽ, രാജനു ഭ്രാന്തായിരിക്കുന്നു എന്നു പട്ടണത്തിൽ അവിടവിടെ സംസാരിക്കുന്നുണ്ടു. വാക്കെ നമ്മുടെ രാജ്യചട്ടപ്രകാരം പുതുരാജനെ മാറുപ്രഭുക്കൾക്കുടി തിരിഞ്ഞെടുക്കുന്ന മുറയ്ക്കു തൽക്കാലസ്ഥിതി നോക്കുമ്പോൾ, ഈ പട്ടണത്തിലെ പ്രഭുക്കൾക്കു തങ്ങളുടെനേരെ അത്ര മതിപ്പു ഉണ്ടെന്നു തോന്നുന്നില്ല എന്നു ദാസൻ പറഞ്ഞു.

അത് നേരുതന്നെ. ആ ഗുരുവിനെ കൊന്നത് ഞാൻ മുഖാന്തരമാണു എന്നു സകലർക്കും തിരിഞ്ഞുപോയിരിക്കയാൽ എന്റെറപേരിൽ അത്ര കുറ്റം വീഴുകയില്ല, നേരുതന്നേയാണു. എന്നാൽ പണംകണ്ടാൽ പിണവും വാ തുറക്കുമെന്നുപോലെ, ആ സമയം കൈക്കൂലികൊണ്ടു രാജകിരീടം പ്രാപിക്കണം.

നിനക്കു അറിവുള്ളതുപോലെ കഴിഞ്ഞ ഒരു വർഷത്തെക്കു രാജ്യഭരണകാര്യങ്ങളുടെ മേൽവിചാരണ ഞാൻ നടത്തുകയാൽ വളരെ ധനം ഇനിക്കു കൈവശപ്പെട്ടിട്ടുണ്ട്. ഇപ്പോൾ എന്റെ ഖജനാവിലുള്ള പണംകൊണ്ടു വേണമെങ്കിൽ ഒരു രാജ്യം മുഴുവനും വിലയ്ക്കുവാങ്ങുന്നതിനു ഇനിക്കു ശക്തിയുണ്ടു. അതുകയാൽ നവരാജനെ തിരിഞ്ഞെടുക്കുന്നകാലത്തു ദ്രവ്യം ധാരാളമായി ചിലവുവരുത്താൽ രാജകിരീടം എന്റെ ശിരസ്സിൽ താനെ വന്നു ഭവിക്കുംകൊള്ളാം എന്നു അവളോടു പറഞ്ഞു.

റാണി തന്റെ ഭർത്തൃഭഗിനിയായ യോഹന്നാൻ ഭൂരുവിന്റെ മരണത്തെ നിനക്കുന്നോറും വാക്കിലടങ്ങാത്ത ദുഃഖസാഗരത്തിൽ മുഴുകിയിരുന്നു. എന്നാലല്പം, നാട്ടിൽ നടക്കുന്ന അക്രമവ്യാപാരങ്ങളെ കേൾക്കയും, തന്റെ ഭർത്താവായ രാജൻ പരിശുദ്ധഭൂരുവിനെ കൊല്ലിച്ചതുമുഖാന്തരമുള്ള ദൈവകോപത്താൽ ഭ്രാന്തനായി ചമഞ്ഞു സംഘത്താൽ രാജിതത്തിൽനിന്നു മാറ്റപ്പെട്ടു, ക്രൂരക്രൂടെ പാരാവീൽ അടയ്ക്കപ്പെട്ടതു് ഈ പരിശുദ്ധറാണി കാണുകയും ചെയ്തയിൽ അത്യന്ത വ്യസനവും വ്യാകുലവും സഹിച്ചിരുന്നു.

ഈ വ്യാകുലാധിക്യം മുഖാന്തരം അവൾ ക്രമേണ ക്ഷീണിച്ചു രോഗമായിവീണു യോഹന്നാൻ ഭൂരുസഭാമിയാർ മരിച്ചിട്ടു നാലാംവർഷം അന്ത്യക്രമാശകൾ, സകലവും മഹാ ഭക്തിവിനയത്തോടെ കൈക്കൊണ്ടു നൽമരണം പ്രാപിക്കയുംചെയ്തു.

ജെമ്മാന്യനാട്ടു മുഴുവനിലും പ്രത്യേകിച്ചു പ്രാ
ഗുപ്പട്ടണത്തിലും നൂതനപതിതമതം പരന്നു കത്തോ
ലിക്കാവേദത്തിന്നു വിരോധമായ പഠനങ്ങൾ നിറ ച്ച
തുമെന്നു, രാജ്യഭരണത്തിലും അനേക കുഴപ്പങ്ങൾ
ഉണ്ടാക്കി, ലോകത്തിൽ വ്യത്യാസങ്ങൾ യാതൊന്നും
ഇല്ലായ്മുഖാന്തരം അധികാരത്തിന്നു കീഴ്പെട്ടവാ
ൻ യാതൊരുത്തർക്കും ആവശ്യമില്ലായെന്നും, അസ്സി
വാസ്സി മുതലായ തനിവസ്സുക്കൾ എല്ലാവർക്കുമുള്ള
താകയാൽ ഇത് എന്റെത്, അത് നിന്റെത് എ
ന്നു ഒന്നിനെയുംപറ്റി പറഞ്ഞുകൂടാ എന്നുമുള്ള അ
ബദ്ധപഠനങ്ങൾ നാടെങ്ങും അവർ പരത്തി.

അത് കേട്ട ഉടനെ അറിവു കുറഞ്ഞവരും ദു
ർബ്ബുദ്ധികളും ദരിദ്രരും ഒരു കൂട്ടമായി ചേർന്നു പട്ട
ണങ്ങൾതോറും വീടുകൾതോറുംചെന്നു കലഹമു
ണ്ടാക്കി കൊള്ളയിട്ടു, അധികാരത്തിന്നു അടങ്ങാതെ
യും ദേശമുറകൾ അനുസരിക്കാതെയും നടന്നു അ
നേക നഗരികളെ തീയിട്ടു നശിപ്പിക്കയും അനവധി
ജനങ്ങളെ കൊല്ലുകയുംചെയ്തു. ഇതുകൂടാതെയും നൂ
തനമതസ്ഥരൊട്ട ചേർന്നവരിൽ ആയിരമായിരംപേ
രെ അവർ ഒരു സേനയായിട്ടുകൂട്ടി അവിടവിടെചെ
ന്നു രാജിതത്തിന്നു എതിരായി കഠോരമായ യുദ്ധംചെ
യ്യുന്നതിന്നും അവർ ഏർപ്പെട്ടുതുടങ്ങി.

ഇതു അലക്കൊലമായ കലാപങ്ങൾ നടക്കയി
ൽ നീതിപരിപാലിക്കുന്നവരായ അവിടത്തെ അധി
കാരികൾ തങ്ങളുടെ ജോലികളെ കണിശമായിട്ടു നാ

ടത്തിക്കൊണ്ടു കുറേക്കാരെ പൂച്ചദേശ നിയമങ്ങൾക്കു ഒത്തവിധം ശിക്ഷിച്ചുവന്നിരുന്നു. എന്നാൽ മരണത്തിന്നു വിധിക്കപ്പെട്ടവരെ കൊല്ലുവാനുള്ള വാറണ്ടു തീട്ടൂരത്തിൽ രാജാവു ഒപ്പിടെണ്ടതിന്നായി മന്ത്രി അതു് വെൻസ്ലാവൂസിന്റെപക്കൽ കൊണ്ടുചെന്നു ഒപ്പിട്ടുവാൻ പറയുമ്പോൾ രാജൻ ഭ്രാന്തനെപ്പോലെ ചിരിച്ചിരുന്നു. ബേങ്കിൽ രൂപാ മാറുന്നതിന്നു രാജൻ ഒപ്പിടുവാനായി അയച്ചിരിക്കുന്ന ഉണ്ടിക ചട്ടകളെ അവൻ കീറിച്ചുരുട്ടി കണ്ണുസുവലിച്ചിരുന്നു.

എന്നുമാത്രവുമല്ല രാജ്യസംഗതികൾ ബന്ധിച്ചു രാജനൊട്ടു ആലോചിപ്പാനായി മന്ത്രിമാർ വരുമ്പോൾ തന്റെ കരങ്ങളിൽ ഇരിക്കുന്നതു് എന്തായാലും അതുകൊണ്ടു അവരെ വീശി അടിച്ചുകൊണ്ടു ഹാ ഹാ ഹാ എന്നു ചിരിച്ചിരുന്നു. ഒരു കാരണവുമില്ലാതെ കരഞ്ഞു പ്രലാപിക്കയും മറ്റും ചെയ്തിരുന്നു. എന്നാൽ ആലോചനസംഘക്കാർ വെൻസ്ലാവൂസിന്റെ ഈ ദുഷ്ടാഗൃസ്ഥിതി കണ്ടു വളരെ വ്യസനിച്ചു തങ്ങളുടെ നാട്ടിന്നു വന്നിരിക്കുന്ന ദൈവശാപത്തെ ഗ്രഹിച്ചു. ഇതിന്നു എല്ലാറ്റിന്നും കാരണം രാജന്റെ ആപാതകമാകുന്നു എന്നു നിശ്ചയിച്ചു, സംഘക്കാർ ഒന്നിച്ചുകൂടി വെൻസ്ലാവൂസിന്റെപക്കലെക്കു ചെന്നു.

അപ്പോൾ രാജൻ, തനിക്കു ദണ്ഡനമന്ത്രാരാചാരങ്ങൾ സമ്പ്രദിക്കുന്നഇവരെ തിരിഞ്ഞുനോക്കാതെയും, പ്രത്യുപചാരം കാട്ടാതെയും ചിരിപ്പാൻതുടങ്ങി. അപ്പോൾ രാജാലോചനസംഘത്തിൽ മേലദ്ധ്യക്ഷ

നായ പ്രഥമമന്ത്രി ബഹു ഉപചാരമര്യാദയൊടെ രാ
ജനെ നോക്കി പറഞ്ഞതായത്: 'മഹിപതിയായ ച
ക്രവത്തിയെ, നമ്മുടെ നാട്ടിന്റെ തൽക്കാല ദുഃഖസ്ഥി
തി അങ്ങെ മഹത്വത്തിനു അറിവില്ലാത്ത സംഗതി
യല്ലല്ലൊ. പതിതർ നൂതനമായ പഠനങ്ങൾ നാടെ
ങ്ങും പരത്തി അനേക കലഹങ്ങൾ ഉണ്ടാക്കുകയും,
വസ്തുക്കൾ കൊള്ളയിടുകയും, തീയും വിറകുംകൊണ്ടു
ദേശങ്ങൾതോറും അവർ ചുറ്റിനടന്നു പട്ടണങ്ങ
ളെ തീയിടുകയും, സകല നാശങ്ങളും വരുത്തി ജന
ങ്ങളെ കൊല്ലുകയും, നാടെങ്ങും സംഹാരംചെ
യ്യുകയും ചെയ്തുവരുന്നു.

എന്നാൽ ഇവകൾ ബന്ധിച്ചു അങ്ങെക്കു ഞ
ങ്ങൾ വല ഹർജികളും അയച്ചു, അക്രമങ്ങളെ ശി
ക്ഷിച്ചു പൊതുനന്മയ്ക്കു ചിതമായ നിയമങ്ങൾ ഏർപ്പെ
ടുത്തേണമെന്നു അങ്ങെ മഹത്വത്തൊടു പ്രാർത്ഥിച്ചിട്ടും
മുഖാവിൽനിന്നു ഇതെവരെ ഒരു മറുപടിയും കിട്ടി
യില്ല. ആകയാൽ സംഘക്കാരായ ഞങ്ങൾ അങ്ങെ
മഹത്വത്തെ നേരെതന്നെ കണ്ടുബോധിപ്പിപ്പാനാ
യി വന്നിരിക്കുന്നു. എന്നും മറും പറഞ്ഞുകൊണ്ടിരി
ക്കയിൽതന്നെ രാജൻ ഹാ ഹാ എന്നു ചിരിച്ചും കൊ
ണ്ടു മേശമേലുള്ള കടലാസു പുസ്തകങ്ങൾമുതലായ
വകളെ ഛിന്നഭിന്നമായി കീറി പറിച്ചു നാനാഭാഗ
ത്തേക്കും എറിഞ്ഞുതുടങ്ങി. ഈ പരിതാപകര നാട
കത്തെ കണ്ടിട്ടു സംഘക്കാർ അതി വ്യസനത്തൊടെ,
രാജനൊടു പറഞ്ഞിട്ടു ഇനി ഒരു സാദ്ധ്യവുമില്ല. അ

യാൽക്കു ഭ്രാന്തു പിടിച്ചിരിക്കുന്നു എന്നു നിശ്ചയിക്കയും ചെയ്തു.

അകയാൽ വെൻസ്ലാവൂസിന്റെ സഹോദരനായ ചിജീസ്മുൻ എന്ന പ്രഭുവുമായി അവർ ആലോചിക്കയിൽ, ഈ സ്ഥിതിയിൽ വേറൊരു രാജനെ തിരിഞ്ഞെടുക്കുന്നതു് ഉത്തമമെന്നു അയാൾ പറയുകനിമിത്തം, സംഘംകൂടി വെൻസ്ലാവൂസിന്റെ ബുദ്ധിഭ്രമതയെക്കുറിച്ചു വേറൊരു രാജനെ തിരിഞ്ഞെടുക്കുന്നതിനുള്ള നാളും സമയവും തീർമ്മാനിച്ചു ദേശവാസികൾക്കു പ്രസിദ്ധംചെയ്കയുംചെയ്തു.

എന്നാൽ നമ്മുടെ ആത്തോ ഈ സംഗതി അറിഞ്ഞ ക്ഷണംമുതൽ ഉറങ്ങാറക്കമില്ലാതെ അന്യായമായി അപഹരിച്ചു ഉണ്ടാക്കിയിട്ടുള്ള ദ്രവ്യം ധാരാളമായി ചിലവഴിച്ചുകൊണ്ടു രാജാവായി തന്നെ തിരിഞ്ഞെടുക്കുന്നതിനു പാടായ പ്രയത്നമെല്ലാം ചെയ്തുവന്നിരുന്നു.

കുറച്ചുനാൾ കഴിഞ്ഞശേഷം രാജനു ഭ്രാന്തു അധികരിച്ചു, തന്റെ രാജ്യത്തിൽ ഏറ്റം ഫലവത്തായ നാട്ടുകളെ അന്യനാട്ടുകാർക്കു വിക്രയംചെയ്കയുംമറും പല അനീതിയായ പ്രവൃത്തികൾ ചെയ്കയും ചെയ്തു വിവരം പ്രഭുക്കൾ അറിഞ്ഞു വെൻസ്ലാവൂസിനെ പാറാവിലാക്കി ഭദ്രപ്പെടുത്തെണ്ടിവന്നു.

പുതുരാജനെ തിരിഞ്ഞെടുക്കേണ്ടുന്ന ദിവസം വന്നപ്പോൾ ആത്തൊപ്രഭു ദ്രവ്യം ധാരാളമായി ചിലവഴിച്ചു കൈക്കൂലി കൊടുത്തിരിക്കയാൽ തന്നെമാ

ത്രുമെ സകലത്തും രാജനായിട്ടു തിരിഞ്ഞെടുക്കയുള്ളു എന്നു ഉറപ്പായി കണ്ടതി, മഹാ ഡംഭായ മഹിഷയൊടെ കൂറിക്കപ്പെട്ട സ്ഥലത്തു ചെന്നെത്തി. പക്ഷെ ഓരൊരുത്തർ എഴുതിയിട്ട കുറികളെ വായിച്ചപ്പൊൾ, പ്രദിക്ഷ എന്ന പ്രഭുവിൻെറ പേരിൽ അധിക പങ്കു കുറികൾ വീഴുകയാൽ അയാൾ രാജാവായി കിരീടംപ്രാപിക്കയുംചെയ്തു.

ഈ നല്ല രാജൻ അന്നത്തെ കാലസ്ഥിതിക്കു യൊജിക്കുന്ന പുതുനിയമങ്ങളെ ഏർപ്പെടുത്തി, അക്രമപാതകങ്ങളെ ശിക്ഷിച്ചു രാജ്യത്തെ നന്നാക്കി തെളിയിച്ചവരുവൊഴെക്കു അയാൾ മരിച്ചുപൊകനിമിത്തം സംഘം വേറൊരു നവരാജനെക്കൂടെ തിരിഞ്ഞെടുക്കെണ്ടിവന്നു. എന്നാൽ ഇപ്പഴും ആത്തൊമുമ്പിലത്തെതിലുമധികം ദുഷ്യം ചിലവിട്ടു സകല പ്രയത്നവും ചെയ്തിരുന്നെങ്കിലും രുപ്പെർട്ട എന്ന പ്രഭു രാജനായി മുടിധരിക്കയുംചെയ്തു.

എന്നാൽ ആത്തൊയ്ക്കു രാജകിരീടം കിട്ടായ്കയാൽ ഉഗ്രകോപവും സഹിക്കുതാത്ത നാണവുംപൂണ്ടതൻെറ ദാസനായ മോപ്പെർ ഒരുമിച്ചു രാജധാനിവിട്ടു വേറൊരു ദൂരദേശത്തെക്കു പുറപ്പെടുകയുംചെയ്തു. തനിക്കു രാജപട്ടം കീട്ടായ്കമുഖാന്തരം ആത്തൊ പറഞ്ഞൊപ്പിക്കുതാത്ത ദുഃഖവ്യസനം അനുഭവിച്ചിരുന്നാലും അത് പുറമെ വെളിപ്പെടുത്താതെ ദാസനൊടു പിന്നെയും ശരണമുണ്ടെന്നു നാടിച്ചു പറയുന്നതായത്:

മോപ്പെർ, നമ്മുടെ കാര്യം ഉടനെ സാധിക്കാ
ന്നിമിത്തം നീ ശരണംകെടെണ്ട. ഇനി ഒരുമാസം:
എണ്ണീട്ട മുപ്പതു ദിവസങ്ങൾക്കകത്തു എന്റെ ശിര
സ്സിൽ രാജകിരീടം ചൂടപ്പെട്ടന്നത് നീ കാണും. നിന
ക്കും ഒരു പുതിയ നാമധേയം സിദ്ധിക്കും. ഇപ്പൊൾ
വാഴുന്ന ഈ ദുപ്പെർട്ടിന്റെ വാഴ്ച ചില ആഴ്ചകൾ
ക്കകം അവസാനിക്കുന്നത് നീ കാണും. എന്നും മറും
പറഞ്ഞു തന്റെ ദാസനെ യൈയ്യപ്പെട്ടത്തി. എന്നാ
ൽ കൈക്രുലിയാൽ രാജമുടി പ്രാപിക്കായ്കമുഖാന്തരം
നഞ്ഞുകൊടുത്തൊ മറെറതുവിധമൊ എങ്കിലും നവരാ
ജനെ കൊന്ന നാട്ടിൽ കലഹമുണ്ടാക്കി, രാജകിരീ
ടം അപഹരിച്ചുകൊള്ളാമെന്നു കരുതിയാണു അ
ത്തോ ഈ വിധം പറഞ്ഞത്.

പിറെറദിവസം അത്തോ ഈ ദുഷ്ടിയോഗ
ത്തൊടെ ദാസനൊരുമിച്ചു കുതിരകയറി രാജധാനി
യായ പ്രാഗാപട്ടണത്തിലെക്കു പുറപ്പെട്ടു. മൂന്നുദിവ
സത്തെ പ്രയാണംകഴിച്ചു നാലാംദിവസം കാലത്തു
പത്തുമണിക്കു അവർ പ്രാഗാപട്ടണത്തിൽ വന്നുചേ
ന്നു. എന്നാൽ അവർ കോട്ടവാതിൽ കടന്നു ഒരു തെ
രുവിൽനിന്നു മറെറാരു തെരുവിലെക്കു തിരിയുന്ന ഒ
രു മൂലയിൽ എത്തിയപ്പൊൾ, പതിതകലാപക്കാരു
ടെ ഒരു പട്ടാളം തങ്ങൾക്കെതിരെ ആയുധ ഒരുക്ക
ത്തൊടെ അടുത്തുവരുന്നത് കണ്ടു.

ആകയാൽ അതി ഭയംപൂണ്ടു അവർ അല്പം
പുറകൊട്ടുനിൽക്കയിൽ, മുൻ വരുന്ന പട്ടാളസേന

അതി ശീഘ്രം ഓടിവരുന്നത് കണ്ടു അപകടമായ തല്ലൊ എന്നു കരുതി പുറകൊട്ടു തിരിച്ചു പറാപറന്നു ഓടിക്കളഞ്ഞു. എന്നാൽ വൃഥാ; പട്ടാളവും ഇവരെ പിന്തുടർന്നു അതി ശീഘ്രം ഓടിയെത്തി. അപ്പൊൾ ആ തോ കുതിര വേഗം ഓട്ടവാനായിട്ടു കുതിമുള്ളുകളാൽ അതിനെ അതി ശക്തിയായിട്ടു കുത്തുകയും ചവുക്കൊണ്ടു അടിക്കയുംചെയ്തപ്പൊൾ കുതിര വേദന സഹിയാതെ അവനെ താഴെ തള്ളിയിട്ടുകളഞ്ഞു.

എന്നാൽ ആതോ നിലത്തുവീണസമയം അവന്റെ ഒരുകാൽ കുതിരയുടെലഗാൻവാറിന്മെൽപിണഞ്ഞുപോകനിമിത്തം കുതിര അവനെ നിലത്തിട്ടു വലിച്ചിഴച്ചു ചവിട്ടി മറിക്കയിൽ പുറകെ ഓടിവന്ന പട്ടാളം കുതിരയെ തട്ടിത്തുറുത്തി കുന്തംകൊണ്ടു കുത്തുകയിൽ അവൻ പൊതൊ എന്നു നിലത്തുവീഴുകയുംചെയ്തു. മോപ്പെർ ഇതെല്ലാം കണ്ടു ഭയന്നു ഭ്രമിച്ചു കുതിരമെൽനിന്നിറങ്ങി, തന്നെകൊല്ലല്ലെ എന്നു സേവകരൊടു സാദ്ധ്യമായ് ഇരന്നു അപേക്ഷിച്ചെങ്കിലും ആ നിഷ്ഠുരന്മാർ അല്പ കരുണയുമില്ലാതെ വെട്ടുകയും കുത്തുകയും ചെയ്തയാൽ അവനും വീണുപോയി. തന്റെ കാൽക്കൽ വീണുകിടക്കുന്ന ആതോ എന്ന തന്റെ ദുഷ്ട യജമാനനെ മോപ്പെർ ശപിച്ചുകൊണ്ടു പറയുന്നതായത്": ആ! ദുർഭാഗ്യമനുഷ്യാ, നീ മുഖാന്തരം ഞാനും നശിച്ചല്ലൊ. അയ്യൊ! നിന്റെ ദുർബോധനങ്ങൾക്കു ചെവികൊടുക്കാതിരുന്നെങ്കിൽ ഞാൻ എത്രയൊ ഭാഗ്യവാനായെനൊ. നീ ആഗ്രഹിച്ചു

പ്രയത്നിച്ചുവന്ന ആ രാജകിരീടം ഇപ്പോൾ എവിടെ? എന്നൊട്ട നീ വാഗ്ദത്തംചെയ്തിരുന്ന ദ്രവ്യങ്ങളും പറമ്പുല്ലുത്തികളും മഹാസ്ഥാനവും ഇതുതന്നെയാണോ? നീ ആ രണ്ടു പരിശുദ്ധരുടെ കീർത്തിയെ ഭംഗപ്പെടുത്തി, ആ പരിശുദ്ധ ഗുരുവിന്റെ രക്തവും ചിന്തിയതിനുള്ള ക്രൂരി ഇതുതന്നെയാകുന്നു.

ആ! പരമ ദുഷ്ട ചണ്ഡാളാ, നിന്നൊട്ടുകൂടെ എന്നെയും നീ നശിപ്പിച്ചുല്ലൊ. അയ്യയ്യോ!! നിന്റെ ഭവനത്തിൽ കാൽവെക്കാതിരുന്നെങ്കിൽ ഞാൻ എത്രയൊ ഭാഗ്യവാനായെനെ. രണ്ടു വർഷംമുമ്പു നീ കണ്ട ആ സ്വപ്നം എത്ര ശരിയായിട്ട ഇപ്പോൾ ഇവിടെ നിറവേറിയിരിക്കുന്നു. ആ! നീ എന്റെ ആത്മശരീരത്തെ നരകത്തിലെക്ക പാത്രമാക്കിയല്ലൊ. ഈ മഹാപാതകങ്ങളെ ദൈവം പൊറുക്കുമൊ? നിനക്ക വേദരഹസ്യങ്ങൾ സകലവും തിരിഞ്ഞിരുന്നിട്ടും ഈവിധ നാശത്തിൽ നീ ഉൾപ്പെട്ടല്ലൊ ദുഷ്ടാ. നീ ആസ്ത്രുക്ക് കുഴിച്ച കുഴിയിൽ നീ തലയുംകുത്തി വീണത് പോരാഞ്ഞിട്ട എന്നെയും അതിൽ വലിച്ചുകൊണ്ടുവന്നിട്ടല്ലൊ. ദുഷ്ടാ, റാണിയെ മാനഭംഗപ്പെടുത്തി കുഴവിൽ തൂക്കുവാനും, ആൽപ്രെഡ്ഡൊരയെ കുതിരക്കാലിൽ കെട്ടി വലിച്ചു നാസ്സൽക്ക ഇരയാക്കുവാനും നീ കരുതിയില്ലൊ. ഇപ്പോൾ ആ ദുർഭാഗ്യം നിനക്കുതന്നെ വന്നുകൂടിയിരിക്കുന്നു. ഇതാ തെരുവിലെ നായ്ക്കൾ നിന്റെ രക്തത്തെ നക്കുകയും, നിന്റെ മാംസത്തെ കടിച്ചുവലിക്കയും ചെയ്യുന്നു എന്നു പറഞ്ഞു ആ

ത്തോയെ ശാസിച്ചു പ്രാകി ശപിച്ചുകൊണ്ടു യാതൊ രുവക സഹായവുമില്ലാതെ ആ കിടന്ന കിടപ്പിൽതന്നെ ഒറ്റാശ്വമായി ചാകയുംചെയ്തു.

ആത്തോപ്രഭുവിനു ദൈവനീതിയാലെ സംഭവിച്ച ഈ പരിതാപകരവൃത്താന്തം അവന്റെ സംബന്ധികൾ കേട്ടു അവനെ വീട്ടിലെക്കു എടുത്തുകൊണ്ടുവരുന്നതിന്നായി ആളുകളെ അയയ്ക്കയും തെരുവുകൾതോറും അന്വേഷിക്കയിൽമരണപ്രമാദമായിക്കിടക്കുന്ന ആത്തോയുടെ രക്തം പുരണ്ട കൈകൾ നക്കി, മാംസത്തെ കടിച്ചുവലിക്കുന്നതായി കണ്ടെത്തി. അവർ നായ്ക്കളെ ഓടിച്ചു അവനെ കട്ടിലിന്മേൽ കിടത്തി അവന്റെ ഭവനത്തിലെക്കു കൊണ്ടുപോകയുംചെയ്തു. എന്നാൽ അവന്നു പെട്ടിരുന്ന ഭയങ്കരമുറിവുകളാൽ രക്തം അധികമായി ചിന്തുകമുഖാന്തരം കഠിനമായ പനിയുണ്ടായി സന്നിയായിട്ടു തിരിഞ്ഞു യാതൊരു അന്നപാനമില്ലാതെ രാത്രിമുഴുവനും അസംബന്ധങ്ങൾ പറഞ്ഞിരുന്നു. 'എന്റെ പണസ്സഞ്ചിയെ കട്ടുന്ന ആ നായ്ക്കളെ ഓടിച്ചുകളവിൻ, അവന്റെ ശിരസ്സിലിരിക്കുന്ന ആ രാജകിരീടത്തെനിങ്ങൾ ഇങ്ങൊട്ടു പിടിച്ചു പറിപ്പിൻ, രാണിയും ആൽപ്രെഡും പുറത്തുപോകട്ടെ, അയ്യൊ! അവരെ ഇനിക്കു ഖാഹ്ല ഭയമാകുന്നു. അയ്യൊ! യോഹന്നാൻഗുരുവിനെഅകത്തെക്കു കടത്തല്ലെ. വാതിൽ ഭദ്രമായി അടപ്പിൻ. എന്തൊ ഈ മൂന്നുപേരെയും നിങ്ങൾ അകത്തു കടത്തി? അയ്യൊ! അവരൊട്ടു പുറത്തുപോകുവാൻ പറവിൻ. എ

ന്നും മറവും പറഞ്ഞു പെട്ടന്നു മുഖം തിരിച്ചുകളഞ്ഞു.


വീണ്ടും അവൻ, ആ!! എന്റെ ദേഹമെല്ലാം പൊള്ളുന്നല്ലൊ!! അയ്യൊ! ഇതിന്നിടയ്ക്കു എന്നെ തീയിലിട്ടു ചുട്ടെരിയിക്കുണമൊ? വെള്ളമൊഴിച്ചു തീകെടുത്തുവിൻ എന്നും മറവും അവനെ കാത്തുനിൽക്കുന്നവർ ഭയന്നു ഞെട്ടിങ്ങി പരിഭ്രമിക്കുന്നതു സപരത്തിലും ഭാവത്തിലും അലറി പതറി അട്ടഹാസിച്ചുകൊണ്ടെ ദുർഭാഗ്യനായി ചാകയുംചെയ്തു.

വെൻസ്ലാസ്സുരാജാവും താൻ പ്രവൃത്തിച്ച അക്രമവാചങ്ങളെ നിനയ്ക്കുന്തൊറും, പ്രത്യേകിച്ചു റാണിക്കു വരുത്തിയ അന്യായ ഉപദ്രവങ്ങളും പരിശുദ്ധ ഗ്രന്ഥസ്വാമിയാരെ ബാധിച്ചു കൊന്ന സംഗതികളും അവൻ നിനയ്ക്കയിൽ ഹൃദയസമാധാനം അശേഷമില്ലാതെ ദിനന്തൊറും ഭയവും പരിഭ്രമവും വർദ്ധിച്ചുവന്നിരുന്നു. കടശി ബുദ്ധിഭ്രമം അതിഭയാനമായി തീരുകനിമിത്തം രണ്ടെപ്രാവശ്യം രാജാനെ ജെയിലിൽ ഇട്ടടച്ചു എങ്കിലും അവൻ അതിൽനിന്നു ഒളിച്ചുപോയിരാപകലില്ലാതെയും ഊണുറക്കമില്ലാതെയും ദേശങ്ങൾതോറും അലഞ്ഞു തെണ്ടിനടന്നു, കടശി റാണി മരിച്ചിട്ടു ചില കാലശേഷം ശിരസ്സിൽ രക്തമടിച്ചു യാതൊരു മനസ്സാപലക്ഷ്യമില്ലാതെ പെട്ടന്നു ദുർഭാഗ്യനായി ചാകയുംചെയ്തു.

അൽപ്രെഡ് പ്രഭുവൊ എന്നാൽ കർത്തൃസ്വാൻ സഭക്കാരുടെ ആശ്രമത്തിൽ പ്രവേശിച്ചു അരുമയായ തപസ്സുകൾ അനുസരിച്ചു തക്കസമയത്തു ഗ്രന്ഥപ്പ

ട്ടുവുമേറ്റു, ഉത്തമതപൊധനനായി ജീവിച്ചിരുന്നു. ഇ
ങ്ങിനെ സകലരാലും സ്തുതിച്ചു പുകഴ്ത്തപ്പെട്ടവരികെ
തനിക്കു വളരാം വയസ്സു നടക്കയിൽ തന്റെ മരണ
ദിവസം മുൻകൂട്ടി ദൈവകൃപയാൽ അറിഞ്ഞു ആയ
തിനു ആയത്തമായിരുന്നു.

കടശി അന്ത്യകൃദാശകൾ സകലവും മഹാഭ
ക്തിവിശ്വാസത്തൊടെ കൈക്കൊണ്ടു, അനെക ഗു
രുക്കളും സന്ന്യാസികളും ചുറ്റും നിന്നു ജപിച്ചുകൊ
ണ്ടിരിക്കയിൽ (ആൽപ്രെഡ്) ആഗ്നസിനൊസു ഗുരു
സ്വാമിയാർ, കരങ്ങളിലിരിക്കുന്ന തുങ്ങപ്പെട്ട സ്വരൂ
പത്തെ ഭക്തിയോടെ മുത്തി, സവ്വെശ്വരാ! എന്റെ
ആത്മത്തെ അങ്ങെ തൃക്കരങ്ങളിൽ കയ്യേല്പിക്കുന്നെ
ൻ. ദൈവമാതാവെ, ഇനിക്കു സഹായമായി എഴുന്ന
രുളിവരെണമെ. പരിശുദ്ധ വേദസാക്ഷിയായ യൊ
ഹന്നാൻ നെപ്പുമസ്യാനൊസെ, നീയും ഇനിക്കു തു
ണയായിരിക്കെണമെ. എന്നു പറഞ്ഞുകൊണ്ടു സമാ
ധാനത്തിൽ ആശ്വസിച്ചു കണ്ണുകൾ അടച്ചു മോക്ഷ
പ്രാപ്തനാകയുംചെയ്തു.



യൂ. യോഹന്നാൻ നെപ്പുമസ്യാനൊസിന്റെ
സ്തുതി ഗീതം.

ഉശേനി. കമ്മിറ്റ്ണം. ചെമ്പട.

പഞ്ചവർണ്ണക്കിളിപ്പൈതലെ ചാരത്തു
തഞ്ചമായ്നിന്നിരി തങ്കബാലെ
ചന്തമായ് നല്ലൊരു വാഞ്ഛയുരയ്ക്കുനീ

ചിന്തമോദാമുടൻ താളമേടി

൫. നെപ്പുമന്യാനെന്ന പട്ടണമാണതൊ
സല്ലാനങ്ങു ജനിച്ച പൂരം
മാതാപിതാക്കളത്യന്തനന്മരാണെ
നീതിയും വംശവുമേത്തുകണ്ടാൽ.

൬. പുത്രരില്ലാതനേകാണ്ടകളങ്കവർ
കത്താവിനൊടപേക്ഷിച്ചുമൂലം
ഇമ്പമായിട്ടൊരു പുത്രനെ തമ്പുരാൻ
ദമ്പതിമാക്കുനല്കി സുഭം.

൭. ജാതദേവദാവൽ പ്രകൃശഗൊളമൊന്നു
ജാതസമയത്തു പത്തനാഗ്രെ
കണ്ടാനന്ദടൻ ദൈവ കൃത്യമായങ്ങതു
കൊണ്ടുസന്തോഷിച്ചു കണ്ണ മർത്തൂർ.

൮. ബാല്യന്നസംഭ്രമായിട്ടൊരു രോഗമീ
ബാലകാലത്തു നേരിട്ടു കഷ്ടം
വൈദ്യംഫലിക്കാഞ്ഞു മൂലം പിതാക്കന്മാർ
പൈതൃംഭവിക്കുതെ ഭക്തിയൊടെ.

൯. ബാലനെ ദൈവത്തുശ്രൂഷക്കുനേന്നടൻ
ബാലന്നു രോഗ ദുഃഖമെഴിഞ്ഞു
നേർച്ചപൊൽ ബാലനും ലോകം ത്യജിച്ചങ്ങു
ചേർച്ചയിൽ സന്ന്യസമനെഷിച്ചു.

൧൦. വിദ്യകം നന്നായങ്ങഭ്യസിച്ചുമഹാ
വിദ്വയിൽ മേല്പെട്ട ശാസ്ത്രങ്ങളും
പള്ളിക്കൂടങ്ങളിലെ സഖിമാക്കീയാം
ഭള്ളില്ല പുണ്യ ദൃഷ്ടാന്തമായി.

൧൧. തമ്പുരാനെ സദാ ഓത്തുതാൻ ചെയ്യുന്ന
വമ്പെഴും പുണ്യകൃത്യങ്ങളൊത്തൽ
പൂജകാണാം ദിവ്യകാരുണ്യ വാപുനഃ
പൂജ്യമായുള്ളൊരുള്ളമുതോറും.

൧൨. ദേവാലയങ്ങളിൽ ഗതവാസന്ദർശനം
ദേവകാര്യങ്ങളിൽ ശ്രദ്ധ സദാ
പട്ടമേല്പാൻ തപം പാരം ചെയ്തു ശ്രേഷ്ഠ
പട്ടവും കൈക്കൊണ്ടു പുണ്യവാളൻ.

൯. കാലം വയസ്സിരുപത്തുമഞ്ചിൽ സുര
പാലകന്നബലി ചെയ്തു പുണ്ഡ്രൻ
ബാല്യവൈരികനെറ ശാസ്ത്രപുണ്ഡ്രങ്ങളെ
കാലെ ഗ്രഹിച്ചിതു ശ്രേഷ്ഠഹരൻ.

൧൦. നല്ലികനൊനിസുനെന്നൊരു സ്ഥാനവും
നല്ലീ ഉദ്യോഗവും കന്യാമറെ
ഖേദിച്ചതാനി വയാലെയെന്നാകിലും
ഭേദമില്ലാതെ ഭരിച്ചുടക്ഷ്യൽ.

൧൧. ബൊയെമൂരജനംയേഹന്നാനെബഹു
പൂജ്യതയൊടെ മാനിച്ചുതത്ര
കോവിലകത്തുപദേശനാക്കി പതി
കോപഹീനൻ പുണ്ഡ്രവാനെയങ്ങു.

൧൨. ആത്മപിതാവാക്കി രാജ്ഞിയിദ്ദേഹത്തെ
ആത്മസന്മാർഗ്ഗം പഠിപ്പിനായി
രാജാവു രാണീടെ പാപംഗ്രഹിപ്പിനായ്
ആശിച്ചു ചോദിച്ചു പുണ്ഡ്രനൊട്ട.

൧൩. കമ്പസാരെ പത്നി ചൊല്ലിയ പപങ്ങൾ
അമ്പിലെന്നൊടൊന്നു ചൊല്ലുകെന്നു
പുണ്ഡ്രവാനത്തരം ഭ്രൂപതിയോടതീ
വണ്ണം പറഞ്ഞഹൊ ധൈര്യമൊടെ

൧൪. കമ്പസാരുതിൻ മുഖയെ ഞാൻ പത്നെ
കമ്പമില്ല മുറിക്കില്ലെന്നതുൻ
ഖണ്ഡിച്ചുചൊല്ലിയ നേരത്തു ഭ്രൂപതി
ഖണ്ഡിച്ചുകൊല്ലുമാൻ ക്രൂരമായി.

൧൫. ഇരിമ്പുകട്ടിലിൽ പുണ്ഡ്രവാനെറ തിരു
കരം പാദം വലിച്ചങ്ങു കെട്ടി
ശ്രീയാൽതന്നുടെ പള്ള രണ്ടും ബാഹു
ക്രൂരമോടെ വരഞ്ഞങ്ങു കീറി.

൧൬. കഷ്ടം സുമാംസങ്ങൾ മുട്ടാളന്മാർ പുനഃ
ചുട്ടകരിച്ചങ്ങു പന്തങ്ങളാൽ
നാക്കുപിടിച്ചിരുമ്പുകൊടിൽകൊണ്ടു
ലാക്കുനോക്കി പറിക്കുന്നു കഷ്ടം.

൧൭. പുണ്ഡ്രവാളൻതന്നെറ പാദങ്ങളിൽവീണ

പുണ്യമുള്ള രാജ്ഞി ഭക്തിയൊടെ.
അന്നേരം പുണ്യവാൻ ഉത്തമിയാലെ
വന്നുഭവിച്ചിട്ടും വാഴ്ത്തചൊല്ലി.

൧൭. രാജനും മന്ത്രിക്കും വന്നിട്ടും ശിക്കയും
രുഞ്ജിക്ക വന്നിട്ടും സമ്മാനവും
പുണ്യവാളൻതന്നെറ അന്ത്യസമയവും
ഖണ്ഡിച്ചുചൊല്ലിനാൻ കമ്പമെന്നെ.

൧൮. ധാത്രീശകല്പനപൊലെ അവർ പതി
രാത്രിയിലാറിലെക്കങ്ങെഴുന്നു
ആറതിൽ പുണ്യവാൻ വീണസമയത്തു
ആറതിൽ വന്നെറെനക്ഷത്രങ്ങൾ.

൧൯. പുണ്യശരീരത്തെ ചുറ്റിപ്രകാശിച്ച
വണ്ണവും സേനകൾ കണ്ടൊരുടൻ
രാത്രിയല്ല പകലെന്ന തോന്നിപൂഴ
യത്രയും ശോഭിച്ച ദേഹാഭയാൽ.

൨൦. മൃത്തശരീരത്തിൽനിന്നുപരിമളം
ശക്തിയാടെ പുറപ്പെട്ടാനൊടൻ
ഓരായിരത്തൊട്ടു മുന്നൂറുമെണ്ണവും
പാരാതെ മീന്നതു മധ്യകാലെ.

൨൧. വേദസാക്ഷിമുടി പ്രാപിച്ചപുണ്യവാൻ
മോദമോടാകാശെ വാഴുന്നെടൊ
ഭക്തജനംപലർ കൂടിശരീരത്തെ
ഭക്തിയോടെയെടുത്തങ്ങു മോടിൽ.

൨൨. പ്രാഗമെറുസനപള്ളിയിൽവെച്ചിട്ടാൻ
പ്രകടനത്തൊടെ പുറപ്പെട്ടുപൊൾ
കുമിയടിയത്തെ കന്മഷംവിടുനീ
അംബരത്തിലെ മുഴുത്തുസ്വരം
അംബരരാജ്ഞിയെ വണീട്ടുക ഇതു
നിന്മകനെറ കൃപയല്ലൊ നാഥെ.

(കെ. സി. വറുഗീസു ചമച്ചതു.)

സമാപ്തം.

അനുക്രമണിക.

	പക്ഷം.
മുഖവുര.	
ആൽവിവരണം.	
൧ാം അദ്ധ്യായം കിരീടധാരണം.	൧
൨ാം അ, ഇരു വഞ്ചകന്മാർ.	൧൫
൩ാം അ. വഞ്ചന.	൨൧
൪ാം അ. ചതിമാനത്തുടച്ച്.	൩൪
൫ാം അ. പരമൊപകാരം.	൪൨
൬ാം അ. യോഹന്നാൻഗുരുസ്വാമി.	൫൫
൭ാം അ. വിനൊദതക്കം.	൬൨
൮ാം അ. രാണിയുടെ കരുണ.	൬൯
൯ാം അ. നഞ്ചുകലർത്തിയ പാനം.	൭൭
൧൦ാം അ. നഞ്ചുപാനത്തുടച്ച്.	൭൯൫
൧൧ാം അ. അഭഗ്നമുദ്രസംഭാഷണം.	൮൬൩
൧൨ാം അ. ഒരു ചരിത്രം.	൯൨൧
൧൩ാം അ. അനീതിവിധി.	൯൮൫
൧൪ാം അ. രാണിയുടെ വാ൯ നിറവേറുന്നു.	൯൯൭
൧൫ാം അ. രാജൻെറ തോലി.	൧൦൨൧
൧൬ാം അ. വിരുന്നിലെ ഗോഷ്ടി.	൧൦൯൫
൧൭ാം അ. യോ. ഗുരു. പാട്ടുകൾ.	൧൧൮൫
൧൮ാം അ. യോ. ഗുരു. പ്രസംഗം.	൧൨൫൦
൧൯ാം അ. യോ. ഗുരുവിൻെറ മരണം.	൧൨൯൯
൨൦ാം അ. രാജനാദിയായ്വരുടെ മരണം	൧൩൯൨
യോഹന്നാൻഗുരുവിൻെറ സ്തുതിഗീതം.	൧൪൯൫

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
00001434
LM N35